9645 24

# ന്യൂമാൻ

9629

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# ആശാൻ.

സമ്പാദകൻ,

**കോമലേഴത്തു കെ. ജി. മാധവൻ**

ബി. എ., എൽ. ടി.

സിക്രട്ടറി,

ആശാൻ മെമ്മോറിയൽ കമ്മിററി.

**S. R. V. PRESS, QUILON.**

ഒന്നാം പതിപ്പ കാപ്പി ആയിരം

*Copyright.*

വില രൂപാ 1.

**1114.**

9.645
PRESENTED
SRI M. K. VASUDEVAN NAIR



6 645



# സമൎപ്പണം.

---

പുണ്യസ്മൃതിമയനായ മഹാകവി കുമാരനാശാൻെറ

കാവ്യതല്ലജങ്ങളുടെ വിമൎശരൂപമായ

ഈ പ്ര ബ ന്ധ മ ഞ്ജ രി യെ

തൽ സുഹൃത്കുലാവതംസവും സഹൃദയാഗ്രണിയും

ഭാഷാപോഷണതൽപരനും ആയ

രാജശ്രീ ഏ. ഗോപാലമേനവൻ

(എം. എ., ബി. കോം.) അവർകൾക്കു്

ഭക്ത്യാദരപുരസ്സരം സാനുവാദം

സമൎപ്പിച്ചുകൊള്ളുന്നു.

९६४५



# സമർപ്പണം.

പുണ്യസ്മൃതിമാനായ മഹാകവി കുമാരനാശാന്റെ

കാവ്യതല്ലജങ്ങളുടെ വിമർശരൂപമായ

ഈ പ്രബന്ധമഞ്ജരിയെ

തൻ സുഹൃത് കലാവത്സലനും സഹൃദയശിരോമണിയും

[illegible]

രാജശ്രീ ഏ. ഗോപാലമേനോൻ

(എം. ഏ., ബി. കോം.) അവർകൾക്ക്

ഭക്തിപുരസ്സരം സാദരം

സമർപ്പിച്ചുകൊള്ളുന്നു.

9645



SREE KRISHNA VILASOM GRANDHASALA
MALAYINKIL

# ആമുഖം.

ആശാൻെറ കാവ്യങ്ങളെ പുരസ്കരിച്ചു പ്രശസ്ത പണ്ഡിതന്മാർ ചെയ്തിട്ടുള്ള നിരൂപണങ്ങളാണു് ഈ പ്രബന്ധത്തിൽ സമാഹരിച്ചിട്ടുള്ളതു്. ഇവയിൽ ഭൂരിഭാഗവും സഹൃദയസമക്ഷം ഇതിന്മുമ്പു് അവതരിച്ചിട്ടില്ലാത്തവയാണു്. ശേഷമുള്ളവ ഓരോ മാസികവഴിയായും മററും സാഹിത്യലോകത്തിൽ സുകീൎത്തിതങ്ങളത്രെ!

ഇതിലെ ചില ലേഖനങ്ങളെക്കുറിച്ചു ചിലൎക്കു് അഭിപ്രായവ്യത്യാസങ്ങൾ കണ്ടേക്കാം. അതു ചിന്തിക്കാതെയല്ല അവ പ്രസിദ്ധീകരിക്കുന്നതു്. ആശാനെപ്പററി പണ്ഡിതന്മാൎക്കുള്ള വിവിധാഭിപ്രായങ്ങൾ ശേഖരിക്കാനെ ശ്രദ്ധിച്ചിട്ടുള്ളു. ആ യത്നം സഫലമായിട്ടുണ്ടെന്നു് അഭിമാനിച്ചുകൊള്ളട്ടെ. ചില പഴയ ലേഖനങ്ങൾ പൊളിച്ചെഴുതേണ്ട ആവശ്യമുണ്ടായിരുന്നെന്നും പുതിയ ലേഖനങ്ങൾ കുറിക്കു കൊണ്ടിട്ടില്ലെന്നും തൽകൎത്താക്കൾക്കുതന്നെ അഭിപ്രായമുണ്ടു്. അവരിൽ ചിലരുടെ സത്യവാങ്മൂലങ്ങൾ അടിയിൽ ഉദ്ധരിച്ചുകൊള്ളുന്നു.

മേജർ സർദാർ കെ. എം. പണിക്കരവർകൾ പറയുന്നു:—"ആ ലേഖനം പ്രസിദ്ധപ്പെടുത്തുവാൻ യോഗ്യതയുള്ളതാണോ എന്നു ഞാൻ സംശയിക്കുന്നു. എന്നാൽ അതു മാറി എഴുതുന്നതിനോ വേണ്ടവിധം തിരുത്തുന്നതിനോ ഉള്ള സമയവും സൗകൎയ്യവും ഇല്ലാതെയാണു് ഇരിക്കുന്നതും."

"ലേഖനം ഇന്നത്തെ പരിതഃസ്ഥിതിഗതികൾക്കൊത്തവിധം സംസ്കരിച്ചു പ്രസിദ്ധീകരിക്കേണെ"മെന്നാണു പ്രഫ

സർ ശങ്കരൻനമ്പ്യാരവർകളുടെ പക്ഷം. ബ്രഹ്മശ്രീ സി. എസ്സ്. സുബ്രഹ്മണ്യൻപോററിയാകട്ടെ, വീണപൂവിൻെറ നിരൂപണം എഴുതിക്കഴിഞ്ഞശേഷം അയച്ച കത്തിൽ ഇങ്ങിനെ പ്രസ്താവിക്കുന്നു:—"വീണപൂവിനെക്കുറിച്ച് ഒരു ചെറിയ ഖണ്ഡിക ഇന്നു ഞാൻ എഴുതിക്കഴിഞ്ഞു. അതൊരു നിരൂപണമൊന്നുമല്ല. ആശാൻെറ വീണപൂവിനെക്കുറിച്ച് ഈ ഞാൻ എന്തൊരു നിരൂപണം എഴുതാനാണ്. അതു വായിക്കാൻ തുടങ്ങിയാൽ വായിച്ചു വായിച്ചു രസിച്ചു സമയമങ്ങുപോവുകയേയുള്ളൂ."

ആശാൻെറ കവിതയുടെ ആസ്വാദ്യത നാൾതോറും വളരുന്നതിനാൽ നിരൂപണവിചക്ഷണന്മാരുടെ അഭിപ്രായഗതികൾക്കും മാററം വേണമെന്ന് അവർ സ്വയം സമ്മതിക്കുന്ന പതിരില്ലാത്ത ഒരു പരമാൎത്ഥം മാത്രമല്ലയോ ഈ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നത്.

ഈ പ്രസിദ്ധീകരണത്തിനു മുഖ്യമായി രണ്ടുദ്ദേശ്യങ്ങളാണുള്ളത്. ഒന്നു സാഹിത്യപരം. വേറൊന്നു ധനപരം. ഭാഷയിൽ ഇതൊരു പുതിയ പ്രസ്ഥാനമാണ്. നിരൂപണശാഖ ഇനിയും പരിപുഷ്ടമാകേണ്ടിയിരിക്കുന്നു. അതിലുംവിശേഷിച്ച് ഒന്നിനെത്തന്നെ പലതരം കണ്ണാടിയിൽക്കൂടി കാണുന്ന രീതി—വൈവിധ്യംമൂലം രസം തുളുമ്പുന്ന രീതി—ഇന്നും മലയാളഭാഷയിൽ പുത്തരിതന്നെ. അതിനാൽ സാഹിത്യപരമായ ഇതിൻെറ ആവശ്യം കരതലാമലകംപോലെ പ്രസ്പഷ്ടമാണല്ലൊ. മററതിന് ഒരു വിവരണം വേണ്ടിയിരിക്കുന്നു. തിരുവിതാംകൂർ സൎവകലാശാലയിൽനിന്നും മലയാളസാഹിത്യം ഐച്ഛികമായെടുത്ത് ബി. ഏ.-യ്ക്കു് ഏററവും ഉയൎന്ന വിജയിയാകുന്ന വിദ്യാൎത്ഥിക്ക് ആശാൻെറ നാമധേയത്തിൽ നൽകണമെന്നുദ്ദേശിക്കുന്ന കീൎത്തിമുദ്രയുടെ ആവശ്യത്തിനു സൎവകലാശാലയിൽ നിക്ഷേപിക്കണമെന്നു

വിചാരിക്കുന്ന നിധിയിലേക്കു് ഇതിൽനിന്നു കിട്ടുന്ന ആദായം വിനിയോഗിക്കണമെന്നുള്ളതത്രേ ഇതിൻെറ ധനപരമായ ഒരുദ്ദേശ്യം.

ഒരുദ്ദേശ്യം എന്നു പറഞ്ഞതു കരുതിക്കൂട്ടിയാണു്. ധനശേഖരം അനുവദിക്കുമെങ്കിൽ മഹാകവിയുടെ പല്ലനയുള്ള ശവകുടീരം ഭംഗിയായി പണികഴിപ്പിക്കണമെന്നും ആശയുണ്ടു്. ഈ രണ്ടു കാൎയ്യങ്ങൾക്കൂടെ ആശാൻമെമ്മോറിയൽ കമ്മററിയിൽനിന്നും നിവ്വഹിക്കണമെന്നു് ആഗ്രഹിക്കുന്നു. ഈ പ്രവൎത്തകന്മാർതന്നെയാണു് മഹാകവിയുടെ ഛായാപടം തിരുവനന്തപുരം മ്യൂസിയംഹാളിൽ സ്ഥാപിച്ചിട്ടുള്ളതു്. റിട്ടയാർഡു് ഹൈക്കോടതിജഡ്ജി രാജശ്രീ എൻ. കുമാരൻ അവർകൾ ഈ കമ്മററിയുടെ അദ്ധ്യക്ഷനായിരിക്കുന്നതുകൊണ്ടു് ഈവക പരിപാടികൾ വിജയശ്രീലാളിതങ്ങളായി പൎയ്യവസാനിക്കുമെന്നു പ്രത്യാശിക്കാം.

പ്രരോദനത്തിൻെറ മുഖവുരയിൽ ആശാൻ ഇങ്ങിനെ പറയുന്നു:—"ഈയാണ്ടു കന്നി അവസാനത്തിലാണെന്നുതോന്നുന്നു ആദ്യത്തെ എട്ടോ പത്തോ പദ്യങ്ങൾ ഞാൻ എൻെറ മാന്യസ്നേഹിതൻ എ. ഗോപാലമേനവൻ എം. എ. അവൎകളെ വായിച്ചുകേൾപ്പിച്ചതു്.............. ഈ കൃതി പൂൎത്തിയാക്കുന്നവിഷയത്തിൽ എന്നെ അദ്ദേഹം അത്യന്തംഉത്സാഹിപ്പിക്കുകയും ഈ കാവ്യം എഴുതിത്തീരുന്നതുവരെ ആ നിർബന്ധം തുടൎന്നുകൊണ്ടിരിക്കുകയുംചെയ്തു. അദ്ദേഹം ഇങ്ങിനെ ത്വരിപ്പിച്ചിരുന്നില്ലെങ്കിൽ ഈ പരിമിതകാലത്തിനുള്ളിൽ ഇതു് എഴുതിത്തീൎപ്പാൻ കഴിയുമായിരുന്നോ എന്നു് എനിക്കു സംശയമാണു്." ഇങ്ങനെ ആശാൻെറ ഒരുത്തമബന്ധുവും സാഹിത്യവിഷയങ്ങളിൽ ആശാനെ പ്രോത്സാഹിപ്പിച്ചിട്ടുള്ള ഒരു യഥാൎത്ഥസഹൃദയനുമായ രാജശ്രീ എ. ഗോപാലമേനവനവർകൾക്കു് ഈ ഗ്രന്ഥം സാനുവാദം സമ

ഷ്പിക്കാൻ ഭാഗ്യം സിദ്ധിച്ചതിൽ ഞാൻ അതീവ കൃതജ്ഞനായിരിക്കുന്നു.

എൻെറ അപേക്ഷാനുസരണം പുതിയ ലേഖനങ്ങൾ എഴുതിയും പഴയ ലേഖനങ്ങളുടെ പ്രസിദ്ധീകരണാവകാശം തന്നും ഈ ഉദ്യമത്തിൽ സഹായിച്ചിട്ടുള്ള എല്ലാ പണ്ഡിതാഗ്രേസരന്മാരോടും നന്ദി പ്രദർശിപ്പിക്കുന്നതിൽ എനിക്കു് ഉപര്യുപരി സന്തോഷം തോന്നുന്നുണ്ടു്. ഇതര സഹകരണങ്ങൾ നൽകിയിട്ടുള്ള ശ്രീമാൻ ഏ. ഡി. ഹരിശർമ്മയോടും, ശ്രീമതി എൻ. ഭാനുമതിഅമ്മയോടും എനിക്കുള്ള കടപ്പാടു് സീമാതീതമാണു്. മററു പലരുടേയും സഹായങ്ങൾ സിദ്ധിച്ചിട്ടുണ്ടു്. അവരുടെ ഒരു പട്ടികകൊണ്ടു് ഇതു ദീർഘിപ്പിക്കണമെന്നു വിചാരിക്കുന്നില്ല.

ആശാൻെറ കൃതികളെ ശരിയായി മനസ്സിലാക്കുന്നതിനു് ഈദൃശമായ ഒരു പ്രസിദ്ധീകരണം ധാരാളം ഉതകുമെന്നുള്ള ധൈര്യത്തോടും സാഹിത്യസംബന്ധമായി സമുന്നതമായ ഉല്ക്കർഷങ്ങൾ ഈ പ്രബന്ധത്തിനു് ഉണ്ടെന്നുള്ള ആത്മവിശ്വാസത്തോടും ഇതിനെ സജ്ജനസമക്ഷം അയച്ചുകൊള്ളുന്നു.

തിരുവല്ല,
7 7—14.

സമ്പാദകൻ.

# വിഷയവിവരം

പുറം

1. ജീവചരിത്രസംക്ഷേപം 1
വിദ്വാൻ എ. ഡി. ഹരിശർമ്മ എം. ആർ. എ. എസ്.
സാഹിത്യകലാനിധി

2. വീണപൂവ് 30
സി. എസ്സ്. സുബ്രഹ്മണ്യൻപോററി എം. എ.

3. ആശാൻെറ ചെറുകാവ്യങ്ങൾ 35
മൂക്കോത്തു കുമാരൻ.

4. നളിനി 49
ഡി. പത്മനാഭനുണ്ണി എം. എ.

5. ലീല 63
എൻ. ഗോപാലപിള്ള എം. എ.

6. പ്രരോദനം 75
കണ്ണൻ ജനാർദ്ദനൻ.

7. ചിന്താവിഷ്ടയായ സീത 88
ആർ. നാരായണപ്പണിക്കർ ബി. എ., എൽ. ടി.

8. ദുരവസ്ഥ 115
പ്രഫ്സർ പി. ശങ്കരൻനമ്പ്യാർ എം. എ.

9. ചണ്ഡാലഭിക്ഷുകി 128
ഡാക്ടർ കെ. ഗോദവർമ്മ എം. എ., പി.എച്ച്.ഡി.
(ലണ്ടൻ)

10. കരുണ 150

ജോസഫ് മുണ്ടശ്ശേരി.

11. വിചിത്രവിജയം 191

മൂക്കോത്തു കുമാരൻ.

12. പ്രബോധചന്ദ്രോദയം 217

നന്ത്യാരുവീട്ടിൽ കെ. പരമേശ്വരൻപിള്ള എം. എ.

13. ആശാൻ 219

മഹാകവി ഉള്ളൂർ.

14. ആശാൻെറ കവിതയിലെ ജീവിതവിമർശം 237

മേജർ സർദാർ കെ. എം. പണിക്കർ.

15. സുകൃതഹാരം 247

ഡാക്ടർ കോളത്തേരി ശങ്കരമേനവൻ
എം. എ., എൽ. ടി., പി. എച്ച്. ഡി.

16. ആശാൻെറ അവതാരം 253

കണ്ണൻ ജനാർദ്ദനൻ.


17. ആശാൻെറ കവിത 258

വാഗ്ഭടാനന്ദൻ.

SHREE KRISHNA VILASOM GRANDHASALA
...RUM
... VEEDU

ആശാൻെറ കൈപ്പട.

645



PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
PALAYINKIL
9.645

# ആശാൻ.

## ജീവചരിത്രസംക്ഷേപം.

വിദ്വാൻ ഏ. ഡി. ഹരിശർമ്മ
എം. ആർ. ഏ. എസ്.

മഹാത്മാക്കളും മഹാകവികളും ലോകത്തെ അനുഗ്രഹിക്കുന്ന രണ്ടു ദിവ്യശക്തികളാകുന്നു. യഥാർത്ഥ കവികൾ യഥാർത്ഥ മഹാത്മാക്കളെപ്പോലെതന്നെ, വല്ലപ്പൊഴുമൊരിക്കൽ മാത്രമേ, ലോകത്തിൽ പ്രത്യക്ഷപ്പെടുകയുള്ളൂ. അവരുടെ പരിപാവനമായ സ്മരണ വളരെക്കാലത്തേയ്ക്കു നിലനില്ക്കുകയും ചെയ്യും. ഹ്രസ്വമെങ്കിലും ലോകോപകാരകമായ സ്വജീവിതംകൊണ്ടു് ഭാഷാഭിമാനികളായ മലയാളികളുടെ കൃതജ്ഞതാപൂർവ്വമായ നിത്യസ്മരണയ്ക്കു പാത്രമായിത്തീർന്നിട്ടുള്ള കുമാരനാശാൻ ഇക്കൂട്ടത്തിൽപെട്ട ഒരു യഥാർത്ഥ മഹാകവിയാകുന്നു.

ചിറയിൻകീഴുതാലൂക്കിൽ കടയ്ക്കാവൂർ പകുതിയിൽ ചേർന്ന കായിക്കര എന്ന സ്ഥലത്തുള്ള തൊമ്മൻവിളാകത്തു വീട്ടിലാണു് ആശാൻ ജനിച്ചതു്. 1048-ാമാണ്ടു മേടമാസം 1-ാംനു- ആയിരുന്നു ജനനം. അന്നു് ഹിന്ദുക്കൾക്കും ബുദ്ധമതാനുയായികൾക്കും വിശേഷദിവസമായ ചിത്രാപൗർണ്ണമിയായിരുന്നു. കൊച്ചുപെണ്ണു് എന്നു വിളിച്ചുവന്ന ഒരു കാളിയമ്മയും ശ്രീമാനായ ഒരു നാരായണനുമായിരുന്നു ആശാന്റെ മാതാപിതാക്കന്മാർ. കുമാരു എന്നാണു് അവർ കു

ട്ടിക്കു നാമകരണം ചെയ്തതു്. വളരെക്കാലത്തേക്കു് ഈ പേരിൽത്തന്നെയാണു് അദ്ദേഹം പരക്കെ അറിയപ്പെട്ടിരുന്നതും.

ഏഴാമത്തെ വയസ്സിൽ പഴയ സമ്പ്രദായമനുസരിച്ചു് ഒരു കുടിപ്പള്ളിക്കൂടത്തിൽ കുമാരുവിൻെറ വിദ്യാഭ്യാസം ആരംഭിക്കപ്പെട്ടു. നിലത്തെഴുത്തും കൂട്ടിവായനയും കഥാനായകനു് എളുപ്പം വശമാക്കാൻ കഴിഞ്ഞതിനാൽ ഉടയാൻകുഴി കൊച്ചുരാമൻവൈദ്യൻ എന്ന ഗുരുനാഥൻെറ അടുക്കൽ സംസ്കൃതപാഠം തുടങ്ങുന്നതിനു് അധിക കാലതാമസം വേണ്ടിവന്നില്ല. ഈ കൊച്ചുരാമൻവൈദ്യൻ, ശ്രീനാരായണ ഗുരുസ്വാമിയുടെ ഗുരുവായ കുമ്മമ്പിള്ളി രാമൻപിള്ളയാശാൻെറ ശിഷ്യനായിരുന്നു. സംസ്കൃതത്തിലെ പ്രഥമപാഠങ്ങളും ശ്രീകൃഷ്ണവിലാസം തുടങ്ങിയ ചില ലഘുകാവ്യങ്ങളും പഠിച്ചു കഴിഞ്ഞപ്പോഴേയ്ക്കും വൈദ്യൻ അദ്ധ്യാപകവൃത്തി മതിയാക്കിയതിനാൽ, ആ വഴിക്കുള്ള വിദ്യാഭ്യാസം തുടൎന്നുകൊണ്ടു പോകാൻ ആശാനു സാധിക്കാതെ വന്നു. സ്വപിതാവിൻെറ അശ്രാന്തപരിശ്രമഫലമായി സ്വദേശത്തു സ്ഥാപിക്കപ്പെട്ട ഒരു ഗവൎമ്മെൻറുപള്ളിക്കൂടത്തിൽ ചേൎന്നു പഠിക്കുകയാണു പിന്നെയുണ്ടായതു്. 13-വയസ്സുവരെ ഈ അദ്ധ്യയനം തുടൎന്നതായി പറയപ്പെടുന്നു. അതിനെത്തുടൎന്നു് ആ സ്കൂളിൽത്തന്നെ ഏതാനുംകാലം ഒരദ്ധ്യാപകനായി ജോലി നോക്കി. ഗവൎമ്മെൻറുനിയമമനുസരിച്ചു വയസ്സു പോരാതെ വന്നതിനാൽ ആ ജോലി സ്ഥിരപ്പെട്ടില്ല. അകലെ പോയി മേൽക്ലാസ്സിൽ പഠിക്കാനുള്ള അസൗകൎയ്യംകൊണ്ടും സമയം വൃഥാ ചെലവഴിക്കാനുള്ള വൈമനസ്യത്താലും ഇക്കാലത്തു സമീപത്തുള്ള ഒരു കച്ചവടക്കാരൻെറ കണക്കെഴുത്തുപിള്ളയായി ജോലി നോക്കിത്തുടങ്ങി. ഇതു് ഏകദേശം രണ്ടുകൊല്ലത്തോളം നീണ്ടുനിന്നു.

സമീപസ്ഥനായ മണമ്പൂർ ഗോവിന്ദനാശാൻ അന്നു നടത്തിയിരുന്ന സംസ്കൃതപാഠശാലയിൽ ചേൎന്നു്, 16-ാമ

ത്തെ വയസ്സിൽ "കുമാരു" വീണ്ടും സംസ്കൃതം പഠിക്കാൻ തുടങ്ങി. അനിതരസാധാരണമായ മേധാശക്തിനിമിത്തം മാഘം, നൈഷധം, ഭോജചമ്പു, ശാകുന്തളം, കുവലയാനന്ദം മുതലായ കാവ്യനാടകാലങ്കാരഗ്രന്ഥങ്ങളിൽ അടിയുറച്ച പാണ്ഡിത്യം സമ്പാദിക്കാൻ ആശാന് അധിക കാലതാമസം വേണ്ടിവന്നില്ല. ആ പാഠശാലയിൽ അന്നു പഠിച്ചിരുന്ന വിദ്യാൎത്ഥികളിൽവെച്ചു പ്രഥമസ്ഥാനം ആശാനുതന്നെയായിരുന്നു. ശിഷ്യവൎഗ്ഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഗുരുനാഥൻ ഇടയ്ക്കിടയ്ക്കു നടത്താറുണ്ടായിരുന്ന ചില കവിതാപരീക്ഷകളിൽ ഒന്നാംസമ്മാനം കൈക്കലാക്കിയിരുന്നതും മററാരുമല്ല.

പിൻകാലത്തു സൎവ്വജനസമ്മതനായിത്തീൎന്ന ശ്രീനാരായണഗുരുസ്വാമികൾ, അന്നു വെറും 'നാണുസ്വാമി'യായി അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. കായിക്കര അദ്ദേഹത്തിന് അന്നു ചില ഭക്തന്മാരുണ്ടായിക്കഴിഞ്ഞിരുന്നു. തൊമ്മൻവിളാകത്തുവീട്ടിലെ നാരായണനും ഒരു ഭക്തപ്രധാനിയായിരുന്നു. ഇടയ്ക്കിടയ്ക്കു സ്വാമികൾ കായിക്കര പോയി വിശ്രമിക്കാറുള്ള സന്ദർഭങ്ങളിൽ സ്വാമികളെ ക്ഷണിച്ചു കൊണ്ടുപോയി സൽക്കരിക്കുന്ന വിഷയത്തിൽ നാരായണനും വൈമുഖ്യം പ്രദൎശിപ്പിച്ചിരുന്നില്ല. ഇങ്ങനെ ഏകദേശം പത്തുപതിന്നാലുവയസ്സായപ്പോൾതന്നെ നമ്മുടെ കഥാനായകനു സ്വാമികളെക്കണ്ടു പരിചയിക്കാൻ കഴിഞ്ഞു. ആ കൊച്ചുകുട്ടിയുടെ ബുദ്ധിസാമൎത്ഥ്യം കണ്ടു സന്തുഷ്ടനായ സ്വാമികൾ വിദ്യാഭ്യാസവിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നു മാതാപിതാക്കന്മാരോടു പറഞ്ഞു ചട്ടംകെട്ടിയിരുന്നുവെന്നാണു പറയപ്പെടുന്നതു്. ഇവരുടെ ഈ യാദൃച്ഛികപരിചയം ഒടുവിൽ സുദൃഢമായ ഗുരുശിഷ്യബന്ധത്തിലാണു ചെന്നവസാനിച്ചതെന്നുള്ളതു സുപ്രസിദ്ധമാണല്ലോ.

16-വയസ്സു തികയുന്നതിനു മുൻപുതന്നെ ആശാൻ പദ്യനിർമ്മാണം തുടങ്ങിക്കഴിഞ്ഞിരുന്നു. മിക്ക കവികളും പദ്യരചനയ്ക്കുള്ള ആദ്യസോപാനമായി ശൃംഗാരരസത്തെയാണല്ലോ സ്വീകരിക്കാറുള്ളത്. ആശാനും അക്കാര്യത്തിൽ വ്യത്യസ്തനല്ലായിരുന്നു. ഇക്കാലത്ത് അദ്ദേഹമെഴുതിട്ടുള്ള പദ്യങ്ങൾ ഒട്ടുമിക്കതും ഇന്നു കാലപ്രവാഹത്തിലാണ്ടു തിരോഭൂതങ്ങളായിക്കഴിഞ്ഞിരിക്കുന്നു. എങ്കിലും ആശാൻെറ ബാല്യസഖാക്കളിൽ ഇന്നും ജീവിച്ചിരിപ്പുള്ള ചിലർക്കൊക്കെ ഈ വക പദ്യങ്ങൾ മനഃപാഠമത്രെ.

ആ രൂഢമാത്രയൗവനനായ ഒരു വിദ്യാർത്ഥിയുടെ ഈ കവിതാവാസന ശ്രീനാരായണഗുരുസ്വാമികളെ വളരെ സന്തോഷിപ്പിച്ചു. അദ്ദേഹം തൻെറ നവീനശിഷ്യനു കവിതാവിഷയത്തിൽ വേണ്ടുവോളം പ്രോത്സാഹനം നൽകി. ശൃംഗാരശ്ലോകങ്ങൾ എഴുതരുതെന്നു പ്രത്യേകം ഉപദേശിക്കയും ചെയ്തു. സാധാരണന്മാരുടെ ദൃഷ്ടിയിൽ വളരെ നിസ്സാരമായി തോന്നിയേക്കാവുന്ന ഈ ഉപദേശമാണു വാസ്തവത്തിൽ കുമാരനാശാൻെറ സർവ്വാഭ്യുദയങ്ങൾക്കും അസ്ഥിവാരക്കല്ലിട്ടതു്. "കലപ്പില്ലാത്ത ശൃംഗാരം" എന്നു കേരളപാണിനിയും 'ശൃംഗാരത്തിൻെറ സൂക്ഷ്മശരീരം" എന്നു പി. കെ. നാരായണപിള്ളഅവർകളും ഹൃദയപൂർവ്വം പ്രശംസിക്കത്തക്കവിധം, ജനസമുദായത്തിൻെറ സാന്മാർഗ്ഗികബോധത്തിന് ഏററവും അനുയുക്തമായ രീതിയിൽ സഭ്യവും സദാചാരപ്രബോധകവുമായ പരിശുദ്ധ ശൃംഗാരത്തെ, തൻെറ അനന്തരകൃതികളിൽ വിചിത്രമായി ചിത്രീകരിക്കാൻ ആശാനെ ശക്തനാക്കിത്തീർത്തതു്, സ്വാമികളുടെ അന്നത്തെ ആ സദുപദേശംതന്നെയാണെന്നുള്ളതിൽ സംശയമില്ല.

ഏകദേശം പതിനെട്ടാമത്തെ വയസ്സിൽ ആശാൻ പാഠശാലാവിദ്യാഭ്യാസം മതിയാക്കി. അതിനു മുമ്പുതന്നെ

സ്വാമികളുടെ സഹവാസം ആശാനെ ഒരു പുതിയ ആളാക്കിത്തീർത്തിരുന്നു. അദ്ദേഹം ശൃംഗാരരസത്തെ തീരെ വെറുത്തു. അത്രമാത്രം ഭക്തിരസത്തിൽ മുഴുകുകയും ചെയ്തു. കവിതയിലും ഈ ഭക്തിരസം പ്രതിഫലിച്ചുതുടങ്ങി. സ്തോത്രരൂപത്തിൽ ഒന്നോ രണ്ടോ ശതകങ്ങളും ചില കണ്ഠാമൃതങ്ങളും ദശകങ്ങളും മററും ഈ അവസരത്തിൽ ആശാൻ ഉണ്ടാക്കിട്ടുണ്ട്. അന്നത്തെ കവിതാമാതൃക കാണുന്നതിന്ന് ഒരു പദ്യം ഇവിടെ ഉദ്ധരിക്കാം:—

ഘോരാകാരാട്ടഹാസപ്രകടിതകലഹം
മൃത്യുവന്നെത്തിനോക്കും-
നേരം നാരീജനത്തിൻ കളികളുമിളിയും
നോക്കുമൂക്കുള്ളവാക്കും
പോരാ പോരിൽ തടുപ്പാൻ, പരമശിവപദാം-
ഭോജരേണുപ്രസാദം
പോരും പോരും കൃതാന്തപ്രതിഭയമകല-
ത്താക്കുവാനാക്കുമെന്നും.

തമിഴിലും സംസ്കൃതത്തിലുമുള്ള പല വേദാന്തഗ്രന്ഥങ്ങളും വായിച്ചു പഠിക്കുകയായിരുന്നു അക്കാലത്തെ പ്രധാന ജോലി. സ്വാമികളുടെ സഹവാസം ഇതിന്ന് ഒരു വലിയ സഹായമായും പ്രേരകമായും തീർന്നിരിക്കണം. ഇങ്ങനെ സ്വല്പകാലത്തിനിടയ്ക്ക് ആശാൻ വെറും ലൗകികപദവിയിൽ നിന്ന് ഒരു വേദാന്തി എന്ന ഉയർന്ന നിലയിലെത്തി. ഈ അവസ്ഥാന്തരം അദ്ദേഹത്തെ ഒരു അഗാധചിന്തകനും പ്രകൃതിനിരീക്ഷകനുമാക്കിത്തീർത്തു. വേദാന്തവിചാരത്തിൽ മുഴുകിയും പ്രകൃതിരാമണീയകത്തിൽ മതിമറന്നും അദ്ദേഹം അക്കാലത്തു ചില കാടുകളിലും കുന്നുകളിലുമൊക്കെ ഏകാകിയായി നടന്നിരുന്നുവത്രെ.

കവിയുടെ സ്വദേശത്തിന്നടുത്ത സ്വജാതീയരുടെ വകയായി ഒരു സുബ്രഹ്മണ്യക്ഷേത്രമുണ്ടായിരുന്നു. ഒരു ഉത്തമ ഭക്തൻെറ നിലയിൽ ആശാൻ ഏതാനുംകൊല്ലം ആ ക്ഷേത്രത്തിൽതന്നെ താമസിക്കയുണ്ടായിട്ടുണ്ട്. അവിടത്തെ താമസം പരന്മാക്കുംകൂടി ഉപകാരപ്രദമായിത്തീരണമെന്നു നിശ്ചയിച്ച് ഇടയ്ക്കു കുറെ കുട്ടികളെ സംസ്കൃതം പഠിപ്പിച്ചുതുടങ്ങി. അന്നാണ് നമ്മുടെ കഥാനായകനു് "ആശാൻ" സ്ഥാനം കിട്ടിയതു്. കായിക്കര കുമാരു, അന്നുമുതൽ എൻ. കുമാരു ആശാനായിത്തീൎന്നു. ഇദ്ദേഹത്തിൻെറ ഭക്തിപാരമ്യംകണ്ടു് സന്തോഷിച്ച കരക്കാർ ആ ക്ഷേത്രത്തിലെ ശാന്തിജോലിയുംകൂടി ഒടുവിൽ ആശാനിൽത്തന്നെ സമൎപ്പിച്ചു. ഇക്കാലത്തു സ്വാമികളുമായുള്ള സന്ദൎശനസംഭാഷണാദികൾ പൂൎവാധികം ഹൃദയംഗമങ്ങളായി നിരന്തരം നടന്നുകൊണ്ടിരുന്നു. ഒടുവിൽ സ്വാമികൾ ആശാനെ അരുവിപ്പുറത്തേക്കു ക്ഷണിക്കുകയും ആശാൻ ആ ക്ഷണത്തെ സസന്തോഷം സ്വീകരിക്കയും ചെയ്തു. ഇങ്ങനെ ഗുരുശിഷ്യബന്ധം ഒന്നുകൂടി ദൃഢമായതിനുശേഷം, ആശാൻ സ്വാമികളെ അനുഗമിച്ചു പലസ്ഥലങ്ങളിലും സഞ്ചരിക്കയുണ്ടായിട്ടുണ്ടു്. വേദാന്തവിഷയങ്ങളായ ഉപരിഗ്രന്ഥങ്ങൾ വായിക്കുന്നതിനും ഹഠയോഗമുറകളെ അഭ്യസിക്കുന്നതിനുമായിട്ടാണു് ആശാൻ ഈ കാലം ചെലവാക്കിയതു്. മൂന്നുകൊല്ലം ഈവിധത്തിൽ കഴിഞ്ഞു. ഇത്രയുംകാലത്തെ പരിചയംകൊണ്ടു് ഭാവിയിൽ ഒരു ഉത്തമനേതാവായിത്തീരാനുള്ള സകല ലക്ഷണങ്ങളും ആശാനിലുണ്ടെന്നു സ്വാമികൾ മനസ്സിലാക്കി. ആശാൻെറ അചഞ്ചലമായ ഉൽക്കൎഷേച്ഛയും അഗാധമായ ചിന്താശീലവും കണ്ടു് അദ്ദേഹത്തിൽ ശോഭനമായ ഒരു ഭാവിയെ ദീൎഘദൎശനംചെയ്ത സ്വാമികൾ, അന്നു മൈസൂർ സൎവീസിലായിരുന്ന ഡാക്ടർ പൽപ്പു മുഖാന്തരം ആശാനെ ബാംഗ്ളൂർ സംസ്കൃതകലാശാലയിൽ പഠിപ്പിക്കാൻ അയച്ചു. തൎക്കശാസ്ത്രം ഐച്ഛികമായി എടുത്തു് "ന്യായവിദ്വാൻ" എന്ന

പരീക്ഷയ്ക്കാണു് ആശാൻ അവിടെ പഠിച്ചുതുടങ്ങിയതു്. സഹജമായ സാമൎത്ഥ്യത്താൽ അദ്ദേഹത്തിനു് അവിടെ ഒരു സ്കാളർഷിപ്പും കിട്ടി. പക്ഷെ അവിടത്തെ അവസാനപരീക്ഷയ്ക്കുചേൎന്നു ബിരുദംനേടാൻ സാധിച്ചില്ല. ആശാൻ അവിടെച്ചെന്നു മൂന്നുകൊല്ലം കഴിഞ്ഞ അവസരത്തിൽ ബാംഗ്ളൂരിൽ ഭയങ്കരമായ പ്ലേഗു ബാധിച്ചു. ഡാക്ടർ പൽപ്പു ശീമയ്ക്കു പുറപ്പെട്ടതും ഏകദേശം ഇതേ അവസരത്തിലായിരുന്നു. ഈ രണ്ടു കാരണങ്ങൾനിമിത്തം ബാംഗ്ളൂർ വിടുന്നതിനു് ആശാൻ നിർബ്ബന്ധിതനായിത്തീൎന്നു. അവിടത്തെ താമസത്തിനിടയിൽ പ്രബോധചന്ദ്രോദയം എന്ന നാടകവും സൗന്ദൎയ്യലഹരി എന്ന സ്തോത്രഗ്രന്ഥവും സംസ്കൃതത്തിൽനിന്നു് ആശാൻ മലയാളത്തിലേക്കു തൎജ്ജമചെയ്കയുണ്ടായി. [ലഹരി തൎജ്ജമചെയ്തതു് 1072-ൽ ആണെന്നു തോന്നുന്നു. അതു് 1073-ൽ വിദ്യാവിലാസിനി എന്ന മാസികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിത്തുടങ്ങുകയും ചെയ്തിരുന്നു. മാസിക ഇടയ്ക്കു നിന്നുപോയതിനാൽ പ്രസിദ്ധീകരണം മുഴുവനായില്ല. പിന്നീടു് 1076-ൽ അതു് പുസ്തകരൂപത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. അരുവിപ്പുറം നാരായണഗുരുസ്വാമി അവർകളുടെ ശിഷ്യൻ കുമാരു ആശാൻ ഉണ്ടാക്കി തിരുവനന്തപുരം പ്രഭാകരപ്രസ്സിൽ അച്ചടിപ്പിച്ചതു്" എന്നു് അന്നത്തെ പുസ്തകത്തിൽ കാണുന്നതുകൊണ്ടു് 1076-ാമാണ്ടുവരെ—അതായതു കല്ക്കത്തയിലെ വിദ്യാഭ്യാസം കഴിഞ്ഞു മടങ്ങിവന്നു് ഒരുകൊല്ലം കഴിയുന്നതുവരെ—കുമാരു എന്ന പേരുതന്നെയാണു് ഉപയോഗിച്ചിരുന്നതെന്നു തെളിയുന്നുണ്ടു്. കുമാരു കുമാരനായിത്തീൎന്നതു് അതിനുശേഷമായിരിക്കാം. പ്രബോധചന്ദ്രോദയം, കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേയും മററു പല മഹാന്മാരുടേയും പ്രശംസയ്ക്കു പാത്രീഭവിച്ചുവെങ്കിലും കവി അതു പ്രസിദ്ധീകരിച്ചിരുന്നില്ല. ആ നല്ല പരിഭാഷയുടെ രസം മലയാളികൾക്കു് ആസ്വാദിക്കാൻ സാധിച്ചതു്

ഈയിടയിൽ അതു് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമാണു്.] അക്കാലത്തു മലയാളത്തിലെന്നപോലെ സംസ്കൃതത്തിലും കവിത എഴുതുന്നതിനു് ആശാനു പ്രയാസമില്ലായിരുന്നുവെന്നു സൗന്ദര്യലഹരിയുടെ "അവതാരണിക"യിൽ കാണുന്ന ഒരു പദ്യത്തിൽനിന്നും തെളിയുന്നുണ്ടു്. ഇതാണു് ആ പദ്യം:—

"വിശുദ്ധാ വാഗേഷണീ വിഹിതസുകൃതാ ശങ്കരഗുരോ-
ഗ്ഗ്ദീരാഗ്രദ്ധാതൈർത്ഥർഭുവി ഗഗനഗംഗേവ ജയതി
തദീയേയം ഭാഷാ മമ ഭവതു സൗന്ദര്യലഹരീ
യഥാ ദൈവീ മൂർത്തിഃ പരിണമതി മൂൽസ്സാ പ്രതികൃതിഃ"

ബാംഗ്ളൂരിൽനിന്നു് ആശാൻ പോയതു മദ്രാസിലേക്കായിരുന്നു. അവിടെ ഒരു പണ്ഡിതന്റെ അടുക്കൽ അഞ്ചാറുമാസം പഠിച്ചു താമസിച്ചിരുന്നതായി കാണുന്നു. വീണ്ടും ഡാക്ടർ പൽപ്പു മുതലായവരുടെ ഉത്സാഹത്തിന്മേൽ കല്ക്കത്താ സംസ്കൃതകലാശാലയിൽ ചെന്നുചേൎന്നു അവിടെ കാവ്യം, വ്യാകരണം, ദൎശനം തുടങ്ങിയ വിഷയങ്ങളുംകൂടി വായിച്ചിരുന്നുവെങ്കിലും ന്യായശാസ്ത്രം ഐച്ഛികമായെടുത്തു "തൎക്കതീൎത്ഥൻ" എന്ന ബിരുദം സമ്പാദിക്കാനാണു പ്രധാനമായി ശ്രമിച്ചതു്. 1075-ാമാണ്ടു് കൽക്കത്തയിൽ പിടിപെട്ട മഹാമാരി ആശാനെ അവിടെനിന്നും ഓടിച്ചുകളഞ്ഞു. അതുകൊണ്ടു് അവിടത്തെ അവസാനപരീക്ഷയിൽ ചേൎന്നു ബിരുദു നേടുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞില്ല. ഇതോടുകൂടി അദ്ദേഹത്തിന്റെ വിദ്യാൎത്ഥിജീവിതം അവസാനിച്ചു.

ആശാൻ കൽക്കത്തയിൽ താമസിക്കുന്ന കാലത്തു സംസ്കൃതജ്ഞന്മാരായ സ്നേഹിതന്മാരുമായി എഴുത്തുകുത്തു നടത്തിയിരുന്നതെല്ലാം സംസ്കൃതത്തിൽതന്നെയായിരുന്നു. മേഘസന്ദേശത്തിന്റെ ഒരു തൎജ്ജമ തുടങ്ങിയതല്ലാതെ മല

യാളത്തിൽ പറയത്തക്ക കവിതകളൊന്നും കല്ക്കത്തയിൽവച്ചു് എഴുതിയിരുന്നതായി കാണുന്നില്ല. കാലസ്ഥിതികളും ജീവിതനിർവ്വഹണസൗകര്യത്തിനു് അത്യന്താപേക്ഷിതമായിത്തീർന്നിട്ടുള്ള ഇംഗ്ലീഷുഭാഷ പഠിക്കുന്നതിനു സഫലവും നിരന്തരവുമായി ശ്രമിച്ചുകൊണ്ടിരുന്നതും കൂടിയായിരിക്കാം ഇതിനു കാരണം. ആശാൻെറ ഭാവിജീവിതത്തിൽ സാമുദായികമായും മററും പല വലിയ കാര്യങ്ങളും സാധിക്കുന്നതിനു് ഇംഗ്ലീഷുപരിചയം അദ്ദേഹത്തിനു വളരെ ഉപകരിച്ചിട്ടുണ്ടു്. ചെറുപ്പത്തിൽ ഇംഗ്ലീഷു് അക്ഷരമാലപോലും പഠിക്കാൻ സൗകര്യം ലഭിക്കാതിരുന്ന ആശാൻ ഒടുവിൽ പ്രജാസഭയിലും മററും ഇംഗ്ലീഷിൽ നിസ്സങ്കോചം പ്രസംഗിക്കത്തക്കവണ്ണം ആംഗലഭാഷയിൽ അത്ര ദൃഢമായ പരിചയം സമ്പാദിച്ചതു കൽക്കത്തയിലെ വിദ്യാർത്ഥിജീവിതഘട്ടത്തിലാണു്.

1070-ൽ ബാംഗ്ളൂർക്കുപോയ ആശാനല്ല, 1075-ൽ കൽക്കത്തായിൽനിന്നു മടങ്ങിയതു്. അത്രമാത്രം അന്തരം ആ അഞ്ചുകൊല്ലത്തിനിടയ്ക്കു് അദ്ദേഹത്തിൽ വന്നുകഴിഞ്ഞിരുന്നു. ദൃഢമായ ഈശ്വരവിചാരംകൊണ്ടു ലൗകികവിരക്തനായിത്തീർന്ന ഒരു ഭക്തയോഗിയെയാണു സ്വാമികൾ ബാംഗ്ളൂർക്കയച്ചിരുന്നതു്. കല്ക്കത്തയിൽനിന്നു മടങ്ങിവന്നതാകട്ടെ, ലോകപരിചയംകൊണ്ടും മനഃപാകതകൊണ്ടും പ്രവൃത്തിക്ഷമനായ ഒരു കർമ്മയോഗിയാണു്. ക്ഷേത്രകാര്യങ്ങളന്വേഷിച്ചും ചില വിദ്യാർത്ഥികളെ സംസ്കൃതം പഠിപ്പിച്ചും സ്വാമികളൊന്നിച്ചു് അരുവിപ്പുറത്തുതന്നെയായിരുന്നു ആശാൻെറ പിന്നത്തെ ജീവിതം. ഇക്കാലത്തു് അദ്ദേഹം ഒന്നോ രണ്ടോ സ്വതന്ത്രനാടകങ്ങൾ എഴുതീട്ടുള്ളതായി അറിയുന്നു. ഈയിടയിൽ പ്രസിദ്ധീകരിച്ച "വിചിത്രവിജയം" അക്കൂട്ടത്തിൽപെട്ട ഒരു നാടകമത്രെ. "മൃത്യുഞ്ജയം" എന്ന പേരിൽ എഴുതിയതായി പറയപ്പെടുന്ന മററൊ

രുനാടകം ഇനിയും കണ്ടുകിട്ടാതെ എങ്ങോ മറഞ്ഞുകിടക്കുക യാണു്. ശാങ്കരശതകം, സുബ്രഹ്മണ്യശതകം എന്നുതുടങ്ങി ഭക്തിരസപ്രധാനങ്ങളായ പല കൃതികളും ഈ അവസര ത്തിൽ കവി എഴുതീട്ടുണ്ടു്. ഈ രണ്ടു ശതകങ്ങളും അച്ചടി പ്പിച്ചു കണ്ടിട്ടുണ്ടു്.

ദേശസഞ്ചാരംകൊണ്ടും പുസ്തകപാരായണംകൊണ്ടും സിദ്ധിച്ച ഹൃദയവിശാലത, തനിക്കും മററുള്ളവക്കും യാതൊ രുപ്രയോജനവുമുണ്ടാകാത്തവിധം പുസ്തകപ്പുഴുവായി ജീവി ക്കാൻ ആശാനെ അനുവദിച്ചില്ല. സമസ്തസൃഷ്ടിസ്നേഹവും സ മുദായോല്ക്കർഷേച്ഛയും അദ്ദേഹത്തിൽ വേരൂന്നിപ്പിടിച്ചു. സാ മുദായികമായി എന്തെങ്കിലും ചിലതൊക്കെ പ്രവൎത്തിക്കണ മെന്നുള്ള ഒരു മോഹം ശ്രീനാരായണഗുരുസ്വാമികളിലും വള രെക്കാലം മുമ്പു മുതല്ക്കുതന്നെ അങ്കുരിച്ചിരുന്നു. എങ്കിലും ഹൃദയപൂർവ്വമായും ത്യാഗബുദ്ധിയോടുകൂടിയും പ്രവൎത്തിക്കാൻ തയാറുള്ള വിശ്വസനീയരായ അനുയായികളെ കിട്ടാതെ അ ദ്ദേഹം അടങ്ങിയൊതുങ്ങിയിരിക്കയായിരുന്നു. ആശാൻ ഇ ക്കാൎയ്യത്തിൽ തനിക്കുപററിയ ഒരു കൂട്ടുകാരനായിരിക്കുമെന്നു സ്വാമികൾ കണ്ടു. ഇതിൻെറ ഫലമായി അതുവരെ അരു വിപ്പുറത്തു നാമമാത്രമായി നടന്നുവന്നിരുന്ന ഒരു വാവൂട്ടുയോ ഗം, "ശ്രീനാരായണധൎമ്മപരിപാലനയോഗ"മായി രൂപാന്ത രപ്പെടുത്തപ്പെട്ടു. സ്വാമികളെ മുൻനിറുത്തി ആ സ്ഥാപ നത്തിനുവേണ്ടി ആരംഭകാലങ്ങളിൽ സകല ശ്രമങ്ങളും ചെ യ്തതു് ആശാൻ മാത്രമായിരുന്നു.

1078-ൽ വെറും 12അംഗങ്ങളോടുകൂടിയാണു് എസ്. എൻ. ഡി. പി. യോഗം ആരംഭിക്കപ്പെട്ടതു്. 1079-ൽ തന്നെ അതു രജിസ്റ്റർചെയ്തു. യോഗത്തിൽ അംഗങ്ങളെ ചേൎക്കുന്നതിനും സ്വാമികളുടെ ആദൎശങ്ങളെ അപരിഷ്കൃതരും അന്ധവിശ്വാസികളുമായ സ്വസമുദായാംഗങ്ങളുടെ ഇടയിൽ

പ്രചരിപ്പിക്കുന്നതിനുമായി അക്കാലത്തു് ആശാൻ ഊണും ഉറക്കവുമുപേക്ഷിച്ചു കേരളത്തിൻെറ പല ഭാഗങ്ങളിലും ചുററിസ്സഞ്ചരിച്ചു. ഇങ്ങനെയുള്ള യാത്രകളിൽ ചിലപ്പോൾ സ്വാമികളും അദ്ദേഹത്തെ അനുഗമിച്ചിട്ടുണ്ടു്. അഞ്ചുകൊല്ലങ്ങളിലെ നിരന്തരപരിശ്രമത്തിൻെറ ഫലമായി യോഗത്തിൻെറ പ്രാരംഭപ്രവൃത്തികളൊക്കെ ഒരുവിധം ശരിപ്പെട്ടു്, എസ്. എൻ. ഡി. പി. യോഗം ഒരു സജീവസ്ഥാപനമായിത്തീൎന്നു; തിരുവനന്തപുരത്തുള്ള യോഗകാൎയ്യാലയത്തിൽ തന്നെയായി, ആശാൻെറ പിന്നത്തെ ജീവിതം. അന്നു യോഗംവകയായി നടന്നിരുന്ന വിവേകോദയത്തിൻെറ പത്രാധിപത്യവും ആശാൻതന്നെ കൈയേല്ക്കേണ്ടിവന്നു.

ഈ ആധിപത്യം കൈയേററതോടുകൂടി ആശാൻ തന്നെത്താനറിയാതെ വീണ്ടും സാഹിത്യലോകത്തിൽ പ്രവേശിക്കയാണു വാസ്തവത്തിലുണ്ടായതു്. ആശാൻെറ ചെറുകൃതികളിൽ പലതും വിവേകോദയം മാസികവഴിയായിട്ടാണു പുറത്തു വന്നതു് എന്നിവിടെ പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. സ്വാമി വിവേകാനന്ദൻെറ രാജയോഗം ഇംഗ്ലീഷിൽനിന്നു തൎജ്ജമചെയ്തു തുടൎച്ചയായി വിവേകോദയത്തിൽ പ്രസിദ്ധീകരിച്ചുതുടങ്ങി. ഒടുവിൽ 1090-കന്നിമാസത്തിൽ അതു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. അന്നു് ആശാൻ സംസ്കൃതത്തിൽ അസൂയാജനകമായ കവനചാതുൎയ്യം സമ്പാദിച്ചു കഴിഞ്ഞിരുന്നു. രാജയോഗത്തിൽ സമൎപ്പണരൂപത്തിൽ എഴുതിച്ചേൎത്തിട്ടുള്ളവയിൽനിന്നു് ഒന്നുരണ്ടു പദ്യങ്ങൾ ഇവിടെ ഉദ്ധരിക്കാം.

നമഃ പരസ്മൈ തമസഃ സവിത്രേ
തസ്മൈ ശരവ്യായ ച ദൎശനാനാം
പുമാംസ മേകം ലുഠതാം ഭവാബ്ധൗ
യമാമനന്തി ശ്രുതയഃ ശരണ്യം.

വിദ്യാ ജയത്യാത്മ വിഭൂതി ഭൂതിഃ
ശിവേന സംവദ്ധിത സമ്പ്രദായാ
യാമേവ സൂത്രാണ്യധി കൃത്യ ചക്രേ
പതഞ്ജലിഃ പ്രാഗ്രസരോ മുനീനാം.

അഗാധമായ ഭാഷാപാണ്ഡിത്യവും ശരിയായ കവനപാടവവുമില്ലാത്ത ഒരാൾക്കു ലളിതമായ സംസ്കൃതശൈലി അത്രപെട്ടെന്നു സ്വാധീനപ്പെടുകയില്ലെന്നുള്ളതു് അനുഭവസിദ്ധമാണല്ലോ. ആശാൻെറ സംസ്കൃതകൃതികളായി സംപൂർണ്ണരൂപത്തിൽ നമുക്കൊന്നും കിട്ടിയിട്ടില്ലെങ്കിലും, കല്ക്കത്തായിൽനിന്നു മടങ്ങിവന്നതിനുശേഷം അദ്ദേഹം നിരന്തരം സംസ്കൃതകവനകലയിൽ ഏർപ്പെട്ടിരുന്നുവെന്നൂഹിക്കാൻ പലകാരണങ്ങളുമുണ്ടു്. ഒരു മിസ്റ്റർ രാമൻമേനവൻെറ ഉപയോഗത്തിനായി 81-ചിങ്ങത്തിൽ ഒരു ശിഖിവാഹനധ്യാനദശകം എഴുതിക്കൊടുത്തിട്ടുള്ളതായി ആശാൻെറ ഒരു നോട്ടുബുക്കിൽ കാണുന്നു. '1912-ഡിസംബർ 25-ാംനു-തുടങ്ങിയതു്" എന്ന കുറിപ്പോടുകൂടി ഒരു നോട്ടുബുക്കിൽ മയൂരസന്ദേശത്തിലെ ആദ്യത്തെ ശ്ലോകം താഴെ കാണിക്കുംവിധം സംസ്കൃതത്തിൽ എഴുതിക്കാണുന്നു.

"ശ്രീമാൻ വഞ്ചിക്ഷിതിഭൃദുരഗർ-
ക്ഷോത്തടവോ ഭാഗിനേയീം
ലക്ഷ്മീം വിശോത്തരഗുണഗണൈ-
സ്താംസ തൈസ്തൈർഗ്ഗിരിഷ്ഠാം
ആത്താം കുർവൻ പ്രണയവസതേഃ
പ്രേയസോ വിപ്രയോഗാ-
ച്ഛിക്ഷേപേ തം ബത നിരവധൗ
കേരളം ദുഃഖസിന്ധൗ."

ഈ പരിഭാഷ പൂർത്തിയാക്കിയതായോ പിന്നെ തുടർന്നു

തായൊ കിട്ടിയിടത്തോളം നോട്ടുബുക്കുകളിൽ കാണുന്നില്ല. രണ്ടായാലും ആശാൻെറ സംസ്കൃതകവനചാതുര്യത്തെ തെളിയിക്കാൻ ഇതൊക്കെ ധാരാളം പര്യാപ്തമാണല്ലൊ. കിട്ടിയിടത്തോളം സംസ്കൃതപദ്യങ്ങൾ 'വനമാല'യിൽ ചേർത്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മൈത്രേയി, മനശ്ശക്തി, ഒരു ദൈവികമായ പ്രതീകാരം എന്ന മൂന്നു ഗദ്യകൃതികളും രാജയോഗത്തെപ്പോലെതന്നെ വിവേകോദയത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കപ്പെട്ടതിനുശേഷം പുസ്തകരൂപത്തിൽ പുറത്തുവന്നവയാണ്. വാസ്തവം പറയുകയാണെങ്കിൽ ഇതുവരെ പ്രസ്താവിച്ചതെല്ലാം മഹാകവിയുടെ ജീവചരിത്രത്തെ സംബന്ധിച്ചിടത്തോളം ഒരു പീഠികയുടെ സ്ഥാനം മാത്രമേ വഹിക്കുന്നുള്ളു. എന്തുകൊണ്ടെന്നാൽ, ഇന്നു ജനസാമാന്യത്തിനു സുപരിചിതനായിത്തീർന്നിട്ടുള്ള കുമാരനാശാൻെറ ജീവിതത്തെപ്പററി ഇതേവരെയായി ഒന്നും പ്രസ്താവിച്ചിട്ടില്ല. 1083-വൃശ്ചികത്തിൽ സന്ദർഭവശാൽ പാലക്കാട്ടു താമസിച്ചിരുന്ന അവസരത്തിൽ—അതേ, കവിയുടെ 35-ാമത്തെ വയസ്സിൽ-എഴുതിയ, 'വീണപൂവ്" എന്ന ഖണ്ഡകൃതിയാണ് കുമാരനാശാനെ കവി എന്നുള്ള നിലയിൽ പ്രസിദ്ധനാക്കിത്തീർത്തത്. ഈ കൃതി മിസ്റ്റർ മൂക്കോത്തു കുമാരൻ ആദ്യമായി മിതവാദിയിൽ പ്രസിദ്ധപ്പെടുത്തി. പിന്നീടു മിസ്റ്റർ സി. എസ്സ്. സുബ്രഹ്മണ്യൻപോററിയുടെ ഒരവതാരികയോടുകൂടി ഭാഷാപോഷിണിയിൽ സ്ഥലം പിടിച്ചു; കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് അതു പദ്യപാഠാവലിയിൽ ചേർത്തി. ഇങ്ങനെ ആ വീണപൂവ് വളരെ എളുപ്പത്തിൽ എല്ലാവരുടെയും ശ്രദ്ധയെ ആകർഷിച്ചു. വീണുപോയതായാലും ആ പൂവിൻെറ സൌരഭ്യം രസികന്മാരെയെല്ലാം ഒരുപോലെ ആനന്ദപരവശരാക്കിത്തീർക്കാൻ ശക്തിയുള്ളതായിരുന്നു. വസ്തുപ്രതിപാദനമല്ല, ഭാവസമുൽഭാവനമാണു്

കവിതയെ ഹൃദയാകർഷകമാക്കിത്തീക്കുന്നതെന്നു മലയാളത്തിൽ ആദ്യമായി തെളിയിച്ചതു് ആശാനാണെന്നു തോന്നുന്നു. വീണപൂവിനു ജനസാമാന്യത്തിൽ നിന്നു് അത്ര ഹൃദയംഗമമായ സ്വാഗതം ലഭിക്കുന്നതിനുള്ള കാരണവും ഇതു തന്നെ.

ഭാഷാപോഷിണിക്കാരുടെ അപേക്ഷപ്രകാരം എഴുതിയ ഒരു ഖണ്ഡകൃതിയാണു് സിംഹപ്രസവം. വീണപൂവിനെപ്പോലെ ആ കൃതിക്കു പ്രചുരമായ പ്രചാരം സിദ്ധിക്കാതെ പോയതു് അതു വസ്തുപ്രതിപാദനരൂപത്തിലായതുകൊണ്ടായിരിക്കാം. ഈ രണ്ടു ചെറിയ കൃതികളുമടങ്ങിയതാണു് രണ്ടു ഖണ്ഡകൃതികൾ എന്ന പുസ്തകം.

വീണപൂവു് നമ്മുടെ കവിയെ രംഗപ്രവേശം ചെയ്യിക്കുകയാണുണ്ടായതു്. അദ്ദേഹത്തിൻെറ കവിയശസ്സിനെ സ്ഥിരപ്രതിഷ്ഠമാക്കിത്തീർത്തതു നളിനിയത്രെ. "മലയാളസാഹിത്യലോകത്തിൽ നളിനിയുടെ ആവിർഭാവം ഒരു പുതിയ കവിതാസരണിയെ വെട്ടിത്തെളിക്കയാണു ചെയ്തിട്ടുള്ളതു്" എന്നാണു് ആ കൃതി കണ്ടപ്പോൾ കേരളപാണിനി അഭിപ്രായപ്പെട്ടതു്. മലയാളത്തിൽ അഭൂതപൂർവ്വവും എന്നാൽ അതേ അവസരത്തിൽ വിജയലക്ഷ്മീപരിലാളിതവുമായ ഈ നവീനപ്രസ്ഥാനം അധഃകൃതസമുദായാംഗമായ ഒരു കവിയിൽനിന്നു പുറപ്പെട്ടതുകണ്ടപ്പോഴുണ്ടായ അസൂയനിമിത്തം ചില പേരുകേട്ട നിരൂപകന്മാർ, നളിനിയിലെ ഇതിവൃത്തം ബംഗാളിയിൽനിന്നു പകൎത്തിയതാണെന്നും മററുംചിലതുണ്ടായില്ലാവെടികൾ പരത്തി ആശാൻെറ മുഖത്തു കരിതേക്കാൻ ശ്രമിക്കാതിരുന്നില്ല. പക്ഷെ, ഒടുവിൽ ആ വലിയ നിരൂപകന്മാരുടെ ചെമ്പു പുറത്താകയും സമാധാനം പറയാൻ സാധിക്കാതെ അവർ ക്ഷമായാചനം ചെയ്യേണ്ടിവരികയും ചെയ്തു. ലീലയുടെ മുഖവുരയിൽ ആശാൻ ഇതിനേപ്പററി ചിലതൊക്കെ സൂചിപ്പിച്ചു പറഞ്ഞിട്ടുണ്ടു്. വാസ്തവത്തിൽ

ആശാന്ന് ബംഗാളിഭാഷ അറിയാൻപാടില്ലായിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥശാലയിൽ ഒരൊററ ബംഗാളിപുസ്തകം പോലും ഇല്ലതാനും. നമ്മുടെ നിരൂപകകേസരികളുടെ മനഃസ്ഥിതി നോക്കുക!

1086-ൽ ആശാന്റെ അമ്മ ചരമം പ്രാപിച്ചു. അന്ന് അദ്ദേഹം സക്കീട്ടിലായിരുന്നു. മാതാവിന്റെ ചരമവാൎത്ത കേട്ടപ്പോളെഴുതിയ കൃതിയാണു് 'ഒരനുതാപം': ഇതും പദ്യമഞ്ജരിയിലൊ മററൊ ഉദ്ധരിക്കപ്പെട്ടിട്ടുണ്ടു്.

"നളിനിയിലെ ശൃംഗാരം എത്രമാത്രം അദൃഷ്ടവും ഉൽകൃഷ്ടവുമായാലും അതു തീരെ അലോകസാധാരണമാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. എന്നു മാത്രമല്ല, ജീവിതത്തിലെ കഷ്ടതകളും മാനസരഹസ്യങ്ങളും മുഴുവൻ അടങ്ങിയിരിക്കുന്നതു രാജസാവസ്ഥയിലാണുതാനും. അതുകൊണ്ടു നളിനിയിലെ കഥാപാത്രങ്ങളുടെ അടുത്ത താണപടിയിൽ എത്തീട്ടുള്ള ജീവിതങ്ങളേപ്പററി എന്തെങ്കിലും എഴുതണമെന്നു കവിയ്ക്കുണ്ടായ ആഗ്രഹത്തിന്റെ ഫലമത്രെ ലീല. നളിനി എഴുതിത്തീൎന്നു് 7 മാസം കഴിഞ്ഞശേഷം 1911 ജൂലൈ 27-ാനു-യാണു് ലീല എഴുതിത്തുടങ്ങിയതെങ്കിലും കവിയുടെ ഗത്യന്തരപരതന്ത്രതനിമിത്തം 1913 ഡിസംബർ 11-ാനു- മാത്രമെ അതിനു പൂൎണ്ണവിരാമം ഇടാൻ കഴിഞ്ഞുള്ളു.

നളിനിയെപ്പോലെ തന്നെ ലീലയ്ക്കും കേരളീയർ സസന്തോഷം സ്വാഗതമരുളി. ഇതിനിടയിൽ വിവേകോദയം വഴിയായി ആശാന്റെ മറെറാരു കൃതി പുറത്തുവന്നുകൊണ്ടിരുന്നു. പ്രസിദ്ധ ആംഗലകവിയായ സർ, എഡ്വിൻ ആർനാൾഡിന്റെ "ഏഷ്യയിലെ ദീപം" (Light of Asia) എന്ന കൃതിയുടെ കിളിപ്പാട്ടുരൂപത്തിലുള്ള ഒരു ഭാഷാന്തരമായിരുന്നു അതു്. ഈ കൃതിയുടെ ഒന്നും രണ്ടും കാണ്ഡങ്ങൾ

അടങ്ങിയ ഒന്നാംഭാഗം 1090-ൽ പുസ്തകരൂപത്തിൽ, ശ്രീബുദ്ധചരിതം എന്ന പേരിൽ, പുറത്തായി.

ഇക്കാലത്തു് ആശാന്റെ കവിതാവാഹിനി വളരെ മന്ദഗതിയിലാണു് പുരോഗമനം ചെയ്തുകൊണ്ടിരുന്നതു്. എസ്സ്. എൻ. ഡി. പി. യോഗത്തിന്റെ ആദ്യത്തെ നിലയൊക്കെ വ്യത്യാസപ്പെട്ടു അതു സർവസമ്മതമായ ഒരു സ്ഥാപനമായിത്തീൻകഴിഞ്ഞിരുന്നു. ആഫീസുജോലി പത്തിരട്ടിയല്ല, നൂറിരട്ടിയായി വദ്ധിച്ചു. ഈ നിലയിൽ സമുദായം സാഹിത്യം ഇവയിൽ ഏതെങ്കിലും ഒന്നിൽനിന്നും അല്പം അകന്നുനില്ക്കാതെ ആശാനു നിവൃത്തിയില്ലാതെയായി. അതുവരെ താൻ വഹിച്ചുവന്ന യോഗകാര്യദർശിസ്ഥാനത്തുനിന്നു തന്നെ ഒഴിവാക്കണമെന്നു് അക്കാലത്തു പലപ്പോഴും ആശാൻ യോഗഭാരവാഹികളോടപേക്ഷിച്ചു. എന്നാൽ യഥാത്ഥസമുദായസ്നേഹിയും ത്യാഗശീലനുമായ ആശാൻ ആ സ്ഥാനം ഒഴിയുന്നതു് ആക്കും ഇഷ്ടമല്ലായിരുന്നതിനാൽ, സാഹിത്യവുമായി അല്പം അകന്നുനില്ക്കേണ്ടിവന്നാലും സമുദായത്തെ സേവിക്കാൻതന്നെ അദ്ദേഹം തീരുമാനിച്ചു. കാര്യവിവരമുള്ളവരെല്ലാം ഇന്നും അദ്ദേഹത്തിന്റെ ഈ ത്യാഗത്തെ അഭിനന്ദിക്കുന്നുണ്ടു്.

ആഫീസിലെ ജോലിത്തിരക്കുനിമിത്തം വളരെയൊന്നും എഴുതുന്നതിനു് അദ്ദേഹത്തിനു സമയം കിട്ടിയില്ല. ശരിയായി ആലോചിച്ചു് ആശയങ്ങളുടെ കുറതീത്തതിനു ശേഷമല്ലാതെ കവിത രേഖപ്പെടുന്നതു് അദ്ദേഹത്തിനു് ഇഷ്ടവുമല്ലായിരുന്നു. അതുകൊണ്ടു രാത്രിസമയവും മററു വിശ്രമവേളകളുമാണു് കവിത എഴുതുന്നതിനു് ഇക്കാലത്തു് അദ്ദേഹം വിനിയോഗിച്ചതു്. ബാലരാമായണം ഈ ഘട്ടത്തിലാണു് എഴുതിയതു്. അതു മൂന്നുകാണ്ഡങ്ങളായി പ്രത്യേകം പ്രത്യേകം പ്രസിദ്ധീകരിക്കയും ചെയ്തിട്ടുണ്ടു്. മൂന്നും നാലും

കാണ്ഡങ്ങളടങ്ങിയ ശ്രീബുദ്ധചരിതം രണ്ടാംഭാഗവും ഏകദേശം ഇക്കാലത്തുതന്നെ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഇവയിൽ ബാലരാമായണം താഴ്ന്നക്ലാസ്സുകളിലെ വിദ്യാൎത്ഥികളെ ഉദ്ദേശിച്ച് നിൎമ്മിക്കപ്പെട്ടിട്ടുള്ളതാണ്. ബുദ്ധചരിതം ഇതിവൃത്തംകൊണ്ടും കവിതാരീതികൊണ്ടും രസികന്മാരെ ആകൎഷിച്ചു. വിശേഷിച്ചും രണ്ടാംഭാഗം, ഒരു സ്വതന്ത്രതൎജ്ജമ എന്ന നിലവിട്ട് ഒരു സ്വതന്ത്രകൃതി എന്ന നിലയിൽ രൂപാന്തരപ്പെട്ടുകൂടി ചെയ്തതിനാൽ അതു കൂടുതൽ ഹൃദയാകൎഷകമായിത്തീൎന്നു. ഇങ്ങനെ ആശാൻെറ ഓരോ കൃതിയും ഉത്തരോത്തരം ആകൎഷകവും പ്രശംസനീയവുമായിത്തീൎന്നതിനാൽ അദ്ദേഹത്തിൻെറ കീൎത്തി അനുദിനം വൎദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. യോഗത്തിൻെറ സൎവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി ചെയ്ത ശ്രമങ്ങളും സമുദായോന്നമനത്തിനായി ത്യാഗബുദ്ധിയോടുകൂടി ചെയ്തുകൊണ്ടിരുന്ന ജോലികളും ആശാൻെറ ജനസമ്മതിയെ ശതഗുണം വൎദ്ധിപ്പിച്ചു. അതുവരെ അലസന്മാരായി കഴിഞ്ഞിരുന്ന ചിലൎക്ക് ഇതു് അസൂയയ്ക്കു് ഒരു കാരണമായിത്തീൎന്നു. ഒരു പാശ്ചാത്യതത്വജ്ഞാനിയായ ബേക്കൺ, അസൂയയ്ക്കുള്ള കാരണങ്ങളെ വിവരിക്കുന്നഘട്ടത്തിൽ, "സമനിലയിൽ കഴിഞ്ഞിരുന്ന ഒരാൾ പെട്ടെന്നു് ഉയൎന്നുവരുന്ന"തിനേയും ആ കൂട്ടത്തിൽ ഉൾപ്പെടുത്തിപ്പറയുന്നുണ്ട്. ആ സ്ഥിതിക്ക് ഇന്നലെവരെ ഒരു വെറും സാധാരണനായിരുന്ന കായിക്കര കുമാരു, പെട്ടെന്നു് ഒരു വലിയ സമുദായനേതാവും ഉൽകൃഷ്ട കവിയുമായ എൻ. കുമാരനാശാനായി പേരുപെററതു ചിലൎക്ക് അത്ര സഹിക്കാതെവന്നതിൽ വിസ്മയിപ്പാനില്ല. ഇങ്ങനെയുള്ള അവസരങ്ങളിൽ ശത്രുക്കളെ തോല്പിക്കാൻ സാധാരണക്കാർ സ്വീകരിക്കാറുള്ള അപവാദം എന്ന ആയുധംതന്നെയാണ് ആശാൻെറ ശത്രുക്കളും അംഗീകരിച്ചതു്. യോഗത്തിൻെറ സിക്രട്ടറി സ്ഥാനത്തുനിന്നു് അദ്ദേഹത്തെ പിരിച്ചയക്കാൻപോലും ചിലർ ശ്രമിക്കാതിരുന്നില്ല. ഈ ഘട്ട

ത്തിലാണ് 1093-ചിങ്ങത്തിൽ 45-ാമത്തെ വയസ്സിൽ ആശാൻ വിവാഹശൃംഖലയാൽ നിബദ്ധനായതു്. സ്വാമികളുടെ പ്രധാന ശിഷ്യനെന്നുള്ള നിലയിൽ 'ചിന്നസ്വാമി' എന്ന അപരനാമത്താൽ പരക്കെ അറിയപ്പെട്ടുവന്നിരുന്ന കുമാരനാശാൻ പെട്ടെന്നു പാണിഗ്രഹണംചെയ്തുവാർത്ത പലരേയും അത്ഭുതപരതന്ത്രരാക്കിത്തീർത്തു. ശത്രുക്കളുടെ അപവാദത്തിനു് ഈ സംഭവം ഒരു നല്ല വളമായിത്തീന്നു. എന്നാൽ ശ്രീനാരായണഗുരുസ്വാമികളോട്ടു് മുൻകൂട്ടി ചോദിച്ചു അനുവാദം വാങ്ങിയതിനുശേഷമാണു് ആശാൻ വിവാഹം ചെയ്തതെന്നുള്ള രഹസ്യം ഈ ഏഷണിക്കാക്കു മനസ്സിലായില്ല. ഇങ്ങനെ പലരും പലതരത്തിലുള്ള അപവാദങ്ങളൊക്കെ പറഞ്ഞുണ്ടാക്കീട്ടും "ദൈവം പരൻെറ നണകേടം കുകയില്ലെ"ന്നും, "ശിഷ്ടൻെറ ശിഷ്ടതയിൽ ദുഷ്ടനു് ദോഷബുദ്ധി" സാധാരണമാണെന്നും നല്ലപോലെ മനസ്സിലാക്കിയിരുന്ന ആശാൻ ശത്രുക്കളുടെ ഈവക കുചേഷ്ടിതങ്ങൾക്കൊന്നും ചെവികൊടുക്കാതെ തൻെറ മനസ്സാക്ഷിയെ തൃപ്തിപ്പെടുത്താൻ ശ്രമിച്ചുകൊണ്ടു കർത്തവ്യത്തെ അനുഷ്ഠിക്കയാണുണ്ടായതു്. എത്രയായാലും ആശാനും ഒരു മനുഷ്യൻ തന്നെയാണല്ലോ. മനുഷ്യസഹജമായ മനോദൗർബ്ബല്യം ഒടുവിൽ അദ്ദേഹത്തിനുമുണ്ടായി. ശത്രുക്കളുടെ അപവാദാസ്ത്രം ആശാൻെറ മനസ്സിനെ വല്ലാതെ വ്രണപ്പെടുത്തി. സ്വാമികൾക്കു തൻെറനേരെ അപ്പോഴുമുണ്ടായിരുന്ന അചഞ്ചലമായ വിശ്വാസം ഒന്നുമാത്രമാണു് ആശാൻെറ വ്രണിതമായ മനസ്സിനു് ഒരു വിരോപണൗഷധമായിത്തീന്നതു്. ഈവക സംഭവങ്ങളെ വിഷയീകരിച്ചുണ്ടാക്കപ്പെട്ട ഒരു ഖണ്ഡകവിതയാണു് 'ഗ്രാമവൃക്ഷത്തിലെ കുയിൽ'. ഈ രഹസ്യം പലക്കും അറിയുകയും ചെയ്യാം. ഇതു് 1094-ൽ പ്രസിദ്ധീകരിക്കപ്പെട്ടു.

അരുവിപ്പുറത്തെ ചെറിയ ക്ഷേത്രവും വാവൂട്ടുയോഗവും ശ്രീനാരായണഗുരുസ്വാമികളുമായി കഴിഞ്ഞുകൂടിയിരുന്ന കാ

ലത്തു്, അങ്ങോട്ടൊന്നു തിരിഞ്ഞുനോക്കാൻ ആൎക്കും സമയമുണ്ടായിരുന്നില്ല. ആശാന്റെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി അതു് ഈഴവസമുദായത്തിന്റെ തലസ്ഥാനവും ശ്രീനാരായണധൎമ്മപരിപാലനയോഗവുമെന്നനിലയിൽ ഉയൎന്നപ്പോൾ, അവകാശവും അധികാരവും പറയാൻ ആളുകൾ വളരെയുണ്ടായി എന്നു മാത്രമല്ല, അതു് ആ നിലയിലാക്കിത്തീൎത്ത ആളുകളെ കുററംപറയാനും ചില നാക്കുകൾ ധൈൎയ്യപ്പെട്ടു. ഈ സംഭവം മനസ്സിൽ വച്ചുകൊണ്ടു് കുയിലിൽനിന്നും താഴെ ഉദ്ധരിക്കുന്ന പദ്യങ്ങൾ സശ്രദ്ധം വായിച്ചുനോക്കുക. മാവിന്മേൽ ചിന്താവ്യഗ്രതയോടുകൂടിയിരിക്കുന്ന കുയിലിനോടു് 'ഒരു ദേവൻ' പറയുകയാണു്:—

9627

"അമ്മാമുനിക്കുടയൊരാശ്രമവൃക്ഷമെന്നാ-
യിമ്മാവിൽ നീ മമതയൂന്നിയനാൾതുടങ്ങി
സമ്മാന്യമായിതതു കേൾക്ക, സഖേ! പ്രസിദ്ധം;
ചുമ്മാപഴിപ്പു ഗുണിയെ ക്ഖലരീൎഷ്യയാലെ

വാവായനാൾ ജനമിടും ബലിപിണ്ഡമുണ്ടു
പോവാൻ മടിച്ചു ചില കാക്കകൾ ചെന്നുപററി
ദാവാഗ്നിയേററിടകരിഞ്ഞൊരു കുററിപോലി-
മ്മാവാദ്യമാൎന്ന നിലയിന്നു മറന്നുലോകം."

കാൎയ്യത്തിന്റെ ഉള്ളുകള്ളികൾ അറിയാവുന്നവൎക്കു്—അല്ലെങ്കിൽ ആലോചനാശീലന്മാൎക്കു്—ഈ പദ്യങ്ങളിൽനിന്നു് പല രഹസ്യങ്ങളും മനസ്സിലാക്കാൻ കഴിയും. ഈ വിഷയത്തേപ്പററി ഇവിടെ ഇതിലധികം വിസ്തരിക്കുന്നതു് അപ്രകൃതമായിപ്പോയേക്കും.

'കേരളപാണിനി' എന്ന അപരനാമത്താൽ സുപ്രസിദ്ധനായ ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ തിരുമ

നസ്സിലെ അകാലചരമത്തിൽ അനുശോചിച്ചുകൊണ്ടു് 'പ്രരോദനം' എന്നപേരിൽ ഒരു വിശിഷ്ട വിലാപകാവ്യം എഴുതിയതും ഇക്കൊല്ലത്തിൽ തന്നെയായിരുന്നു. ഐഹികജീവിതത്തിൻെറ ക്ഷണികതയേയും അല്പതയേയും അതിൽ ഹൃദയാകർഷകമാംവണ്ണം വർണ്ണിച്ചിട്ടുണ്ടു്. മലയാളത്തിൽ അതിനു മുൻപോ പിൻപോ താദൃശമായ ഒരു വിലാപകാവ്യം ഉണ്ടായിട്ടില്ല.

1095-ൽ ആശാൻ എസ്സ്. എൻ. ഡി. പി. യോഗത്തിൻെറ സെക്രട്ടറിസ്ഥാനം ഒഴിഞ്ഞു. അന്നും ചിലരൊക്കെ അതിനു വിസമ്മതിക്കയുണ്ടായി. സാമുദായികമായി ആശാൻ ചെയ്ത പ്രശംസനീയമായ ജോലിയെ യഥാർത്ഥ സമുദായസ്നേഹികൾ ഒരിക്കലും മറന്നില്ല; പിന്നീടു നടന്ന എസ്സ്. എൻ. ഡി. പി. യോഗത്തിൻെറ ഒരു വാർഷികയോഗത്തിൽ സർവ്വസമ്മതപ്രകാരം ആശാനെ അദ്ധ്യക്ഷനായി തിരഞ്ഞെടുക്കുകയുമുണ്ടായിട്ടുണ്ടു്. ഇതിൽനിന്നു മേൽകാണിച്ച അപവാദം ഏതാനും അസൂയാലുക്കളുടെ ദൂഷിച്ച മനസ്സിൽനിന്നു മാത്രം പുറപ്പെട്ടതാണെന്നും സമുദായത്തിലെ ഉത്തരവാദിത്വബോധമുള്ളവർക്കാർക്കും അതിൽ യാതൊരു പങ്കും ഉണ്ടായിരുന്നില്ലെന്നും തെളിയുന്നുണ്ടല്ലോ. സിക്രട്ടറിസ്ഥാനത്തുനിന്നു വേർപെട്ടാൽ സ്വന്തം അഭിപ്രായമനുസരിച്ചു് സമുദായാഭിവൃദ്ധിക്കുവേണ്ടി പലതും പ്രവർത്തിക്കാൻ കഴിയുമെന്നു കണ്ടതുകൊണ്ടും കൂടിയായിരിക്കാം, മററുള്ളവരുടെ നിർബ്ബന്ധത്തെ വകവയ്ക്കാതെ, ആശാൻ ആ സ്ഥാനം കൈവെടിഞ്ഞതു്. വിശേഷിച്ചു് ആരു സിക്രട്ടറിയായാലും ജോലി മുറയ്ക്കു നടത്തത്തക്കവണ്ണം യോഗകാര്യങ്ങളെല്ലാം അന്നു സുവ്യവസ്ഥിതമായ ഒരു നിലയെ പ്രാപിക്കയും ചെയ്തിരുന്നു.

സിക്രട്ടറിസ്ഥാനം ഒഴിഞ്ഞ കൊല്ലത്തിൽതന്നെ, അതായതു് 1095-ൽ ആശാൻ ചിന്താവിഷ്ടയായ സീത പ്രസി

ഢീകരിച്ചു. പ്രസ്തുത കൃതിയിൽ എന്തെല്ലാം തത്വരത്നങ്ങളാണു അടക്കീട്ടുള്ളതെന്നു് ഇവിടെ വിവരിക്കുക പ്രയാസം. പുരാണപ്രതിപാദിതയായ സീതയേക്കാൾ ആശാന്റെ സീത ഒരുപടി താണനിലയിലായിപ്പോയി എന്നുള്ളതിനെപ്പററി ഒരാക്ഷേപം ചിലർ പറയുന്നുണ്ടു്. പ്രായോഗികമല്ലാത്ത ഒരാദർശത്തേ മുൻനിർത്തി കഥാപാത്രങ്ങളെ സൃഷ്ടിച്ചു് വായനക്കാരിൽ അവിശ്വാസബീജാവാപം ചെയ്യുന്ന വിഷയത്തിൽ ആശാൻ എതിരഭിപ്രായക്കാരനായിരുന്നു. എന്നുമാത്രമല്ല, കടുത്ത വൈരാഗ്യത്തിൽനിന്നു് പൊട്ടിപ്പുറപ്പെട്ട മുൻകോപം ഒട്ടു ശമിച്ചപ്പോൾ ആശാന്റെ സീതയും പൗരാണികസീതയേപ്പോലെ ഭർത്തൃകൃത്യത്തെ സാധൂകരിക്കുന്നുമുണ്ടു്.

"അതുകൊണ്ടായില്ല. ആദ്യം സീത ശ്രീരാമനെ കുററപ്പെടുത്തുന്നില്ലേ? അതു പാതിവ്രത്യത്തിനു യോജിച്ചതാണോ?" എന്നു ചിലർ ചോദിച്ചേക്കാം. സീതയും ഒരു മനുഷ്യസ്ത്രീയാണെന്നു നാം ഓർക്കണം. മനുഷ്യസഹജങ്ങളായ കോപതാപാദികൾ സീതയ്ക്കുമുണ്ടാകാതിരിക്കയില്ല. ശ്രീരാമൻതന്നെ, മാതൃകാപുരുഷന്മാർക്കു യോജിക്കാത്തവിധം സ്ത്രീവധംചെയ്തിട്ടില്ലേ? ബാലിയെ കൊന്നതു പുരുഷോചിതമായ വിധത്തിലാണോ? ഈ സ്ഥിതിക്കു മുൻകോപംകൊണ്ടു് നിരപരാധിനിയായ തന്നെ വാസ്തവമെല്ലാമറിയാവുന്ന ഭർത്താവ് ഉപേക്ഷിച്ചുകളഞ്ഞതല്ലോ എന്നോർത്തപ്പോഴുണ്ടായ വിരക്തികൊണ്ടു് സീത ആദ്യം വല്ലതും പറഞ്ഞുപോയെങ്കിൽ അതിലൊട്ടും അസംഭാവ്യതയില്ല; എന്നുമാത്രമല്ല, അങ്ങനെ പറയാതിരുന്നതായി വർണ്ണിച്ചിട്ടുള്ള പുരാണങ്ങളാണു് സംഭാവ്യതയ്ക്കു യോജിക്കാതിരിക്കുന്നതു്. സീതയുടെ ചിന്താസരണി കവിയുടെ പ്രതിഭാവിലാസത്തിനു് ഉത്തമസാക്ഷ്യം വഹിക്കുന്നു.

ആശാന്റെ കീർത്തി ഇതിനിടയ്ക്കു കേരളത്തിൽ മാത്രമല്ല, ഭാരതത്തിൽ മുഴുവൻ വ്യാപിച്ചുകഴിഞ്ഞിരുന്നു. അതു

നമ്മുടെ ബ്രിട്ടീഷുചക്രവർത്തിതിരുമനസ്സിലെ കണ്ണുപുടങ്ങളേയും കുളുർപ്പിച്ചു. പ്രതികൂലങ്ങളായ പരിതഃസ്ഥിതികളോടു പൊരുതു്, ഒരവശസമുദായാംഗം മററുള്ളവക്കു് അസൂയാജനകമായ വിധം ദിഗന്തവിശ്രാന്തകീർത്തിമാനായിത്തീന്ന വിചിത്രവാർത്ത ആ തിരുമേനിയെ വല്ലാതെ വിസ്മയിപ്പിച്ചു. ഇതിൻെറ ഫലമായി 1097-ൽ മദ്രാസ് സവ്കലാശാലാ യോഗത്തിൽവച്ചു വെയിൽസുരാജകുമാരൻെറ തൃക്കൈകളിൽനിന്നു നേരിട്ടു പട്ടുംവളയും വാങ്ങിക്കാനുള്ള മഹാഭാഗ്യം കുമാരനാശാനുണ്ടായി. അക്കൊല്ലം പ്രസ്തുത സമ്മാനത്തിനു വള്ളത്തോളും അഹ്നായിത്തീന്നിരുന്നു. അതിനു മുൻപോ പിൻപോ ഇങ്ങനെ ഒരു രാജസമ്മാനം കേരളത്തിൽ ഒരു കവിക്കും കിട്ടുകയുണ്ടായിട്ടില്ലെന്നുള്ളതു പ്രത്യേകം സ്മരണീയമാണു്.

ആശാൻ പല ആവശ്യങ്ങൾക്കായി പലപ്പോഴും എഴുതിയിരുന്ന ചില നല്ല ചെറുകൃതികൾ കൂട്ടിച്ചേർത്തു് 'പുഷ്പവാടി' എന്ന പേരിൽ ഒരു ചെറിയ പുസ്തകം പ്രസിദ്ധീകരിച്ചതു് ഇതേകൊല്ലത്തിലായിരുന്നു. അത്യാസക്തിയോടുകൂടി മധുപാനസമുൽസുകനായി തെണ്ടിനടക്കുന്ന ഒരു തേനീച്ചയുടെ ചിത്രം പുറംകടലാസിൽ കാണിച്ചുകൊണ്ടു പുറപ്പെട്ട പുഷ്പവാടിയുടെ ആദ്യത്തെ പതിപ്പു് വളരെ അത്ഥവത്തും മനോഹരവുമായിരുന്നു.

1098 ചിങ്ങത്തിൽ 'ദുരവസ്ഥ' പ്രസിദ്ധീകരിക്കപ്പെട്ടു. മലബാറിലെ മാപ്പിളലഹളയെ അനുസ്മരിച്ചു ജാതിഭേദത്തിൻെറ നിരത്ഥകതയെ തെളിയിക്കാനായി എഴുതപ്പെട്ട പ്രസ്തുത കൃതിയെ സംബന്ധിച്ചു് ആയിടയിൽ ചില മുസ്ലീം സഹോദരങ്ങൾ ബഹളംകൂട്ടിയതും ആശാൻ അതിനു ശരിയായ സമാധാനം പറഞ്ഞതും പ്രസിദ്ധമാണു്. ദുരവസ്ഥ രചിക്കുന്നതിൽ കവിയുടെ ഉദ്ദേശ്യം എന്തായിരുന്നുവെന്നു്

അതിൻെറ മുഖവുരയിൽനിന്നുതന്നെ വെളിപ്പെടുന്നുണ്ടു്. "ആപത്തിനേക്കാൾ വലിയ അദ്ധ്യാപകൻ ഇല്ലെന്നുള്ളതു ചരിത്രവും മതവും ഒരുപോലെ സമ്മതിക്കുന്ന വസ്തുതയാകുന്നു. ലഹളയുടെ വായിൽനിന്നു, അതിൻെറ നാവിൻെറ പരുപരുപ്പും വീരപ്പല്ലിൻെറ മൂർച്ചയും നല്ലവണ്ണം അറിഞ്ഞു ഇപ്പോൾ വിശകലിതമായി വെളിയിൽ വമിക്കപ്പെട്ടിരിക്കുന്ന ഹിന്ദുസമുദായം പുരാതനമായ ഒരു നാഗരികതയുടെ പ്രാതിനിദ്ധ്യം വഹിക്കുന്ന ഒന്നാണെന്നുള്ളതു ശരിതന്നെ. എന്നാൽ, നവീനാദർശം അനുസരിച്ചു നോക്കിയാൽ ഈ സമുദായം ഇന്നും ശൈശവാവസ്ഥയിൽ ഇരിക്കയാണെന്നുള്ളതും സമ്മതിച്ചേ തീരൂ. ശൈശവത്തിൽ പഠിക്കുന്ന പാഠങ്ങൾ വേഗം മറന്നുപോകും എന്നുള്ള ഒരു ദോഷമുണ്ടു്. എന്നാൽ ഉരുക്കഴിച്ചു പഠിച്ചാൽ ആജീവനാന്തം നിലനില്ക്കുമെന്നുള്ള ഒരു ഗുണവുമുണ്ടു്. ഈ മഹാവിപത്തിൻെറയും ഇതു പഠിപ്പിച്ച പാഠങ്ങളിൽ ചിലതിൻേറയും ഓർമ്മയെ സമുദായത്തിൻെറ പുനസ്സംഘടനയ്ക്കു പ്രേരകമാകത്തക്കവണ്ണം നിലനിർത്തണമെന്നുള്ളതാണു ദുരവസ്ഥ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുന്ന ഈ കൃതിയുടെ വിനീതമായ ഉദ്ദേശ്യം" എന്നാണു് ആശാൻ പറയുന്നതു്.

ദുരവസ്ഥ എഴുതിത്തീർന്നതു് 1098 ചിങ്ങം 14-ാംനു-ആയിരുന്നു. അധികം താമസിയാതെ കവി ചണ്ഡാലഭിക്ഷുകി എഴുതിത്തുടങ്ങിയിരിക്കണം. എന്തുകൊണ്ടെന്നാൽ അതു് 1098 വൃശ്ചികം 18-ാംനു- എഴുതിത്തീർന്നതായിക്കാണുന്നു. ബുദ്ധമതസംബന്ധമായ ഒരു പ്രാസംഗിക വൃത്താന്തശകലമാണു് ഇതിലെ കഥാവസ്തു. ജാതിഭേദത്തിൻെറ യുക്തിഹീനതയെ തെളിയിക്കാൻവേണ്ടിതന്നെയാണു് പ്രസ്തുത കൃതിയും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

ജാതിഭേദത്തെ ദൂഷിക്കയും ബുദ്ധമതസംബന്ധമായ ഇതിവൃത്തം സ്വീകരിച്ചു് രണ്ടു മൂന്നു പുസ്തകങ്ങൾ എഴുതുകയും ചെയ്തുകാണുന്നതുകൊണ്ടു് ആശാൻ മതപരിവർത്തനത്തിനു് അനുകൂലിയായിരുന്നു എന്നു ചിലർ വ്യാഖ്യാനിക്കുന്നുണ്ടു്. അതു ശരിയല്ല. ഈഴവർ ഹിന്ദുമതത്തിൽതന്നെ നിന്നുകൊണ്ടു സമത്വവും സ്വാതന്ത്ര്യവും സമ്പാദിക്കണമെന്നായിരുന്നു ആശാൻെറ അഭിപ്രായം. അതു നിശ്ചയമായിട്ടും സാധിക്കുമെന്നു് അദ്ദേഹത്തിനു് നല്ല വിശ്വാസവുമുണ്ടായിരുന്നു. അഹിംസ, സഹോദരത്വം മുതലായ ബുദ്ധമതതത്വങ്ങളെ അദ്ദേഹം വളരെ ബഹുമാനിച്ചിരുന്നുവെന്നുള്ളതു് തീർച്ചതന്നെ. ഹൃദയത്തെ എളുപ്പത്തിൽ ദ്രവിപ്പിക്കാൻ ശക്തിയുള്ള കരുണരസത്തിനു പ്രാധാന്യം കല്പിക്കുന്ന ബുദ്ധമതത്തിലെ ഇതിവൃത്തശകലങ്ങൾ കവിതയ്ക്കു വിഷയമായി സ്വീകരിക്കുന്നപക്ഷം, വായനക്കാരെ എളുപ്പത്തിൽ ആകർഷിക്കാൻ കഴിയുമെന്നുള്ള പരമരഹസ്യവും കവിധർമ്മമർമ്മജ്ഞനായ കുമാരനാശാൻ നേരത്തേക്കൂട്ടി കണ്ടിരിക്കണം. അദ്ദേഹത്തിൻെറ ഒടുവിലത്തെ രണ്ടു കൃതികളും ബുദ്ധമതപരങ്ങളായിത്തീർന്നതു് ഈവക കാരണങ്ങളാലായിരിക്കാം.

ആശാൻെറ ഒടുവിലത്തെ കവിത 'കരുണ'യാണു്. ആ ഖണ്ഡകൃതി സഹൃദയലോകത്തെ എത്രമാത്രം ആകർഷിച്ചിട്ടുണ്ടെന്നുള്ളതു് വാചാമഗോചരമത്രെ. വാസവദത്തയുടെ ഇരിപ്പു്, ശ്മശാനത്തിൻെറ കിടപ്പു് മുതലായ പല മനോഹരചിത്രങ്ങളും ആശാൻ അതിൽ വരച്ചുവച്ചിട്ടുണ്ടു്. കരുണയ്ക്കു് ആശാൻെറ മറെറല്ലാ കവിതകളെക്കാളും അവാച്യമായ ഒരു മെച്ചമുണ്ടെന്നുള്ളതു് നിർവ്വിവാദമാണു്. അത്രമാത്രം ഹൃദയസ്പൃക്കായിട്ടുണ്ടു് ആ കവിത. ഇതിലെ ഇതിവൃത്തവും ബുദ്ധമതസംബന്ധിയായ ഒരു കഥാഭാഗംതന്നെ. ആശാൻെറ അക്ഷയമായ തത്വചിന്താനിധി ഇതിൽ അധികം പ്രതിഫലിച്ചുകാണുന്നു.

"സ്നേഹമാമഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം."

എന്നു നളിനിയിലും,

പുരുഷന്നു പുമർത്ഥഹേതു നീ
തരുണിക്കു തരുണീഗുണങ്ങൾ നീ
നിരൂപിക്കുകിൽ നീ ചമപ്പു ഹാ!
മരുഭൂ മോഹനപുഷ്പവാടിയായ്.

എന്നു സീതയിലും,

സ്നേഹത്തിൽനിന്നുദിക്കുന്നു—ലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു,
സ്നേഹംതാൻ ശക്തിജഗത്തിൽ—സ്വയം
സ്നേഹംതാനാനന്ദമാക്കും
സ്നേഹംതാൻ ജീവിതംശ്രീമൻ—സ്നേഹ
വ്യാഹതിതന്നെ മരണം
സ്നേഹം നരകത്തിൻദ്വീപിൽ—സ്വർഗ്ഗ
ഗേഹം പണിയുംപടുത്വം

എന്നു ചണ്ഡാലഭിക്ഷുകിയിലും സ്നേഹത്തിന്റെ മാഹാത്മ്യത്തെ കവി ഹൃദയംഗമമായി വർണ്ണിച്ചിട്ടുണ്ടു്. എന്നുവേണ്ട, സ്നേഹത്തെ ഏതെങ്കിലും വിധത്തിൽ പരാമർശിക്കാത്ത ഒരു കവിതയും ആശാനെഴുതീട്ടുണ്ടെന്നു തോന്നുന്നില്ല. ഇതുനിമിത്തം "സ്നേഹഗായകൻ" എന്നുള്ള ഒരു പേരു് അദ്ദേഹത്തിനു സിദ്ധിച്ചിട്ടുമുണ്ടു്.

ആശാൻ ഒന്നാംതരം ഒരാസ്തികനായിരുന്നു. അദ്ദേഹത്തിന്റെ ഈശ്വരവിശ്വാസം അചഞ്ചലവും ഹൃദയപൂർവ്വമായിരുന്നു. മതത്തെ കൈക്കിപ്പിഴിഞ്ഞു സത്തെടുക്കാൻ

അദ്ദേഹം ശ്രമിച്ചിരുന്നില്ല. മതവിശ്വാസം അപരിഹരണീയമാണെന്നും മതത്തിലാണ് രക്ഷയിരിക്കുന്നതെന്നും ആശാൻ തുറന്നുപറഞ്ഞിട്ടുണ്ട്. അതേ അവസരത്തിൽ വൈദികരുടെ അന്ധവിശ്വാസങ്ങളേയും അനാചാരപരമ്പരകളേയും അദ്ദേഹം കഠിനമായി വെറുക്കുകയും ചെയ്തിരുന്നു. മനുഷ്യസമുദായത്തിന്റെ രക്ഷയ്ക്ക് ഏകാവലംബമായ മതത്തിൽ അന്ധവിശ്വാസങ്ങളോ അനാചാരങ്ങളോ കടന്നുകൂടിയിട്ടുണ്ടെങ്കിൽ, അവയെ തട്ടിനീക്കി മതത്തെ സംരക്ഷിക്കയല്ലാതെ, മതംതന്നെ വേണ്ടെന്നുവെയ്ക്കുന്നത് ഒരിക്കലും ശരിയല്ലെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഉള്ളിയുടെ തൊണ്ടുകളയുന്നതുപോലെ, മതത്തെ അപഗ്രഥിച്ച് അതിനുള്ളിൽ ഒന്നുമില്ലെന്നു തെളിയിക്കാനാണല്ലോ ചിലർ ശ്രമിക്കുന്നത്. ഇതു വഴിപിഴച്ച ഒരു പ്രസ്ഥാനമാണെന്ന് കുമാരനാശാൻ സോദാഹരണം പറഞ്ഞിട്ടുണ്ട്.

"നിത്യം ജ്വലിപ്പൊരു പരാക്കനെ നേർത്തുനോക്കി-
ക്കത്തിപ്പൊടിഞ്ഞ മിഴിയിൽ പ്രഭതന്നെ കാണാ
അത്യന്തകോമളതയാന്ന മതപ്രസൂനം
കുത്തിച്ചതയ്ക്കിൽ മണമോ മധുവോ ലഭിക്കാ"

മതം, സുരഭിലവും മനോജ്ഞവുമായ ഒരു പുഷ്പംപോലെയാണ്. നാം സൂക്ഷിച്ചു പെരുമാറിയാൽ നമ്മുടെ സകലജീവിതക്ലേശങ്ങളേയും പരിഹരിക്കത്തക്ക ഒരാനന്ദനിർവൃതി അതു നമുക്കു നല്കുന്നു. അതീവവിശിഷ്ടമായ മധുവും നമുക്കു ലഭിക്കുന്നു. നേരേമറിച്ച് ആ പുഷ്പം എന്താണെന്നും എങ്ങിനെയുള്ളതാണെന്നും അറിയാൻവേണ്ടി അതിനെ ശാസ്ത്രീയമായി അപഗ്രഥിക്കയോ കുത്തിച്ചതയ്ക്കയോ ചെയ്യുകയാണെങ്കിൽ മണമാകട്ടേ, മധുവാകട്ടേ അതിൽനിന്നു നമുക്കു ലഭിക്കുന്നില്ല. ഇതുതന്നെയാണ് മതത്തിന്റെയും സ്ഥിതി.

ആശാൻെറ മതവിശ്വാസത്തെ തെളിയിക്കാൻ ഇതിലധികം തെളിവു വേണമെന്നുതോന്നുന്നില്ല.

ആശാനു് സാഹിത്യവുമായുള്ള ബന്ധത്തേപ്പററി മാത്രമേ, ഇവിടെ കാൎയ്യമായി പ്രതിപാദിച്ചിട്ടുള്ളൂ. എസ്. എൻ. ഡി. പി. യോഗത്തിൻെറ സെക്രട്ടറി ആയിരുന്നപ്പൊഴും അതിനു ശേഷവും അദ്ദേഹം സാമുദായികമായി പലതും പ്രവൎത്തിച്ചിട്ടുണ്ടു്. പ്രജാസഭയ്ക്കു കൊല്ലംതോറും ഒരു പ്രതിനിധിയെ അയക്കുന്നതിനു് അന്നു യോഗത്തിനു് അധികാരമുണ്ടായിരുന്നു. മിക്കപ്പോഴും പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടുവന്നതു കുമാരനാശാൻതന്നെയാണു്. സംസ്ഥാനത്തെ എല്ലാ പാഠശാലകളിലും സൎക്കാർസൎവീസിലും ഈഴവൎക്കു പ്രവേശനം ലഭിക്കണമെന്നുള്ളതായിരിക്കും ആശാൻെറ പ്രധാനമായ നിവേദനവിഷയം. "ഉയൎന്നഹിന്ദുക്കൾ ക്ഷോഭിക്കും; മാമൂലിനു വിപരീതമാണു്" എന്നൊക്കെയുള്ള മുടന്തൻ സമാധാനങ്ങളാണു് ആദ്യകാലത്തു ലഭിച്ചിരുന്നതെങ്കിലും, നിരന്തരമായി ആശാൻ ചെയ്തുകൊണ്ടിരുന്ന നിവേദനത്തിൻെറ ഫലം കാലതാമസംകൂടാതെ കണ്ടുതുടങ്ങി. അതുവരെ പ്രവേശനമില്ലാതിരുന്ന പല സ്കൂളുകളിലും ഈഴവൎക്കു പ്രവേശനം ലഭിച്ചു; ചില ഡിപ്പാർട്ടുമെൻറുകളിലൊക്കെ ആശാൻെറ ജാതിക്കാൎക്കു് ഉദ്യോഗം കിട്ടിത്തുടങ്ങി; പെൺപള്ളിക്കൂടങ്ങളിൽ ഈഴവബാലികമാരെ പ്രവേശിപ്പിക്കാമെന്നായി; ചുരുക്കിപ്പറഞ്ഞാൽ, പ്രജാസഭയിലെ ആശാൻെറ നിവേദനങ്ങൾനിമിത്തം പല കാൎയ്യങ്ങളിലും ഈഴവൎക്കു സമത്വം സിദ്ധിച്ചു. ഇന്നത്തെ നിലയ്ക്കു് ഇതൊക്കെ അത്ര വലിയ കാൎയ്യങ്ങളല്ലെന്നു നമുക്കു തോന്നിയേക്കാം. എന്നാൽ, ഗവൎമ്മെൻറുവക യാതൊരു പള്ളിക്കൂടത്തിലും ഈഴവപ്പെൺകുട്ടികളെ അടുപ്പിക്കപോലും ചെയ്യാതിരുന്ന ആ കാലത്തെ സ്ഥിതിക്കു്, ഇത്രയെല്ലാം സാധിച്ചതുതന്നെ ഒരു വലിയ കാൎയ്യമാണെന്നുള്ളതിനു സംശയമില്ല.

സമുദായപ്രതിനിധിയായി ആശാൻ ഒടുവിൽ നിയമസഭയിലും പ്രവേശിച്ചു. അവിടെവച്ചു സാമുദായികമായും രാഷ്ട്രീയമായും അദ്ദേഹം പലതും സാധിച്ചിട്ടുണ്ടു്. സംഹാരപരമായ പ്രസ്ഥാനത്തിലല്ല, സൃഷ്ടിപരമായ കാര്യപരിപാടിയിലായിരുന്നു ആശാൻ വിശ്വസിച്ചിരുന്നതു്. കണ്ണുമടച്ചു ഗവമ്മെൻറുപക്ഷത്തേക്കു കൈപൊക്കുന്നതിനോ, ജനകീയകക്ഷി എന്നുപറഞ്ഞു തൊട്ടതിനും പിടിച്ചതിനുമൊക്കെ ഗവമ്മെൻറിനെ കുററം പറയുന്നതിനോ ആശാൻ തയ്യാറായിരുന്നില്ല. നിയമസഭാസെക്രട്ടറിസ്ഥാനവുംകൂടി വഹിച്ചിട്ടുള്ള ഉള്ളൂർ, ആശാനെപ്പററി ഒരിടത്തു് ഇങ്ങനെ പറഞ്ഞിരിക്കുന്നു. "നിയമസഭ, പ്രജാസഭ മുതലായ രാഷ്ട്രീയ സംസത്തുകളിൽ അദ്ദേഹത്തിൻെറ വാദം സ്വരത്തിൽ മിതവും കാര്യത്തിൽ ശീതവുമായിരുന്നുവെന്നുള്ളതു് അറിവുള്ളവക്കു് അറിയാം." ആശാൻെറ സ്വഭാവഗുണത്തിലും, സമുദായാഭിമാനത്തിലും, ഉത്സാഹശീലത്തിലും ദിവാൻ രാജഗോപാലാചാരിക്കു് വലിയ മതിപ്പായിരുന്നു. ഇവിടത്തെ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞുപോയതിനുശേഷവും അദ്ദേഹം ആശാനുമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരുന്നതായി കാണുന്നുണ്ടു്.

ഇങ്ങനെ സമുദായത്തിനും സാഹിത്യത്തിനും ഒരുപോലെ അഭിമാനജനകമായവിധം മാതൃകാഭൂതമായ നിലയിൽ ജീവിതം നയിച്ചിരുന്ന മഹാകവി കുമാരനാശാൻ 1099-മകരം 3-ാംതീയതി തൃക്കുന്നപ്പുഴയ്ക്കു് അല്പം വടക്കുള്ള പല്ലനയാററിൽവച്ചുണ്ടായ കുപ്രസിദ്ധമായ 'റഡീമർബോട്ടപകട'ത്തിൽപെട്ടു് സുധാകരനെന്നും പ്രഭാകരനെന്നും പേരുള്ള രണ്ടു് ഓമനക്കുഞ്ഞുങ്ങളേയും ഭാനുമതി എന്ന തൻെറ പ്രിയതമയേയും അനന്തമായ സന്താപസമുദ്രത്തിൽ തള്ളിവിട്ടുംകൊണ്ടു്, സഹൃദയരായ കേരളീയരെ എന്നെന്നേക്കും കരയിക്കുമാറു്, കാലയവനികയ്ക്കുള്ളിൽ തിരോധാനംചെയ്തു.

"സാധിച്ചു വേഗമഥവാ നിജ ജന്മകൃത്യം
സാധിഷ്ഠർ പോട്ടു്, ഇഹ സദാ നിശി പാന്ഥപാദം
ബാധിച്ച രൂക്ഷശില വാഴ്‌വതിൽനിന്നു, മേഘ-
ജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലി കാമ്യം."

## പ രി ശി ഷ്ടം .

മി. മൂക്കോത്തുകുമാരൻ ഒരിടത്തു് ഇങ്ങിനെ പറയുന്നു:-

ആശാനെപ്പററി ഒരു കഥയുണ്ടു്. തിരുവനന്തപുരത്തിനു വടക്കുള്ള കുളത്തൂരിൽ കോലത്തുകര എന്ന ഒരു ഭഗവതിക്ഷേത്രമുണ്ടായിരുന്നതു നാരായണഗുരുസ്വാമികൾ പൊളിച്ചു നീക്കം ചെയ്തു് അവിടെ ഒരു ശിവക്ഷേത്രം സ്ഥാപിച്ചിരുന്നു. അവിടെവച്ചു സ്വാമികൾ,

കോലത്തുകരക്കുടികൊണ്ടരുളും
ബാലപ്പിറ ചൂടിയ വാരിധിയെ,

എന്നു് ഒരു ശ്ലോകാദ്ധം ചൊല്ലി; അന്നു ബാലനായിരുന്ന ആശാൻ ഉടനെ അതിനെ,

കാലൻ കനിവററു കുറിച്ചുവിട്ടു-
ന്നോലപ്പടി എന്നെയയയ്ക്കരുതെ

എന്നു പൂരിപ്പിച്ചു.

സമ്പാദകൻ.

# വീണപൂവ്.

സി. എസ്. സുബ്രഹ്മണ്യൻ പോററി എം. എ.

## I

"ഈ പദ്യങ്ങൾ ഒരിക്കൽ മിതവാദിയിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതുകൊണ്ടു് പഴകിപ്പോയ ഇവയെ ഭാഷാപോഷിണി സ്വീകരിക്കുമോ" എന്നായിരുന്നു ഈ വിശിഷ്ടഖണ്ഡകാവ്യം ഭാഷാപോഷിണിയിൽ ചേർക്കാൻ അനുവാദം തരുമോ എന്നു് എഴുതിച്ചോദിച്ചതിൽ ഇതിന്റെ കർത്താവായ എന്റെ സ്നേഹിതൻ എനിക്കയച്ചുതന്ന മറുപടി. കവിത "പ്രാസ"മാണെന്നോ, ഒരർത്ഥവും ഇല്ലെങ്കിലും തല കീഴായി വായിക്കാവുന്ന "പദ്യങ്ങളാ"ണെന്നോ, ഒരുനിമിഷത്തിനുള്ളിൽ എഴുതുന്ന പത്തോ ആയിരമോ പദ്യങ്ങളടങ്ങിയ ഒരു പുസ്തകമാണെന്നോ "കാട്ടാനയും കട്ടിലുമൊന്നുപോലെ" എന്നും "ആണും പെണ്ണും നപുംസകവുമൊന്നുതന്നെ" എന്നും മററും സാധിക്കുന്ന ശ്ലേഷമടങ്ങിയ ശ്ലോകങ്ങളാണെന്നോ ഒക്കെ സാമാന്യക്കാർ കൂടി വാദിച്ചു് സ്വകൃതികളാൽ ദൃഷ്ടാന്തപ്പെടുത്തി സഹൃദയന്മാരുടെ ഹൃദയത്തേയും പത്രപംക്തികളേയും പുണ്ണാക്കുവാൻ തുടങ്ങിയിരിക്കുന്ന അവസരത്തിൽ സാക്ഷാൽ കവിത വളരെ ഉത്സാഹത്തോടുകൂടി നർത്തനംചെയ്യുന്ന ഈ ഖണ്ഡകാവ്യത്തെ ഭാഷാപോഷിണിയിൽ ചേർക്കണമെന്നു് എനിക്കു് ആഗ്രഹം തോന്നുന്നതിനും അതിനു് അനുവാദത്തിനായി കവിയോടു യാചിച്ചതിനും ഒരു സമാധാനം പറയേണ്ട ആവശ്യമില്ല. നവീനങ്ങളും അതിമനോഹരങ്ങളുമായ അനവധി ആശയങ്ങൾ ഈ കാവ്യത്തിലുള്ളതിനെ അനുഭവരസികന്മാർ തനിയെ ആസ്വദിച്ചു് രസിച്ചുകൊള്ളട്ടെ! ഈ പദ്യങ്ങൾ എത്രതവണ വായിച്ചാലും അതൃ

പ്പീവരികയോ അവയ്ക്കു പഴക്കം തട്ടുകയോ ചെയ്യുന്നതല്ല. അങ്ങനെ വല്ലവക്കും തോന്നുകയാണെങ്കിൽ മയൂരസന്ദേശത്തെക്കുറിച്ച് വിദ്യാവിനോദിനി പറഞ്ഞപോലെ, അവരോട്ട് എനിക്ക് അസൂയ ഇല്ല. ഉത്തമോത്തമമായ ഈ കാവ്യത്തിൻെറ യോഗ്യത അതുതന്നെ പറഞ്ഞുകൊള്ളും. "പദങ്ങളിൽ" വല്ല ചേച്ചക്കുറവോ മറേറാ ഉണ്ടെങ്കിൽ, അകമേ നിറഞ്ഞു് ഒഴുകുന്ന തേൻ കുടിക്കുന്നതിൽ അത്യാസക്തിയോടുകൂടിയ ഹൃദയം അതിലേക്കു തിരിഞ്ഞുനോക്കുകയേ ഇല്ല. ശരച്ചന്ദ്രികയിൽ ലീനമായ ചിത്തം ചന്ദ്രൻെറ കളങ്കത്തെക്കുറിച്ചു ചിന്തിക്കുമോ?

## II

വീണപൂവ് ഞാൻ മിതവാദിയിൽനിന്ന് പകത്തി ഭാഷാപോഷിണിയിൽ പ്രസിദ്ധപ്പെടുത്തി, എന്നാണു് 1097-ൽ തിരുവനന്തപുരം അനന്തരാമവമ്മപ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ള 'രണ്ടു ഖണ്ഡകൃതികൾ' എന്ന പുസ്തകത്തിൻെറ മുഖവുരയിൽ ഗ്രന്ഥകത്താവു എഴുതിക്കാണുന്നതു്. എൻെറ ഓമ്മ അനുസരിച്ച് ഇതിൽ അല്പം പിശകു പററിയിട്ടുണ്ടെന്നു തോന്നുന്നു.

തിരുവനന്തപുരത്തു കുന്നുകുഴിയിൽ ഊരുമഠം ബംഗ്ലാവിൽ ഞാൻ പാത്തിരുന്ന കാലത്തു് ശ്രീമാൻ മാധവൻ വൈദ്യരിൽ നിന്നായിരുന്നു വൈദ്യസഹായങ്ങൾ ലഭിച്ചിരുന്നതു്. ആശാൻെറ താമസം അന്നു് അദ്ദേഹത്തോടു് ഒരുമിച്ചായിരുന്നു. അതിനുമുൻപുതന്നെ ഞങ്ങൾ അടുത്തസ്നേഹിതന്മാരായി കഴിഞ്ഞിരുന്നു. അക്കാലത്തു സായംകാലങ്ങളിൽ പലപ്പോഴും ഞങ്ങൾ കാഴ്ച്ചബംഗ്ലാവു് തോട്ടത്തിൽ വിശ്രമിച്ചിരുന്നു. ഞാൻ ആശാൻ താമസിക്കുന്നിടത്തുചെന്നു് അവിടെനിന്നുമോ, അദ്ദേഹം ഞാൻ പാക്കുന്നിടത്തുവന്നു്അ

വിടെനിന്നമോ, ഒരുമിച്ച സവാരിപോകയും മടക്കത്തിൽ മിക്കവാറും എൻെറ ഗൃഹത്തിൽവന്നു ഞാൻ സ്വയം ഉണ്ടാക്കുന്ന ചായ കഴിച്ചു തമ്മിൽ പിരിയുകയും ചെയ്തിരുന്നു. ഞങ്ങളുടെ സംഭാഷണം അധികവും സാഹിത്യവിഷയകമായിരുന്നു എന്നു പറയേണ്ടതല്ലോ. ജാതിസംബന്ധിച്ചുള്ള പഴയ ആചാരങ്ങളിൽ പലതിലും നിഷ്കൃഷ എന്നെ സംബന്ധിച്ചിടത്തോളം അക്കാലങ്ങളിൽതന്നെ വളരെ അയഞ്ഞിരുന്നതുകൊണ്ടും സാഹിത്യകാര്യങ്ങളിൽ ഞങ്ങളുടെ അഭിപ്രായഗതികൾ സാമാന്യമായി യോജിച്ചുപോയിരുന്നതുകൊണ്ടും ഞങ്ങളുടെ പരസ്പരബന്ധവും സഹവാസവും രണ്ടാൾക്കും ഹൃദ്യവും ആസ്വാദ്യവും ആയിരുന്നു. ബാഹ്യവും ആഭ്യന്തരവുമായ വൃത്തിയും പെരുമാററങ്ങളുംകൊണ്ടും ജ്ഞാനവിജ്ഞാനങ്ങളാലും അഭിജാതത്വത്തിൽ അന്യൂനത വഹിച്ചിരുന്ന എൻെറ സ്നേഹിതനേ, കേരളത്തിൽ ആദരിച്ചുപോന്ന പലേആചാരങ്ങളും, തന്നെയും തന്നെപ്പോലെ ഉള്ളവരെസംബന്ധിച്ചും കേവലം ജനനംമൂലമുണ്ടായ ജാതിത്വംകൊണ്ട് അനാദരണീയങ്ങളല്ലാതെ കണ്ടതിനാലുണ്ടായ ന്യായമായ അഭിമാനഭംഗം വല്ലാതെ ക്ലേശിപ്പിച്ചിരുന്നു എന്ന് ഊഹിക്കാൻ എനിക്കു സംഗതി ആയിട്ടുണ്ട്. അദ്ദേഹത്തിൻെറ കാവ്യങ്ങളിൽ പലതിലും തജ്ജന്യമായ വെറുപ്പിൻേറയും അമർഷത്തിൻേറയും മുഴക്കം എനിക്ക് അനുഭവമാകുന്നു. എന്നാൽ തൻെറ സ്വന്തം നടപടികളാൽ മററുള്ളവരുടെ മനസ്സമാധാനത്തെ ആശാൻ ഒരിക്കലും, ഞാൻ അറിയുന്നിടത്തോളം, ഭഞ്ജിച്ചിരുന്നില്ല. മററു ചിലരുടെ ഹൃദയങ്ങൾക്കു വേദന ഉണ്ടാകാതിരിക്കാൻവേണ്ടി ആവക ആചാരങ്ങളെ ആദരിക്കേണ്ടിവരുന്നവരോടു ബഹുമാനക്കുറവും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല.

ഞങ്ങളുടെ സായാഹ്നസവാരികൾക്കിടയിൽ ഒരു ദിവസം ഞങ്ങളുടെ സംഭാഷണവിഷയം ഇംഗ്ലീഷുകവിതകളായിഭവിച്ചു. പ്രസംഗവശാൽ അക്കൂട്ടത്തിൽ, അതിനു വളരെ

PRESENTED BY:
SRI M. K. VASUDEVAN NAIR
VEEDU

മുൻപ് ഞാൻ രചിച്ചിരുന്ന "ഒരു സായാഹ്നകാലത്തെ മൈതാനം" "ഒരു വിരഹം" എന്ന രണ്ടു ചെറുകവിതകളെക്കുറിച്ചു ഞാൻ ആശാനോടു പറയാൻ ഇടയായി. അന്നത്തെ തിരിച്ചുവരവിൽ എൻെറ ഗൃഹത്തിൽ എത്തിയ ഉടനേ ആശാൻെറ ആഗ്രഹപ്രകാരം ഞാൻ അവ ആശാനെ വായിച്ചുകേൾപ്പിച്ചു. അവ രണ്ടും അവയുടെ കെട്ടും മട്ടും എല്ലാം ആശാന് നന്നാപിടിച്ചു. അവയുടെ പുതിയ സമ്പ്രദായങ്ങൾ ആശാന് ഹിതമായതുകണ്ടപ്പോൾ, മലയാള പദ്യസാഹിത്യത്തിൽ ഇങ്ങനെയുള്ള ചില നവീനപ്രസ്ഥാനങ്ങൾ ആശാൻ ആരംഭിച്ചാൽ അവ പടർന്നുപിടിച്ചു വളരാൻ എളുപ്പമുണ്ടെന്നു് ഞാൻ അഭിപ്രായപ്പെട്ടു. അപ്പോൾ അതിനു മറുപടി എന്നപോലെ ഏതാണ്ട് ഒരു വർഷംമുമ്പ് താൻ ഉണ്ടാക്കി മിതവാദിയിൽ പ്രസിദ്ധം ചെയ്തിരുന്ന വീണപൂവ് എന്ന ചെറുകാവ്യത്തിലെ പദ്യങ്ങൾ ആശാൻ തൻെറ ആ ആസ്വാദ്യരീതിയിൽ എന്നെ ചൊല്ലിക്കേൾപ്പിക്കാൻ തുടങ്ങി. ഇടവിടാതെ 'ആങ്കോർ' വിളിച്ച് ഞാൻ ഓരോ ശ്ലോകങ്ങളും പലേ ആവർത്തി ചൊല്ലിക്കേട്ട് കാതും കരളും ഒരുപോലെ സുഖിപ്പിച്ചു. അന്നത്തെ ആ ഞങ്ങളുടെ സൗഹാർദ്ദസമ്മേളനം അവസാനിച്ചപ്പോൾ കേരളീയകവികൾ അവശ്യം വായിക്കേണ്ട ആ സുകുമാരകാവ്യം ഭാഷാപോഷിണി പ്രസിദ്ധം ചെയ്യാൻ എനിക്കുണ്ടായ ആഗ്രഹം ഞാൻ ആശാനെ അറിയിച്ചു. ഒന്നുരണ്ടു ദിവസം കഴിഞ്ഞപ്പോൾ ഒരു കൈയ്യെഴുത്തു പുസ്തകം ഒരെഴുത്തോടുകൂടി ആശാൻ എനിക്കു കൊടുത്തയച്ചു. മററു പലതിൻേറയും കൂട്ടത്തിൽ 'വീണപൂവും' അതിൽ പെൻസിൽ കൊണ്ടെഴുതിയിരുന്നു. ഞാൻ അതു പകർത്തി എൻെറ ഒരു ചെറിയ പരിചയപ്പെടുത്തലോടുകൂടി ഭാഷാപോഷിണിക്കയക്കയും ഭാഷാപോഷിണി അതു പ്രസിദ്ധം ചെയ്കയും ചെയ്തു. അതിനാൽ മലയാളസാഹിത്യലോകത്തിൽ തെളിതെളിഞ്ഞു മനോഹരമായി വിളങ്ങുന്ന ആ കവിതക്കെടാവിളക്ക് ഇവി

ടെ കൊളുത്തിയ ആ വലിയ സ്ഥാനം എനിക്ക് അങ്ങനെ ലഭിക്കുകയും ചെയ്തു. ആവിധം യാദൃച്ഛികമായി ലഭിച്ച ഭാഗ്യം എനിക്ക് ഒരു അനശ്വരാഭിമാനനിദാനമായി ഞാൻ കരുതുന്നു. ഒരു സ്നേഹിതനു, തന്റെ സ്നേഹിതൻ ലഭിക്കുന്ന വിജയം, വിശേഷിച്ച് "കപ്പലിൽ പാതി പാക്കിട്ട"മാതിരി ഒരു അവകാശംകൂടി പറയാനുണ്ടെങ്കിൽ എത്ര അഭിമാനകരമായിരിക്കയില്ലതന്നെ.

ഒരു ഖണ്ഡകൃതിയെങ്കിലും അഖണ്ഡമാഹാത്മ്യമുള്ള വീണപൂവിനെക്കുറിച്ച് ഇനി ആർക്ക് എന്തുപറയാനാണുള്ളതു്. അത്രത്തോളം അതിനെക്കുറിച്ച് 'നിരൂപണങ്ങളും', 'വിമർശനങ്ങളും' 'ചർച്ചകളും' 'വിവരണങ്ങളും' എല്ലാം പലരും പലതരത്തിൽ കഴിച്ചുകഴിഞ്ഞിരിക്കുന്നു. ഞാൻ ഒന്നു പറയാം. എന്റെ സ്നേഹിതന്റെ മററു കൃതികളെല്ലാം കളഞ്ഞുപോകുന്നെങ്കിൽ ആയ്ക്കോട്ടെ; വീണപൂവ്—ആ അരുമക്കാവ്യം—ഒന്നുമാത്രംമതി ആശാന്റെ യശസ്സിന്റെ അനശ്വരതയ്ക്കു്. ക്ഷണംപ്രതി കൂടുതൽ കൂടുതൽ തെളിഞ്ഞു തിളങ്ങുന്ന ആ ചെറുകാവ്യനക്ഷത്രം മലയാളസാഹിത്യനഭോമണ്ഡലത്തിൽ ഉച്ചസ്ഥാനംപിടിച്ച് അങ്ങനെ നില്ക്കുകതന്നെ ചെയ്യും. ധര കല്പാന്തതോയത്തിൽ കുളിക്കുമ്പോഴും ഈ തൊട്ടുകുറി മാഞ്ഞുപോകാൻ സമ്മതിക്കയില്ല. നിശ്ചയം.

---

കുറിപ്പ്:—ഇതിൽ ഒന്നാംഭാഗം 1084-തുലാം വൃശ്ചികം ഭാഷാപോഷിണിയിൽ ചേർത്തിരുന്നതും രണ്ടാംഭാഗം ഇപ്പോൾ എഴുതിത്തന്നിട്ടുള്ളതും ആകുന്നു. തലശ്ശേരിയിൽവെച്ച ശ്രീമാൻമൂർക്കോത്തു കുമാരന്റെ പത്രാധിപത്യത്തിൽ പ്രശസ്തരീതിയിൽ നടത്തപ്പെട്ടിരുന്ന "മിതവാദി"യിലായിരുന്നു "വീണപൂവ്" ഒന്നാമതു സാഹിത്യലോകം കണ്ടതു്.

സമ്പാദകൻ.

# ആശാന്റെ ചെറുകാവ്യങ്ങൾ.

9645

### മൂക്കോത്തു കുമാരൻ.

ഹിമാചലത്തെ ഒരൊററ ശ്ലോകംകൊണ്ടും, ഒരു മൊട്ടുസൂചിയെ നൂറു ശ്ലോകംകൊണ്ടും വൎണ്ണിക്കാൻ പ്രാപ്തനായ ഒരു യഥാൎത്ഥ മഹാകവിയായിരുന്നു കുമാരനാശാൻ എന്നു് അദ്ദേഹത്തിന്റെ കാവ്യങ്ങൾ തെളിയിക്കുന്നു. നളിനി, കരുണ, മുതലായി അദ്ദേഹം രചിച്ച സമ്പൂൎണ്ണകാവ്യങ്ങൾ വായിച്ചാണു് അധികജനങ്ങളും രസിക്കുകയും പഠിച്ചു ഗുണപ്പെടുകയും ചെയ്യുന്നതു്. എന്നാൽ അല്പം ശ്ലോകങ്ങളും അല്പം ശീലുകളുമടങ്ങിയ എത്രയെത്ര മനോഹരകിശോരകാവ്യങ്ങളാണു് ആ മഹാകവി നിൎമ്മിച്ചിട്ടുള്ളതു്! ആശാന്റെ കാലഗതിക്കുശേഷം അദ്ദേഹത്തിന്റെ കാവ്യങ്ങൾ ചേൎത്തു് അച്ചടിച്ചിട്ടുള്ള പുസ്തകത്തിൽ അവയിൽ മിക്കതിന്റെയും ചുവട്ടിൽ "അപൂൎണ്ണം" എന്നു് എഴുതിക്കാണുമ്പോൾ ഏതു സഹൃദയന്റെ കരളാണു കരിഞ്ഞുപോകാത്തതു്? ഈ പദ്യങ്ങളുടെ അപൂൎണ്ണത മഹാകവിയുടെ ജീവിതത്തിന്റെ അപൂൎണ്ണതയ്ക്കു് സ്മാരകമായിത്തീൎന്നിരിക്കുകയാണു്.

സമ്പൂൎണ്ണമായ ചെറുകാവ്യങ്ങളിൽ പ്രധാനമായതും പ്രസിദ്ധമായതും ആണല്ലൊ "വീണപൂവു്". ഈ കാവ്യം എഴുതിക്കഴിഞ്ഞപ്പോൾ, അതുവരെ കേരളഭാഷയിൽ ഉണ്ടായ പദ്യകാവ്യങ്ങളിൽനിന്നു തീരെ ഭേദപ്പെട്ട ഒരു നവീന സമ്പ്രദായത്തിലാണു് അതെന്നു കവി കാണുകയും കേരളീയർ ഈ പ്രസ്ഥാനത്തെ എങ്ങിനെയാണു സ്വീകരിക്കുകയെന്നു സംശയിക്കുകയും ചെയ്തിരിക്കണം. അല്ലെങ്കിൽ തിരുവിതാംകൂറിൽ പ്രശസ്തരീതിയിൽ നടത്തപ്പെടുന്ന പത്രങ്ങൾ

ഉണ്ടായിട്ടും, അതു് പ്രസിദ്ധംചെയ്യാൻ അവയിലൊന്നും അയക്കാതെ, തലശ്ശേരിയിൽ 30 കൊല്ലം മുൻപു് എന്റെ പത്രാധിപത്യത്തിൽ നടത്തപ്പെട്ടിരുന്ന "മിതവാദി"പത്രത്തിൽ ഒന്നാമതു പ്രസിദ്ധംചെയ്യാൻ അയച്ചതിന്നു് മററു കാരണങ്ങളൊന്നും ഇല്ല. പാശ്ചാത്യരാജ്യത്തു പ്രചരിക്കുന്ന വിശിഷ്ട കാവ്യരീതിയോടു് ഹൈന്ദവകാവ്യസമ്പ്രദായത്തെ മനോഹരമായ ഒരു പുഷ്പത്തിന്റെ നൈസർഗ്ഗികമായ വർണ്ണയോഗംപോലെ യോജിപ്പിച്ചു നിർമ്മിച്ച ആ കാവ്യം സഹൃദയന്മാരെ എങ്ങിനെ രസിപ്പിച്ചുവെന്നാണു പറയേണ്ടതു്? ഇംഗ്ലീഷ്ഭാഷ പഠിച്ചു് അതിലെ കാവ്യങ്ങൾ വായിച്ചു് അവയുടെ സമ്പ്രദായങ്ങൾ ഗ്രഹിച്ച മലയാളികൾക്കു, ഭാഷാകാവ്യങ്ങൾ അവക്കനുസരിച്ചും ഹൈന്ദവകാവ്യങ്ങളുടെ ജീവചൈതന്യസംസ്കാരാദികൾ ഉപേക്ഷിക്കാതെയും നിർമ്മിക്കുന്നതു നന്നായിരിക്കുമെന്നു് ആഗ്രഹമുണ്ടാകയും എന്നാൽ അതു് എങ്ങിനെയായിരിക്കണം എന്നു രൂപമില്ലാതിരിക്കുകയും ചെയ്തിരിക്കെ, തങ്ങളുടെ ആഗ്രഹം നിറവേററുന്ന സമ്പ്രദായത്തിലും രൂപത്തിലും പെട്ടെന്നു നിനയാതപുറം ഒരു കാവ്യം കണ്ടുകിട്ടിയാൽ അതു് അവരെ എങ്ങിനെ രസിപ്പിക്കുമോ അങ്ങിനെ രസിപ്പിച്ചുവെന്നു പറയാം. യദൃച്ഛയാ കണ്ടുകിട്ടിയ ഈ നിധിയെ സഹൃദയാഗ്രേസരനായ ശ്രീമാൻ സി. എസ്. സുബ്രഹ്മണ്യൻപോററി അവർകൾ, "മിതവാദി"യിൽ നിന്നു രണ്ടു കൈകൊണ്ടും ബഹുമാനപുരസ്സരം പൊക്കിയെടുത്തു് "ഭാഷാപോഷിണി"യിൽ പ്രതിഷ്ഠിച്ചു. കേരളകാളിദാസൻ അതിനെ ആദരിച്ചു പദ്യപാഠാവലിക്കു പ്രദാനംചെയ്തു.

നിരണംകവികൾ, പുനംനമ്പൂതിരി, കൊട്ടാരക്കരത്തമ്പുരാൻ, എഴുത്തച്ഛൻ, കുഞ്ചൻനമ്പിയാർ, കോട്ടയം തമ്പുരാൻ മുതലായ മഹാകവികളുടെ കാലത്തു "അധികതുംഗപദത്തിൽ" ഒരു രാജ്ഞിയെപ്പോലെ ശോഭിച്ചിരുന്ന ഭാഷാകാവ്യപ്രസ്ഥാനം, അവരുടെ ശേഷം കാലത്തിന്റെ ആക്രമത്താൽ

കുറേക്കാലം വാടിവീണു കിടന്നിരുന്നുവെന്നുതന്നെ പറയാം. “ശ്രീഭൂവിലസ്ഥിര” എന്ന തത്വം കാവ്യങ്ങളേയും സാഹിത്യത്തെ തന്നേയും ബാധിക്കുമെങ്കിൽ അതു മഹാകഷ്ടംതന്നെ. പക്ഷെ കുമാരനാശാൻനിമിത്തം ഭാഷാകാവ്യപ്രസ്ഥാനത്തിനുണ്ടായ പുനർജ്ജന്മം അധികം മനോഹരവും അധികം ആദരണീയവും ആയിരുന്നു. വീണുകിടക്കുന്ന പുഷ്പത്തിന്നു് ആശാൻ ആശംസിച്ച ഭാവുകവും അങ്ങിനെയുള്ളതായിരുന്നു.

ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു താരമാരാ-
ലുല്പന്നശോഭമുദയാദ്രിയിലെത്തിടുംപോൽ
സൽപുഷ്പമേ! യിവിടെ മാഞ്ഞു സുമേരുവിന്മേൽ
കല്പദ്രുമത്തിനുടെ കൊമ്പിൽ വിടൎന്നിടാം നീ.

സംശയമില്ല; പടിഞ്ഞാറുഭാഗത്തെ പരിചയവും സമ്പൎക്കവും അനുഭവിച്ച ഭാഷാസാഹിത്യം സ്വദേശത്തു വീണ്ടും ഉദിച്ചപ്പോൾ അധികശോഭയുള്ളതായിത്തീൎന്നു. ഗദ്യകാവ്യത്തിന്നു് അതു് മുൻപുതന്നെ ലഭിച്ചിരുന്ന ഒരു ഭാഗ്യമായിരുന്നു. “ഇന്ദുലേഖ”യായിരുന്നു ആ ഒന്നാമത്തെ ഭാഗ്യസന്താനം.

തുഞ്ചത്തെഴുത്തച്ഛൻ മുതലായ മഹാന്മാരുടെ കാലത്തു് ഭാഷാസാഹിത്യം പ്രാപിച്ച യൌവ്വനദശ, നവീന കവിതാപ്രസ്ഥാനത്തിൻെറ കൎത്താക്കളും കൊണ്ടാടത്തക്കതായിരുന്നു. അവർ അതിനെപ്പററി

ആരോമലാമഴക്, ശുദ്ധി, മൃദുത്വ, മാദ്ര,
സാരള്യ, മെന്നസുകുമാര ഗുണത്തിനെല്ലാം
പാരിങ്കലേതുപമ? ആ മൃദുമെയ്യിൽ നവ്യ-
താരുണ്യമേന്തിയൊരു നിൻ നിലകാണണം താൻ.

എന്നു പറവാൻ മടിക്കുകയില്ല. രാമായണം, മഹാഭാരതം ആദിയായ കിളിപ്പാട്ടുകളും, കൃഷ്ണഗാഥയും, ഉണ്ണായിവാര്യരുടെ

നളചരിതം കഥകളിയും, അവയെപ്പോലുള്ള മററു അനേകം കാവ്യങ്ങളും കാണുകയും പിന്നീട്ട കുറേക്കാലം അവയെപ്പോലുള്ള കാവ്യങ്ങൾ ഉണ്ടാകാതിരിക്കുകയും ചെയ്തു. എന്നല്ല, അന്ന് അച്ചടിയന്ത്രങ്ങളില്ല, കടലാസ്സും പെൻസിലുമില്ല; എന്നിട്ടും അത്ഥഗാംഭീര്യമുള്ള എത്ര മനോഹരകാവ്യങ്ങളാണ് ബുദ്ധിമുട്ടി എഴുതപ്പെട്ടതു്!

"കാലം കുറഞ്ഞദിനമെങ്കിലുമത്ഥദീർഘം
മാലേറെയെങ്കിലുമതിവ മനോഭിരാമം,
ചാലേ കഴിഞ്ഞരിയ യൌവ്വന"മെന്നു നിൻെറ-
യീലോലമേനി പറയുന്നനുകമ്പനീയം!

ഇക്കാലത്തു കവിയശഃപ്രാത്ഥികളായ എത്രപേരാണ് ശബ്ദസുഖമുണ്ടായാൽ കാവ്യമായി എന്നു ഭ്രമിച്ചു, പദ്യങ്ങൾ രചിക്കുന്നതു്? അന്നത്തെ കാവ്യങ്ങളിൽ ഇന്നു ബാക്കിയായി നാം കാണുന്നവയല്ലാതെ മററു കാവ്യങ്ങൾ ആരും നിർമ്മിച്ചിരിക്കയില്ലെന്നോ? വെറും വർണ്ണങ്ങളെക്കൊണ്ടു മേനിപിടിപ്പിച്ച അനേകം കാവ്യങ്ങൾ അന്നും പലരും രചിച്ചിരിക്കണം. അവയൊന്നും സാഹിത്യദേവിക്കു ഇഷ്ടമായില്ലായിരിക്കണം. ശബ്ദാലങ്കാരം ശലഭതുല്യം. അതിന്നു കാണ്മാൻ കൌതുകമുള്ള വർണ്ണമല്ലാതെ മറെറന്തുണ്ടു്? ഇന്ദിന്ദിരം അങ്ങിനെയാണൊ? "പത്മങ്ങളിൽ ലക്ഷ്മിയോടുകൂടി പരമേശപരയുക്തമായിരിക്കുന്ന" ഇന്ദിന്ദിരം! സാഹിത്യലക്ഷ്മി ശലഭമേനിയെപ്പോലുള്ള ശബ്ദാലങ്കാരത്തെ മാനിച്ചില്ല; അത്ഥാലങ്കാരസമ്പത്തുള്ള ഭ്രമരവര്യൻ, അവൻ കാമുകവര്യനുംകൂടിആകയാൽ വരിക്കപ്പെട്ടു. അത്ഥാലങ്കാരപുഷ്ടിയുള്ള കാവ്യങ്ങൾ പിന്നീട്ടു് ഉണ്ടാകാതെ ഭാഷാസാഹിത്യത്തിന്നു്,

തെറെറന്നു ദേഹസുഷമാപ്രസരം മറഞ്ഞു
ചെററല്ലിരുണ്ടു മുഖകാന്തിയതും കുറഞ്ഞു
മറെറന്തുരപ്പു? ജവമീനവദീപമെണ്ണ
വററിപ്പുകഞ്ഞഹഹ! വാടിയണഞ്ഞുപോയി.

എന്നാലും വ്യസനിക്കേണ്ടുന്ന ആവശ്യമില്ല. "യുവലോക മേലും ഏകാന്തമാംചരിതമാരറിയുന്ന പാരിൽ?" പശ്ചിമാബ്ധിയിൽ അണഞ്ഞ ഈ സാഹിത്യതാരം, യുവജനങ്ങളുടെ പരിശ്രമത്താലും പാശ്ചാത്യരാജ്യത്തിൻെറ സഹായത്താലും വീണ്ടും നവചൈതന്യത്തോടുകൂടി ഉദിച്ചു. അങ്ങനെയുള്ള യുവജനങ്ങളിൽ പ്രഥമസ്ഥാനത്തെ അർഹിച്ച മഹാകവിയായിരുന്ന കുമാരനാശാൻ. അദ്ദേഹത്തിൻെറ ചെറുകാവ്യങ്ങൾ, ജനങ്ങൾ ഇപ്പോൾ വായിക്കുന്നതിലുമധികം ശ്രദ്ധയോടുകൂടി വായിക്കേണ്ടതാണ്.

ഒരു സിംഹപ്രസവം, മിന്നാമിനുങ്ങ് മുതലായവ പാഠ്യപുസ്തകങ്ങളിൽ എടുത്തു ചേൎക്കപ്പെട്ടവഴിക്കു കുട്ടികൾ പഠിക്കുന്നു. ബാലരാമായണവും വിദ്യാൎത്ഥികൾ പഠിക്കുന്നു. അപൂൎണ്ണമായ ആ കാവ്യത്തെ മുഴുമിപ്പിക്കുവാൻ തക്ക കവികൾ ഇനിയും ഉണ്ടായിട്ടില്ലെന്നോ? അതിലെ പദങ്ങൾക്കുള്ള ഔചിത്യവും, അലങ്കാരങ്ങളുടെ ഭംഗിയും, വൎണ്ണനകളുടെ തന്മയത്വവും കണ്ടാൽ, അതിൽ കൈയിടാൻ ധൈൎയ്യപ്പെടുന്നവർ ഇല്ലാത്തതിൽ അത്ഭുതമില്ല.

അംബരം മുട്ടീനില്ക്കുന്ന<br>
ഗോപുരാഗ്രങ്ങൾതന്നിലും<br>
കണ്ടു, കിടങ്ങിൽ ബിംബിച്ചു<br>
താഴെയും മേഘമാലകൾ.

അസാമാന്യ വൈദഗ്ദ്ധ്യമുള്ള പേനകൊണ്ടു്, ചുരുങ്ങിയ വാക്കുകളിൽ ചെയ്തിരിക്കുന്ന ഈ വൎണ്ണന ഒരു ചിത്രകാരൻെറ തൂലികയ്ക്കു അതേരീതിയിൽ വിഷയമായെങ്കിൽ അതിൻെറ തന്മയത്വവും മനോഹരതയും കണ്ണുകൊണ്ടുതന്നെ കാണ്മാൻ സാധിക്കും. സങ്കല്പശക്തിയുള്ള ചിത്രകാരന്മാൎക്കു മറെറാരു വിഷയം കാണിച്ചുകൊടുക്കാം. ശൂൎപ്പണഖയുടെ പ്രവേശനം.

മൂടൽമഞ്ഞാം തിരശ്ശീല
മെല്ലെ സൂര്യൻ വലിക്കവെ,
മുമ്പിൽ കാണായവക്കോട്ടു
ദൂരെ സ്ത്രീവേഷമൊന്നുടൻ.

രാമായണം മൂന്നു കാണ്ഡങ്ങൾ മാത്രമെ ആശാൻ എഴുതീട്ടുള്ളു. ആരണ്യകാണ്ഡം കഴിഞ്ഞനിലയിൽ അതു് അപൂർണ്ണമായിക്കിടക്കുന്നു. അതിലെ ഒരു ഉപമ നോക്കുക:

പേടിച്ചു സീതയക്കാട്ടിൽ
ഭർത്തൃരക്ഷിതയെങ്കിലും
ഭയങ്കരക്കിനാവിങ്കൽ-
പതറും ബുദ്ധിപോലവെ.

ഇവയെല്ലാം കണ്ടുകൊണ്ടു മററു കവികൾ അരണ്യം കടക്കുവാൻ എങ്ങനെ ധൈര്യപ്പെടും?

ജ്ഞാനംതാൻ ക്ഷണവൃത്തി; ബുദ്ധിയിമ-
വെട്ടുമ്പോളിടയ്ക്കാത്തമ-
സ്ഥാനം കാണുവതില്ലലാതവലയത്തോ-
ടൊത്ത വേഗത്തിനാൽ;
നൂനം ഹാ! ക്ഷണമൃത്യുവിങ്ങനുദിനം
നിദ്രാഖ്യമായ് ദീർഘമാ-
മൂനംവിട്ടുതുനീണ്ടനന്തരമിതാം
വിശ്രാന്തി ജന്തുക്കളിൽ

എന്നിങ്ങനെ പണ്ഡിതന്മാക്കു മാത്രം ധരിച്ചു രസിക്കാൻതക്ക പ്രൌഢഗംഭീരമായ പദ്യങ്ങൾ രചിച്ച മഹാകവിതന്നെ, ബാലകർ കൌതുകത്തോടുകൂടി വായിച്ചുപഠിക്കത്തക്കവണ്ണം,

നാമിങ്ങറിയുവതല്പം—എല്ലാ—
മോമനെ ദേവസങ്കല്പം,

എന്നു പാടുകയും ചെയ്തിരിക്കുന്നു. ചെറുപ്പത്തിൽതന്നെ കുട്ടികൾ,

ഗുണമെന്നിയൊരാൾക്കുമെന്നിൽനി-
ന്നണയായ്‌വാൻ തരമാകണം വിഭോ!
അണുജീവിയിലും സഹോദര-
പ്രണയം ത്വൽകൃപയാലെ തോന്നണം.

എന്നുംമററുമുള്ള ശ്ലോകങ്ങൾ കാലത്തെ എഴുന്നേററു ഉരുവിടുകയും അവയിൽ അടങ്ങിയ പൊരുൾ അവരുടെ മനസ്സിൽ പതിഞ്ഞു സ്വഭാവസംസ്കരണത്തിന്നു കാരണമാകുകയും ചെയ്യുന്നെങ്കിൽ, രാജ്യം മേലിൽ എത്ര നന്നാകും. "പരുക്കേററ കുട്ടി"യിൽ അഞ്ചു ശ്ലോകമേയുള്ളു. അവയിൽ അടങ്ങിയ തത്വങ്ങളെപ്പററി ശരിയായി ആലോചിച്ചാൽ അഞ്ചും അഞ്ചു രത്നമാണ്. കുട്ടി വികൃതികളിച്ചു വീണു മുറിവേററു കരയുന്നു. മുറിവേററ വേദനയെക്കാൾ, അമ്മ തല്ലുമെന്ന പേടിയാണു, കുട്ടിക്കു് അധികമുള്ളതു്. കുട്ടിയെ അമ്മ ആശ്വസിപ്പിക്കുന്ന പദ്യത്തിൽ അടങ്ങിയതു വലിയൊരു തത്വജ്ഞാനമത്രെ.

കരുതേണ്ടാ തല്ലുമിതിന്നായ് ഞാനെന്നു
കരയേണ്ടാ, നോവുമകന്നുപോം;
അറിയാപ്പൈതൽ നീ കളിയാടിയേററ
മുറിവു ഭൂഷണം നിനക്കുണ്ണി!

കുട്ടിക്കു് ആശ്വസിക്കത്തക്ക അർത്ഥം അതിലുള്ളതു് അതിന്നു മനസ്സിലാകും. പരിചയംകൊണ്ടുണ്ടാകുന്ന പരാജയവും, വേദനയും, ദുഃഖവും ആണു് സ്ഥിരമായിനില്ക്കുന്ന പഠിപ്പിന്നു കാരണം; ആ ശിക്ഷതന്നെ ശിക്ഷ; അതു ഭൂഷണമായിത്തീരുന്നു. അതു വിദ്വാന്മാൎക്കും മനസ്സിലാകും.

"മിന്നാമിനുങ്ങു്" എന്ന ചെറുകാവ്യത്തെ അതിശയിക്കുന്ന അത്തരം കാവ്യം മലയാളഭാഷയിൽ ഏതാണു് ഉള്ള

തെന്നു വിമൎശകബുദ്ധിയോടുകൂടി സഹൃദയന്മാർ അന്വേഷി ക്കുന്നതു രസകരമായിരിക്കും.

ഇരിക്കൊലാ, പൊങ്ങുക, വിണ്ണിലോമനെ,
ചരിക്ക നീ മിന്നിമിനുങ്ങിയിങ്ങിനെ
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.

ഈ ശ്ലോകം വായിക്കുമ്പോൾ, കവിയുടെ വാക്കുകൾ ഉദ്ധരി ച്ചുകൊണ്ടു്, "ഇതെന്തൊരാനന്ദ മിതെന്തുകൌതുകം!"എന്നു പറയുവാൻ തോന്നുന്നില്ലയോ? ഭാഷാസാഹിത്യത്തോടു വള രെ രസമില്ലാത്ത ചിലർപോലും ഈ ശ്ലോകത്തെ പുകഴ്ത്തു ന്നതു ഞാൻ കേട്ടിട്ടുണ്ടു്. ആശാൻെറ കാവ്യങ്ങൾ വായിക്കാ തെ, അവയെപ്പററി വലിയ ബഹുമാനമില്ലെന്നു ധാർഷ്ട്യം പറയാറുള്ള ഒരാൾ ഈ ശ്ലോകം കേട്ടപ്പോൾ, ആദ്യം മിന്നാമിനുങ്ങിലെ 12 ശ്ലോകവും പിന്നീടു് ആശാൻെറ മി ക്ക കാവ്യങ്ങളും വായിക്കുകയും, തൻെറ അഭിപ്രായം തീരെ മാററുകയും ചെയ്തതും എനിക്കനുഭവമാണു്.

ആശാൻെറ ചെറുകാവ്യങ്ങൾ എല്ലാവരും വായിക്ക ണം. അവയിലെ കാവ്യഗുണങ്ങളും ലോകതത്വങ്ങളും ഗ്ര ഹിക്കണം. "നിഷ്കപടതയോടു്", "ഗുണനിഷ്ഠ" മുതലായ കാവ്യരത്നങ്ങളെപ്പററി ഓരോ പുസ്തകംതന്നെ എഴുതാവുന്ന താണു്. ലോകത്തു് സത്യത്തിൻെറ പ്രഭുത്വം നശിച്ചു, നി ഷ്കപടതയുടെ മഹിമ ജനങ്ങൾ അറിയാതെയായി. ആ നി ലയിൽ "നിഷ്കപടത" ഇരുന്നു കരയുന്നു. കവി നിഷ്കപടത യെ ആശ്വസിപ്പിക്കുന്നു. എന്തൊരു ആശയമാണു്! ഒരു സ്ത്രീയായി സങ്കല്പിക്കപ്പെട്ട നിഷ്കപടതയോടു കവി ചോദി ക്കുന്നു:

പുഞ്ചിരിനിലാവൊളിപുറത്തിരുളകത്തായ്
നെഞ്ചിൽ വിഷമായ് മൊഴിയിൽ നല്ല നറുതേനായ്

വഞ്ചനമുഴുത്തു ഭുവനത്തിലിനി നല്ലോ-
രഞ്ചണമതോർത്തു സരളേ, യഴവതോ നീ?

സ്നേഹമതിരേണ്ടവരിൽ നിന്നു പകയായി
ഗേഹമതിനാൽ ഭയദമാമടവിയായി
മോഹതിമിരം പെരുകി, മൂഢതയുമാക്കി-
സ്സാഹസികർ നിന്നെയതിനാലഴവതോ നീ?

ഇങ്ങിനെ ചോദിച്ചതിന്നുശേഷം അവളെ ആശ്വസിപ്പിക്കുന്നു.

മാഴ്കരുതു മഞ്ജുമുഖി, സത്യമൊടസത്യം
വ്യാകലിതമായ പൊരുളാണു ഭുവനം കേൾ
ഏകരസമായ് ഗുണമെഴില്ലറികയെങ്ങും
ലോകമിതിൽ നന്മയൊടു തിന്മ പൊരുതുന്നു.

എവിടെയും തന്റെ അകൈതവമായ ഈശ്വരഭക്തിയെ പ്രകാശിപ്പിച്ചിരുന്ന ആശാൻ ഈ കാവ്യത്തിന്റെ ഒടുവിൽ പറയുന്നതു കേൾക്കുക:

നില്ക്കു തുണയായഴലൊഴിക്കയെഴുനേല്ക്കി-
ന്നിക്കലുഷഭാവമയി, നിന്നിലഴകാമോ?
"നിഷ്കപടതേ" കരൾനിറഞ്ഞൊരിരുൾ നീക്കും
ചില്ക്കതിരവന്റെ ചെറുരശ്മിയമലേ നീ.

"ഗുണനിഷ്ഠ"യെന്ന കാവ്യവും ഇതുപോലെതന്നെ ലോകതത്വങ്ങളെ പ്രകാശിപ്പിക്കുന്നു. ലോകത്തു യഥാർത്ഥ രത്നങ്ങൾ ഇല്ലാതായി; എല്ലാം കൃത്രിമരത്നങ്ങളായി. അതുപോലെതന്നെ മനുഷ്യരുടെ ഗുണങ്ങൾ ദുഷ്ടജനങ്ങളുടെ ദുർഗ്ഗുണങ്ങളാൽ വിലയില്ലാത്തവയായിത്തീർന്നു. കവി പറയുന്നു:

നയ,മരിയ സത്യം, ദയ പരഹിതത്തിൽ
പ്രിയതമുതലാകും ഹൃദയഗുണമെല്ലാം

ഭയമിയലുമാറായതിനുടയ രൂപം
സ്വയമഭിനയിക്കും ഖലദുരകളാലെ.

പക്ഷെ ഈശ്വരൻ ഗുണനിലയനാണു്; ഗുണങ്ങൾക്കു കരുമന സംഭവിക്കുന്നതു് ഈശ്വരൻ സഹിക്കയില്ല. അതുകൊണ്ടു കൃത്രിമരത്നങ്ങളെപ്പോലെ തൽക്കാലം ശോഭിക്കുന്ന ദുർഗ്ഗുണങ്ങളുടെ യഥാൎത്ഥസ്വരൂപം ഒരുകാലത്തു വെളിപ്പെടാതിരിക്കുകയില്ല.

ദുർഗ്ഗുണങ്ങളെ സൂചിപ്പിച്ചു കവിപറയുകയാണു്:

കളികൾ മതിയാക്കൂ, കപടമണി നീണാ-
ളൊളിചിതറിടാ നിന്മുഖമിതൊരുനാൾ നീ
തെളിവുടയ നീരിൽ പെട്ടമൊരു മരുന്നാൽ
പൊളിയുമഥവാ പോയ് നികഷശിലയേറും.

എത്ര സാമൎത്ഥ്യത്തോടുകൂടി ഉണ്ടാക്കിയ കൃത്രിമരത്നമായാലും, ദ്രാവകത്തിൽപെടുമ്പോൾ അതു പൊളിയാതെ ഇരിക്കയില്ല; അല്ലെങ്കിൽ ഉരകല്ലിൽ ഉരച്ചാൽ കള്ളി വെളിയിലാകും. അതുപോലെതന്നെ കപടതകളും. അതുകൊണ്ടു കവി ഇങ്ങനെ ഉപദേശിക്കുന്നു.

ക്ഷണപരിഭവത്താൽ ഗുണമണികൾമേൽ നിൻ
പ്രണയമൊരുലേശം കുറയരുതു നെഞ്ചേ,
ഗുണനിരയൊടൊപ്പം മനുജനൊരുനാളും
തുണയരുളിടാ കേൾ, സുരനിരകൾപോലും.

ആശാന്റെ ഖണ്ഡകാവ്യങ്ങൾ പാവനമായ സ്നേഹത്തെ പ്രദശിപ്പിക്കുന്നവയാണെന്നുള്ളതു പ്രസിദ്ധമായതും എല്ലാവൎക്കും അനുഭവപ്പെട്ടതും ആണല്ലൊ. അദ്ദേഹത്തിന്റെ കിശോരകാവ്യങ്ങളിൽ പലതും സൽസ്വഭാവത്തേയും ഈശ്വരഭക്തിയേയും ദ്യോതിപ്പിക്കുന്നവയാകുന്നു. അദ്ദേഹ

ത്തിന്റെ ഭക്തിയും മതവിശ്വാസവും നാടോടിസമ്പ്രദായ ത്തിലുള്ളവയല്ല. ശ്രേഷ്ഠമായ തത്വജ്ഞാനത്തിൽ അടിയു റച്ചതും എല്ലാ മതസ്ഥൎക്കും സമ്മതമാകുന്നവയുമായിരുന്നു.

ഒരു മുസ്ലിമോടോ, ക്രിസ്ത്യനോടോ, ഹിന്ദുവോടോ ആരോടാണു്, "സങ്കീൎത്തന"ത്തിൽ കാണുംപ്രകാരം,

ചന്തമേറിയ പൂവിലും ശബളാഭമാം ശലഭത്തിലും
സന്തതം കരതാരിയന്നൊരു ചിത്രചാതുരി കാട്ടിയും
ഹന്ത! ചാരുകടാക്ഷമാലകളൎക്കരശ്മിയിൽ നീട്ടിയും
ചിന്തയാം മണിമന്ദിരത്തിൽ വിളങ്ങുമീശനെ വാഴ്ത്തുവിൻ!

എന്നു് ഉപദേശിച്ചുകൂടാത്തതു്. "ആത്മാൎപ്പണം" ആരംഭി ക്കുന്ന,

സചേതനാചേതനമിപ്രപഞ്ചം
സൎവ്വം വിളക്കുന്ന കെടാവിളക്കേ!
സമസ്തഭവ്യങ്ങളുമുള്ളിലാൎത്തും
സ്നേഹപ്പരപ്പിൻകടലേ, തൊഴുന്നേൻ

എന്ന ശ്ലോകത്തിലടങ്ങിയ തത്വത്തെ അടിസ്ഥാനമാ ക്കി ഒരു വേദാന്തിക്കു വലിയ പ്രബന്ധംതന്നെ രചിക്കാം.

സ്വാതന്ത്ര്യംതന്നെയമൃതം
സ്വാതന്ത്ര്യംതന്നെജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയെക്കാൾ ഭയാനകം,

എന്നിങ്ങനെയുള്ള "ഉൽബോധന"വും,

ഉണരിനുണരിനുള്ളിലാത്മശക്തി-
പ്രണയമെഴും സഹജാതരേ, ത്വരിപ്പിൻ!
രണപടഹമടിച്ചു ജാതിരക്ഷ-
സ്സണവൊരിടങ്ങളിലൊക്കെയെത്തിനേൎപ്പിൻ!

എന്നു "സിംഹനാദ" ത്തോടുകൂടിയുള്ള പ്രോത്സാഹനങ്ങളും അവയ്ക്കനുസരിച്ച്,

ഞങ്ങളെപ്പൊക്കുക, കൂരിരുളിൻകോട്ട-
യെങ്ങും ചവിട്ടി നിരത്തുവാനും
തങ്ങളിൽ കൈകോർത്തു മോക്ഷസുഖാബ്ധിയിൽ
മുങ്ങിക്കുളിച്ചു പുളയ്ക്കുവാനും,

എന്ന് ഉള്ളഴിഞ്ഞ പ്രാത്ഥനകളും അദ്ദേഹം എഴുതിയിരിക്കുന്നു. അന്ന് ആശാൻ

ചിന്തിച്ചിട്ടന്നൊളിമകണ്ടു ചവിട്ടിയാഴ്ത്താൻ
ചന്തത്തിനായ് സഭകളിൽ പറയുന്ന ഞായം;
എന്തോക്കിലും കപടവൈഭവമാന്ന ലോകം
പൊന്തുന്നു, സാധുനിര താണു വശംകെടുന്നു.

എന്നു "ഒരു തീയ്യക്കുട്ടിയുടെ വിചാരം"ആയി രേഖപ്പെടുത്തിയതു്, ഇന്നും പരമാത്ഥമല്ലയോ?

നാരായണഗുരുസ്വാമികളുടെ ജന്മദിനത്തെ പ്രമാണിച്ചു പലകൊല്ലങ്ങളിലും ഉണ്ടാക്കിയ മംഗളാശംസകളും, തിരുവിതാംകൂർ മഹാരാജാവ്, വലിയകോയിത്തമ്പുരാൻ, സർ. പി. രാജഗോപാലാചാരി മുതലായ മഹാന്മാരെപ്പററി എഴുതിയ പദ്യങ്ങളും വിഷയങ്ങൾക്കു പ്രത്യേകമായരീതികൊണ്ടു തന്നെ മനോഹരങ്ങളാകുന്നു.

സി. വി. രാമൻപിള്ള അവർകളുടെ ഛായാപടം ഉൽഘാടനംചെയ്ത സന്ദർഭത്തിൽ മഹാകവി "കാകളി" വൃത്തത്തിൽ പാടിയതിൽ നാലുപാദങ്ങൾ താഴെ ഉദ്ധരിക്കുന്നു:

ഹന്ത! നിസർഗ്ഗമധുരമാം വസ്തുക്ക-
ളെന്തൊരവസ്ഥയിലും മധുരങ്ങൾതാൻ
വെന്തെരിഞ്ഞാലും മണക്കുന്നു ചന്ദനം
വെൺതിങ്കൾ കാറടിഞ്ഞാലും വിലസുന്നു.

ആനിബസൻറുമദാമ്മയുടെ 72-ാം ജന്മദിനം പ്രമാണിച്ചു് എഴുതിയ അഞ്ചു ശ്ലോകം അധികപേരും വായിച്ചിരിക്കുമെന്നു തോന്നുന്നില്ല. ആ അമ്മയുടെ യഥാൎത്ഥ ഗുണങ്ങൾ അത്യന്തം വാഗ്വിലാസത്തോടുകൂടി വിവരിച്ചു് എഴുതിയ ആ പദ്യങ്ങൾ ഭാഷാസാഹിത്യത്തിൽ പൊൻവിളക്കായി ശോഭിക്കും. കവി ഇങ്ങനെ സന്ദേഹിക്കുന്നു:—

പടിഞ്ഞാറു പൊങ്ങുന്ന പൂന്തിങ്കൾമേൽ നി-
ന്നടിഞ്ഞിങ്ങുപാറും നിലാവിൻകുരുന്നോ?
ചൊടിച്ചബ്ഭ്രകാരാഗൃഹം വിട്ടു ചാടി-
ത്തടില്ലേഖയോ സഞ്ചരിക്കുന്നിതെങ്ങും?

ഒടുവിലത്തെ ശ്ലോകംകൊണ്ടു് ഇങ്ങനെ ആശംസിക്കുന്നു.

സ്വരാജ്യപ്രകാശത്തെ മന്നിൽ പരത്തി
സ്ഥിരാനന്ദമാം ദ്യോവുനോക്കിത്തിളങ്ങി
സ്ഫുരൽകാന്തികൈക്കൊണ്ടു നീ നില്ക്ക നീണാൾ
പര"ബ്രഹ്മവിദ്യാ"ലയപ്പൊൻവിളക്കേ.

ആശാൻെറ ചെറുകാവ്യങ്ങളെപ്പററി വളരെ എഴുതുവാനുണ്ടു്. അതിന്നു് ഇവിടെ സ്ഥലമില്ല. അദ്ദേഹത്തിൻെറ ഉപമാലങ്കാരത്തിനുള്ള ഭംഗി കാണിക്കുവാൻ ഒരു ഒററ ശ്ലോകം ഇവിടെ എഴുതാം. അതു് അപൂൎണ്ണമായി കിടക്കുന്നതും പൂൎണ്ണമാക്കിയിരുന്നുവെങ്കിൽ ഒരു മഹാകാവ്യമാകുമായിരുന്നതും ആയ "ഒരു വനയാത്ര" എന്നതിലെ ആദ്യത്തെ ശ്ലോകമാണു്:

ആറായി കൊല്ലമതുമല്ലഥ സംഭവങ്ങൾ
നൂറായതിന്നുപരിയെങ്കിലുമോൎമ്മതന്നിൽ
മാറാതെ, മേൽമണൽപെടും നിഴൽപോലെ പൊങ്ങു-
മാറായി കൌതുകമൊടാ വനയാത്രയിന്നും.

ഹാ! എത്ര മനോഹരമായ ഉപമ! ആശാൻ എഴുതിയ അനേകം കിശോരകാവ്യങ്ങൾ എല്ലാവരും, വിശേഷിച്ചു വിദ്യാൎത്ഥികൾ വായിച്ചു പഠിക്കേണ്ടതിന്നു ഈ ലേഖനം സഹായിച്ചെങ്കിൽ ഞാൻ കൃതാൎത്ഥനാകും.

# ന ളി നി.

ഡി. പത്മനാഭനുണ്ണി എം. ഏ

ലോകത്തിൻെറ നിലനില്പിനുവേണ്ടി സകല ജീവജാലങ്ങളുടേയും ഹൃദയത്തിൽ നിക്ഷിപ്തമായ ഒരു വികാരമാകുന്നു സ്നേഹം. ജീവികളിൽ സവ്പ്രകാരേണ പ്രാധാന്യം മനുഷ്യനായതുകൊണ്ടു മാനുഷഹൃദയത്തിലാണു് ഈ വികാരം പരമകാഷ്ഠയേ പ്രാപിക്കുന്നതു്. ഒരു പൂമൊട്ടിനുള്ളിൽ നിക്ഷിപ്തമായ മധുബീജം കാലക്രമേണ വൎദ്ധിച്ചു് ആ പൂവിൻെറ വികാസദശയിൽ മധുപങ്ങൾക്കു് അനുഭവയോഗ്യമായിത്തീരുന്നതുപോലെ മനുഷ്യഹൃദയസ്ഥമായ ഈ വികാരം ചില രഹസ്യസന്ദൎഭങ്ങളെ അപേക്ഷിച്ചു പെട്ടെന്നു് ഉജ്ജ്വലിക്കുകയും, ലോകത്തിനു് ഉപയോഗകരമായിപരിണമിക്കുകയും ചെയ്യുന്നു. സ്നേഹം ഹൃദയത്തിനു നൈൎമ്മല്യവും, മാൎദ്ദവവും, സങ്കല്പശക്തിക്കു ദാർഢ്യവും, സ്വഭാവത്തിന്നു പരിശുദ്ധിയും, ലോകത്തിന്നു പ്രതിഷ്ഠയും നല്കുന്ന ഒരു വികാരമാകുന്നു. ഇതു് ഒരിക്കലും ക്ഷണഭംഗുരമല്ല. ദശാനുരൂപമായ രൂപാന്തരപ്രാപ്തിയുണ്ടെങ്കിലും വൃദ്ധന്മാരേയും യുവാക്കന്മാരാക്കുന്നതിനുള്ള വൈഭവം അതിനുണ്ടു്. സകല ജീവശക്തികളും ദൃഢതയേ പ്രാപിക്കുന്ന യൗവ്വനകാലത്തിൽ ഈ വികാരം സൗന്ദൎയ്യം മുതലായ ചില പ്രത്യേകസംഗതികളേ അപേക്ഷിച്ചു തീപ്പൊരിപോലെ ഒരുവൻെറ ഹൃദയത്തിൽ കടന്നുകൂടി, ദേഹമാസകലം വ്യാപിച്ചു, ലോകം മുഴുവനും പ്രകാശിപ്പിക്കുകയും, പ്രകൃതിനിയമങ്ങളിൽ ഏററവും സാരവത്തായ ത്യാഗശീലത്തിനു് ഒരു നിദാനമായിത്തീരുകയും ചെയ്യുന്നു. ഈ വികാരത്തിനു് എപ്പോഴെങ്കിലും ഒരു മനുഷ്യൻ

അടിമപ്പെട്ടമ്പോൾ അയാൾക്ക് ആഷാഢനിശീഥിനി അന്ധകാരമയമല്ല; മരുഭൂമി നിർജ്ജലമല്ല; സമുദ്രം ദുസ്തരമല്ല; ആശാഭംഗത്തിന്ന് അവകാശവുമില്ല.

പ്രകൃതിയുടെ മഞ്ജുളതയേയും, മാഹാത്മ്യത്തേയും നഗ്നവും, വ്യക്തവുമാക്കിക്കാണിക്കുകയും, കണ്ടുരസിക്കുകയും ചെയ്യുന്ന കവികൾക്ക് സ്നേഹം ആഹ്ലാദകരമായ ഒരു വിഷയമായിപ്പരിണമിച്ചതിൽ അദ്ഭുതപ്പെടുവാനില്ല. മഹാകവി കാളിദാസൻെറ ലോകോത്തരമായ മാഹാത്മ്യത്തിനുള്ള ഒരു പ്രധാനകാരണം ഈ വിഷയത്തെ ലോകജീവിതത്തോടു ഘടിപ്പിച്ചു സർവ്വതോമുഖമായി പ്രതിപാദിക്കുന്നതിന്ന് ആ ദിവ്യകവിക്കു സാധിച്ചതുകൊണ്ടാകുന്നു. നിർഭാഗ്യവശാൽ സ്നേഹത്തിൻെറ യഥാർത്ഥമായ ധർമ്മത്തിലും, മർമ്മത്തിലും കൈവയ്ക്കുന്നതിനു കാളിദാസൻെറ അനന്തരഗാമികളിൽ അധികംപേർക്കും സാധിച്ചിട്ടില്ല. അപരിമിതമായ പാണ്ഡിത്യവും, വാസനയുമുള്ള പല സംസ്കൃതകവികളും, അവരേ സർവ്വത്ര അനുകരിക്കാൻ ശ്രമിച്ച ഭാഷാകവികളും സ്നേഹത്തിൻെറ ആഭ്യന്തരമാഹാത്മ്യത്തെ വിസ്മരിച്ച് കേവലം ബാഹ്യദർശനംകൊണ്ടു മതിമറന്ന് ഒരുതരം ആഭാസശൃംഗാരശ്ലോകങ്ങൾ എഴുതി കവിതയേയും, കാവ്യത്തേയും ദൂഷിപ്പിച്ചിരിക്കുന്നതു നമുക്കു കാണാവുന്നതാകുന്നു. അടുത്തകാലത്തു പ്രണയവിഷയമായി കവിത എഴുതിയിട്ടുള്ള മഹാകവികളിൽ പരേതനായ ശ്രീമാൻ കുമാരനാശാൻ അവർകൾ സർവ്വഥാ പ്രഥമഗണനീയനാകുന്നു. ആ മഹാകവിയുടെ വിശാലഹൃദയം സ്നേഹമകരന്ദംകൊണ്ടു പരിപൂർണ്ണമായ ഒരു കനകകുസുമമായിരുന്നു. അനശ്വരമായ അതിൻെറ സൗരഭ്യം മലയാളസാഹിത്യലോകത്തിൽ എന്നും നിലനില്ക്കുന്നതാണ്. അതിൻെറ ഉത്തേജകവും പരിശുദ്ധവുമായ മധു ആസ്വദിക്കുന്ന മഹാനുഭാവന്മാരായ സഹൃദയന്മാർക്ക് എന്നും ആനന്ദലഹരി അനുഭവിക്കുകയും ചെയ്യാം.

കുമാരനാശാന് സ്നേഹത്തേക്കുറിച്ചുള്ള അഭിപ്രായവും, അതിലുള്ള വിശ്വാസവും അത്യന്തം ഉൽകൃഷ്ടവും, ദൃഢവും ആയിരുന്നു. എന്നാൽ കാളിദാസനേപ്പോലെ വൃക്ഷലതാദികളിലും, പക്ഷിമൃഗാദികളിലും ഈ സ്നേഹവികാരത്തിൻെറ വ്യാപാരത്തെ ദൃഷ്ടാന്തരൂപേണ കാണിച്ച് സവ്തോമുഖമായി പ്രതിപാദിക്കുന്നതിന് കുമാരനാശാൻ യത്നിച്ചിട്ടില്ല. തന്നിമിത്തം 'ദൂരദേശവാസത്തിനായിപ്പോകുന്ന ഈ സഹോദരിയെ നിൻെറ കൊച്ചുശാഖകളാകുന്ന കൈകൾകൊണ്ട് ഒന്ന് ആലിംഗനംചെയ്യണേ'യെന്ന് മുല്ലയോടു യാചിക്കുകയും, അനുധാവനംചെയ്ത കൃഷ്ണമൃഗത്തെ നോക്കി "അച്ഛൻ നിന്നെ നോക്കിക്കൊള്ളും; തിരിച്ചുപോ" എന്നു പറഞ്ഞു കരയുകയും, "മാൻപേട സുഖമായി പ്രസവിച്ചാൽ ആ വിവരം എന്നെ ഗ്രഹിപ്പിക്കുന്നതിന് ഒരാളെ അയയ്ക്കണമേ" എന്നു താതനോടു് അപേക്ഷിക്കുകയും മററും ചെയ്യുന്ന ഒരു ശകുന്തളയേയും, "കാന്തൻെറമെയ്ചാരി കൊമ്പിലിടത്തുകണ്ണുരസുമാമാൻപേട"യെയും ആശാൻെറ കവിതകളിൽ കാണ്മാൻ സാധിക്കുകയില്ല. സ്ത്രീപുരുഷന്മാരെ അവലംബിച്ച് യൗവ്വനം, സൗന്ദര്യം മുതലായ ഉദ്ദീപനങ്ങളാൽ സഹായിക്കപ്പെട്ടു വളന്ന്, മനുഷ്യഹൃദയത്തിൽ കത്തിക്കാളുന്ന പ്രണയദീപമാണ് പലപ്പോഴും അദ്ദേഹത്തിൻെറ കവിതാവിഷയം. ആ ദീപം പരഹൃദയത്തെ കൊളുത്തുകയും ലോകത്തെ ദീപ്രമാക്കുകയും ചെയ്യുന്നു.

സ്ത്രീപുരുഷന്മാരെ അവലംബിച്ച് ഉണ്ടാകാവുന്ന സ്നേഹത്തിന് രാഗം, പ്രേമം, പ്രണയം എന്നു മൂന്ന് അവസ്ഥാഭേദങ്ങൾ ഉണ്ടെന്ന് ശാസ്ത്രവും, അനുഭവവും പ്രത്യക്ഷപ്പെടുത്തുന്നു. സ്വസുഖത്തിനുവേണ്ടി സ്ത്രീപുരുഷന്മാർ അന്യോന്യം സ്വാധീനത്തിൽ വന്നുചേരണമെന്ന് ആഗ്രഹിക്കുന്ന സ്വാത്ഥപരമായ ഒരഭിലാഷമാകുന്നു രാഗം. സ്വസുഖത്തെ ബലികഴിച്ചും, പരസുഖത്തെ വദ്ധിപ്പിക്കണമെന്ന് സ്ത്രീപുരു

ഷന്മാക്കു് അന്യോന്യം ഉണ്ടാകുന്ന ഒരു വിചാരവിശേഷമാകുന്നു പ്രേമം. സ്ത്രീപുരുഷന്മാരുടെ ആത്മാവു് ദാമ്പത്യജീവിതംകൊണ്ടു് ഏകീഭവിച്ചു് ഒരാൾക്കു് മറെറാരാളെ തന്നിൽനിന്നും വിഭിന്നമായി വിചാരിക്കാൻ സാധിക്കാത്തവിധത്തിലുള്ള ഒരു സ്നേഹവിശേഷമാകുന്നു പ്രണയം. സാധാരണ കവികൾ ദാമ്പത്യജീവിതത്തിലുള്ള ഈ ദശാവിശേഷങ്ങളെ പ്രത്യേകം വിഭജിച്ചു കാണിക്കുവാൻ ശ്രദ്ധിക്കാറില്ല. അവർ മിക്കവാറും രാഗാലാപനംകൊണ്ടു കഥ അവസാനിപ്പിക്കുന്നതായിട്ടാണു് കണ്ടുവരുന്നതു്. പരിമിതമെങ്കിലും സുദീർഘമായ ഈ മാർഗ്ഗത്തിൽതന്നെയാണു് കുമാരനാശാൻെറ കവിതയും സഞ്ചരിക്കുന്നതു്.

ആശാൻെറ നളിനി ആശാഭംഗപ്പെട്ട ഒരു അനുരാഗകഥയാണു്. 'കോരകത്തിൽ മധുവെന്നപോലെയുൾത്താരിൽ' പ്രണയമാർന്നിരുന്ന ഒരു നായികയുടെ യഥാർത്ഥ മനഃസ്ഥിതി നായകൻ മനസ്സിലാക്കാതിരുന്നതുനിമിത്തം അവർ അകാലമരണത്തെ പ്രാപിക്കുന്നതായിട്ടാണു് ഇതിൽ കാണുന്നതു്. ഇതിലെ നായികയായ നളിനി അഭിലാഷവിപ്രലംഭത്തിൻെറ ചക്ഷുഃപ്രീതി, മനസ്സംഗം, സങ്കല്പം, ജാഗരം, കാർശ്യം, വിഷയവൈമുഖ്യം, ലജ്ജാനാശം, ഉന്മാദം, മൂർച്ഛ, മരണം എന്നി പത്തവസ്ഥാഭേദങ്ങളിലുംക്കൂടി കടന്നുപോയിട്ടു് താൻ വളരെ പ്രയാസപ്പെട്ടു വഹിച്ചിരുന്ന അനശ്വരമായ സ്നേഹത്തെ നായകനായ ദിവാകരൻെറ ഹൃദയത്തിൽ നിക്ഷേപിച്ചു ശാന്തിപദത്തെ പ്രാപിക്കുന്നു.

നായികയുടെ ഈ സ്നേഹം, അല്ലെങ്കിൽ അനുരാഗം ചക്ഷുഃപ്രീതിയിൽനിന്നും ഉദ്ഭവിക്കുന്നതാണെങ്കിലും, ആ ചക്ഷുഃപ്രീതി സ്കോട്ടിൻേറയും മററും ചില നായികമാരെപ്പോലെ ഒരു ദൂരദർശനംകൊണ്ടു പെട്ടെന്നു് ഉണ്ടാകുന്നതല്ല. ബാല്യംമുതൽ ഒരുമിച്ചു വസിച്ചും, ഒരുമിച്ചു പഠിച്ചും, ഒരു

മിച്ചു കളിച്ചും വളൎന്നുവന്ന നായികാനായകന്മാരുടെ ഹൃദയത്തിൽ മുളച്ചു തഴച്ചതും, ദൈവവൈപരീത്യംകൊണ്ടു ശിഥിലീഭവിച്ചു വിഭിന്നഗതിയെ പ്രാപിച്ചതുമായ ഒരു അനുരാഗകഥയേയാണു് കവി ഇവിടെ വൎണ്ണിക്കുന്നതു്. നളിനിയെന്നും, ദിവാകരനെന്നും നായികാനായകന്മാൎക്കു കൊടുത്തിട്ടുള്ള നാമധേയങ്ങൾകൊണ്ടു പ്രകൃത്യാതന്നെ ഇവൎക്കുണ്ടാകാവുന്ന മനഃസ്ഥിതിയെ ചൂണ്ടിക്കാണിച്ചിട്ടു് കവി, നായകൻ "ഉൽഫുല്ലബാലരവിപോലെ കാന്തിമാൻ" ആണെന്നും, നായിക "ഉഷസ്സന്ധ്യപോലെ ബന്ധുരാംഗരുചി"യാണെന്നുംപറഞ്ഞു് ആ അഭിപ്രായത്തെ ഒന്നുകൂടി പ്രബലപ്പെടുത്തി. അവരുടെ കൎമ്മവാസനാവൈഭവവും ഒന്നുതന്നെയാണെന്നു് അവസാനത്തിൽ നായകനെക്കൊണ്ടു കവി പറയിപ്പിക്കുന്നു.

"ഉണ്ടു കൗതുകമുരയ്ക്കിൽ നാടതിൽ-
പ്പണ്ടിരുന്നതുമകന്നു കാടിതിൽ
കണ്ടുമുട്ടിയതുമെന്നുമല്ല, നാം
രണ്ടുപേരുമൊരു വൃത്തിയാൎന്നതും"

9627

ഇപ്രകാരം ജന്മാന്തരാൎജ്ജിത സുകൃതവൈഭവംകൊണ്ടു് ഇഹജീവിതത്തിൽ വാസനാരൂപമായി പരിണമിച്ചു പരിശോഭിക്കുന്ന സ്നേഹം എത്ര ഗാഢമായിരിക്കുമെന്നു വായനക്കാൎക്കു മതിയായ ഊഹം നൽകിയതിനുശേഷം കാവ്യത്തിന്റെ നിൎവ്വഹണത്തിൽ ആ സ്നേഹം അനശ്വരമാണെന്നും പ്രാപഞ്ചികവ്യവഹാരങ്ങളിൽനിന്നും വിരമിച്ചു് സാത്വികഗുണത്തെ മാത്രം അവലംബിച്ചുനില്ക്കുന്ന അവസ്ഥയിലും അതു് വൎദ്ധിച്ചുവരുന്നതാണെന്നും കാണിച്ചു് അവസാനത്തിലെ അന്ധകാരമയമായ ആശാഭംഗത്തേയും കവി പ്രകാശസംമിശ്രമാക്കിത്തീൎക്കുന്നു.

കാവ്യത്തിന്റെ പ്രാരംഭം നായികാനായകന്മാർ അവസാനമായി കണ്ടുമുട്ടുന്ന ഒരു പ്രഭാതശോഭിതമായ വനാ

ന്ധാരത്തിൽ ആണ്. അവിടെവച്ച് പൂർവ്വസ്മരണയിൽനിന്നും നായിക വിവരിക്കുന്നു.

"ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
വെച്ചു മല്ലികയറുത്തിരുന്നതും
മെച്ചമാന്ന ചെറുമാല കെട്ടിയെൻ
കൊച്ചുവാർമുടിയിലങ്ങണിഞ്ഞതും;

എണ്ണിടുന്നൊളിവിൽ വന്നു പിഢയാം-
വണ്ണമെൻ മിഴികൾ പൊത്തിയെന്നതും
തിണ്ണമങ്ങതിൽ വലഞ്ഞു കേഴുമെൻ
കണ്ണുനീരു കനിവാൽ തുടച്ചതും"—

മററുമായ നായകൻെറ അനുരാഗചാപല്യകഥയിൽനിന്നും അവരുടെ പരസ്പരാനുരാഗം വിരഹദശയിൽ ഒന്നുരണ്ടുപടി (ചക്ഷുഃപ്രീതി,മനസ്സംഗം) കടന്നിട്ടുണ്ടെന്നു മനസ്സിലാക്കാൻ സാധിക്കുന്നതാണ്. കമ്മവാസനകൊണ്ടും, രാഗബന്ധംകൊണ്ടും ഈദശയെ പ്രാപിച്ച നളിനി പിതാവിൻെറ ആജ്ഞാനുസരണം മറെറാരു ഭത്താവിനെ സ്വീകരിക്കുന്നതിനേക്കാൾ ആത്മഹത്യയാണു സ്തുത്യഹമെന്നു വിചാരിച്ചതിൽ യാതൊരു അസാംഗത്യവുമില്ല. വിധിവൈഭവംകൊണ്ട് ആ സാഹസത്തിൽ നിന്നും രക്ഷപ്പെട്ടതിനുശേഷം,

"പഞ്ചവൃത്തികളടക്കിയനഘം
നെഞ്ചുവച്ചുരുതപോമയം ധനം
സഞ്ചയിപ്പതിനു ഞാൻ തുടങ്ങി പി-
ന്നഞ്ചുവട്ടമിഹ പൂത്തു കാനനം.

സന്യസിച്ചുളവുമാസ്ഥയാ ഭവാൻ-
തന്നെയോത്തിഹ തപസ്സിൽ വാണു ഞാൻ"

എന്നു നളിനി പറയുന്നതിൽനിന്നും കഴിഞ്ഞ അഞ്ചു കൊല്ലത്തിലെ തന്റെ തപശ്ചര്യ്യക്കിടയിലും അവൾ സങ്കല്പജാഗരങ്ങളെക്കൊണ്ടുതന്നെ ദിവസങ്ങൾ കഴിച്ചുപോന്നെന്നു മനസ്സിലാക്കാം. പ്രഭാതത്തിൽ സ്നാനപരിശുദ്ധയായെങ്കിലും നിത്യകർമ്മാനുഷ്ഠാനങ്ങളിൽപോലും വിമുഖിയായിട്ട് ഉദയസൂര്യ്യന്റെ കിരണസമ്മേളനംകൊണ്ട് അല്പാല്പം വിടർന്നും മന്ദമാരുതകരപരിലാളനംകൊണ്ട് ചാഞ്ചാടിയും നില്ക്കുന്ന താമരപ്പൂക്കളെക്കൊണ്ടു നിറഞ്ഞ പൊയ്കയെക്കണ്ടു വികാരപരവശയായി അവൾ ഇപ്രകാരം ഗാനംചെയ്യുന്നു.

“സ്വാമിയാം രവിയെ നോക്കിനില്ക്കുമെൻ-
താമരേ, തരളവായുവേററു നീ
ആമയം തടവിടായ്ക, തൽക്കര-
സ്തോമമുണ്ടു തിരിയുന്ന ദിക്കിലും

സന്തതം മിഹിരനാത്മശോഭയും
സ്വന്തമാം മധു കൊതിച്ചവണ്ടിനും
ചന്തമാർന്നുളി നില്ക്കുമോമലേ,
ഹന്ത! ധന്യമിഹ നിന്റെ ജീവിതം”

ഇതിൽ താമരയെ സമാധാനപ്പെടുത്തുന്ന ഒന്നാമത്തെ ശ്ലോകത്തിൽ അനവരത വിരഹദുഃഖമനുഭവിക്കുന്ന തന്റെ സ്ഥിതി എത്രയോ അധികം പരിതാപകരമാണെന്നും, രണ്ടാമത്തെ ശ്ലോകത്തിൽ സൗന്ദര്യ്യം ഭർത്താവിനും, സൽഗുണം ബന്ധുക്കൾക്കും അനുഭവക്ഷമമാക്കിച്ചെയ്യുന്ന സ്ത്രീകൾ ഭാഗ്യവതികളാണെന്നും വ്യഞ്ജിപ്പിക്കുന്നതുകൊണ്ടു തന്റെ ദുർഭാഗ്യം എത്ര ഭയങ്കരമാണെന്നും നായിക പറയുന്നതിനോടുകൂടി സന്നിഹിതമായ ഭർതൃസന്ദർശനത്തേയും, അടുത്ത മുഹൂർത്തത്തിൽ ആത്മാവിനെ പരബ്രഹ്മത്തിലും, സ്നേഹത്തെ ഒരുകാലത്ത് തന്നിൽ അനുരക്തനായിരുന്ന ഭർത്താവിലും

സമപ്പിച്ച് ഇഹലോകവാസം കൈവിട്ട് താനും ധന്യപദം പ്രാപിക്കാൻപോകുന്ന സംഗതിയേയും "ഇളകാ വിധിപോലെ" മങ്ങിയും മറഞ്ഞും അവളെ പിൻതുടരുന്ന കമ്മവാസനകൊണ്ടു ബദ്ധയായപോലെ അവൾ ചൂണ്ടിക്കാണിക്കുന്നു. സന്യാസി നായികയെ കാണുന്നക്ഷണത്തിൽ,

"ഹാ കൃശാ തരുതലത്തിലിന്ദുവി-
ന്നോകരശ്മിയതുപോലെയാരിവൾ?"

എന്നു സംശയിക്കുന്നതുകൊണ്ടു് ആൾ കണ്ടാലറിയാത്തവിധം കാശ്യം എന്ന അവസ്ഥയേയും അവൾ പ്രാപിച്ചിരുന്നുവെന്നു് ഊഹിക്കാം. ഇങ്ങനെ സ്വകമിതാവിൻെറ അവസാനസന്ദശ്നസമയത്തിൽ അവൾ അഭിലാഷവിപ്രലംഭത്തിൻെറ ആറു ദശാഭേദങ്ങളിൽക്കൂടി കടന്നുകഴിഞ്ഞിരുന്നു.

ദശ്നമാത്രയിൽ അവൾ സന്യാസിയുടെ പാദത്തിങ്കൽ മുട്ടഹേമയഷ്ടിപോലെ സുന്ദരവും, മൃദുലവും, ജഡവുമായ ദേഹത്തെ പതിപ്പിച്ചു. നളിനിയുടെ തൽക്കാലസംതൃപ്തിയെ കവി ഇപ്രകാരം വണ്ണിക്കുന്നു.

"ഒററയായിടകുരുങ്ങി വാച്ച തൻ-
കററവാർകുഴലു തല്പദങ്ങളിൽ
ഉററരാഗമൊടടിഞ്ഞു കാണ്കെയാൽ
മുററുമോത്തു കൃതകൃത്യയെന്നവൾ"

കാമിനീകാമുകന്മാരുടെ പരസ്പരസ്പശം അവക്കു സുഖകരം തന്നെയാണു്. എന്നാൽ അതു് ത്വഗിന്ദ്രിയത്തെ വിട്ടു നഖശിഖാദികളിലായാൽ ആ സ്പശസുഖം അനുഭവിക്കാൻ സാധിക്കുന്നതല്ല. ഇവിടെ നായികയുടെ കേശമാത്രത്താൽ നായകപാദങ്ങളെ സ്പശിക്കുന്നതിനു് ഇടയായതുപോലും അ

വളെ കൃതകൃത്യയാക്കുന്നു. ഇതിലധികം അവളുടെ മനഃസ്ഥിതിയെ എങ്ങനെയാണു വ്യക്തമാക്കുന്നതു്?

നളിനി സ്വവൃത്താന്തം പറഞ്ഞുകേൾപ്പിച്ചു നായകനു തന്നിൽ ദയ തോന്നിക്കുന്നതിനു പരിശ്രമിച്ചെങ്കിലും പ്രാപഞ്ചികവ്യവഹാരങ്ങളിൽ നിന്നു മിക്കവാറും വിമുക്തനായ ആ യോഗി അതുകൊണ്ടൊന്നുമിളകാതെ അല്പം വേദാന്തസാരവും പറഞ്ഞുകേൾപ്പിച്ചു് അവിടെനിന്നു നിഷ്ക്രമിക്കുന്നതിനു സന്നദ്ധനായി.

"കാട്ടിലങ്ങൊരു മഹാനുഭാവതൻ-
കൂട്ടിലായ് ഭവതി, ഭാഗ്യമായി, ഞാൻ
പോട്ടെ, ശാന്തി, വിധി യോഗമിന്നിയും
കൂട്ടിയാകിലഥ കാൺകയാം ശുഭേ!"

സന്ന്യാസിയുടെ ഈ വാക്കുകൾ നളിനിയുടെ മർമ്മങ്ങളെ ഭേദിച്ചു. അവൾ തൽക്ഷണം "ലജ്ജാനാശ"മെന്നുള്ള അടുത്ത അവസ്ഥയെ പ്രാപിച്ചു.

"എൻെറയേകധനമങ്ങു, ജീവനങ്ങെൻെറ ഭോഗമതുമെൻെറ മോക്ഷവും
എൻെറയീശ, ദൃഢമിപ്പദാംബുജ-
ത്തിൻെറ സീമ യിതുപോകിലില്ല ഞാൻ"

എന്നുപറഞ്ഞു് ഉദ്വേഗത്തോടുകൂടി സന്ന്യാസിയുടെ കാലിൽ കടന്നുപിടിച്ചു. സന്ന്യാസിയാകട്ടെ,

"പാവനാംഗി, പരിശുദ്ധസൗഹൃദം
നീ വഹിപ്പതതിലോഭനീയമാം;
ഭാവിയാക്കുതു ചിതാശവങ്ങളിൽ
പൂവുപോലശുഭനശ്വരങ്ങളിൽ"

എന്നുപദേശിച്ചു വീണ്ടും പിന്മാറുകയാണു ചെയ്തതു്. ഈ ആശാഭംഗം സഹിക്കുന്നതിനുള്ള ശക്തി നളിനിക്കുണ്ടായില്ല. അവൾ മൂർച്ഛിച്ചു. നിലത്തു പതിക്കുവാൻ പോയ അവളുടെ ദേഹത്തെ സന്യാസി സ്വഹസ്തങ്ങളിൽ സ്വീകരിച്ചു. ഉടൻതന്നെ അവൾ "ചരമമേഘവൃഷ്ടിപോൽ" കണ്ണുനീർ പൊഴിച്ചു. അപ്പോൾതന്നെ,

"ഓമലാൾമുഖമതിന്നു നിർഗ്ഗമി-
'ച്ചോ'മിതി ശ്രുതിനിഗുഢവൈഖരി;
ധാമമൊന്നുടനുയർന്നു മിന്നൽപോൽ
വ്യോമമണ്ഡലമണഞ്ഞു മാഞ്ഞിതേ"

ചരമമേഘവൃഷ്ടിക്കുശേഷം ജീവജ്യോതിസ്സ് മിന്നൽപോലെ ഉയന്നു് ആകാശമണ്ഡലത്തിൽ ലയിക്കുകയും സന്യാസിയേയും ലോകത്തേയും അന്ധകാരമയമായ ആശാഭംഗത്തിലും അത്ഭുതത്തിലും നിമഗ്നമാക്കുകയും ചെയ്തു. നളിനിയുടെ ജീവിതംകൊണ്ടു സാധിക്കാത്ത സംഗതി അവൾ മരണംകൊണ്ടു സാധിച്ചു. വിഷയവിമുഖനായ ആ സന്യാസിയുടെ ശുഷ്കഹൃദയത്തിലും അവൾ പ്രണയപ്രദീപം കൊളുത്തി. ജീവശക്തികൾ എണ്ണപോലെ അവസാനിച്ചു. ദേഹം തിരിപോലെ നിഷ്പ്രയോജനമായി. ആത്മാവു ജ്വാലപോലെ അന്തർദ്ധാനം ചെയ്തു. പ്രണയദീപം കെട്ടു. എന്നാൽ അതിൻെറ പ്രഭാപൂരം ഇനിയും നിലനില്ക്കുന്നു.

കാവ്യവിഷയം, ബന്ധനരീതി, ആദർശശുദ്ധി മുതലായവയിൽ കുമാരനാശാനുതന്നെയും ഇതിലധികം ഉയരുന്നതിനു സാധിച്ചിട്ടില്ല. ഇവിടെ അദ്ദേഹം ഗരുഡനെപ്പോലെ തൻെറ ദിവ്യവാസനാപക്ഷങ്ങൾ വീശി ലോകാലോകങ്ങളെ അവലോകനംചെയ്തു് ആകാശത്തിൽ വളരെ ഉയരത്തിൽ സഞ്ചരിക്കുകയും, മനോഹരക്രൂജനംകൊണ്ടു മനുഷ്യഹൃദയത്തിൽ അമൃതസേചനം ചെയ്യുകയും ചെയ്യുന്നു.

ആശാൻെറ കവിതാരീതിയെപ്പററി ചിന്തിക്കുന്ന യാതൊരാൾക്കും നളിനിയെ വിസ്മരിക്കാൻ സാധിക്കുകയില്ല. അദ്ദേഹത്തിൻെറ കവിത എപ്പോഴും വ്യങ്ഗ്യപ്രധാനമാണു്. നളിനിയുടെ ഏകാന്തഗാനത്തിൽ അന്തർഭവിച്ചിരിക്കുന്ന ആശയത്തിൻെറ വ്യങ്ഗ്യഭംഗി നാം അന്യത്ര പ്രസ്താവിച്ചു കഴിഞ്ഞു. ലേഖനദൈർഘ്യത്തിൽ ഭയന്നു് ആ വിഷയത്തിലേയ്ക്കു് ഇനിയും ഞാൻ പ്രവേശിക്കുന്നില്ല. ഹൃദയംഗമങ്ങളായ ചില അലങ്കാരഭംഗികളെക്കൂടി എടുത്തു കാണിച്ചുകൊള്ളട്ടെ. നളിനിയുടെ ശ്രവണമനോഹരമായ ഗാനം കേട്ടപ്പോൾ വനത്തിൽ ഉണ്ടായ അവസ്ഥ നോക്കുക.

'ഹാ! വിശിഷ്ടമൃദുഗാനമിന്നി നീ
ക്രൂവിടായ്ക കുയിലേ, യനക്ഷരം,
ഏവമോതിയലയും മരങ്ങൾതൻ-
പൂവെഴും തല തളിർത്തശാഖയും'

അത്യന്തം സരസമായ ഒരു ഉൽപ്രേക്ഷയാണു് ഇതു്. ഇതിലെ 'അനക്ഷരം' എന്ന പ്രയോഗമാണു നമ്മെ ആദ്യമായി ആകർഷിക്കുന്നതു്. കുയിലിൻെറ ഗാനം അക്ഷരരഹിതമാണു്. അതുകൊണ്ടു നളിനിയുടെ വൈഖരീവിലാസത്തെ ജയിക്കുന്നതിനു് അതിനു ശക്തിയില്ല. അനക്ഷരത്തിനു തെററു് എന്നും അർത്ഥമുണ്ടല്ലൊ. സ്വരങ്ങളുടെ ആരോഹണാവരോഹണങ്ങളും രാഗങ്ങളിൽ ചില സ്വരങ്ങൾക്കു മാത്രം പ്രാധാന്യം കൊടുക്കുന്ന സമ്പ്രദായവും ബാല്യകാലത്തിൽ നല്ലവണ്ണം അഭ്യസിച്ചു ശീലിച്ചിട്ടുള്ള നളിനിയുടെ കണ്ഠത്തിൽനിന്നും വികാരപാരവശ്യത്തോടുകൂടി പുറപ്പെടുന്ന മനോഹരമായ ഗാനത്തിൻെറ സാന്നിദ്ധ്യത്തിൽ കുയിലിൻെറ ശബ്ദം ഒരുതരം അപസ്വരമായി തോന്നുന്നതു നിമിത്തം അതു തെററുതന്നെയാണു്. ഉത്തരാർദ്ധത്തിൽ,

'ഏവമോതിയലയും മരങ്ങൾതൻ
പൂവെഴും തല തളിർത്ത ശാഖയും' എന്ന ഭാഗത്തിൽ കാണുന്ന ഓതി എന്നുള്ള ക്രിയ തലയ്ക്കും, ശാഖയ്ക്കും ചേക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇവ രണ്ടും ഒരേസംഗതിയല്ല ഓതിയതു്. 'മരങ്ങൾതൻപൂവെഴുംതല' കാററിൽ ഉലയുന്നതുകണ്ടാൽ അതു് 'ഹാ വിശിഷ്ടമൃദുഗാനം' എന്നു് തലകുലുക്കി സമ്മതിക്കുകയായിരുന്നു. പൂവെഴുംതല എന്നു പറഞ്ഞതുകൊണ്ടു വൃക്ഷങ്ങൾ ശൃംഗാരപ്രിയന്മാരും അനുഭവരസികന്മാരുംകൂടിയാണെന്നു സൂചിപ്പിക്കുന്നു. ഗാനത്തെ അഭിനന്ദിക്കുന്നതിനുള്ള അഹ്ത നിശ്ചയമായും അവക്കു് ഉണ്ടു്. ഇനി തളിർത്ത ശാഖകൾ എന്താണു ചെയ്തതു്. അവയാണു കുയിലിനോടു് 'അനക്ഷരം കൂവിടായ്ക' എന്നു വിലക്കിയതു്. ഹൃദയംഗമമായ ഒരു ഗാനം കേട്ടുകൊണ്ടിരിക്കുമ്പോൾ മറെറാരു സ്ഥലത്തുനിന്നും ഒരു അപസ്വരം പുറപ്പെട്ടാൽ ഒരു സഹൃദയനുണ്ടാകുന്ന അനുഭവമാണു് ഇവിടെ വൃക്ഷങ്ങൾക്കുണ്ടാകുന്നതു്. ഗാനത്തിൻെറ മനോഹരതയിൽ തലയാട്ടി രസിക്കുന്നു. ശ്രവണശല്യമായ അപസ്വരത്തെ കൈകൾകൊണ്ടു് അരുതു് എന്നു നിഷേധിക്കുകയും ചെയ്യുന്നു. തളിർത്ത എന്ന പദത്തിൻെറ പ്രയോഗം കൈകളുടെ അരുണവണ്ണത്തെ സൂചിപ്പിക്കുന്നതിനാണു്. നോക്കു, എത്ര ഹൃദയംഗമമായ ഉൽപ്രേക്ഷയാണു് ഇതെന്നു്! ഇതുപോലെയുള്ള ഉൽപ്രേക്ഷകൾ പ്രസ്തുത ഗ്രന്ഥത്തിൽ വേറെയും ധാരാളമുണ്ടു്. പക്ഷെ അവയെ ഉദ്ധരിച്ചു വ്യാഖ്യാതാവിൻെറ ഭാരം ഞാൻ ചുമക്കാൻ വിചാരിക്കുന്നില്ല.

അപ്രതക്യമായ ഒരു സംഗതികൂടെ പറഞ്ഞു് ഇപ്പോൾ തന്നെ ദീർഘമായ ഈ ലേഖനം അവസാനിപ്പിക്കട്ടെ. വരാൻപോകുന്ന സംഭവങ്ങൾ അവയുടെ നിഴലുകളെ മുൻകൂട്ടി സമപ്പിക്കുന്നുവെന്നു ചിലർ വിശ്വസിക്കുന്നു. സത്യസ്വരൂപവും, നിമ്മലവുമായ ഒരു ഹൃദയത്തിൽ അതു കണ്ണാടി

PRESENTED BY:
SRI M. K. VASUDEVAN NAIR

യിലെന്നപോലെ പ്രതിഫലിച്ചെന്നും വന്നേയ്ക്കാം. എങ്കിലും മനുഷ്യന്റെ ബുദ്ധിശക്തി അത്യന്തം പരിമിതമായതുകൊണ്ട് അവയുടെ സാരം ഗ്രഹിക്കുന്നതിന് അതു തുലോം അസമർത്ഥമായിത്തന്നെയിരിക്കും. എന്നിട്ടും ചില സമയങ്ങളിൽ ധ്രുവനക്ഷത്രംപോലെ അതിദൂരത്തിൽ അതു മങ്ങിമങ്ങി പ്രകാശിക്കുകയും, മനുഷ്യന്റെ വാക്കുകളേയും, പ്രവൃത്തികളേയും, അങ്ങോട്ടുതന്നെ ആകർഷിക്കുകയും ചെയ്യേക്കാം. ഹൃദയാകാശത്തിൽ ഉദിക്കുന്ന അതികൃശമായ ജ്യോതിഷ്കണികയെ കണ്ടുപിടിച്ച് വചോമാർഗ്ഗമായി പുറത്തേയ്ക്കുദ്ഗമിപ്പിക്കുന്ന ചിന്താശീലന്മാരായ പല കവികളും ഇപ്രകാരം അവരുടെ അന്ത്യദശയെ ചൂണ്ടിക്കാണിച്ച് 'അറം' എന്നുള്ള ദോഷത്തിന്നടിമപ്പെട്ടിട്ടുള്ളതായി കേരളത്തിൽ പല ഐതിഹ്യങ്ങളും നിലനിന്നുവരുന്നുണ്ട്. കർമ്മശക്തിയിൽ വിശ്വാസമുള്ളവനും, നിർമ്മലഹൃദയനും, വിചാരശീലനും, മഹാകവിയുമായ കുമാരനാശാൻ അവർകളും കേരളീയർക്കാകമാനം സന്താപകരമായ അദ്ദേഹത്തിന്റെ ചരമത്തെ ജന്മവാസനയുടെ പ്രേരണകൊണ്ട് ഒന്നിലധികം കാവ്യങ്ങളിൽ ചൂണ്ടിക്കാണിച്ചുവെന്നു വിശ്വസിക്കരുതോ? 'ദുരവസ്ഥ'യിൽ ഒരുഭാഗത്തു ഇപ്രകാരം കാണുന്നു.

"എന്തുചെയ്യേണ്ടതെങ്ങോട്ടു പോകേണ്ടതീ-
യന്ധകൂപത്തിലടിഞ്ഞതഹോ ഞാൻ

അന്തമില്ലാതുള്ളോരാഴത്തിലേയ്ക്കിതാ
ഹന്ത, താഴുന്നു താഴുന്നു, കഷ്ടം!

പിന്തുണയും പിടിയും കാണാതുൾഭയം
ചിന്തി ദുസ്സ്വപ്നത്തിലെന്നപോലെ

പൊന്താനുഴറുന്നു കാൽനില്ക്കുന്നില്ലെന്റെ
ചിന്തേ, ചിറകുകൾ നൽകണേ നീ"

ഇതുപോലെതന്നെ 'കരുണ'യിലും, 'ചിന്താവിഷ്ടയായ സീത'യിലുംക്രുടി കാണുന്നുണ്ട്. 'ലീല'യിൽ നായകനും നായികയും നദിയിൽ ചാടി മരിക്കുന്നു. നളിനി വെള്ളത്തിൽ ചാടി മരിക്കാൻ ഭാവിക്കുന്നു. ഇങ്ങനെ അദ്ദേഹത്തിൻെറ കാവ്യകഥകളിൽ പലതിലും പ്രതിബിംബിച്ചുകാണുന്നതു ജന്മാന്തരകമ്മവാസനാഫലത്തിൻെറ അവ്യക്തച്ഛായതന്നെയല്ലയോ?

നളിനി മലയാളസാഹിത്യത്തിലെന്നപോലെ കുമാരനാശാൻെറ കവിതകളിലും ഒരു പ്രധാനസ്ഥാനം അഹിക്കുന്നു. ആശാൻെറ ഭാഷാരീതി പ്രായേണ ക്ലിഷ്ടമാണെന്നും അദ്ദേഹത്തിൻെറ കവിതകളിൽ ആലങ്കാരികന്മാർ കാവ്യദോഷങ്ങളായി പറഞ്ഞിട്ടുള്ളവ സകലതും കണ്ടുമുട്ടാൻ സാധിക്കുമെന്നും പലക്കും അഭിപ്രായം ഉണ്ടു്. നളിനിയിലും അപ്രകാരമുള്ള പലതും ഉണ്ടായിരിക്കാം. എന്നാൽ ആ മനോഹര കാവ്യം വായിച്ചു മതിമറന്നു രസിച്ചതിനുശേഷം ആവക ദോഷങ്ങളെപ്പററി ചിന്തിക്കുന്നതു്, ഒരു ഒന്നാംതരം സദ്യ വയറു നറച്ചു് ഉണ്ടതിനുശേഷം അതിനെപ്പററി ദുഷിക്കുന്നതിനു തുല്യമാണു്.

തന്നതില്ല പരനുള്ളുകാട്ടുവാ-
നൊന്നുമേ നരനുപായമീശ്വരൻ;
ഇന്നു ഭാഷയതപൂണ്ണമിങ്ങഹോ
വന്നുപോം പിഴയുമത്ഥശങ്കയാൽ.

എന്നു നളിനിയിൽ കാണുന്ന ശ്ലോകം കവി തൻെറ കവിതയെപ്പററി ചെയ്യുന്ന വിനയപൂവ്വമായ ഒരു വിമശ്നമാണെന്നു ധരിച്ചാൽ മതി.

# ലീല.

(എൻ. ഗോപാലപിള്ള, എം. എ.)

ഒരുമിച്ചു കളിച്ചുവളൎന്ന ഒരു പെൺകുട്ടിയും ആൺകുട്ടിയും, ലീലയും മദനനും. ബാലികയ്ക്കു നവയൗവനം വന്നു നാൾതോറും വളരുന്ന കാലമായി. അവളുടെ കുബേരനായ പിതാവു് സ്വഹിതാനുസരം അവളെ ഒരു ധനികയുവാവിനെക്കൊണ്ടു വിവാഹം ചെയ്യിക്കുന്നു. അവളോ? ഭൎത്താവിൽ മനസ്സിണങ്ങാതെ ബാല്യസ്നേഹം അനുധ്യാനം ചെയ്തു നിൎവിണ്ണയായി കഴിയുന്നു. ഭൎത്താവു് അകാലചരമം അടയുന്നു. ആ യുവവിധവ സ്വഗൃഹത്തിൽ തിരിച്ചെത്തുമ്പോൾ മാതാപിതാക്കന്മാരുടെ മരണവാൎത്ത അറിയുന്നു. ബാല്യമിത്രമായ മദനൻ ലീലാവിവാഹവാൎത്ത കേട്ടു വിദീൎണ്ണഹൃദയനായി നാടുവിട്ടു പോയതായി മനസ്സിലാക്കുന്നു. അയാളെ അന്വേഷിക്കാൻ അവൾ സ്വസഖിയെ നിയോഗിക്കുന്നു. അവളുടെ സഖി നാട്ടിലും നഗരത്തിലും കാട്ടിലും മലയിലും അന്വേഷിച്ചു് ഒടുവിൽ വിന്ധ്യമഹാവനത്തിൽ ലീലാനാമസങ്കീൎത്തനലോലനായി വികലബുദ്ധിയായി ഉഴലുന്ന മദനനെ കണ്ടു മടങ്ങുന്നു. ലീലയും സഖിയുംകൂടി വിന്ധ്യവനത്തിൽ വന്നുചേരുന്നു, വികലേന്ദ്രിയനായ മദനനുമായി ഒരു ക്ഷണികസമാഗമം ഉണ്ടാകുന്നു. അനന്തരക്ഷണത്തിൽ അയാൾ നൎമ്മദാസ്രോതസ്സിൽ ചാടി അന്തൎദ്ധാനം ചെയ്യുന്നു. ലീല അനുഗമിക്കുന്നു. അങ്ങനെ ദുരന്തമായ ആ രാഗോദന്തം അവസിതമാകുന്നു. ഇതാണു് ലീലയിലെ കഥ.

കേവലം ഒരു കഥയെന്ന രീതിയിൽ ഈ കൃതിയ്ക്കു വലിയ വൈശിഷ്ട്യമൊന്നുമില്ലെന്നു സ്പഷ്ടമാണു്. അസ്വാഭാവികത്വം എന്നു സാധാരണ പറയാറുള്ള ദോഷം ഇതിൽ

ആരോപ്യമാണ്. പരോക്ഷമന്മഥമായ ബാല്യദശയിലെ അസ്ഫുടമായ അനുരാഗാങ്കുരം കാലദേശങ്ങളുടെ വ്യവധാനംകൊണ്ടു തിരോഹിതമാകാതെശേഷിക്കുന്നു. അന്യപരിണീതയായിട്ടും പൂർവ്വസ്മരണാകുലയായ ഒരു യുവതിയും ആ വിവാഹവാർത്താശ്രവണത്താൽ ഉന്മത്തപ്രായനാകുന്ന ഒരു യുവാവും, നായികാസഖിയായ ഒരു് അബലയുടെ സുദൂരവ്യാപിയായ നായകാന്വേഷണസഞ്ചരണവും വിന്ധ്യവനാന്തത്തിലെ നായകസമാഗമവും, എന്നിങ്ങനെ പലതും നമ്മുടെ പരിചയപദവിയിൽനിന്നും കുറേ വിദൂരസ്ഥമാണ്. പക്ഷേ, അസ്വാഭാവികങ്ങളായ യഥാർത്ഥസംഭവങ്ങൾ ലോകത്തിൽ വിരളമല്ല. നമ്മുടെ തീവ്രാവധാനത്തെ ആകർഷിക്കുന്ന സംഭവങ്ങളും രംഗങ്ങളും ഏറ്റവും അന്യസാധാരണങ്ങളല്ലല്ലോ. അനന്യസാമാന്യങ്ങളായ രംഗങ്ങളെ സർവ്വസാധാരണമെന്നും സർവ്വസാധാരണങ്ങളെ അനിതരസമാനമെന്നും തോന്നുമാറു പ്രദർശിപ്പിക്കുന്ന ഇന്ദ്രജാലവിദ്യയല്ലേ വിശിഷ്ടമായ കവികർമ്മം. ആ വിദ്യ മഹാകവി കുമാരനാശാൻ മനോഹരമായി പ്രദർശിപ്പിക്കുന്നു.

കവികളുടെ ജീവിതരഹസ്യങ്ങൾ പ്രതിബിംബിക്കുന്ന വിചിത്രദർപ്പണമാണ് അവരുടെ കവിതയെന്നു പാശ്ചാത്യവിമർശകന്മാർ പറയാറുണ്ട്. ആശാൻെറ കവിതകളുടെ അനുക്രമപ്രസക്തി ആലോചിച്ചാൽ ഈ പ്രസ്താവത്തിൻെറ യാഥാർത്ഥ്യം സ്പഷ്ടമാണ്. ചിന്താശീലരായ മഹാനുഭാവന്മാരെ സന്യാസമാർഗ്ഗത്തിലേക്ക് ആനയിച്ചിട്ടുള്ള ലൗകികഭോഗങ്ങളുടെ അസ്ഥിരതയെപ്പററിയുള്ള ബോധമാണ് 'വീണപൂ'വിൽ നാം ദർശിക്കുന്നതു്. പ്രകൃതിസഹജങ്ങളായ കാമനകളെ നിരോധംചെയ്തു നിവൃത്തിമാർഗ്ഗത്തിലേക്കുള്ള പ്രയാണമാണ് 'നളിനി'യിൽ പ്രത്യക്ഷമാകുന്നതു്. ശ്രീനാരായണഗുരുദേവൻെറ ധർമ്മോപദേശങ്ങളിൽ അടിപെട്ടുള്ള ഹൃദയവികാരങ്ങളുടെ ത്രുടനനാദം ഇവിടെ ശ്രാവ്യമാകുന്നുണ്ട്. 'ന

ളിനി'യിലെ കഥാപാത്രങ്ങളുടെ അടുത്ത താണപടിയിൽ എത്തിയിട്ടുള്ള ജീവിതങ്ങളേപ്പററി എന്തെങ്കിലും എഴുതണമെന്നുള്ള ആഗ്രഹത്തിൻെറ ഫലമാണ് 'ലീല' എന്ന് ആശാൻ തന്നെ പറയുന്നുണ്ടെങ്കിലും യഥാത്ഥത്തിൽ നിവൃത്തിപഥത്തിൽനിന്നും ലൗകികവൃത്തിയിലേക്കുള്ള കവിയുടെ അന്തർജീവിതത്തിലെ ക്രമസംക്രമണമാണ് ആ ഇച്ഛയുടെ ബീജമെന്നു തോന്നുന്നു. ബുദ്ധചരിതം, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ എന്നീ കൃതികളിലെല്ലാം ക്രമേണ വികസ്വരമായിവന്ന മതാചാരപരിഷ്കരണങ്ങളിലുള്ള കുതുകമാണ് ദൃശ്യമാകുന്നതു്. ഇങ്ങനെ ഒരു വൈദ്യുതചിത്രനാടകത്തിലെ രംഗപരമ്പരപോലെ ആശാൻെറ അന്തർജീവിതത്തിലെ രംഗപരിപാടി സൂക്ഷ്മദൃഷ്ടിക്കു ഗോചരമാണ്.

പ്രസിദ്ധമായ പുരാണോപാഖ്യാനരീതിയെ അതിലംഘിച്ചു കാവ്യം ആരംഭിക്കുന്നതു് കഥയുടെ മദ്ധ്യഘട്ടം മുതൽക്കാണ്. "ലീല'യിലും 'നളിനി'യിലെപ്പോലെ കഥ അവസാനിക്കാറായ ഒരു ഘട്ടത്തെ ചിത്രീകരിച്ചുകൊണ്ടാണ് കാവ്യം തുടങ്ങുന്നതു്. ആധുനികജീവിതത്തിലെ കൃത്രിമത്തിരക്കുകളിൽ അകപ്പെട്ടു പരിഭ്രമിക്കുന്ന ഉപരിപ്ലവബുദ്ധികളുടെ ശ്രദ്ധയെ ആകഷിക്കുന്നതിനുള്ള ഒരു പകിട്ടുവിദ്യയായിട്ടേ ഈ രീതിയെ കരുതാനുള്ളു. കഥയുടെ ആരംഭംകൊണ്ടുതന്നെ കാവ്യവും തുടങ്ങി ക്രമമായി പൂരിപ്പിക്കുന്ന പഴയ അമ്മൂമ്മസ്സമ്പ്രദായമാണ് വാസ്തവത്തിൽ അധികം സ്വാഭാവികവും ആസ്വാദ്യവുമായിട്ടുള്ളതു്" എന്ന് ആശാൻെറ കവിതയോടു് അതിപക്ഷപാതമുള്ള ഒരു മഹാനായ നിരൂപകൻ പ്രസ്താവിക്കുന്നു. ലോകത്തിൻെറ ഭിന്നരുചിത്വവും പരിചിതപ്രണയവുമാണ് ഈമാതിരി പ്രസ്താവനങ്ങൾക്കു നിദാനം. പരമാത്ഥത്തിൽ കലകൾ എല്ലാംതന്നെ കൃത്രിമങ്ങൾ അല്ലേ? അവയുടെ ആകഷകധമ്മത്തെ വികസിപ്പിക്കാനുള്ള പ്രയോഗങ്ങൾ എല്ലാംതന്നെ കൃത്രിമങ്ങളെങ്കിലും പ്രശംസാ

ഹങ്ങളാണ്. മനുഷ്യജീവിതത്തിലെ ദ്രുതപ്രവാഹികളായ സംഭവപരമ്പരകളിൽനിന്നും ഹൃദയാവർജ്ജകമായ ഒരു രംഗത്തെ നിർദ്ധാരണംചെയ്തു പ്രദർശിപ്പിക്കുന്ന കലാകാരന്റെ 'നിയതികൃതനിയമരഹിത'മായ കല്പനാശക്തിയുടെ മുമ്പിൽ കാലക്ഌപ്തമായ ആദിമദ്ധ്യാന്തങ്ങൾക്കു എന്തു പ്രസക്തിയാണുള്ളതു്? അഥവാ "അവ്യക്താദീനി ഭൂതാനി വ്യക്തമദ്ധ്യാനി ഭാരത" എന്ന ഭഗവദ്വചനത്തിനു വിപുലതരമായ ഒരർത്ഥമില്ലേ? ഏതായാലും വികാരോജ്ജ്വലമായ ഒരു ഘട്ടത്തെ ആവിഷ്കരണം ചെയ്തുകൊണ്ടുള്ള 'ലീല'യുടെ ആരംഭം അതീവ ഹൃദ്യമാണെന്നു പറയേണ്ടിയിരിക്കുന്നു.

"പ്രണയപരവശേ, ശുഭം നിന-
ക്കണരുക,യുണ്ടൊരു ദിക്കിൽ നിൻ പ്രിയൻ"

എന്നു തുടങ്ങുന്ന ആ പദ്യം മനോഹരമായ ഔചിത്യദീക്ഷകൊണ്ടു മധുരതരമാണ്. 'മേഘസന്ദേശ'ത്തിൽ വിരഹിണിയായ യക്ഷപത്നിയോടു്, 'ഭർത്തുർമിത്രം പ്രിയമവിധവേ വിദ്ധി മാമംബുവാഹം' എന്നു തുടങ്ങുന്ന സന്ദേശവാക്യത്തിലെ പദങ്ങളുടെ ക്രമഘടനയുടെ ഔചിത്യം ഇവിടെയും അനുഭവവേദ്യമാണ്.

പ്രതിബദ്ധമനോരഥയും പ്രണയപരവശയുമായ ഒരു നായികയുടേയും പ്രിയാസംഗമനിരാശനും ഉന്മാദഭ്രാന്തനുമായ ഒരു നായകന്റേയും ക്ഷണികമായ ഒരു് അന്ത്യസമാഗമത്തിനു മുമ്പുള്ള ഭാവപ്രവാഹത്തിന്റെ ചിത്രീകരണവും അന്തരംഗരഹസ്യങ്ങളുടെ ആവിഷ്കരണവുമാണ് ഈ ലഘുകാവ്യംകൊണ്ടു മഹാകവി നിർവഹിക്കുന്നതു്.

"പ്രകാശമാനങ്ങളും വിസ്മയമരങ്ങളുമായ വിധങ്ങൾ ആശാൻ അംഗീകരിച്ചു കാണുന്നില്ല. നേരേമറിച്ചു മഞ്ജിയും

അവതമസലീനമായുമുള്ള പന്ഥാവാണ് ആശാൻ രമ്യമായി കാണുന്നതു്. അതുകൊണ്ടു് ശോകകരുണാദിവികാരങ്ങളാണ് അദ്ദേഹത്തിൻെറ പ്രബന്ധങ്ങളിലെ പ്രധാനരസം. നളിനി, ലീല, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ ഇത്യാദികളിൽ അനുരാഗവികാരവും തന്നിമിത്തം ശൃംഗാരരസവും ആണിയായി നിബന്ധനം ചെയ്തിട്ടുണ്ടെങ്കിലും ശൃംഗാരത്തിനു സഹജമായ ഉജ്ജ്വലത്വമോ പ്രകാശസ്ഫുരണമോ വ്യക്തമാകുന്നില്ല" എന്നു പണ്ഡിതകുലാവതംസമായിരുന്ന പി. കെ. നാരായണപിള്ള അവർകൾ പ്രസ്താവിക്കുന്നു. ഈ അഭിപ്രായം ചിന്ത്യമാണ് അവതമസലീനമായുള്ള പന്ഥാവിനെ പ്രകാശമാനമാക്കുകയാണ് ആശാൻ ചെയ്തിട്ടുള്ളതു്. തെളിഞ്ഞ വഴിയേ പോകുന്ന എളുപ്പവഴി വിട്ടിട്ട് അടഞ്ഞ വഴി തുറന്നു പുതുവഴി തെളിയ്ക്കുന്ന പരിശ്രമമാണ് ആശാൻ സാഹിത്യലോകത്തിൽ നിർവഹിക്കുന്നതു്. ഹൃദയപ്രമാഥിയായ വിപ്രലംഭശൃംഗാരത്തിന് എവിടെയെങ്കിലും ഉജ്ജ്വലത്വമുണ്ടെങ്കിൽ അതു് ഈ കൃതികളിൽ സംദൃശ്യമാണ്.

"വരിക ഹൃദയനാഥ, വൈകി കാൺമാൻ
തിരുവടി മൗലിയിൽ വയ്ക്കുവൻ മഹാത്മൻ
തരിക ചിരവിയുക്തദർശനം നീ
കരുണ വഹിയ്ക്കുക ദാസി ഞാൻ ദയാലോ" III 36

എന്നു തുടങ്ങുന്ന ലീലാവിലാപം ഉജ്ജ്വലതരമായ രസസ്ഫൂർത്തിയ്ക്കു മകുടോദാഹരണമാണ്.

"കുയിലിണയിലലിഞ്ഞു പാടിടുന്നു
മയിലിത, തൻപിടയോടുമാടിടുന്നു
പ്രിയയെയനുനയിച്ചിടുന്നു സിംഹം
പ്രിയതമ നീയണയാഞ്ഞു ഞാൻ വലഞ്ഞു.

ശരി, നയനപഥത്തിൽ നിന്നിടുന്നു-
ണ്ടൊരുനിമിഷം പിരിയാതെ യെൻപ്രിയൻ നീ
പരമതു നിഴൽപോലെ യിന്ദ്രിയങ്ങൾ-
ക്കരതിദദർശനമായി ഞാൻ വലഞ്ഞു.

അവഭയമഴലേറിയോമനേ പോ-
ന്നിവിടമണഞ്ഞിവൾ നിൻെറ മേനി കാണ്മാൻ
അവശത പെരുകുന്നു നിന്നെ നീയി-
ന്നിവിടെ മറയ്ക്കുതു നാഥ ഞാൻ വലഞ്ഞു.

പ്രണയശിഖിയിൽ വെന്തിടുന്നിതാത്മാ-
വണയുക തെന്നലണഞ്ഞു ചമ്പകത്തിൽ
ഘൃണ തടവുക യെൻെറ യോമനേ പോ-
ന്നണയുക നിൻപ്രിയ ലീല ഞാൻ വലഞ്ഞു." III 46-47

ചേതോഹരമായ ഈ ശ്ലോകചതുഷ്ടയത്തിൻെറ രസഭാവനിർഭരത ഏതുഭാഷയിലും സുദുർല്ലഭമാണ്. (നളിനിയിലെ രസത്തെപ്പററിയുള്ള ചർച്ചയുടെ സാധുതാചിന്ത ഇവിടെ അപ്രകൃതമാകയാൽ അതിനു തുനിയുന്നില്ല.)

ജീവിതവിമർശമധുരങ്ങളും തത്ത്വനിരീക്ഷണസുരഭിലങ്ങളുമായ പദ്യകുസുമങ്ങൾ ഈ കാവ്യലതികയിൽ നിറഞ്ഞു കാണാം. ഉരനുഭവമസ്തകം പിളന്നു ചിന്തുന്ന സൂക്തിമൗക്തികങ്ങൾകൊണ്ടു് ഈ കവികേസരിയുടെ പദ്യപാദങ്ങൾ സമലംകൃതങ്ങളാണ്.

"പഴകിയ തരുവല്ലി മാററിടാം
പുഴയൊഴുകും വഴി വേറെയാക്കിടാം
കഴിയുമവ മനസ്വിമാർ മന-
സ്സൊഴിവതശക്യമൊരാളിലൂന്നിയാൽ" I 24

‘വിദയ നിയതി ദുസ്തരൗഘയാ-
നദിയെയെതിർത്തൊരു ജന്തു നീന്തുമോ?’ I 27

‘നരഹൃദയമതിന്നു ഭാവനാ-
പരികരമെങ്ങനെ ഭോഗമങ്ങനെ’ I 33

‘ഗുണപരിണാമപരീക്ഷകൻ വിധി’ I 37

‘...............ജന്തുവിന്നു ഹാ
വിവൃതകപാടയനാരതം മൃതി’ I 38

9.645

‘തരുണിയുടെ ബലം വിശുദ്ധി വേ-
റൊരുപൊരുളല്ലബലയ്ക്കുതേ ബലം’ I 54

‘അറികില്ലനുരാഗമേറെയാ-
ളറിവോർ തെററിടുമൊക്കെയൊക്കുകിൽ
നിറവേറുകയില്ല കാമിതം
കുറയും ഹാ! സഖി, ഭാഗ്യശാലികൾ’ II 8

‘കുലനീതിയെ മാംസകഞ്ചുകം
വിലവയ്ക്കാത്തവർ പേടിയാ സഖി’ II 60

‘ധ്രുവമിഹ മാംസനിബദ്ധമല്ല രാഗം’ III 57

എന്നിങ്ങനെയുള്ള കവിസൂക്തങ്ങൾ നോക്കുക.

പ്രണയത്തിന്റെ നിത്യത, ഗഹനത, ആന്തരാത്മികത, ചാരിത്രത്തിന്റെ പവിത്രത, വിധിയുടെ ദുർഗ്ഗതി, മൃതിയുടെ നികടസ്ഥിതി, ജീവിതത്തിന്റെ ദുരിതദന്തുരിതത്വം എന്നിവ ആശാന്റെ കൃതികളിൽ നമ്മെ അനുപദം തുറിച്ചുനോക്കുന്ന ജീവിതവസ്തുതകളാണ്. ലോകവസ്തുതകളുടെ മുമ്പിൽ കണ്ണടച്ച് അന്ധബന്ധുരമായ ഭിദുരനിവൃ

തിയിൽ രസിച്ചുകഴിയുന്ന ഭീരുപ്രകൃതിക്കു ആശാൻ വശംവദനല്ലായിരുന്നു. ജീവിതജ്ജഗത്തിൻെറ ഫണമാണിക്യമായ സത്യവും ശാന്തിയും തിരഞ്ഞു് ആ മഹാകവി വിരഞ്ഞിരുന്നു.

നൈസർഗ്ഗികയായ പ്രതിഭയും ബഹു നിർമ്മലമായ ശ്രുതവും ആശാനെ അനുഗ്രഹിച്ചിരുന്നു. വിശ്രുതങ്ങളായ സംസ്കൃതകവിവാക്യങ്ങളുടെ സൗരഭ്യം മഹാകവിയുടെ കൃതികളിൽ സർവ്വത്ര പ്രസരിച്ചുകാണാം.

'സർവ്വം പരവശം ദുഃഖം സർവ്വമാത്മവശം സുഖം' എന്ന വാക്യത്തിൻെറ ഛായ

'സ്ഥിരമാത്മനിബന്ധനം സുഖം

പരതന്ത്രം സുഖമൊക്കെ ദുഃഖമാം' എന്ന ശ്ലോകാർദ്ധത്തിലും

'സത്യം ബ്രൂയാത് പ്രിയം ബ്രൂയാത്
ന ബ്രൂയാത് സത്യമപ്രിയം
പ്രിയം ച നാനൃതം ബ്രൂയാ-
ദേഷ ധർമ്മഃ സനാതനഃ' എന്നതിൻെറ ഛായ

'അതിവത്സല ഞാൻ-പരം സദാ
മധുരിയ്ക്കാ സഖി സത്യഭാഷിതം
ബുധരപ്രിയ സത്യമോതുകി-
ല്ലതുകേൾ നീതിയിതോർക്ക സൗഹൃദം' എന്ന പദ്യത്തിലും

തർക്കോ/പ്രതിഷ്ഠഃ ശ്രുതയോ വിഭിന്നാ
നൈകോ മുനിർ യസ്യ മതം പ്രമാണം
ധർമ്മസ്യ തത്ത്വം നിഹിതം ഗുഹായാം
മഹാജനോ യേന ഗതഃ സ പന്ഥാ' എന്ന ശ്ലോകത്തിൻെറ ഛായാംശം

'ഇഹ ധമ്മരഹസ്യമന്തരാ
നിഹിതം നിത്യവിഭിന്നമാം നയം'

എന്ന പദ്യഖണ്ഡത്തിലും

വ്യതിഷജതി പദാത്ഥാനാന്തരഃ കോ ƒപി ഹേതുർ
ന ഖലു ബഹിരുപാധീൻ പ്രീതയഃ സംശ്രയന്തേ"

എന്നും മററുമുള്ള ഭവഭൂതിയുടെ ആശയഗതിതന്നെ,

'ഉടലോക്കക ബാഹ്യമായതിൽ
തടവും ലോകമതീവ ബാഹ്യമാം
സ്ഫുടസൗഹൃദമാന്തരാത്മികം
വെടിയുന്നെങ്ങനെ തോഴി ദേഹികൾ'

എന്നിങ്ങനെ പല സ്ഥലത്തും വിചിത്രരീതിയിൽ പ്രതിഫലിച്ചുകാണുന്നു.

'ഭാഗീരഥീനിർത്ധരസീകരാണാം
വോഢാ മുഹുഃ കമ്പിതദേവദാരുഃ' എന്നും,

'പൃക്തസ്തുഷാരൈർ ഗിരിനിർത്ധരാണാ-
മനോകഹാകമ്പിതപുഷ്പഗന്ധീ' എന്നും,

'അരവിന്ദസുരഭിഃ
കണവാഹീ മാലിനീതരംഗാണാം' എന്നും

സ്വകൃതികളിൽ എല്ലാം കാളിദാസൻ വണ്ണിച്ചിട്ടുള്ള മന്ദവായുവിനെ സദൃശരീതിയിൽ ആശാനും ആസേവിയ്ക്കുന്നുണ്ട്.

'ഒരുവഴി തിരിയുമ്പൊഴോമലാൾക്ക-
ങ്ങുരുതരചമ്പകഗന്ധമോട്ടമുള്ളം
പരിചിലഥ ഹരിച്ചു നമ്മദോമ്മീ-
പരിചയശൈത്യമിയന്ന മന്ദവായു.'

'ഏഷ വാതേരിതപല്ലവാംഗുലീഭിസ്ത്വരയതീവ മാം കേസരവൃക്ഷകഃ' എന്ന ശകുന്തളാവാക്യത്തിൻെറ രൂപാന്തരം തന്നെയാണു്.

'വരുവിനിവിടെയെന്നലിഞ്ഞു നമ്മെ-
ത്തെരുതെരുയിയടവിയ്ക്കു തെക്കു മാറി
ഉരുകിസലയചാരുശാഖയാട്ടി-
ത്തരുനിര മാടി വിളിപ്പു കാൺക തോഴി'

എന്ന ലീലാവചനം,

'വിവൃണ്വതീ ശൈലസുതാऽപി ഭാവ-
മംഗൈഃ സ്ഫുരദ്ബാലകദംബകല്പൈഃ'

എന്ന പദ്യാൎത്ഥത്തിൻെറ ശോഭതന്നെ ഭംഗിവൈചിത്ര്യത്തോടുകൂടി,

'തടവി പുളകപാളിയംഗമെങ്ങും
സ്ഫുടമവൾ പൂക്കമശോകശാഖിപോലെ''

എന്ന ശ്ലോകഖണ്ഡത്തിൽ ദൃശ്യമാകുന്നു.

ഗഹനങ്ങളായ അന്തഃകരണരഹസ്യങ്ങളെ ലളിതരീതിയിൽ പ്രതിപാദിക്കുന്നതിൽ ആശാൻ പ്രശംസാവഹമായ വൈചക്ഷണ്യം പ്രദശിപ്പിക്കുന്നുണ്ടു്. രാഗലോലയായ ലീല, മദനനിവാസവാസിതമായ വനാന്തരത്തിൽ എത്തുമ്പോൾ ആകസ്മികമായി ആനന്ദപുളകം കൊള്ളുന്നു. നളിനീനിവാസഭ്രമിയിൽ ദിവാകരൻ എത്തുമ്പോഴും അജ്ഞാതമായ ഒരു വികാരതാരള്യത്തിനു വശംവദനാകുന്നു. ജീവജാലങ്ങളെ അന്യോന്യാനുബദ്ധരാക്കുന്ന അദൃശ്യമായ ഒരു ശക്തിശൃംഖലയിലേയ്ക്കു് ആശാൻ നമ്മുടെ ശ്രദ്ധയെ ആകഷിക്കുന്നു.

മഹാകവിയുടെ ചുരുക്കം ചില നിരീക്ഷണങ്ങൾ വിസംവാദത്തിനു് അവസരം നൽകാം. നവവരനിൽ ഇണ

ങ്ങാതെ മദനനിദിധ്യാസകുതുകിനിയായി കഴിഞ്ഞ ലീല സ്വമനസ്സിനോട്ട് പറയുകയാണ്,

"പരമരിയ കിനാവിലെപ്പ്ഫലം
പറക മനഃഖഗ നീ ഭുജിക്കുമോ!
ഉരുരസമതു നോക്കിയേതിൽ നീ
മരുവിയതാക്കനി വീണുപോയിതേ."

കിനാവിലെ ഫലം മനഃഖഗം ഭുജിക്കയില്ലെന്നു കവി സിദ്ധാന്തിക്കുകയാണെങ്കിൽ അവിടെ വിപ്രതിപത്തിക്ക് അവകാശമുണ്ട്.

"സ്വപ്നസ്ഥാനോ ƒന്തഃ പ്രജ്ഞഃ സപ്താംഗ ഏകോനവിംശതി മുഖഃ പ്രവിവിക്തഭുക് തൈജസോ ദ്വിതീയഃ പാദഃ" എന്നു മാണ്ഡൂക്യോപനിഷത്തിലും,

"ആത്മേന്ദ്രിയമനോയുക്തം ഭോക്തേത്യാഹുർ മനീഷിണഃ" എന്നു കഠോപനിഷത്തിലും പ്രസ്താവിച്ചുകാണുന്നു. ജാഗ്രത് സ്വപ്നാവസ്ഥകളിൽ മനസ്സിൻെറ ഭോഗശക്തി അഭഗ്നമായി വിലസുന്നുണ്ട്. സ്വപ്നത്തിലെ ഫലം സ്വപ്നത്തിൽ ഭുജിക്കാറുള്ളത് അനുഭവസിദ്ധവുമാണല്ലോ. ഏതായാലും ആ ശ്ലോകം സംശയിതവ്യമായ അൎത്ഥഗതിയുള്ളതായി കാണുന്നുണ്ട്.

ആശാൻെറ കവിതയുടെ അൎത്ഥഗാംഭീൎയ്യത്തെ സ്തുതിക്കുന്നതോട്ടുകൂടിത്തന്നെ അതിൻെറ ശബ്ദഗുണരാഹിത്യത്തെയും ക്ലിഷ്ടരീതിയേയുംപററി പലരും പ്രസ്താവിച്ചുകേട്ടിട്ടുണ്ട്. എന്നാൽ അദൃഷ്ടവും നിഷ്കൃഷ്ടവും മധുരവും മനോഹരവുമായ ശബ്ദഘടനാസ്വാരസ്യവും പ്രകൃഷ്ടമായ ഔചിത്യദീക്ഷയും മററ് ആധുനികമഹാകവികളിൽ ഇത്രത്തോളം ദൃശ്യമാണോ എന്നു സംശയിക്കുന്നു.

'അളിപടലികൾ മൂളി; രന്ധ്രമേലും
മുളകൾ മരുത്തിലുലഞ്ഞു മെല്ലെയൂതി;
തളിർനിര മൃദ്ദതാളമേകിയേവം
കളകളമായതിമോഹനം വനത്തിൽ'

എന്ന മട്ടിലുള്ള അയത്നലളിതമായ രീതി സന്ദർഭാനുഗുണമായി സർവ്വത്ര പ്രകാശിച്ചുകാണാം.

ആശാൻെറ കവിതയുടെ മാഹാത്മ്യത്തെപ്പററി മഹാപണ്ഡിതനായ മഹാകവി ഉള്ളൂർ ഉദ്ഘോഷിക്കുന്നതിൽ കൂടുതലായി നമുക്ക് ഒന്നും പറയാനില്ല.

"ആശാൻെറ ഓരോ വരിയും സാരസമ്പൂർണ്ണം; ഓരോ പദവും സജീവം; ഓരോ ചിന്തയും വികാരോദ്ദീപകം; ഓരോ കല്പനയും വിമർശഹൃദ്യം............

ആ മഹാകവിയുടെ അമൃതനിഷ്യന്ദികളായ സൂക്തിമാല്യങ്ങളുടെ കാന്തി അഭംഗുരമായി പ്രകാശിക്കും; പരിമളം അപ്രതിഹതമായി പ്രസരിക്കും; രസം അവിച്ഛിന്നാധാരമായി പ്രവഹിക്കും; ആ നിർവൃതിദായകനെ ലോകം കൃതജ്ഞതാവിവശവും ആദരപ്രവണവുമായ ഹൃദയത്തോടുകൂടി എന്നെന്നേയ്ക്കും സ്മരിക്കും; അഭിനന്ദിക്കും; ആരാധിക്കും!"

# പ്രരോദനം.

കണ്ണന്‍ ജനാര്‍ദ്ദനന്‍.

പ്രരോദനത്തെപ്പററി അധികമാരും അത്ര വിമര്‍ശിച്ചു കാണാറില്ല. കുമാരനാശാന്‍െറ മറെറല്ലാ കാവ്യങ്ങളെപ്പററിയും നിരൂപകന്മാര്‍ വളരെയെല്ലാം തുടര്‍ന്നുതുടര്‍ന്നു ചൊല്ലാറുണ്ടു്. എന്നാല്‍, പ്രരോദനത്തിന്‍െറ മുമ്പില്‍ അവര്‍ മൂകരായി നില്ക്കുന്നതു് എന്തുകൊണ്ടു്?

പ്രരോദനം ദുരാസദമായ കണ്ണീര്‍ക്കടലാണു്. കണ്ണീര്‍ത്തുള്ളിയോ, കണ്ണീര്‍ക്കുളമോ, കണ്ണീര്‍പുഴയോഅല്ലാ, കണ്ണീക്കടല്‍തന്നെ. അതു ഏററവും ഗംഭീരമാണു്. ഘോരകല്ലോലങ്ങളാല്‍ ആകുലമാണതു്. അതിന്‍െറ നിര്‍ഘോഷം മേഘഗര്‍ജ്ജനംപോലെ ഉയരുന്നു. തിമിനക്രങ്ങളാല്‍ അതു് പരിസേവിതമാണു്. അമൂല്യരത്നങ്ങള്‍ അതിന്നുള്ളില്‍ ഉജ്ജ്വലിക്കുന്നു.

കേരളത്തിന്‍േറയും, കൈരളിയുടേയും, കൊച്ചി, തിരുവിതാംകൂര്‍, മലബാര്‍ എന്നീ കേരളപുത്രിമാരുടേയും, പപ്പുവംശത്തിന്‍േറ അധിദേവതയുടേയും, മാവേലിക്കരരാജ്ഞിമാരുടേയും, പാണിനി, കാളിദാസന്‍; ഭാസന്‍ മുതലായവരുടേയും, വാഗീശ്വരിയുടേയും, ചെറുശ്ശേരി, തുഞ്ചന്‍, കുഞ്ചന്‍ എന്നിവരുടേയും, തിരുവനന്തപുരംകോളേജ്, മദ്രാസ്സര്‍വ്വകലാശാല എന്നിവയുടേയും അശ്രുനദികളെക്കൊണ്ടു നിറഞ്ഞിട്ടുള്ളതാണു് ഈ കടല്‍. രത്നബഹുലമായ കടല്‍!

രത്നങ്ങള്‍ക്കുവേണ്ടി ഈ കടലിലേക്കു് അധികമാരും ഇറങ്ങാത്തതെന്തു്? ഗാംഭീര്യം കണ്ടു് ശങ്കിച്ചിട്ടോ? ഇതി

ഹാസനൗകയോ, ശൃംഗാരപുളിനമോ ഒന്നുമില്ലാതെ വെറും ഗാംഭീര്യം!

അഥവാ, ദേവീദേവന്മാരും, യശശ്ശരീരന്മാരും ഉജ്ജ്വല കാന്തിയോടെ നടമാടുന്നതായ ഈ പ്രരോദനമണ്ഡലം ഇപ്പോഴത്തെ നിരൂപകന്മാക്ക് ദുന്നിരിക്ഷ്യമാണെന്നുണ്ടോ? സാമാന്യമനുഷ്യക്കോ, സാമാന്യവിഷയങ്ങൾക്കോ ഈ കാവ്യത്തിൽ ഇടമില്ലാ. ദിവ്യപുരുഷന്മാരും പരമതത്വങ്ങളുമാണ് ഇതിലുള്ളതെല്ലാം. അവരോടും അവയോടും ഇടപെടുകയെന്നതു് സാമാന്യന്മാക്ക് സുകരമല്ലല്ലോ.

കവിക്ക് ആ ദിവംഗതനായ മഹാപുരുഷനോട് പരിപൂണ്ണമായുള്ള ഭക്തിയിൽനിന്നാണ് ഈ ദിവ്യമൂത്തികൾക്ക് ഉദയമുണ്ടായിരിക്കുന്നതു്. ഏ. ആർ. രാജരാജവമ്മ ഇനിയില്ലാതായപ്പോൾ ആശാൻ സങ്കല്പത്താൽ ചുടലക്കളത്തിൽ നിന്നുകൊണ്ടു രോദിക്കുന്നതായിട്ടാണല്ലോ ഈകാവ്യം ചമച്ചിരിക്കുന്നതു്. രൌദ്രവും ബീഭത്സവും ഇടകലൻകൊണ്ടുള്ള ചുടലക്കളത്തേ, പരേതനോടുള്ള ഭക്തികൊണ്ടു്, സുന്ദരവും പ്രശാന്തവുമായിട്ടേ കവിക്കു കാണുവാൻ കഴിയുന്നുള്ളൂ. അതിന്നു് ദിവ്യമൂത്തികളുമായുള്ള ഇടപാടു് അവിടെ അപേക്ഷിതമായി. താൻ വെറുതെയെന്തൊക്കെയോ സങ്കല്പിക്കയാണെന്നു് ഓത്തുകൊണ്ടു് ആ മൂത്തികളെയെല്ലാം കവി ഒടുവിൽ മാച്ചുകളയുന്നുണ്ടു്. എന്നാൽ, കവിക്കുണ്ടായ ആ സങ്കല്പം തീരെ ആധാരരഹിതമല്ലാ. അപ്പോഴത്തേ പ്രകൃതിയിലെ നാനാവിധവികാരങ്ങളെയാണ് കവി അവിടേ ദിവ്യമൂത്തികളാക്കിയിരിക്കുന്നതു്. ആ അവസരത്തിലേ പ്രകൃതിയെക്കുറിച്ചുള്ള വണ്ണനയും പരേതൻെറ മഹത്വത്തെപ്പററിയുള്ള കീത്തനവും ഒരേകാലത്തു സാധിക്കുവാൻ ഈ ദിവ്യമൂത്തികൾ കവിക്ക് ഉപകരിച്ചിരിക്കുന്നു. കവിത്വത്തിൻേറ പാരമ്യത്തെ കണ്ടുകൊണ്ടു് ഇതിൽ നാം കൊണ്ടാടുകയാണു ചെയ്യേണ്ടതു്.

പക്ഷേ, അങ്ങിനേ കൊണ്ടാടുന്നകാര്യത്തിൽ ജീവത്സാഹിത്യവാദികൾ എതിത്തേക്കാം. പ്രരോദനത്തിൽ ആ ജീവത്സാഹിത്യമെവിടെ? കമ്മദോഷത്താൽ അധഃപതിച്ച നീചാത്മാക്കൾ ഈ പ്രരോദനത്തിൽ ഇല്ലല്ലോ. നീചകമ്മങ്ങളേ സംബന്ധിച്ച ഒരൊററ വിചാരംപോലും ഇതിലില്ലാ. ആ നീചാത്മാക്കൾക്കവേണ്ടി ഒരു തുള്ളിപോലും കണ്ണുനീർ കവി ഇററിച്ചുകാണിച്ചിട്ടുമില്ലാ. മഹാപുരുഷന്മാരും ദിവ്യമൂത്തികളുമായ മുതലാളികളാണു് ഈ കാവ്യത്തിൽ വ്യാപരിക്കുന്നവർ. അതുകൊണ്ടു് ഇതിന്നു ജീവത്സാഹിത്യകോടിയിൽ സ്ഥാനം കിട്ടിയില്ലെന്നുവരാം. അതിൽ അസ്മാദൃശന്മാക്കു സന്തോഷമേയുള്ളൂ. എപ്പൊഴും ഉൽകഷത്തെമാത്രം നോക്കിക്കൊണ്ടും, ഉൽകൃഷ്ടകമ്മങ്ങളെ മാത്രം ചിന്തിച്ചുകൊണ്ടും വത്തിക്കുന്നവക്കു് രമിക്കുവാനുള്ളതാണു് ഈ കാവ്യം. ഇതിൽനിന്നു് ജീവത്സാഹിത്യം അകന്നുനില്ക്കുന്നുണ്ടെങ്കിൽ അതു വേണ്ടതുതന്നേ.

ഈ കാവ്യത്തിൽ അത്ര രുചിക്കാത്തവരായി, ഇനി, മറെറാരുക്കൂട്ടർ പുറപ്പെട്ടേക്കാം. പാശ്ചാത്യരുടേതിനോടു് സദൃശമല്ലാഞ്ഞാൽ നമുക്കുള്ളതിന്നൊന്നിന്നും വിലയില്ലെന്നു വാദിക്കുന്നവരാണവർ. അവക്കു് ഈ കാവ്യത്തിൽ വല്ലകോട്ടവും കാണുവാൻ കഴിഞ്ഞേക്കാം. പാശ്ചാത്യരും ഭാരതീയരും ഭിന്നാഭിന്നജനതയാണല്ലൊ. നമ്മുടെ ജീവിതവും, നമ്മുടെ പാരമ്പര്യവും, നമ്മുടെ പൂവ്സ്വഭാവം, നമ്മുടെ ദേശകാലപ്രകൃതിയുമെല്ലാം പാശ്ചാത്യരുടേതിൽനിന്നു് ഏറ്റവും ഭിന്നങ്ങളാണു്. അതിന്നനുസരിച്ചു് നമ്മളിൽനിന്നുണ്ടാകുന്ന സാഹിത്യത്തിൻേറ ആകാരത്തിന്നും രൂപഭേദമുണ്ടാകുമല്ലോ. ജീവിതം, പാരമ്പര്യം, പൂവ്വസ്വഭാവം, ദേശകാലപ്രകൃതി എന്നിവയേ ആധാരമാക്കിക്കൊണ്ടല്ലാതെ സാഹിത്യം ആവിർഭവിക്കുന്നതെങ്ങിനേ? നമ്മുടെ സാഹിത്യം പാശ്ചാത്യരീതിയിൽ മാത്രമേ ആകാവൂ എന്നായാൽ നമുക്കു് സ്വന്തമായി സാഹിത്യമില്ലെന്നാണു വരിക. നമ്മുടെ സാഹിത്യം ന

മ്മുടെ പാരമ്പര്യംപോലെയങ്ങു വളൎന്നുകൊള്ളട്ടെ. പാശ്ചാത്യച്ചരക്കുകളെക്കൊണ്ടു അതിനേ കലക്കരുതു്. അതുകൊണ്ടു്, പാശ്ചാത്യവിലാപകാവ്യങ്ങളേപ്പോലെയല്ലാ ഈ പ്രരോദനകാവ്യമെന്നു ആരെങ്കിലും തൎക്കിക്കയാണെങ്കിൽ, പല ശബ്ദങ്ങൾക്കുമിടയിൽ ആ തൎക്കവും കലൎന്നുകൊള്ളട്ടേയെന്നു നാം വിട്ടുവിടുകയേ ചെയ്യേണ്ടൂ. ഞാൻ ചോദിക്കുക, ഈ പ്രരോദനംപോലെയൊരു കാവ്യം പാശ്ചാത്യൎക്കാൎക്കാനും ഉണ്ടാക്കുന്നതിന്നു് കഴിയുമോ എന്നാണു്. തീൎച്ചയായും അവൎക്കതു സാദ്ധ്യമല്ലാ. എന്നാൽ, അതിൽ അവരേ കുററപ്പെടുത്തുന്നതു് ശരിയല്ലതാനും. നമ്മുടെ പൂൎവ്വസ്വഭാവും പാരമ്പര്യവുംപോലെയല്ലല്ലോ അവരുടേതു്.

പാശ്ചാത്യഭ്രമക്കാരേപ്പോലെ ചില മാമൂൽക്കോമരങ്ങളും നമുക്കുണ്ടു്. അവർ ഈ പ്രരോദനം ശാസ്ത്രീയമല്ലെന്നു വാദിച്ചേക്കും. ഈ കാവ്യത്തിന്റെ പോക്കു പൂൎവ്വകാവ്യങ്ങളുടേ കാലടിപ്പാടിൽക്കൂടിയല്ലാ എന്നു് അവർ കുററംകാണുകയും ചെയ്തേക്കും. അവരോടു പറയുവാൻ ഒന്നേ എനിക്കുള്ളു. പ്രപഞ്ചത്തിൽ മുമ്പുള്ളതും ഇന്നുള്ളതുമെല്ലാം ദൈവസൃഷ്ടിയാണെന്നു് അവർ വിശ്വസിക്കുന്നുണ്ടല്ലോ. ദൈവം എന്തിനാണു് പുതുമയിലിത്ര കളിക്കുന്നതു്? ഈ മനുഷ്യരിൽത്തന്നേ നാം നോക്കുക! മുമ്പുണ്ടായിരുന്നവരുടേ അതേഭാവത്തിൽ ഇപ്പൊഴും സൃഷ്ടിച്ചാൽപോരയോ? സൃഷ്ടിക്കുന്നതു്, സൃഷ്ടിക്കുന്നതു് പുതിയപുതിയ രൂപം! അങ്ങിനെയുള്ള പുതുമ സാഹിത്യത്തിൽ മനുഷ്യന്നും ആകരുതെന്നുണ്ടോ? വേഷത്തിലും, വൃത്തിയിലും, ഭക്ഷ്യപാനീയങ്ങളിലും നമുക്കു വീണ്ടും വീണ്ടും പുതുമയാകാമെങ്കിൽ സാഹിത്യത്തിൽ എന്തുകൊണ്ടതുവയ്യാ? പഴയരീതിയിലുള്ള പലഹാരങ്ങൾമാത്രമേ ഭക്ഷിക്കയുള്ളുവെന്നു് ഒരു മനുഷ്യനും ശഠിക്കാറില്ലല്ലോ. രസമുണ്ടെങ്കിൽ അതു് ആസ്വദിക്കയല്ലാതെ, വെറും രൂപത്തെക്കുറിച്ചു വൃഥാ വാദിക്കുന്നതെന്തിന്നു്?

ശോകരസമാണല്ലോ വിലാപകാവ്യത്തിൽ അടിമുതൽ മുടിയോളം വളൎന്നില്ക്കേണ്ടതു്. അതിൽ പ്രരോദനകാവ്യത്തിന്നു് വിജയമുണ്ടായിട്ടുണ്ടോ എന്നതുമാത്രമേ നമുക്കു നോക്കേണ്ടതുള്ളു. നീചസഹവാസം ഇതിൽ ഇല്ലെന്നോ, യുക്തിവാദത്തിന്നു് ഇതു അനുരോധമല്ലെന്നോ, പാശ്ചാത്യകാവ്യങ്ങളിൽനിന്നു് ഇതു ഭിന്നമാണെന്നോ, പൂൎവ്വവിധികളേ ഇതു അനുവൎത്തിക്കുന്നില്ലെന്നോ—അങ്ങിനെയൊന്നും ഇവിടെ വാദിക്കുന്നതുകൊണ്ടു ഫലമൊന്നുമില്ലാ. ഇതൊരു വിലാപകാവ്യമാകയാൽ ശോകരസം വേണ്ടുന്നത്ര ഇതിലുണ്ടോ; അതേ നോക്കുവാനുള്ളു.

പ്രരോദനത്തിലേ ശോകരസവിധാനം അന്യാദൃശമായ രീതിയിലാണു്. അതിലാണു് ആശാൻ ഈ കാവ്യംകൊണ്ടു് നേടിയിരിക്കുന്ന യശസ്സെല്ലാം. എന്നാൽ, ഇതിലേ ശോകരസം സാമാന്യന്മാൎക്കു് സുഖാസ്വാദ്യമാകുവാൻ കുറച്ചു ഞെരുക്കമുണ്ടായേക്കാം. കാമിനീവിരഹത്താലോ, പുത്രനാശത്താലോ മറേറാ സംഭവിക്കാവുന്ന ശോകമാണു് വൎണ്ണനാവിഷയമെങ്കിൽ അതു് ഏതുമനസ്സിന്നും സുഗമമാണു്. ഗുരുവിൻെറ മരണത്താൽ ശിഷ്യന്നുണ്ടാകുന്ന ശോകം അത്ര യ്ക്കു് മററുള്ളവൎക്കു ഹൃദയസ്പൃക്കല്ലാതാവാം. വിശേഷിച്ചു്, ഗുരുശിഷ്യബന്ധം വളരെ അയഞ്ഞിട്ടുള്ളതാണല്ലോ ഇക്കാലം. എങ്കിലും, ശിഷ്യൻ ഗുരുവിൻെറ മരണത്താൽ തനിക്കുണ്ടായിരിക്കുന്ന നഷ്ടകഷ്ടങ്ങളെയൊക്കെയും എണ്ണിയെണ്ണിപ്പറഞ്ഞു് വിലപിക്കയാണെങ്കിൽ, അങ്ങിനെയുള്ള കവിതയിൽനിന്നു ശോകരസം ഉൾക്കൊള്ളുവാൻ സാമാന്യന്മാൎക്കും കഴിയുന്നതുതന്നേ. പ്രരോദനത്തിൽ അങ്ങിനെയുമല്ലാ. ശിഷ്യൻ ഇവിടേ നേരിട്ടു വിലപിക്കയല്ലാ ചെയ്യുന്നതു്. പുത്രനാശത്താൽ കേരളം കരയുന്നതായിട്ടാണു് ഈ കാവ്യത്തിലേ വൎണ്ണന. കേരളത്തിൻെറ പ്രതിപുരുഷനായി ഇടയ്ക്കിടേ കവിയേയും കാണുന്നുണ്ടെന്നേയുള്ളു. തനിക്കൊരാൾക്കു

ല്ലാ, കേരളത്തിന്നു് ആകമാനമാണ രാജരാജവമ്മയുടെ മരണത്താൽ നഷ്ടം ഭവിച്ചിരിക്കുന്നതെന്നു് ഓത്തുകൊണ്ടു് ആ നഷ്ടത്തേ അതേവിധം കവി ഏററവും സാമത്ഥ്യത്തോടെ വെളിപ്പെടുത്തുകയാണു് ഈ കാവ്യത്താൽ ചെയ്തിരിക്കുന്നതു്. അതുതന്നെയാണു് ഈ കാവ്യത്തിൻെറ ഉൽക്കഷമൊക്കെയും.

"പ്രരോദന"ത്തിനുണ്ടായ ഹേതു ആ കാവ്യത്തിൻെറ മുഖവുരയിൽതന്നെയുണ്ടു്. ആശാൻെറ ഹൃദയത്തെ ഗദ്യത്തിൽക്കൂടി അടുത്തുചെന്നു കാണുവാൻ ഉപകരിക്കുന്നതാകകൊണ്ടു് ആ ഹേതുപ്രസ്താവത്തിലേ ഏതാനും വരികൾ അങ്ങിനെതന്നെ ഇവിടെ പകത്തിക്കാണിക്കാം.

"ആംഗലസാമ്രാജ്യം ഒരാവത്തി യദൃച്ഛയാ വായിച്ചുനോക്കാൻ ഇടയായപ്പോഴാണു് ഒരു കവിയുടെ നിലയിൽ പ്രഫസർ (ഏ. ആർ. രാജരാജവമ്മ) കോയിത്തമ്പുരാൻ തിരുമേനിയുടെ യോഗ്യത എനിക്കു ബോദ്ധ്യമായതു്. പ്രതിപാദ്യമായ ആ നവീനരാജ്യചരിത്രാസ്ഥിശകലങ്ങളെവിടെ! സരളവും രസമസൃണവുമായ ആ കാവ്യതല്പജമെവിടെ! അപൂണ്ണവും ഉപരിപ്ലവവുമായ പാണ്ഡിത്യമെവിടെ! അത്ഥശബ്ദങ്ങളുടെ സ്വച്ഛവും അതലസ്പശവുമായ ആ മഹാപ്രവാഹമെവിടെ! എന്തിനേറെപ്പറയുന്നു! കാളിദാസശൈലിയിൽ ഒരു സംസ്കൃതമഹാകാവ്യം കാണുന്നതിനു് ആ കവിസാവ്ഭൗമൻെറ കാലശേഷം ഇത്രയും ശതാബ്ദങ്ങൾ ലോകം കാത്തിരിക്കേണ്ടിവന്നു എന്നുള്ള വസ്തുത നിമ്മത്സരന്മാരായ സഹൃദയന്മാർ മുക്തകണ്ഠം സമ്മതിക്കുമെന്നാണു് എൻെറ വിശ്വാസം. വിശേഷിച്ചു രഘുവംശാദികളിലെ പുരാണകഥകൾ പ്രകൃത്യാ കാവ്യചമൽക്കാരമുള്ളവ; സാമ്രാജ്യത്തിലെ ഇതിവൃത്തം നേരേ മറിച്ചുള്ളതു്. അതുമല്ല, അന്നു സംസ്കൃതത്തിൻെറ ജിവദ്ദശ; ഇപ്പോൾ അതു് ഒരു മൃതഭാഷ. പിന്നെ ആ മഹാകവി ഔത്തരാഹൻ. നമ്മുടെ കവി ദാക്ഷിണാ

ത്ര്യൻ. ദേശഭേദകൃതമായ ആകാരഭേദം സംസ്കൃതഭാഷയ്ക്കു മുണ്ട്. ദക്ഷിണോത്തരദേശീയരുടെ കൃതികൾ മിക്കവാറും സാധാരണശ്രവണമാത്രത്തിൽ തിരിച്ചറിയാവുന്നവയാണ്. അതുകൊണ്ട് ഈ പ്രാതികൂല്യങ്ങളുടെ വിജയത്തിലുള്ള മെച്ചം ആ കവികുലഗുരു തന്നെ അവരജനായ രാജരാജകവിക്ക് സമ്മതിച്ചുകൊടുത്തേതീരു. പ്രാചീനമായ അക്ലിഷ്ടശ്രുദ്ധരീതിയിൽ ആംഗലസാമ്രാജ്യംപോലെയുള്ള ഒരു കൃതി എഴുതാൻ പരിപക്വമായ പാണ്ഡിത്യവും കാലദേശങ്ങളെ അതിശയിച്ച വാസനാവിശേഷവുംകൊണ്ടേ സാദ്ധ്യമാവു എന്നുള്ളതു നിരാക്ഷേപമാണ്...........വ്യാകരണം, ഛന്ദസ്സ്, അലങ്കാരം (സാഹിത്യശാസ്ത്രം) ഈ വിഷയങ്ങളിൽ കൂലങ്കഷമായ പരിചിന്തനം ചെയ്ത പ്രബന്ധങ്ങളും പര്യാപ്തങ്ങളുമായ ഗ്രന്ഥങ്ങൾ നിർമ്മിച്ചു നമ്മുടെ ഭാഷയുടെ സ്ഥിതിയെ ഇത്ര ശോഭനവും സുപ്രതിഷ്ഠിതവുമാക്കിത്തീർത്ത മറ്റൊരു മഹാൻ കേരളഭൂമിയിൽ ഇതുവരെ ജനിച്ചിട്ടില്ലെന്നുള്ളതു നിർവിവാദമാണ്........ആ മഹാനുഭാവൻെറ പൊടുന്നനവേ ഉണ്ടായ ഈ ദേഹവിയോഗം കൈരളിയുടെ ഭാഗ്യത്തിനു അശനിപാതമാണെന്നുതന്നെ പറയണം."

അനന്തരം ഹൃദയാരുന്തുദമായ ആ ചരമവൃത്താന്തത്തെക്കുറിച്ച് കവി പറയുകയാണ്:—"എത്ര അപ്രതീക്ഷിതവും അസഹ്യവുമായ ഒരു പ്രഹരണമായിരുന്നു അത്. ഹൃദയം മരവിച്ചുപോയി എന്നുതന്നെ പറയാം. വർത്തമാനക്കടലാസുകാർ ചരമപദ്യങ്ങൾ ആവശ്യപ്പെട്ടുതുടങ്ങി. അത് അധികം മർമ്മഭേദകമായിട്ടാണു തോന്നിയത്. ഒരക്ഷരം എഴുതാൻ എനിക്കു കഴിഞ്ഞില്ല. കുറേക്കഴിഞ്ഞു.........ഹൃദയത്തിൻെറ താല്ക്കാലികമായ അമർത്തലിന്നു സ്വാഭാവികമായി ക്രമേണ ശൈഥില്യം ആരംഭിച്ചു. തിരുമേനിയെക്കുറിച്ചുള്ള സ്മരണകളും ചിന്തകളും ബഹുമുഖമായി വർദ്ധിച്ചു. അവ തിങ്ങിഞെരുങ്ങി മനസ്സു കേവലം അസ്വസ്ഥമായി

ത്തിന്നു. ഒടുവിൽ ഒരു ചരമകാവ്യമെഴുതി ഈ ഹൃദയഭാരം ലഘൂകരിക്കാൻ ഞാൻ തീച്ച്യയാക്കി." ഇങ്ങിനെയുണ്ടായതാണു പ്രരോദനം.

"മൂടും കാർമുകിലാലകാലതിമിരം
വ്യാപിച്ചു, മായുന്നിതാ
കാടും കായലുമിക്കടൽത്തിരകളും
സഹ്യാദ്രികൂടങ്ങളും,
ചൂടേറവുള്ളമെരിഞ്ഞെഴുന്ന പുകചൂ-
ഴ്ന്നിമ്മട്ടു വൻവൃഷ്ടിയാൽ
പാടേ കേരളഭൂമി കേണു ഭുവനം
കണ്ണീരിൽ മുക്കുന്നിതേ."

ഒരു മിഥുനമാസത്തിലാണല്ലൊ രാജരാജവർമ്മയുടെ മരണം. ആ മഴക്കാലത്തിലെ പ്രകൃതിയെക്കൊണ്ടു് അശ്രുപ്രവാഹത്തിൽ ആമഗ്നമായ നിലയിൽ കേരളത്തെ കവി കാണുന്നു. അപ്പോഴത്തെ സമുദ്രനിർഘോഷം കേരളത്തിന്റെ രോദനമാണു്. കേരളപുത്രിയായ കൈരളിയാവട്ടെ, ശ്രീകുറഞ്ഞു വിളത്തു് കണ്ണടച്ചു്, നിശ്ചേഷ്ടയായി, വെറുംനിലത്തു കിടക്കുന്നതായി ആ വർഷകാലപ്രകൃതിയിൽനിന്നു കവി വർണ്ണിക്കുന്നു. അങ്ങിനെ ശോകരസമയമായിട്ടാണു കാവ്യത്തിന്റെ ആരംഭം. പിന്നെ, ആ ശോകത്തെ കവി അങ്ങോളം വളത്തുന്നുണ്ടു്.

പുത്രിയായ കൈരളിക്കു് പുത്രനാശത്താൽ ദുഃഖമുണ്ടായതിൽ അനുതപിച്ചുകൊണ്ടു്,

"അന്നേററിച്ചരിവിങ്കൽ നാഗഫണാധ-
മ്മില്ലങ്ങൾ ചിന്നീടുവോർ,
ചെന്നെല്ലിൻ കതിരൊത്ത കേരമലരിൻ
മാല്യങ്ങൾ പൂണ്ടുള്ളവർ;

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ഇന്നെണ്ണാം നവതാളപത്രഹരിത-
ച്ഛത്രങ്ങളേന്തി ദ്രുതം
വന്നെത്തുന്നിതു ദേവിമാർ സഹജമാം
സാമ്യംപെട്ടും മൂന്നുപേർ."

കൊച്ചി, മലബാർ, തിരുവിതാംകൂർ എന്നീ നാട്ടുകളുടെ അധിദേവതമാർ ശ്മശാനത്തിലേക്കു വരുന്നതും അവർ കരയുന്നതും പപ്പവംശത്തിലെ പരദൈവങ്ങൾ അകമ്പടിയോടുകൂടി ആഗതരായി വാവിട്ടാർത്തു പുലമ്പുന്നതും പരേതൻെറ കുടുംബാംഗങ്ങൾ ദീനരായി വിലപിക്കുന്നതുമെല്ലാം കവി നമുക്കു വർണ്ണനാചാതുര്യത്താൽ ശരിക്കു കാണിച്ചുതരുന്നു.

"സ്പഷ്ടം ഭൂമിമറയ്ക്കിലിന്ദു തെളിയും
വീണ്ടും മുഹൂർത്തത്തില-
പ്പുഷ്ടശ്രീ രവി മൂടിയാലുമുയരും
പക്ഷംകഴിഞ്ഞാൽ മതി;
ദുഷ്ടക്കാലമഹാഗ്രഹത്തിനിരയാ-
യി 'രാജരാജേന്ദ്ര, ഹാ!
കഷ്ടം 'രോഹിണി'യക്കലേശനെയിനി-
ക്കാണില്ല കേണാലുമേ.

ജീവച്ഛേദനമാകുമാധിപിടിപെ-
ട്ടാലും മനസ്വിവ്രജം
വൈവശ്യം കലരാതെ കൃത്യമതിയാൽ
വാഴാം കുറഞ്ഞോരുനാൾ,
പൂവററാലുമുടൻ കരിഞ്ഞിടുവതി-
ല്ലോരില്ല തീക്ഷ്ണക്ഷതം;
ഭാവത്തിൻ പരകോടിയിൽ സ്വയമഭാ-
വത്തിൻസ്വഭാവം വരാം."

ഇവിടെല്ലാം ശോകരസത്തെ ഉദ്ദീപിപ്പിച്ചുകൊണ്ടു ള്ള ഉജ്ജ്വലവിചാരങ്ങൾ കവിയിൽനിന്നു പുറപ്പെടുന്നു.

പിന്നെയാണ്, പരേതൻെറ മൃതശരീരത്തെ കവി നമ്മെ കാണിക്കുന്നതു്.

"അന്തശ്ചന്ദ്രശരൽഘനാഭ തടവി
ട്ടൊങ്ങി പ്രദീപാംശുവാൽ
പ്രാന്തസ്ഫൂത്തി കലന്ന മാളികയിലെ-
ശ്ശയ്യാതലത്തിൽ ക്ഷണം;
സ്വന്തം ദീപ്തി നശിച്ചഹോ രജതപാത്രം-
പോൽ തണുത്തേററവും
ശാന്തം ഹന്ത! ശയിച്ചിരുന്നു ശിവനേ!
യബ്ഭാനുവിൻ മണ്ഡലം."

ജഡത്തിൻെറ ആ കിടപ്പിനേയും, അപ്പോഴത്തെ നിശ്ശബ്ദതയേയുംകുറിച്ചു വർണ്ണിച്ചിരിക്കുന്നതു് നമുക്ക് അവിടത്തെ അവസ്ഥ അനുഭൂതമാക്കുന്നുണ്ടു്. ഉടനേ ശ്മശാനമായി.

"കഷ്ടം! സ്ഥാനവലിപ്പമോ പ്രഭുതയോ
സജ്ജാതിയോ വംശമോ
ദൃഷ്ടശ്രീ തനുധാടിയോ ചെറുതുമി-
ങ്ങോരില്ല ഘോരാനലൻ;
സ്പഷ്ടം മാനുഷഗർവ്വമൊക്കെയിവിടെ-
പ്പുക്കസ്തമിക്കുന്നിതി-
ങ്ങിഷ്ടന്മാർ പിരിയുന്നു; ഹാ! ഇവിടമാ-
ണദ്ധ്യാത്മവിദ്യാലയം!"

അവിടെ എത്തുന്നതോടുകൂടി അതിൻമുമ്പു് ദിവംഗതനായ കേരളവർമ്മയെ നമ്മെ സ്മരിപ്പിക്കുന്നു. അദ്ദേഹത്തി

ൻെറ അവശിഷ്ടഭസ്മത്തെക്കൊണ്ടു നമ്മെ കരയിക്കയും തത്വചിന്താപരരാക്കുകയും ഒരേകാലത്തു ചെയ്തുകൊണ്ടാണു കവി ചെല്ലുന്നതു്. അനന്തരം ചിതാഗ്നി ഉജ്ജ്വലിക്കയായി.

"ഹാ! ഗാത്രോപരി തീർത്ത പട്ടടയിലെ-
സ്സംസ്കാരപൂതം, മഹാ-
ഭാഗൻതൻ ഗുണധോരണീമധുര,മി-
പ്പ്രേതം സ്വദിച്ചീടുവാൻ
ഭൂഗർഭസ്ഥിതമായ ഭൂതനിവഹം
പൊക്കുന്ന നാക്കൊക്കെയ-
ന്നാഗശ്രേണികണക്കെ നീളുമനല-
ജ്വാലാവലേഹങ്ങളാൽ."

ഇവിടെ രൌദ്രത്തേയും ശോകത്തേയും വളർത്തിക്കൊണ്ടും, ഉൽകൃഷ്ടതത്വങ്ങളെ ഉയർത്തിക്കൊണ്ടും, പലപല ചിന്തകളെ ഇളക്കിക്കൊണ്ടും വിവിധഭാവങ്ങളെ പ്രകാശിപ്പിച്ചുകൊണ്ടും, ദിവ്യകവിതാസമ്പത്തു ചൊരിഞ്ഞുകൊണ്ടും കവി നില്ക്കുന്നു. പ്രത്യക്ഷമായും പരോക്ഷമായും രാജരാജവർമ്മയുടെ മഹത്വം മുഴവനും കവി ഇവിടെ പ്രകാശിപ്പിക്കയുംചെയ്യുന്നു. തോരാകണ്ണീരോടുകൂടിയല്ലാതെ ഇവിടെ നിലകൊള്ളുവാൻ സഹൃദയന്മാക്കു സാദ്ധ്യമല്ല. ആശാൻെറ കവിത്വം എത്രയധികം ദിവ്യമാണെന്നു് ഇവിടെ പണ്ഡിതന്മാക്കു കാണാം. അദ്ദേഹത്തിനു ശോകരസത്തെ ഏററവും ആഭിജാത്യത്തോടെ ഉത്തരോത്തരം വളർത്തുന്നതിനു് എത്രയേറെ നൈപുണ്യമുണ്ടെന്നതും ഇവിടെ കാണാം.

പിന്നെയുമിതാ, ശോകത്തിൻെറ നടുവിൽത്തന്നേ നമ്മേ മുക്കുന്നു. രാജരാജവർമ്മയുടേ ജീവിതകാലത്തിലേ ചില വിശിഷ്ടവൃത്തികളേയും, അദ്ദേഹം പെരുമാറിയ ഇടങ്ങളേയും കവി നമുക്കു കാണിച്ചുതരുന്നു. അതൊക്കെയും കണ്ണീരിൻമു

ന്വേ കാണുന്നതുപോലെ കവി നമ്മെ തോന്നിപ്പിക്കുന്നുണ്ട്. അവയെക്കൊണ്ടെല്ലാം കവി നമ്മളിൽനിന്നു കണ്ണീർ ചൊരിയിക്കുന്നു. പിന്നെയങ്ങോട്ട് അനർഘങ്ങളായ തത്വവിചാരങ്ങളാണ്.

ഒടുക്കം:—

"ആകാശങ്ങളെയണ്ഡരാശികളൊടും
ഭക്ഷിക്കുമാകാശമാ-
യികാണുന്ന സഹസ്രരശ്മിയെയിരു-
ട്ടാക്കും പ്രഭാസാരമായ്,
ശോകാശങ്കയെഴാത്ത ശുദ്ധസുഖവും
ദുഃഖീകരിക്കുന്നതാ-
മേകാന്താദ്വയശാന്തിഭൂവിനു
നമസ്കാരം, നമസ്കാരമേ!

ഇങ്ങിനെയാണ് കാവ്യത്തെ ഉപസംഹരിച്ചിരിക്കുന്നത്. കവിതയിൽ തത്വചിന്തയെ ഇതിലധികം പ്രകാശിപ്പിക്കയെന്നത് ദുഷ്കരംതന്നെ. ശോകമാണ് മനുഷ്യനേ പലപ്പോഴും തത്വവിചാരത്തിലേക്കു നയിക്കുന്നത്. ആ അറിവോടേ ആശാൻ ശോകരസമയമായ കാവ്യം ചമച്ച് അതിൽ നമ്മുടെ മനസ്സിനെ ലയിപ്പിച്ചു സമുജ്ജ്വലമായ തത്വപ്രകാശത്തിലേക്കു സുകരമായി ഉയർത്തുന്നതിൽ പ്രകടിതമായ സാമർത്ഥ്യം തുലോം പ്രശസ്തമാണെന്നേ ചുരുക്കത്തിൽ ഞാൻ പറയുന്നുള്ളു.

"ആകെ നൂററിനാല്പത്തിയേഴ പദ്യങ്ങളുള്ളതിൽ അർത്ഥാലങ്കാരവൈഭവത്താൽ ഒന്നൊന്നും ഞാൻഞാനെന്നു മത്സരിച്ചുകൊണ്ടിരിക്കയാണ്. ഈ കാവ്യമൂർത്തിയുടെ നാഡികളെയെല്ലാം പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന രസം കരുണംതന്നെ. ആ കരുണം നിർവേദാത്മകമാണ്. അതു

ഭാഷാപാണ്ഡിത്യത്താലും, വിചാരോൽകഷത്താലും അതിദീപ്തവുമാണ്. പ്രൗഢവും ഗംഭിരവും തേജോമയവുമായിട്ടാണ് ഈ കാവ്യത്തിൻെറ നില്പ്. സാമാന്യന്മാക്ക മാത്രമല്ലാ സാധാരണ പാണ്ഡിതന്മാക്കപോലും ദുരാസദവുമാണത്. ഈ കാവ്യമൂത്തിയിൽനിന്നു ധാരധാരയായി കണ്ണുനീർ വീഴുന്നുണ്ട്. എന്നാൽ ആ കണ്ണീർ തുള്ളികഠം ഒന്നൊന്നം അമൂല്യമുക്താമണികളാണ്. കേഠംക്കുന്നതു വിലാപം; അടുക്കുന്നത് അത്ഥത്തിൽ; തൊടുന്നതെല്ലാം അലങ്കാരങ്ങഠം; ഏല്ക്കുന്നതൊക്കെ തത്വങ്ങഠം—ഇങ്ങിനെ അത്ഭുതാവഹമായ അപൂവ്വമൂത്തിയാണിത്. കേട്ടാൽമാത്രം പോരാ; പഠിക്കുകതന്നെ വേണം ഈ കാവ്യം. ഇത്രയധികം ലോകനീതികളും തത്വരത്നങ്ങളും സുന്ദരവിഭവങ്ങളും ആകഷകമാംവണ്ണം നിറഞ്ഞുകിടക്കുന്ന വിലാപാകരം വേറെയില്ല.

പ്രരോദനം പാശ്ചാത്യരീതിയെ അനുകരിച്ചുണ്ടായതാണെങ്കിലും, ഉള്ളടക്കം സംസ്കൃതഭാരതമാകയാൽ പുരോഗാമികളെയെല്ലാം അതിശയിച്ചുകൊണ്ടു ജാജ്ജ്വല്യമാനമായി വിളങ്ങുന്നു. വിലാപകാവ്യങ്ങളിൽ പാശ്ചാത്യക്കുള്ളതു വൈനാണെങ്കിൽ, ഇവിടെ കുമാരനാശാൻ നേടിത്തന്നിരിക്കുന്നത് മട്ടപ്പുന്തേനാണ്. കരുണനിവേദങ്ങളും ശാന്തിനിർവൃതികളും അതതിന്നുള്ള രസത്തിന്ന് ഹാനിക്രടാതെ ഇത്രയിങ്ങു കിടന്നു തിമിക്കുന്നത് മററു വിലാപകാവ്യങ്ങളിലൊന്നിലും കാണാവുന്നതല്ല."

# ചിന്താവിഷ്ടയായ സീത.

---

ആർ. നാരായണപ്പണിക്കർ ബി. എ., എൽ. ടി.

ഇന്നത്തെ സമുദായാന്തരീക്ഷം വിപ്ലവധ്വനിമുഖരിതമാണു്. തൊഴിലില്ലായ്മയിൽനിന്നുണ്ടായ ഈ വിദ്ധ്വംസാത്മകത്വം സാഹിത്യത്തിലും സംക്രമിച്ചു തുടങ്ങിയിരിക്കുന്നു. പൂർവകവിതകൾ മാത്രം പോരാ, അസംതൃപ്തമായ യുവലോകത്തിൻെറ ജീവിതത്തോതുകളെ അംഗീകരിക്കാത്ത കവികളും നശിക്കണമെന്നാണു് അവരുടെ മുറവിളി. ഈയിടെ നടന്ന ഒരു സാഹിത്യപരിഷത്തിൽവച്ചു്, ഒരു യുവാവു് കാളിദാസൻെറ ഒരു പദ്യത്തെ ഉദ്ധരിച്ചിട്ടു് 'ഈമാതിരി അസംബന്ധം എഴുതിയ ആളിനെയാണോ നിങ്ങൾ മഹാകവി എന്നു വിളിക്കുന്നതു്" എന്നു വികാരതരളിതനായി ചോദിക്കയുണ്ടായി. ജീവൽസാഹിത്യപ്രസ്ഥാനം എന്നൊന്നു് സമരോൽസുകതയോടുകൂടി ആവിർഭവിച്ചിട്ടുമുണ്ടു്. അല്പകാലത്തിനു മുമ്പാകട്ടെ 'ഖണ്ഡകാവ്യപ്രസ്ഥാനം' എന്നേ എവിടെയും കേൾക്കാനുണ്ടായിരുന്നുള്ളു. എന്നാൽ എന്താണു് വിപ്ലവം? എന്താണു് ജീവൽസാഹിത്യം? എന്താണു് ഖണ്ഡകാവ്യം? ഇതൊന്നും ശാന്തമായി ആലോചിക്കുന്നതിനുള്ള ക്ഷമ ഈ യുവജനങ്ങൾക്കില്ല.

വിപ്ലവശബ്ദത്തിനു അശസ്ത്രകലഹം എന്നു് അമരകോശ വ്യാഖ്യാതാവായ രാമസ്വാമി അർത്ഥം പറയുന്നുണ്ടെങ്കിലും വിദ്ധ്വംസാർത്ഥമാണു് അതിനു മുഴച്ചു നില്ക്കുന്നതു്. 'Revolution' എന്ന പദത്തിൻെറ അർത്ഥവ്യാപ്തി അതിനില്ല. പതിനെട്ടാം ശതകത്തിൻെറ അന്ത്യ ദശകത്തിൽ ഫ്രാൻസിലും ഈ അടുത്തകാലത്തു് റഷ്യയിലും നടന്ന മഹാ

പരിവൎത്തനങ്ങളിൽ ഏറെക്കുറെ വിദ്ധ്വംസാത്മകത്വം കലൎന്നിരുന്നുവെങ്കിലും അവ ഏതാനും ഭൂസ്വാമികളിൽ കേന്ദ്രീഭവിച്ചിരുന്ന രാഷ്ട്രീയശക്തിയെ വിടുത്തി ജനസാമാന്യത്തിൽ പ്രതിഷ്ഠിക്കയേ ചെയ്തിട്ടുള്ളു. പരിവൎത്തനമാണെങ്കിൽ അതു് ലോകധൎമ്മവുമാണു്. ജഗത്തു്, സംസാരം, എന്നീ പദങ്ങൾതന്നെ പ്രപഞ്ചത്തിന്റെ പരിവൎത്തനശീലത്തെയാണു് കുറിക്കുന്നതു്. സൂൎയ്യചന്ദ്രാദി ഗോളങ്ങൾപോലും പരിണാമനോന്മുഖമായിരിക്കുന്നസ്ഥിതിക്കു്, മനുഷ്യലോകം മാത്രം യാതൊരു മാററവുമില്ലാതെ ഇരുന്ന നിലയിൽതന്നെ എന്നും ഇരിക്കുമെന്നു് ആരും വിശ്വസിക്കയില്ലല്ലോ. എന്നാൽ ഈ മാററങ്ങൾക്കെല്ലാം സാക്ഷിയായി ഒരു തത്വം സ്ഥായീഭാവേന നിലകൊള്ളുന്നു. മനുഷ്യരുടെ ആചാരങ്ങളും വേഷഭൂഷാദികളും ഉച്ചാഭിലാഷങ്ങളും വിശ്വാസവും ഒക്കെ മാറിയാലും മനുഷ്യത്വം എന്ന ധൎമ്മം അവരെ വിട്ടുപോകുന്നില്ല. രതിശോകാദിസ്ഥായിഭാവങ്ങളും സൌന്ദൎയ്യാനുഭൂതിയിലുള്ള താല്പൎയ്യവും അന്നും ഇന്നും എന്നും മനുഷ്യനുള്ളതും ഉണ്ടായിരിക്കുന്നതും ആണു്. അവയുടെ ബഹിഃപ്രകാശനരീതികളിൽ ചില്ലറ വ്യത്യാസങ്ങൾ വരാമെന്നേയുള്ളു. അതിനാലാണു്, രതിശോകാദിസ്ഥായിഭാവങ്ങളെക്കൊണ്ടു് കൈകാൎയ്യകൎത്തൃത്വം ചെയ്തുപോരുന്ന കവികളും കൃതികളും കാലത്തെ അതിവൎത്തിച്ചു ജീവിച്ചുപോരുന്നതു്. കാവ്യസാമ്രാജ്യത്തിൽ കാലാനുരൂപമായി വിവിധ പ്രവണതകൾ അങ്കുരിക്കയും തൽഫലമായി ഭിന്നഭിന്ന പ്രസ്ഥാനങ്ങൾ ആവിൎഭവിക്കയും ചെയ്യുന്നു. എന്നാൽ ആ പ്രസ്ഥാനങ്ങൾ പ്രതികൂലങ്ങളായ പരിതഃസ്ഥിതികളുടെ ഞെരുക്കുകൊണ്ടു തിരോധാനം ചെയ്യേുക്കാവുന്നവ ആയതിനാൽ അവയ്ക്കു പ്രാധാന്യം കല്പിയ്ക്കുന്നതു് ശരിയല്ല. കാവ്യത്വത്തിനു തന്നെയാണു് പ്രാധാന്യം കല്പിക്കേണ്ടതു്. പരിവൎത്തനധൎമ്മത്തോടുകൂടിയ അപാരമായ കാവ്യസംസാരത്തിൽ അതിനു മാത്രമേ സ്ഥായിഭാവമുള്ളു. സാഹിതീഗുണസമ്പന്നമായ ഒരു കൃതി മഹാ

കാവ്യമൊ നാടകമൊ ഖണ്ഡകാവ്യമൊ എന്തുതന്നെയായാലും നിലനില്ക്കുതന്നെ ചെയ്യും.

ജീവൽസാഹിത്യമെന്ന പദത്തിന്റെ അത്ഥം സുഗ്രഹമായിരിയ്ക്കുന്നില്ല. ജീവൽപദത്തിനു് ജീവിച്ചിരിക്കുന്ന എന്നേ അത്ഥമുള്ളു. ആ നിലയിൽ ഉത്തമകാവ്യകോടിയിൽപ്പെടുന്ന ഏതു കൃതിയും ജീവൽസാഹിത്യം തന്നെയാണു്. നേരേമറിച്ച വിശ്രമാവസരങ്ങൾ ചുരുങ്ങിയും ജീവസന്ധാരണരണത്തിൽ കുടുങ്ങിയും ഇരിക്കുന്ന ബഹുജനങ്ങൾക്കവേണ്ടി അവരുടെ അഭിരുചിയ്ക്കു യോജിച്ചവിധത്തിൽ രചിയ്ക്കപ്പെടുന്ന കൃതികൾ തത്തൽകത്താക്കന്മാരുടെ കാലത്തുതന്നെ വിസ്മൃതിയിൽ ആണ്ടുപോകുന്നു. പരമാത്ഥം ആലോചിച്ചാൽ കാവ്യം ഏറെക്കുറെ പ്രഭുപ്രാമാണ്യവാദിയും പ്രയോജനൈകഫലസിദ്ധാന്തത്തിനു് പ്രതികൂലിയുമാണു്. വാല്മീകിരാമായണമുണ്ടായിട്ടു് എത്രയൊ വഷശതങ്ങൾ കഴിഞ്ഞിരിയ്ക്കുന്നു. എന്നിട്ടും അതു് ഇന്നും സജീവമായിട്ടു തന്നെയല്ലെ പ്രവത്തിക്കുന്നതു്. ജാതി, മതം, ആചാരം, വേഷഭൂഷാദികൾ എന്നിങ്ങനെയുള്ള വിവിധഭേദകോപാധികളാൽ പരസ്പരം അകന്നിരിയ്ക്കുന്ന വിപുലമായ ഭാരതീയജനതയ്ക്കു സാംസ്കാരികമായ ഐക്യം നൽകിക്കൊണ്ടും ലക്ഷോപലക്ഷം സഹൃദയഹൃദയങ്ങളെ അദ്യാപി ആഹ്ലാദിപ്പിച്ചുകൊണ്ടും അതു് സവോല്ക്കഷേണ വത്തിക്കുന്നു. കാവ്യത്തിനു മനുഷ്യജീവിതത്തോടു സജീവമായ സംബന്ധമുണ്ടായിരിക്കണമെന്നുള്ളതിനെപ്പററി പക്ഷാന്തരത്തിനു് അവകാശമില്ല. എന്നാൽ ആ സംബന്ധം ഏതുതരത്തിലാണു് ഇരിയ്ക്കേണ്ടതെന്നു നിണ്ണയിയ്ക്കേണ്ടഭാരം കവിയ്ക്കുതന്നെയാണുള്ളതു്. അതുകൊണ്ടുതന്നെയാണു് "അപാരേ കാവ്യസംസാരേ കവിരേവ പ്രജാപതിഃ" എന്നു പുരാതനാചാൎയ്യന്മാർ സിദ്ധാന്തിച്ചിട്ടുള്ളതും. എന്നാൽ നേരേമറിച്ചു് അൻപതുകോടി ജനങ്ങളുടെ രൂപത്തിൽ സദാപി ഉദരപൂരണവ്യ

ഗ്രമായി വർത്തിയ്ക്കുന്ന മനുഷ്യജീവിതത്തോട് "നിനക്കു കാവ്യവുമായുള്ള ബന്ധമെന്താണ്?" എന്നു ചോദിച്ചാൽ എന്തു മറുപടിയാണ് ലഭിയ്ക്കുക! കാവ്യത്തിലെ ആധുനികപ്രവണതകൾ എന്ന പ്രൗഢമായ ഉപന്യാസത്തിൽ ടി. എസ്സ്. എലിയട്ട് എന്ന വിമർശകൻ പറഞ്ഞിട്ടുള്ള വാക്കുകൾ ഇവിടെ ഉദാഹരണയോഗ്യമായിരിയ്ക്കുന്നു. അദ്ദേഹം പറയുന്നു:— "ഒരു തലമുറയ്ക്കുള്ളിൽ നിങ്ങൾക്കു കവിതാശക്തി സമ്പന്നരായ അരഡസൻ ആളുകളേയും, അവർക്കുള്ള ഗുണങ്ങളെ സ്വയം കണ്ടുപിടിയ്ക്കാൻ ത്രാണിയുള്ള ഇരുപതോ, മുപ്പതോ പേരെയും, മററുവല്ലവരും ചൂണ്ടിക്കാണിച്ചുകൊടുത്താൽ ആ ഗുണങ്ങളെ കാണാൻ കഴിയുന്നവരായി പത്തുനൂറു പേരെയും, അന്യന്മാരുടെ അഭിപ്രായങ്ങളെ ആദരിച്ചുമാത്രം അവരെ പൂജിക്കുന്ന ആയിരം ആളുകളേയും, ലഭിച്ചു എന്നുവരാം; ബാക്കിയുള്ളവരാകട്ടെ അവരോടു നിങ്ങൾ എന്തുപറയുന്നുവോ അതിനെ അന്ധമായി വിശ്വസിച്ചുകൊള്ളും.' ഇംഗ്ലണ്ടിലെ സ്ഥിതി ഇതാണെങ്കിൽ നമ്മുടെകാര്യം പറയാനുണ്ടോ? ഇന്നത്തെ നിലയ്ക്കു കാലക്ഷേപത്തിനു വകയില്ലാത്തവർ കവിതചമയ്ക്കാൻ പുറപ്പെട്ടാൽ, പൊതുജനപ്രീതിയെ ലാക്കാക്കി പ്രവർത്തിയ്ക്കേണ്ടിയിരിയ്ക്കുന്നു. സുഗ്രഹമായ വിഷയങ്ങളെപ്പററി സുഗ്രഹമായ രീതിയിൽ രചിയ്ക്കപ്പെടുന്ന കൃതികൾക്കു മാത്രമെ ജനങ്ങളുടെ ഹൃദയനാഡികളെ സ്പർശിയ്ക്കാൻ കഴിയുന്നുള്ളു. അലങ്കാരവും ധ്വനിയും ഭാവഗാംഭീര്യവും ഒന്നും ആവശ്യമില്ല. അതിനാലാണ് കവിതയെന്ന പേരിൽ ഒട്ടുവളരെ ക്ഷുദ്രകൃതികൾ അനുക്ഷണം ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നതു്. അന്നും ഇന്നും ഉത്തമകവികളുടെ പ്രവണത സൽകാവ്യരചനയ്ക്കാണ്. എന്നാൽ കാവ്യപ്രവണതയോ? ശ്രോതാവിനെ സവിശേഷം ആശ്രയിച്ചിരിയ്ക്കുന്നു. നിങ്ങളുടെ കയ്യിൽ കിട്ടുന്ന കാവ്യത്തിനോട് നിങ്ങൾ പെരുമാറുന്ന രീതിയെ ആശ്രയിച്ചിരിയ്ക്കും നിങ്ങൾക്കു ലഭിയ്ക്കുന്ന കാവ്യത്തിൻെറ സ്വഭാവം. വിശ്രമാവസരങ്ങൾ സുലഭ

മായിരിക്കുന്ന ഒരു ജനവിഭാഗത്തിൻെറ അഭാവത്തിൽ ഉത്തമകലകൾക്കൊന്നിനും പോഷണം ലഭിയ്ക്കുന്നില്ല. ജനങ്ങളിൽ ഭൂരിഭാഗവും ജീവസന്ധാരണരണത്തിൽ മുഴുകിയിരിയ്ക്കുമ്പോൾ ദീർഘദീർഘങ്ങളും ആലോചനാമൃതങ്ങളും ആയ സൽകാവ്യങ്ങൾ വായിച്ചു രസിയ്ക്കാൻ അവസരമെവിടെ? അതുകൊണ്ടാണ് കാവ്യം ജനപ്രാമാണ്യപരവും പ്രയോജനൈകഫലസിദ്ധാന്തിയുമല്ലെന്നു മുൻപു പ്രസ്താവിച്ചത്.

കുമാരനാശാൻവഴിയ്ക്കു മലയാളഭാഷയ്ക്കുണ്ടായിട്ടുള്ള പ്രവണതകളുടെ സൂക്ഷ്മസ്വഭാവവും മഹത്വവുംഅറിയണമെങ്കിൽ കേരളത്തിലെഅന്നത്തെ പരിതഃസ്ഥിതികൾ ഏറെക്കുറെഅറിയാതെ തരമില്ല. ബ്രിട്ടീഷ്സിംഹത്തിൻെറ കൊടിക്കുകീഴിൽനാടൊട്ടുക്കു സമാധാനം വ്യാപിച്ചുകഴിഞ്ഞിരുന്നു. പണമുള്ളവരുടെ സന്താനങ്ങൾ ഇംഗ്ലീഷു പഠിച്ചു സക്കാർ ഉദ്യോഗങ്ങളിൽ പ്രവേശിക്കുകയോ വക്കീൽപണി കയ്യേൽക്കുകയോചെയ്തുപോന്നു. കൃഷീവലന്മാർ പ്രകൃതിദേവിയുടെ സൌജന്യത്തെ അവലംബിച്ച്, ഉള്ളപ്പോൾ ഓണംപോലെയും അല്ലാത്തപ്പോൾ കടംവാങ്ങിയും ജീവിച്ചു. ബ്രിട്ടീഷ് ഇൻഡ്യയിൽ പ്രത്യേകിച്ചു ബങ്കാളിൽ പ്രബുദ്ധമായ നവഭാരതത്തിൻെറ അരുണോദയം കണ്ടുതുടങ്ങിയെങ്കിലും അതു കേരളത്തെ ബാധിച്ചില്ല. ഇത്ര നിർജ്ജീവമായ ഒരു ജീവിതഘട്ടത്തിൽ ഉത്തമ സ്വതന്ത്രകാവ്യങ്ങൾ എങ്ങിനെ ആവിർഭവിക്കും. മലയാളികൾ പൂർവ്വകവികളെ ഉപജീവിച്ച് ധാരാളം കൃതികൾ ചമച്ചുവന്നിരുന്നു. സംസ്കൃതത്തിലുള്ള കാവ്യനാടകാദികൾ ഓരോന്നായി തർജ്ജിമചെയ്യപ്പെട്ടുതുടങ്ങി. കവിതയ്ക്ക് ഏതും വിഷയമാകാമെന്നുവന്നു. കത്തുകളുടെ മേൽവിലാസംപോലും പദ്യത്തിലായി. കാവ്യനിർമ്മാണത്തിനായി ജായിൻറ്സ്റ്റോക് കമ്പനികൾകൂടിയും പുറപ്പെട്ടു. നാലും അഞ്ചും പേർ കൂടിച്ചേർന്ന് എഴുതപ്പെട്ട കൃതികളും ശ്ലോകങ്ങളും അന്നു സുലഭങ്ങളായിരുന്നു അർത്ഥത്തിന് വകയില്ലെന്നുവന്നപ്പോൾ ശബ്ദത്തിനു മോടികൂട്ടി. കൈരളീ

മഹിളയ്ക്കു് സജാതീയ ദ്വിതീയാക്ഷര പ്രാസമാകുന്ന തിരുമംഗല്യം ചാർത്തിയില്ലെങ്കിൽ വലിയ പോരായ്മയാണെന്നു അന്നത്തെ സാഹിത്യസമ്രാട്ടായിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാൻ വിധിച്ചു. വശ്യവാക്കായിരുന്ന ആ മഹാകവിയ്ക്കു് എന്തും സാധിക്കുമായിരുന്നെങ്കിലും,

യദ്യദാചരതി ശ്രേഷ്ഠഃ
തത്തദേവേതരോ ജനഃ

9627
J.645

എന്ന പ്രമാണമനുസരിച്ചു് മിക്ക ഭാഷാകവികളും "താലികെട്ടു" ആഘോഷിച്ചാഘോഷിച്ചു് ഭാഷാദേവിയുടെ തറവാട്ടിൽ "അർത്ഥ"മൊന്നുമില്ലാതാക്കി. എന്നാൽ ഭാഷയുടെ ഈ വഴിപിഴച്ച പോക്കു കണ്ടിട്ടു് സീ. അച്യുതമേനോൻ തുടങ്ങിയ ചില ഭാഷാഭിമാനികൾ പ്രതിഷേധധ്വനി പുറപ്പെടുവിച്ചെങ്കിലും അതുകൊണ്ടൊന്നും വലിയ പ്രയോജനമുണ്ടായില്ല. അങ്ങനെ ഇരിക്കവേ ആണു് ബൈറൺ, ഷെല്ലി, വേർഡ്സ്വർത്ത് തുടങ്ങിയ ആംഗലകവികോകിലങ്ങളുടെ കാവ്യാമൃതങ്ങൾ വായിച്ചു വായിച്ചു് അത്തരം മധുരകാവ്യങ്ങൾ ഭാഷയിൽ ഉണ്ടാകുന്നില്ലല്ലോ എന്നു് വ്യസനിച്ചുകൊണ്ടിരുന്ന ബഹുശതം അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ നേതൃത്വം വഹിച്ചുകൊണ്ടു പുണ്യസ്മൃതിമാനായ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ യുദ്ധരംഗത്തിൽ പ്രവേശിച്ചതു്. പിന്നീടുണ്ടായ സമരത്തെപ്പററി വിവരിക്കാതിരിക്കുന്നതാണു് ഉത്തമം. ആ വാക്സമരത്തെയാണു് ആശാൻ,

ശങ്കാപേതമുദിക്കുമർത്ഥരുചിയെങ്ങെങ്ങാവെറുംശബ്ദമാ-
മാങ്കോലക്കുരുവിൻെറയെണ്ണയിലെഴുന്നാജ്ജ്വാലകൗതൂഹലം
ഹൂങ്കാരത്തിലൊതുങ്ങുമോ പരഗുണോൽക്കർഷങ്ങളുണ്ടൂഴിയിൽ
പൂങ്കോഴിപ്രകരത്തിനംസ്ഥലമഹോ പുംസ്കോകിലങ്ങൾക്കുമേ

എന്ന ശ്ലോകത്തിൽ ഭംഗിയായി സൂചിപ്പിച്ചിരിക്കുന്നതു്.

നളിനിയുടെ ആവിർഭാവത്തോടുകൂടി ഭാഷാദേവിയുടെ ശുക്രദശ ആരംഭിച്ചുവെന്നു പറയാം. പൂർവകവികളാൽ അക്ഷുണ്ണമായ മാർഗ്ഗത്തിലൂടെ ഇദംപ്രഥമമായി ചരിച്ചു് വിജയംനേടിയ ആശാൻ കവികളുടെ ഒരു ആശാനായിത്തീർന്നു. ശബ്ദപ്രയോഗവിഷയകമായ അനേകവൈകല്യങ്ങൾ അതിനുണ്ടെങ്കിലും അചുംബിതങ്ങളായ ആശയങ്ങളുടെ പുഷ്കലത, ഭാവഗാംഭീര്യം, ധ്വനിവൈചിത്ര്യം മുതലായവകൊണ്ടു അതു സഹൃദയന്മാരുടെ ഹൃദയങ്ങളെ ചമൽക്കരിച്ചുകൊണ്ടിരിക്കുന്നു. അതിനെ തുടർന്നുണ്ടായ ഭാവഗംഭീരങ്ങളായ ഖണ്ഡകാവ്യങ്ങളിലൊന്നാണു് ഈ നിരൂപണത്തിനു വിഷയമായ ചിന്താവിഷ്ടയായ സീത.

ചിലക്കു ഈ കാവ്യത്തിൻെറ നാമകരണത്തിൽ വലുതായ വിപ്രതിപത്തി ജനിച്ചിട്ടുണ്ടു്. സ്വയമേവ മനസ്വിനിയായ സീതാദേവിക്കു് ഏതാനും വഷക്കാലത്തെ ആശ്രമവാസത്തിനുശേഷം എങ്ങനെ ചിന്താവേഗം ഉണ്ടാകും എന്നാണു് അവർ ചോദിക്കുന്നതു് ഇതിനു സമാധാനം പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പ്രഥമശ്ലോകത്തിൽതന്നെ ദേവിയുടെ ചിന്താവേശത്തിനുള്ള കാരണം സൂചിപ്പിച്ചിട്ടുണ്ടു്.

'സുതർ മാമുനിയോടയോദ്ധ്യയിൽ' ഗതരായിരിക്കുന്നു. അവരുടെ അഭാവത്താൽ ആശ്രമം വിജനപ്രായമായും തീർന്നു. ഒരു മാതാവിനു ചിന്താവേശത്തിനു ഇതിൽ കൂടുതൽ കാരണം വേണമെന്നില്ല. എന്നാൽ എന്തിനാണു വാല്മീകിമഹഷി പോയിരിക്കുന്നതു് എന്നുകൂടി ആലോചിക്കുമ്പോൾ അതിനുള്ള ഹേതു കുറച്ചുകൂടി വ്യക്തമാവും. രാമചന്ദ്രൻ അശ്വമേധത്തിനു ഒരുക്കങ്ങൾചെയ്തു കഴിഞ്ഞി

രിക്കുന്നു. അതിൽ സംബന്ധിക്കുന്നതിനു വാല്മീകിക്കും ക്ഷണം ലഭിച്ചിരുന്നു. ഈ ക്ഷണം അനുസരിച്ചാണ് അദ്ദേഹം കുശലവന്മാരോടുകൂടി അയോദ്ധ്യയിലേക്കു തിരിച്ചതു്. ഈ അവസരത്തിൽ സീതയുടെ ഹൃദയത്തിൽ സ്വാഭാവികമായി ഉദിക്കാവുന്ന ചില ചിന്തകളുണ്ടു്. ഒന്നാമതായി അശ്വമേധത്തിനു ഒരു സഹധർമ്മിണി ആവശ്യമാണ്. രാമചന്ദ്രൻ, തനിക്കു് ആളയച്ചേക്കുമോ? രണ്ടാമതായി കുശലവന്മാർക്കു അർഹിക്കുന്ന ബഹുമാനം അവിടെ ലഭിക്കുമോ? ദേവി, നിർവ്വാസനദശയിൽ ജീവത്യാഗംചെയ്യാതിരുന്നതു സ്വഗർഭത്തിൽ ഇരുന്ന ഈ ശിശുക്കളെക്കരുതിയാണല്ലോ.

ന ഖല്വദ്യൈവ സൌമിത്രേ
ജീവിതം ജാഹ്നവീജലേ
ത്യജേയം രാജവംശസ്തു
ഭർത്തുർമേ പരിഹാസ്യതേ

എന്നിങ്ങനെ ആ പാതിവ്രത്യരത്നം ലക്ഷ്മണനോടു പറഞ്ഞ വാക്കുകളിൽനിന്നു് ഈ ആശയം സ്ഫുരിക്കുന്നുണ്ടു്. വാല്മീകിരാമായണത്തിൽ ഏതൽപര്യന്തമുള്ള സീതയുടെ ആശ്രമജീവിതത്തെപ്പററി ഒരു വിവരവും നല്കിയിട്ടില്ല. ആദികവി അതിനെ വായനക്കാരുടെ അഭ്യൂഹത്തിനായി വിട്ടിരിക്കയായിരുന്നു. ആശാൻ അതിനെ പൂരിപ്പിക്കാനുദ്യമിച്ചു; ആ ഉദ്യമം സർവ്വഥാ സഫലമാവുകയുംചെയ്തു.

വനിതാലോകത്തിനു ആദർശമായിരിക്കുന്ന സീതയ്ക്കു ആശാൻ അപകർഷം വരുത്തിക്കളഞ്ഞു എന്നാണു് മറെറാരു ആക്ഷേപം. ഈ ആക്ഷേപം കുറേക്കൂടി ഗൌരവമുള്ളതാണു്. ദേവിയുടെ വർഗ്ഗത്തിൽപ്പെട്ട ഒരു വിദുഷി പറഞ്ഞിരിക്കുന്ന സമാധാനം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടേ. "സ്ത്രീസ്വഭാവമഹിമയും അപ്രമേയ ത്യാഗശീലവും അ

ന്ന്യാദ്ദശപാതിവ്രത്യശക്തിയും സഹനസന്നദ്ധതയും ഉയ ർത്തിക്കാട്ടുന്ന സതീമാണിക്യമായ സീതയേ നിർദ്ദയവനാന്തര ത്തിൽ വലിച്ചെറിയുന്നതിനു പുരുഷാഗ്രേസരനായിരുന്ന ശ്രീരാമന് അധികാരമുണ്ടെങ്കിലും, ആ നിഷ്ഠുരകർമ്മത്തി ൻെറ അന്ന്യായവശങ്ങളെ ഹൃദയവേദനയോടുകൂടി ഏകാന്ത മായി അല്പമായി ഒന്നു നിരൂപണംചെയ്യുന്നതിനു് നിർഭാ ഗ്യയായ സീതയ്ക്കു് അധികാരമില്ലെന്നു ഈ വിദൂരകാലത്തും എൻെറ മാന്ന്യസഹോദരന്മാർ വിധി എഴുതുന്നുഎങ്കിൽ അതു് ഇജ്ജനങ്ങൾക്കു പരിതാപകരമെന്നറിയണം.” ഇതു കൊണ്ടും തൃപ്തിയാകാതെ പിന്നെയും പറയുന്നു. “......... ......കൈകേയി കൊടുത്ത വല്ക്കലവും ധരിച്ചു ആത്മനാ ഥനെ അനുഗമിച്ച ആ പതിദേവത, മതിയായ കാരണം കൂടാതെ സ്വമനസ്സാക്ഷിക്കും നീതിക്കും വിപരീതമായി ദോ ഹദപൂരണമെന്നുള്ള പ്രകടവ്യാജേന പൂർണ്ണഗർഭിണിയായ തന്നെ അശരണയായി കാനനത്തിൽ കളഞ്ഞതിൽ തോ ന്നിയ അപാരദുഃഖത്തിനധീനയായി ആ സംഭവത്തിനുശേ ഷം ദീർഘകാലം കഴിഞ്ഞു അതിൻെറ ന്ന്യായാന്ന്യായത്തെ പ്പററി ഏകാകിനിയായി അല്പമൊന്നു ചിന്തിച്ചതുകൊണ്ടു് സതീത്വം അവളുടെ ചിന്താസരണിയിൽപ്പെട്ടു ഗളിച്ചുപോ യെന്നു ശഠിക്കുന്നവരോടു് സീതയെ ഒരു മനുഷ്യാവതാരമാ യിട്ടു ഗണിക്കുന്നതിലും ഭേദം റൊട്ടിച്ചീനിയുടെ ഭാവഭേദമാ യി കരുതുന്നതാണു് എന്നാകുന്നു എനിക്കു പറവാനുള്ളതു്.”

ഈ വിദുഷിയുടെ ദൃഷ്ടിയിൽ രാമനും വാല്മീകിയും അ പരാധികളായിട്ടാണിരിക്കുന്നതു്. വാല്മീകി രാമനെ അ പരാധിയായി കണ്ടിട്ടില്ലെന്നുള്ളതു്, രാമചരിതം രചിച്ചു് അ തിനെ കുശലവന്മാരെ പഠിപ്പിക്കയും,

“കൃത്സ്നം രാമായണം കാവ്യം-ഗായേഥാം പരയാ മുദാ

ഋഷിവാടേഷു പുണ്യേഷു ബ്രാഹ്മണാവസഥേഷു ച
രഥ്യാസു രാജമാർഗ്ഗേഷു പാൎത്ഥിവാനാം ഗൃഹേഷു ച."

എന്നിങ്ങനെ ശിഷ്യന്മാരോടു ഉപദേശിക്കയും ചെയ്യുതിൽനിന്നു തെളിയുന്നു. അതു് പുരുഷന്മാൎക്കു പുരുഷന്മാരോടുള്ള പക്ഷപാതംകൊണ്ടാണെന്നു പറഞ്ഞാൽ നില്ക്കയില്ല. എന്തുകൊണ്ടെന്നാൽ രാമായണം പഠിച്ചിട്ടുള്ളവരെല്ലാം രാമചന്ദ്രനേക്കാൾ ഒരു പടി കവിഞ്ഞ സ്ഥാനമാണു് സീതാദേവിക്കു കല്പിച്ചിരിക്കുന്നതു്. സ്വാമി വിവേകാനന്ദൻ ഒരവസരത്തിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതായി ഓൎക്കുന്നു. "ലോകത്തിൽ ഇനിയും അനേകം രാമചന്ദ്രന്മാരുണ്ടായേക്കാം. എന്നാൽ സീത ഒന്നുമാത്രമേയുള്ളൂ." കേവലം ഒരു പാവയായിട്ടാണു് കവി സീതയെ സൃഷ്ടിച്ചിരിക്കുന്നതെന്നു പറയുന്നവർ വാല്മീകിരാമായണം തീൎച്ചയായും വായിച്ചിരിക്കയില്ല.

മാമികേയം തനുൎന്നൂനം സൃഷ്ടാ ദുഃഖായ ലക്ഷ്മണ
ധാത്രാ യസ്യാസ്തഥാ മേ്യദ്യ ദുഃഖമൂൎത്തി പ്രദൃശ്യതേ.

എന്നു തുടങ്ങി,

അഹം ത്യക്താ ത്വയാ വീര അയശോഭീരുണാജനേ
യച്ചതേ വചനീയം സ്യാദപവാദസമുത്ഥിതം

മയാ ഹി പരിഹൎത്തവ്യം ത്വം ഹി മേ പരമാ ഗതിഃ
വക്തവ്യശ്ചേതി നൃപതിൎദ്ധൎമ്മേണ സുസമാഹിതഃ

യഥാ ഭ്രാതൃഷു വൎത്തേഥാസ്തഥാ പൌരേഷു നിത്യദാ
പരമോ ഹ്യേഷധൎമ്മസ്തേ തസ്മാൽ കീൎത്തിരനുത്തമാ

യഥാപവാദം പൌരാണാം ......................
യത്തു പൌരജനോ രാജൻ ധൎമ്മേണ സമവാപ്നുയാൽ

അഹന്തു നാനുശോചാമി സ്വശരീരം നരൎഷഭ.

എന്നിങ്ങനെ അവസാനിക്കുന്ന വാക്കുകൾ ഒരു മൂൺമൂൎത്തിയുടെ നാവിൽനിന്നു തീൎച്ചയായും പുറപ്പെടുകയില്ല. വാല്മീകി ഇവിടെ സ്ത്രീലോകത്തെ അവഹേളിക്കയല്ല, ഉയൎത്തുകയാണു ചെയ്തിരിക്കുന്നതു്. അതുകൊണ്ടു വാല്മീകിയോടു പരിഭവിക്കേണ്ട കാൎയ്യമൊന്നും ഇല്ല. ആശാൻ ഈ ഉന്നതസ്ഥാനത്തുനിന്നു് സീതയെ താഴ്ത്തിയിട്ടുണ്ടോ എന്നാണു നമുക്കു നോക്കാനുള്ളതു്. ഇല്ലെന്നു് ഇതിനുപരി ചെയ്യുന്ന ചിന്തയിൽനിന്നു വ്യക്തമാകുമെന്നു വിശ്വസിക്കുന്നു.

ദേവിയുടെ ഹൃദയത്തിൽ ചിന്താവേശം ഉണ്ടാകുവാനുള്ള കാരണത്തെ ചൂണ്ടിക്കാണിച്ചിട്ടു് കവി ദേവിയുടെ ഇരിപ്പും ഭാവവും വൎണ്ണിക്കാനൊരുമ്പെടുന്നു.

അരിയോരണിപന്തലായ് സതി-
ക്കൊരു പൂവാക വിതിൎത്ത ശാഖകൾ
ഹരിനീലതൃണങ്ങൾ കീഴിരു-
ന്നരുളും പട്ടുവിരിപ്പുമായിതേ.

അയോദ്ധ്യാധിപതിയുടെ അരമനയിൽ സൎവ്വസുഖഭോഗങ്ങളോടുകൂടി ഇരിക്കേണ്ട സീതയാണു് ഇന്നിവിടെ ഈ ദയനീയാവസ്ഥയിൽ സ്ഥിതിചെയ്യുന്നതെന്നു കാണിച്ചു് കവി വായനക്കാരുടെ അനുകമ്പ വൎദ്ധിപ്പിക്കുന്നു; സതീശബ്ദംകൊണ്ടു് അങ്ങനെ ഒരു അവസ്ഥയ്ക്കു ദേവി അൎഹയല്ലെന്നും സൂചിപ്പിക്കുന്നു.

നായികയുടെ ഇരിപ്പും ഭാവാവേശവും വൎണ്ണിക്കുന്ന രണ്ടു മൂന്നു പദ്യങ്ങൾ ആശാൻെറ ചിത്രനിൎമ്മാണചാതുരിക്കു മൂൎദ്ധാഭിഷിക്തോദാഹരണമായി വിളങ്ങുന്നു. പ്രകൃതിയുടെ വാങ്മയചിത്രം രചിക്കുന്ന വിഷയത്തിൽ ആശാനുള്ള സാമൎത്ഥ്യം അന്യാദൃശമാണു്.

പുളകങ്ങൾ കയത്തിലാമ്പലാൽ
തെളിയിക്കും തമസാ സമീരനിൽ
ഇളകും വനരാജി വെണ്ണിലാ-
വൊളിയാൽ വെള്ളിയിൽ വാർത്തപോലെയായ്,

വനമുല്ലകളിൽനിന്നു കാററത്തു പാറിവരുന്ന പൂക്കളെ ന്നോണം മിന്നാമിനുങ്ങുകൾ ദേവിയുടെ കുന്തലിൽ വന്നു പററിയിട്ടും അതൊന്നും അറിയുന്നില്ല.

ഉടൽ മൂടിയിരുന്നു ദേവിത-
ന്നുടയാടത്തളിരൊന്നുകൊണ്ടുതാൻ
വിടപങ്ങളൊടൊത്ത കൈകൾതൻ
തുടമേൽവച്ചുമിരുന്നു സുന്ദരി.

ഒരു നോട്ടവുമെന്നി നിന്നിതേ
വിരിയാതല്പമടഞ്ഞ കണ്ണുകൾ
പരുഷാളകപംക്തി കാററിലാ-
ഞ്ഞുരസുമ്പോഴുമിളക്കമെന്നിയെ.

അലസാംഗി നിവന്നിരുന്നു മെ-
യ്യുലയാതാനതമേനിയെങ്കിലും
അയവാർന്നിടയിൽ ശ്വസിച്ചു ഹാ
നിയമം വിട്ടൊരു തെന്നൽമാതിരി.

ഇങ്ങനെ ദേവിയുടെ ഇരിപ്പിനെ വർണ്ണിച്ചിട്ടു് കവി ആന്തരമായ വിചാരഗതിയിലേക്കു വായനക്കാരെ നയിക്കുന്നു. ആലംബനവിഭാവത്തെ ഉചിതമായ പശ്ചാത്തലത്തിൽ പ്രകാശിപ്പിച്ചതിൻെറ ശേഷം തദ്ഗതമായ ശോകാദി സ്ഥായീഭാവങ്ങളെ അനുഭാവാദികളാൽ അഭിവ്യഞ്ജിപ്പിക്കു ന്നതിലാണു് കവിയുടെ വിജയം സ്ഥിതിചെയ്യുന്നതു്. ഏതു

വസ്തുവിനെ അവലംബിച്ചാണോ കവിഹൃദയത്തിൽ ഏതെങ്കിലും ഒരു ഭാവം ഉൽഭൂതമാകുന്നതു്, ആ ഭാവം തദ്‌വസ്തുദർശനമാത്രത്താൽ വായനക്കാരുടെ ഹൃദയത്തിലും അങ്കുരിക്കത്തക്കവണ്ണം വർണ്ണിക്കാതിരുന്നാൽ കവിയുടെ ശ്രമം വ്യർത്ഥമായിപ്പോകുന്നു. ഒരു വസ്തുവിനെ ആശ്രയിച്ചുണ്ടാകുന്ന മനോഭാവത്തെ എത്ര ശക്തിയായ ഭാഷയിൽ പ്രകാശിപ്പിച്ചാലും അതു് ശ്രോതാവിൻെറ ഹൃദയത്തിൽ പതിയുകയില്ല. ആ വസ്തുവിൻെറ പൂർണ്ണപ്രതീതി ഉണ്ടാകത്തക്കവണ്ണമുള്ള വാങ്മയചിത്രംകൊണ്ടേ പ്രസ്തുത ഭാവം അവർക്കു് അനുഭവഗോചരമാകുകയുള്ളു.

'മനസ്വിനി'യായ നായിക "ഉഴലും മനതാരടക്കുവാൻ" കഴിയാഞ്ഞിട്ടു് ഇങ്ങനെ ചിന്ത തുടങ്ങി.

ഒരുനിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെ പോം
വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമേ.

"മഹാമനസ്വിനി"എന്ന പദത്താൽ നായിക കേവലം ചാപല്യംകൊണ്ടല്ല ഉദ്ദീപനവിഭാവങ്ങളുടെ ഞെരുക്കൽമൂലമാണു് ഈ വിചാരധാരയ്ക്കു വഴിപ്പെട്ടതെന്നും ഇവിടെ സൂചിപ്പിക്കുന്നു. എത്ര ധൈര്യമുള്ളവനായാലും ഈമാതിരി അവസരങ്ങളിൽ ഇത്തരം ചിന്തകൾക്കു് അധീനനാവാതിരിക്കയില്ലെന്നാണു് മനുഷ്യഹൃദയജ്ഞാനസമ്പന്നനായ കവിയുടെ ആശയം. വാല്മീകിമഹർഷി അയോദ്ധ്യാനഗരിയിൽ കുശലവന്മാരോടുകൂടി പോയിരിയ്ക്കുന്നതിൻെറ ഫലമായി ദേവിയ്ക്കു സ്വാഭാവികമായിത്തന്നേ, പണ്ടു ഭർത്താവിനോടുകൂടി സുഖമായി കഴിഞ്ഞുകൂടിയ കാലത്തിൻെറ സ്മരണ ഉദിയ്ക്കുകയും ഒരുപക്ഷെ ആ സുഖം ഇനിയും വന്നേക്കുകയില്ലയൊ

എന്നു സംശയം ജനിയ്ക്കുകയും ചെയ്യുന്നു. എന്നാൽ അതിനോടുകൂടിത്തന്നെ തൻെറ അഭിമാനത്തിനു നേരിട്ട ക്ഷതത്തിൻെറ കാഠിന്യം ഓർത്തു ദേവി ദുഃഖിയ്ക്കുന്നു.

അഴലേകിയ വേനൽ പോമുടൻ
മഴയാം ഭൂമിയിലാണ്ടുതോറുമേ
പൊഴിയും തരുപത്രമാകവേ
വഴിയെ പല്ലവമാന്നു പൂത്തിടും.

അഴലിന്നു മൃഗാദിജന്തുവിൽ
പഴതേറിടില്യമെത്തിയാൽ ദ്രുതം
കഴിയാമതു മാനഹേതുവാ-
ലൊഴിയാത്താർത്തി മനുഷ്യനേ വരൂ.

തിര്യക്കുകൾക്കും ദുഃഖമുണ്ടാകുന്നുണ്ട്. എന്നാൽ ആത്മാഭിമാനം എന്നൊന്ന് ഇല്ലാത്തതുകൊണ്ട് അവയുടെ ദുഃഖം ക്ഷണികമായിരിക്കുന്നു. ഒരുപക്ഷേ രാമചന്ദ്രൻ ദേവിയെ തിരികെ വിളിച്ചാൽതന്നെയും അദ്ദേഹവും ഒരുമിച്ചുള്ള ജീവിതം ഇനി സാദ്ധ്യമല്ലെന്ന് ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. വിചാരധാര ഈ ഘട്ടത്തിൽ എത്തിയപ്പോൾ ദേവിയുടെ ഇടത്തുതോൾ സ്ഫുരിച്ചു. സ്ത്രീകൾക്കു ഇടത്തുതോൾ സ്ഫുരിക്കുന്നതു് പ്രിയസമാഗമത്തെയാണല്ലൊ സൂചിപ്പിക്കുന്നതു്. രാമചന്ദ്രൻ തന്നെ തിരിച്ചുവിളിച്ചേക്കുമൊ എന്നുള്ള വിചാരം ഹൃദയത്തിൽ അങ്കുരിച്ചതും അതിനെത്തുടന്ന് ഇടതുതോൾ തുടിച്ചതും ദേവിയുടെ സംശയത്തെ ബലപ്പെടുത്തുന്നു. എന്നാൽ,

നിഴലിൻവഴി പൈതൽപോലെ പോ-
യുഴലാ ഭോഗമിരന്നു ഞാനിനി.

എന്നാണ് ആ അഭിമാനിനി വിചാരിക്കുന്നത്. ഇതിൽ ദേവിയുടെ സുഖഭോഗവിരക്തി മാത്രമാണൊ വാസ്തവത്തിൽ വെളിപ്പെടുന്നത്. കുട്ടികൾ നിഴലിനെ പിടിക്കാൻ പോകുന്നത് അതിലുള്ള ആഗ്രഹംകൊണ്ടാണ്. ആ ആഗ്രഹം സഫലമാകുകയില്ലെന്നേയുള്ളൂ. രാമചന്ദ്രനുമായുള്ള പുനഃസമാഗമത്തിൽ അതുപോലെ ദേവിയ്ക്കും ഇച്ഛയുണ്ടെന്നും, എന്നാൽ ആ വ്യർത്ഥമായ മോഹത്തെ താൻ ഇനി മനസ്സിൽ വച്ചുകൊണ്ടിരിയ്ക്കയില്ലെന്നും കൂടി ഈ ഉപമയിൽനിന്നു വ്യഞ്ജിയ്ക്കുന്നില്ലെ?

മുനി ചെയ്ത മനോജ്ഞകാവ്യമ-
മ്മനുവംശാധിപനിന്നു കേട്ടടൻ
അനുതാപമിയന്നിരിക്കണം
തനയന്മാരെയറിഞ്ഞിരിക്കണം.

സ്വയമേ പതിരാഗജങ്ങളാം
പ്രിയഭാവങ്ങൾ തുലഞ്ഞിടായ്കിലും
അവ ചിന്തയിലൂന്നിടാതെയായ്
ശ്രവണത്തിൽ പ്രതിശബ്ദമെന്നപോൽ.

ഈ രണ്ടു പദ്യങ്ങളിൽനിന്നു് നായികയ്ക്കു് പതിഗതമായുള്ള പ്രേമത്തിനു് കുറവു വന്നിട്ടില്ലെന്നും പുനസ്സമാഗമവിഷയമായുള്ള ഉൽക്കണ്ഠ ബലവതിയായിത്തന്നെ ഇരിക്കുന്നെന്നും എന്നാൽ അതിനു ബാധകമായിരിക്കുന്നതു് .അഭിമാനം ഒന്നു മാത്രമാണെന്നും സ്ഫടികസ്ഫുടമായിരിക്കുന്നു. അഭിമാനവിഷയത്തിൽ വാല്മീകിയുടെ സീത ആശാൻെറ സീതയെക്കാൾ ഒട്ടും താഴെയല്ല.

സർവ്വാൻ സമാഗതാൻ ദൃഷ്ട്വാ സീതാ കാഷായവാസിനി
അബ്രവീൽ പ്രാഞ്ജലിർവാക്യ മധോദൃഷ്ടിരവാങ്മുഖീ.

യഥാഹം രാഘവാദന്യം മനസാപി ന ചിന്തയേ
തഥാ മേ മാധവീ ദേവീ വിവരം ദാതുമർഹതി.

മനസാ കർമ്മണാ വാചാ യഥാ രാമം സമർച്ചയേ
തഥാ മേ മാധവി ദേവി വിവരം ദാതുമർഹതി.

ഇത്യാദി വാക്കുകളിൽനിന്നു അഭിമാനം സ്ഫുരിക്കുന്നില്ലെങ്കിൽ അഭിമാനമെന്നതു് എന്തൊരു വസ്തുവാണെന്നു് എനിയ്ക്കു മനസ്സിലാകുന്നില്ല.

ക്ഷണമാത്രവിയോഗമുൾത്തടം
വ്രണമാക്കുംപടി വാച്ചതെങ്കിലും
പ്രണയം തലപൊക്കിടാതെയി-
ന്നണലിപ്പാമ്പുകണക്കെ നിദ്രയായ്

സ്വയമിന്ദ്രിയമോദഹേതുവാം
ചിലഭാവങ്ങളൊഴിഞ്ഞുപോകയാൽ
ദയതോന്നിടുമാറു മാനസം
നിലയായ് പ്രാക്കൾ വെടിഞ്ഞ കൂടുപോൽ

ഉദയാസ്തമയങ്ങളെന്നി,യെൻ-
ഹൃദയാകാശമതിങ്കലെപ്പൊഴും
കതിർവീശി വിളങ്ങിനിന്ന വെൺ-
മതിതാനും സ്മൃതിദർപ്പണത്തിലായ്.

ഈ പദ്യങ്ങളിൽ നായികയുടെ മാനോല്ലംഘത്തെ കവി വെളിപ്പെടുത്തിയിരിക്കുന്നു. ക്ഷണമാത്രവിയോഗംപോലും ദുസ്സഹമായിരുന്ന തന്റെ ഹൃദയത്തിൽ ഇപ്പോൾ പ്രണയമെന്ന മനോഭാവം അണലിപ്പാമ്പിന്റെ മട്ടിൽ നിദ്രാവലംബിയായി തീർന്നുപോയെന്നും അതിനി ഒരിക്കലും തലപൊക്കുകയില്ലെന്നും ഇന്ദ്രിയാമോദഹേതുക്കളായ സ്മൃത്യൌ

ൽസുകൃതാദികൾപോലും മനസ്സിൽനിന്നു് ഒഴിഞ്ഞുപോയിരിക്കുന്നുവെന്നും ഹൃദയാകാശത്തിൽ ഉദയാസ്തമയമൊന്നും കൂടാതെ നിരന്തരം കതിർവീശിക്കൊണ്ടിരുന്ന രാമചന്ദ്രൻ ഇപ്പോൾ ഓർമ്മയിൽ നിഴലിക്കമാത്രം ചെയ്യുന്നുവെന്നും ഒക്കെ അഭിമാനവിജൃംഭിതയായിപ്പറയുന്ന നായിക വാസ്തവത്തിൽ രാമഗതമായ അചഞ്ചലപ്രേമത്തെയാണു് വെളിപ്പെടുത്തുന്നതു്.

പഴകീ വ്രതചര്യ, ശാന്തമായ്
കിഴിവു കാലമിതാത്മവിദ്യയാൽ
അഴൽ പോയ്-അവമാനശല്യമേ-
യൊഴിയാതുള്ളു വിവേകശക്തിയാൽ

ദീർഘകാലം വ്രതാനുഷ്ഠാനങ്ങൾ ചെയ്കയും ആദ്ധ്യാത്മികവിദ്യ പരിശീലിക്കയും ചെയ്തതിൻെറ ഫലമായി പ്രാപഞ്ചികക്ലേശങ്ങൾ ഒഴിഞ്ഞുവെങ്കിലും, ഭർത്താവു് ഉപേക്ഷിച്ചതുനിമിത്തമുള്ള അപമാനത്തെ ഈ മാനവതി മറക്കുന്നില്ല. പെട്ടെന്നുണ്ടായ ചിന്താവേശത്തിൽ അദ്ദേഹം അങ്ങനെ ചെയ്തതു് പ്രേമാഭാവംകൊണ്ടല്ലെന്നും രാജനീതിയുടെ കാർക്കശ്യംകൊണ്ടാണെന്നും ദേവി വിസ്മരിച്ചുകളയുന്നു. മനസ്സിൻെറ പ്രവണതകൾ സൂക്ഷ്മമായി ഗ്രഹിച്ചിട്ടുള്ളവർക്കു് ഈ വിചാരധാര സ്വാഭാവികമായിട്ടേ തോന്നൂ. ദേവിയുടെ ഈർഷ്യയ്ക്കുള്ള കാർക്കശ്യം അടുത്ത പദ്യങ്ങളിൽ നല്ലപോലെ പ്രകാശിക്കുന്നു. കേവലം ദയകൊണ്ടു മാത്രമാണത്രേ ഗർഭഭാരത്തെ ദേവി ചുമന്നതു്. അതില്ലായിരുന്നുവെങ്കിൽ സ്വജീവിതത്തെ അന്നേ വെടിഞ്ഞുകളയുമായിരുന്നു. എന്നാൽ അങ്ങനെ ഒരു ഗർഭഭാരം ചുമന്നതിനു ഉണ്ണികൾ പ്രിയചേഷ്ടകളെക്കൊണ്ടു പ്രതിഫലവും നല്കി.

കരളിന്നിരുൾനീക്കുമുള്ളലി-
ച്ചൊരു മന്ദസ്മിതരശ്മികൊണ്ടവർ

നരജീവിതമായ വേദന-
യ്ക്കൊരുമട്ടഭ്കരൌഷധങ്ങൾതാൻ.

സ്ഫുടതാരകൾ കൂരിരുട്ടിലു-
ണ്ടിടയിൽ ദ്വീപുകളുണ്ടു സിന്ധുവിൽ
ഇടർ തീപ്പ്തിനേകഹേതുവ-
ന്നിടയാമേതുമഹാവിപത്തിലും.

ജീവിതമാകുന്ന ചിരകാലികരോഗത്തിനു ശിശ്രൂക്കൾ ആണ് ഏകൌഷധം. അതെങ്കിലും തനിക്ക് പ്രകൃതി നല്കീയല്ലോ, എന്ന് ആശ്വസിച്ചിട്ട് ഉത്തരക്ഷണത്തിൽ, "സുഖാസുഖങ്ങളായ് സ്ഥിതി മാറീടുവതൊക്കെ ഏകമാം" മനോഭാവമാണെന്നും, അതുകൊണ്ടാണ് ബുദ്ധിമാന്മാർ ഈ ദ്വന്ദ്വഭാവത്തിൽ അക്ഷോഭ്യരായി വത്തിക്കുന്നതെന്നും, അതിനാൽ താനിനി 'വിനയാന്ന സുഖം കൊതിക്കാതെ' അസുഖം വരിക്കാനാണു പോകുന്നതെന്നും പറയുമ്പോൾ വീണ്ടും നായകസമാഗമവിഷയകമായ ഉൽക്കണ്ഠ അറിയാതെ വെളിപ്പെട്ടുപോകുന്നു.

മനമല്ലൽകൊതിച്ചു ചെല്ലുകിൽ
തനിയേ കൈവിടുമീഷ്യ ദുർവ്വിധി.

ദുർവ്വിധിക്കു പരഗുണം മാത്രമല്ലേ ദുസ്സഹമായിട്ടുള്ളൂ. ഇനിയും കാന്തനോടുകൂടി സുഖമായിരിക്കണമെന്നു ഇച്ഛിച്ചാൽ വേണ്ടാത്തവിനകളെല്ലാം അയാൾ വരുത്തിവച്ചേയ്ക്കും; നേരേമറിച്ചു ദുഃഖത്തേ വരിച്ചാൽ അയാൾക്കുള്ള ഈഷ്യയൊക്കെ താനേ അടങ്ങിക്കൊള്ളുമല്ലോ" എന്നൊരു ഗൂഢാശയം കൂടി ഈ വാക്കുകളിൽ ധ്വനിക്കുന്നില്ലേ? ഇങ്ങിനെ സുഖാസുഖങ്ങളെപ്പററി നായിക ചെയ്യുന്ന ചച്ചയിലൊക്കെയും തീവ്രമായ നൈരാശ്യത്തോടൊത്തു ഭത്താവിൻെറ പുനഃപ്രാപ്തി

വിഷയകമായ ഔൽസുക്യംകൂടി വ്യഞ്ജിക്കുന്നുണ്ടെന്നു കാണാം. ദേവിയുടെ ഹൃദയം ഈ അവസരത്തിൽ ഗാഢമായ പ്രേമത്തിൻേറയും തീവ്രമായ മാനത്തിൻേറയും സമരഭൂവായി തീൎന്നുപോയിരുന്നു. ഈ സമരത്തിൽ മാനത്തിനുതന്നെയാണു് തല്ക്കാലം വിജയം സിദ്ധിച്ചതെന്നു് അടുത്ത പദ്യങ്ങളിൽനിന്നു തെളിയുന്നു. പെട്ടെന്നു വീണ്ടും ദേവിക്കു് പരിത്യാഗഘട്ടത്തെപ്പററി ഓൎമ്മവന്നതു് മാനോൽകഷം കൊണ്ടു് ചിത്തത്തിനുമായ ഡോളായമാനത്വം നിമിത്തമാണു്. ഇവിടെയെല്ലാം കവി, ഹൃദയപ്രവണതകളെപ്പററി അഗാധമായ ജ്ഞാനം പ്രകാശിപ്പിക്കുന്നു.

പുരികം പുഴപോൽ പിടഞ്ഞകം
ഞെരിയും തൻതല താങ്ങി കൈകളാൽ
പിരിവാനരുതാഞ്ഞു കണ്ണുനീർ
ചൊരിയും ലക്ഷ്മണനെ സ്മരിപ്പു ഞാൻ.

ഈ സ്മരണയെത്തുടൎന്നു് ആ 'അഗ്രജഭക്തൻെറ' ഗുണഗണങ്ങൾ ഓരോന്നായി ദേവിയുടെ സ്മൃതിപഥത്തിൽ ഉയൎന്നുവന്നു.

മുനികാട്ടിട്ടുമെൻ കിടാങ്ങളെ
ക്കനിവാൽ നീ സ്വയമാഞ്ഞു പുല്കിടാം
അനസൂയവിശുദ്ധമിന്നു നിൻ
മനമാനന്ദസരിത്തിൽ നീന്തിടാം.

വിടുകെൻ കഥ! വത്സ! വാഴ്ക നീ
നെടുനാളഗ്രജനേകബന്ധുവായ്
ഇടരെന്നിയെ, യഗ്ഗുണോല്കരം
തടവും ബന്ധുജനങ്ങളോടുമേ.

തന്നെ നിൎദ്ദയം വനത്തിലുപേക്ഷിച്ച രാമചന്ദ്രൻെറ

ഹൃദയകാഠിന്യത്തെ ലക്ഷ്മണൻെറ കരുണാശീതളമായ മനോഭാവത്തോടു താരതമ്യപ്പെടുത്തി ഭർത്തൃസഹോദരനെ അധിനന്ദിക്കാൻ പുറപ്പെട്ടതു് രാമഗതമായ ഈർഷ്യയുടെ പ്രചോദനം നിമിത്തമാണെങ്കിലും, 'നെടുനാളഗ്രജനേകബന്ധുവായ്" ഇടരെന്നിയെ വാഴ്ക എന്നാണു ദേവി മനസാ ആശംസിക്കുന്നതു്. അതിൽനിന്നു് ഈർഷ്യയ്ക്കു ലഭിച്ച വിജയം പൂർണ്ണമായിരുന്നില്ലെന്നും പ്രേമം വീണ്ടും തലപൊക്കിത്തുടങ്ങിയെന്നും സ്പഷ്ടമല്ലേ?

ലക്ഷ്മണൻ പിരിഞ്ഞുപോയശേഷം തനിക്കുണ്ടായ മൂർച്ഛയെ ദേവി വാഴ്ത്തുന്നു. 'പ്രിയനിൽ പകതോന്നിടാതെയും ഭയവും നാണവുമോർമ്മിയാതെയും' ആ സീനിനു കട്ടുനിട്ടുകളഞ്ഞ മൂർച്ഛയെ വാഴ്ത്തേണ്ടതല്ലേ? അന്നു പക തോന്നാത്തവൾക്കു് ഇന്നു് ഈ വിദൂരഘട്ടത്തിൽ പകതോന്നുമോ?

പ്രിയനിൽ പകതോന്നിടാതെയും
ഭയവും നാണവുമോർമ്മിയാതെയും
സ്വയമങ്ങനെ യത്തമസ്സുതൻ
കയമാർന്നെൻമതി താണു നിന്നിതേ.

മലർമെത്തയിൽ മേനി നോവുമെ-
ന്നലസാംഗം ഘനഗർഭവൈഹം
അലയാതെ ശയിച്ചു കണ്ടകാ-
കുലമായ് കീടമിയന്ന ഭൂവതിൽ.

ഈ അവസ്ഥയിൽ,

പെരുമാരിയിൽ മുങ്ങി മാഴ്കിട്ട-
ന്നൊരു ഭൂമിക്കു ശരത്തുപോലവേ

അവിടെ ആഗമിച്ചു്,

മകളേ! പോരുക,തോക്ക നിൻ ഗൃഹം

എന്നു അരുളിച്ചെയ്ത വാല്മീകിമഹർഷിയുടേയും 'എരിയുന്ന മഹാവനങ്ങൾ തന്നരികിൽ ശീതളനീർത്തടാകമോ' അതോ 'തിരതല്ലിയെഴുന്ന സിന്ധുവിൻകരയോ' എന്നു സംശയമുദിപ്പിക്കുന്ന ശാന്തികരമായ തപോവനത്തിന്റേയും, ഉടജത്തിന്റെ കെടാവിളക്കുകളെന്നപോലെ വിലസുന്ന മുനിപത്നിമാരുടെയും സ്മരണ രാമചന്ദ്രനോടും അയോദ്ധ്യാനിവാസികളോടും ഉള്ള ഈർഷ്യയെ പൂർവ്വാധികം ഉദ്ദീപിപ്പിക്കുന്നതിനു പര്യാപ്തമായിതീർന്നു. എരിയുന്ന മഹാവനം ഇത്യാദികളിലെ സാമ്യാലംകാരങ്ങളുടെ ആസ്വാദ്യത അനുഭവൈകവേദ്യമാകുന്നു. ദേവിയുടെ ഹൃദയം സന്താപാഗ്നിയിൽ എരിഞ്ഞും വിവിധവികാരങ്ങളാൽ ഉത്തരംഗിതമായും ഇരുന്ന അവസരത്തിലാണല്ലോ ഈ ആശ്രമത്തിൽ പ്രവേശം ലഭിച്ചതു്. 'സ്വകപോലെവെളിച്ചമീർഷ്യയാം പുകമൂടാത്ത മുനീന്ദ്രയോഷ'മാരോടുകൂടിയുള്ള ജീവിതം തന്റെ സകലവിധ പ്രാപഞ്ചികക്ലേശങ്ങൾക്കും വിരാമമിടുമെന്നു വിചാരിച്ചു് ആ സാദ്ധ്വി ആശ്വസിച്ചു. ഒരുവശത്തു്, യാതൊരുവന്റെ വിയോഗത്തെപ്പററിയുള്ള വിദൂരചിന്തപോലും തനിക്കു ദുസ്സഹമായിരിക്കുന്നോ ആ നരർഷഭനിൽനിന്നു്, പ്രാണപ്രിയനിൽനിന്നു തനിക്കുണ്ടായ തിരസ്കാരം: മറുവശത്തു് തന്നോടു യാതൊരു മമതാബന്ധവുമില്ലാത്ത 'അനിവാര്യ'വിരക്തിരൂക്ഷനായ മുനിയിൽനിന്നു ലഭിച്ച പുത്രീനിർവ്വിശേഷമായ സൽക്കാരം: ഇവയുടെ സംഘട്ടനം ആ മാനവതിയുടെ ഈർഷ്യയ്ക്കു മൂർച്ചകൂട്ടിയതിൽ എന്താണത്ഭുതം. ഈ അവസരത്തിൽ ദേവിയുടെ ഹൃദയവീഥിയിൽ ഒന്നോടൊന്നു തുടർന്നുദിയ്ക്കുന്ന ചിന്തകൾ അതിനിശിതങ്ങളായിരിക്കുന്നു. എന്നാൽ ഒരു സംഗതി അവശ്യം ഓർത്തിരിക്കേണ്ടതാണു്. കേവലം ഒരു ചപലസ്ത്രീയെപ്പോലെ ഇരുന്നു് സ്വഭർത്താവിനേയും പുരവാസികളേയും പഴിക്കയല്ല ഇവിടെ ചെയ്തിരിക്കുന്നതു്. അങ്ങിനെയായിരുന്നെങ്കിൽ അതു് സീതയ്ക്കു അപകർഷഹേതുവായിത്തീരുമായി

രുന്നു. എന്നാൽ ഭർത്താവിനോടുള്ള പുനസ്സമാഗമവിഷയത്തിൽ ഉദിതമായ ഉൽക്കണ്ഠയും, തദവസരത്തിൽ അദ്ദേഹം തന്നെ ആനയിക്കുന്നതിലേക്കു ആളയയ്ക്കുകയില്ലേ എന്നുള്ള വിചാരവും മനസ്സിൽ പ്രബലമായി വേരൂന്നിയിരുന്ന ഒരു ദശാഘട്ടത്തിലാണു് ഈമാതിരി വിചാരപരമ്പരയുണ്ടാകുന്നതു്. അതു സ്വാഭാവികവുമാണു്. 'സ്വകപോലവെളിച്ചമീഷ്യയാം പുകമൂടാത്ത മുനീന്ദ്രയോഷമാർ' എന്ന വിശേഷണത്താൽ അവർക്കു പൌരസ്ത്രീകളുമായുള്ള വ്യത്യാസത്തെ സൂചിപ്പിച്ചിട്ടു് താനിനി,

പരപുഷ്ടവുമഭ്യസൂയയും
ദുരയും ദുർവൃതിയാനസക്തിയും
കരളിൽ കുടിവച്ചു ഹാ! പര-
മ്പരയായ് പൌരികൾ കെട്ടുപോയിതേ.

നിജദോഷനിദർശനാന്ധമാർ
സുജനാചാരമവിശ്വസിക്കുവോർ.
രുജതേടി മരിപ്പു കല്മഷ
വ്രജമാം കാമലബാധയാലിവർ.

ഈ തരക്കാരായ പുരസ്ത്രീകളോടുകൂടി ജീവിക്കാൻ ആഗ്രഹിക്കുന്നില്ലെന്നാണു് ദേവിയുടെ അഭിമാനം. തനിക്കുനേരിട്ട അപവാദത്തിനു സാക്ഷാൽ ഹേതുഭൂതകൾ ഈ പൌരികളാണല്ലോ. അവരോ? നിജദോഷങ്ങളെ ദൃഷ്ടാന്തമായെടുത്തിട്ടു തന്നെപ്പോലുള്ള പതിവ്രതകളുടെ ആചാരശുദ്ധിയെ അവിശ്വസിക്കുന്നവരും കല്മഷവ്രജമാകുന്ന മഞ്ഞക്കാമല പിടിപെട്ടു നിത്യനരകമനുഭവിക്കുന്ന പാപാത്മാക്കളുമാകുന്നു. അനിവാര്യവിരക്തിരൂക്ഷരായ മുനിമാരെപ്പോലും ആർദ്രചിത്തരാക്കിത്തീർക്കത്തക്കവണ്ണം കനിവിനുറവായിരിക്കുന്ന—കഠിനവ്രതികളായ കണ്വന്മാരുടെ നിരന്തരശുശ്രൂഷ

യിൽ ആത്മനിവൃതി ദശിക്കുന്ന—തപസ്വിനികളുടെ അവസ്ഥയെ 'പരിതൃപ്തിയെഴാത്ത രാഗമാമെരിതീയ്ക്കു' സ്വജീവിതത്തെ ഇന്ധനമാക്കിക്കൊണ്ടിരിക്കുന്ന പൌരസ്ത്രീകളുടെ അവസ്ഥയെ തുലനംചെയ്തു നോക്കിയപ്പോൾ ദേവിയ്ക്കു നാഗരികതപത്തിൻെറ അന്തഃശ്ശൂന്യതയും നികൃഷ്ടതയും വെളിപ്പെട്ടു. അഥവാ പുരവാസികളെ എന്തിനു ദൂഷിക്കുന്നു! 'യഥാരാജാ തഥാ പ്രജാ' എന്നാണല്ലോ ആപ്തവാക്യം. കൃപണന്മാരായ പൌരന്മാരുടെ വാക്കുകേട്ടിട്ടു് സുപരീക്ഷിതമായ രാഗത്തേയും—കൃപയെപ്പോലും—കൈവെടിഞ്ഞു് അപകൃത്യത്തിനു് ഒരുങ്ങുന്ന രാജാക്കന്മാർ ആക്ഷേപാഹ്ഹരല്ലേ? പക്ഷെ രാമചന്ദ്രനെ മാത്രം പഴിക്കാനില്ല. അദ്ദേഹത്തിൻെറ പിതാവു് എന്താണു് ചെയ്തതു്. ദശരഥൻ, "മുടിയിൽ കൊതിചേത്തു പുത്രനെ ജ്ജടിയാക്കി" വനത്തിലയച്ചു; തൽപുത്രനായ രാമൻ ദോഹദമാന്നപത്നിയെ നിസ്സങ്കോചം വനത്തിലയച്ചു. ശ്രുതികെട്ട മഹീശന്മാർ ഇങ്ങനെ പ്രവത്തിച്ചാൽ ധമ്മഗതിയ്ക്കു ക്ഷതിപറവുകയില്ലേ? ശിഷ്ടന്മാർ എങ്ങനെ ജീവിക്കും? ദേവി ചെയ്യുന്ന രാമോപാലംഭം എത്ര നിശിതം! രാമനെ മാത്രമല്ല പരിശുദ്ധമായ സൂയ്യവംശത്തെ മുഴവനും ദേവി പഴിക്കുന്നു. പ്രേമത്തിനു വിഷയമായ ആളിൽനിന്നുണ്ടാകുന്ന നിസ്സാരമായ അപകാരങ്ങൾപോലും ദുസ്സഹമാണു്. സീതാദേവി പ്രകൃത്യാ മനസ്വിനിയാകുന്നു. ആശ്രമവാസം തൽസ്വഭാവത്തിനു കുറേക്കൂടി ഗാംഭീയ്യവും നൽകീട്ടുണ്ടു്. ഈ അവസ്ഥയിൽ ഏതാദൃശമായ പത്യുപാലംഭനം ഉചിതമായോ എന്നു ചോദിക്കുന്നവരോടു് ഒന്നേ പറവാനുള്ളൂ. ഔചിത്യനിണ്ണയം ചെയ്യുന്നതു് ബുദ്ധിയുടെ വ്യാപാരമാണു്. മതിയായ കാരണങ്ങളാൽ പെട്ടെന്നുദിച്ച ഹൃദയക്ഷോഭത്തിൻെറ തള്ളലിൽ ദേവി ഇങ്ങനെ ഓരോന്നു ചിന്തിച്ചതു് മനുഷ്യസ്വഭാവത്തിനു യോജിച്ചതന്നെ ഇരിക്കുന്നു. ക്ഷുഭിതമായ ഹൃദയം ബുദ്ധിയുടെ നാവുകൊണ്ടു സംസാരിക്കാറില്ല. കവി സീതയെക്കൊണ്ടു് ആവിധം സംസാരിപ്പിച്ചിരുന്നെങ്കിൽ

ഈ കാവ്യത്തിന് സഹൃദയലോകത്തിൽ തീച്ച്യയായും സ്ഥിരപ്രതിഷ്ഠ ലഭിക്കുമായിരുന്നില്ല. ക്ഷോഭം അല്പം അടങ്ങിയപ്പോഠം വസ്തുസ്ഥിതികളുടെ സൂക്ഷ്മാവസ്ഥ ദേവിക്കു കാണാൻ കഴിയുന്നു. ഇവിടെയാണ് ബുദ്ധിയുടെ വ്യാപാരം. ദുഃഖസമുദ്രത്തിൽ മുഴുകിയിരിക്കുന്ന ഹൃദയം സ്വയമേവ വല്ല വയ്ക്കോൽത്തുമ്പിലും പിടിച്ചു രക്ഷപ്പെടാൻനോക്കും. സീതയുടെ ഹൃദയവും ക്രമേണ ഈ അവസ്ഥയെ പ്രാപിച്ചു.

അഥവാ നിജ നീതിരീതിയിൽ
കഥയോരാം പലതെററിനാൽ നൃപൻ
പ്രഥമാനയശോധനൻ പരം
വ്യഥയദ്ദുശ്രുതികേട്ടിയന്നിടാം.

ഇതു് ചെറിയ ഒരു സമാധാനം മാത്രമെ ആകുന്നുള്ളു. എന്നാൽ ക്ഷോഭം ആറിത്തുടങ്ങിയതിനോടുകൂടി വിവേകം അതിൻെറ അധികാരശക്തി പ്രയോഗിച്ചുതുടങ്ങി. രാമചന്ദ്രൻെറ പ്രവൃത്തി താൻ ചിത്രണം ചെയ്തപോലെ അത്ര കക്ക്ശമല്ലെന്നും,

ഉടനുള്ളിലെരിഞ്ഞ തീയിൽ നി-
ന്നിടറിപ്പൊങ്ങിയ ധമ്മശ്ശുരത

നിമിത്തം അദ്ദേഹം തന്നെ ഉപേക്ഷിച്ചുപോയതാണെന്നും ആദ്യം സമാധാനിക്കാൻ നോക്കുന്നു. ഇവിടെയും നായകൻ തീരെ അപരാധവിമുക്തനായിട്ടില്ല. എന്തുകൊണ്ടെന്നാൽ വിവേകികഠം ഉദ്ദേകത്തിന് വശപ്പെടാറില്ലല്ലോ.

പരകാര്യ്യപരൻ സ്വകൃത്യമായ്
ത്വരയിൽ തോന്നുവതേററുരച്ചിട്ടും
ഉരചെയ്തതു ചെയ്തിടാതെയും
വിരമിക്കാ രഘുസൂനു സത്യവാൻ.

രാജധമ്മത്തിൽനിന്നു് അണുവും വ്യതിചലിക്കാത്ത അദ്ദേഹം തൻെറ ബുദ്ധിയിൽ കത്തവ്യമെന്നു തോന്നിയതിനെ സഭയിൽവച്ചു് പ്രസ്താവിച്ചുപോകയും സത്യനിഷ്ഠനായതുകൊണ്ടു് അതിനെ നിറവേററാൻ നിർബന്ധിതനായി തീൻപോകയുമാണുണ്ടായതു്; എന്നത്രെ ദേവിയുടെ പിന്നത്തെ സമാധാനം. എന്നാൽ ഈ ഘട്ടത്തിലും അപരാധത്തിൻെറ കാളിമ നിശ്ശേഷം മാഞ്ഞുപോയിട്ടില്ല. അല്പം മുൻപു് സൂൎയ്യവംശരാജാക്കന്മാരിൽ സാഹസികത്വം ആരോപിച്ച സീതാദേവി ഇപ്പോഠം അവരിൽ നന്മയെക്കണ്ടുതുടങ്ങിയിരിക്കുന്നു ചിത്തത്തിൻെറ ഗതിവൈചിത്ര്യം നോക്കുക. എന്തിനധികം വിസ്തരിക്കുന്നു. ക്രമേണ ദേവിക്കു് രാമചന്ദ്രൻെറ അഗാധപ്രേമത്തേയും സ്വഭാവനൈമ്മല്യത്തേയും മററും പററി പൂൎണ്ണബോധമുണ്ടാകയും,

അറിയുന്നിതു ഹന്ത! ഞാൻ വിഭോ!
പുറമെ വമ്പൊടു തൻെറ കയ്യിനാൽ
മുറിവന്വഹമേററു നീതിത-
ന്നറയിൽ പാൎപ്പു, തടങ്ങലിൽ ഭവാൻ!

എന്നു് സമ്മതിക്കയും ചെയ്യുന്നു. അതിനോടു കൂടി ഹൃദയത്തെ ബാധിച്ചിരുന്ന ചിന്താധൂമിക നിശ്ശേഷം നീങ്ങുകയാൽ, ആ കുലവധൂരത്നം,

ക്ഷുഭിതേന്ദ്രിയ ഞാൻ ഭവാനിലി-
ന്നുപദേശിച്ച കളങ്കരേഖകഠം
അഭിമാനിനിയാം സ്വകാന്തയിൽ
കൃപയാൽ ദേവ! ഭവാൻ ക്ഷമിക്കുക!

എന്നു ക്ഷമാത്ഥനചെയ്യുന്നു. അത്രമാത്രമൊ?

നിരുപിക്കുകിൽ നിന്ദ്യമാണു മ-
ച്ചരിതം, ഞാൻ സുചരിത്രയെങ്കിലും
ഉരുദുഃഖനിരയ്ക്കു നൽകിനേ-
നിരയായിപ്പലവാറു കാന്തനെ.

ഹാ! എന്തൊരു മഹാമനസ്കത! ആശാൻ സീതയുടെ സ്വഭാവത്തിന് അപകർഷം വരുത്തി എന്നു പറയുന്നവർ ഈ ശ്ലോകത്തെ അവധാനപൂർവം വായിക്കട്ടേ. ആത്മകാന്തനെ മനസ്സുകൊണ്ടു ദൂഷിച്ച താൻ സുചരിത്രയെങ്കിലും നിന്ദ്യയാണത്രേ! ഭർത്താവിനു സുഖം നൽകുന്നതിനു പകരം ദുഃഖം നൽകുവാനേ തൻെറ ജീവിതം പ്രയോജനപ്പെട്ടിട്ടുള്ളു. താൻനിമിത്തം അദ്ദേഹം എന്തെല്ലാം ദുഃഖങ്ങൾ അനുഭവിക്കാനിടയായിരിക്കുന്നു. ഈ വാക്കുകളിൽ സ്ഫുരിക്കുന്ന സ്വഭാവോൽക്കർഷം അന്യാദൃശമാണു്. വാല്മീകിയുടെ സീതയേക്കാൾ ഒരു പടികൂടി ഉയർന്നനിലയിലല്ലേ ഈ സീത ഇപ്പോൾ പ്രതിഷ്ഠിതയായിരിക്കുന്നതു്. പരിത്യാഗാവസരത്തിൽ വാല്മീകിയുടെ സീത പറഞ്ഞതു് "ദുഃഖാനുഭവത്തിനായിട്ടുമാത്രമായിരിക്കും ധാതാവു് എന്നെ സൃഷ്ടിച്ചിരിക്കുന്നതു്" എന്നാകുന്നു. ആത്മദുഃഖത്തിലാണു് ദേവിയുടെ ദൃഷ്ടി സവിശേഷം പതിഞ്ഞതു്. എന്നാൽ ആശാൻെറ സീതയോ? താൻനിമിത്തം തൻെറ ഭർത്താവിനു് എന്തെല്ലാം ക്ലേശങ്ങൾ അനുഭവിക്കാനിടയായി; ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്നു വിചാരിച്ചു ദുഃഖിക്കുന്നു. ഇതു് അപകർഷമാണോ?

ചുരുക്കിപ്പറഞ്ഞാൽ "ലിറിക്കു്" കാവ്യങ്ങളുടെ കൂട്ടത്തിൽ പ്രസ്തുത കാവ്യത്തിനു് അത്യുന്നതമായ ഒരു സ്ഥാനമുണ്ടു്. ഭാഷയിൽ ഖണ്ഡകാവ്യങ്ങൾ ഇതിനുമുൻപും ഉണ്ടായിട്ടുണ്ടെങ്കിലും ഗാനാത്മകങ്ങളായ 'ലിറിക്" കൾക്കു് പ്രചാരം നൽകിയ ആശാനു് മലയാളികളെല്ലാവരും ധന്യ

വാദംചെയ്യാതിരിക്കുകയില്ല. സാഹിത്യത്തിലെ ഏററവും പ്രധാനശാഖ 'ലിറിക്' ആണെന്നാണ് വിദഗ്ദ്ധജനമതം. മഹാകാവ്യങ്ങളിൽ കവികൾ ഒരുന്നതസ്ഥാനത്തിരുന്നുകൊണ്ടു് പ്രപഞ്ചത്തെ സാകല്യേന വീക്ഷിക്കുന്നു. അവർ മനുഷ്യലോകത്തെയാണു് ചിത്രണംചെയ്യുന്നതു്. കവിയുടെ സ്വാതന്ത്ര്യാഭിപ്രകടനങ്ങൾക്കും ദീർഘദീർഘങ്ങളായ വർണ്ണനകൾക്കും അവയിൽ സ്ഥാനമുണ്ടു്. എന്നാൽ ഗീതികാവ്യത്തിലാകട്ടേ, കവി ഒരു മനുഷ്യവ്യക്തിയുടെ ഒരു പ്രത്യേകാവസ്ഥിതിയെ അധികരിച്ചു് അയാളുടെ വിചാരഗതിയെ സ്ഫുടമാക്കാനാണു് ശ്രമിക്കുന്നതു്. അതിനായി കവി തൽക്കാലം ഭാവതരളിതചിത്തനായ ആ വ്യക്തിയുടെ അവസ്ഥയെ സ്വയം പ്രാപിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ആത്മാർത്ഥതയാണു് ഇത്തരം കാവ്യത്തിൻെറ പ്രധാനഗുണം. ദീർഘമായ വർണ്ണനകൾക്കൊന്നിനും അതിൽ സ്ഥാനമില്ലെന്നു മാത്രമല്ല, നിസ്സാരമായ ഔചിത്യഭംഗംപോലും വായനക്കാർക്ക് എളുപ്പത്തിൽ അനുഭവഗോചരമായിത്തീർന്നുപോകുന്നു. സുസൂക്ഷ്മമായ നിരിക്ഷണശക്തിയും ചിത്രരചനാപാടവവും അഗാധമായ മനുഷ്യഹൃദയജ്ഞാനവും ഇല്ലാത്തവനു് 'ലിറിക്ക്' കവിതാനിർമ്മാണത്തിൽ വിജയം സിദ്ധിക്കുന്നില്ല. ആശാൻ ഈ ഗുണങ്ങൾക്കു് വിളനിലമായിരുന്നു എന്നു മാത്രം പറഞ്ഞാൽ പോരാ, വാങ്മയചിത്രനിർമ്മാണത്തിലും ഹൃദ്ഭാവാഭിവ്യഞ്ജനത്തിലും അദ്ദേഹം മികച്ചുനിൽക്കുന്നു എന്നുകൂടി പറയേണ്ടിയിരിക്കുന്നു. അദ്ദേഹം കാലയവനികക്കുള്ളിൽ തിരോധാനം ചെയ്തിട്ടും ഇന്നും കേരളീയരുടെ ഭക്തിതരളിതമായ ഹൃദയങ്ങളിൽ പ്രതിഷ്ഠിതവിഗ്രഹനായി ജീവിച്ചുപോരുന്നതിൻെറ രഹസ്യം ഇതാണു്.

# ദുരവസ്ഥ.

പ്രഫ്സർ പി. ശങ്കരൻനമ്പ്യാർ എം. ഏ.

ഇന്നത്തെ കേരളീയകവികളുടെ മുന്നണിയെ അലങ്കരിക്കുന്ന ശ്രീമാൻ എൻ. കുമാരനാശാൻ അവർകളുടെ ഖണ്ഡകാവ്യങ്ങൾ സാഹിത്യലോകത്തിനു സുപരിചിതങ്ങളാണല്ലൊ. അദ്ദേഹത്തിൻെറ നളിനിയും ലീലയും പ്രരോദനവും ചിന്താവിഷ്ടയായ സീതയും പുഷ്പവാടിയും മററും കൈരളിയുടെ ചൂഡാലങ്കാരങ്ങളായി സമുല്ലസിക്കുന്ന ഉൽകൃഷ്ട കാവ്യതല്ലജങ്ങളാണെന്നു സഹൃദയരെല്ലാം ഏകാഭിപ്രായമായി സമ്മതിച്ചിട്ടുണ്ട്. അവയിൽനിന്നു കാവ്യദൃഷ്ട്യാ നോക്കുമ്പോൾ ഒട്ടും താഴെയല്ലാത്ത ഒരു നൂതന പ്രസിദ്ധീകരണമാകുന്നു പ്രസ്തുത നിരൂപണത്തിനു വിഷയീഭവിച്ചിട്ടുള്ള 'ദുരവസ്ഥ'.

ഇതിവൃത്തത്തെ സംബന്ധിച്ചേടത്തോളം ദുരവസ്ഥ ആശാൻെറ കൃതികളിൽ ഒരു പുതിയ പ്രസ്ഥാനത്തെ കുറിക്കുന്നു. അദ്ദേഹം മുഖവുരയിൽ പറഞ്ഞിട്ടുള്ളതുപോലെ, 'വൎത്തമാനകാലത്തും വായനക്കാരുടെ മുമ്പിലും നടക്കുന്ന സംഭവങ്ങളെ ആധാരമാക്കിയെന്നു മാത്രമല്ല അവയെ കഴിയുന്നത്ര തന്മയത്വത്തോടുകൂടി വൎണ്ണിപ്പാൻ ആശിച്ചുകൊണ്ടും രചിക്കപ്പെട്ടിട്ടുള്ള ഒരു കൃതിയത്രെ ദുരവസ്ഥ. അചിരകാലം മുമ്പു പൎയ്യവസാനിച്ച മലബാർ മാപ്പിള ലഹളക്കാലത്തു നടന്നതായി കല്പിച്ചിട്ടുള്ള ഒരു കഥയാണ് ഇതിലെ വിഷയം. 'സാവിത്രി' എന്നു പേരായ ഒരു അന്തൎജ്ജനം, തൻെറ ഇല്ലം കൊള്ളക്കാൎക്ക് ഇരയായ സമയം, ജീവരക്ഷാൎത്ഥം ഒളിച്ചോടിപ്പോയി 'ചാത്തൻ' എന്ന പുലയൻെറ കുടി

ലിൽ ചെന്നുചേരുകയും, അവിടെ ഏകാകിനിയായി താമസിക്കേ, ലോകസ്വഭാവത്തെക്കുറിച്ചു ഗാഢാലോചന ചെയ്യുവാനിടയായതിൻെറയും മററും ഫലമായി ചാത്തനിൽ പ്രീതിതോന്നി അയാളെ ഭർത്താവായി വരിക്കയും ചെയ്യുന്നു. കഥയുടെ ഗതി ഇങ്ങനെയായതുകൊണ്ടു്, കവിതന്നെ പ്രസ്താവിച്ചിട്ടുള്ളതുപോലെ, അതു 'പൂർവ്വാചാരനിരതമായ മനസ്സിൽ അരുചിയും അനൗചിത്യബുദ്ധിയും ജനിപ്പിക്കാമെന്നുള്ളതാകുന്നു'. എന്നാൽ കാവ്യം നിഷ്പക്ഷബുദ്ധ്യാ ആദ്യന്തം മനസ്സിരുത്തിവായിക്കുന്നവക്കു് കഥാശ്രവണമാത്രയിലുണ്ടാകുന്നിടത്തോളംതന്നെ അത്ര 'അരുചിയോ അനൗചിത്യബുദ്ധിയോ' ഒടുവിൽ ഉണ്ടാകുമെന്നു തോന്നുന്നില്ല. അതിന്നുള്ള കാരണം, നായികാനായകന്മാരുടെ ഘടന കേവലം ആകസ്മികമായി സംഭവിച്ചവിധം വർണ്ണിച്ചിട്ടില്ലാത്തതായിരിക്കണം. ഈ ഘട്ടത്തിൽ കവിയുടെ പ്രതിഭ വിശിഷ്യ പ്രകാശിച്ചുകാണുന്നുണ്ടു്. സാമുദായികസങ്കേതപ്രകാരം നായിക അത്യുന്നതമായ ഒരു പദവിയിലും നായകൻ വളരെപ്പടിചുവട്ടിലും സ്ഥിതിചെയ്യുന്നവരാണു്. പക്ഷെ അതിതീവ്രമായ ദുരവസ്ഥ സമുദായസങ്കേതങ്ങളെയെല്ലാം തൽക്കാലം വിസ്മൃതിഗഹ്വരത്തിലേക്കു തള്ളിവിട്ടിരിക്കുന്നു. നായികയുടെ തത്വചിന്തകൾ അടിക്കടിയായി വൎദ്ധിച്ചു ടി സങ്കേതങ്ങളുടെ ശൈഥില്യം വെളിവാക്കുകയും ചെയ്യുന്നു. ഇതിനും പുറമെ, നായികാനായകന്മാർ തമ്മിലുള്ള ബന്ധം പടിപടിയായി ക്രമത്തിൽ വളൎന്നുവരുന്ന രീതിയിലാണു് കവി വിവരിച്ചിട്ടുള്ളതു്.

1. തൻെറ ഗൃഹവും മാതാപിതാക്കളും ബന്ധുക്കളും മററുമെല്ലാം ലഹളക്കാരുടെ ആയുധങ്ങൾക്കിരയായി പരലോകം പ്രാപിച്ചതിനാൽ നായികയ്ക്കു ജീവിതശേഷം ദുസ്സഹമായിത്തോന്നുന്നു.

2. 'കുലം വിട്ട കന്യക' നാട്ടിലേക്കു മടങ്ങിപ്പോകുന്ന

പക്ഷം ബ്രാഹ്മണർ അവളെ 'ഭാവിക്കില്ലില്ലത്തെ പെൺകിടാവായ്',

വൈദികപ്രീതി വരുത്താൻ പണമില്ല
വേണ്ടവരില്ലതു നൽകുവാനും
പക്ഷേയതെല്ലാം ലഭിച്ചാലുമിക്കുറ
പ്രായശ്ചിത്തം കഴുകാത്തതാവാം.

ഇങ്ങനെ ലോകം മുഴുവൻ അവളുടെ ദൃഷ്ടിയിൽ ഒരു മരുഭൂമി മാത്രമായി ഭവിക്കുന്നു.

3. അപ്പോഴാണ് ഒരു ജീവിയെങ്കിലും തനിക്കുവേണ്ടി എന്തും ചെയ്യുവാൻ തയാറുള്ളതായി അവൾക്കു ബോധപ്പെടുന്നതു്. അവൻെറ സ്വഭാവത്തെപ്പററി അവൾ നിഷ്കൃഷ്ടമായി പര്യാലോചിക്കുന്നു.

ആഹാ! പുലയയുവാവേ, നിൻബുദ്ധിയും
സ്നേഹവും താഴ്മയുമൗദാര്യവും
ചാരിത്ര്യവുമറിയുന്നോർ ചണ്ഡാലനെ-
ന്നാരോക്കും നിന്നെ — ഹൃദയമുള്ളോർ?
ആർത്തയായ്‌വന്നു കുടിലിലൊളിച്ചൊരെൻ
വാർത്തപോലും ദുഷ്ടമാപ്പിളമാർ
ഓരാതെ കാത്തെന്നെ രക്ഷിച്ച നീ മഹാ-
ഘോരലഹള ചുററും നടക്കേ.

കൃതജ്ഞതയോടുകൂടി അവൾ ആയാളുടെ വിവിധസൽഗുണങ്ങളെ യഥാർഹം അഭിനന്ദിക്കുന്നു. അവളോടുള്ള ആയാളുടെ പെരുമാററമാകട്ടെ അകൈതവ ഭക്തിബഹുമാ

നദ്ദ്യോതകവുമാണ്. ആയാൾ അവളെ ഒരു പരിശുദ്ധ ദേവിയെപ്പോലെ കരുതി പരിചരിച്ചുവരുന്നു.

4. നായകൻെറ ജീവിതരീതി ആകപ്പാടെ ഓത്തു് നായികയ്ക്കു് ആയാളിൽ അനുകമ്പ ജനിക്കുന്നു. ആയാളുടെ താണവംശത്തെ,

"പക്ഷേ,യവൻെറ കിടാങ്ങൾ പരിഷ്കരി-
ച്ചുൽക്ഷേപിച്ചീടുമടുത്തകാലം"

എന്നുകൊണ്ടു പാടില്ല.

പണ്ടു മഹർഷിമാർതന്നെ പതിതരാം
തണ്ടാർനയനമാരിൽ ജനിച്ചു
കൊണ്ടാടത്തക്കവർ താണകുലങ്ങളി-
ലുണ്ടായിരുന്നിതിടക്കാലത്തും.

പാക്കനാർ, നാരായണഭ്രാന്തർ മുതലായവരുടെ കഥ ഇതിന്നു ദൃഷ്ടാന്തമല്ലേ.

ചാത്തനു വിദ്യാഭ്യാസമില്ലായിരിക്കാം. അതുകൊണ്ടെന്താണു്? വിദ്യയുള്ളവക്കു് അതില്ലാത്തവരെ പഠിപ്പിക്കരുതേ? അന്തർജ്ജനംതന്നെ ആയാൾക്ക വേണ്ടിടത്തോളം അറിവുണ്ടാക്കിക്കൊടുക്കും. ചാത്തനു ജ്ഞാനം സമ്പാദിപ്പാനുള്ള ആഗ്രഹമോ ചില്ലറയൊന്നുമല്ല. നിസർഗ്ഗായത്തമായ ആ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുന്നതിന്നു് അവൾക്കു് ഒരു പ്രയാസവുമില്ല. ചാത്തനെപ്പോലുള്ളവരെ വിദ്യ അഭ്യസിപ്പിക്കേണ്ട രീതിയും അവൾ ആലോചിച്ചുറയ്ക്കുന്നു. സദ്ഗുണമൊന്നു അവൻെറ 'മസ്തിഷ്കവെള്ളിത്തളികയിന്മേൽ',

'ശിക്ഷയിൽ സ്റ്റേഹാത്തമായെഴും വത്തിയിലക്ഷരപ്പൊൻ ദീപം ഞാൻ കൊളുത്തും'.

*   *   *   *

ആരംഭത്തിങ്കൽ വരമൊഴി വാസന
തീരെയില്ലെങ്കിലും മന്ദം മന്ദം
പാരം സമുൽസുകനാക്കുമവനെ ഞാൻ
ചാരുപുരാണകഥകൾ ചൊല്ലി
ചാടുവാക്കോതിയുത്സാഹിപ്പിക്കും പിന്നെ-
പ്പാടിക്കേൾപ്പിക്കും ഞാൻ ഭംഗിയായി.

ഹൈന്ദവപുരാണകഥകളുടെ ഗൂഢാത്ഥം മനസ്സിലാക്കാത്തവക്ക് അവയിൽ പല ഭാഗവും നിന്ദ്യമായി തോന്നിയേക്കാം. രാസക്രീഡ ഒരു ഉദാഹരണമാണ്. എന്നാൽ ആ വക ഭാഗങ്ങളുടെ ആദ്ധ്യാത്മികസാരവും വഴിയെ വ്യാഖ്യാനിച്ചു വെളിവാക്കാം. ഇപ്രകാരം ചാത്തൻെറ ജാതിക്കാക്കുള്ള മതബോധങ്ങളേയും ആരാധനകളെയും ക്രമേണ സംസ്കരിക്കും.

പ്രകൃതീദേവി ഇതെല്ലാം അനുകൂലിക്കുവാനോ എന്നു-തോന്നുമാറു് പുലയരുടെ ഇടയിലും ബുദ്ധിശക്തി ധാരാളം-വഷിച്ചിട്ടുണ്ടു്. ചാത്തൻെറ കാര്യത്തിൽത്തന്നെ,

ഏതും ഗ്രഹിക്കുവാനുന്മേഷമുണ്ടവ-
ന്നേതും ധരിക്കുവാനുണ്ടു ശക്തി
ഏതുമൂഹിച്ചറിയുന്നുണ്ടു സൂക്ഷ്മമായ്
മേധാവിയാണവൻ'

5. പുലയരുടെ ജീവിതരീതി, ദുരവസ്ഥയിൽപെട്ടു ചിന്താവിഷ്ടയായ നായികയ്ക്കു് അത്യന്തം സ്പൃഹണീയ-

മായ ഒന്നായി തോന്നുന്നു. അവർ 'ഭോഗപരായണരല്ല'; അവരുടെ ഇടയിൽ ദുർന്നയം കുറവാണു്. അവ്യാഹതാനന്ദവും, പരമസംതൃപ്തിയും സദാ അനുഭവിച്ച പ്രകൃതിമാതാവിനാൽതന്നെ പരിലാളിക്കപ്പെട്ടുകൊണ്ടാണു് അവർ കാലം നയിക്കുന്നതു്. ഈ വിഷയത്തിൽ നായിക മുമ്പുതന്നെ അഭ്യസൂയയോടുകൂടി വർണ്ണിച്ചിട്ടുള്ള പക്ഷികളുടെ ജീവിതരീതിക്കും പുലയരുടേതിന്നും തമ്മിൽ വലിയ അന്തരമൊന്നുമില്ല. പക്ഷിമൃഗാദികളുടെ ജീവിതത്തെ കാംക്ഷിക്കുന്ന ഒരു സ്ത്രീക്കു് അതുപോലെ തന്നെ അഥവാ അതിലല്പം മെച്ചം കൂടിയ—ഒരു ജീവിതം സ്വീകരണീയമായി തോന്നുന്നതിലെന്താണത്ഭുതം?

6. കൃതജ്ഞത, ബഹുമാനം. അനുകമ്പ, ബ്രഹ്മവിദ്യാബോധം എന്നിവയെല്ലാംകൂടിച്ചേർന്നപ്പോൾ നായികയ്ക്കു നായകനെക്കുറിച്ചുള്ള മനോഭാവത്തിന്റെ സമ്പ്രദായം ഒന്നു മാറിത്തുടങ്ങുന്നു. സ്നേഹമെന്നോ അനുരാഗമെന്നോ പറയുന്ന ആ പതനത്തിലേക്കു് ആയതു് അചിരേണ തിരിയുകയും ചെയ്യുന്നു. സൽസ്വഭാവിയായ പുലയയുവാവിന്റെ മനോഗുണങ്ങളാൽ മുമ്പുതന്നെ ആകൃഷ്ടയായിത്തീർന്നിട്ടുള്ള അന്തർജ്ജനത്തിനു് ഇപ്പോൾ ആയാളുടെ ആകൃതിയിലും ചില ചേതോഹരങ്ങളായ അംശങ്ങളുള്ളതായി തോന്നുന്നു:—

ചാരുചികുരവും ചാഞ്ഞ വാർചില്ലിയും
ചഞ്ചൊത്തു നീണ്ടഴകാർന്ന കണ്ണും
ആരോമൽക്കാർമൃദുരോമം മുളച്ചേറെ-
യഞ്ചിതമായ കവിൾത്തടവും

ഇന്ദീവരാഭയുമാർന്നോരവങ്കലാ-
സ്സന്ദർഭത്തിങ്കൽ സരസതയാൽ
സുന്ദരി പൂങ്കണ കൈക്കൊണ്ടു നില്ക്കുന്ന
കന്ദർപ്പദേവനെക്കാൺകയാവാം.

ഇത്രയുമായിക്കഴിഞ്ഞാൽ പിന്നെ കഥാശേഷം ഒരു വിധത്തിൽ മാത്രമേ വരുവാൻ തരമുള്ളുവെന്നു സ്പഷ്ടമാണല്ലൊ. ഹൃദ്യങ്ങളായ യുക്തിവാദങ്ങളാൽ വിദുഷിയായ അന്തർജ്ജനം സാധുശീലനായ പുലയയുവാവിൻെറ താല്ക്കാലിക സംഭ്രമമെല്ലാമകററി ആയാളെ സ്വയംവരരീത്യാ തൻെറ ഭർത്താവായി സ്വീകരിക്കയും ചെയ്യുന്നു.

ഈയക്കോൽപോലെ തണുത്ത വിരലേലും
പ്രേയാൻെറ കൈയേന്തിപ്പേലവാംഗി
തീയ്യേ വലംവച്ചവനെ നയിച്ചു തൻ-
പായിൽ ശയിപ്പിച്ചു താൻ ശയിച്ചാൾ.

അപ്പോഴാകട്ടെ,

ഊതി കുളർകാററു, മങ്ങിക്കനൽമിന്നും
'ജാതവേദസ്സ്' മിഴിയടച്ചു
ജാതീർഷ്യയാലോ ഗുണമോർത്തിവരിലു-
ള്ളൗദാര്യത്താലോ പണി പറവാൻ
സഞ്ജാതസന്തോഷം വർഷിച്ചു വാനവർ
മഞ്ഞു തൂംകണ്ണുനീർ മാടത്തിന്മേൽ.

കഥ ഈ വിധത്തിൽ അവസാനിച്ചതുകൊണ്ടു ചിലർക്കുണ്ടായേക്കാവുന്ന നീരസം പരിഹരിപ്പാൻ മുൻനിർദ്ദേശിച്ച സംഗതികളൊന്നും പോരെങ്കിൽ കവി ചില ന്യായങ്ങൾ കൂടി പറയുന്നുണ്ടു്:

തുംഗതയേറുമാകാശത്തിനായ് ഗിരി-
ശൃംഗങ്ങളിൽ ഭൂമി കൈനീട്ടുന്നു
കുന്നിൻചരിവുകളിൽ വനവൃക്ഷത്തെ-
ച്ചെന്നു മുകിൽമാല ചുംബിക്കുന്നു.

എന്നാലയുപ്പേലുമഞ്ചിയെപ്പുല്കുന്ന
നന്നാടി മേളിച്ചഴിമുഖത്തിൽ,
മന്ദമർത്ത്യാ, നീ തടുക്കായ്കയിശേച്ഛാ-
സുന്ദരമാമീ സമാഗമങ്ങറം,

ഈ ലോകമാകുന്ന ഉദ്യാനത്തിൽ വിവിധ'ജാതി'കളാകുന്ന പുഷ്പങ്ങറം ശോഭിക്കുന്നു. ഇക്കൂട്ടത്തിൽ,

ദേവൻ വനമാലിക്കാനന്ദമേകാത്ത
പൂവൊന്നുമില്ലെന്നോത്തുകൊറംവിൻ
എല്ലാസുമവുമവൻെറയിച്ഛയ്ക്കൊത്തു
മെല്ലെ വളൻ തൻപൂർണ്ണതയിൽ
ചെല്ലാനഴവുകയാണങ്ങതിയാരും
തല്ലിനിത്താതെ സൂക്ഷിച്ചുകൊറംവിൻ.

നിമ്മത്സരബുദ്ധികളുടെ ആഗ്രഹം ഇങ്ങനെയത്രെ ഇരിക്കേണ്ടതു്:—

എല്ലാം വിടൻ പരിമളം തൂവട്ടേ-
യെല്ലാം ചിതറട്ടേ വർണ്ണശോഭ
എല്ലാമിതളുകറം നീട്ടി വലിപ്പമാ-
ൎന്നുല്ലാഘഭാവമിയന്നിടട്ടെ.

ഇതുതന്നെയാണു പ്രസ്തുത കൃതിയിലെ മമ്മമായ ആശയവും.

ഇത്രയും പറഞ്ഞതുകൊണ്ടു കവിയുടെ ഒരു പ്രത്യേക സിദ്ധാന്തം വിശദീകരിപ്പാൻ വേണ്ടി രചിക്കപ്പെട്ടിട്ടുള്ള ഒരു കാവ്യമാണു് ദുരവസ്ഥ എന്നു വെളിവായല്ലൊ. ഇപ്രകാരം പ്രത്യേകോദ്ദേശ്യങ്ങളോടുകൂടി നിമ്മിതങ്ങളാകുന്ന ഗ്രന്ഥ

ങ്ങൾക്ക് ഒരു ന്യൂനത സംഭവിച്ചേക്കാനിടയുണ്ട്. അതായത്' കാവ്യത്തിന്റെ പ്രതിഷ്ഠ അതിലെ സിദ്ധാന്തത്തിന്റെ ബലത്തെ ഏറെക്കുറെ ആശ്രയിച്ചിരിക്കുമെന്നുള്ളതുതന്നെ. ലോകത്തിലെ അത്യുൽകൃഷ്ടങ്ങളായ കാവ്യങ്ങളൊന്നും സിദ്ധാന്തസ്ഥാപനാൎത്ഥം എഴുതപ്പെട്ടിട്ടുള്ളവയല്ല. മനുഷ്യർ സുഖവും സമാധാനവും അനുഭവിച്ചു ജീവിക്കുന്ന കാലത്ത് സമുദായസങ്കേതങ്ങൾക്ക് അല്പമെങ്കിലും വിപരീതമായ യാതൊന്നും സഹനീയമായിരിക്കയില്ല. പിന്നെയുണ്ടോ ആശാനവർകളുടെ കൈകടന്ന ഈ ആദൎശം അവൎക്കു രുചിക്കുന്നു? ചില വായനക്കാർ ഇടിവെട്ടുകൊണ്ടതുപോലെയായിത്തീരുമെന്നുകൂടി പ്രതീക്ഷിപ്പാൻ വഴിയുണ്ട്. ഇതെല്ലാം ഗ്രഹിച്ചുകൊണ്ടുതന്നെയാണ് ആശാനവർകൾ തന്റെ പുതിയ കാവ്യം നിൎമ്മിച്ചിട്ടുള്ളതെന്നു മുഖവുര വായിച്ചാൽ അറിയാം. 'എങ്കിലും ഉൽകൃഷ്ടമായ ഒരു ധൎമ്മാദൎശത്തെ പുരസ്കരിച്ചുള്ള കൃത്യബോധത്താൽ പ്രേരിതനായി ഈ സാഹസത്തിനു് ഒരുമ്പെട്ടതാകുന്നു' എന്നാണ് അദ്ദേഹംതന്നെ പറഞ്ഞിരിക്കുന്നതു്. ഇക്കാൎയ്യത്തിലും ഒരു സംഗതി കവിക്കു വിശിഷ്യ അനുകൂലമായിട്ടുണ്ട്. പ്രത്യേകം ഏതെങ്കിലും ഒരു വർഗ്ഗക്കാൎക്കു മാത്രം ബാധകമാകുന്ന ധൎമ്മത്തെ ആസ്പദമാക്കീട്ടല്ല അദ്ദേഹം തന്റെ കൃതി എഴുതീട്ടുള്ളതു്. ഇതിൽ പ്രതിപാദിച്ചിട്ടുള്ള ധൎമ്മം ലോകമാകെ കൊണ്ടാടേണ്ടുന്ന ഒന്നത്രെ. മനുഷ്യജാതിക്കു മുഴുവൻ പറ്റുന്ന ഒരാദൎശമാണു കവി വിവക്ഷിച്ചിട്ടുള്ളതു്. അതിനാൽ "സങ്കുചിതബുദ്ധി" എന്ന ആക്ഷേപത്തിനു് അദ്ദേഹം ഒരിക്കലും പാത്രമാകുന്നില്ല. എന്നുമാത്രമല്ല, ഇക്കാലത്തു മറ്റെല്ലാ രാജ്യത്തിലെയും ഉത്തമകവികൾ ഘോഷിച്ചുവരുന്ന ഒരു ധൎമ്മാദൎശം തന്നെയാണ് ആശാനവർകളും സ്വീകരിച്ചിട്ടുള്ളതു്.

അഥവാ, കഥയും അതിന്നാടിസ്ഥാനമായ ധൎമ്മാദൎശവും സ്വീകരണീയമല്ലെന്നിരിക്കട്ടെ. എന്നാൽതന്നെയും

സഹൃദയരായ സാഹിത്യരസജ്ഞരെ ആനന്ദതുന്ദിലരാക്കത്തക്ക പല ഭാഗങ്ങൾ ഈ കൃതിയിലുള്ളതിനാൽ അതിന്നു സാഹിത്യപ്രതിഷ്ഠ കിട്ടുമോ എന്നുള്ളതിനെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ടാകാൻ തരമില്ല. ആശാനവർകളുടെ ചിത്രനിർമ്മാണചാതുരി അവർണ്ണനീയമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. വാക്കുകൾകൊണ്ടു ചിത്രമെഴുതുന്ന രീതി എങ്ങനെയെന്നറിയേണ്ടവർ ദുരവസ്ഥ എന്ന കൃതി വായിച്ചാൽ മതി. ആദ്യംമുതൽ അവസാനംവരെ "സിനിമ" പ്രദർശനത്തിലെന്നപോലെ ഓരോരോ ചിത്രങ്ങൾ നമ്മുടെ മുമ്പാകെ തുടരെത്തുടരെ കാണാറാകുന്നു. എന്നാൽ വെറുതെ ഓരോ സിൻ കാണിച്ചുതരിക മാത്രമല്ല ഇവയാൽ ഉദ്ദിഷ്ടമായിട്ടുള്ള കാര്യം. സന്ദർഭാനുഗുണമായ വികാരം വായനക്കാരുടെ മനസ്സിലുണ്ടാകത്തക്കവണ്ണം ചില പൊടിക്കൈകൾ ഈ വർണ്ണനകളിലങ്ങുമിങ്ങും പ്രയോഗിച്ചിട്ടുള്ളതാണു് അവയുടെ ജീവൻ. ഔചിത്യത്തിലും ആശാൻെറ കവിത അനുകരണീയമായിട്ടുള്ള ഒന്നാണു്. ചുരുക്കിപ്പറയുന്നതായാൽ അധ്യേതാക്കളുടെ ഭാവനാശക്തിയെ തട്ടിയുണർത്തി അതിന്നു് ഉന്മേഷം കൊടുപ്പാൻ ഇത്ര ഉതകുന്ന വർണ്ണനകൾ ഇന്നത്തെ മലയാളസാഹിത്യത്തിൽ മററധികമുണ്ടെന്നു തോന്നുന്നില്ല. ഉദാഹരണത്തിനായി ഉദ്ധരിപ്പാൻ തുടങ്ങിയാൽ പുസ്തകം മുഴുവൻ പകർത്തേണ്ടിവരുമോ എന്നാണു ഭയം. എങ്കിലും ചില മാതൃകകൾ ചുവടെ കാണിക്കുന്നു.

### പുലയൻെറ കുടിൽ.

അങ്ങടുത്തായ് മേഞ്ഞു നാളേറെയായ് നിറം
മങ്ങിപ്പതിഞ്ഞു പാഴ്പുല്ലുമാടം
കാണാം ചെറുതായകലെനിന്നാലൊരു
ക്രൂണെന്നപോലെ വയൽവരമ്പിൽ

അന്തികത്തിൽ ചെല്ലുന്തോറുമൊരുചൊവ്വും
ചന്തവുമില്ലക്കുടിലു കണ്ടാൽ
വൃത്തവും കോണും ചതുരവുമല്ലതി-
ലെത്തിനോക്കീട്ടില്ല ശില്പിതന്ത്രം
വണ്ണംകുറഞ്ഞൊരു രണ്ടുചാൺ പൊക്കത്തിൽ
മണ്ണുചുവരുണ്ടകത്തു ചുററും
കോണും മുഴകളും തീർത്തിട്ടില്ലായതിൽ
കാണുന്നു കൈവിരൽപ്പാടുപോലും
മുററം കിഴക്കായി വീതികുറഞ്ഞൊരു
മുററമതിനുണ്ടതിൽ മുഴുവൻ
പററിക്കറുകയും പപ്പടകപ്പുല്ലും
മററു തൃണങ്ങളും മഞ്ഞിനിൽപ്പൂ.
പൊട്ടക്കലമൊന്നിൽ നീരുമൊരുകരി-
ച്ചട്ടിയും കാണാം വടക്കരികിൽ
കന്നുകടിച്ചിലപോയിത്തലചാഞ്ഞു
നിന്നിടും തൈവാഴ തൻചുവട്ടിൽ.

## സായംകാലം.

അർക്കനും താണകലത്തു പടിഞ്ഞാറേ-
ദ്ദിക്കിന്റെ കോണിൽ പുരോമുഖമായ്
ചെങ്കതിർക്കററയൊതുക്കി യടുത്തങ്ങു
തങ്ങുന്ന കുന്നിൻമുകളിലൂടെ
തീക്കളിയിൽ ക്കടതെററിപ്പതിച്ച വൻ-
പൂക്കുററിപോലെ യെരിഞ്ഞുനിന്നു.
നേർത്തു നിബിഡമല്ലാതെഴും മഞ്ഞിന്റെ
നീർത്തുള്ളിയാൽ മങ്ങിയന്തരീക്ഷം

നീരാവി തട്ടും നിലക്കണ്ണാടിക്കൊഴും
വാരുററ ഭംഗി വഹിച്ചുനിന്നു.

ദൂരെക്കിഴക്കു കരിമ്പന തന്മേലും
പേരാൽത്തലമേലും കുന്നിന്മേലും

പാരം മനോജ്ഞമാം മഞ്ഞവെയിലൊട്ടു-
നേരം തങ്ങിക്കണ്ടിതാവഴിയായ്

കഷ്ടതരമാം ലഹളയിൽ സർവ്വം
നഷ്ടമായ്പ്പോയോരദ്ദേശലക്ഷ്മി

പുഷ്ടിതേടാനമ്പർ ക്രൂരാന്ധ മേൽനിന്നു
കെട്ടിയയയ്ക്കും പൊൻഭാണ്ഡംപോലെ

പിന്നെയബ്ഭാനുമാൻ മുങ്ങിട്ടുമത്തിക്കിൽ
ചിന്നീ മനോഹരകാന്തിപൂരം

ഓമനത്തുമുകിൽത്തുണ്ടുകളങ്ങുള്ളം
വ്യാമോഹിപ്പിച്ചു തിളങ്ങിനിന്നു

പൂമരംപോലെയും പൊൻവല്ലിപോലെയും
താമര പൂത്ത കുളംപോലെയും

നേരിയ മഞ്ഞിൻതിരയ്ക്കുള്ളിലാക്കാഴ്ച
പാരം മനോജ്ഞവുമായിരുന്നു.

അല്ലെങ്കിലന്നഭോഭാഗമട്ടുത്തു താൻ
മെല്ലെയരങ്ങേറാനോങ്ങിനില്ക്കും

ഫുല്ലസുമാലംകൃതയാം വസന്തശ്രീ
ചൊല്ലിയാട്ടം പൂങ്കളരിതന്നെ

സന്ദേഹമില്ലിതാ 'സാധകം' ചെയ്യുന്നു
മന്ദം മുരളിയൊരാൺകുയിലും

പാടത്തിൻ തെക്കേക്കരെയിൽ തൊടിയിൽ കൊ-
മ്പാടാതെ നില്ക്കും തൈമാവിലൊന്നിൽ.

അലങ്കാരങ്ങൾ പ്രയോഗിക്കുന്നതിൽ ആശാനുള്ള വൈദഗ്ദ്ധ്യം ഒന്നു വേറെതന്നെയാണ്. ധ്വനിയിലുള്ള രസസ്ഫൂർത്തികളും അനേകം ഭാഗങ്ങൾ ദൃഷ്ടാന്തങ്ങളായിട്ടുണ്ട്. വിസ്തരഭയത്താൽ അവയെ ഇവിടെ എടുത്തുചേർക്കുവാനുദ്യമിക്കുന്നില്ല.

ആകപ്പാടെ നോക്കുമ്പോൾ 'ദുരവസ്ഥ'യിൽ ധർമ്മോപദേശോദ്ദേശ്യം കുറെ അധികം മുഴച്ചു നില്ക്കുന്നുണ്ടെന്നുള്ള ന്യൂനതയൊഴിച്ചു ശേഷം ഭാഗങ്ങൾ സഹൃദയന്മാർക്ക് അഭിനന്ദനീയങ്ങളായി തോന്നാതിരിക്കയില്ലെന്നാണ് വിചാരിക്കേണ്ടതു്.

---

കുറിപ്പ്:– "ദുരവസ്ഥ" പ്രസിദ്ധീകരിച്ചയുടനെതന്നെ അടുത്ത ലക്കം (1098 ചിങ്ങം—കന്നി) "മംഗളോദയ" മാസികയിൽ ചേർത്ത നിരൂപണം.

സമ്പാദകൻ.

# ചണ്ഡാലഭിക്ഷുകി.

[ഡാക്ടർ കേ. ഗോദവർമ്മ എം. ഏ., പിഎച്ച്. ഡി. (ലണ്ടൻ)]

ഭാഷാസാഹിത്യത്തിൽ ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നിരന്തരം പരിശ്രമിച്ചിട്ടുള്ള കവികളിൽ പ്രഥമഗണനീയനായ കുമാരനാശാന്റെ കൃതികൾ എല്ലാംതന്നെ മഹനീയങ്ങളായ ആദർശങ്ങളെ അവതരിപ്പിക്കുന്നവയായിട്ടോ, ആദരണീയങ്ങളായ കർമ്മപദ്ധതികളെ ഉദ്ബോധിപ്പിക്കുന്നവയായിട്ടോ കാണപ്പെടുന്നതാണ്. നൈസർഗ്ഗികങ്ങളും ഉത്കൃഷ്ടങ്ങളും ആയ വികാരങ്ങളുടെ സജീവമായ പ്രദർശനംകൊണ്ട് സർവ്വത്ര സമുല്ലസിതമാണ്, ആശാന്റെ കാവ്യലോകം. പ്രതിഭയുടെ ഉത്തുംഗമായ പ്രഭാവമോ, പാണ്ഡിത്യത്തിന്റെ നിസ്തന്ദ്രമായ വിലാസമോ, ലോകാവലോകനപാടവമോ, ആത്യന്തികമായ ആത്മാർത്ഥതയോ, ഏതാണ് "വീണപൂവ്"മുതൽ "കരുണ"വരെയുള്ള കൃതികളിൽ മികച്ചുനില്ക്കുന്നതെന്ന് നിർണ്ണയിക്കുക ദുഷ്കരമാകുന്നു. ഹിന്ദുസമുദായത്തിൽ ജാതിഭേദംകൊണ്ടുള്ള അസമത്വത്തിന്റെ കാർക്കശ്യത്തിൽ അത്യന്തം സന്തപിച്ച കവിഹൃദയത്തിൽനിന്നും സവർണ്ണാഭിമാനികളുടെ കണ്ണുകൾ തുറപ്പിക്കത്തക്കവണ്ണം പുറപ്പെട്ടിട്ടുള്ള ചിന്താദീപ്തികളെ ഉൾക്കൊള്ളുന്ന ആശാന്റെ കൃതികളുടെ കൂട്ടത്തിൽ, പ്രമുഖമായ ഒരു സ്ഥാനംവഹിക്കുന്ന ചണ്ഡാലഭിക്ഷുകിയുടെ സാരാംശങ്ങളെ പുരസ്കരിച്ചുള്ള ഒരു നിരൂപണമാണ്, ഈ ലേഖനത്തിന് വിഷയം.

ബുദ്ധമതസംബദ്ധമായ ഒരു പ്രാസംഗികവൃത്താന്തശകലത്തെ കഥാവസ്തുവാക്കി ചരിത്രപരമായോ, മതതത്വപരി

ഷയകമായോ, പ്രമാദങ്ങൾ വരാതെ കാവ്യാനുകൂലമായ വിധത്തിൽ വിസ്തരിക്കുകയാണു് ചണ്ഡാലഭിക്ഷുകിയിൽ ചെയ്തിട്ടുള്ളതെന്നു് ഗ്രന്ഥകർത്താവു് മുഖവുരയിൽ വിശദമാക്കിയിരിക്കുന്നു. പ്രൊഫസർ ലക്ഷ്മീനരസുവിൻെറ 'The Essence of Budhism' എന്ന പുസ്തകത്തിൽ കാണുന്നവണ്ണം മൂലകഥയോടു് താരതമ്യപ്പെടുത്തി നോക്കുമ്പോൾ നിരൂപണവിഷയമായ കാവ്യത്തിൽ പ്രതിപാദിതമായിട്ടുള്ള കഥയ്ക്കു്, സമഗ്രമായും അഭിന്നതതന്നെയാണു് കാണുന്നതു്. എന്നാൽ പരിക്ഷീണമായ ശരീരത്തിൽ ഊജ്ജസ്വലമായ ജീവശക്തിയുടെ അനുപ്രവേശം ഉണ്ടായാലെന്നതുപോലെ ആ ബുദ്ധമതകഥ ഈ കൃതിയിൽ അനതിശയിതമായ ചൈതന്യത്തോടെ പ്രശോഭിക്കുന്നു. ഒരു ബ്രാഹ്മണനും ചണ്ഡാലനും തമ്മിൽ പ്രത്യക്ഷമോ, അനുമേയമോ ആയ യാതൊരു വൈജാത്യവും സൃഷ്ടിയിലില്ലെന്നും പ്രകൃതിയാൽ അപ്രകാരം പ്രതിഷിദ്ധമായ ആ ദാരുണാചാരം—ജാതിഭേദംകൊണ്ടുള്ള അസമത്വം—തിരസ്കരിക്കേണ്ടതു് അപരിഹാര്യമാണെന്നും ഉദ്ബോധിപ്പിക്കുന്നതിനു് നാമമാത്രമായ ഒരു കഥയെ ഉദാഹരിച്ചുവെന്നല്ലാതിൽ കവിഞ്ഞു്, മൂലകഥ രസജ്ഞലോകത്തെ സമാകർഷിക്കുവാൻ കെല്പുള്ളതല്ല. എന്നാൽ ചണ്ഡാലഭിക്ഷുകിയിലാകട്ടെ ആ കഥതന്നെ ഒരു കലാകാരൻെറ പ്രശംസനീയമായ സേവനത്താൽ അവതരിപ്പിക്കപ്പെടുന്ന എല്ലാപാത്രങ്ങൾക്കും പ്രതിപാദിതങ്ങളാകുന്ന സംഭവങ്ങൾക്കും വിമർശിക്കപ്പെടുന്ന തത്വങ്ങൾക്കും എല്ലാം സയുക്തികമായ അധിഷ്ഠാനവും സമ്പൂർണ്ണമായ പ്രയോജനവും ആർജ്ജിച്ചു് നവ്യവും ആസ്വാദ്യവും ആയ ഒരു രൂപം കൈക്കൊണ്ടിട്ടുണ്ടു്.

ജീവത്തായ ഒരു പ്രശ്നത്തിൻെറ പ്രാതിനിധ്യം വഹിക്കുന്ന ചണ്ഡാലഭിക്ഷുകി, സമുദായോദ്ധാരണാത്മകമായ ഒരു കാവ്യമെന്നുള്ള നിലയിലാണു്, നമ്മുടെ ശ്രദ്ധയെ അതി-

മാത്രം ആകർഷിക്കുന്നതു്. ഗ്രന്ഥത്തിന്റെ അവസാനത്തിൽ ശ്രീബുദ്ധദേവൻ ശ്രാവസ്തിയിലെ രാജാവായ പ്രസേനജിത്തിനോടു് മനുഷ്യരിൽ അസമത്വചിന്തയ്ക്കു് അവലംബമായിരിക്കുന്ന ജാതിയുടെ നൈരർത്ഥക്യത്തെ സവിസ്തരം പ്രതിപാദനം ചെയ്തു്,

"ചൊല്ലിനേനിഷ്യയല്ലാതെ മർത്ത്യ-
ക്കില്ലതാനില്ലതാൻ ജാതി."

എന്നു് വ്യവസ്ഥാപനം ചെയ്യുന്നതാണു് കഥയിൽ മികച്ചു നില്ക്കുന്ന തത്വമെന്നു് പറയേണ്ടതില്ലല്ലൊ. ചണ്ഡാലകന്യകയുടെ സംഘപ്രവേശമാകട്ടെ, ആ തത്വത്തിനു് ദാർഢ്യവും ആദരണീയതയും ഉണ്ടാക്കിത്തീർക്കുന്നു. ദാഹിച്ചുവലഞ്ഞു ചെന്ന ഒരു പാന്ഥനു്, വെള്ളം കൊടുത്തു എന്നുള്ളതാണോ ആ അന്ത്യജയുടെ അന്യാദൃശമായ മനോഗുണം? ആയിരിക്കണമെന്നില്ല; അല്ലെങ്കിൽ അതു മാത്രം അല്ലായിരുന്നു.

"വാദിച്ചോർക്കും പ്രാണാപായേ
ജാതിച്ചോദ്യം വേണ്ടാ തൊടുവാൻ"

എന്നു പറഞ്ഞതുപോലുള്ള ദൈന്യംകൊണ്ടല്ലല്ലോ ആനന്ദൻ എന്ന ബുദ്ധഭിക്ഷു അവളോടു് ജലം അർത്ഥിച്ചതു്!

"ജാതി ചോദിക്കുന്നില്ല ഞാൻ സോദരി!
ചോദിക്കുന്നു നിർ നാവു വരണ്ടഹോ!
ഭീതി വേണ്ട തരികതെനിക്കു നീ"

എന്നുള്ള അപേക്ഷയുടെ മാധുര്യം ചണ്ഡാലവംശജയായ അവളെ ബലാദാകർഷിച്ചു. ഉത്കൃഷ്ടകുലജാതരുടെ അത്തരം ഒരു പെരുമാററം, അവളോ, അവളുടെ കൂട്ടത്തിലുള്ള

വരോ, അതുവരെയും വിദൂരത്തിൽപോലും അനുഭവിക്കാത്തതാണ്. "ശിക്ഷിതാത്മനിർവ്വാണരിൽ" അഗ്ര്യനായ ആനന്ദൻെറ സ്നേഹപ്രഭാവം ആ ചണ്ഡാലകന്യകയെ അഗാധഗർത്തങ്ങളിൽനിന്നും കരകയററി ദിവ്യമായ ഏതോ ആഘ്രാനത്തിന് വശംവദയാക്കിത്തീർത്തു. അവൾ ക്ഷണേന വേറൊരാളായിച്ചമഞ്ഞു. മന്മഥകഥാഗന്ധം ഗ്രഹിക്കാത്ത ആ ചണ്ഡാലകന്യക ബുദ്ധഭിക്ഷുവിൻെറ നേക്ക് വഹിച്ച അഭിനിവേശം അകൃത്രിമമായ രാഗമായിരുന്നുവെങ്കിൽ അത് സർവ്വസംഗപരിത്യാഗിയായി ലോകാരാധനവ്രതത്തിൽ വ്യാപൃതനായ ശ്രീബുദ്ധഭഗവാൻെറ കാല്പാടുകളിലേക്ക് അവളെ ശീഘ്രത്തിൽ നയിക്കുന്ന ആത്മപ്രചോദനമായിത്തീൎന്നു. ദശനമാത്രത്താൽ അവളുടെ അന്തഃശുദ്ധി മനസ്സിലാക്കിയ ബുദ്ധൻ ആനന്ദൻെറ നേക്കുള്ള അവളുടെ ഭാവത്തെ സുവിമലമായ ധർമ്മോപദേശത്താൽ സർവ്വപ്രാണികളിലും ഉള്ള പരമപ്രേമമായി വികസിപ്പിച്ച് അവളെ ഭിക്ഷുണീസംഘത്തിൽ സാദരം പ്രവേശിപ്പിച്ചു.

'അരിയനിർത്താർമൊട്ടേ, നിൻതലയിൽ
സ്ഫുരിതമാം തൂമഞ്ഞിൻതുള്ളിതന്നിൽ
അരുണൻ നിർമ്മിച്ചൊരപ്പദ്മരാഗം
പൊരുളാകില്ലീയക്കദീപ്തിതന്നിൽ
അതുമല്ലാ മുത്തേലും ബിന്ദു മാഞ്ഞു
സുധയൂറും നിൻകരൾക്കാമ്പിൽ മെല്ലേ
ദിവസംപുലൎന്നു വിടൎന്നിനി നീ-
യവികലശോഭ വഹിക്കും പൂവേ!"

എന്ന് കവി ചണ്ഡാലകന്യകയുടെ രാഗത്തെ അനുക്രമമായ പരിണാമദശയിൽ മഹത്തമമായ പ്രേമമായിത്തീരുവാൻ പ്രഗല്ഭമായ രീതിയിലാണ് പ്രകടിപ്പിച്ചിട്ടുള്ളത്. സ്നേ

ഹത്തിൻെറ മഹത്ത്വം സർവ്വലോകത്തിനും അനുഭവഗോചരമാക്കി നിഖിലത്തിനും ആധാരമായ ഈശ്വരചൈതന്യത്തിൻെറ കടയ്ക്കു് കോടാലിവെയ്ക്കുന്ന ജാതിചിന്തയുടെ ലോകമാരകശക്തിയെ സ്പഷ്ടമായി ചിത്രീകരിച്ചു് എല്ലാപേക്കും സമഭാവനയുടെ നവ്യപ്രകാശം സാക്ഷാത്കരിക്കുവാൻ ചണ്ഡാലഭിക്ഷുകി നല്കുന്ന പ്രേരണം അനല്പമാകുന്നു.

'ദുരവസ്ഥ'യുടെ ഒരു സഹോദരിയായിട്ടാണു് ചണ്ഡാലഭിക്ഷുകിയെ ആശാൻ ഭാവനം ചെയ്തിരുന്നതു് എന്നുള്ളതു് പ്രസ്പഷ്ടമത്രെ. രണ്ടു കൃതികളും ഹിന്ദുസമുദായത്തിലേ ജാതിപരമായ അസമത്വത്തെ ദൂരീകരിക്കുന്നതിനു പ്രവണങ്ങളായ ഉദ്ബോധനങ്ങളെ അവതരിപ്പിക്കുവാൻ ഉദ്ദിഷ്ടങ്ങളാകുന്നു. ദുരവസ്ഥയുടെ അവസാനത്തിൽ,

"മദ്വചനങ്ങൾക്കു മാർദ്ദവമില്ലെങ്കിൽ
ഉദ്ദേശ്യശുദ്ധിയാൽ മാപ്പു നല്കിൻ"

എന്നു് നിവേദനം ചെയ്യുന്ന കവി, അതിലെ വിമർശനരീതി കുറെ കർക്കശമാണെന്നു് ചിലർക്കു തോന്നാമെന്നുള്ളതുകൊണ്ടായിരിക്കാം അതേ തത്ത്വത്തിനുതന്നെ ശാന്തവും സുഗമവും ആയ രൂപാന്തരം വരുത്തി ചണ്ഡാലഭിക്ഷുകിയിൽ ഉപനിബന്ധിച്ചിട്ടുള്ളതെന്നു കരുതുന്നതിൽ അസാംഗത്യമില്ല. സാവിത്രി എന്ന അന്തർജ്ജനം ജീവിതപരിണാമം എന്നുതന്നെ പറയാവുന്ന ഒരു ദുരവസ്ഥയ്ക്കു് ദാരുണമായ വിധിയാൽ വിധേയയാക്കപ്പെട്ടുകയാലാണു് ആപദ്ബന്ധുവായ ഒരു ചണ്ഡാലയുവാവിനോടുള്ള ദാമ്പത്യബന്ധത്തിനു് വശംവദയായി ചണ്ഡാലവംശത്തിലെ ഒരംഗമായിത്തീർന്നു് തൻെറ അനന്തരജീവിതം അശുചിത്വത്തിലും അജ്ഞാനത്തിലും ദാരിദ്ര്യത്തിലും ആണ്ടുകിടന്ന ആ സമുദായത്തിൻെറ പ്രാകൃതികമായ മഹത്ത്വത്തെ പ്രകാശിപ്പിക്കുന്ന ഉദ്ധാരണകൃത്യ

ത്തിലേക്കു് വിനിയോഗിച്ചതു്. മററൊരു പരിതഃസ്ഥിതിയിലായിരുന്നുവെങ്കിൽ അപ്രകാരം ഒരു സമുദ്യമത്തിനു് അവസരമോ ഔചിത്യമോ ഉണ്ടാകുന്നതല്ലതന്നെ.

"അന്തണനെച്ചമച്ചുള്ളൊരു കൈയല്ലോ
ഹന്ത! നിർമ്മിച്ചു ചെറുമനേയും
ബാഹുവീര്യങ്ങളും ബുദ്ധിപ്രഭകളും
സ്നേഹമൊലിക്കുമുറവുകളും
ആഹന്തയെത്ര വിഫലമാക്കിത്തീർത്തു
നീ ഹിന്തുധർമ്മമേ! 'ജാതി'മൂലം"

എന്നു് ഉള്ളൂരുകിഴക്കേഴന്ന കവി, അധഃകൃതരുടെ ഉദ്ധാരണത്തിൻെറ ആവശ്യകതയെ പ്രതിപാദനം ചെയ്യുന്നതും, അതുപോലെ,

"ഹന്തയിജ്ജാതിയെ ഹോമിച്ചൊഴിച്ചാൽ നിൻ
ചിന്തിതം സാധിച്ചു രത്നഗർഭേ!"

എന്നു് ഭാരതഭൂമിയുടെ അധഃപതനം പരിഹരിക്കുന്നതിനു് ഹിന്തുസമുദായത്തിലെ ജാതിഭേദം ധ്വംസിക്കുകയാണു് വേണ്ടതെന്നു് ഉദ്ബോധിപ്പിക്കുന്നതും,

"ആരാധിക്കാറ്റിൻ അസൂയാ—മഹാ-
മാരിയെ—ജ്ജാതിയെ—ആരും
ചൊല്ലുവിൻ ജന്തുവെത്താർത്തും—ദോഷ-
മെല്ലാമിതിലടങ്ങുന്നു.
ഈ രാക്ഷസിയെജ്ജയിച്ചാൽ—ഘോര-
നാരകദ്വാരമടഞ്ഞു"

എന്നു് ചണ്ഡാലഭിക്ഷുകിയിൽ ശ്രീബുദ്ധദേവൻ പ്രസേന

ജിത്തിനോടായി പറയുന്നതും എല്ലാം അന്തർവാഹിനിയായ ഒരേ ചിന്തയുടെ ഭിന്നപ്രകാശനങ്ങളത്രെ!

ആശാൻ ബുദ്ധമതാദർശങ്ങൾ പ്രചരിപ്പിച്ച് ഹൈന്ദവ ജനതയെ ബുദ്ധമതത്തിലേക്ക് ആകർഷിച്ചുവെന്നോ, അതിനായി ശ്രമിച്ചുവെന്നോ ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളതിന് ഒരു പ്രത്യാഖ്യാനമെന്നതുപോലെ 'ദുരവസ്ഥ'യിൽ മതവിശ്വാസത്തിന്റെ പ്രകൃഷ്ടതയെക്കുറിച്ച് പല പ്രസ്താവങ്ങളും ഉണ്ടെന്നുള്ളതിന്,

"അന്യമതങ്ങളിൽ ജാതിയില്ലെന്നുള്ള
ധന്യതയുണ്ടതു നേരെന്നാലും
ഇന്നിളക്കീടാവതല്ലെനിക്കുള്ളിൽ വേ-
രൂന്നിയുറച്ച വിശ്വാസവൃക്ഷം.
വിശ്വാസമല്ലോ വിളക്കു മനുഷ്യനു
വിശ്വാസം ജീവസർവസ്വമല്ലോ!
ഒക്കെയും പോമതു പോയാൽ കെട്ടമാരും
ചുക്കാൻപോയുള്ളൊരു കപ്പൽപോലെ."

ഇത്യാദി ഭാഗങ്ങൾ നിദർശനങ്ങളാണ്. ആശാന്റെ മതവിശ്വാസത്തിന് ഇങ്ങനെ പല പ്രത്യക്ഷപ്രമാണങ്ങളും ഉള്ളപ്പോൾ 'ചണ്ഡാലഭിക്ഷുകി'യിൽ മാതംഗിയുടെ സംഘപ്രവേശനത്തിലും 'കരുണ'യിൽ ആസന്നമരണയായ വാസവദത്തയെ ബുദ്ധമതതത്ത്വോപദേശത്താൽ നിർവാണപദം പ്രാപിപ്പിച്ചതിലും ആശാന് ഹിന്ദുമതത്തോട്ട് വൈരസ്യവും ബുദ്ധമതത്തോട്ട് അപ്രസക്തമായ വേഴ്ചയും സ്ഫുടിച്ചു കാണുന്നുവെന്ന് അഭ്യൂഹിക്കുവാൻ ആരും ആയാസപ്പെടേണ്ടതില്ല. ഹിന്ദുമതത്തിന്റെ പരിശുദ്ധിയേയും സർവയോഗക്ഷേമത്തേയും സർവാത്മനാ കാംക്ഷിച്ച ആശാൻ അതിനെ ജാതിപാശത്തിൽനിന്നും വിമുക്തമാക്കേണ്ടതാണെന്നു നിർണ്ണയിച്ച്

ആ നിലയ്ക്കുള്ള പ്രതികൂലവിമർശനങ്ങളല്ലാതെ ചെയ്തിട്ടില്ല. തത്ത്വപരമായി വലിയ അകൽച്ച ഇല്ലാത്തതും ഹിന്ദുസമുദായത്തിലെ അസമത്വത്തെ ഉച്ചാടനം ചെയ്യുവാൻ പ്രഗല്ഭമായതും ആയ ഏതൊരു മതത്തിലെ അനുശാസനങ്ങളും സ്വാഗതംചെയ്യുന്നതിന് ആശാൻ സന്നദ്ധനായിരുന്നുവെങ്കിൽ അപലപിക്കുവാനും ഇല്ലല്ലൊ. ചണ്ഡാലഭിക്ഷുകിയിൽ ഹിംസയുടെ നിർമ്മൂലനാശംവരുത്തിയ അതേ അവതാരപുരുഷൻതന്നെയാണ് ജാതിയുടെ നിരാകരണത്തിന് ശ്രാവസ്തിയിലെ രാജാവായ പ്രസേനജിത്തിനോട്ട് യുക്തിസംബദ്ധമാകുംവണ്ണം ഉദ്ബോധിപ്പിക്കുന്നതു്. ഇങ്ങനെ ജാതിയുടെ നിരാസത്തിന് ദ്വേധാ താഴോട്ടും മുകളിലോട്ടും സമുദായത്തിൻെറ വീക്ഷണത്തെ നയിച്ച് ആശാൻ പരസ്പരസാഹോദര്യമുള്ള രണ്ടു കൃതികൾ നിർമ്മിച്ചുവെന്ന് കാണാവുന്നതാണ്. ഒരു തത്ത്വത്തെ ഭിന്നരൂപത്തിൽ പ്രതിപാദനം ചെയ്യുവാനുള്ള ഉദ്യമത്തിൽ പരസ്പരസാപേക്ഷമായ പ്രസ്താവങ്ങൾ ഒഴിച്ചുവെയ്ക്കാൻ സാദ്ധ്യമല്ല. അതേ അവസരത്തിൽ തന്നെ സ്പഷ്ടമായ ഭേദമില്ലാത്തുള്ള പ്രസ്താവങ്ങൾകൊണ്ടു് വൈചിത്ര്യത്തെ നിഹനിക്കാതിരിക്കുവാൻ നിശിതമായ ശ്രദ്ധ പതിഞ്ഞു കാണുന്നതും സാധാരണമാകുന്നു. ചണ്ഡാലഭിക്ഷുകിയും ദുരവസ്ഥയും സമുദായോദ്ധാരണാത്മകങ്ങളായ കൃതികളെന്ന നിലയിൽ എങ്ങനെ സംയുക്തമായ ഉദ്ബോധനം നല്കുന്നുവെന്നുള്ളതു് ഇത്രയുംകൊണ്ടു് വിശദമാകുന്നതാണല്ലൊ.

'ചണ്ഡാലഭിക്ഷുകി'യെപ്പോലെ മറെറാരു ബുദ്ധമതകഥയെ അടിസ്ഥാനമാക്കി ആശാൻ രചിച്ചിട്ടുള്ള 'കരുണ' എന്ന കൃതി ജാതിചിന്തയ്ക്കു് തികച്ചും അതീതമാണ്. ഭഗ്നാശയയായ വാസവദത്ത,

"അഥവാ കഷ്ടമീ യുവാവശ്രമണഹതകൻെറ
കഥയില്ലായ്മകൾ കേട്ടു കുഴങ്ങുന്നുണ്ടാം!

അവസരം നോക്കുന്നുണ്ടാം! യമരാജ്യത്തിലശ്ശ്ലാക്യ-
സ്ഥവിരന്നു പോയൊതുങ്ങാൻ സ്ഥലമില്ലല്ലീ?"

എന്നു് അദ്ധ്സ്വഗതമായി പറയുന്ന ഘട്ടത്തിൽ അവൾ ഹിന്ദുവംശജയാണെന്നു് തെളിയുന്നു. പില്ക്കാലത്തു് അംഗവിശസനംകൊണ്ടു് അവൾക്കു് മാനസാന്തരവും ബുദ്ധമതതത്വശ്രവണത്തിനു് അനുകൂലമായ പരിവത്തനവും സംഭവിച്ചു എന്നുള്ളതിൽനിന്നും ഹിന്ദുമതത്തിനും ബുദ്ധമതത്തിനും അല്പമായ അനുപ്രവേശം കരുണയിൽ ഉണ്ടായിട്ടുണ്ടെന്നു് പറയാം. പക്ഷേ ആ മതങ്ങളെ ഏതെങ്കിലും ഉപാധിയിലൂടെ താരതമ്യവിവേചനം ചെയ്യുകയോ ഒന്നിന്റെ ന്യൂനതയോ അപൂർണ്ണതയോ മറെറാന്നിന്റെ സ്വീകരണംകൊണ്ടു് പരിഹൃതമാകുമെന്നു് നിർദ്ദേശിക്കുകയൊ ആ കൃതിയിൽ ഒരിടത്തും ചെയ്തിട്ടില്ല. ധനദാഹത്താൽ കണക്കില്ലാതെ ഘോരകർമ്മങ്ങളനുഷ്ഠിച്ച ഒരു വേശ്യയുടെ ജീവിതദുരന്തത്തെ ചിത്രണംചെയ്തു് അവളുടെ വിപത്തിൽ കരുണ തോന്നിയ ഒരു ബുദ്ധശിഷ്യൻ അവൾക്കു്,

"ചോരനപഹരിക്കാത്ത ശാശ്വതശാന്തിധനവും
മാരനെയ്താൽ മുറിയാത്ത മനശ്ശോഭയും"

അനുഗ്രഹിച്ചരുളുന്നതാണു് കരുണയിലെ പ്രതിപാദ്യവസ്തു. അംഗുലീമാലനു് അഭയപദം കൊടുത്തു് പാപചരിതരിൽ പോലും കരുണയുണ്ടായിരിക്കേണ്ടതാണെന്നു് നിദശ്നം ചെയ്ത ശ്രീബുദ്ധദേവന്റെ ശിഷ്യനായ ഉപഗുപ്തൻ ഒരു ഗണികയുടെ ദുഃഖഭൂയിഷ്ഠമായ അന്ത്യഘട്ടത്തിൽ കരളലിഞ്ഞു് അവൾക്കു് ഉചിതമായ സമാശ്വാസം അരുളുന്നതായിട്ടാണു് നാം 'കരുണ'യിൽ കാണുന്നതു്. കാലിൽ കനകാഭിഷേകം ചെയ്തു് തൊഴുതാൽപോലും തിരിഞ്ഞുനോക്കുവാൻ മടിക്കുന്ന ഒരു വാരനാരിക്കു് ഒരു ബുദ്ധസംന്യാസിയുടെ ദശ്

നമാത്രത്താൽ അനവദ്യസുഖദമായ അനുരാഗാങ്കുരം ഉള്ളിൽ ഉദിച്ചതു് അവളുടെ അന്ത്യഘട്ടത്തെയെങ്കിലും പ്രശാന്തമാക്കി ആത്മോദ്ധാരത്തിനു് അനുകൂലമാക്കിത്തീക്കു ന്നതിനു് സഹായിച്ചുവെന്നു് നിശ്ശങ്കം പ്രസ്താവിക്കാവുന്ന താണു്.

കരുണയിലെ ഇതിവൃത്തത്തിനു് ചണ്ഡാലഭിക്ഷുകിയിലെ ഇതിവൃത്തത്തിനോടുള്ള സാജാത്യം നിഷ്കല്മഷമായ പ്രേമോദയം, ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ—ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ അദ്ഭുതാവഹമായ ഉത്കഷത്തിലേക്കു് നയിക്കുന്ന സോപാനമായിരിക്കുമെന്നുള്ള തത്വത്തിൻെറ വിശദീകരണത്തിലാണു്. വാസവദത്തയ്ക്കു് ഉപഗുപ്തൻെറ പേരിൽ തോന്നിയ അഭിനിവേശം,

> "വിശപ്പിനു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
> വിശിഷ്ടഭോജ്യങ്ങൾകാങ്കിൽ കൊതിയാമാക്കും."

എന്നതരത്തിൽ വ്യവസ്ഥാപനം ചെയ്യാവുന്നതേയുള്ളു. തൃഷാത്തനായ ആനന്ദനു് തണ്ണീർ ദാനം ചെയ്യുവാൻ ഭാഗ്യം സിദ്ധിച്ച മാതംഗി, ലോകത്തിൻെറ ഒരു കോണിൽ അകററിനിത്തപ്പെട്ട ഒരു സമുദായത്തിൽ ജനിച്ചു് യൗവനത്തിൽ കാൽ കുത്തുകപോലും ചെയ്തിട്ടില്ലാത്ത ഒരു പെൺകൊടി മാത്രമാണു്. മഹാനുഭാവനായ ആനന്ദൻെറ സംതൃപ്തി കണ്ടിട്ടാണു് അവളുടെ ഹൃദയം പെട്ടെന്നു് നവ്യമായ ഒരു ഭാവം കൈക്കൊള്ളുന്നതു്. നൈസഗ്ഗികമായ പ്രകൃതിയാലോ നിയന്ത്രണാതീതമായ വിധിയാലോ ആ ചണ്ഡാലകന്യക ദൂരെ മേവുന്ന ഭിക്ഷുവിന്നായിട്ടു് കരിംതാരിണമാലയെ നിമ്മിക്കുന്നവളായി മാരൻെറ സന്ദേശവാഹിനിയെന്ന നിലയിൽ എത്തിച്ചേരുന്നു. ഉത്കൃഷ്ടമായ ആ ഭാവം അവളെ പിന്നെ എങ്ങുംതന്നെ തങ്ങാൻ അനുവദിക്കാതെ നേരെ പാവനമായ ഒരു ജീവിതത്തിലേക്കു് നയിക്കുന്നു; പ്രബലമായ

ഒരു കരത്തിൻെറ അവലംബത്താൽ അവൾ പരമപ്രേമം ആവഹിക്കുന്ന ഒരു ബുദ്ധസംന്യാസിനിയായിത്തീരുകയും ചെയ്യുന്നു. ഇങ്ങനെ ഒരേ മതത്തിലെ തത്ത്വങ്ങളെത്തന്നെ ഉപജീവിച്ച് നായികാസൃഷ്ടിയിലും രസസന്നിവേശനത്തിലും തത്ത്വപ്രപഞ്ചനത്തിലും കവി ആദരിച്ചിരിക്കുന്ന രീതിയിൽ ഈ രണ്ടു കൃതികളിലും വ്യക്തമായ സാദൃശ്യം ചിന്താശീലന്മാർക്ക് ദർശിക്കുവാൻ സാധിക്കുന്നതാണ്.

അനതിദീർഘമായ വർണ്ണനം, ഇതിവൃത്തത്തിൻെറ അവക്രമായ പ്രതിപാദനം, രസത്തിൻെറ സജീവമായ പ്രകാശനം, സന്ദർഭോചിതമായ അലങ്കാരഗുംഫനം, ലോകരെ ബഹിർമ്മുഖമായും അന്തർമ്മുഖമായും ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്ന തത്ത്വങ്ങളുടെ നിവേശനം, ആശയത്തിൻെറ പ്രൌഢതയ്ക്കോ സൌകുമാര്യത്തിനോ നല്ലതുപോലെ ഇണങ്ങിയതും ശുദ്ധവും ആയ ഭാഷയുടെ പ്രയോഗം എന്നിവയെല്ലാം സമ്മേളിച്ചിരിക്കുന്ന ചണ്ഡാലഭിക്ഷുകിയിലെ കവിതയെ ആശാൻെറ കവിതാഗുണങ്ങൾക്കൊക്കെയും ഒരു പ്രകാശനരംഗമായി നമുക്ക് വീക്ഷിക്കാവുന്നതാണ്.

ഗ്രന്ഥത്തിൻെറ ആരംഭത്തിൽ ഘോരമായ ഗ്രീഷ്മർത്തുവിലെ ഒരു മദ്ധ്യാഹ്നകാലത്തെ അവതരിപ്പിച്ച് മരുഭൂമിപോലെ തണലററ വർണ്ണ്യരംഗത്തിൽ സകലജീവികൾക്കും ഏകമായ അഭയസ്ഥാനമായി ഒരു പേരാൽമരത്തെ പ്രതിപാദനംചെയ്യുമ്പോൾ,

"ഭൂരിശാഖാഗ്രത്താൽ വിണ്ണും വേടിൻചാത്താൽ-
പാരും വ്യാപിച്ചു പടന്നുനില്ക്കും
പേരാൽമരമാണതായതിൻപത്രത്തിൽ
ചാരുതണലാന്ന കൊമ്പുതോറും

ഘോരാതപം ഭയപ്പെട്ടേററപ്പക്ഷികൾ
സൈ്വരം ശരണമണഞ്ഞിരിപ്പൂ"

എന്നു് നിദർശനം ചെയ്യുന്ന കവി പ്രസ്താവിക്കുവാൻപോകുന്ന കഥയ്ക്കു് അത്യന്തം ഉചിതമായ ഒരു ഉപോദ്ഘാതം നല്കിയിരിക്കുന്നു. താപത്രയത്താൽ ആർത്തരായ ലോകർ 'ബുദ്ധം ശരണം ഗച്ഛാമി, ധമ്മം ശരണം ഗച്ഛാമി, സംഘം ശരണം ഗച്ഛാമി' എന്നുള്ള ശരണത്രയത്തെ ഉപാസിച്ചു് കൃപാധാരമായ ബുദ്ധസങ്കേതത്തെ അഭയംപ്രാപിച്ചിരിക്കുന്ന ഒരു ഘട്ടത്തിലാണല്ലോ കഥ നടക്കുന്നതു്.

ദൃശ്യപ്രകൃതിയുടേയോ ആന്തർഭാവത്തിന്റേയോ യഥാതഥമായ ചിത്രണംകൊണ്ടു് താദാത്മ്യപ്രതീതി വരുത്തുന്നതിനു് കവിക്കുള്ള നൈപുണി ചണ്ഡാലഭിക്ഷുകിയിൽ പലയിടത്തും പ്രത്യക്ഷമാകുന്നുണ്ടു്:

"വ്യാസമിയന്നൊരീയൊററമരക്കാട്ടിൽ
വാസാർഹമായ മുരട്ടിൽ ചുററും

ഭാസിക്കുന്നുണ്ടു തൊലിതേഞ്ഞ വൻവേരാ-
മാസനം പാന്ഥോചിതമായേറെ

ഓരോരിടത്തിൽ പൊതിയഴിച്ചുള്ള പാഴ്-
നാരുമിലകളുമങ്ങിങ്ങായി

പാറിക്കിടപ്പുണ്ടു കാലടിപ്പാതകൾ
ഓരോന്നും വന്നണയുന്ന ദിക്കിൽ

മുററും വഴികൾതൻ വക്കിലങ്ങുണ്ടൊരു
കട്ടിക്കരിങ്കൽച്ചുമടുതാങ്ങി

ഒട്ടടുത്തായ്ക്കാണുന്നുണ്ടൊരു വായ്ക്കല്ലു
പൊട്ടിവീണുള്ള പഴംകിണറും."

നമുക്കെല്ലാം നിത്യപരിചിതമായ ഒരു രംഗത്തെത്തന്നെ കവി പരിമിതങ്ങളും സുസൂക്ഷ്മങ്ങളുമായ നിർദ്ദേശങ്ങളെക്കൊണ്ട് പ്രതിഫലിപ്പിച്ചിരിക്കുന്നതിൻെറ സാരസ്യം നോക്കുക!

ആനന്ദനെക്കണ്ട് മുൻപൊരിക്കലും അനുഭവിച്ചിട്ടില്ലാത്ത ഏതോ ചേതോവികാരത്തിനധീനയായ മാതംഗിയുടെ ഔൽസുക്യാതിശയത്തെ കവി സരസമായ ഒരു ഭാവോല്ലേഖനംകൊണ്ട് പ്രദർശിപ്പിച്ചിരിക്കുന്നു:

“പോകുവാനോങ്ങിയെങ്കിലും പെൺകിടാ-
വാകാഞ്ഞങ്ങൊട്ടലസയായ് ചുററിനാൾ;

അന്തികത്തിങ്കൽ പൂത്തു മനോജ്ഞമായ്
അന്തിവാനിന്നകന്നോരു കോണുപോൽ,

ചന്തമാർന്നങ്ങുനില്ക്കും ചെറുവാക-
തൻതണലിലണഞ്ഞാൾ മനോഹരി

ചാരത്തെത്തിയൊരോമനപ്പൂങ്കുല
പാരാതാഞ്ഞൊടിച്ചായതു നോക്കിയും

ചാരുനേത്ര മരത്തിലിടത്തുതോൾ-
ചാരിച്ചാഞ്ഞു ചരിഞ്ഞ മിഴികളാൽ

ദൂരമേവുന്ന ഭിക്ഷുവിനായ് കരും-
താരിണമാല മോഘമായ് നിർമ്മിച്ചും

പാരിലൊററക്കാലൂന്നി നിലകൊണ്ടാൾ
മാരദൂതിപോൽ തെല്ലിട സുന്ദരി.”

പ്രകൃതിയുടെ മടിത്തട്ടിൽ ജനിച്ച് അകൃത്രിമമായ ജീവിതം നയിച്ചിട്ടുള്ള ഒരധഃകൃതബാലികയ്ക്കു് സ്നേഹപൂർവ്വകമായ വാക്കും ഹൃദ്യമായ പെരുമാററവും ലഭിച്ചപ്പോൾ സംജാതമായ രാഗാവേശം ഇതിലധികം സ്ഫുടമായി ചിത്രണംചെയ്യുവാൻ സാദ്ധ്യമാകുന്നതാണോ?

ആശാൻെറ ഖണ്ഡകാവ്യങ്ങൾ നവ്യമായ സാഹിത്യരൂപം കൈക്കൊണ്ടവയാണെന്നു മാത്രമല്ല, പ്രഗല്ഭമായ നിരീക്ഷണത്തിലും ആർജ്ജവം തികഞ്ഞ കല്പനത്തിലും പ്രാധാന്യം നല്കിയിട്ടുള്ള പ്രതിപാദനരീതികൊണ്ട് സമുല്ലസിതങ്ങളും ആണ്. ദുർദ്ദർശമായ ആന്തരഭാവമാണ് അലങ്കാരംകൊണ്ട് പ്രായേണ ആശാൻെറ കൃതികളിൽ പ്രകടിതമാകുന്നത്. ചണ്ഡാലകന്യക ദാനംചെയ്ത ജലം കുടിച്ച് സംതൃപ്തനായി സ്വൈരമായുള്ള ധ്യാനത്തിന് യോഗ്യമായ സ്ഥലത്തിൽ എത്തിയ ആനന്ദൻെറ അചഞ്ചലഭാവം,

"മന്ദം കാട്ടറവെത്തി ദാഹംതീർത്തു
കന്ദരം പൂകും കേസരിപോലവൻ"

എന്ന് ഔപമ്യപ്രദർശനംകൊണ്ട് എത്ര ഭംഗിയായി പ്രകടിപ്പിച്ചിരിക്കുന്നു! അതുപോലെ ആനന്ദനിലുള്ള അഭിനിവേശത്താൽ വിഹാരത്തിലെത്തി ശ്രീബുദ്ധദേവൻെറ സന്നിധിയെ പ്രാപിച്ച ആ ചണ്ഡാലകന്യകയുടെ ഭാവവൈവർണ്ണ്യത്തിൻെറ ചിത്രണം സമുചിതമായ അലങ്കാരനിബന്ധനംകൊണ്ട് സാധിച്ചിരിക്കുന്നതും ശ്രദ്ധേയമാണ്.

"അവിദിതാചാര മാതംഗകന്യ
അവശയായ് സംഭ്രമമാർന്നുനിന്നു;
ചതുദീപംമുൻപിൽ പതംഗിപോലെ
കതിരവൻമുൻപിൽ ധരിത്രിപോലെ
നിഗമരത്നത്തിൻെറ മുൻപിൽ യുക്തി-
വികലമാം പാമരവാണിപോലെ
അചലമാം ബോധംമുൻപപ്രഗല്ഭ-
വിചികിത്സപോലെയും വിഹ്വലാംഗി."

ആചാരബാഹ്യരായി തള്ളപ്പെട്ട ഒരു സമുദായത്തിലെ അംഗമായ അവൾക്കുണ്ടോ ആശ്രമോചിതമായ പെരുമാ

ററത്തിൻെറ സ്വഭാവം അല്പംപോലും അറിയുമാറാകുന്നു. അവരം ഇതികത്തവ്യതാമൂഢയായി യാതൊരു നിവ്വാഹവുമില്ലാതെ ഉഴന്നു. ആ രംഗത്തിലേക്ക് കടക്കാതെ അവരം എങ്ങനെയാണു് മടങ്ങുന്നതു്? അത്രത്തോളം ആകഷണം അവിടെ കുടികൊള്ളുന്നുണ്ടല്ലോ' രാത്രിയിലെ അന്ധകാരം അകലവെ ദിനാരംഭംകണ്ട പാത്തട്ടിനെന്നപോലെ അവരംക്കു് ഉള്ളിലും പുറമെയും ഉണർവ്വും പ്രകാശവും ഉണ്ടായിത്തീന്നു. സവ്വജ്ഞനായ ഭഗവാൻെറ നില എന്തു്? അജ്ഞാനനിധിയായ ചണ്ഡാലബാലികയുടെ നില എന്തു്? പവ്വതംപോലെ അചഞ്ചലമായ വിശ്വാസത്തിനും കാററിൽ പറന്നലയുന്ന പഞ്ഞിച്ചുരുളിനും എന്തൊരു സാദൃശ്യമാണുള്ളതു്? മാതംഗി ശ്രീബുദ്ധഭഗവാനാൽ ആകൃഷ്ടയായി; അവരം അറിയാതെതന്നെ ഉദ്ബുദ്ധയുമായി; അത്രയുമല്ല, സാരഘനമായ തത്ത്വത്തിൻെറ മുൻപിൽ തൻെറ നിസ്സാരതയും അവരം സാക്ഷാത്കരിച്ചു; സുസ്ഥിരമായ ബോധത്തിൻെറ മുൻപിൽ അപ്രഗല്ഭമായ സന്ദേഹംപോലെ അവരംക്കു് ആകാരം ആകെ മാറേണ്ടതായും അതിനോടുതന്നെ ഐക്യം പ്രാപിക്കേണ്ടതായും ഉള്ള നിലവന്നു. അലങ്കാരം പ്രകൃതാനുകൂലവും വർണ്ണ്യവിഷയത്തിൻെറ നൈസർഗ്ഗികമായ മോഹനതയെ വദ്ധിപ്പിക്കുവാൻ സഹായകവും ആയിരിക്കണമെന്നുള്ള സിദ്ധാന്തമാണു് ആശാൻ ആദരിച്ചിട്ടുള്ളതെന്നു് മേൽ ചെയ്ത നിരൂപണംകൊണ്ടു് തെളിയുന്നതാണല്ലോ.

ഒരു വണ്ണനയുടേയോ സംഭവനിർദ്ദേശത്തിൻേറയോ പരിണാമം വായനക്കാക്കു് സ്വയം സംജാതമാകുന്ന തത്ത്വനിണ്ണയത്തോടുകൂടിത്തന്നെ നിർവ്വഹിക്കുന്നതിൽ ആശാനുള്ള സാമത്ഥ്യം അന്ന്യാദൃശമത്രെ. കക്കശങ്ങളായ തത്ത്വങ്ങളുടെ അവതരണത്തിനുവേണ്ടിയാണു് ആ പ്രതിപാദനങ്ങരം എന്നു് ഒരിക്കലും തോന്നുന്നതല്ല. പരിപാവനമായ ബുദ്ധനിലയനത്തിൽ പ്രവേശിച്ച ചണ്ഡാലകന്യകയുടെ

ബാഹ്യവും ആഭ്യന്തരവും ആയ പരിതഃസ്ഥിതി പാടെ മാറിപ്പോയതായി പ്രസ്താവിക്കുന്ന ഘട്ടത്തിൽനിന്നും കവി ഉത്ഥാപനംചെയ്യുന്ന തത്ത്വം,

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

"പരിസരശക്തിഗുണത്താൽ മർത്ത്യർ
പരിശുദ്ധരാകും പാപിഷ്ഠർപോലും" എന്നാണ്.

സംസ്കാരത്തിലോ വിജ്ഞാനത്തിലോ ഹീനരാണെന്ന് നമ്മുടെ സഹോദരരായ കുറെ കൂട്ടരെ എണ്ണം കണക്കാക്കി തള്ളുകയല്ല, നമുക്ക് ഏതെങ്കിലും ഔത്കൃഷ്ട്യമുണ്ടെങ്കിൽ ആ വിശിഷ്ടമായ അന്തരീക്ഷത്തിലെ പ്രാണവായു ശ്വസിക്കുന്നതിന് അവരേയും അനുവദിക്കുകയാണ് വേണ്ടത്. അപ്പോഴാണ് അതുവരെയും വിഫലമായിപ്പോയ്ക്കൊണ്ടിരുന്ന 'ബാഹുവീര്യങ്ങളും ബുദ്ധിപ്രഭകളും സ്നേഹമൊലിക്കുമുറവുകളും' സംപൂർണ്ണരൂപത്തിൽ പ്രത്യക്ഷങ്ങളായി പ്രശംസനീയമായ ജീവിതം അനുവർത്തിക്കുന്നത്. മതത്തിലോ സമുദായത്തിലോ ഏതെങ്കിലും പുരോഗതി വരുത്തിയിട്ടുള്ള മഹത്തുക്കൾ മുഖ്യമായി ആദരിച്ചിട്ടുള്ള ഒരു തത്ത്വത്തെയാണ് ആശാൻ ഇവിടെ പ്രപഞ്ചനം ചെയ്തിട്ടുള്ളത്. 'ചണ്ഡാലഭിക്ഷുകി' എന്ന കൃതിതന്നെയും ആ തത്ത്വത്തിൻെറ സമഗ്രമായ വ്യാഖ്യാനമാണെന്ന് വിചാരിക്കുന്നതിൽ അസാംഗത്യമില്ല. പ്രാക്തനങ്ങളായ ഗ്രന്ഥങ്ങളുടേയും ആചാരങ്ങളുടേയും പേരിൽ മനുഷ്യൻ സഹജീവികളോട് കാണിക്കുന്ന നിഷ്കരുണമായ മനോഭാവത്തെ വിമർശിക്കാതിരിക്കുവാൻ ആശാനെപ്പോലെ ലോകത്തിൻെറ സൂക്ഷ്മസ്ഥിതിയിലേക്ക് കണ്ണോടിക്കുന്ന ഒരു കവിക്ക് സാദ്ധ്യമല്ല.

"സത്യധർമ്മങ്ങൾക്കെതിരാം—ശാസ്ത്രം
ശുദ്ധിയാവില്ലതു നൃപതേ!

അർത്ഥപ്രവചനം ചെയ്യാം—അതിൽ
വ്യർത്ഥമുദരംഭരികൾ
ഇന്നലെച്ചെയ്തോരബദ്ധം—മൂഢ-
ർക്കിന്നത്തെയാചാരമാവാം
നാളത്തെ ശാസ്ത്രമതാവാം—അതിൽ
മൂളായ്ക സമ്മതം രാജൻ!
എന്തിനെന്നുമെങ്ങോട്ടെന്നും—സ്വയം
ഹന്ത! വിവരമില്ലാതെ
അന്ധകാരപ്രാന്തരത്തിൽ—കഷ്ടം
അന്ധരെയന്ധർ നയിപ്പൂ."

പരിപാവനങ്ങളായ ശാസ്ത്രനിയമങ്ങളെ ഉല്ലംഘിക്കണമെന്നല്ല, അവയുടെ ലോകോദ്ധാരണശക്തിയെ തികച്ചും അറിയുന്ന ആശാൻ ഇവിടെ ഉദ്ബോധിപ്പിക്കുന്നതെന്ന് നാം ശ്രദ്ധിക്കേണ്ടതാണ്. സാഹിത്യസ്വരൂപത്തിൽ ജീവിതവിമർശത്തിന് പ്രാമുഖ്യമുണ്ടെന്നുള്ള നിരൂപകമതം ആശാൻെറ കൃതികളിലെ തത്ത്വചിന്തകളിൽ സമഞ്ജസമായി സംശ്ലേഷിച്ചു കാണുന്നുവെന്നുള്ളതു് പ്രസ്താവയോഗ്യമാകുന്നു.

കവിത, ഹൃദയങ്ങൾ തമ്മിലുള്ള ആഭാഷണമാകയാൽ അതിൽ പ്രകടിതങ്ങളാകുന്ന വികാരങ്ങൾക്കും വിചാരങ്ങൾക്കും കവിയെ സംബന്ധിച്ചിടത്തോളം പരിപൂർണ്ണമായ യാഥാർത്ഥ്യം ഉണ്ടായിരുന്നാലേ രസാവഹമായിത്തീരുകയുള്ളൂ. ഉദ്ദേശ്യശുദ്ധിയെന്നും ആത്മാർത്ഥതയെന്നും പറയപ്പെടാവുന്ന ആ ഹൃദയവികാരത്തിൻെറ പരിസ്ഫുരണമാണ് ഒരു കാവ്യത്തിൽ ഏതൊരു ഭാഗത്തിനും ആദരണീയത ഉണ്ടാക്കിത്തീർക്കുന്നതു്.

"നാമ്പും കരുമൊട്ടും വണ്ണും—പൂണ്ട
കൂമ്പും മലരും സുമംതാൻ
നെല്ലിൻചുവട്ടിൽ മുളയ്ക്കും—കാട്ടു
പുല്ലല്ല സാധു പുലയൻ
ശങ്കവേണ്ടൊന്നായ് പുലന്നാൽ—അതും
പൊൻകതിർപൂണും ചെടിതാൻ

എന്നു് നരകയാതന അനുഭവിക്കുന്ന ഒരു വർഗ്ഗത്തോടു് കഠോരഹൃദയരിൽപോലും അനുതാപം ഉളവാക്കുന്ന പ്രതിപാദനത്തിൽ ആശാന്റെ മാനസികപ്രകൃതി മുഴുവൻ തന്മയമാണെന്നു് വെളിപ്പെടുന്നുണ്ടല്ലൊ.

അർത്ഥസാഫല്യമില്ലാതെ കേവലം ശബ്ദങ്ങളെക്കൊണ്ടുള്ള ലീല ആശാന്റെ കാവ്യസീമയുടെ വെളിയിൽത്തന്നെയാണെന്നു് നിസ്സംശയം പറയാം. ബുദ്ധഭിക്ഷുകിയായിത്തീർന്ന ചണ്ഡാലകന്യകയുടെ ശ്ലാഘ്യമായ അവസ്ഥയെ സവിസ്തരം പ്രതിപാദിച്ചിട്ടു് കവി എത്ര പരിമിതമായ വാക്പ്രയോഗംകൊണ്ടാണു് അവിചാരിതമായ ആ അനിഷ്ടാപത്തിയെ നിർദ്ദേശിക്കുന്നതെന്നു് നോക്കുക:—

"ഹാ! കാമ്യമാമീ നഭസ്സിൽ—ഒരു
കാർകൊണ്ടൽ വന്നുകേറുന്നു
ലോകമേ നിൻ ജഠരത്തിൽ—ഇല്ല
ഏകാന്തതയൊരിടത്തിൽ"

നൈർമ്മല്യത്തിനോ ശാന്തതയ്ക്കോ ചിരകാലത്തെ സ്ഥിതി അസംഭാവ്യമാണെന്നു് ക്രാന്തദർശനത്താൽ അറിഞ്ഞിട്ടുള്ള കവി ആ തത്ത്വത്തെ എത്ര മിതമായും സാരമായും ഉള്ള വാക്പ്രയോഗംകൊണ്ടു് വിശദീകരിച്ചിരിക്കുന്നു.

"എന്നൊത്തുടന്നേഴം നിണ്ട—ജന്മ-
പ്പൊന്നോമൽച്ചങ്ങലതൻെറ
പിന്നിലെക്കണ്ണിയോരോന്നിൽ—പൊങ്ങി
മിന്നിയെന്നൊത്തന്നെ കാണ്മൂ"

എന്നു് ശ്രീബുദ്ധദേവൻ അരുളിച്ചെയ്യുന്ന ഭാഗം,

'ബഹൂനി മേ വ്യതീതാനി ജന്മാനി തവ ചാജ്ജുന!
താന്യഹം വേദ സർവ്വാണി ന ത്വം വേത്ഥ പരംതപ!'

എന്നു് വേദാന്തത്തിൻെറ പരമമായ തത്ത്വത്തെ ആവിഷ്കരിക്കുന്ന ഗീതാവചനത്തിൻെറ സാഹോദര്യം ശബ്ദം കൊണ്ടും അത്ഥംകൊണ്ടും സമാജ്ജിച്ചിരിക്കുന്നുവെന്നു് ഏവരും സമ്മതിക്കുന്നതാണു്.

അത്ഥവിഷയകമായ പ്രൗഢതയാണു് കാവ്യത്തിനു് പണ്ഡിതലോകത്തിൻെറ സമ്മതിക്കു് നിദാനമായിട്ടുള്ളതു്. പ്രൗഢമായ ശബ്ദത്തിൻെറ പ്രയോഗമാകട്ടെ, ബാലന്മാക്കു് വിഭ്രമജനകമാകുമെന്നല്ലാതെ പക്വബുദ്ധികളാൽ ആദരണീയമാവുകയില്ല. ദുർഗ്രഹങ്ങളായ ശാസ്ത്രസിദ്ധാന്തങ്ങളെ പ്രതിപാദിക്കുന്നതിനുപോലും ആശാൻ ദ്രാവിഡപദങ്ങൾക്കു് വേണ്ടുവോളം പ്രാഭവമുണ്ടെന്നു് പലയിടത്തും പ്രദശിപ്പിച്ചിട്ടുണ്ടു്. കാന്തിയും മൂല്യവും ക്ഷയിച്ചിട്ടില്ലാത്ത ദ്രാവിഡപദങ്ങളെ തേടിപ്പിടിച്ചു് സ്വകാവ്യങ്ങളിൽ സമുചിതമായി പ്രയോഗിക്കുന്നതിനു് ആശാനെപ്പോലെ ആധുനികകവികളിൽ അധികംപേക്കു് സാധിച്ചിട്ടില്ല.

"ഉടനെ മുറിതുറന്നുമ്മരത്തൊ-
രടിവെച്ചൊട്ടാഞ്ഞു വെളിക്കുനോക്കി
പടിമേലവരം തെല്ലിരുന്നു പിന്നെ
നെടുവീപ്പിട്ടൊന്നു മുററത്തിറങ്ങി

ഉടയോരുണർന്നുകാണുമ്മുമ്പെങ്ങോ
വിടകൊള്ളാനോങ്ങുന്നപോലെതന്നെ
പരിചിലവൾ നടവിട്ടുപോന്ന-
പ്പുരയുടെ പിന്നിലൊതുങ്ങിനിന്നു
പുറവേലിതൻപടപ്പിന്മേലപ്പോൾ
ചെറുവണ്ണാത്തിപ്പുള്ളുണർന്നുപാടി
തളിർവിടർന്നുള്ള മരംതലോടി-
ക്കുളിർവായുവുതി കിഴക്കുനിന്നും."

മാതംഗിയെന്ന ആ ചണ്ഡാലകന്യക സ്വഗൃഹത്തിനകത്തു നിന്നും വെളിയിൽവന്നു് അന്തർഗ്ഗതമായ പ്രചോദനത്തിനു് വശംവദയായി സുപ്രഭാതത്തിൽ പരിപാവനമായ ഒരു യാത്രയ്ക്കു് ഒരുങ്ങിത്തിരിക്കുന്ന ആ ഘട്ടത്തിന്റെ പ്രതിപാദനം മിക്കവാറും ദ്രാവിഡപദങ്ങൾകൊണ്ടുതന്നെ സാധിച്ചിരിക്കുന്നു. ഇതുപോലെ ആശാന്റെ കൃതികളിൽ സാർവ്വത്രികമായിത്തന്നെ ശുദ്ധദ്രാവിഡപദങ്ങളുടെ പ്രസക്തി തെളിഞ്ഞുകാണാവുന്നതാണു്.

ആശാന്റെ കൃതികളിൽ പ്രായേണ വിഷാദാത്മകമായ ഒരന്തരീക്ഷം നമ്മെ മുകളിലോട്ടും താഴോട്ടും ദൃഷ്ടികളെ നയിക്കുന്നതിനു് പ്രേരിപ്പിക്കുന്നതായി വ്യാപരിക്കുന്നുണ്ടെന്നുള്ളതു് വക്തവ്യമത്രെ. ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി എന്നീ കൃതികളിൽ സാമുദായികമായി പലതരത്തിൽ പീഡിതനായ ഒരു ഹൃദയാലുവിന്റെ വീക്ഷണവും വിമർശനവും ചിത്തവൃത്തികൊണ്ടു് താദാത്മ്യം പ്രാപിക്കുന്നവർക്കല്ലാതെ യുക്തമെന്നു് തോന്നുന്നതല്ല. മതവും സമുദായഭേദവും മനുഷ്യവർഗ്ഗത്തിന്റെ പ്രാശസ്ത്യത്തെ അധഃപതിപ്പിക്കുകയോ പുരോഗതിയെ സ്തംഭിപ്പിക്കുകയോ ചെയ്തിട്ടുള്ളതിനെല്ലാം കാരണം നിന്ദ്യമായ സ്വാർത്ഥതയാണെന്നുള്ളതിനെ ആശാൻ എത്ര

സ്ഥലത്തു് ഏതെല്ലാം പ്രകാരത്തിൽ പ്രതിപാദനം ചെയ്തിരിക്കുന്നുവെന്നു് പരിച്ഛേദിക്കുവാൻ സാദ്ധ്യമല്ല. തൊഴിലാളിയുടെ വാദം മുതലാളി ചെവിക്കൊള്ളാത്തതുപോലെ സാമുദായികമായി അധഃകരിക്കപ്പെട്ട ഒരു വ്യക്തിയുടെ തത്ത്വനിർണ്ണയാസക്തി സമുദായപ്രാസാദത്തിൻെറ മുകൾത്തട്ടിൽ സോല്ലാസം വിശ്രമിക്കുന്ന കൂട്ടർക്കു് ഇഷ്ടമായിത്തോന്നുന്നില്ലെങ്കിൽ അപരാധം ആ വ്യക്തിക്കുള്ളതല്ലല്ലോ.

> "പുണ്ഡ്രമോ പൂണുനൂൽതാനോ—ശിഖാ-
> ഷണ്ഡമോ ജന്മജമാണോ?
> അക്ഷരബ്രഹ്മം ദ്വിജന്മാർ—സ്വയം
> ശിക്ഷകൂടാതറിയുന്നോ?"

എന്നിങ്ങനെ വർണ്ണഭേദത്തിനു് ആലംബമായി യാതൊന്നുമില്ലെന്നു് പുറപ്പെടുവിക്കുന്ന യുക്തിവാദങ്ങൾ ആരെ ഉദ്ദേശിച്ചാണോ ആ സവർണ്ണാഭിമാനികളിൽ ഏറെക്കാലമായി അടിയുറച്ചുപോയിട്ടുള്ള മിത്ഥ്യാബോധത്തിൻെറയോ അന്ധവിശ്വാസത്തിൻെറയോ ക്ഷതിയ്ക്കു് ആകസ്മികമായി ഇടവരുത്തുകയും ശാന്തവും അഭിലഷണീയവും ആയ ഒരു ആഭ്യന്തര വിപ്ലവം സഞ്ജാതമാക്കുകയും ചെയ്യേക്കാമെന്നുള്ളതു് ഒഴിച്ചുകൂടാവുന്നതല്ല. സാമുദായികദൃഷ്ടിയുടെ അമിതാവേശംമൂലം ഒരു കവിയുടെ നിലയ്ക്കു് ഗണനീയമായ അപകർഷം വന്നിട്ടുണ്ടെന്നു് ആശാൻെറ കാവ്യങ്ങളെ വിമശിച്ചിട്ടുള്ളവർ അതിനുള്ള കാരണങ്ങളെക്കൂടി അനുകമ്പാപൂർവം ചിന്തിക്കേണ്ടതാണു്.

കവി ചണ്ഡാലഭിക്ഷുകിയിൽ ഹിന്ദുമതത്തിലെ ജാതിഭേദത്തെ നിവാരണം ചെയ്യുന്നതിനു് ഉദ്ബോധിപ്പിച്ചിട്ടുള്ളതാണു് പ്രതിപാദ്യവസ്തുവിൽ കൂടുതൽ പ്രാധാന്യം അർഹിക്കുന്നതെന്നു് മുൻപു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ശ്രീബുദ്ധദേവൻ ശ്രാവസ്തിയിലെ രാജാവായ പ്രസേനജിത്തിനോടു്,

"താണനസമസ്പൃഷ്ടർതന്നെ—നിജ-
ഭ്രൂണത്തിൽ കൊല്ലാതെകൊന്നു,
ജന്മംവിഫലമാക്കിട്ടും—മഹാ
കല്മഷകാരിണിയായി,
ചാതുൎയ്യമായ് പലവൎണ്ണം—തേടും
ജാതിയാമീഹിംസതന്നെ.
ഭൂതദയയെ നിനച്ചും—സ്വാന്ത
നീതിയെയോൎത്തും നൃപേന്ദ്ര!
നിഷ്കൃഷ്ടമാമാജ്ഞയാലെ—അങ്ങും
നിഷ്കാസിക്കിൽ ശുഭമായി."

9. 645

എന്നു് അരുളിച്ചെയ്തതു് പത്തുശതാബ്ദങ്ങളിലെ ശാന്തിയ്ക്കു് നിദാനമായിത്തീൎന്നതുപോലെ എത്രയോ കാലങ്ങൾക്കിപ്പുറം സ്വയം ഉദ്ബുദ്ധനായ ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് ക്ഷേത്രപ്രവേശനവിളംബരത്താൽ ഹിന്ദുമതത്തിൽനിന്നും തീണ്ടൽ തൊടീൽ മുതലായ ദോഷങ്ങളെ ഉന്മൂലനംചെയ്തു് അനന്തരതലമുറകളെ അനുഗ്രഹിച്ചിട്ടുള്ളതു് പരേതനായ ചണ്ഡാലഭിക്ഷുകീകൎത്താവിന്റെ അന്തരാത്മാവിനു് അതിമാത്രമായ ചാരിതാൎത്ഥ്യത്തെ ഉളവാക്കിയിരിക്കുമെന്നുള്ളതിനു് സംശയമില്ല. ലോകോത്തരന്മാരുടെ ചരിതം അവൎക്കു് ആസ്വാദനീയമായിരിക്കണമെന്നു് നിൎബ്ബന്ധമില്ല. പ്രശസ്തമായ ആ ലോകസേവനത്തിന്റെ മധുരഫലങ്ങൾ പക്വദശയിൽ അനന്തരഗാമികൾക്കു് അനുഭവിക്കുമാറാകണമെന്നേ ആ മഹാത്മാക്കൾക്കു പ്രതീക്ഷയുള്ളു.

# കരുണ.

ജോസഫ് മുണ്ടശ്ശേരി, എം. എ.

മലയാളത്തിലും സംസ്കൃതത്തിലും ഇംഗ്ലീഷിലും വേണ്ടുവോളം ഉപസ്ഥിതി നേടി സ്വതഃസിദ്ധമായ വാസനയെ സംസ്കരിക്കയും പോഷിപ്പിക്കയും ചെയ്തതിനുശേഷം, ബദ്ധപരികരനായ ഒരു വീരഭടനെപ്പോലെ ധാരാളം സ്വപ്രത്യയധൈര്യത്തോടുകൂടി രംഗത്തിറങ്ങി കുറച്ചുകാലത്തെ ഉൽകൃഷ്ടസേവനംകൊണ്ടു് വിജയലക്ഷ്മിയെ വരിച്ച ഒരു മഹാകവിയാണല്ലോ കുമാരനാശാൻ. കവനകലാവിഷയകമായി സ്വതന്ത്രമായൊരു അഭിപ്രായം രൂപവൽക്കരിച്ചതിനുശേഷം മാത്രം പേനയെടുത്ത മഹാകവികൾ കേരളത്തിലുണ്ടെങ്കിൽ ആശാൻ അവരിൽ അദ്വിതീയനാണു് എന്നു തീർച്ചയായും പറയാം. വെറും ശബ്ദപ്പകിട്ടുകൊണ്ടു് സഹൃദയലോകത്തെ വ്യാമുഗ്ദ്ധമാക്കുന്ന മലയാളകവിതാരീതി ആപാദശീർഷം പരിഷ്കരിക്കണമെന്നായിരുന്നു ആശാൻെറ വ്രതം. അനേകം ഘട്ടങ്ങളിൽ ആ വസ്തുത അദ്ദേഹം രേഖപ്പെടുത്തീട്ടുണ്ടു്. സ്വാഭിപ്രായത്തെ ധീരധീരം പ്രഘോഷണംചെയ്ത ആ മഹാകവി ഏതാനും നിതാന്തഭാസുരങ്ങളായ നിബന്ധനങ്ങൾകൊണ്ടു് അതിനെ ദൃഷ്ടാന്തീകരിക്കക്കൂടിചെയ്തു. അങ്ങനെ മലയാളസാഹിത്യത്തിൽ ഒരു നവ്യപ്രഭാതത്തെ സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആ പ്രഭാതത്തെ പ്രശംസിക്കുന്ന കളകൂജനങ്ങൾ ഇപ്പോഴും അന്തരീക്ഷത്തെ മുഖരിതമാക്കിക്കൊണ്ടിരിക്കുന്നു.

ആശാൻെറ കൃതികളിൽ പലതുകൊണ്ടും പ്രഥമഗണനീയമായിട്ടുണ്ടു് 'കരുണ.' ദ്വിധാ അർത്ഥവത്തായ ആ കാവ്യത്തെക്കുറിച്ചു് ഇതഃപര്യന്തം ഉണ്ടായിട്ടുള്ള നിരൂപണങ്ങ

ളുടെ എണ്ണവും വണ്ണവും മാത്രം മതി അതിൻെറ യോഗ്യത യെ വെളിപ്പെടുത്തുവാൻ. അങ്ങനെയുള്ളൊരു കാവ്യത്തിൻെറ സ്വരൂപത്തേയും സ്വഭാവത്തേയും അധികരിച്ച വിചിന്തനംചെയ്യുന്നതു വളരെ ചാരിതാൎത്ഥ്യജനകമായ ഒരു കാൎയ്യമാണു്. രഘുവംശാദി മഹാകാവ്യങ്ങൾക്കു വ്യാഖ്യാനം എഴുതുന്നതു മഹാപണ്ഡിതന്മാൎക്കുപോലും മഹത്തായ ആഹ്ലാദം നല്കീട്ടുണ്ടല്ലൊ.

I 9627

കഥാവിധാനം.

കങ്കാളപ്രായമായ ഒരു ഇതിവൃത്തത്തിൽ പോരാത്തതെല്ലാം വെച്ചുകെട്ടി, അതിനു ജീവനും ഭംഗിയും ഉണ്ടാക്കിത്തീൎക്കുന്നതിലാണു് ഉജ്ജ്വലപ്രതിഭനായ ഒരു കവിയുടെ ഔചിത്യബോധം വ്യക്തമാവുക. ശകുന്തളോപാഖ്യാനത്തിൽ കാളിദാസമഹാകവി വരുത്തിയ മാററങ്ങളും സ്വയം കല്പിച്ചുചേൎത്ത ഭാഗങ്ങളും അവയുടെ ഔചിത്യാനൗചിത്യങ്ങളും വകതിരിച്ചു ചിന്തിച്ചിട്ടുള്ള ക്രാന്തദൎശികളായ സഹൃദയന്മാൎക്കു് ഈ പരമാൎത്ഥം പുത്തരിയായിരിക്കുകയില്ല. എത്രയായിരം നൂതനാലങ്കാരങ്ങൾ പ്രയോഗിക്കുവാൻ കഴിഞ്ഞാലും ഒരു കവിക്കു തൻെറ ഇതിവൃത്തത്തിൽ ഉചിതസംസ്കാരങ്ങൾ വരുത്തുവാൻ കഴിയാത്തിടത്തോളംകാലം കൃതാൎത്ഥതയ്ക്കു് അവകാശമില്ല. അദ്ദേഹത്തിൻെറ അലങ്കാരങ്ങൾ ഉന്നംതെററിപ്പായുന്ന പീരങ്കിയുണ്ടകൾപോലെ നിഷ്പ്രയോജനങ്ങളായിരിക്കും.

കരുണയിലെ ഇതിവൃത്തം ഒരമേരിക്കൻപണ്ഡിതൻ എഴുതിയ "The Gospel of Buddha" എന്ന ഗ്രന്ഥത്തിൽനിന്നു് എടുക്കപ്പെട്ടതാണു്. അതിനെ ഇങ്ങനെ സംഗ്രഹിക്കാം:—"ഉത്തരമധുരയിൽ വാസവദത്ത എന്നൊരു വേശ്യയുണ്ടായിരുന്നു. അവൾക്കു് ഉപഗുപ്തനെന്ന സുന്ദര

നായ ബുദ്ധശിഷ്യനിൽ അനുരാഗം ജനിക്കുകയും അവൾ അയാളെ സ്വഗൃഹത്തിലേയ്ക്കു ക്ഷണിക്കുകയും ചെയ്തു. അവളുടെ അടുക്കൽ പോകുവാൻ തനിക്കു കാലമായില്ലെന്നായിരുന്നു അയാളുടെ മറുപടി. നിമന്ത്രണം ആവൎത്തിക്കപ്പെട്ടു. ഉത്തരം എന്നിട്ടും അതുതന്നെയായിരുന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ വാസവദത്ത ആദ്യം ഒരു തൊഴിലാളിപ്രമാണിയുടേയും പിന്നീട് ഒരു വൎത്തകത്തലവന്റേയും സേവനങ്ങൾക്കു ഭാജനമായി. ധനസമൃദ്ധിയിൽ ഭ്രമിച്ച അവൾ തൊഴിലാളിത്തലവനെ വിളംബംവിനാ വധിക്കുകയും ശവം ചാണകക്കുണ്ടിൽ കുഴിച്ചുമൂടുകയും ചെയ്തു. താമസിയാതെ ഉള്ളുകള്ളികൾ വെളിപ്പെട്ടു. വാസവദത്ത ന്യായാധിപന്റെ ആജ്ഞയനുസരിച്ച് വിച്ഛിന്നാവയവയായി ചുടുകാട്ടിൽ തള്ളപ്പെട്ടു. വളരെക്കാലം അവളുടെ ദാക്ഷിണ്യത്തിനു പാത്രമായ തോഴി ആ സന്ദൎഭത്തിൽ അവളെ പരിചരിച്ചുകൊണ്ടിരുന്നു. എങ്ങനേയൊ ഇക്കഥയെല്ലാം കേട്ട് ഉപഗുപ്തൻ ആ ശ്മശാനത്തിലെത്തി. ഭോഗലോലുപയായിരുന്ന വാസവദത്ത അയാളെക്കണ്ടതോടെ പരിഭവം പറയുകയായി. തന്റെ നല്ലകാലത്ത് അയാൾ വന്നില്ലല്ലൊ എന്നായിരുന്നു ആവലാതിയുടെ ചുരുക്കം. ഉപഗുപ്തനാകട്ടെ താൻ വരാഞ്ഞതിന്റെ രഹസ്യം വെളിപ്പെടുത്തി അവളെ സമാശ്വസിപ്പിക്കുകയും ബുദ്ധഭഗവാന്റെ ദിവ്യോപദേശങ്ങൾ ആവൎത്തിച്ച് അവൾക്കു ഹൃദയപരിണാമം വരുത്തുകയും ചെയ്തു. അവൾ നിത്യശാന്തിയടഞ്ഞു.” ഇങ്ങനെയുള്ള ഒരു കഥയെ ആശാൻ എങ്ങനെ സംസ്കരിച്ചു എന്നു നോക്കാം.

൫. അവസാനത്തെത്തവണ ഉപഗുപ്തനെ ക്ഷണിക്കുവാൻ തോഴിയെ അയച്ചതിനുശേഷം അവളുടെ പ്രത്യാഗമനം ഉൽക്കണ്ഠാപൂൎവം പ്രതീക്ഷിച്ചിരിക്കുന്ന നിലയിൽ കവി വാസവദത്തയെ അവതരിപ്പിക്കുന്നു. അവളുടെ അതീ

ത്തചരിത്രം സവിസ്തരം പ്രതിപാദിക്കുന്നതിനും, അവരം ഉപഗുപ്തസമാഗമാൎത്ഥം ആവൎത്തിച്ചു ചെയ്തുകൊണ്ടിരുന്ന ശ്രമങ്ങരം വിവരിക്കുന്നതിനും കവി ഒരുങ്ങുന്നില്ല.

> കഞ്ജബാണൻതന്റെ പട്ടംകെട്ടിയരാജ്ഞിപോലൊരു
> മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി.

എന്നവസാനിക്കുന്ന മേദസ്വിയായ വൎണ്ണനകൊണ്ടു വാസവദത്തയുടെ ധാടിയും മോടിയും നിശ്ശേഷം വിശദമാക്കിയതിൻശേഷം കവി ഉദ്ദിഷ്ടസിദ്ധിക്കു് അവരംക്കുള്ള വെമ്പലും തിടുക്കവും ഏതാനും ഈരടികരംകൊണ്ടു സൂചിപ്പിക്കുന്നു. അനന്തരം പ്രത്യാഗതയാകുന്ന തോഴിയോടുള്ള സംഭാഷണമായി. അതിൽ, "എനിക്കു സന്ദേഹമില്ലയിക്കുറി" എന്ന ഭാഗവും "സമയമായില്ലെന്നു താനിപ്പോഴും" എന്ന ഭാഗവും വിശിഷ്യ അവധാതവ്യങ്ങളാകുന്നു. ഇക്കുറി, ഇപ്പോഴും-- ഈ രണ്ടു ചെറിയ വാക്കുകരംകൊണ്ടു വാസവദത്തയുടെ ഉപഗുപ്തോന്മുഖങ്ങളായ പൂൎവ്വയത്നങ്ങരം മുഴുവൻ സമാഹരിക്കപ്പെട്ടുവെന്നു പറയാം. മററു പല കവികളും ചെയ്യാറുള്ളതുപോലെ അക്കഥ ദീർഘമായി വൎണ്ണിച്ചു. ഉപഗുപ്തന്റെ ഗൗരവത്തിനും വാസവദത്തയുടെ പ്രൗഢിക്കും ഹാനിവരുത്തുവാൻ ആശാൻ മുതിൎന്നിട്ടില്ല. കാളിദാസൻ ശകുന്തളോല്പത്തി കഥ രണ്ടോ മൂന്നോ വാക്യങ്ങരംകൊണ്ടു സംക്ഷേപിച്ചിട്ടുള്ളതിന്റെ ഔചിത്യം ധരിച്ചിട്ടുള്ളവർ ഈ ഉപക്രമത്തിൽ കുമാരകവി പ്രകടിപ്പിച്ചിട്ടുള്ള കലാഭിജ്ഞതയെ അഭിനന്ദിക്കാതിരിക്കുകയില്ല. നേരേമറിച്ചു കാളിദാസശാകുന്തളത്തെ പരിഷ്കരിച്ചഭിനയിച്ച തമിഴന്മാർ വിശ്വാമിത്രകഥയെ ഒന്നാംതരം ഒരു ഡാൻസിങ്ങ്സീനായി കഥാരംഭത്തിൽ കൊണ്ടുവന്നു പ്രേക്ഷകന്മാരുടെ കാമോദ്വേഗത്തിനു സംതൃപ്തി വരുത്തുവാൻ ശ്രമിച്ചതു് ഉചിതമായെന്നു ഭാവിക്കുന്നവരുണ്ടെങ്കിൽ അവർ കുമാരനാശാൻ വാസവദത്തയുടേയും

തോഴിയുടേയും നെട്ടോട്ടങ്ങൾ എണ്ണിയെണ്ണി വർണ്ണിക്കേണ്ട തായിരുന്നു എന്നു പറഞ്ഞേക്കാം.

ട. നായികയുടെ ഉദ്ഭാവനത്തിനായി ഇരുപതിൽ പരം ഈരടികൾ വിനിയോഗിച്ച കവി ഉപഗുപ്തനെ അവതരിപ്പിക്കുവാൻ—വിശേഷിച്ച് അവൻെറ താരുണ്യവും ലാവണ്യവും വർണ്ണിക്കുവാൻ —ഒരു വരിയെങ്കിലും ഉപയോഗിച്ചിട്ടില്ല. മൂലകഥയിൽ ഉപഗുപ്തൻ സൌന്ദര്യസർവ്വസ്വമായ ഒരു യുവാവായി വർണ്ണിതനായിരിക്കുന്നു. ആ ഭാഗം വിട്ടുകളഞ്ഞുകൊണ്ടു കവി വാസവദത്തയുടെ വാക്കുകളിൽ

കമനീയകായകാന്തികലരും ജനമിങ്ങനെ
കമനീവിമുഖമായാൽ കഠിനമല്ലേ

ഇത്യാദി ഒന്നോ രണ്ടോ ഈരടികളിൽ ഉപഗുപ്തൻെറ സൌന്ദര്യത്തെ, പടിപ്പനായ ഒരു ചിത്രകാരൻ ഒരു രേഖകൊണ്ടെന്നപോലെ, സൂചിപ്പിക്കമാത്രം ചെയ്തിരിക്കുന്നു. കേവലം നിരുദ്ദേശകമല്ല ഈ മാററം. ഉപഗുപ്തൻ ശൃംഗാരക്കുഴമ്പനായ ഒരു നായകനല്ല. അയാൾ സ്നേഹത്തിൻെറ ഒരു വകഭേദമായ കരുണയുടെ അവതാരമാകുന്നു. ആ സ്ഥിതിക്കു കവിവാക്കുകളിൽ അയാളുടെ സൌന്ദര്യഘോഷണം അനുചിതമായിരിക്കും. അയാൾക്കു സൌന്ദര്യമുണ്ടെങ്കിൽ അതു് ഒന്നാമതായി മനസ്സിലാക്കേണ്ടിയിരിക്കുന്നവൾ വാസവദത്തയാണല്ലോ. അവൾ അങ്ങനെ ചെയ്യുന്നുണ്ടുതാനും. ആരംഭത്തിൽതന്നെ ഉപഗുപ്തൻ ഒരു ദിവ്യാദർശമൂർത്തിയാണെന്നുള്ള തോന്നൽ ഉണ്ടാക്കണമെന്നായിരിക്കും കവിയുടെ ഭാവം. വാസവദത്തയിൽ ഉടനെ സംക്രമിപ്പിക്കുവാനിരിക്കുന്ന പരിശുദ്ധാനുരാഗത്തിന്നു് ആ തോന്നൽ ഒട്ടൊക്കെ സംപ്രേരകമായിരിക്കുമല്ലോ.

൯. സമയമായില്ലെന്നുതാനിപ്പോഴും സ്വാമിനിയവൻ
വിമനസ്സായുരയ്ക്കുന്നു വിഷമമെന്നാൽ

ഈ റിപ്പോർട്ടിനെ അവലംബിച്ചുകൊണ്ടു് വാസവദത്തയുടെ ഹൃദയത്തിൽ അടിക്കടി ഉയരുന്ന വിചാരതരംഗങ്ങളാണു് അനന്തരപ്രതിപാദ്യം. മനുഷ്യഹൃദയത്തെക്കുറിച്ചുള്ള വിപുലമായ ജ്ഞാനത്തിനു മൂർദ്ധാഭിഷിക്തോദാഹരണമായ ഈ വിചാരപരമ്പര കവിയുടെ നൂതനകല്പനങ്ങളിൽ പ്രധാനമായ ഒന്നാണു്. ഒന്നിനു പിന്നിൽ മറ്റൊന്നായി ഏറ്റവും സ്വാഭാവികമായ മട്ടിൽ വാസദത്തയുടെ ഹൃദയത്തിൽ ഉണ്ടാകാവുന്ന സകല വികാരങ്ങളും കവി സനിഷ്കൃഷ്ടം വെളിപ്പെടുത്തിട്ടുണ്ടു്. 'സമയമായില്ലെന്നു താൻ' എന്നു കേൾക്കുമ്പോഴേയ്ക്കും തോന്നാവുന്ന അക്ഷാന്തി; അതിന്റെ പിന്നിൽ ഉപഗുപ്തനെ ശകാരിക്കുവാനുള്ള തിടുക്കം; ആ ശകാരത്തിൽ ഒളിഞ്ഞുകിടക്കുന്ന സൗന്ദര്യ്യാദരം; അതുകഴിഞ്ഞിട്ടു് അവളുടെ നിമന്ത്രണത്തെ അയാൾ തെറ്റിദ്ധരിച്ചുവോ എന്നുള്ള സംശയം; അയാളുടെ പ്രണയം മാത്രമാണു് അവൾ കൊതിക്കുന്നതെന്നുള്ള പ്രസ്താവം; അങ്ങനെയെങ്കിലും ഭുക്തഭോഗയായ തനിക്കു പിന്നെയും കാമസിദ്ധിക്കുള്ള തൃഷ്ണ അനുചിതമല്ലയോ എന്നുള്ള അവളുടെ ശങ്ക; അതിന്റെ നിവാരണം; എന്നാൽ ഒരു കൊച്ചുമുനിയെ കാണുവാൻ മുട്ടിയുഴറുന്നതിൽ പ്രത്യക്ഷപ്പെടുന്ന വിരോധാഭാസം; അതിനു സമാധാനം; അതോടെ അവൾക്കു് അയാളിൽ തോന്നുന്ന അനുരാഗം ലൗകികലാഭാനപേക്ഷവും തന്നിമിത്തം ഒട്ടൊക്കെ നിർമ്മലവും ആണെന്നുള്ള സൂചന; അവനെ കണ്ടാൽമാത്രം മതി എന്നുള്ള പ്രസ്താവത്താൽ ആ സൂചനത്തിന്റെ സ്ഥിരീകരണം; ലൗകികസുഖോപകരണങ്ങളോടു് അവൾക്കു പെട്ടെന്നുണ്ടാകുന്ന വിരക്തി—ഇങ്ങനെ അവളുടെ ഹൃദയത്തെ കവി ശസ്ത്രക്രിയചെയ്തു നമ്മുടെ മുമ്പിൽ ഉൽഘാടനംചെയ്തിരിക്കുന്നു. ദീർഘമായ ആ വിചാരധോരണിയുടെ അവസാ

നത്തിൽ എത്തുമ്പോഴേയ്ക്കും വാസവദത്ത ലൌകികസുഖങ്ങളുടെ മീതെ ചവുട്ടിനിന്നുകൊണ്ടു സ്വർഗ്ഗത്തിലേയ്ക്കു് എത്തിനോക്കുന്നതായി കവി നമുക്കു കാണിച്ചുതന്നിരിക്കുന്നു. നൈരാശ്യത്താലോ ഉപഗുപ്തന്റെ മറുപടിയുടെ അവ്യക്തതയാലോ വാസവദത്ത കുറച്ചുസമയത്തേക്കു് ഒരു തത്വജ്ഞയായിത്തീരുകയും അങ്ങനെ അവൾ കുലവൃത്തിയെ ഉപേക്ഷിച്ചു യഥാർത്ഥാനുരാഗത്തെ അവധാരണംചെയ്യുവാൻ ആരംഭിക്കുകയും ചെയ്യുന്നു എന്നുമാത്രം. അവളുടെ പ്രണയം, ഉപഗുപ്തന്റെ സ്വഭാവവൈശിഷ്ട്യത്തെയല്ലാതെ, ഉപഭോഗക്ഷമതയേയും മററും അവലംബിക്കുന്നില്ലെന്നു വിശേഷിച്ചുവധായ്യം. 'അകിഞ്ചിദപികുർവാണഃ സൌഖ്യൈഃ ദുഃഖാന്യപോഹതി' എന്നു ഭവഭൂതി വർണ്ണിക്കുന്ന സ്നേഹപരമകാഷ്ഠയുടെ നിഴൽ ഇവിടെ കാണാം. ഈ പരിണാമം എത്രത്തോളം ദുഷ്കരവും എത്രത്തോളം കാമ്യവുമാണെന്നു പറയേണ്ടല്ലൊ. പിന്നത്തെ വരികളിൽ കവി അതിനെപ്പററി പറയുന്നുണ്ടു്.

"ധനദുർദ്ദേവതയ്ക്കെന്നും.........അന്ധകൂപത്തിൽ."
നിമിഷവർത്തിയായിട്ടെങ്കിലും അവളിൽ കാണുന്ന ഈ പരിണാമം അവളെ മുക്തിപ്രാപ്തിക്കു അർഹയാക്കുന്ന പല വഴികളിൽ ഒന്നാമത്തേതാണെന്നു പറയാം. അങ്ങനെയല്ലാതെ അന്തിമമാത്രയോളം ഭോഗസമുദ്രത്തിൽ നീന്തുന്ന വാസവദത്ത ഒരൊററഞൊടിയിൽ ഇന്ദ്രജാലത്താലെന്നപോലെ പശ്ചാത്താപവിവശയായെന്നും സംപ്രാപ്തമുക്തിപദയായെന്നും എങ്ങനെ സമ്മതിക്കും? അവളുടെ ഹൃദയം പരമാർത്ഥസ്നേഹത്തിനു് അനഭിഗമ്യമല്ലെന്നെങ്കിലും മുൻകൂട്ടി തെളിയേണ്ടയോ?

൪. മൂലകഥയിൽ ഒരു തൊഴിലാളിത്തലവന്റേയും ഒരു വർത്തകശ്രേഷ്ഠന്റേയും വാസവദത്താപ്രാപ്തിയെ ഏറെ

ക്കുറെ ഒരേ നിലയിൽ പറയപ്പെട്ടിരിക്കുന്നു. ഒരാളുടെ സമാഗമം മറേറയാളുടെ വധത്തിനു പ്രചോദകമാകത്തക്കവണ്ണം രണ്ടുപേരുടേയും സ്ഥിതിഗതികളെ വ്യത്യാസപ്പെടുത്തി വണ്ണിച്ചിട്ടില്ല. കവി അവരിൽ രണ്ടാമത്തേവനെ ഒന്നാമതായി പ്രവേശിപ്പിക്കുന്നു. മാത്രമല്ല, അവന്റെ ധനസമൃദ്ധിയെ വെളിവാക്കുമാറു് അവന്റെ നാനാപരിച്ഛദനിഷേവിതമായ ആകാരത്തേയും ആഗമനത്തേയും വിവരിക്കുകൂടി ചെയ്യുന്നു. ഈ ഭാഗം അധികമായെന്നോ അനുചിതമായെന്നോ അഭിപ്രായപ്പെടുന്നവരില്ലെന്നില്ല. കവിക്കു് അതിലുള്ള ഉദ്ദേശം അവർ ഓർക്കുന്നില്ലെന്നു തോന്നുന്നു. തൊഴിലാളിത്തലവനെ വധിക്കുവാൻ ചെട്ടിയാരുടെ സമ്പർക്കം വാസവദത്തയെ പ്രേരിപ്പിച്ചുവെന്നു് വായനക്കാർ സമ്മതിക്കുവാൻ, ആ ചെട്ടിയാർ തമിഴ്നാട്ടിൽനിന്നു മെയിൽവണ്ടിക്കു വന്നിറങ്ങി എന്നു മാത്രം പറഞ്ഞാൽ മതിയോ? തീച്ചയായും അയാളുടെ യോഗ്യതകൾ ധനാജ്ജനത്തിനു സമത്ഥമായൊരു പുതിയ വഴിയെ അവൾക്കു തുറന്നു കാണിച്ചാൽ മാത്രമേ ആൾബലംകൊണ്ടുമാത്രം പ്രാമാണികനായിത്തീന്ന തൊഴിലാളിത്തലവനെ ചാണകക്കുണ്ടിൽ കുഴിച്ചുമൂടുവാൻ അവൾ ധൈയ്യപ്പെടുകയുള്ളു. കൊലക്കുററത്തിൽനിന്നു രക്ഷപ്പെടുവാൻ പണമെങ്കിലും വേണ്ടയോ? മറെറാരു സമാധാനവും ഇക്കായ്യത്തിൽ ഉണ്ടു്. ദീർഘമായ ഒരു ആത്മഗതത്തിന്റെ അവസാനത്തിൽ പരിശുദ്ധാനുരാഗത്തിന്റെ കൈ പിടിക്കുമാറായ നായികയെ പഴയ ശീലത്തിലേക്കു വലിച്ചിറക്കുവാൻ ഒരു സാധാരണക്കാരൻ അപയ്യാപ്തനായിരിക്കും. "കരപററിനിന്നു വീണ്ടും കുണുങ്ങിത്തൻ കുളത്തിലേയ്ക്കരയന്നപ്പിടപോലെ നടന്നുപോയി"—അതെ, ഒന്നോ രണ്ടോ നിമിഷത്തേക്കു ഭോഗസരസ്സിന്റെ വക്കിൽ കയറിനിന്നു പരിതഃസ്ഥിതികൾ അവലോകനം ചെയ്യുവാൻ ഭാവിച്ച അവളെ അരയന്നപ്പിടയെപ്പോലെ ആ സരസ്സിലേയ്ക്കു വീണ്ടും വലിച്ചിറക്കണമെങ്കിൽ അതിൽ ശോഭിക്കു

ന്ന കമലങ്ങൾ നിശ്ചയമായും ഹൃദയാകർഷകങ്ങളായിരിക്കണം. ഈ വസ്തുതകൾ ആലോചിച്ചിട്ടുള്ള സഹൃദയന്മാർ ആശാൻ അവിമൃശ്യകാരിയായിട്ടോ ചമ്പൂകാരനെപ്പോലെ വർണ്ണനാമാത്രവിമുഗ്ദ്ധനായിട്ടോ അല്ല ചെട്ടിയാരുടെ കാര്യം ഇത്ര വിസ്തരിച്ചതെന്ന മനസ്സിലാക്കും.

പക്ഷെ, പരിശുദ്ധാനുരാഗത്തിന്റെ സമീപത്തോളമെത്തിയ നായികയെ എന്തിന്ന് ആശാൻ ബഹിഷ്കരിക്കുന്നു എന്ന ചോദിക്കുന്നവരുണ്ടാകാം. അവർ ലോകസ്വഭാവത്തെ വേണ്ടുവോളം മനസ്സിലാക്കാത്തതിൽ അനുശോചിക്കുവാനേ തരമുള്ളു.

൭. ശൃംഗാരഭ്രഷ്ടമായ ഒന്നാംഭാഗത്തിന്റെ ഒരു മറിച്ചടി എന്ന പറയാവുന്ന രണ്ടാംഭാഗം കവി.

കാലം പിന്നെയുംകഴിഞ്ഞു കഥകൾ നിറഞ്ഞമാസം
നാലുപോയി നഭസ്സിൽ കാറൊഴിയാറായി
പാലപൂത്തു പരിമളം ചുമന്നു ശുദ്ധമാം പുലർ-
കാലവായു കളുത്തെങ്ങും ചരിക്കയായി

എന്നീ വരികൾകൊണ്ടു സമാരംഭിക്കുന്നു. വളരെ അലങ്കാരകോലാഹലമൊന്നുമില്ലാതെ കാലഭേദത്തെ ദിങ്മാത്രമായി സൂചിപ്പിച്ചുകൊണ്ടുള്ള ഈ വർണ്ണന കേവലം നവീനമായൊരു അന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്നു. അനന്തരം കവി ഭയാനകമായ ഒരു ശ്മശാനം വർണ്ണിച്ചു അതിൽ വാസവദത്തയെ കാണിച്ചുതരുന്നു. ഇവിടെ ശ്മശാനവർണ്ണന കേവലം കവികല്പിതമാണെന്ന് പറയേണ്ടല്ലൊ. ഇത്ര ദീർഘവും ഭയാനകവുമായ വർണ്ണനയുടെ ഔചിത്യത്തെപ്പററി പലക്കും സംശയം ജനിച്ചിട്ടുണ്ട്. തരം കിട്ടിയപ്പോൾ നീട്ടിവലിച്ചുള്ള ഒരു വർണ്ണനയിലേപ്പെട്ടു സങ്കല്പവിഭവം വാരിക്കോ

രി വിതറുന്നതിന്ന് ആശാൻ മുതിന്നതിൻെറ ഫലമാണോ ഈ ശ്മശാനം? ഒരു ഖണ്ഡകാവ്യത്തിൽ വൎണ്ണനകൾക്കുള്ള പരിമാണം ഏത്രയെന്നു നിശ്ചയിക്കുവാൻ കുമാരനാശാന—അരഡസനിലധികം ഉൽകൃഷ്ടങ്ങളായ ലഘുകാവ്യങ്ങളുടെ പ്രണയനംകൊണ്ടു സഹൃദയാരാദ്ധ്യനായിത്തീന്ന ഒരു മഹാകവിക്കു—വിവേകം ഉണ്ടായില്ലെന്നു വിചാരിക്കാമോ? ഈ ചോദ്യങ്ങൾക്കു ഉത്തരം പറയുമ്പോൾ വളരെ വളരെ ആലോചിക്കേണ്ടിയിരിക്കുന്നു. കാളിദാസാദികളുടെ വൈകല്യങ്ങളെക്കുറിച്ചുപോലും പറയുമ്പോൾ "ഇതി പ്രാമാദികഃ" എന്നതിനുപകരം "ഇതി ചിന്തനീയഃ" എന്നെഴുതി വിരമിക്കുന്ന മല്ലിനാഥപ്രഭൃതികളുടെ മനോഭാവം ആശാനെപ്പോലെയുള്ള മഹാകവികളുടെ വിവിധ കല്പനങ്ങളെക്കുറിച്ചു വിചാരിക്കുമ്പോൾ നമുക്കുണ്ടാകേണ്ടതു് അത്യാവശ്യമാകുന്നു. ദീർഘമായ ശ്മശാനവൎണ്ണനംകൊണ്ടു് കവിക്കു കാൎയ്യപ്പെട്ട ഏതാനും ഉദ്ദേശങ്ങൾ സാധിക്കാനുണ്ടെന്നു തോന്നുന്നു. ധനതൃഷ്ണയാൽ, വളൎന്ന ഭോഗേച്ഛയെ - അഥവാ തനിക്കാമത്തെ—അന്തരാത്മസ്പൎശിയായ യഥാൎത്ഥാനുരാഗമായി രൂപാന്തരപ്പെടുത്തി, അതിനെ വൈരാഗ്യത്തിലൂടെ നയിച്ചു, ആശാൻതന്നെ അന്യത്ര സ്നേഹവ്യാഹതി എന്നു സംബോധനം ചെയ്തിട്ടുള്ള മരണത്തിൽ എത്തിച്ചു പരമോദാരമായ കരുണാദശത്തിൽ കാവ്യം കലാശിപ്പിക്കുന്നതിനു ശ്മശാനവൎണ്ണന പ്രത്യേകിച്ചുപകരിക്കുന്നുണ്ടു്. ഒന്നാംഭാഗത്തിൽ ഓളംവെട്ടുന്ന ശൃംഗാരത്തിൻെറ അലകൾ, രണ്ടാംഭാഗത്തിൽ കടക്കുവാൻ പാടില്ലാത്തവണ്ണം ശ്മശാനംകൊണ്ടു് കവി അണ കെട്ടിയിട്ടുള്ളതായി കരുതാം. അതിരിക്കട്ടെ. ഒന്നാംഭാഗത്തിൽ നായികയിൽ ആരോപിച്ചിട്ടുള്ള സുഖോപഭോഗലക്ഷ്യങ്ങളിൽ ഓരോന്നിനും വിപരീതമായി ദുഃഖാനുഭവങ്ങൾ ശ്മശാനവൎണ്ണനയിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്. നായികയ്ക്കു വരുവാനിരിക്കുന്ന ഹൃദയപരിണാമത്തിൻെറ ഏററവും വലിയ പ്രചോദനത്തെ – മരണത്തിനു വിധിക്കപ്പെട്ടു ചുടുകാട്ടിൽ കി

ടക്കുന്ന കിടപ്പിനെ--വിവരിക്കുമ്പോൾ ഏതാദൃശമായ ദീർഘപ്രസംഗം മിക്കവാറും ഉപപന്നമാണു്. ശ്മശാനത്തിൻേറയും അതിലെ ഭയങ്കരതകളുടേയും ചിത്രം കണക്കിലധികം ജുഗുപ്സാജനകമായിട്ടുണ്ടെങ്കിൽ അതിനും കാരണമില്ലാതില്ല. ഒരുവിധത്തിൽ അക്രമകാരിണിയെന്നു് സമ്മതിക്കേണ്ടവളായ നായികയുടെ പേരിൽ, മൂലകഥയിൽ ഉള്ളതിനു വിപരീതമായി വായനക്കാക്കു തെല്ലെങ്കിലും അനുകമ്പ ജനിപ്പിച്ചു് അവളുടെ വേർപാടിൽ ഉപഗുപ്തനോടൊപ്പം കണ്ണീർ വാക്കുവാൻ അവരെ തയ്യാറാക്കണമെങ്കിൽ ദണ്ഡനവും തദാരോപണസമ്പ്രദായവും വേണ്ടതിലധികം ക്രൂരമായിപ്പോയെന്നുള്ള പ്രതീതി കവി മുൻകൂട്ടി ജനിപ്പിക്കേണ്ടതല്ലയോ? രണ്ടാംഭാഗത്തിൻെറ അവസാനത്തിൽ,

ഹാ മതിമോഹത്താൽചെയ്ത സാഹസമൊന്നതിനിന്നി-
പ്പൂമൃദുമേനിയാൾ പെടും പാടു കണ്ടില്ലേ?

എന്നു കവി ചോദിക്കുമ്പോൾ അതിനെ ശരിവെക്കുവാൻ വാസവദത്തയുടെ കഷ്ടപ്പാടുകളും കിടപ്പും പരിസരവും വായനക്കാരനെ നിർബ്ബന്ധിക്കണമെന്നായിരിക്കണം ആശാൻെറ ഉന്നം.

നു ശ്മശാനത്തിൽ കിടക്കുന്ന വാസവദത്തയെ ഒരു നാടകീയസമ്പ്രദായമവലംബിച്ചു സഹൃദയസമക്ഷം പ്രത്യക്ഷപ്പെടുത്തിയതിനു ശേഷം കവി അവളുടെ ദുരന്തത്തിനുള്ള കാരണങ്ങൾ എന്ന മട്ടിൽ അതീതചരിത്രം മുഴുവൻ ചുരുക്കിപ്പറയുന്നു. കാരണവ്യാജേനയുള്ള പ്രസ്തുത കഥനം അടിക്കടിയുള്ള വെറും ചരിത്രകഥനത്തേക്കാൾ സഹൃദയാഹ്ലാദകമായിരിക്കും. എന്തുകൊണ്ടെന്നാൽ വായനക്കാക്കു് ഒന്നാം ഭാഗത്തിനുശേഷം മുറയ്ക്കു കഥ പറഞ്ഞുകേൾക്കുവാൻ ഉള്ളതിനേക്കാൾ വാസവദത്തയുടെ കഷ്ടപ്പാടുകൾ കണ്ടിട്ടു് അവയുടെ കാരണങ്ങൾ കണ്ടുപിടിക്കുവാനുള്ള തിടുക്കമായിരി

ക്കം അധികം. താരതമ്യേന അധികമായ ജിജ്ഞാസയെ പൂരിപ്പിക്കുവാനുള്ള കഥനം അധികം രസകരമായിരിക്കുമല്ലൊ. സംഭവങ്ങളെ തകിടംമറിച്ചു പ്രതിപാദിക്കുവാൻ ആശാൻ ഒരുങ്ങിയതു് ഇതിനാലായിരിക്കണം.

൦. രണ്ടാംഭാഗത്തിൽ മുക്തികഥ കവി വിവരിക്കുന്നില്ല. മുക്തിദായകനായ ഉപഗുപ്തനെ,

"ഭാനുമാനിൽനിന്നു കാററിൽ—
കടപൊട്ടിപ്പുറന്നെത്തും കതിരുപോലെ"

വാസവദത്തയുടെ സമീപത്തിൽ എത്തിച്ചു്, അയാളുടെ സന്നിധാനത്തിൽ 'മൃത്യുവിന്നിരുട്ടാഴിയിൽ മുങ്ങിയ സത്വ"ത്തെ "മൂഹൂർത്തിന്ദ്രിയവാതിലിൽ" മുട്ടിച്ചുകൊണ്ടു രണ്ടാംഭാഗത്തെ കവി ഉപസംഹരിക്കുന്നതായിപ്പറയാം. പ്രധാനമായി മൂന്നു കാര്യങ്ങളാണു കവിക്കു രണ്ടാംഭാഗത്തിൽ സാധിക്കുവാനുള്ളതു്. ദണ്ഡനവിധികളുടേയും മററും വ്യവഹാരത്താൽ വായനക്കാർക്കു നായികയുടെ പേരിൽ അനുകമ്പ തോന്നിക്കുക അഥവാ അവളുടെ കുററം പൊറുക്കത്തക്കതാണെന്നുള്ള ബോധം എല്ലാവരിലും ജനിപ്പിക്കുക—അതൊന്നു്. അതിനുള്ളിൽ ദണ്ഡാനുഭവങ്ങളാൽ പാപിനിയുടെ ഹൃദയത്തെ മുക്ത്യർഹമാകുമാറു് സംസ്കരിക്കുക എന്നുള്ളതു് മറെറാന്നു്. പൊതുജനങ്ങൾക്കു തോന്നുന്ന അനുകമ്പാദിവികാരങ്ങളുടെ പരമകാഷ്ഠയ്ക്കു പ്രതിനിധീഭൂതനായ ഉപഗുപ്തനെ ആ രംഗത്തേയ്ക്കു വരുത്തുക എന്നുള്ളതു് മൂന്നാമത്തേതും. ഇത്രയും സാധിച്ചുകഴിഞ്ഞാൽ മുക്തിപ്രാപ്തിക്കുള്ള പശ്ചാദ്ഭൂമികയായി. മൂലകഥയെ അനുസരിച്ചാണെങ്കിൽ ഏതാനും വരികൾകൂടി എഴുതിയാൽ ഒതുക്കിത്തീർക്കാവുന്ന മുക്തിലബ്ധി കവി മറെറാരു ഭാഗത്തിന്നായി നീക്കിവെച്ചിരിക്കുന്നു. കഥയുടെ ഗതിയിൽ പാത്രങ്ങൾക്കും വികാരങ്ങൾക്കും പടിപ്പടി

യായി വരുത്തേണ്ടുന്ന മാററങ്ങൾ എത്ര നിഷ്കൃഷ്ടിച്ച് ആശാൻ നിവ്വഹിച്ചിട്ടുണ്ടെന്നു നിർദ്ധാരണം ചെയ്യുമ്പോഴാണ് അദ്ദേഹത്തിൻെറ കാവ്യകലാഭിജ്ഞത ബോദ്ധ്യമാവുക. ശാകുന്തളത്തിൽ മൂന്നാമങ്കത്തിനുശേഷം ശകുന്തളാദുഷ്യന്തന്മാരിൽ വരുത്തിയ മാററങ്ങൾകൊണ്ട് കാളിദാസനും ഉത്തരരാമചരിതത്തിൽ രണ്ടും മൂന്നും അങ്കങ്ങളിലായി രാമനിലാരോപിച്ച സ്വഭാവവിശേഷങ്ങൾകൊണ്ടു ഭവഭൂതിയും എപ്രകാരം അഭിനന്ദനീയരായിരിക്കുന്നുവോ അപ്രകാരമാണ് ആശാൻ രണ്ടാംഭാഗം കഴിയുമ്പോഴേക്കും വാസവദത്തയിൽ വരുത്തിയ പരിണാമങ്ങൾകൊണ്ടു ശ്ലാഘനീയനായിട്ടുള്ളതെന്നു പറഞ്ഞാൽ വലിയ അബദ്ധമില്ല.

vi. ആസന്നമരണയായ നായിക ഒരക്ഷരംപോലും ഉരിയാടാതെ വികാരനിർഭരയായി ഉപഗുപ്തൻെറ സ്നേഹശീതളങ്ങളായ സൂക്തങ്ങൾ ശ്രവിച്ച് അവകൊണ്ടു ഹൃദയപ്രക്ഷാളനംചെയ്ത ക്രമേണ മുക്തി സാക്ഷാൽകാരംചെയ്ത ഊർദ്ധ്വലോകദിദൃക്ഷയാലെന്നപ്പോലെ അർദ്ധനിമീലിതങ്ങളായ മിഴികൾ ആകാശത്തിലേയ്ക്കുയർത്തി ലോകം വെടിയുന്ന ശാശ്വതശാന്തിനിദർശകമായ കാഴ്ചയാണ് മൂന്നാംഭാഗത്തിൻെറ ഉള്ളടക്കം. ശാകുന്തളത്തിലെ ആറും ഏഴും അങ്കങ്ങളെന്നപോലെ ഈ ഭാഗം മുഴുവൻ കവിസൃഷ്ടമാണെന്നു പറയാം. നല്ലകാലത്തു ഭോഗലിപ്സാപൂരണത്തിനുവേണ്ടി തൻെറ നിമന്ത്രണം കൈക്കൊണ്ട് ഉപഗുപ്തൻ വന്നില്ലല്ലൊ എന്നാവലാതിപ്പെടുന്ന വാചാലയായ വാസവദത്തയെ ഈ ഭാഗത്തിൽ നാം കാണുന്നില്ല. ആശാൻെറ കൈയിൽ അവൾക്ക് ഇതിനകം വേണ്ടത്ര സംസ്കാരം വന്നുകഴിഞ്ഞിരിക്കുന്നു. തന്നിമിത്തം അവൾ വികാരമൂകയായി കണ്ണുകൊണ്ടുതന്നെ 'ചിരിക്കയും കരകയും' 'ഉപകാരസ്മരണാസൂക്തങ്ങൾ' പാടുകയും ചെയ്യുന്നവളായി പകന്നിട്ടുണ്ട്. ഉപഗുപ്തൻ, "സമയമായില്ലെ"ന്നുള്ള മറുപടിയുടെ ആന്തരാർത്ഥ

വും, അവളുടെ ഹൃദയം ഒരുകാലത്തു മലിനമായിരുന്നെങ്കിലും അതിൽ അകൃത്രിമസ്നേഹത്തിൻെറ ഏതാനും ബിന്ദുക്കൾ എങ്ങനെയൊ ഊറിയിരുന്നു എന്ന പരമാത്ഥവും അവളെ മനസ്സിലാക്കുന്നു. ക്രമേണ മധുരമധുരങ്ങളായ തത്വകഥനങ്ങളാൽ അയാൾ അവൾക്ക്,

> ചോരനപഹരിക്കാത്ത ശാശ്വതശാന്തിധനവും
> മാരനെയ്യാൽമുറിയാത്ത മനശ്ശോഭയും.

കൈവരിക്കുന്നതിനുള്ള സന്നദ്ധത ഉണ്ടാക്കിക്കൊടുക്കുന്നു. "ചിരകാലമഷ്ടമാർഗ്ഗചാരി'യായ ബുദ്ധഭഗവാൻെറ "പരിശുദ്ധ പാദപത്മം തൊട്ട കൈയാൽ" ആ സ്നേഹമൂത്തി ആ സഹോദരിയുടെ വാർനിറുക തലോടുന്നതോടുകൂടി അവളുടെ "കെടുന്ന സംജ്ഞ വിരലാലുന്നയിച്ച ദീപംപോലൊന്നുജ്വലിക്കുന്നു." പാപിനിയായിരുന്ന അവൾക്ക പശ്ചാത്താപം കൊണ്ടു മുക്തി ലഭിക്കാമോ എന്ന സംശയത്തിനു നിവാരണമായി ഉപഗുപ്തൻ ചെയ്യുന്ന പ്രസ്താവമാണ് അനന്തരഭാഗം.

> സത്യമോക്കിൽ സംസാരയാത്രയിൽ * * *

ഇത്യാദി വരികളിൽ അടങ്ങിയിട്ടുള്ള സരസമായ യുക്തി അവൾക്ക മുക്തിലബ്ധിയിൽ വിശ്വാസം ജനിപ്പിച്ചിരിക്കണം. അപ്പോൾ മുക്തിപാത്രമായി പവിത്രയായി കാണപ്പെടുന്ന വാസവദത്തയെ അനുഗ്രഹിച്ചുകൊണ്ടു് കരതലമുയത്തി "കാർചികുരതൻ ശിരസ്സി"ൽവെച്ചു് അല്പം കുനിഞ്ഞു് അവളുടെ കണ്ണുകളിൽ ശരണാരതങ്ങൾ ഓതിക്കൊടുക്കുന്ന ആ മുനീശ്വരൻെറ ചിത്രം ഒരിക്കലും വിസ്മരിക്കാവുന്നതല്ല. അവളുടെ "വെൺകടക്കണ്ണിൽ ഉരച്ച ചെറുശംഖിൽ തൂമുത്തുകൾപോലെ" ബാഷ്പകണങ്ങൾ സ്ഫുരിക്കുന്നു. ഉപഗുപ്തൻ ചരിതാത്ഥനായി. അയാൾ ആ അശ്രുബിന്ദുക്കൾ കൈവി

രലാൽ തുടച്ചു പിൻവാങ്ങി നിവർന്നിരിക്കുന്നു. അതാ മുക്തി പദാരോഹണമുഹൂർത്തം! ലോകത്തോടും വിശേഷിച്ചു് അതിന്റെ കാമനീയകത്തോടും അവൾ അവസാനമായി യാത്ര പറഞ്ഞു പിരിയുന്ന ആ നിമിഷത്തിൽ "ഹിമകണത്തിൽ ബിംബിച്ചുകാണും കാനനംപോലെ" വിചിത്രപരിച്ഛേദോപേതമായ പ്രപഞ്ചം ഞെരുങ്ങി നോക്കുന്നില്ലെന്നില്ല. അവസാനത്തെ പിടിവലി! അവൾ അതിനെ ജയിക്കുകതന്നെ ചെയ്യുന്നു.

> പരിസരമതിലവൾ പിന്നെയും കണ്ടാൾ തന്നിഷ്ട
> പരിചാരികയാൽ വീണ്ടും പരിഗ്രഹ്യങ്ങൾ

എങ്കിലും,

> കൃതകോപനൊരുശിശു കളിയിൽ ഭഞ്ജിച്ചെറിഞ്ഞ
> പതംഗികാംഗങ്ങൾപോലെ ദയനീയങ്ങ

ളായ അവയെ അവൾ സാക്രൂതമായും നിരുദ്വേഗമായും ഒടുവിൽ അഹോ നിർമ്മമതമായും നോക്കി കണ്ണുകൾ ആകാശത്തിലേയ്ക്കു് ഉയർത്തുന്നു. അങ്ങനെ ആശാൻ ഉപഗുപ്തനെക്കൊണ്ടു് വാസവദത്തയ്ക്കു മോക്ഷമരുളി.

കരചരണാദ്യവയവങ്ങൾ ഛേദിക്കപ്പെട്ടു മരണത്തിന്റെ വക്കോളം എത്തിക്കിടക്കുന്ന ഒരു നായികയ്ക്കു് എത്രതന്നെ ഉപദേശോക്തികൾകൊണ്ടു മുക്തിപ്രദാനം ചെയ്യുക എന്നുള്ളതു് അത്യന്തം ദുഷ്കരമാണെന്നു് ആശാനു് അറിയാം. അതുകൊണ്ടാണദ്ദേഹം ഒന്നും രണ്ടും ഭാഗങ്ങളിലായി വേണ്ടുന്നത്ര മുൻകരുതലുകൾ ചെയ്യുകയും മൂന്നാംഭാഗത്തിൽ മുക്തിഗ്രഹണചിത്രം ഇത്ര സൂക്ഷിച്ചു വരയ്ക്കുകയും ചെയ്തിട്ടുള്ളതു്. വാസവദത്തയുടെ അഭിസാരികാവൃത്തി അധികവും കലാധർമ്മപ്രചോദിതമായ ധനാർജ്ജനോപായമാകയാൽ അവളുടെ മനസ്സു് തികച്ചും ഭോഗതൃഷ്ണാമലിനമായിരുന്നുവെന്നു് വിചാ

രിച്ചുകൂടാ. അതു്, അവസരമുണ്ടെങ്കിൽ, പരമാർത്ഥസ്നേഹത്തിന്നു് സിംഹാസനം ഒരുക്കുമായിരുന്നു. (വസന്തസേനയുടെ കഥ അനുസ്മരണീയം.) പിന്നീടു് വാസവദത്ത ചെയ്ത അക്രമമാണെങ്കിൽ, ഒരു വലിയ സാഹസത്തിൽ കവിഞ്ഞൊന്നുമാകുന്നില്ല. അതിന്നു് അവൾ അനുഭവിച്ച ശാരീരികമായ ദണ്ഡം വാചാമഗോചരം! തൽപരമായൊരു പ്രായശ്ചിത്തം അനാവശ്യമെന്നാരും പറയും. ആ യാതനകൾ വാസവദത്തയുടെ ഹൃദയത്തെ തീർച്ചയായും വിപരിണാമം ചെയ്യിച്ചിരിക്കണം. രേഖാമാത്രമായി അവളിൽ ആദ്യം ഉദിച്ച പാവനസ്നേഹം ഈ സന്ദർഭത്തിൽ അവൾക്കവലംബമായിത്തീർന്നിരിക്കാൻ പാടുണ്ടു്. പശ്ചാത്താപത്തിന്നു് ഇനിയെന്തുവേണം? ഹൃദയംഗമമായ പശ്ചാത്താപം ഉണ്ടെങ്കിൽ മുക്തിപ്രാപ്തി നിശ്ചയം. പക്ഷേ അതു ദാതാവിന്റെ ദിവ്യോക്തികളേക്കാളധികം ഗ്രഹീതാവിന്റെ അന്തർഗ്ഗതത്തെ ആശ്രയിച്ചിരിക്കുമെന്നേയുള്ളു. ഏകദേശം ഇതാണു് കവിഹൃദയമെങ്കിൽ എന്താണബദ്ധം?

൯. വാസവദത്തയുടെ മുക്തിപ്രാപ്തികൊണ്ടു് കാവ്യോദ്ദേശ്യം മുഴുമിച്ചിട്ടില്ല. കഴിഞ്ഞിരുന്നെങ്കിൽ 'കരുണ' 'വാസവദത്ത'യാകുമായിരുന്നു. അതപ്പോൾ നളിനിയുടേയും ലീലയുടേയും നിർവിശേഷമായ പുനരവതാരമായിരിക്കും. സ്നേഹത്തിന്റെ ഒരു വകഭേദമായി ആശാൻ കണക്കാക്കുന്ന കരുണ, വാസവദത്തയുടേയും സഖിയുടേയും തിരോധാനത്തിന്നശേഷമാണു് പരഭാഗത്തിൽ എത്തുന്നതു്. അതിന്റെ പ്രതിനിധിയായി രംഗത്തു് ഉപഗുപ്തൻമാത്രം ശേഷിക്കുന്നു.

ഹാ! മിഴിച്ചുനിന്നവനങ്ങ..........ഭസ്മകദംബംകണ്ടു.

അപ്പോൾ ആ മഹാന്റെ കണ്ണിൽനിന്നു് അടർന്നുവീണ ആ കണ്ണീർകണമാണു് കരുണയുടെ ലക്ഷ്യം. അതു ശോകോ

ദിതമാണെന്നു ധരിച്ചവരുണ്ടാകാം. രാമപുരത്തുവാരിയരുടെ ശ്രീകൃഷ്ണൻ കരഞ്ഞതുകണ്ടിട്ട് ഉപഗുപ്തൻ കരഞ്ഞതാണെന്ന് ഊഹിക്കുന്നവരുണ്ടാകാം. അവരോടെല്ലാം കവി തന്നെ സമാധാനം പറഞ്ഞിട്ടുണ്ട്.

"ദുഃഖസത്യജ്ഞനാധീരൻ കരകയില്ല" ഇത്യാദി വരികൾ സൂക്ഷിച്ചുവായിച്ചാൽ അതെന്തെന്നു മനസ്സിലാകും.

ആശാൻ ഒരേഒരാദശ്ത്തിൻെറ—സ്നേഹത്തിൻെറ—ഗായകനാണ്. അതിൻെറ രൂപഭേദങ്ങൾ ഓരോന്നും ഓരോ കാവ്യത്തിലും അദ്ദേഹം പ്രതിപാദിച്ചിരിക്കുന്നു. കരുണ ആ ഭേദങ്ങളിൽ ഒന്നുമാത്രം. എല്ലാം ശാന്തിയിൽ പയ്യവസാനിക്കണമെന്നാണ് അദ്ദേഹത്തിൻെറ മതം. സ്നേഹത്തിൻെറ കാലടികൾ ലോകത്തിലും ശിരസ്സു നാകത്തിലും എന്നാത്ഥം.

II

## സ്നേഹവും തൽഭാവഭേദങ്ങളും.

ഏതെങ്കിലുമൊരു രസം അംഗിയും മററു രസങ്ങൾ അംഗങ്ങളുമായിരിക്കണമെന്നുള്ള പ്രാചീനമതത്തിന്നു, കാവ്യഘടകങ്ങളുടെ സമുചിതമായ യോജനയിൽനിന്നുണ്ടാകേണ്ട ഏകാഗ്രത എന്നേ അത്ഥമുള്ളുവെങ്കിൽ അതിന്ന് ഏതുകാലത്തെ സാഹിത്യത്തിലും നിലയുണ്ട്. ഉൽകൃഷ്ടകൃതികളെല്ലാം ആ അഭിപ്രായത്തെ ഉദാഹരിക്കുന്നുണ്ടായിരിക്കും. എന്നാൽ രസങ്ങളുടെ അംഗാംഗിഭാവത്തെക്കുറിച്ചുള്ള പൂവാചാൎയ്യകഥനങ്ങൾ അക്ഷരംപ്രതി രാജശാസനങ്ങൾപോലെ സമാദരണീയങ്ങളാണെന്നു വാദിക്കുകയാണെങ്കിൽ പ്രയാസം വളരെയുണ്ട്. ഒന്നാമതായി ആചാൎയ്യോക്തികൾ അങ്ങനെ ഉദ്ദേശിക്കപ്പെട്ടവയല്ല. അതുകൊണ്ട് അവർ പറഞ്ഞ

തിനെ കണ്ണടച്ചാദരിച്ചാൽ അവരുടെ കലാഭിജ്ഞതയെ യ ഥാൎത്ഥത്തിൽ നാം അപമാനിക്കുകയായിരിക്കും ചെയ്യുക. രണ്ടാമതായി ഭിന്നസമ്പ്രദായങ്ങളിൽ ഉൽകൃഷ്ടത നേടിയ കൃതികളെ, ഒരു പ്രത്യേകവീക്ഷണകോണത്തിൽനിന്നു് അക ന്നുവെന്നുള്ള കാരണത്താൽ നികൃഷ്ടങ്ങളെന്നു പറയേണ്ടിവ രും. ഈ വസ്തുതകൾ ഓൎക്കാതെ 'കരുണ'യിൽ രസങ്ങളു ടെ അംഗാംഗിഭാവം നിൎണ്ണയിക്കുവാൻ കച്ചകെട്ടി വിഷമി ക്കുന്നവർ പലരുണ്ടു്. കുമാരനാശാൻ ഒരു പ്രത്യേകരസ ത്തെ പുരസ്കരിച്ചല്ല 'കരുണ' എഴുതിയതെങ്കിൽ പിന്നെ അതിലെ പ്രധാന രസത്തെപ്പററിയുള്ള വ്യവഹാരം എന്തി നു്? ഒരു നിരൂപകൻ കരുണാസംജ്ഞയെ ആധാരമാക്കി അംഗിയായ രസം കരുണമെന്നു പറയുന്നു. കരുണത്തേയും കരുണയേയും വേർതിരിച്ചു മനസ്സിലാക്കുവാൻ അദ്ദേഹത്തി ന്നു കഴിയാതെ പോയതിൽ ശോചിക്കുവാനേ തരമുള്ളു.

"ഇഷ്ടനാശാദനിഷ്ടാപ്തേഃ
ശോകാത്മാകരുണോനന്തരം"

എന്നാണല്ലൊ കരുണനിൎവ്വചനം. കരുണത്തിൻെറ സ്ഥാ യിഭാവമായ ശോകമാണെങ്കിൽ "ഇഷ്ടജനവിയോഗാദിനാ ത്മനി ദുഃഖാതിഭ്രമിഃശോകഃ" എന്നു വൎണ്ണിതമായിരിക്കുന്നു. കരുണയിൽ ശോകവും തജ്ജാതമായ കരുണവും പല ഭാഗ ങ്ങളിലുമുണ്ടെന്നു സമ്മതിക്കാം. എന്നാൽ കാവ്യം വായി ച്ചുകഴിയുമ്പോൾ നമ്മുടെ മനസ്സിൽ അവശേഷിക്കുന്ന വി കാരം ശോകമല്ല. അഥവാ ശോകത്തെ കാവ്യത്തിൽ ആ ദ്യന്തം വിച്ഛേദംവിനാ വളൎത്തിക്കൊണ്ടുപോകാൻ കവി ശ്ര മിച്ചിട്ടില്ലെന്നു സാരം. കാവ്യാവസാനത്തിൽ നായിക പര മശാന്തിയടഞ്ഞതിനുശേഷം അവളുടെ ഭസ്മകദംബം നോ ക്കിനില്ക്കുന്ന നായകൻെറ കണ്ണിൽനിന്നു പതിക്കുന്ന അശ്രു കണം ശോകജമല്ലെന്നു വിചാരശീലരായ സഹൃദയന്മാൎക്കറി യാം. പോരെങ്കിൽ,

"ഉൽക്കടശോകതികത്തമല്ലോക്ടകിലാന്നായനാംബു
ദുഃഖസത്യജ്ഞനദധീരൻ കരകയില്ല"

എന്നു കവി വിളിച്ചുപറഞ്ഞിട്ടുണ്ടു്. ഇങ്ങനെ നോക്കിയാൽ പഴയ തോതുവെച്ചു കരുണയിലെ അംഗിരസം ഇന്നതെന്നു് അളന്നു തിട്ടപ്പെടുത്തുവാൻ നിരൂപകന്മാർ ചെയ്തിട്ടുള്ള ശ്രമങ്ങൾ രജ്ജുഖണ്ഡത്തിൽ സർപ്പത്വാരോപംപോലെ വിഫലമായിരിക്കുകയാണു്.

ആശാൻ വല്ല രസത്തേയും പ്രധാനമായി കല്പിച്ചിട്ടുണ്ടെങ്കിൽ അതിന്നു പേർ സ്നേഹമെന്നാണു്. ഒരു വിധത്തിൽ സകല രസങ്ങളേയും ആശാൻ സ്നേഹത്തിൽ ഒതുക്കിയിട്ടുണ്ടെന്നുവേണം വിചാരിക്കുവാൻ. വീണപൂവു്, നളിനി, ലീല, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, വിചിത്രവിജയം എന്നീ പ്രധാന കൃതികളിലെല്ലാം സ്നേഹത്തിൻെറ ഭിന്നഭിന്നഭാവങ്ങൾ വർണ്ണിക്കപ്പെട്ടിരിക്കുന്നു. കരുണയിൽ സ്നേഹത്തിൻെറ ഒരു വകഭേദമായ അനുകമ്പ അഥവാ ബുദ്ധധർമ്മങ്ങളിൽ ഒന്നായ കരുണയാണു് ജീവൻ. ബുദ്ധപ്രോക്തങ്ങളായ മൈത്രിയും കരുണയും താൻ വരിച്ചിട്ടുള്ള സ്നേഹത്തിൻെറ ഉത്തമരൂപത്തിൽ അടങ്ങുമെന്നു് ആശാൻ മുൻകൂട്ടി കണ്ടിരുന്നിരിക്കണം. വിപുലാത്ഥത്തിൽ ആശാൻെറ സ്നേഹം ശൃംഗാരാദികളെ സങ്ക്ഷേപിക്കുന്നു എന്നു വരുന്നതിൽ അപാകമില്ല. ശൃംഗാരപ്രകാശത്തിൽ ഭോജൻ ശൃംഗാരത്തേയും ഉത്തരരാമചരിതത്തിൽ ഭവഭൂതി കരുണത്തേയും സർവ്വരസസംഗ്രാഹകങ്ങളായി വിഭാവനം ചെയ്തിട്ടുള്ളതു നോക്കുമ്പോൾ സ്നേഹത്തെ നവരസങ്ങളുടെ സാമാസികരൂപമായി കല്പിക്കുന്നതിൽ അനൌചിത്യമില്ല. പാശ്ചാത്യകവികൾ 'Love' എന്ന ശബ്ദംകൊണ്ടു് നിർദ്ദേശിക്കുന്ന വികാരപരമ്പരകൾ മുന്നിൽവെച്ചുകൊണ്ടായിരിക്കണം ആശാൻ സ്നേഹത്തെ മററു കേരളീയകവികൾ ചെയ്തിട്ടില്ലാത്ത

ത്തുപോലെ ഉയർത്തി പ്രതിഷ്ഠിച്ചതെന്നു തോന്നുന്നു. ബങ്കാളിൽ ഏറെക്കാലം അദ്ധ്യയനത്തിന്നായി താമസിച്ച ആശാൻ മഹാകവി ടാഗോറിൽനിന്നും സ്നേഹത്തിൻെറ സർവ്വസമാശ്ലേഷകമായ രൂപം അവധാരണം ചെയ്തിട്ടുണ്ടെന്നു വരാം.

ആശാൻെറ സ്നേഹത്തെക്കുറിച്ചു പറയുമ്പോൾ അതു ശൃംഗാരരസത്തിൻെറ നിർവ്വചനത്തെ എത്രകണ്ടനുസരിക്കുന്നുണ്ടെന്ന് ആലോചിക്കുന്നവർ ഇല്ലെന്നില്ല. പണ്ഡിതന്മാരായ ഏതാനും വിമർശകന്മാർ ആശാൻെറ സ്നേഹം ഒരുവക ശൃംഗാരാഭാസമാണെന്നു വാദിച്ചിട്ടുള്ളതായറിയാം. ശൃംഗാരത്തിൻെറ സ്ഥായിഭാവമായ രതിയെ സാഹിത്യദർപ്പണകാരൻ

"രതിർമ്മനോനുകൂലേഽർത്ഥേ
മനസഃ പ്രവണായിതം"

എന്നാണു വിവരിക്കുന്നതു്. ആ അർത്ഥത്തിൽ ആശാൻെറ നായികാനായകന്മാർക്കു രതി ഉണ്ടെന്നും അതു ശൃംഗാരത്തിൻെറ അല്ലെങ്കിൽ സ്നേഹത്തിൻെറ സ്ഥായിഭാവമായി നില കൊള്ളുന്നുണ്ടെന്നും കാണാം. പക്ഷേ ഒരഭിസാരികയുടെ രതി യഥാർത്ഥാനുരാഗത്തിന്നുകാരണമാകുന്നതെങ്ങനെ എന്നു സന്ദേഹിക്കുന്നവരുണ്ടാകാം. ഇവിടെ ഒന്നാലോചിക്കേണ്ടതുണ്ടു്. കുലധർമ്മത്താൽ അഭിസാരികയായ ഒരുവളുടെ ഹൃദയം പരമോദാരമായ അനുരാഗത്തിന്നു് എന്നും അനഭിഗമ്യമെന്നു വരണമെന്നില്ല. യാദൃച്ഛികമായ സംസ്കാരം കൊണ്ടോ ഭിന്നമായ പരിതഃസ്ഥിതികൊണ്ടോ അവളുടെ ഹൃദയം ധനാർജ്ജനോപായമല്ലാത്ത പരിശുദ്ധാനുരാഗത്തിന്നു വിഷയമായെന്നു വരാം. കരുണയിൽ വാസവദത്ത കുലനീതിയനുസരിച്ച് അഭിസാരികയെങ്കിലും ക്രമേണ ഉപഗു

പ്പനെ അവൻെറ സ്വഭാവോല്ക്കർഷത്തെ മാത്രം അവലംബിച്ചു സ്നേഹിക്കയും ആരാധിക്കയും ചെയ്യുന്നവളായിത്തീരുന്നുണ്ട്. ആ പരിണാമം എങ്ങനെ അഭിവന്ദനീയമാകുകയില്ല? കവി ചോദിക്കുന്നു.

"ധനദുർദ്ദേവതയ്ക്കൂ്നം രൂപവിട്ടഹോ മോഹത്താൽ
തനതംഗം ഹോമിക്കുമീത്തയ്യലാരംകളളിൽ
അനവദ്യസുഖദമാമനുരാഗാങ്കുരം വരാ
തനിയേ പിന്നതുവന്നാൽ വരമല്ലല്ലീ?"

ചുരുക്കത്തിൽ ദൈവായത്തമായ കുലദോഷംകൊണ്ട് ഒരു വേശ്യയുടെ രതി എക്കാലത്തും രത്യാഭാസമാകണമെന്നില്ലെന്ന് ആശാൻ സിദ്ധാന്തിച്ചിരിക്കുന്നു. എന്നാലും അനുകൂലമതിത്വമില്ലല്ലോ എന്നു മറെറാരാക്ഷേപത്തിന്നു വകയുണ്ട്. നായികാനായകന്മാക്ക് പരസ്പരസമാഗമാത്ഥം ഇച്ഛയുണ്ടെങ്കിൽ രതിയായി. പക്ഷേ ഇരുവരിലും ആ ഇച്ഛ, രൂപത്തിലും ഭാവത്തിലും ഒരേ തോതിലായിരിക്കണമെന്ന് ആക്കു ശഠിക്കുവാൻ കഴിയും? മനുഷ്യർ യന്ത്രപ്പാവകളല്ലാത്തിടത്തോളം കാലം അവരുടെ വികാരാദികരംക്കു കണിശമായ സമാനത്വം ഉണ്ടെന്നു കല്പിക്കുക വയ്യാ. കരുണയിൽ നായികാനായകന്മാക്കു സമാഗമേച്ഛയുണ്ട്. പക്ഷേ ഒന്നു ശാരീരികവും മറെറാന്ന് ആദ്ധ്യാത്മികവുമാണ്. നായികയുടെ അനുരാഗത്തെ സംസ്കരിച്ച് അന്തിമഘട്ടത്തിൽ നായകസ്നേഹത്തിന്നു സമാനമാക്കിത്തീക്കുവാൻ ആണ് കവിയുടെ ശ്രമം. അതു വേണ്ടുവോളവും ഫലിച്ചിട്ടുണ്ട്. പ്രതികൂലമതികരം പിന്നീട് അനുകൂലമതികളും അനുകൂലമതികരം പിന്നീട പ്രതികൂലമതികളും ആകുന്നതിനെ ഉദാഹരിക്കുന്ന എത്രയെത്ര ജീവിതങ്ങളുണ്ട്! എത്രയെത്ര കാവ്യങ്ങളുണ്ട്! സാമ്പിളിന്നുവേണ്ടി വേഡ്സ്വത്തിൻെറ 'ലയഡോമിയ', റൊസെററിയുടെ 'ബ്ളസെഡ് ഡാമോസൽ'

മുതലായ കാവ്യതല്ലജങ്ങളെ പരിശോധിച്ചു നോക്കുക. ഒരാൾ മറേറ ആളെ സംസ്കരിച്ച് അനുകൂലമതിയാക്കുന്ന കഥയാണ് അവയിൽ പ്രതിപാദ്യം. എന്തിന് ഇംഗ്ലീഷിൽ പോകുന്നു? പ്രസിദ്ധമായ മൃച്ഛകടികത്തിൽ കലവൃത്തികൊണ്ടു വേശ്യയായ വസന്തസേനയുടെ പ്രതികൂലമതിത്വം എങ്ങനെ ദരിദ്രചാരുദത്തൻെറ സ്വഭാവമാഹാത്മ്യത്തെ ബഹുമാനിച്ച് അദ്ദേഹത്തെ ഭർത്താവായി വരിക്കുവാൻ പോരുന്ന അനുകൂലമതിത്വമായി രൂപാന്തരപ്പെടുന്നു എന്നാലോചിച്ചാൽമതി.

പുംസഃസ്ത്രിയാം സ്ത്രിയഃപുംസി
സംഭോഗം പ്രതിയാസ്പൃഹാ
സ ശൃംഗാര ഇതിഖ്യാതഃ
ക്രീഡാരത്യാദികാരകഃ

ഇത്യാദി കാരികകൾ ഏററവും സങ്കുചിതമായി വ്യാഖ്യാനിക്കുന്നവർ ആശാൻെറ സ്നേഹം അസ്വാഭാവികമായിപ്പോയെന്ന് അഭിപ്രായപ്പെടുന്നുണ്ട്. അവരോട് ഒന്നേ പറയാനുള്ളു. യഥാർത്ഥപ്രേമം വെറും ഭോഗേച്ഛയല്ല. ഭോഗേച്ഛക്കു പേർ കാമമെന്നാണ്. കാമത്തിൻെറ ഗായകനല്ല ആശാൻ. ശരീരസമാഗമത്തെക്കാളധികം ഹൃദയസംഗമത്തെ ലാക്കാക്കിയുള്ള പ്രേമമാകുന്നു അദ്ദേഹത്തിൻെറ പ്രതിപാദ്യം. ആ പ്രേമമോ ജരാമരണങ്ങൾക്ക് ദുരാസദമായി ശോഭിക്കയുള്ളു. അതിൻെറ ഉത്തമരൂപത്തെ പണ്ടു ഭവഭൂതി വർണ്ണിക്കയുണ്ടായി. ഉത്തരരാമചരിതത്തിലെ

അദ്വൈതം സുഖദുഃഖയോരനുഗതം
സർവാസ്വവസ്ഥാസുയത്

ഇത്യാദിനോക്കുക.

III

## ജീവിതനിരൂപണം.

നരജീവിതംകൊണ്ടു് മകുടംചൂടിയ പ്രകൃതിയാണു കവികർമ്മത്തിന്റെ ആലംബമെന്നിരിക്കെ, കവിത മിക്കവാറും ജീവിതവിമർശകമായേതീരൂ. യഥാർത്ഥകവികളുടെ കൃതികളെല്ലാം ഒളിഞ്ഞോ തെളിഞ്ഞോ ഇതിനു ദൃഷ്ടാന്തങ്ങളായിരിക്കും. എന്നാൽ കവികളുടെ ജീവിതനിരൂപണങ്ങളാസകലം ഒരേതരത്തിൽ ഗണിക്കാവുന്നവയല്ല. വിഷയം ഏതായാലും ഇടക്കിടയ്ക്കു യഥോചിതം ജീവിതവിമർശകങ്ങളായ കഥനങ്ങൾക്കൊരുമ്പെടുക മിക്കകവികളുടേയും പതിവാണല്ലോ. അമ്മാതിരി ആനുഷംഗികങ്ങളായ ഉൽബോധനങ്ങൾ ഒരു ഗണം. ഓരോ സംഭവത്തെ ഓരോ പ്രത്യേക സമ്പ്രദായത്തിൽ പ്രതിപാദിച്ചു്, കണക്കിലുത്തരംപോലെ ഒടുവിൽ സാരോപദേശങ്ങൾ വെച്ചുകെട്ടാതെതന്നെ, ഉൽകൃഷ്ടമായ ജീവിതനിരൂപണം സാധിക്കുന്ന ഒരു മാതിരി കവികളുണ്ടു്. അവരുടെ സൂക്തങ്ങളെ മറെറാരു വിഭാഗമായി വിചാരിക്കാം. പല സംഭവങ്ങളാൽ പല സന്ദേശങ്ങളായിരിക്കും താദൃശന്മാരായ കവീശ്വരന്മാർ വിളംബരംചെയ്യുക. ഇനിയൊരുതരം കവികൾ, ജീവിതത്തെ തിരിച്ചും മറിച്ചും വായിച്ചുപഠിച്ചു് അതിന്റെ പരമമായ അർത്ഥത്തെപ്പററി സമഞ്ജസവും സ്വതന്ത്രവുമായൊരു മതം രൂപവല്ക്കരിച്ചു്, അതിലെ അസമാധേയാംശങ്ങൾക്കെല്ലാം സമാധാനം നൽകി വിരമിക്കുന്നവരായുണ്ടു്. അവരുടെ സാംഗോപാംഗമായ ജീവിതവിമർശങ്ങൾ മുകളിൽ പറഞ്ഞ രണ്ടു ഗണങ്ങളിലും പെടാതെ വേറിട്ടുനില്ക്കുന്നു. കുമാരനാശാന്റെ ജീവിതാവലോകനം പ്രധാനമായി ഈ അന്തിമവിഭാഗത്തിലാണു് ഉൾപ്പെടുക. ഒന്നാമത്തെ വകുപ്പിൽ കൊള്ളിക്കത്തക്കവെണ്ണം കഥാചിൽകമായ തത്വനിർദ്ധാരണങ്ങൾ അദ്ദേഹ

ത്തിന്റെ കൃതികളിൽ സമൃദ്ധമല്ലെന്നില്ല. കരുണയിൽത്തന്നെ ധാരാളമുണ്ടു് അത്തരം അനർഘരത്നങ്ങൾ.

വിശപ്പിനു വിഭവങ്ങൾ.........etc

മൃതിയിലും മഹിളമാർ.........etc.

ഹാ സുഖങ്ങൾ വെറും.........etc.

സ്വാന്തവാളാൽ.........etc.

ഇത്യാദിനോക്കുക. പക്ഷേ അവയുടെ കാന്തിയെ വിനമ്രമാക്കുന്നതാണു് ജീവിതത്തിന്റെ സമഗ്രനിരൂപണംകൊണ്ടു് ആ മഹാകവി പ്രസരിപ്പിച്ചിട്ടുള്ള പ്രോജ്ജ്വലമഹസ്സ്.

മനുഷ്യൻ എവിടെനിന്നുവന്നു? എങ്ങോട്ടുപോകുന്നു? എങ്ങനെവേണം പ്രാപ്യസ്ഥാനത്തെത്താൻ? ഈ വക പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തിയാണല്ലോ ചിന്തകന്മാർ ജീവിതത്തെ വിമർശിക്കാറു്. ആശാനും അങ്ങനെ ചെയ്തിരിക്കുന്നു. സ്വഭാവംകൊണ്ടെന്നല്ല, സംസ്കാരംകൊണ്ടും ഒരു തികഞ്ഞ ആസ്തികനായിച്ചമഞ്ഞ ആശാൻ ജീവിതത്തിന്റെ വിജയാപജയങ്ങൾ നിശ്ശേഷം ഈ ലോകത്തിന്റെ പരിധികളിൽ ഒതുങ്ങുന്നതായി വിചാരിക്കുന്നില്ല. ലോകാന്തഭാഗേതരമായ ഒരു സമ്മാനത്തെ അഭ്യർഥിക്കുന്ന എന്തോ ഒന്നു മനുഷ്യനിൽ അന്തർഭവമായി ഉണ്ടെന്നും, അതിനെ സംരക്ഷണംചെയ്തു ഉന്നയിക്കേണ്ടതാണു് മനുഷ്യന്റെ ചുമതലയെന്നും ആശാനഭിപ്രായമുണ്ടു്. ആ 'എന്തോ ഒന്നിനെ' സ്നേഹത്തിന്റെ പരഭാഗമായി അദ്ദേഹം വ്യപദേശിക്കുന്നു.

സ്നേഹംതാൻ ജീവിതം ശ്രീമൻ
സ്നേഹവ്യാഹതിതന്നെ മരണം

> സ്നേഹം നരകത്തിൻ ദ്വീപിൽ സ്വർഗ്ഗ-
> ഗേഹം പണിയും പടുത്വം.

ഇത്യാദിയിൽ ആ വ്യപദേശം സംക്ഷേപിച്ചിട്ടുണ്ട്. ഏതു കൃതിയും സ്നേഹപരഭാഗസംജ്ഞതമായ ജീവിതസാരത്തിന്റെ ഉത്ഭാവനത്തിനും ഉൽക്കർഷണത്തിനും വേണ്ടിയാണ് ആശാൻ ഉപയോഗിച്ചിട്ടുള്ളത്. പരമാത്ഥമായ സ്നേഹത്തിന്റെ—ദിക്കാലാതീതവും ഭോഗലാഭാനപേക്ഷവുമായ സ്നേഹത്തിന്റെ സാക്ഷാൽക്കരണത്തിനായി സകലരും ത്വരിക്കുന്നു. പക്ഷേ ആ സ്നേഹത്തിന്റെ പ്രാകൃതരൂപങ്ങളെ ആരും ആദിമദശയിൽ അറിയുന്നുള്ളു. പ്രാഗ്രൂപങ്ങളിലൂടെ സ്നേഹത്തിന്റെ പ്രകൃഷ്ടരൂപത്തിലെത്തണമെങ്കിൽ മനുഷ്യനുള്ള ഉത്തമമായ ഉപകരണം ഉൽക്കടമായ ശോകാനുഭവംതന്നെ. ശോകാഗ്നിയിൽ പവിത്രീകൃതമായ ഹൃദയത്തിൽനിന്നു വിമലോജ്ജ്വലമായ സ്നേഹം താനേ നിറകതിർ വീശിക്കൊള്ളും. ഏകദേശം ഇതാണ് ആശാന്റെ സ്നേഹഗീതയുടെ ആന്തരാത്ഥം. വിശേഷാത്തരവും ലോകാചാര്യസമ്മാനിതവുമായ ഈ ജീവിതവ്യാഖ്യാനത്തോടനുബന്ധിച്ചു കിടക്കുന്ന മററനേകം പ്രമേയങ്ങളുണ്ട്. അവയെല്ലാം യഥാർഹം സമാധാനം കണ്ടെത്താൻ ആശാൻ ശ്രമിച്ചിട്ടുള്ളതായിക്കാണാം.

സ്നേഹത്തിന്റെ സ്വർഗ്ഗീയവക്ഷസ്സിൽ വിശ്രമം കൊള്ളുവാൻ ത്വരിക്കുന്ന മനുഷ്യന് ലോകത്തിൽ സന്തോഷത്തേക്കാളധികം സന്താപമാണുപകരിക്കുകയെന്നു പറയുന്ന ആശാൻ, വിഷാദാത്മകനാണ്, നൈരാശ്യവാദിയാണ്, എന്നുംമററും ചില നിരൂപകന്മാർ അവലാതിപ്പെടുന്നുണ്ട്. വാസ്തവത്തിൽ ആശാൻ നൈരാശ്യവാദിയല്ല. തോമസ് ഹാർഡിയെപ്പോലെ, ലോകത്തോടു ശുണ്ഠികടിച്ച് തൂങ്ങിച്ചാകുവാൻ ആളുകളെ അനുവദിക്കുന്ന 'പെസ്സിമിസം'

ആശാൻ പ്രസംഗിച്ചിട്ടില്ല. ലൌകികസുഖങ്ങളെ, അവയുടെ ശരിയായ വിലയ്ക്കുവേണം വാങ്ങാൻ എന്നേ അദ്ദേഹത്തിനു വാദമുള്ളു. 'നരജീവിതമായ വേദന' എന്നു പറയുമ്പോഴും ആശാൻ, തലയിൽ കൈ വെച്ചുകൊണ്ടു് ജീവിതത്തെ ശപിക്കുന്നുവെന്ന് അർത്ഥമാക്കിക്കൂടാ. കാര്യകാരിയായി ജീവിതത്തിൽ വേദനയല്ലാതെന്തുണ്ടു്? എങ്ങനെ നോക്കിയാലും ജീവിതം പരമാർത്ഥങ്ങളെ 'വേദനം' ചെയ്യുന്നതായിരിക്കണമെന്നു് ആശാൻ പ്രതീക്ഷിക്കുംപോലെ തോന്നുന്നു. ക്ഷണപ്രഭാചഞ്ചലങ്ങളും സകലമനോവഞ്ചകങ്ങളുമായ സുഖങ്ങൾ ഒടുവിലും, ദുഃഖങ്ങൾ അപ്പപ്പോൾതന്നേയും ദ്വിധാ 'വേദന'കളായിത്തീരും.

കുമാരകവിയുടെ ഈ 'ഫിലോസഫി' ലോകായതികമതികളായ പലർക്കും രുചിച്ചില്ലെന്നു വന്നേക്കാം. എന്നിരുന്നാലും ജീവിതത്തെ സനിഷ്കർഷം അപോദ്ധരിച്ചു പഠിച്ചു് അതിൻെറ വില നിർണ്ണയിക്കുന്നതിനു ഒരു കവിയുടെ നിലയിൽ അദ്ദേഹം ചെയ്തിട്ടുള്ള യത്നം ഏററവും ശ്ലാഘനീയമാണു്. മററു കവികളിലാർക്കും ജീവിതത്തെപ്പററി ഇത്ര ഗാഢമായാലോചിക്കുവാനുള്ള ത്രാണിയോ സൌകര്യമോ ഉണ്ടായിട്ടില്ല.

തത്വസംഹിത എന്തായാലും നേരെ വിളിച്ചുപറഞ്ഞു വായനക്കാരുടെ രസക്കേടു സമ്പാദിക്കുന്ന കവികളാണു് ഇക്കാലത്തധികം. ആശാൻെറ തത്വബോധനരീതി അങ്ങനെ നിരസാപാദകമല്ല. അദ്ദേഹം കവികളിൽ തത്വജ്ഞനും തത്വജ്ഞരിൽ കവിയുമാണു്. നേരിട്ടുള്ള തത്വകഥനം കവിതയാക്കണമെങ്കിൽ ഭഗീരഥയത്നം ചെയ്യേണ്ടിവരുമെന്നും അതു ചെയ്താൽക്കൂടി പല ഉൽബോധനങ്ങളും വായനക്കാരിൽ തറച്ചുകയറാതെ, മാനത്തെറിഞ്ഞ വടിപോലെ, താഴെ വീഴുമെന്നും അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ടു്.

തന്നിമിത്തം അദ്ദേഹം സംഭവനിബിഡമായ ജീവിതം കലാകുശലതയോടെ ചിത്രണം ചെയ്തു് അതിൽ തൻെറ തത്വസംഹിതയെ അന്തർഹിതമാക്കുവാൻ മുതിന്നിരിക്കുന്നു. കരുണതന്നെ ഒരു ഉദാഹരണമാണു്. ഒരഭിസാരികയുടെ ജീവിതം കാമത്തിലും അത്ഥത്തിലും നിന്നുയൻ് പ്രേമത്തിലൂടെ കരുണയുടെ കൈപിടിച്ചുകൊണ്ടു് മോക്ഷത്തിലേക്കു കടക്കുന്നൊരു സ്ത്രീയുടെ ജീവിതം — കവിതാവിലസിതമായ മാതിരിയിൽ വർണ്ണിച്ചിട്ടാണു് അദ്ദേഹം അതിൽ തൻെറ ദർശനകോടികൾ അടക്കിയിട്ടുള്ളതു്. അവ മുഴുവൻ ഏതാനും പദ്യക്കൻവരികളിൽ പ്രതിപാദിതമായെന്നിരിക്കട്ടെ. തീച്ചയായും അവ ഇന്നു കാണുംപടി സഹൃദയസംവേദ്യമാകുകയില്ല. ഈ വസ്തുത നമ്മുടെ 'മിടുമിടുക്കന്മാരായ കവികൾപോലും ധരിച്ചുകഴിഞ്ഞിട്ടില്ല. അവർ കഥാകഥനം ഒരുവക പഴഞ്ചൻപതിവായിത്തള്ളിയിരിക്കുന്നു. എന്നാൽ മഹാകവി വള്ളത്തോൾ ഒററയൊററ സംഭവങ്ങളേയും മഹാകവി കുമാരനാശാൻ നെടുജീവിതങ്ങളേയും വർണ്ണിക്കുന്നതിനിടയിൽ സാധിച്ചിട്ടുള്ള ജീവിതനിരൂപണത്തിൻെറ അകൃത്രിമത്വവും ഹൃദയംഗമത്വവും എത്രയെന്നു് ധരിച്ചിട്ടുള്ളവർ കേവലതത്വകഥനത്തെ താലോലിക്കയില്ല.

## IV

'റിയലിസം' അഥവാ യഥാതഥവർണ്ണനം.

കുഞ്ചൻനമ്പ്യാരുംമററും പുരാണേതിവൃത്തങ്ങളിൽ ഉദ്ഭടമായോ അനുദ്ഭടമായോ കേരളീയഛായ കലത്തിയിട്ടുണ്ടെങ്കിലും ജീവിതത്തേയും തൽപരിതഃസ്ഥിതികളേയും, സംസ്കൃതകാവ്യങ്ങളാകുന്ന കണ്ണടകൾ വെക്കാതെ, സ്വന്തം കണ്ണുകൊണ്ടു നേരിട്ടും സൂക്ഷ്മമായും വീക്ഷിക്കുന്ന സമ്പ്രദായം അടുത്ത കാലംവരെ നമ്മുടെ കവികൾ കൈക്കൊണ്ടിട്ടില്ലാ

യിരുന്നു. ശാസ്ത്രോക്തങ്ങൾ ആദരിക്കയാണെങ്കിൽക്കൂടി, എന്തിനേയും നേരിട്ടു ദർശിച്ച്—എന്നുവെച്ചാൽ അനുഭവത്തെ അടിസ്ഥാനമാക്കി – സ്വതന്ത്രമായി വർണ്ണിക്കുകയാണു ഉത്തമകവിയുടെ ധർമ്മമെന്നു പ്രവൃത്തികൊണ്ടു കാണിച്ചവരിൽ പ്രഥമഗണനീയനാണ് കുമാരനാശാൻ. അദ്ദേഹത്തിന്റെ വർണ്ണനകൾ സങ്കേതജടിലങ്ങളോ യഥാർത്ഥത്തിൽനിന്ന് അകന്നവയോ അല്ല. കരുണയിലെ നായികാവതരണം, വർത്തകാഗമനം, ശ്മശാനം, മുക്തിദാനം, തൽഗ്രഹണം ഇത്യാദിയോ; ചണ്ഡാലഭിക്ഷുകിയിലെ നായികാനായകന്മാരുടെ പ്രഥമദർശനം, നായികയുടെ അനന്തരവികാരങ്ങൾ, അവളുടെ ഗൃഹത്യാഗവും ആശ്രമപ്രാപ്തിയും, അവളുടെ പരിവർത്തനം, യഥാസ്ഥിതികന്മാരും ഉല്പതിഷ്ണുക്കളും തമ്മിലുള്ള സംഘർഷണം, കോടതികയററം ഇത്യാദിയോ നോക്കുക. ഓരോന്നും സാംഗത്യസീമയെ അതിക്രമിക്കുന്നില്ലെന്നു മാത്രമല്ല, വായനക്കാരുടെ പരിചയത്തിൽനിന്നുദിച്ചതോ എന്നു തോന്നുമാറ് ഏററവും സ്വാഭാവികമായിരിക്കക്കൂടി ചെയ്യുന്നു. അനുഭവത്തോടുള്ള ഈ അടുപ്പം വർത്തകന്റേയും ശ്മശാനത്തിന്റേയും വർണ്ണനങ്ങളിൽ വിശേഷിച്ച് പരിസ്ഫുടമായിട്ടുണ്ട്. 'ദുരവസ്ഥ'യിലേക്കു കടന്നാൽ വർണ്ണനകൾ കുറേക്കൂടി അനുഭവോത്ഥാപിതമായിക്കാണാം. ഇതിവൃത്തങ്ങളും പരിതഃസ്ഥിതികളും എത്രത്തോളം നമ്മുടെ സാധാരണജീവിതത്തോടടുക്കുന്നുവോ അത്രത്തോളം വർണ്ണനകൾ 'റിയലസ്റ്റിക്കാ'ണെന്നുവേണം പറയുവാൻ. സാധാരണത്വം കുറഞ്ഞ സംഭവങ്ങളിലും കഴിയുന്നത്ര 'റിയലിസം' വരുത്താൻ ആശാൻ ഉത്സാഹിച്ചിട്ടുണ്ട്. കരുണയിലെ അന്തിമഘട്ടമോ ചണ്ഡാലഭിക്ഷുകിയിലെ ആദിമഖണ്ഡങ്ങളോ സൂക്ഷിച്ചു വായിക്കുക. ചണ്ഡാലഭിക്ഷുകിയിൽ ആനന്ദന്റേയും മാതംഗിയുടേയും പ്രഥമദർശനവും അനന്തരം മാതംഗിക്കുണ്ടാകുന്ന വികാരങ്ങളും അവയാൽ പ്രേരിതയായി അവൾ പോകുന്ന പോക്കും, വർണ്ണിക്കുന്നതിൽ ശാസ്ത്രോക്തങ്ങളെ കട-

കിടപോലും അവഗണിക്കാതെ, സ്വാഭാവികത്വത്തിൻെറ മൂർദ്ധന്യത്തോളം എത്തുന്നതിനു കവികു കഴിഞ്ഞിട്ടുണ്ടു്. ചുരുക്കത്തിൽ ആശാൻെറ 'റിയലിസം', എന്തും അനുഭവേദ്യമായമട്ടിൽ വർണ്ണിക്കുക എന്നുള്ളതാകുന്നു. നായികാനായകന്മാരെയും മററു പാത്രങ്ങളേയും 'അതിശയോക്തി'പരികല്പിതമായ സങ്കേതപഞ്ജരത്തിലിട്ടു വളർത്തുന്ന പഴയ സമ്പ്രദായത്തോടുള്ള യാത്രപറച്ചിലാണു് ആശാൻെറ 'റിയലിസം'.

ചിലർ ചോദിച്ചേക്കാം, എന്തും യഥാതഥമായി വർണ്ണിക്കുന്ന റിയലിസമല്ലേ ആശാൻേറതെന്നു്. യഥാതഥമെന്നതിനു്, യാതൊന്നും വിടാതെ സകലവും എണ്ണിയെണ്ണിപ്പറയുക എന്നാണു് അർത്ഥം വിവക്ഷിക്കുന്നതെങ്കിൽ, ആ 'റിയലിസം' കുമാരനാശാൻ ധന്യവാദംചെയ്യുന്നില്ലെന്നു് ഉറപ്പിച്ചുതന്നെ പറയാം. ഏതു സ്വാഭാവികമായ വർണ്ണന പരിശോധിച്ചാലും കാണാം കുമാരകവിയുടെ കലാകൌശലം. ഒരു സംഭവത്തിൻേറയോ രംഗത്തിൻേറയോ വ്യക്തിയുടേയോ പ്രതീതി ഉളവാക്കുവാൻ ഏതേതംശങ്ങൾ വർണ്ണിക്കണമോ അവ മാത്രമേ അദ്ദേഹം സ്പർശിക്കയുള്ളൂ. ആ സ്പർശനത്തിലും വർത്തിക ചിലേടത്തു കനപ്പിക്കുവാനും മററു ചിലേടത്തു ക്രുപ്പിക്കുവാനും അദ്ദേഹത്തിനറിയാം. അപ്രധാനങ്ങളും സുപ്രധാനങ്ങളും പരിത്യാജ്യങ്ങളും അപരിത്യാജ്യങ്ങളും വിവേചിക്കുവാൻ വേണ്ട ത്രാണി അദ്ദേഹത്തിനുണ്ടെന്നർത്ഥം.

സുഖദുഃഖങ്ങളിൽ രണ്ടാമത്തേതിനെ മാത്രം വർണ്ണിക്കുന്ന 'റിയലിസ'മാണു കുമാരനാശാൻേറതെന്നു തോന്നുന്നവരും ഇല്ലെന്നില്ല. അവർ ഒന്നോക്കേണ്ടതുണ്ടു്. ആശാൻ ദുഃഖം വർണ്ണിച്ചിട്ടുണ്ടെങ്കിൽ അതു ലോകത്തിലെ കഷ്ടപ്പാടുകളുടെ ഒരു പട്ടിക ഹാജരാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂ

ടിയല്ല, നേരേ മറിച്ചു മാനുഷചൈതന്യത്തിൻെറ ഉച്ചകോടിയെ അനാവരണംചെയ്യണമെന്നുള്ള മഹനീയാദർശത്തോടുകൂടിയാണു്. അദ്ദേഹത്തിൻെറ കൃതികളിൽ സന്താപസംകുലമായ ജീവിതം, ലോകത്തെ സർവ്വശക്തികളോടുംകൂടി ശപിക്കുന്ന നാറിപ്പൊളിഞ്ഞ 'റിയലിസ'ത്തിനു പകരം മനുഷ്യൻെറ ആത്മശക്തിയെ ഉത്തേജിപ്പിക്കുന്ന അത്യുജ്ജ്വലമായ 'ഐഡിയലിസ'മാണു് ഉദാഹരിച്ചിട്ടുള്ളതെന്നു് അല്പമാലോചിച്ചാലറിയാം.

സാധാരണന്മാരുടെ കണ്ണിൽ നളിനിയിലേയും കരുണയിലേയും മററും ജീവിതം ശോകപര്യവസിതം തന്നെ. എന്നാൽ കവിയുടേയും തൽസദൃശന്മാരുടേയും നോട്ടത്തിൽ അതു വിജയശ്രീലാളിതമാണു്. എങ്ങനെയെന്നു ചോദിച്ചാൽ, ഷേക്സ്പിറിയൻ ട്രാജഡികളിൽപോലെയെന്നു മാത്രമാണുത്തരം. പക്ഷേ അങ്ങനെ 'ഐഡിയലിസ'ത്തിൽ കലാശിക്കുന്ന ജീവിതത്തിൻെറ ഓരോ ദശയും തികഞ്ഞ 'റിയലിസ'ത്തോടുകൂടിയാണു് വർണ്ണിക്കപ്പെട്ടിട്ടുള്ളതെന്നു സമ്മതിക്കാം. ചണ്ഡാലഭിക്ഷുകിയെപ്പോലെയുള്ള കൃതികളിൽ വർണ്ണിതമായ ജീവിതം, മരണത്തിലല്ല പര്യവസാനിക്കുന്നതെങ്കിലും ലോകായതികന്മാരുടെ ദൃഷ്ടിയിൽ സന്താപജർജ്ജരിതമെന്നേ വരികയുള്ളു. പക്ഷേ അവിടേയും ആശാൻെറ പോക്കു് 'ഐഡിയലിസ'ത്തിലേക്കാണു്.

നാനാവിഷയങ്ങളുടെ വർണ്ണനയെ 'യഥാതഥം' അല്ലെങ്കിൽ അനുഭവാത്മകമാക്കുന്നതിൽ കുമാരമഹാകവി കുചേലവൃത്തകാരനെ മനഃപൂർവ്വം അനുകരിച്ചിരിക്കണമെന്നു സാഹിത്യപഞ്ചാനനൻ ഘോഷിക്കയുണ്ടായല്ലൊ. അതേപ്പററി ഇവിടെ ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. മലയാളകവിതയുടെ ചരിത്രം പദാൽപദം പരിശോധിച്ചാൽ വർണ്ണനകൾക്കുള്ള അനുഭവാത്മകത്വം, എങ്ങനെ കവികളുടെ നൈ

ജമായ ലോകാലോകനത്തോടൊപ്പം വളൻവന്നവെന്നു കാണാം. ആ വളച്ച്യുടെ പൂവിടലാണു് ആശാൻെറ 'റിയലിസം.' അതിനു പ്രേരകമായി അദ്ദേഹത്തിനു യാതൊരു മാതൃകയും ഉണ്ടായിരുന്നില്ലെന്നു പറഞ്ഞുകൂടാ. മലയാളത്തിലും സംസ്കൃതത്തിലും ഇംഗ്ലീഷിലും, ഒരു പക്ഷേ ബംഗാളിയിലും നല്ല അവഗാഹം നേടിയിരുന്ന അദ്ദേഹത്തിനു് ഉത്തമനിദശനങ്ങൾ ലഭിക്കുവാൻ തെല്ലും ക്ലേശിക്കേണ്ടിവന്നിരിക്കയില്ല.

നീവാരാഃ ശുകഗർഭകോടരമുഖ
ഭ്രഷ്ടാസ്തരൂണാമധഃ etc

കണ്ഡൂലദ്വിപഗണ്ഡപിണ്ഡകഷണാ
കമ്പേനസംപാതിഭിഃ etc

എന്നിങ്ങനെ 'റിയലിസം' തുളുമ്പുന്ന വണ്ണനകൾ എത്രയെത്ര സംസ്കൃതത്തിൽ തന്നെയുണ്ടു്? അവ കുമാരകവിക്കു് ഉദ്ബോധകങ്ങളായിരുന്നിരിക്കാൻ പാടില്ലേ? മലയാളത്തിലെ മിക്ക കവികളും അവ വായിച്ചാസ്വദിച്ചിട്ടുള്ളവരാണല്ലോ. അവരിൽ അധികംപേരും അവയെ കാലദേശഭേദം ഗൌനിക്കാതെ പകത്താനേ ഒരുമ്പെട്ടുള്ളു. ആശാനെപ്പോലെയുള്ളവരാകട്ടെ അവയിലടങ്ങിയ കലാരഹസ്യം അവധാരണംചെയ്തു് പുതിയ പുതിയ വിഷയങ്ങൾ വണ്ണിക്കുവാൻ കെൽപ്പുള്ളവരായി. ഇംഗ്ലീഷിൽ ആരായുകയാണെങ്കിൽ, ആശാൻെറ റിയലിസത്തിനും ഐഡിയലിസത്തിനും ഉയിരരുളിയ നിശ്വാസങ്ങൾ എങ്ങുനിന്നു വന്നുവെന്നു കുറേക്കൂടി വ്യക്തമായി മനസ്സിലാക്കാം. ഈ വസ്തുതകൾ മറന്നിട്ടോ മറച്ചിട്ടോ സാഹിത്യപഞ്ചാനനൻ പറയുംപോലെ കുചേലവൃത്തം വഞ്ചിപ്പാട്ടായിരുന്നിരിക്കണം കരുണയിലെ വണ്ണനകൾക്കു സംപ്രേരകമെന്നഭിപ്രായപ്പെടാൻ പ്രയാസം വളരെയുണ്ടു്. കുചേലവൃത്തം നല്ലൊരു ഖണ്ഡകാവ്യമാണെന്നു

എളുപ്പത്തിൽ സമ്മതിക്കാമെങ്കിലും, കലാശില്പത്തികവിൽ അതും കരുണയും തമ്മിൽ ഇണക്കമുണ്ടെന്നു പറയുന്നുവെങ്കിൽ സഹൃദയത്വത്തിന്ന് പുതിയൊരു നിർവ്വചനം കണ്ടുപിടിക്കേണ്ടിവരും. യഥാർത്ഥത്തിൽ കുചേലവൃത്തകാരന്റെ വർണ്ണനകൾ, ഭക്തികൊണ്ടും രാജപ്രീണനോൽകണ്ഠകൊണ്ടും വിസ്ഫുരിതങ്ങളാണ്. തന്നിമിത്തം സ്വഭാവോക്തിയേക്കാളധികം അതിശയോക്തി അവയിൽ കടന്നുകൂടിയിരിക്കുന്നു. ആ സ്ഥിതിക്ക് അവയെ 'റിയലിസ'ത്തിന്നുദാഹരിക്കുന്നതബദ്ധമായിരിക്കും. പഴമയുടേയും പുതുമയുടേയും ഇടയ്ക്ക് പേടിച്ചു നിലകൊള്ളുന്ന അവയെ കരുണയിലെ വർണ്ണനകൾക്കു വഴികാട്ടികളാക്കിയാൽ ആ ഉദ്യോഗത്തിന്ന് തങ്ങളെക്കൊണ്ടാവില്ലെന്ന് അവ നിലവിളിച്ചു പറയും.

## V

### അലങ്കാരനിവേശനം.

ഒരു കാലത്തു ശബ്ദഭംഗിയിൽ ഭ്രമിച്ച മലയാളകവിത മറെറാരുകാലത്തു അലങ്കാരശോഭയിൽ മതിമറന്നു വശായി. അങ്ങനെയിരിക്കെയായിരുന്നു ആശാന്റേയും വള്ളത്തോളിന്റേയും ഇതര നവീനകവികളുടേയും പുറപ്പാട്. അവർ, ശബ്ദഭംഗിക്കും അലങ്കാരപ്പകിട്ടിന്നും കവിതയിൽ വന്നുകൂടിയ അയഥാർത്ഥമായ സ്ഥാനം നിരാകരിക്കതന്നെചെയ്തു. കുവലയാനന്ദത്തിലുള്ള സകലാലങ്കാരങ്ങളുടേയും ഉദാഹരണങ്ങൾ നിരത്താനുള്ള വെമ്പലോ, അലങ്കാരദ്വാരാ തങ്ങളുടെ വിജ്ഞാനഭാണ്ഡം അഴിച്ചുകാട്ടാനുള്ള തിടുക്കമോ അവക്കുണ്ടായില്ല. അവരിൽ വിശേഷിച്ചു ആശാൻ ഉല്ലേഖഗായകനാകാൻ സ്വപ്നേപി അഭിലഷിച്ചിരുന്നില്ല. അലങ്കാരങ്ങളിൽ ഏതെല്ലാമാണ് പരമാർത്ഥത്തിൽ സൌന്ദര്യാധായകങ്ങളെന്നും അവയെ എങ്ങനെ വേണം തിരഞ്ഞെടുത്തുപയോ

ഗിക്കാനെന്നും അവയുടെ പരമധൎമ്മങ്ങൾ എന്തെല്ലാമാണെന്നും അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കിയിരുന്നു.

വൎണ്ണനാവിഷയം എന്തായാലും, അതിനെപ്പററി വായനക്കാൎക്കുണ്ടാകുന്ന പ്രതീതിക്കു വ്യക്തിയും ശക്തിയും വരുത്തുകയെന്നതാണ് അലങ്കാരത്തിൻെറ പ്രധാനോദ്ദേശം. സ്ഥാനസ്ഥമായ ഒരു പോറൽകൊണ്ടു് ചിത്രകാരനെന്നപോലെ സംക്ഷിപ്തഭാസുരമായ ഒരലങ്കാരംകൊണ്ടു് കവി വൎണ്ണ്യവിഷയത്തെ വിസ്പഷ്ടോജ്ജ്വലമാക്കിച്ചെയ്യുന്നതാണ്. ഇക്കാൎയ്യത്തിൽ കവി വിജയിയാകണമെങ്കിൽ അദ്ദേഹം തിരഞ്ഞെടുക്കുന്ന അലങ്കാരം സമുചിതവും, ക്ലേശംവിനാ സമ്പാദിതവും, കഥനവൈചിത്ര്യമാത്രാനപേക്ഷവുമായേ കഴിയൂ. ഈ പ്രത്യേകതകൾ ഹോമറുടേയും വാല്മീകിയുടേയും കാളിദാസൻേറയും അലങ്കാരങ്ങൾക്കു് വേണ്ടുവോളമുണ്ടു്. രഘുവംശത്തിലും, കുമാരസംഭവത്തിലും, ശാകുന്തളത്തിലും ഉള്ള പ്രയോഗങ്ങൾ പരിശോധിക്കുക. വൎണ്ണ്യവിഷയത്തിൻെറ നാലുപാടും തിരിഞ്ഞുനോക്കുമ്പോഴക്കും ഉചിതാലങ്കാരങ്ങൾ കവിക്കു ലഭിക്കുന്നതായി കാണാം. ഓരോന്നും അക്ലിഷ്ടമനോഹരം. കണ്ടാൽ കല്ലുവെച്ചപോലെ തോന്നും. ഇതാണ് 'ഉപമാകാളിദാസസ്യ' എന്നെല്ലാം പ്രാചീനന്മാർ പ്രശസ്തി പാടിയതിൻെറ കാരണം. അലങ്കാരനിവേശനത്തിൽ ആശാൻ കാളിദാസാദികളുടെ അക്രീതദാസനാണ്.

ഖിന്നമുഖിയാമവൾ തൻകെടുന്ന സംജ്ഞ, വിരലാ-
ലുന്നായിച്ചദീപംപോലൊന്നുജ്ജ്വലിക്കുന്നു

എന്നും,

പരംപിന്നെ യുഴന്നൊങ്ങും മിഴികളൊന്നുഴിഞ്ഞങ്ങ-
ത്തരയിലവൾ ജീവിച്ച ശ്രദ്ധിതേടിട്ടും

ക്ഷണത്തിൽച്ചെന്നു ഞെരുങ്ങി പ്രപഞ്ചം നിന്നാഹോ ഹിമ-
കണത്തിൽ ബിംബിച്ചകാണും കാനനംപോലെ

എന്നും ഉള്ള യശോലാളിതങ്ങളായിട്ടില്ലാത്ത ഉപമകളെ ക്കറിച്ചാലോചിക്കുക. അവ എത്ര അക്ലിഷ്ടങ്ങളും സന്ദർഭാനുരൂപങ്ങളും കമനീയങ്ങളുമായിരിക്കുന്നു! അണയാറായ വിളക്കിന്റെ തിരി വിരൽകൊണ്ടൊന്നു നീട്ടിയാൽ പെട്ടെന്നുണ്ടാകുന്ന ദീപ്തിവിലാസം, മിക്കവാറും നിസ്സംജ്ഞയായ വാസവദത്തയ്ക്കു് നായകകരസ്പർശത്താൽ ഉടനടി അനുഭവപ്പെട്ടുന്ന വികാരവിജൃംഭണത്തെ, ഒരിന്ദ്രജാലത്താലെന്നോണം വെളിപ്പെടുത്തുന്നുണ്ടു്. ഇത്രതന്നെ അഭിനന്ദനീയമാണു് നിർവാണാർഹയായ നായികയുടെ ക്ഷാളിതഹൃദയത്തിൽ ലോകഭോഗങ്ങളൊന്നിച്ചു അവസാനക്കയ്യായി എത്തിനോക്കുന്നതിനെ പട്ടുതപത്തോടെ വർണ്ണിക്കുന്ന രണ്ടാമത്തെ ഉപമാനവും. രണ്ടും അതീവസാധാരണങ്ങളാം. അവ മനസ്സിലാക്കുവാൻ വായനക്കാരനു വിശേഷിച്ചു പാണ്ഡിത്യമൊന്നും വേണ്ടതില്ല. ചണ്ഡാലഭിക്ഷുകിയിൽ,

പൊന്മുകിൽച്ചാർത്തുകളം നീക്കി-യുദി-
ച്ചുന്മുഖനാം രവിപോലെ

എന്നുള്ള ഉപമയുടെ പഴക്കം ലോകാരംഭത്തോളം എത്തുന്നുണ്ടു്. എന്നിട്ടും അതിരിക്കുന്ന സന്ദർഭത്തിൽ അതിനുള്ള ഔചിത്യം കുറച്ചല്ല.

൧. ഭാസുരനക്ഷത്രംപോലെ ഭംഗിയിൽ വിടുന്നീടുന്ന
കേസരമുകുളമുണ്ടോ ഗന്ധമേലാതെ?

൨. ഭാനുമാനിൽനിന്നു്-കടപൊട്ടിപ്പറന്നെത്തും കതി-
(രുപോലെ

൩. തടിയനരയാലതു തലയിൽ തീകാളും നെട്ടം-
ചുടലബ്ഭൂതം കണക്കേ ചലിച്ചുനിൽപ്പൂ.

൪. അന്തിമമാം മണമപ്പിച്ചുടിവാൻ മലർകാക്കില്ലേ
ഗന്ധവാഹനെ? രഹസ്യമാക്കറിയാവൂ.

൫. ബദ്ധപങ്കമായോട്ടന്നിതൊരു കാലംനദി, പിന്നെ
ശുദ്ധികലർന്നൊരു കാലം ശോഭ തേടുന്നു.

ഇത്യാദി സാമ്യമൂലകങ്ങളായ അലങ്കാരങ്ങൾ ഒട്ടുവളരെ കരുണയിൽത്തന്നെയുണ്ടു്. അവയെല്ലാം അദൂരാനീതങ്ങളും സന്ദർഭോചിതങ്ങളും നിപുണനിവേശിതങ്ങളുമാണെന്നു് ആരും സമ്മതിക്കും. ശ്ലേഷംകൊണ്ടോ മറ്റേതെങ്കിലും സർക്കസ്സുകൊണ്ടോ വായനക്കാരനെ അന്ധാളിപ്പിക്കുന്ന അലങ്കാരങ്ങളൊന്നും ആശാൻ ഉപയോഗിക്കാറില്ല.

പിഴിഞ്ഞാൽ നീരില്ലാത്ത പഴഞ്ചൻ സങ്കേതങ്ങൾകൊണ്ടുള്ള ഉപമാനാദികളും അദ്ദേഹം തള്ളിയിരിക്കുന്നു. എന്നുവെച്ചിട്ടു്, ചില കവികളെപ്പോലെ മോട്ടോർകാറും വിമാനവും വൈദ്യുതദീപവും മറ്റും ഇറക്കുമതിചെയ്തു്, എങ്ങനെയെങ്കിലും അലങ്കാരങ്ങൾക്കു നവീനത്വം സാധിക്കുവാൻ അദ്ദേഹം ബദ്ധപ്പെടുന്നതായി കാണുകയില്ല. എന്നും പ്രാചീനവും എന്നും അർവാചീനവുമായ പ്രകൃതിതന്നെയാണു് ആശാന്റെ അലങ്കാരമഹാകോശം. ഇതേവരെ ഉദ്ധരിച്ചിട്ടുള്ള അലങ്കാരങ്ങളെല്ലാംതന്നെ പ്രകൃതിയിൽനിന്നുപാത്തങ്ങളാണു്. പഴമ അവയുടെ മേന്മയ്ക്കു് ബാധകമല്ല. എന്തും ഉചിതവും സുന്ദരവുമാക്കിത്തീർക്കുവാൻ കവിക്കു കഴിയുമെന്നു് അവ കാണിക്കുന്നു. പ്രകൃതിയെ മനുഷ്യാനുഭവങ്ങളോടു് അനുകമ്പയുള്ളതാക്കി വർണ്ണിക്കുവാനും ആശാൻ ശക്തനായിട്ടുണ്ടു്.

'യമുനയിലിളംകാററു തിരതല്ലി' ഇത്യാദി അതിനുദാഹരണമാകുന്നു.

മഹാകവി വള്ളത്തോൾ ഒരിക്കൽ പറകയുണ്ടായി, ഏറെക്കുറെ വാസനയും പഠിപ്പും പരിചയവും ഉള്ളൊരു കവിക്കു നൂതനാലങ്കാരങ്ങൾ എത്ര വേണമെങ്കിലും കിട്ടും, പക്ഷേ, അവ വേണ്ട സ്ഥാനങ്ങളിൽ വേണ്ട മാതിരി ഘടിപ്പിക്കുവാനാണു് വിഷമം എന്നു്. ഇതൊരു വലിയ പരമാത്ഥമാണു്. ആശാൻ ഈ തത്വം സമ്പൂണ്ണമായി ധരിച്ചിരുന്നു. വണ്ണനാവിഷയത്തെ വായനക്കാരന്റെ കണ്ണിൽനിന്നു മറച്ചുകളയത്തക്കവണ്ണം ഒരിടത്തെങ്കിലും അദ്ദേഹം അലങ്കാരം പ്രയോഗിച്ചു കണ്ടിട്ടില്ല. എവിടെയാണു് അലങ്കാരത്തിന്റെ ആവശ്യം എവിടെയാണു് അതു് അനാവശ്യം—ഈ വകതിരിവു് ശ്രേഷ്ഠകവികളുടെ മുഖ്യധമ്മങ്ങളിൽ ഒന്നാണെങ്കിൽ, അതു കുമാരനാശാനുള്ളേടത്തോളം മററധികം കവികൾക്കില്ല.

## VI

### പാത്രവിധാനം.

---

നാടകത്തിലും നോവലിലുമല്ലാതെ, കവിതയിലുണ്ടോ പാത്രനിമ്മാണമെന്നു് അടുത്ത കാലംവരെ മലയാളികൾ സംശയിച്ചിരുന്നു. സങ്കല്പവിഭാസുരമായ വണ്ണനയിൽ കവിഞ്ഞൊന്നും കവിതയിലില്ലെന്നായിരുന്നു മിക്കവരുടേയും ധാരണ. കുറെ നാളായി ആ ധാരണയ്ക്കു മാററം ഭവിച്ചിട്ടുണ്ടു്. അതിനു സഹായിച്ച കരുക്കളിൽ കാൎയ്യപ്പെട്ടവയാകുന്നു ആശാന്റെ കൃതികൾ. പാത്രനിമ്മാണവിഷയത്തിൽ അദ്ദേഹം സാധിച്ചിട്ടുള്ളതെന്താണു്? നായികാനായകന്മാരുടേയും ഉപപാത്രങ്ങളുടേയും ബഹിരംഗങ്ങൾ നീട്ടി

ല്പിടിച്ചു വണ്ണിക്കുക, അവരുടെ സ്വഭാവങ്ങളും പെരുമാററങ്ങളും, പത്രറിപ്പോർട്ടുകളിലെന്നപോലെ, എണ്ണിയെണ്ണി വിവരിക്കുക— ഈ രണ്ടു പതിവുകളും അദ്ദേഹം വെടിഞ്ഞിട്ടുണ്ടു്. ഏതു പാത്രത്തേയും, വേർതിരിച്ചറിയാൻ വേണ്ട ബഹിരംഗവണ്ണനകൊണ്ടവതരിപ്പിക്കുക, അനന്തരം സ്വകീയമായ വാക്കമ്മങ്ങൾകൊണ്ടു് സ്വഭാവം വെളിപ്പെടുത്താൻ അതിനു് അവസരം നൽകുക, ഇടയ്ക്കു് അവശ്യം വേണ്ട 'റിമാർക്കുകൾ'മാത്രം കവിയുടെ വകയായിച്ചെയ്യുക — ഇവയാണു് മേല്പറഞ്ഞവയ്ക്കു് പകരം ആശാൻ അനുവത്തിച്ചിട്ടുള്ള നയങ്ങൾ. അടിയുറച്ചൊരു നോവലെഴുത്തുകാരൻെറ നയങ്ങൾതന്നെ. പാത്രങ്ങളുടെ ആകൃതിയിലും ആഡംബരങ്ങളിലുമെന്നതിനേക്കാളധികം പ്രകൃതിയിലും പ്രവൃത്തികളിലുമാണു് അദ്ദേഹത്തിൻെറ നോട്ടം. ആദ്യത്തെ സംക്ഷിപ്തമായ വണ്ണനകൊണ്ടു് ആളെ ചിത്രത്തിലെന്നപോലെ അദ്ദേഹം ആവിഷ്കരിച്ചു കഴിയും. അനന്തരശ്രമങ്ങളശേഷം ആ വ്യക്തിയുടെ ഹൃദയം തുറന്നു കാണിപ്പാനായിരിക്കും. ലോകസ്വഭാവനിരിക്ഷണത്തിൽ അദ്ദേഹത്തിനുള്ള അന്യാദൃശമായ വൈഭവം അപ്പോഴാണു് വെളിപ്പെടുക. കരുണയിൽ വാസവദത്ത, ഉപഗുപ്തൻ, വത്കകത്തലവൻ എന്നിവരെ എവിടെക്കണ്ടാലും തിരിച്ചറിയാൻ കഴിയും. അവരുടെ സ്വഭാവങ്ങൾ കവി എങ്ങനെ പടിപ്പടിയായി വികസിപ്പിച്ചു കാട്ടിയിരിക്കുന്നുവെന്നു് ഒന്നാംഭാഗത്തിൽ വിസ്തരിച്ചിട്ടുണ്ടല്ലോ. നളിനി, ദിവാകരൻ, മാതംഗി, ലീല, സാവിത്രി എന്നിങ്ങനെ അദ്ദേഹം സൃഷ്ടിച്ചിട്ടുള്ള ഇതരപാത്രങ്ങളും 'കവിരേവപ്രജാപതിഃ' എന്നുള്ള ശ്ലാഘയ്ക്കു് അദ്ദേഹത്തെ അർഹനാക്കുന്നുണ്ടു്. ഒരാക്ഷേപം ചിലർ പറഞ്ഞേക്കാം. അദ്ദേഹത്തിൻെറ സൃഷ്ടികൾ അവസാനത്തിൽ ആദശപ്രതിരൂപങ്ങളായിപ്പോകുന്നുവെന്നു്. ശരിയാണു്; 'ഐഡിയലിസ'ത്തിലാണല്ലോ അദ്ദേഹത്താൽ വണ്ണിതമായിട്ടുള്ള ഓരോ ജീവിതത്തിൻെറയും കലാശം. പക്ഷേ ഒരു

പാത്രത്തെക്കുറിച്ചും 'നൈതദുപപദ്യതേ' എന്നാക്രോശിക്കുവാൻ വഴിയില്ല.

9627

ഒരു നിരൂപകൻ അഭിപ്രായപ്പെടുകയുണ്ടായി, 'സമയമായില്ലെ'ന്നുള്ള മറുപടി അയുക്തമായിപ്പോയെന്നും, ഉപഗുപ്തൻ നിമന്ത്രിതനായ നിമിഷത്തിൽത്തന്നെ വാസവദത്തയുടെ പക്കൽ പോകേണ്ടതായിരുന്നുവെന്നും. അങ്ങനെയായിരുന്നെങ്കിൽ ദിവ്യദിവ്യനായ ഉപഗുപ്തനു കാലേതന്നെ വാസവദത്തയെ നേർവഴിക്കു തിരിക്കാമായിരുന്നുവെന്നും അതു സംഭവിച്ചിരുന്നുവെങ്കിൽ വാസവദത്തയ്ക്കു കഷ്ടപ്പാടുകൾ വന്നുകൂടുമായിരുന്നില്ലെന്നുമാണു് അദ്ദേഹത്തിന്റെ യുക്തികൾ. എല്ലാം 'എങ്കിലി'ന്മേൽ തൂങ്ങിക്കിടക്കുന്ന വാദങ്ങൾ. 'അതുണ്ടായാലിതുണ്ടാ'മെന്നുള്ള സംഭാവനാലങ്കാരനിർവ്വചനം പോലെയായി വിമർശനം. ഒരു 'എങ്കിൽ' കൂടിയായാൽ ആശാനു് 'കരുണ' എഴുതാതിരിക്കാമായിരുന്നു. അതെന്തെങ്കിലുമാകട്ടെ. ഒന്നാമതായി മൂലത്തിലെ സംഭവങ്ങളെ—യഥാർത്ഥത്തിൽ നടന്നുവെന്നു വിശ്വസിക്കപ്പെടുന്ന സംഭവങ്ങളെ—ഉപേക്ഷിക്കുവാനോ കീഴ്മേൽ മറിക്കുവാനോ കവി ഒരുങ്ങിയിട്ടില്ലെന്നു നാം ഓർക്കണം. പ്രസിദ്ധമായ ഒരു കഥയെ സഹൃദയപ്രത്യായകമായ മട്ടിൽ പ്രതിപാദിക്കുവാനേ കവിക്കു ബാദ്ധ്യതയുള്ളു. ആ ചുമതല അദ്ദേഹം നിരാക്ഷേപമാംവണ്ണം നിർവ്വഹിച്ചിട്ടുണ്ടു്. പക്ഷേ എന്തിനു് ഇത്ര 'കുണ്ടാമുണ്ടികൾ' നിറഞ്ഞൊരു ഇതിവൃത്തത്തിൽ ആശാൻ കൈവച്ചു എന്നൊരു ചോദ്യമുണ്ടാകാം. അതിനുത്തരമുണ്ടു് പാത്രങ്ങളേയും സംഭവങ്ങളേയും അതീവ സാധാരണങ്ങളാക്കുക, അത്രതന്നെ സാധാരണമായ രീതിയിൽ അവയെ ഘടിപ്പിക്കുക, അങ്ങനെ കാശിനു നൂറുവീതം കിട്ടുന്ന ജീവിതം സൃഷ്ടിക്കുക—ഈ വക ജോലികൾ മഹാകവികൾക്കുള്ളതല്ല.

ജേതാരം ലോകപാലാനാം
സ്വമുഖൈരർച്ചിതേശ്വരം
രാമസ്തുലിതകൈലാസ-
മരാതിം ബഹ്വമന്യത

എന്നു പാടിയ കാളിദാസനോടു ചോദിച്ചാൽ മതി, മഹാരഥന്മാരായ കവികൾ എത്തരം ജീവിതത്തോടു മല്ലിട്ടു ജയിക്കുവാനാണു് അഭിവാഞ്ഛിക്കുന്നതെന്നറിവാൻ. തോററാലും ജയിച്ചാലും വലിയവനോടായിരിക്കണമെന്ന നയം മഹാകവികൾക്കെല്ലാം മാർഗ്ഗദർശകമായിട്ടുണ്ടു്. വളരെ അസാധാരണങ്ങളും, വിപൽപരികീർണ്ണങ്ങളും, പൃഥക്കരിച്ചു നോക്കിയാൽ സ്വാഭാവികതയ്ക്കും അസ്വാഭാവികതയ്ക്കും ഇടയ്ക്കു കിടക്കുന്നവയുമായ സംഭവങ്ങളെ പരസ്പരം ഘടിപ്പിച്ചു് അവയിൽനിന്നു വിസ്മാപകമാംവണ്ണം സ്വാഭാവികമായൊരു ജീവിതം നെയ്തെടുക്കുവാനായിരിക്കും മഹാകവികൾ ഇച്ഛിക്കുക. അവർ ഉപയോഗിക്കുന്ന സാമഗ്രികൾ ഉരച്ചു ഭേദപ്പെടുത്തി, മററു പലവിധത്തിലും ഇണക്കുവാൻ പാടുണ്ടായിരിക്കും. താദൃശഘടനകൾക്കു വേണ്ടിവരുന്ന കലാത്മകമായ യത്നമാണെങ്കിൽ വലുതായിരിക്കയില്ലതാനും. എന്നാലും കലാത്മകമായ യത്നം ഏററവും അധികം ഉപയോഗിച്ചു സാധിക്കേണ്ട സംഘടനയേതോ അതിനെ ലക്ഷീകരിച്ചുകൊണ്ടായിരിക്കും മഹാകവികൾ സാമഗ്രികൾ സംഭരിക്കുകയും തമ്മിൽ ഇണക്കുകയും ചെയ്യുക. അവരുടെ സമാരംഭങ്ങൾ വിപൽപൂർണ്ണങ്ങളാണെന്നും, തദ്ഭിന്നങ്ങളും സുകരങ്ങളുമായ യത്നങ്ങൾക്കല്ലേ അവർ ഒരുമ്പെടേണ്ടിയിരുന്നതെന്നും സാധാരണന്മാരായ സാഹിത്യകാരന്മാക്കു തോന്നിയെന്നുവരാം. ശാകുന്തളത്തിൽ കാളിദാസനും, സ്വപ്നവാസവദത്തത്തിൽ ഭാസനും, ഒഥെല്ലോവിലും ഹാംലററിലും മററും ഷേക്സ്പിയറും, പാവങ്ങളിൽ വിക്ടർ ഹ്യൂഗോവും, ടെസ്സിലും മററും തോമസ്സ ഹാർഡിയും അന്നാകരിനീനയിൽ ടോൾ

സ്റ്റോയിയും നിബന്ധിച്ചിട്ടുള്ള പാത്രങ്ങൾക്കു കുറേക്കൂടി സുകരമായും അത്യാഹിതങ്ങൾ കുറഞ്ഞ മട്ടിലും ജീവിതം നയിക്കുവാൻ കഴിയുകയില്ലേ? പക്ഷേ അന്തസ്സാരമില്ലാത്തൊരു ജീവിതത്തിൽ വെറും പാവക്കൂത്താടിക്കുവാൻ ആ പാത്രങ്ങളെ ഉപയോഗിക്കുന്നവർ കാളിദാസനും ഷേക്‌സ്പിയറും മററുമാവുകയില്ലെന്നുമാത്രം. ആ കവിസമ്രാട്ടുകൾക്ക് ആ പാത്രങ്ങളെ മാനുഷചൈതന്യത്തിൻെറ ഉച്ചകോടിയോളം എത്തിച്ച് അനർഘമായ ജീവിതത്തിൻെറ താഴികക്കുടങ്ങളാക്കിയാലേ സമാധാനമാവൂ. അങ്ങനെ തോന്നുന്നതു് അവരുടെ പേരിൽ കുററമാണെങ്കിൽ, അതിനു ശിക്ഷിക്കപ്പെടുവാൻ അവർ തയാറാണ്. അവൎക്കു പോകാനുള്ള വഴികൾ നിമ്നോന്നതങ്ങളും കാന്താരഭീഷണങ്ങളുമാണെന്നു് അവൎക്കറിയാം. എന്നിട്ടും അവയെ തരണംചെയ്തു ഗിരിശിഖരം പ്രാപിക്കണമെന്നാണ് അവരുടെ ഉന്നം. പ്രതിബന്ധങ്ങൾ ഉല്ലംഘിക്കുന്നതിനിടയ്ക്കു് അവൎക്കു പരുക്കുകൾ പററിയേക്കാം. കാണികൾ ഓരോഘട്ടത്തിലും കൈകൊട്ടിച്ചിരിക്കയോ കൂവുകയോ ചെയ്തുകൊള്ളട്ടെ. ആ പരുക്കുകൾ അവൎക്കു വിജയലക്ഷ്മിയുടെ നഖക്ഷതങ്ങളായേ ശോഭിക്കയുള്ളു. ആ ധീരോദാത്തരായ മഹാകവികളുടെ സമൂഹത്തിൽപെട്ടവനാണു കുമാരനാശാൻ.

കാലേക്കൂട്ടി പോയിരുന്നെങ്കിൽ, ഉപഗുപ്തൻെറ ഉപദേശങ്ങൾ വാസവദത്തയെ സൽപഥഗാമിനിയാക്കുമായിരുന്നുവെന്നുള്ള ഊഹം ലോകസ്വഭാവവിരുദ്ധമാണ്. 'വിശസനം സുഖികളെ വിജ്ഞരാക്കുന്നു' എന്നുള്ളതാണു വാസ്തവം. ദാതാവിൻെറ ദിവ്യത്വത്തെക്കാളധികം ഗ്രഹീതാവിൻെറ മനോഭാവമാണല്ലോ ഉപദേശത്തിൻെറ സാഫല്യത്തിനാവശ്യം. ദിവ്യദിവ്യനാകയാൽ ഉപഗുപ്തനു എന്തും ചെയ്യാമല്ലോ എന്ന യുക്തി ബാലിശമാണ്. ദിവ്യതയെമാത്രം ആധാരമാക്കിയാൽ ഉപഗുപ്തൻ വാസവദത്തയുടെ സമീപ

ത്തിൽ പോകണമെന്നുകൂടിയില്ല. സ്വന്തം ആശ്രമത്തിലിരുന്നു് ഒരേഒരു നിനവുകൊണ്ടു് എത്ര വാസവദത്തമാരേയും വേണമെങ്കിൽ മാനസാന്തരീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞേക്കാം. ദിവ്യത, ദിവ്യത എന്നു കേൾക്കുമ്പോൾ അതു മാനുഷരൂപത്തിലും മാനുഷലോകത്തിലുമാണു നിലകൊള്ളുന്നതെന്നുള്ള പരമാൎത്ഥം വിസ്മരിച്ചുകൂടാ. മാനുഷ്യത്തിന്റെ സാവധികതത്വങ്ങൾക്കു വഴങ്ങിവേണം ദിവ്യത്വത്തിനു പ്രവൎത്തിക്കുവാൻ. ഉപഗുപ്തനിൽ കാണുന്നതു് അതു മാത്രമാണു്.

# വിചിത്രവിജയം.

## മഹാകവി കുമാരനാശാൻെറ അത്യയാനന്തര പ്രസിദ്ധീകരണം.

മൂക്കോത്തു കുമാരൻ.

മഹാകവി കുമാരനാശാൻെറ "അത്യയാനന്തരപ്രസിദ്ധീകരണം" എന്നു പറയാവുന്ന, അഥവാ മരണശേഷം പ്രസിദ്ധംചെയ്യപ്പെട്ട, ഒരു സ്വതന്ത്രനാടകമാണു "വിചിത്രവിജയം". മുഖവുരയിൽ ഇതിൻെറ പ്രസാധകയായ ശ്രീമതി ഭാനുമതിഅമ്മ ഇങ്ങിനെ എഴുതിയിരിക്കുന്നു:- "കവിയുടെ ജീവിതകാലത്തു പ്രസ്തുത നാടകത്തിൻെറ പ്രസിദ്ധീകരണത്തെപ്പററി ഞങ്ങൾ സംസാരിച്ചപ്പോൾ, ഭാഷാസാഹിത്യത്തിൻെറ ഇന്നത്തെനിലയ്ക്കു് അതിൽ ഇനിയും പല മാററങ്ങളും വരുത്തേണ്ടതായിട്ടുണ്ടു് എന്നായിരുന്നു കവി പറഞ്ഞ സമാധാനം." ഇതിൽനിന്നു രണ്ടു കാര്യങ്ങൾ തെളിയുന്നു. ഒന്നാമതു് ഈ നാടകം ഉണ്ടാക്കിയതു കുറേക്കാലം മുമ്പാണെന്നുള്ളതത്രേ. അതേ, 1902 സെപ്തംബർമാസം 18-ാംനു-യാണു നാടകം എഴുതുവാൻ ആരംഭിച്ചതെന്നു കയ്യെഴുത്തുപ്രതിയിൽ ഉണ്ടുപോൽ. എപ്പൊഴാണു് അവസാനിപ്പിച്ചതെന്നു് അതിൽ കാണുന്നില്ല; അഥവാ, അവസാനിച്ചിട്ടില്ലാത്തതിനാൽ എപ്പൊഴായിരുന്നു ഒടുവിലത്തെ വരികൾ എഴുതിയതെന്നു രേഖപ്പെടുത്തേണ്ടിവന്നിട്ടില്ല. കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു "ശാകുന്തളം" പരിഭാഷചെയ്തശേഷം കുറേക്കാലം ഭാഷാകവികൾ സംസ്കൃതത്തിൽനിന്നു നാടകങ്ങൾ തർജ്ജിമചെയ്കയും സ്വതന്ത്രനാടകങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന തിരുതകൃതിയായിരുന്നുവല്ലോ.

ആ അവസരത്തിൽത്തന്നെ ഒരു നാടകരചനയ്ക്കായി ആശാനം പുറപ്പെട്ടിരിക്കാം. എന്നാൽ ആ സന്ദർഭത്തിൽ ഈ നാടകം മുഴമിപ്പിച്ച പരസ്യംചെയ്തിരുന്നവെങ്കിൽ സ്വതന്ത്ര നാടകരചനയുടെ സമ്പ്രദായം ഭാഷയിൽ വളരെ പരിഷ്കരിക്കപ്പെട്ടമായിരുന്നുവെന്നാണ് എൻെറ അഭിപ്രായം.

മേലെഴുതിയ പ്രസ്താവനയിൽനിന്നു പ്രത്യക്ഷപ്പെടുന്ന മറെറാരു പരമാൎത്ഥം ആശാൻ കാവ്യരചനയിൽ അനുഷ്ഠിക്കാറുള്ള ഒരു സമ്പ്രദായമാകുന്നു. വല്ല കാവ്യവും എഴുതിത്തിക്കവാനും അതിനുശേഷം ഉടനേ പരസ്യം ചെയ്യുവാനും അദ്ദേഹം ബദ്ധപ്പെടാറില്ല. ഒരു കാവ്യത്തെ സഹൃദയസമക്ഷം അവതരിപ്പിക്കുന്നതിനു മുമ്പ് അദ്ദേഹം അതു പലതവണയും വായിച്ചു ആവശ്യമുള്ള മാററങ്ങൾ വരുത്തി പരിഷ്കരിക്കുക പതിവായിരുന്നു. "കവിയശഃപ്രാൎത്ഥികൾ" ആയ നമ്മുടെ യുവജനങ്ങൾക്കൊക്കെ ഈ സമ്പ്രദായം ഒരു മാതൃകയായിരിക്കേണ്ടതാകുന്നു. ആശാൻ ഒരു സന്ദർഭത്തിൽ ഇങ്ങിനെ എഴുതിയിരുന്നു:—"ഒരു ഉൽകൃഷ്ടകലയുടെ നിലയിൽ കവിതയുടെ സാങ്കേതികമായ ഗുണദോഷങ്ങളുടെ എല്ലാ അംശങ്ങളേയുംപററി ഗാഢമായും നിർദ്ദയമായും ചിന്തിച്ചു ത്യാജ്യങ്ങളെ പാട്ടുള്ളത്ര ത്യജിച്ചും ഗ്രാഹ്യങ്ങളെ കഴിയുന്നത്ര ഗ്രഹിച്ചും അല്ലാതെ ഞാനൊരു 'മുക്തകം' പോലും രചിക്കാറില്ലെന്നുള്ളതു് എനിക്കു നല്ല നിശ്ചയമുള്ള സംഗതിയാണ്." പ്രശംസാൎഹമായ വിജയത്തിനു അവശ്യം ആവശ്യമായ ആത്മവിശ്വാസത്തോടുകൂടി ഇങ്ങിനെ പരസ്യമായി പറവാൻ ധൈര്യപ്പെട്ട മറെറാരു മലയാളകവിയെ ഞങ്ങൾ അറിയുന്നില്ല. അങ്ങനെയുള്ള ഒരു മഹാകവിയുടെ കാവ്യങ്ങളിൽ വല്ലതും തൻെറ ഇഷ്ടപ്രകാരമുള്ള ഭേദഗതികൾ ചെയ്തു പരിഷ്കരിക്കാൻ സംഗതിവരാത്തനിലയിൽ അച്ചടിച്ചു പരസ്യപ്പെട്ടത്തേണ്ടിവരുന്നതു ഭാഷയുടെ നിർഭാഗ്യമെന്നേ പറയുന്നുള്ളൂ.

"വിചിത്രവിജയം" അപൂൎണ്ണമാണെങ്കിലും ആ അപൂൎണ്ണനിലയിൽ അതിനു പൂൎണ്ണതയുണ്ടെന്നു കാണുന്നതിൽ വലിയ ആശ്വാസത്തിനു വഴിയുണ്ടു്. കഥ, മദ്ധ്യത്തിൽ മുറിഞ്ഞുപോയിട്ടില്ല. ശാസ്ത്രീയമായ ഭാഷയിൽ പറയുന്നതായാൽ, കഥാബീജത്തെ പ്രസ്താവനയോടു കൂട്ടിച്ചേൎത്തുള്ള മുഖസന്ധിയും, യത്നവുമായി ചേൎത്തുള്ള പ്രതിമുഖസന്ധിയും, പല ദിക്കിലും പ്രത്യാശയ്ക്കു സന്ദൎഭം കൊടുത്തുകൊണ്ടുള്ള ഗൎഭസന്ധിയും, പല പ്രതിബന്ധങ്ങളും നശിച്ചു കാൎയ്യസിദ്ധിയോഗം പ്രതീക്ഷിക്കുന്ന അവമർഷസന്ധിയും, ഒടുവിൽ പരിണാമഭാഗത്തെ വായനക്കാൎക്കു് ആശ്വാസവും സമാധാനവും നൽകുന്ന രീതിയിൽ വിവരിക്കുന്ന നിൎവ്വഹണസന്ധിയും — ഇങ്ങനെ നാടകത്തിനു് ആവശ്യമായ പഞ്ചസന്ധികളും ഇതിൽ അടങ്ങീട്ടുണ്ടു്.

കഥ അവസാനിക്കുന്നതും വായനക്കാൎക്കുള്ള ജിജ്ഞാസയ്ക്കു് അറുതിവന്ന ഒരു ദിക്കിൽത്തന്നെയാണു്. എന്നാൽ അതു ഒരു നോവൽ അവസാനിക്കുന്ന രീതിയിൽ അല്ലാതെ നാടകം അവസാനിപ്പിക്കേണ്ടുന്ന രീതിയിലല്ല അവസാനിച്ചിട്ടുള്ളതു്. കാളിദാസപ്രഭൃതികളായ പ്രാചീനകവികൾ ആരംഭിച്ചനിലയിൽ നാന്ദി, പ്രസ്താവന, സൂത്രധാരൻ, നടി മുതലായ ചടങ്ങുകളോടുകൂടിയാണു് ഈ നാടകവും ആരംഭിച്ചതെന്നിരിക്കെ, ഭരതവാക്യം കാണാത്തതുകൊണ്ടാണു നാടകം അവസാനിച്ചിട്ടില്ലെന്നു നമ്മൾ മനസ്സിലാക്കുന്നതു്.

പരസ്യംചെയ്തനിലയിൽ വിചിത്രവിജയത്തിനു അഞ്ചു അങ്കമാണുള്ളതു്. ഏഴു അങ്കംവരെ നീട്ടിക്കൊണ്ടുപോകാൻ കവി ഉദ്ദേശിച്ചിരിക്കയില്ലെന്നു കഥയുടെ പോക്കുകൊണ്ടു ഊഹിക്കേണ്ടിയിരിക്കുന്നു. അഥവാ മഹാകവികൾക്കു് എന്താണു സാദ്ധ്യമല്ലാത്തതു്! വായനക്കാരുടെ ഇച്ഛാഭംഗത്തിനു സംഗതിയാകുന്ന മറെറാന്നു്, നാലാമങ്കത്തിന്റെ ആരംഭ

ത്തിൽ പ്രസാധക എഴുതിച്ചേർത്ത താഴെ പറയുന്ന കുറിപ്പിൽനിന്നു വ്യക്തമാകുന്നതാണ്:-

"ഈ അങ്കത്തിൻെറ ആരംഭത്തിൽ വേട്ടക്കായി വന്നുചേരുന്ന ഭടന്മാരുടെ സംഭാഷണരൂപമായ ഒരു പ്രവേശകം ഉണ്ടായിരുന്നു. അതിൻെറ അവസാനഭാഗം മാത്രം അവ്യക്തമായി നോട്ടുബുക്കിൽ കാണുന്നുണ്ട്. ദീർഘബാഹുവിൻെറയും ബാലാദിത്യൻെറയും സംഭാഷണത്തോടുകൂടിയാണ് അങ്കം ആരംഭിക്കുന്നതു്. അതിലും അഞ്ചു പദ്യങ്ങളും അതിനിടയിൽ കാണാവുന്ന ഗദ്യഭാഗവും കാണുന്നില്ല."

ഇതിൽ വേട്ടക്കാരായ ഭടന്മാരുടെ സംഭാഷണം കാണാതെ പോയതു സഹൃദയന്മാക്ക് വലിയ ഇച്ഛാഭംഗത്തിന് ഇടവരുത്താതെയിരിക്കയില്ല. ഒരു കവിയുടെ മനോധർമ്മം അധികം ഉപയോഗിക്കേണ്ടതും പ്രകാശിക്കേണ്ടതും അത്തരം നീചപാത്രങ്ങളെ രംഗത്തു പ്രവേശിപ്പിച്ചു തന്മയത്വത്തോടുകൂടി സംഭാഷണം ചെയ്യിപ്പിച്ചു അഭിനയിപ്പിക്കുന്ന ഘട്ടങ്ങളിലാണെന്നാണ് എൻെറ അഭിപ്രായം. ശകുന്തള, ദുഷ്യന്തൻ മുതലായ നായികാനായകന്മാരെ രംഗത്തിൽ പ്രവേശിപ്പിച്ചു് അവക്ക് വേണ്ടുന്ന ഭാഷയും സ്വഭാവനടപടികളും സൃഷ്ടിക്കുന്നതിൽ അധികം പ്രയാസമുള്ളതാണ്, ശാകുന്തളത്തിലെ മീൻ പിടുത്തക്കാരനെപ്പോലുള്ള പാത്രം സൃഷ്ടിച്ചു തന്മയത്വം വരുത്തുവാൻ എന്നു ഞാൻ വിചാരിക്കുന്നു. പലപ്പോഴും ഈ വക ശ്രമങ്ങൾ മുഷിച്ചലിന്നു ഇടവരുത്തുന്നവയും സഭ്യേതരമായവയും ആയി കലാശിച്ചതായിട്ടാണു അനുഭവപ്പെടാറുള്ളതു്. അതുകൊണ്ടു കുമാരനാശാനെപ്പോലെ ശ്രേഷ്ഠതരമായ മനോധർമ്മമുള്ള പരിഷ്കൃതാശയന്മാർ ഇങ്ങിനെയുള്ള രംഗം എഴുതിയിരുന്നെങ്കിൽ അതു മററുള്ളവക്ക് മാതൃകയായിത്തീരുമായിരുന്നു.

ഈ നാടകത്തിലെ പ്രസ്താവനയിൽ കവിയുടെ വിനയവും അതേ സമയത്തുതന്നെ തന്റെ പ്രാപ്തിയിലും യോഗ്യതയിലും ഉള്ള ആത്മവിശ്വാസവും പ്രത്യക്ഷപ്പെട്ടുന്നു. സൂത്രധാരൻ കവിയേയും കവിതയേയും സൂചിപ്പിച്ചുകൊണ്ടു നടിയോടു ഇങ്ങിനെ പറയുന്നു:—

മതിമുഖി, രസമാന്നാൽ മതി,
കൃതികൾക്കുതാൻപ്രസിദ്ധി;ഗണിയാ നാം
മധു മധുരിക്കുകിലേകിയ
മധുകരമേതെന്നുമേതു മലരെന്നും.

ഇതു കേരളഭാഷയിലുള്ള ശ്ലോകങ്ങളിൽ ഏററവും ഉത്തമമായവയിൽ ഒന്നായി എന്നും പ്രശോഭിക്കുന്നതാണു്.

വിചിത്രവിജയത്തിലെ കഥാഘടന ഏററവും വിചിത്രമായിരിക്കുന്നു. കാശിരാജാവായ ബ്രഹ്മദത്ത ദേവൻ കോസലരാജാവായ ദീർഘധീയെ യുദ്ധം ചെയ്തു പരാജിതനാക്കി, രാജ്യഭ്രഷ്ടനാക്കുകയും പരമയോഗ്യനായ ദീർഘധീ ഗർഭിണിയായ പത്നിയോടുകൂടി കാട്ടിലും മലയിലും ചുററിത്തിരിഞ്ഞു കഷ്ടപ്പെടേണ്ടിവരികയും ചെയ്തിരിക്കുന്നു. അദ്ദേഹത്തെ കണ്ടുപിടിക്കേണ്ടതിന്നായി ബ്രഹ്മദത്തൻ പലേ ചാരന്മാരെയും നിയോഗിച്ചിരിക്കണം. അങ്ങിനെ പതിനാലു കൊല്ലം കഴിഞ്ഞതിന്നുശേഷം ഭാര്യാഭർത്താക്കന്മാർ സന്യാസിവേഷം ധരിച്ചു കാശിയിൽ സഞ്ചരിക്കുന്നുണ്ടെന്ന വർത്തമാനം കോസലയിലെ രാജപ്രതിനിധിയായ ധനപാലൻ ബ്രഹ്മദത്ത രാജാവിനെ അറിയിക്കുന്നു. ആ സംഗതി കാണിച്ചു ധനപാലൻ അയച്ച വിജ്ഞാപനം സഭാമണ്ഡപത്തിൽവെച്ചു വായിക്കുന്ന ഘട്ടത്തിലാണു് കഥ ആരംഭിക്കുന്നതു്. രാജാവും മന്ത്രിമാരായ ധർമ്മമിത്രനും പ്രിയഘോഷനും തമ്മിൽ മുൻപുതന്നെ ആ വിഷയത്തെപ്പററി കുറെ സംഭാഷണം കഴിഞ്ഞതായി വായനക്കാർക്കു ഗ്രഹിക്കാവുന്ന

നിലയിലാണ് അങ്കാരംഭം. അതിലുള്ള ഔചിത്യം വിശദമത്രെ. വിജ്ഞാപനം വായിച്ചു കോപിഷ്ഠനായ രാജാവു് ദീർഘധിയെ പിടിച്ചു കൊല്ലുവാൻ തീർച്ചയാക്കുന്നു. മന്ത്രിമാരിൽ ഗുണസമ്പന്നനായ ധർമ്മമിത്രൻ, രാജാവിനെ ആ കഠിനകൃത്യത്തിൽനിന്നു വിരമിപ്പിക്കുവാൻ ചെയ്യുന്ന ശ്രമം ഫലിക്കുന്നില്ല. ദുഷ്ടനായ പ്രിയഘോഷൻ രാജാവിന്റെ നിഷ്ഠുരകർമ്മത്തിൽ അദ്ദേഹത്തെ സഹായിച്ചു പറകയാണു ചെയ്യുന്നതു്. രാജ്യഭ്രഷ്ടനായി പതിന്നാലു കൊല്ലം കഷ്ടപ്പെട്ടു കഴിച്ച കോസലേശനെ കൊല്ലുവാൻ ബ്രഹ്മദത്തനുള്ള സമാധാനം,

വിമതങ്കൽവിപ്രിയമൊരിക്കലുന്നിയാൽ
ക്ഷമയേതു പിന്നെ നൃപനും കരീന്ദ്രനും?
സമയം സഹായമിവ കൈവരുംവരെ-
ക്കമെരുന്നടങ്ങിയഭിമാനമഗ്നിപോൽ

എന്നാണു്. പ്രിയഘോഷൻ രാജാവിന്റെ അഭിപ്രായത്തോടു യോജിച്ചുകൊണ്ടു സേവകുവേണ്ടി ചില യുക്തികൾ പറയുന്നതിൽ കാണിച്ച ദുർവ്വാണീവിലാസത്തെപ്പററി ധർമ്മമിത്രൻ ഇങ്ങിനെ വിലപിക്കുന്നു:—

ഹാ! ചന്ദ്രശ്രീയാതപംതന്നെയെന്നും
കാചാശ്മത്തെ കേവലം രത്നമെന്നും
വാചാടതപംകൊണ്ടു സത്യം മറയ്ക്കും
നീചത്വത്താൽ നീ ജയിക്കുന്നു വാണീ!

രാജാവു തന്റെ സേനാപതിയായ രുദ്രസേനനെ വിളിച്ചു, കോസലേശനായിരുന്ന ദീർഘധീയെപ്പിടിച്ചു തന്റെ മുമ്പാകെ ഹാജരാക്കി വെട്ടിക്കൊല്ലാൻ കല്പിക്കുന്നു. രാജാവിന്നു ഒരു പുത്രിയുണ്ടു്. സുന്ദരിയും ബുദ്ധിമതിയും കാരുണ്യാദി സൽഗുണങ്ങൾ നിറഞ്ഞ കന്യകയും ആയ പ്രേമല

തയെന്ന ആ ഏകപുത്രിക്കു ഏകദേശം പത്തു പതിനൊന്നു വയസ്സു മാത്രമേ പ്രായമുള്ളു. തന്റെ പിതാവിന്റെ നിഷ്ഠുരമായ ശാസന മകൾ അകായിൽനിന്നു് കേൾക്കുന്നു. അവൾ പിതാവിനെ വിളിച്ചു, ആ സാധുവിനെ അപ്രകാരം കഠിനമായി കൊല്ലുകയും അദ്ദേഹത്തിന്റെ ഭാഗ്യഹീനയായ സഹചാരിണിയെ അനാഥയാക്കുകയും ചെയ്യരുതെന്നും മററും പ്രാൎത്ഥിക്കുന്നു. തന്റെ സർവ്വസ്വമായ ഏക പുത്രിയുടെ പ്രിയത്തിനു വിപരീതം പ്രവൎത്തിക്കുന്നതിനു പ്രകൃത്യാ അശക്തനായ രാജാവു് അതിനു സമ്മതിക്കുന്നുവെങ്കിലും വീണ്ടും പ്രിയഘോഷന്റെ കുസൃതികൾ കേട്ടു മനമിളകി ദീൎഘധീയെ, മകളറിയാതെ സാധാരണ വധസ്ഥലത്തു വെച്ചു കൊന്നുകളവാൻ രാജാവു കല്പിക്കുന്നു.

കരുണരസപ്രധാനമായ രണ്ടാമങ്കത്തിൽ വിവരിച്ചതു കണ്ണുനീരോടുകൂടിയല്ലാതെ ആൎക്കും വായിക്കുവാൻ സാധിക്കയില്ല. ശത്രുക്കൾ തന്നെ പിടിപ്പാൻ അന്വേഷിച്ചു നടക്കുന്നുണ്ടെന്നു അറിഞ്ഞ നിൎദ്ദോഷിയായ ദീൎഘധീ, ഭാൎയ്യയോടു കൂടി ഒളിക്കാൻ ശ്രമിക്കുന്നു. നല്ല നിലാപ്രകാശമുള്ള രാത്രി അതു സാധിക്കുന്നില്ല. ഏതു മനോഹരസാധനവും ഇഷ്ടമായൊ അനിഷ്ടമായൊ തോന്നുന്നതു് മനുഷ്യന്റെ മനഃസ്ഥിതിയെ ആശ്രയിച്ചാണല്ലൊ. ആ ഭയങ്കര രാത്രിയിലെ ചന്ദ്രികയേപ്പററി ദീൎഘധീ തന്റെ പത്നിയോടു പറയുന്നതു കേൾക്കുക:—

"രാവിൽ പണ്ടതിരമ്യസൌധമതിൽ
നാം മഞ്ചത്തിൽ, മന്ദസ്മിതം
തൂവിത്തൂവി രമിക്കുവാൻ പുതുനിലാവെ
ന്നും കൊതിച്ചില്ലയോ?

ഈവണ്ണം, കട്ടകാളരാത്രിയതുപോലേ
കുന്നതിപ്പോൾ ഭയം!
ഭാവിപ്പാനരുതാക്ക മീഭുവനഭോഗത്തി
ൻവിപത്തും പ്രിയേ."

രാജാവിനെ ഭടന്മാർ ചെന്നു പിടിക്കുകയും അദ്ദേഹത്തോടു പലേ ധിക്കാരവാക്കുകളും പറകയും ചെയ്യുന്നു. പതിവ്രതയും ഗുണസമ്പന്നയും ആയ രാജപത്നിയെ അവർ ധൂർത്തയെന്നു വിളിക്കുകയും ആ സാധ്വിയുടെ കൈയിലുള്ള ഭാണ്ഡം പിടിച്ചു നിലത്തിടുകയും ചെയ്യുന്നതു കാണുമ്പോൾ തടുക്കാനോ മുടക്കാനോ അശക്തനായ ഭർത്താവു പരമസങ്കടം അനുഭവിച്ചുകൊണ്ടു് ഇങ്ങിനെ വിചാരിക്കുന്നു:—

സദ്ഗോത്രകന്യയിവ,ളന്യനദൃശ്യ,യാര്യ
വർഗ്ഗാഭിമാന്യ, സതി, യെന്നൊരുക്രൂസലെന്യേ
മൽക്കാന്തയെക്കയറി നീചർ തൊടുന്നു, കണ്ടു-
നിൽക്കുന്നു ഞാനിഹ നെടുങ്കഴയെന്നപോലെ.

കുറേ കഴിഞ്ഞപ്പോൾ ഭടന്മാർ ആ സതിയുടെ കഴുത്തിലുള്ള താലി കാണുകയും അതു പിടിച്ചുപറിച്ചെടുക്കുകയും ചെയ്യുന്നു. ഇതുകണ്ടു രാജാവു തലയ്ക്കടിച്ചുകൊണ്ടു,

സ്വാന്തപ്രേമവശേന, ശർവതിയെ-
ന്നാലും ഗൃഹം വിട്ടു മൽ-
പ്രാന്തേ പോന്നിഹ ഭിക്ഷയേററു പരിപാ-
ലിച്ചെന്നെ നീതന്നയേ,
ഞാൻ, തേൻവാണി,തുരുത്തിപോലൊരുശവം
കഷ്ടം ശപസിച്ചീടിലും
കാന്തേ, താലി പറിച്ചു നീ വിധവയായ്
നന്നായിതെന്നായിതെ.

പുരാണപ്രസിദ്ധമാരായ പാഞ്ചാലിയെക്കാളും സീതയെക്കാളും ദമയന്തിയെക്കാളും കഠിനദുഃഖം അനുഭവിച്ച് നിർദ്ദോഷയായി വിവരിക്കപ്പെട്ടിരിക്കുന്ന രാജപത്നി ഭർത്താവിനെ ആശ്വസിപ്പിക്കുന്നതു്, "അങ്ങുന്നു വ്യസനിക്കരുതു്. ഇതുകൊണ്ടു ഒരു പതിവ്രതക്കു ദൂഷ്യമൊന്നുമില്ല. ഇതു വില കൊടുത്താൽ കിട്ടുമല്ലൊ. അങ്ങു അടങ്ങിയാലും," എന്നു പറഞ്ഞുകൊണ്ടാണു്. ആ അവസരത്തിൽ സേനാപതി വന്നു രാജാവിനെ കൈയ്യാമം വെപ്പിക്കുന്നു. സേനാപതിയുടെ വാക്കുകളും കല്പനകളും മററും കേട്ടപ്പോൾ തൻെറ ഭർത്താവിനെ വധിക്കാനാണു കൊണ്ടുപോകുന്നതെന്നു മനസ്സിലാക്കി രാജ്ഞി മൂർഛിച്ചുവീഴുകയും രാജാവു് സേനാപതിയുടെ അനുജ്ഞ വാങ്ങി പത്നിയെ ആശ്വസിപ്പിക്കുകയും ചെയ്യുന്നു. അടുത്തുള്ള സംഭവം കുലസ്ത്രീകൾക്കു പ്രാണഹാനിയേക്കാൾ ഭയാനകവും വ്യസനകരവും അനൎത്ഥകരവും ആകുന്നു. രാജ്ഞിയോടു തൻെറ ഭാൎയ്യയാവാൻ സൈന്യാധിപൻ ഒരു ഭടൻ മുഖേന അറിയിക്കുന്ന ദാരുണവും ഭയങ്കരവും ആയ വൎത്തമാനം ചെവിയിൽ വീണ ഉടനെ നടുങ്ങിപ്പോയ നിർഭാഗ്യവതിയായ ആ സതീരത്നം ചെവി പൊത്തിക്കൊണ്ടു്,—"ഹാ! കഷ്ടം! കഷ്ടം! ഭൂമി ഈ ദുഷ്ടന്മാരുടെ ഭാരത്താൽ പൊട്ടിഞ്ഞുപോകുന്നില്ലല്ലൊ. പാപിഷ്ഠയായ എൻെറ ചെവികൾക്കു് ഇതും കേൾക്കേണ്ടി വന്നു. ഇനി ജീവിച്ചിട്ടു ഫലമെന്തു്? എൻെറ പ്രാണനായകനെ ഒരിക്കൽക്കൂടി കണ്ടിട്ടു പ്രാണനെ കളയുന്നുണ്ടു്" എന്നു മനസ്സിൽ പറഞ്ഞുകൊണ്ടു് ആ ക്ഷത്രിയസ്ത്രീ നെഞ്ചിലടിച്ചു കരഞ്ഞു രാജാവിൻെറ കയ്യിൽ ബലമായി പിടിക്കുന്നു. ഭടന്മാർ രാജ്ഞിയുടെ കൈക്കുനേരെ വാൾ ഓങ്ങി: "എടീ, വിടുക, വിടുക" എന്നു പുലമ്പുന്നു.

അപ്പോൾ രാജാവ്,

"സുക്ഷത്രിയേ, വിടുക, സാഹസമെന്തിനെന്നെ
രക്ഷിക്കയില്ല, കലരും ക്ഷതിയും സ്വയം നീ

തക്ഷവ്രജം ചുവടിളക്കിവലിച്ചിട്ടുന്ന
വൃക്ഷത്തിലാഞ്ഞു വലയും ലതപോലെ, കാന്തേ”

എന്നു പറഞ്ഞു ഭാര്യയെ പിടിച്ചു മാറുന്നു. വ്യസനകരമായ ഈ സന്ദർഭത്തിൽ ഹൃദയം ദ്രവിപ്പിക്കുന്ന വാക്കുകളാണു് ഈ ശ്ലോകത്തിൽ അടങ്ങീട്ടുള്ളതെങ്കിലും അതിലെ ഘടനാവിശേഷവും അലങ്കാരപ്രയോഗവും രസമാധുര്യവും ഓർക്കുമ്പോൾ നമ്മൾ ആനന്ദിക്കുന്നു. പ്രകൃതിയും പ്രകൃതിയുടെ പകപ്പും തമ്മിലുള്ള ഒരു വ്യത്യാസമാണിതു്. ഇങ്ങിനെയുള്ള ഒരു സംഭവം പ്രകൃതിയിൽ നമ്മൾ കണ്ടിരുന്നുവെങ്കിൽ, അതിൽ നമ്മളെ കഠിനമായി വ്യസനിപ്പിക്കുവാനല്ലാതെ സന്തോഷിപ്പിക്കുവാൻ യാതൊന്നും ഉണ്ടാകയില്ല. അതിൻെറ പകപ്പായ കാവ്യത്തിൽ കാണുന്ന തന്മയത്വം നമുക്കു് ആഹ്ലാദം ജനിപ്പിക്കുകകൂടി ചെയ്യുന്നു.

അങ്ങിനെ രാജാവിന്നു് ആശയ്ക്കു അശേഷമെങ്കിലും കാരണമില്ലാതെ ലോകം ശൂന്യമായി. ഈ നിലയിലുള്ള ഒരു പാത്രത്തെ പുരാണേതിഹാസങ്ങളിൽ പോലും കാണ്മാൻ പ്രയാസമാകുന്നു. ഹരിശ്ചന്ദ്രൻ ഇത്രമേൽ ഹതാശയനായിരുന്നില്ല; സീതയെ കട്ടുകൊണ്ടു പോയ നിലയിൽ രാമന്നു് ആശയ്ക്കു വഴിയുണ്ടായിരുന്നു; പാണ്ഡവന്മാൎക്കു പന്ത്രണ്ടുകൊല്ലം എന്ന കാലാവധിയും ശ്രീകൃഷ്ണനും ആശ നൽകിയിരുന്നു. ദീർഘധീരാജാവിന്നു് ആശയ്ക്കു കേവലം വഴിയുണ്ടായിരുന്നില്ല.

രാജാവിനെ വധസ്ഥലത്തേയ്ക്കു നയിക്കുവാൻ ഗംഗാനദി കടക്കേണ്ടതുണ്ടായിരുന്നു. തോണിയിൽ പോകുമ്പോൾ,

സ്പഷ്ടം കേശമഴിഞ്ഞു പായലതുപോൽ
ചിന്നിജ്ജലച്ഛായയാ-
ന്നിഷ്ടപ്പെട്ടിഹ മഗ്നയായ സഖിയെ
ചുംബിച്ചിട്ടന്നൊന്നപോൽ
ധൃഷ്ടത്വം കലരും ഝഷാവലികടി-
ച്ചംഗങ്ങളിൽ, ചത്തതാ
കഷ്ടം നഗ്നനിതംബയായൊഴുകിട്ട-
ന്നോകാംഗനാ ഗംഗയിൽ.

ഈ ശവം തോണിക്കുവന്നു തട്ടുമ്പോഠം നാവികൻ കുത്തു കോൽകൊണ്ടു് അതിനെ കുത്തിത്തള്ളുന്നു. അതു തൻെറ പത്നിയുടെ ശവമാണെന്നു രാജാവു കണ്ടറിയുന്നു. ജലത്തിൽ വീണുണ്ടായ അപമൃത്യുകൊണ്ടു കേരളീയസഹൃദയന്മാരെ വ്യസനിപ്പിച്ചതു പോരാഞ്ഞിട്ടു പിന്നേയും മഹാകവി വ്യസനിപ്പിക്കുന്നതു നോക്കുക. ഇത്രമാത്രംകൊണ്ടും ലോകത്തിൻെറ സൃഷ്ടികത്താവായ ഈശ്വരൻ തൃപ്തിപ്പെട്ടിട്ടില്ലെന്നാണു് നാടകത്തിൻെറ സൃഷ്ടികത്താവായ ആശാൻ വിവരിക്കുന്നതു്.

രാജ്ഞി പ്രസവിച്ചുണ്ടായ പുത്രനു് ഇപ്പോഠം പതിനാലുവയസ്സായി. അവനെ വിദ്യാഭ്യാസാത്ഥം ഒരു വൈഖാനസൻെറയോ മറേറാ അടുക്കൽ പാപ്പിച്ചിരിക്കയായിരുന്നു. മാതാപിതാക്കഠംക്കു് അനുഭവമാകാൻ പോകുന്ന ഈ വിപത്തിനെപ്പററി ഒരു വൈരാഗി പറഞ്ഞറികയാൽ ആ ബാലൻ അവിടെ ഓടിയെത്തുന്നു. "ഹാ! എൻെറ അച്ഛാ, ദയചെയ്തു അല്പം നില്ക്കണേ. അവിടുത്തെ അനാഥനായ പുത്രൻ ഒടുവിലത്തെ ദശനത്തെ പ്രാത്ഥിക്കുന്നു. നില്ക്കണെ, ദയചെയ്തു നില്ക്കണെ," എന്നു നിലവിളിച്ചു പറയുന്നു. അച്ഛൻ കേഠംക്കാത്തഭാവം നടിക്കുന്നു. കുട്ടിയെ ഭടന്മാർ നിന്ദിക്കുകയും അവൻെറ നേരെ വാഠം ഓങ്ങുകയും ചെയ്യു

ന്നു. ഒടുവിൽ രാജാവു ദൂരത്തുനിന്നുകൊണ്ടു കരളം മുറിയുന്ന വ്യസനത്തോടുകൂടി ഇങ്ങിനെ പറയുന്നു:—

സ്ഥിതിപോൽ ശ്രമിക്കണമഭിജ്ഞ,നന്യഥാ
വിധിയെന്നു കാണുകിലടങ്ങിവാഴണം:
വ്യഥയാന്നിടായ്ക്കു വെറുതെ;മനുഷ്യർതൻ
ഗതിയേവമാണു; കരയായ്ക്കു; പോക നീ

രാജാവിനെ ഭടന്മാർ തള്ളിക്കൊണ്ടുപോകുന്നു. പുത്രനായ ദീർഘബാഹു മുട്ടുകുത്തിവീണു തൊഴുതു നിശ്ചേഷ്ടനായി കിടക്കുന്നു. മകനോടു ഒടുവിൽ രാജാവു ചെയ്യുന്ന ഉപദേശമാണിതു്:—

സ്നേഹിക്ക ഉണ്ണിനീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും
ദ്രോഹം ദ്വേഷത്തെ നീക്കീടാ,
സ്നേഹം നീക്കിടുമോക്ക നീ.

രാജാവിനെ ഭടന്മാർ വെട്ടിക്കൊല്ലുകതന്നെ ചെയ്തു. ദീർഘബാഹു അത്യന്തം വ്യസനിച്ചു പരിഭ്രമിച്ചു ഭയപ്പെട്ടു എവിടേക്കോ ഓടിപ്പോകുന്നു.

മൂന്നാമങ്കത്തിൽ വിവരിച്ച സംഭവങ്ങൾ ആരംഭിക്കുന്നതു് പിന്നെ ആറുകൊല്ലം കഴിഞ്ഞതിനു ശേഷമാണു്. രാജകുമാരനായ ദീർഘബാഹു ആയ്മവത്തതിനു വെളിയിൽ ചോളം മുതലായ ദ്രാവിഡദേശങ്ങളിൽ സഞ്ചരിച്ചു പലവിധ സംഗീതയന്ത്രങ്ങൾ പ്രയോഗിക്കുന്നതിലും അശ്വശാസ്ത്രം ഗജശാസ്ത്രം മുതലായവയിലും എന്നല്ല, ഒരു രാജകുമാരനു ഭൂഷണമായ മിക്ക വിദ്യകളിലും വൈദഗ്ദ്ധ്യം സമ്പാദിച്ചു മടങ്ങിവരുന്നു. കാശിരാജ്യത്തുതന്നെ മടങ്ങിവരുന്നു; കാശി രാജധാനിയിൽ തന്നെ വരുന്നു. ഇങ്ങിനെ സിംഹ

ത്തിന്റെ മടയിൽ തന്നെ മടങ്ങിച്ചെന്നു സിംഹത്തെ മട യിൽവെച്ചുതന്നെ സംഹരിക്കേണമെന്നുള്ള ധീരമായ പ്രതീ കാരേച്ഛയോടുകൂടി ആയിരിക്കേണമെന്നതിനു സംശയമില്ല. കാശിരാജധാനിയിൽ ഗജശാലയിൽ അദ്ദേഹം ഒരു ഉദ്യോ ഗത്തിൽ നിയമിക്കപ്പെടുന്നു. മാതംഗലീലയിൽ പ്രവീണ നായിരുന്ന ആ ധീരൻ ക്രമേണ രാജാവിന്റെ ഗജസേന യിൽ ഒരു നേതാവായിത്തീരുന്നു.

അങ്ങിനെയിരിക്കെ ഒരിക്കൽ ദീർഘബാഹു ഗജശാല യിൽവെച്ചു മുരളി വായിക്കുകയും അതിന്റെ അസാധാരണ മാധുര്യത്താലും പ്രായോഗനൈപുണ്യത്താലും ആകൃഷ്ടിക്ക പ്പെട്ട രാജാവു, കല്പിച്ചന്വേഷിക്കുകയും ആ രത്നത്തിന്റെ പ്രകാശം അന്നു പുറത്താകുകയും അതിനെ രാജാവു വിലമ തിക്കുകയും ചെയ്യുന്നു. സംഗീതകലയിൽ അസാമാന്യവാ സനയുള്ള പ്രേമലതയെ വീണവായന പരിശീലിപ്പിക്കാൻ ദീർഘബാഹു നിയോഗിക്കപ്പെടുന്നു. മന്ത്രിയായ ധർമ്മമി ത്രനു ദീർഘബാഹുവിൽ പുത്രനോടെന്നപോലെ സ്നേഹം ജനിക്കുന്നു. അദ്ദേഹത്തിന്റെ പുത്രിയായ മൃണാളിനിയുടെ ഭർത്താവായ ബാലാദിത്യനു ദീർഘബാഹു സഹോദരസമ നായ ഒരു വയസ്യനായും തീരുന്നു. "നല്ല സരളൻ; സംഭാ ഷണത്തിൽത്തന്നെ ഒരു സ്വാരസ്യം വേറെയാണു്; ഇളക്ക മില്ലാത്ത ഗാംഭീര്യം, നിഷ്കപടമായ വശീകണം" എന്നി ങ്ങിനെ പരമയോഗ്യനാണെന്നു കോവിലകത്തെ യുവതി കൾകൂടി ധരിച്ചുവശായ ആ ധീരയുവാവിനു, തന്റെ മാതാ പിതാക്കളെ നിഷ്ക്കരുണം ദ്രോഹിച്ചു അവരുടെ ജീവനാശം വരുത്തിയ ബ്രഹ്മദത്തരാജാവോടു പ്രതിക്രിയ ചെയ്യാനുള്ള സർവ്വസൌകര്യങ്ങളും ലഭിച്ചു കഴിഞ്ഞുവെന്നു പറഞ്ഞാൽ മതിയല്ലൊ. എങ്കിലും,

"മനുഷ്യനൊന്നോർത്തിരിക്കും
മറെറാന്നവനു വന്നിടും"

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

എന്നാണല്ലോ ആശാൻതന്നെ മറെറാരവസരത്തിൽ പറഞ്ഞതു്. തൻെറ പരമശത്രുവായ രാജാവിൻെറ ഏകപുത്രിയിൽ ദീർഘബാഹുവിന്നും അവൾക്ക് അയാളിലും ഗാഢാനുരാഗം ഉണ്ടായി. അനുരാഗത്തിനു കണ്ണില്ല. അതു മനുഷ്യരെക്കൊണ്ടു പല തെററുകളും കുററങ്ങളും ചെയ്യിക്കുമെങ്കിലും, പല തെററുകളിൽനിന്നും കുററങ്ങളിൽനിന്നും അവരെ വിരമിപ്പിക്കുകയും ചെയ്യും. അതിരിക്കട്ടെ, ദീർഘബാഹുവിനു പ്രേമലതയിൽ ഉണ്ടായിരുന്ന പ്രണയം എങ്ങിനെയുള്ളതായിരുന്നു, അതിൻെറ ആധിക്യം എത്രയായിരുന്നു, എന്നു് ആ കാമുകൻതന്നെ പറയട്ടെ:

അഹോ! സംഗീതത്തിൻ ലയപദവിയോ, സാഹിതിതരുപ്രഹർഷത്തിൻ ശ്രീയോ, പ്രഥമരസസമ്മോഹനതയോ,
മഹത്താം പൂങ്കാവിൻ മധുസുഷമയോ, മേ മനമതാം
മഹാലോഹത്തിന്നീ മതിമുഖി,യയസ്കാന്തമണിയോ?

എന്നാണു് കാമുകൻ പറയുന്നതു്. ചില സംഗതികളിൽ ശാകുന്തളത്തിലെ നായികാനായകന്മാർ തമ്മിലുള്ള സംഭാഷണത്തെ താരതമ്യബുദ്ധിയോടുകൂടി ഓർമ്മിക്കാൻ ഇട വരുത്തുന്ന ഭാഗങ്ങൾ ഇതിൽ ഉള്ളവ വായിച്ചുതന്നെ രസിച്ചുകൊള്ളേണ്ടതാകുന്നു. എങ്കിലും രണ്ടു മൂന്നു ശ്ലോകങ്ങൾ ഇവിടെ ഉദ്ധരിക്കാതിരിക്കുവാൻ മനസ്സുറയ്ക്കുന്നില്ല. ശാകുന്തളത്തിൽ ദുഷ്യന്തൻ ശകുന്തളയെപ്പററി ചിന്തിക്കുന്നതു് ഇങ്ങിനെയാണല്ലോ: —

"ഒട്ടി ഹന്ത കവിൾത്തടം; കുചമതിൽ
കാഠിന്യമസ്പഷ്ടമായ്;
തട്ടി വാട്ടമരയ്ക്കു; തോളുകൾ തുലോം താ
ഴ്ന്നു; വിളർത്തു നിറം,

കോട്ടം മന്മഥനാലണഞ്ഞിടുകിലും
തന്വംഗി രമ്യാംഗിതാൻ
കോടക്കാററടിയേററു വെള്ളില കൊഴി
ഞ്ഞുള്ളോരു വാസന്തിപോൽ."

ദീർഘബാഹു പ്രേമലതയെ ചൂണ്ടിപ്പറയുന്നതു കേൾക്കുക:—

"വൻതാപം കലരും മുഖാനിലനലം
വാട്ടുന്നു ചുണ്ടെങ്കിലും
ചിന്നുന്നാഭ; കവിൾത്തടം വിളറിയെ
ന്നാലും വിളങ്ങുന്നതും;
എന്തോ കാന്തി വിശേഷമൊന്നുടൽ ചട
യ്ക്കുന്തോറുമേറുന്നഹോ!
പൊൻതാർമേനി തപിക്കിലും പ്രഭ കല
ർന്നീടുന്ന പൊൻതുലപോൽ."

VILASOM GRANDHASALA
UM

കാളിദാസൻെറ ദുഷ്യന്തൻ കണ്ട "കാഠിന്യമസ്പൃഷ്ടമായ" കുചത്തെ ആശാൻെറ ദീർഘബാഹുവിനു കാണ്മാൻ സാധിച്ചില്ല. ഉഷ്ണകാലത്തിലെ കാററുതട്ടി ഇലകൾ കൊഴിഞ്ഞ മല്ലികവള്ളി പോലെയായിരുന്നു ദുഷ്യന്തൻ കാമതാപമേററ ശകുന്തളയെ കണ്ടതു്. തിയ്യിലിട്ടു ചുട്ടതിനാൽ തപിച്ചുകൊണ്ടിരിക്കുന്ന പൊൻതുലപോലെയാണു് ദീർഘബാഹു പ്രേമലതയെ കാണുന്നതു്.

"ചിത്രത്തിലാദ്യമെഴുതീട്ടുയിർചേർത്തതാമോ?
ചിത്തത്തിൽ വെച്ചഴകുചേർത്തു രചിച്ചതാമോ?
ബ്രഹ്മപ്രഭാവവു മവൾക്കെഴുമാവപുസ്സു-
മോർമ്മിക്കിലീയബലാമണി സൃഷ്ടിവേറെ"

എന്നാണു് ശകുന്തളയെപ്പററി ദുഷ്യന്തനു തോന്നിയതു്.

"മൊട്ടൊന്നിപ്പോൾ വിടിന്നപോൽ, മുകുരമൊ-
ന്നിപ്പോൾ തുടച്ചെന്നപോൽ,
ചട്ടറേറാരു ശരൽഘനം വിഗതമായ്
ചന്ദ്രൻ തെളിഞ്ഞെന്നപോൽ,
പെട്ടെന്നിന്നൊരു പാവതന്നിലധുനാ
ചൈതന്യമറ്റിച്ചപോൽ
മട്ടാർവാണി വിളങ്ങിടുന്നഹഹ! ഹ!രാഗം
തന്നെ രൂപാസ്പദം."

എന്നാണു് പ്രേമലതയെപ്പററി ദീർഘബാഹുവിനു തോന്നിയതു്. അതിരസകരമായ മറെറാരു ശ്ലോകംകൂടി ഉദ്ധരിക്കാം.

"അങ്കത്തിന്നു, മണച്ചിട്ടും സ്തനതടത്തി-
ന്നും വിട്ടത്തോമന
ത്തങ്കത്തണ്ടിയലുന്ന വീണയെയെടുത്ത
ബാന്നണഞ്ഞിന്നലെ,
എൻകൈയ്യിൽ തരളാക്ഷിതന്നളവെനി-
ക്കുണ്ടായി പുത്രഭ്രമം;
ശങ്കിക്കുന്നു നിനയ്ക്കുവാനതിനെയെന്നാ-
ലും നിനയ്ക്കുന്നു ഞാൻ,"

മഹാകവിയുടെ സങ്കല്പശക്തിക്കു ദീർഘദണ്ഡനമസ്കാരം എന്നേ പറയുന്നുള്ളു.

പുത്രിയിൽ ഈവിധം അകൈതവമായ പ്രണയം ഉണ്ടായിട്ടും, പിതാവുചെയ്ത നിഷ്ഠുരമായ അപരാധത്തെ ഓർത്തു് അദ്ദേഹത്തോടു പ്രതിക്രിയചെയ്യാനുണ്ടായ വിചാരം ദീർഘബാഹുവിൽ നശിച്ചിരുന്നില്ല. അതിനൊരു അവസരം ലഭിക്കുന്നു. ബ്രഹ്മദത്തരാജാവു നായാട്ടിനു പുറപ്പെടുന്നു. അദ്ദേഹത്തിൻെറ സാരഥി ദീർബാഹുതന്നെ. ഈ

ഘട്ടത്തിൽ ശാകുന്തളത്തിലെ "നോക്കുമ്പോൾ ചെറുതായ വസ്തു വലുതായിടുന്നു മാത്രാന്തരെ" എന്നാദിയായ ശ്ലോകത്തോട്ട് അതേ സന്ദർഭത്തിൽ പ്രകൃതിയെ വർണ്ണിക്കുന്ന ആശാന്റെ താഴെപ്പറയുന്ന ശ്ലോകത്തെ താരതമ്യപ്പെടുത്തുവാൻ ആഗ്രഹമുണ്ടാകുന്നു:—

"ചാരത്തിൽ സ്തബ്ധമായ് നിന്നഥ, രഥഗതിയ വാ-
യുക്കൾ തന്നുക്കിനാൽ നാം
ദൂരത്തിൽ പോയ്ക്കഴിഞ്ഞാൽ തരുനിരകളിള-
ക്കം പിടിക്കുന്നു പിന്നിൽ.
നീരാളം കീറി നീക്കുംപടി, വനനിര ര-
ണ്ടായൊതുങ്ങുന്നു, കണ്ടാൽ
നേരേ, തുണ്ടാതെ, കേതുപരി കൊടിയുമവസ്പ-
ന്ദമായ് നിന്നിടുന്നു."

ഈവക വിവരണങ്ങളിൽ ആശാനു കാളിദാസൻ തന്നെയാണു മാതൃകയെന്നുള്ളതിനു സംശയമില്ലെങ്കിലും അസാമാന്യമായ ബുദ്ധിശക്തിയും സങ്കല്പശക്തിയും രചനാപാടവവും സ്വകീയമായിരുന്ന ആശാനു, മാതൃകയേയും അതിശയിക്കുന്ന രൂപം കലാവൈഭവത്താൽ നിർമ്മിക്കുവാൻ കാലസ്ഥിതിയും അനുകൂലിച്ചിരുന്നുവെന്നു സമ്മതിക്കണം. എല്ലാ കലകളും അഭിവൃദ്ധി പ്രാപിക്കുന്നതു് ഇങ്ങിനെയാണു്.

സൈന്യങ്ങളേയും പരിവാരങ്ങളേയും പിരിഞ്ഞു കാട്ടിൻനടുവിൽ എത്തിച്ചേർന്ന രാജാവു, നേരം അകാലമായെന്നു കണ്ടപ്പോൾ ഭയപ്പെട്ടുതുടങ്ങുന്നു. ദീർഘബാഹുവോട്ട് ആ സ്ഥലം തനിക്കു പരിചയമുണ്ടോ എന്നു രാജാവു് ചോദിച്ചപ്പോൾ ആ യുവാവു്:

ഭയമാൎന്നടനമ്മയോടുമെൻ
പ്രിയതാതൻ വനമേറി വാണനാൾ
അയി, നിർഭയ, ഗർഭശായി ഞാൻ
സ്വയമന്നീവഴി വന്നിരിക്കിലാം,

എന്നു മനസ്സുകൊണ്ടു ഉരുവിടുകയാണു ചെയ്യുന്നതു്. ഇതു് അദ്ദേഹത്തിൻെറ കഠിനമായ വ്യസനത്തേയും കോപത്തേയും പകവീട്ടാനുള്ള നിശ്ചയത്തേയും ആണല്ലൊ തെളിയിക്കുന്നതു്. രാത്രിസമയം വനമദ്ധ്യത്തിൽ വിശ്രമിക്കേണ്ടിവന്നതിനെപ്പററി ഭയപ്പെട്ടു രാജാവു് "വത്സാ, അസമയമായല്ലൊ! ഇതിനേക്കാൾ അമംഗളമായ ഒരു സംഭവം നമുക്കു് ഉണ്ടാവാനുണ്ടോ" എന്നു ചോദിച്ചതിനു ദീർഘബാഹു: - 'ഇത്രമാത്രംകൊണ്ടു് അങ്ങിനെ ശങ്കിക്കാറായില്ല, തിരുമേനി; മനുഷ്യൎക്ക സംഭവിക്കാമെന്നുള്ള അമംഗളങ്ങൾക്കു് അതിരില്ല. ആത്മനാശത്തെപ്പോലും, അറിവുള്ളവർ ദുഃഖത്തിൻെറ അവധിയായി വിചാരിക്കുന്നില്ല. ഇതു ഒരു ചെറിയ പ്രമാദം, അത്രയേ ഉള്ളു" എന്നു് അൎത്ഥഗർഭമായ മറുപടിയാണു പറയുന്നതു്. രാജാവിനു കിടക്കാൻ ദീർഘബാഹു ഒരുക്കിക്കൊടുത്ത ശഷ്പതല്പത്തിൽ അദ്ദേഹം കിടക്കുവാൻ ഭാവിക്കുമ്പോൾ "മനുഷ്യർ ഇതിനേക്കാൾ ദാരിദ്ര്യം അനുഭവിക്കുന്നുണ്ടായിരിക്കാം," എന്നു് ഒരു തത്വം പറയുന്നു. പിതാക്കളുടെ അതിദാരുണമായ അനുഭവത്തെ മറന്നുകളയാതെ ഹൃദയത്തിൽ നിക്ഷേപിച്ചിരുന്ന രാജകുമാരൻ ഇതിനു പറയുന്ന മറുപടി: —"ഹാ! മനുഷ്യരോ! അവസ്ഥാന്തരങ്ങളിൽ രാജാക്കന്മാർതന്നെ അവാച്യങ്ങളായ കഷ്ടതകൾ അനുഭവിച്ചിട്ടുണ്ടു്," എന്നാണു്. തൻെറ പിതാക്കളുടെ അനുഭവത്തെ സൂചിപ്പിച്ചാണു് ആ രാജകുമാരൻ അങ്ങിനെ പറഞ്ഞതെന്നു ഊഹിപ്പാൻ രാജാവിനു യാതൊരു മാർഗ്ഗവും ഇല്ലല്ലൊ. ആയുധരഹിതനായ യുവാവിനു,തന്നെ ഉറക്കിൽ രക്ഷിപ്പാൻ പെട്ടെന്നു സാധിച്ചില്ലെങ്കിലോ എന്നു വിചാരിച്ചു,

രാജാവു തൻെറ വാൾ അദ്ദേഹത്തിൻെറ കയ്യിൽ കൊടുക്കുന്നു ഇങ്ങിനെ രാജാവിൻെറ ഭയത്തെ സൂചിപ്പിക്കുന്നതും രാജകുമാരൻെറ ഈൎഷ്യയേയും താൻ നിശ്ചയിച്ചുറച്ചിരുന്ന ക്രൂരകൃത്യത്തേയും വ്യംഗ്യരൂപത്തിൽ പ്രത്യക്ഷപ്പെടുത്തുന്നതും ആയ സംഭാഷണം അത്യന്തം രസകരമായതാകുന്നു. അല്പം കഴിഞ്ഞപ്പോൾ അവിടെ ഒരു പുലി ചാടിവരുന്നു. ദീൎഘബാഹു ഉടനെ അതിനെ വെട്ടിക്കൊല്ലുന്നു. കൊന്നു കഴിഞ്ഞശേഷം അദ്ദേഹം ഇങ്ങിനെ പറയുന്നു:—

പൃഥിവീപതി വിശ്രമിച്ചിടും
പഥി, പാഞ്ഞാക്രമമാശു ചെയ്തു നീ,
ബത, വീണിതു രണ്ടു ഖണ്ഡമായ്
വിധിയേതും വിടുകില്ല ദുൎന്നയം.

9627

ഈ ശ്ലോകത്തിനു ഞാൻ രണ്ടൎത്ഥം കാണുന്നു. "പൃഥിവീപതി" ഇവിടെ കാശിരാജാവോ കോസലരാജാവോ ആവാം. "നീ" എന്നു സംബോധനചെയ്തതു വ്യാഘ്രത്തെയോ കാശിരാജാവിനേയോ ആവാം. കോസലരാജാവു സന്യാസിയായി വിശ്രമിക്കുന്ന വഴിയിലായിരുന്നുവല്ലൊ കാശിരാജാവു അദ്ദേഹത്തെ പിടിച്ചു കൊല്ലിച്ചതു്. "വീണിതു രണ്ടു ഖണ്ഡമായ്" എന്നതിനു രണ്ടു ഖണ്ഡമായി വീണതിനു തുല്യമായി എന്നും അൎത്ഥം പറയാമല്ലൊ. "വിധിയേതും വിടുകില്ല ദുൎന്നയം" എന്ന അൎത്ഥാന്തരന്യാസം കോസല രാജപരമായ അൎത്ഥത്തിനു ശക്തി കൂട്ടുന്നു.

രാജാവു കിടന്നുറങ്ങി; ഉറങ്ങിക്കിടക്കുന്ന രാജാവിനെ നോക്കി ദീൎഘബാഹു വിചാരിക്കുന്നതു ഇങ്ങിനെയാണു്:—

"ഈ കാന്താരമതിങ്കലീനിശയിലിന്നേ-
വം നിരാലംബനായ്
ഹാ! കാശീശനിതാ, ഭയങ്കരനര-
ങ്ങിടുന്നു ഗാഢം, ശഠൻ;

ശോകാർത്തൻ ശിതഖഡ്ഗധാരി, പിതൃഭ-
കതൻ കോസലേന്ദ്രാത്മജൻ
ഹാ! കാണുന്നിതു നിന്നു, ഹന്ത! വിധികാ-
ണിക്കുന്ന വിക്രീഡകം!"

ഏതായാലും വാളിൽ പുരണ്ടിരുന്ന വ്യാഘ്രരക്തം തുടച്ചുകളഞ്ഞിട്ടാവാം ആ ശഠനെ വെട്ടിക്കൊല്ലുന്നതെന്നു വിചാരിച്ച് അതിനായി ഇലകൾ അന്വേഷിക്കുമ്പോൾ ഒരു കാട്ടുമുല്ല പൂത്തുനില്ക്കുന്നതു കാണുവാൻ ഇടയാകുന്നു. ഒരു കഠിനക്രിയയ്ക്കു പ്രതിക്രിയയായി മറെറാരു കഠിനക്രിയ ചെയ്യാൻ മനസ്സിൽ മുന്നേറിനിന്ന വിചാരത്തേയും തള്ളിനീക്കി, പരമപാവനമായ പ്രണയം മനസ്സിൽ യഥാസ്ഥാനത്തു് ആരോഹണം ചെയ്യുന്നു. മുല്ലവള്ളിയെ ലക്ഷ്യമാക്കി രാജകുമാരൻ ഇങ്ങിനെ പറയുന്നു:—

"പണിവൻ തവപാദമിന്നു, പൂ-
വണിയും പൊൻവനകുന്ദമല്ലികെ,
അണയത്തലിവാന്നു, പുഞ്ചിരി-
ച്ചണയും കാന്തയ ലോമ്മയേകി നീ"

"വിരുദ്ധ വികാരങ്ങളുടെ അന്തരാളത്തിൽപെട്ടു" അദ്ദേഹത്തിൻെറ ഹൃദയം കുഴങ്ങുന്നു. പിതാക്കളെ ഓത്തു രാജാവിനെ നിഗ്രഹിക്കേണമോ? പ്രിയതമയെ ഓത്തു് അതിൽനിന്നു വിരമിക്കേണമോ?

വരവാണിയനാഥയായ്, വധിച്ചാൽ;
വിരമിച്ചെങ്കിലപുത്രനായി താതൻ;
ഒരുപോൽ പ്രതിപത്തിയും മനസ്സിൽ,
പരിപാലിപ്പതു രണ്ടിലേതഹോ ഞാൻ!

എന്നു ആലോചിച്ചു വാൾ ഒരു ദിക്കിൽ ചാരിവെയ്ക്കുന്നു. കുറേനേരം മനസ്സിൽ വാദപ്രതിവാദം ചെയ്യുതിന്റെ ശേഷം:

"ഏതും കാരണമെന്നി രാജ്യവുമിവൻ
 തട്ടിപ്പറിച്ചാത്തനാം
താതൻ തന്നെ വധിച്ചു; ഹാ! ജനനി-
 യേ തള്ളിച്ചു വെള്ളത്തിലും.
ചേതസ്സോക്കിൽ ദഹിച്ചിടുന്നവനെ
 ഞാൻ വാഴിക്കയോ, കേവലം
ഭീതിപ്പെട്ടിഹ ജീവിതാന്തമിതുപോൽ
 പ്രച്ഛന്നനായ് വാഴ്കയോ?"

ഒരു ക്ഷത്രിയകുമാരന്നു് ഇതു് അശക്യം എന്നു പറഞ്ഞു വീണ്ടും വാളെടുക്കുന്നു. പിന്നെയും പലവിധത്തിൽ മനസ്സിൽ വാദപ്രതിവാദം നടത്തിയതിന്റെ ശേഷം രാജാവിനെ കൊല്ലുവാൻതന്നെ തീർച്ചയാക്കിക്കൊണ്ടു വാൾ ഓങ്ങിപ്പിടിച്ചു്,

"പോകട്ടേ താപശല്യം ജനകനു പര-
 ലോകത്തിലിന്നു് ഒന്നുഴന്നാ
ശോകത്താൽ ശുഷ്കമായ്പ്പോയൊരു മിഴി
 വഴി പെയ്യട്ടെ ഹർഷാശ്രുവർഷം.
തുകട്ടേ ബ്രഹ്മദത്തൻ സപദി തുടുതുട
 ച്ചോര പാരിൽ, കഴുത്ത-
റ്റാകാശം കണ്ടിടട്ടെ, ഇവനുടെകഥ
 മായട്ടെ, പായട്ടെ ഖഡ്ഗം."

എന്നു പറയുന്നു. ഇങ്ങിനെ നോക്കു സഹജമായ കാരുണ്യത്തിനാവട്ടെ; പലതരം ശാസ്ത്രങ്ങളും പഠിച്ചറിഞ്ഞതുകൊണ്ടു പരിപാകത സിദ്ധിച്ച ബുദ്ധിക്കാവട്ടെ, ഒരു മഹാസുന്ദരിയിൽ നിർവ്യാജം ജനിച്ച പ്രണയത്തിനാവട്ടെ, ഒന്നി

നും ഇല്ലായ്മചെയ്വാൻ കഴിയാത്ത പിതൃഭക്തിനിമിത്തം താൻ ചെയ്വാൻപോകുന്ന ഭയങ്കരകൃത്യത്തിൽനിന്നു കഥാനായകനെ വിരമിപ്പിക്കുവാൻ,

ആനക്കുഴിയിൽനിന്നാനയെക്കേറവുവാ-
നാനയല്ലാതെമറേറകനുണ്ടാകുമോ?

എന്നു പറഞ്ഞതുപോലെ ആ പിതൃഭക്തിക്കു മാത്രമേ സാധ്യമാകുന്നുള്ളു. വാളോങ്ങി വെട്ടാൻ ഭാവിക്കുന്ന മാത്രയിൽ തന്റെ ഹൃദയഗുഹയിൽനിന്നു് ഒരു ശബ്ദം കേൾക്കുന്നതായി തോന്നി:

സ്നേഹിക്കയുണ്ണീ നീ, നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും
ദ്രോഹം ദ്വേഷത്തെ നീക്കിടാ,
സ്നേഹം നീക്കിടുമോക്ക നീ,

എന്നു പിതാവിന്റെ ചരമവാക്യം ഓർമ്മയിൽവന്ന ഉടനെ വാൾ കയ്യിൽനിന്നു വീണുപോയി. വാളിന്റെ പിടി രാജാവിന്റെ കാലിൽ തട്ടി അദ്ദേഹം ഞെട്ടി പാതി ഉണന്നു. അതിലിടയ്ക്കു്, പിതാവിന്റെ ഉപദേശത്തെ വിസ്മരിച്ചും രാജപുത്രിയുടെ അകൃത്രിമമായ അനുരാഗത്തെ അഗണ്യമാക്കിയും തല്ക്കാലം തന്റെ രക്ഷാകർത്താവിന്റെ സ്ഥാനത്തുള്ള രാജാവിനെ ഉറക്കത്തിൽ വധിക്കുവാൻ ആലോചിച്ച തന്റെ സാഹസകർമ്മത്തെ ഭത്സിച്ചും ദീർഘബാഹു ആത്മഹത്യ ചെയ്വാൻ ഒരുങ്ങുന്നു. രാജാവു് അതുകണ്ടു പരിഭ്രമിച്ചു അദ്ദേഹത്തെ ചെന്നു പിടികൂടുകയും അവർതമ്മിൽ നടന്ന സംഭാഷണത്തിൽ ദീർഘബാഹു താൻ കോസലരാജാവായിരുന്ന ദീർഘധീയുടെ പുത്രനാണെന്നും രാജാവേ താൻ ഉറക്കത്തിൽ വെട്ടിക്കൊല്ലുവാൻ ഭാവിച്ചെന്നും മററും പറകയും ചെയ്യുന്നു. രാജാവാകട്ടെ താൻ കോസലരാജാവോടും പത്നിയോടും ചെയ്തുപോയ അപരാധത്തെ, വിശേഷിച്ചും

തൻെറ പ്രിയപുത്രിയോടു ചെയ്തിരുന്ന വാഗ്ദത്തത്തെ ലംഘിച്ച് അവളെ വഞ്ചിച്ചു ചെയ്ത അപരാധത്തെ, ഓൎത്തു പശ്ചാത്തപിച്ചും താൻ അൎഹിച്ച മരണത്തിൽനിന്നു് ആ രാജാവു പുത്രനോടു ചെയ്ത അന്ത്യശാസനം തന്നെ രക്ഷിച്ചതോൎത്തു ലജ്ജിച്ചും രാജകുമാരനോടു മാപ്പിന്നു് അപേക്ഷിക്കുന്നു. നേരം വെളുത്തു. രാജാവിൻെറ പരിവാരങ്ങൾ എത്തി. എല്ലാവരും നഗരിയിലേക്കു പോകുന്നു.

പശ്ചാത്താപത്തിൽ മുഴുകി "മാനസാന്തരം" പ്രാപിച്ച ബ്രഹ്മദത്ത രാജാവു, തൻെറ പുത്രിയെ ദീൎഘബാഹുവിനു വിവാഹംചെയ്തു കൊടുക്കുകയും അദ്ദേഹത്തെ ആദ്യം കോസലരാജ്യത്തിൻെറ രാജാവായി അഭിഷേകം ചെയ്കയും ആ രണ്ടു കൎമ്മങ്ങളും കഴിഞ്ഞ ഉടനെ താൻ വാനപ്രസ്ഥാശ്രമം സ്വീകരിച്ചു വനത്തിലേക്കു പോകയും ദീൎഘബാഹുവിനു കാശിരാജ്യംകൂടി ദാനംചെയ്കയും ചെയ്യുന്നു.

ഒടുവിലത്തെ രംഗങ്ങളിൽ, പ്രേമലത തൻെറ ഭൎത്താവിൻെറ അച്ഛനമ്മമാരെ കാണാൻ ആവശ്യപ്പെട്ടുകൊണ്ടും കോസലരാജ്യത്തിലെ ഒരു കിഴവൻ തൻെറ രാജാവിനെപ്പററി അഭിഷേകോത്സവസമയം സൂചിപ്പിച്ചുകൊണ്ടും സൎവ്വരേയും മംഗളാവസരത്തിൽപോലും വ്യസനിപ്പിച്ചു, കരുണരസത്തിനു വീണ്ടും ഇടവരുത്തുന്ന സംഭവങ്ങൾ നാടകം വായിച്ചുതന്നെ അറിഞ്ഞുകൊള്ളേണ്ടതാണു്.

ആശാൻെറ ജീവിതംപോലെതന്നെ സന്തോഷവും ദുഃഖവും ജനിപ്പിക്കുന്ന സംഭാഷണംചെയ്തുകൊണ്ടു രാജദമ്പതിമാർ കയ്യും കയ്യും പിടിച്ചു അകത്തേക്കു പോകുന്നുവെന്നു കാണിച്ചുകൊണ്ടു ആ നാടകം അവസാനിച്ചിരിക്കുന്നതു്. ഒടുവിലത്തെ ശ്ലോകമാണിതു്:—

നിണ്ണീതം പരിപൂത്തിഭാഗ്യമതിനി-
ല്ലോക്കിന്നു നാം ചേന്നയേ
പുണ്യത്താൽ, അഥവാ പ്രിയേ, വിധി
രഹസ്യം കണ്ടതുണ്ടോ നരൻ?
എണ്ണീടായതു, കേണിടായ്കൂവശനാകു
ന്നൊന്നൊയെന്നോമലേ,
കണ്ണീർ വാൻറു, ചുവന്നു, കോമള
കപോലം പൂണ്ടു നിന്നാനനം.

"കാവ്യകല" ആശാന്നു് സ്വയമേവ ആഗതയായ മ ല്ലാക്ഷീമണിയായി നമ്മൾ കരുതിയാൽ അദ്ദേഹത്തിൻെറ ജീവനാശത്താൽ ദുഃഖിക്കുന്ന ആ തയ്യലാളെ താൻതന്നെ ആശ്വസിപ്പിക്കുന്നതായിട്ടു ഈ ശ്ലോകത്തെ കല്പിച്ചുകൂടയോ എന്നു ഞാൻ വിചാരിക്കുന്നു.

മഹാകവി തൻെറ കഥാപാത്രങ്ങളെ അത്യന്തം ചാതു ൎയ്യത്തോടും സൂക്ഷ്മതയോടുംകൂടിയാണു സൃഷ്ടിച്ചിരിക്കുന്നതു്. എന്നാൽ ഇതിലുള്ള ഒരു വിശേഷവിധി, നായകനെ സംബ ന്ധിച്ചാണു്. കഥാനായകനല്ല യഥാൎത്ഥത്തിൽ കഥയിൽ നായകത്വം വഹിക്കുന്നതെന്നാണു് എൻെറ അഭിപ്രായം. ആശാൻ തൻെറ മിക്ക കാവ്യങ്ങളിലും പ്രകാശിപ്പിച്ചുകാണു ന്ന സ്നേഹമാഹാത്മ്യമാണു് ഇതിലും നായകത്വം വഹിക്കു ന്നതു്. ഗുണസമ്പൂൎത്തിയുള്ള കഥാപാത്രത്തെയല്ലാതെ, ശ്രേ ഷ്ഠതമമായ വല്ല ഗുണവിശേഷത്തെയും കഥയുടെ ശുഭകര മായ പൎയ്യവസതിക്കു കാരണമാക്കി, അതിന്നു നായകത്വം കല്പിക്കുന്ന സമ്പ്രദായം മലയാളഭാഷയിലോ സംസ്കൃതത്തി ലോ ഉള്ള വല്ല കാവ്യങ്ങളിലും ഉണ്ടായിട്ടുണ്ടോ എന്നു പ ണ്ഡിതന്മാർ പറയേണ്ടതാണു്. ഇത്രമാത്രം പറഞ്ഞതുകൊ ണ്ടു എൻെറ അഭിപ്രായം വിശദമായിട്ടുണ്ടെന്നു തോന്നുന്നി ല്ല. ഇതു പണ്ഡിതന്മാരുടെ ആലോചനയ്ക്കു വിഷയമാകേ

ണ്ടതാകയാൽ കുറേക്കൂടി വിവരിക്കാം. ഈ നാടകം "വിചിത്രവിജയ"മാണു്. നായകനായി കല്പിക്കാവുന്ന ദീർഘബാഹുവിൻെറ സഹജമായ ഗുണഗണങ്ങളല്ലാ ആ വിജയം സാധിച്ചിരിക്കുന്നതു്;

സ്നേഹിക്ക ഉണ്ണിനി നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും
ദ്രോഹം ദ്വേഷത്തെ നീക്കിടാ
സ്നേഹം നീക്കിടുമോർക്ക നീ,

എന്ന ഉപദേശത്തിൽ അടങ്ങിയ മഹത്വമേറിയ ആശയമാണു് ആ വിജയം സാധിച്ചതു് അതുകൊണ്ടുതന്നെയാണു് ആ വിജയം വിചിത്രമാണെന്നു മഹാകവി കല്പിച്ചതെന്നു ഞാൻ വിചാരിക്കുന്നു. തൻെറ സഹജമായ സ്വഭാവമനുസരിച്ചു ദീർഘബാഹു പ്രവർത്തിച്ചിരുന്നുവെങ്കിൽ, അദ്ദേഹം ബ്രഹ്മദത്തരാജാവിനെ വധിക്കതന്നെ ചെയ്യുമായിരുന്നു. അതിൻെറ ഫലം ഒടുവിൽ വിജയമായാൽപോലും തന്നെ വിശ്വസിച്ചു കിടന്നുറങ്ങിയ ഒരാളെ വെട്ടിക്കൊന്നുവെന്നുള്ള വീരോചിതമല്ലാത്ത ഭീരുത്വം നായകനിൽ കല്പിക്കപ്പെട്ടുമായിരുന്നു. ശത്രുവിൻെറ പുത്രിയിൽ പ്രണയം ജനിക്കാൻ മനസ്സിനെ അനുവദിച്ചതും, കൈയിൽ വാൾകൊടുത്തു വിശ്വസിച്ചുറങ്ങുന്ന ആളെ വെട്ടിക്കൊല്ലേണ്ടുന്ന ഘട്ടംവരെ മനസ്സു പ്രവർത്തിച്ചതും, മനുഷ്യപ്രകൃതിയിൽ സംഭവിക്കാവുന്നതാണെങ്കിലും, കഥാനായകനു പററിയതല്ലെന്നു ന്യായമായി വാദിക്കാൻ കാരണമുണ്ടു്. ഒരു മഹാനുഭാവശാൽ അങ്ങിനെയുള്ള ദോഷം പററിപ്പോവാൻ ഇടയുള്ളതിൽനിന്നുപോലും അയാളെ രക്ഷിക്കാൻ പോരുന്നതായി, യഥാർത്ഥമായി, പരിപാവനമായ സ്നേഹത്തിൻെറ മാഹാത്മ്യത്തെയാണു മഹാകവി ഈ നാടകത്തിൽ തെളിയിച്ചിരിക്കുന്നതു്. അതുകൊണ്ടു കഥയിലെ നായകത്വം മുഖ്യ ക

ഘാപാത്രത്തിനല്ല, സ്നേഹത്തിൻെറ മാഹാത്മ്യത്തിനാണ് ഉള്ളതെന്നു ഞാൻ വിചാരിക്കുന്നു. ഈ നാടകം പൂർത്തിയാക്കി ഒരു അവതാരിക എഴുതുവാൻ മഹാകവിക്കു സാധിച്ചിരുന്നുവെങ്കിൽ അദ്ദേഹം ഇതിനെ വെളിപ്പെടുത്തുമായിരുന്നുവെന്നും എനിക്ക് അഭിപ്രായമുണ്ട്. ഈ അഭിപ്രായത്തെ ഞാൻ പണ്ഡിതസമക്ഷം സമർപ്പിക്കുന്നതേ ഉള്ളൂ.

“വിചിത്രവിജയം” ആശാൻെറ കാവ്യകലയുടെ “ബാല്യദശയിലുള്ള ഒരു കൃതി”യായിട്ടാകുന്നു ഇതിൻെറ അവതാരികയിൽ പറഞ്ഞിട്ടുള്ളത്. ആ നിലയിൽത്തന്നെ ഈ കൃതി ഇത്ര വിശിഷ്ടമായി കാണപ്പെടുമ്പോൾ തൻെറ കാവ്യകലയ്ക്കു പരിപാകത സിദ്ധിച്ചതിനുശേഷം ഇതിൽ വേണ്ടുന്ന മാററങ്ങളും പരിഷ്കാരങ്ങളും വരുത്തി പരസ്യംചെയ്വാൻ സാധിച്ചിരുന്നുവെങ്കിൽ കൈരളിക്ക് ഇതു് എത്ര വിലയേറിയ ഭൂഷണമായി പരിലസിക്കുമായിരുന്നുവെന്ന് ഓർക്കുന്തോറും ആ മഹാകവിയുടെ അകാലവും അപ്രതീക്ഷിതവുമായ ദേഹവിയോഗത്താൽ ക്രൂരനായ വിധി, കൈരളിക്കും കേരളരാജ്യത്തിനും എന്നല്ല, ലോകത്തിലെ സാഹിത്യത്തിനൊട്ടുക്കും നിർദ്ദയമായി വരുത്തിക്കൂട്ടിയ അനർത്ഥത്തെപ്പററി വിചാരിപ്പാൻകൂടി ഞാൻ ശക്തനാകുന്നില്ല.

---

കുറിപ്പ്:—1934-ലെ മാതൃഭൂമി വിശേഷാൽപ്രതിയിൽനിന്നും ഉദ്ധരിച്ചത്.

സമ്പാദകൻ.

# പ്രബോധചന്ദ്രോദയം.

നന്ത്യാരുവീട്ടിൽ കെ. പരമേശ്വരൻപിള്ള എം. എ.

ശാകുന്തളാദി സംസ്കൃതനാടകങ്ങളിൽ ഏറിയകൂറും മലയാളത്തിൽ ഭാഷാന്തരീകൃതമായിട്ടുണ്ടു്. അക്കൂട്ടത്തിൽ പ്രബോധചന്ദ്രോദയവും ഇതിനുമുൻപു് ഒരിക്കൽ ഭാഷാരംഗത്തിൽ ആവിർഭവിച്ചിട്ടുണ്ടു്. പണ്ഡിതാഗ്രഗണ്യനായ ശ്രീമൻ സി. എൻ. എ. രാമയ്യാശാസ്ത്രികളുടെ വന്ദ്യപിതാവിൻെറ ആ ഭാഷാനുവാദം ഇന്നു് അസൂര്യംപശ്യമായാണു് കഴിഞ്ഞുകൂടുന്നതു്. എന്തുകൊണ്ടും ആശാൻെറ ഈ ഭാഷാന്തരത്തെ സഹജബഹുലമായ സ്നേഹൗൽസുക്യങ്ങളോടുകൂടി കേരളീയജനത എതിരേല്ക്കുമെന്നുള്ളതു നിർവ്വിവാദമാണു്.

കൃഷ്ണമിശ്രൻെറ 'പ്രബോധചന്ദ്രോദയം' സംസ്കൃതനാടകലോകത്തിൽ സർവ്വഥാ നൂതനമായ ഒരു മാർഗ്ഗത്തെ പ്രദർശിപ്പിച്ചു് ഇന്നും അന്യാദൃശമായി സ്ഥിതിചെയ്യുന്നു. ശൃംഗാരവീരകരുണങ്ങളെ ഉപജീവിച്ചുള്ള ഭൂരിപക്ഷം നാടകങ്ങളെ ആസ്വദിക്കുന്ന സഹൃദയന്മാരെ അത്ഭുതരസത്തിൽ ആറാടിച്ചു് ഉദയംചെയ്ത ശാന്തരസപ്രധാനമായ 'പ്രബോധചന്ദ്രോദയം' ഭരതശാസ്ത്രകാരൻെറ പ്രതീക്ഷകളെ അതിലംഘിച്ചിരിക്കണം. എന്നാൽ ശൃംഗാരവീരാദിരസങ്ങൾ അത്ഭുതജനകമാംവണ്ണം ഈ കൃതിയിൽ ശാന്തരസത്തെ പരിപോഷിപ്പിച്ചു വിലസുന്നുണ്ടു് ഭാഷാന്തരണകാരൻെറ കഥയോ? ആശാനു സർവ്വത്ര അക്ഷുണ്ണമാർഗ്ഗത്തിൽ വിഹരിക്കാൻ ഒരു രസവും ചാതുര്യ്യവും കൂടും. അദ്ദേഹത്തിൻെറ സ്വതന്ത്രകാവ്യങ്ങൾ ഭാഷാസാഹിത്യലോകത്തിൽ ഒരു നവ്യപഥം ഉപജ്ഞാതം ചെയ്തു. പ്രേമസുരഭിലങ്ങളായ കവനകുസുമങ്ങൾകൊണ്ടു ശാന്തിദേവതയെ നിരന്തരം സമർപ്പിക്കുന്നതി

ലായിരുന്നു, അദ്ദേഹത്തിനു് ഔൽസുക്യം. തത്വചിന്താധുരന്ധരമായ ആ പ്രതിഭ ശാന്തരസശീതളമായ 'പ്രബോധചന്ദ്രോദയ'ത്തിൽ വികസ്വരമായതിൽ വിസ്മയിക്കാനില്ല.

ഇതു് എൻെറ ബാല്യസുഹൃത്തിൻെറ ബാല്യകൃതിയാണു്. മഹാമഹിമശ്രീ കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു പ്രസാധനം ചെയ്തിരുന്ന 'വിദ്യാവിലാസിനി' മാസിക വഴിയാണു് അഭിജ്ഞാനശാകുന്തളം ആദ്യം മലയാളത്തിൽ പ്രകാശിച്ചതു്. ഉദ്ദേശം ഇരുപത്തെട്ടു കൊല്ലത്തിനുമുമ്പു് ആ മാസികയുടെ പത്രാധിപത്യം ഞാൻ കയ്യേററപ്പോൾ അതിൽ പ്രസിദ്ധം ചെയ്യാനായിരുന്നു 'പ്രബോധചന്ദ്രോദയം' എഴുതിയതു്. ഇതിൽ ശൈശവസഹജമായ 'അവ്യക്തവൎണ്ണരമണീയവചസ്സ്'കളുടെ 'പ്രവൃത്തി' അങ്ങിങ്ങു കണ്ടെന്നു വരാം. എന്നാൽ കരുണയുടെ കൎത്താവിൻെറ കലാകുശലമായ തൂലികാവിലാസം സൎവ്വത്ര കാണാൻ കഴിയും.

"ഗംഗാംഭസ്സിൽ നനഞ്ഞു, വെണ്ണൊടിയണിഞ്ഞൊരാലെഴും (പൂമര-
ശ്ശൃംഗാന്തം ചൊരിയുന്ന ചാരുമലരാൽ ചെയ്യുന്ന ശൈവാ (ൎച്ചനം
ഭൃംഗാരാവമനോഹരസ്തവഗണം പാടുന്ന പൂങ്കൈലതാം
തുംഗാമോദമിളക്കിനിന്നു വടിവിൽ തുള്ളുന്ന മന്ദാനിലൻ."

എന്ന രീതിയിൽ അയത്നമനോഹരമായ ഈ ഭാഷ കണ്ടാൽ തൎജ്ജമയാണെന്നു് ആൎക്കു തോന്നും? മൂലഗ്രന്ഥപരിശോധനയോടു കൂടിയ ഒരു താരതമ്യവിവേചനം ഈ കൃതിയുടെ കാൎയ്യത്തിൽ ആവശ്യമാണെന്നു തോന്നുന്നില്ല.

---

കുറിപ്പു്:—പ്രസ്തുതനാടകത്തിൻെറ അവതാരികയിൽനിന്നു് എടുത്തിട്ടുള്ളതു്.

സമ്പാദകൻ.

# ആശാൻ

മഹാകവി ഉള്ളൂർ.

'കുമാരനാശാൻ' എന്ന ആ പാവനമായ പഞ്ചാക്ഷരി കേരളത്തിൽ അക്ഷരജ്ഞാനമുള്ള ഒരൊററ അംഗമെങ്കിലും അടങ്ങിയ ഓരോ ഗൃഹത്തിലും സുവിദിതമാണു്. ഈ അസാധാരണമായ - അഭൗമമായ—വശീകരണശക്തി ആ നാമധേയത്തിനുണ്ടാകുന്നതിനുള്ള ഹേതുക്കളെപ്പററി അല്പമൊന്നു് ഈ സന്ദർഭത്തിൽ വിചിന്തനം ചെയ്യുന്നതു് അസ്ഥാനത്തിലായിരിക്കുമെന്നു തോന്നുന്നില്ല. ആ മഹാകവിയുടെ കവിതകൾക്കുള്ള അനിതരസാമാന്യമായ ആസ്വാദ്യതതന്നെയാണു് അതിന്റെ പരമരഹസ്യം എന്നുള്ളതു് ആർക്കും അറിയാവുന്നതാണു്. അതോടുകൂടി അദ്ദേഹത്തിന്റെ ജീവിതവും അതുപോലെതന്നെ ആലോചനാമൃതമായ ഒരു കാവ്യമായിരുന്നു. വിശ്വോപകാരകമായ ആ ജീവിതത്തെയോ, വിശ്വാനന്ദദമായ ആ കവിതാപരമ്പരയെയോ അധികരിച്ചു വിസ്തരിച്ചുള്ള ഒരു ഉപന്യാസത്തിനു് പ്രസ്തുത സ്ഥലകാലങ്ങൾ അനുകൂലങ്ങളല്ലെങ്കിലും ഏതാനും ചില വാക്കുകളെങ്കിലും തദ്വിഷയകമായി പ്രസ്താവിക്കാതിരുന്നാൽ അതു് അക്ഷന്തവ്യമായ ഒരു കൃത്യവിലോപമായി പരിണമിക്കുമെന്നു് എനിക്കു നല്ലപോലെ അറിയാം.

കേരളത്തിലെ മഹാകവികളുടെ ഗണനാപ്രസംഗത്തിൽ അതിമഹനീയമായ ഒരു സ്ഥാനത്തെയാകുന്നു കുമാരനാശാൻ അധിരോഹണം ചെയ്യുന്നതു് എന്നുള്ള വസ്തുത വാദവിഷയമേ അല്ല. ഓരോ ദിവസം പോകുംതോറും അദ്ദേഹത്തെപ്പററി കേരളീയർക്കുള്ള മതിപ്പു് ഒന്നിനൊന്നു ഏറിവരുന്നതേയുള്ളൂ. പ്രാചീനകാലം - കൃഷ്ണഗാഥാകർത്താവിന്റെ

കാലംമുതല്ക്കു നാളതുവരെ ജീവിച്ചിരുന്ന അനുഗൃഹീതന്മാരായ ആറോ ഏഴോ കവിസമ്രാട്ടുകളുടെ കൂട്ടത്തിൽ ആശാനും സ്വായത്തമായ ഒരു സിംഹാസനം അപ്രതിഷേധ്യമായുണ്ട്.

കുമാരനാശാൻെറ ജനനം 1046-ാമാണ്ട് മേടമാസത്തിലാണെന്നു തോന്നുന്നു. ഏകദേശം പതിനാറുവയസ്സുവരെ ഗണനീയമായ വിദ്യാഭ്യാസത്തിന് അനുകൂലമായ ഒരു പരിതഃസ്ഥിതി അദ്ദേഹത്തിനു ലഭിച്ചിരുന്നില്ല. അപ്പോഴാണ് കേരളത്തെ ആധുനികകാലത്തു തങ്ങളുടെ സാന്നിദ്ധ്യത്താൽ അത്യന്തം ധന്യമാക്കിത്തീർത്തിട്ടുള്ള മഹാപുരുഷന്മാരിൽ അഗ്രഗണ്യനായ ശ്രീനാരായണഗുരുസ്വാമിയുടെ അന്തേവാസിത്വത്തിനും സാഹചര്യത്തിനുമുള്ള ഒരു യോഗം ആശാനു സിദ്ധിച്ചതു്. പാവനനായ പരമാചാര്യൻെറ ആരാധനവും അനുഗ്രഹവും ഭക്തിനമ്രനായ ശിഷ്യൻെറ പുരോഗമനത്തെ ഏതുവിധത്തിൽ ത്വരിപ്പിക്കുമെന്നുള്ളതിന് ഒരു പ്രത്യക്ഷമായ നിദർശനമാകുന്നു ആശാൻ. സ്വദേശത്തും സ്വാമിസന്നിധിയിലുംമററുംവച്ചു താൻ അപ്പോഴപ്പോഴായി സമ്പാദിച്ച സംസ്കൃതജ്ഞാനം സമ്പൂർണ്ണമാക്കുന്നതിന് അദ്ദേഹം അചിരേണ ബാംഗ്ളൂർ, മദിരാശി, കൽക്കത്താ ഈ പട്ടണങ്ങളിൽപോയി പ്രശസ്തപണ്ഡിതന്മാരുടെ ഛാത്രനായി തർക്കാദിശാസ്ത്രങ്ങൾ അഭ്യസിക്കുകയും, 5 വർഷത്തെ ഉപരിപഠനംകൊണ്ട് തൻെറ ആകാംക്ഷ സാധിച്ച് 1076-ലോമററോ ഒരു തികഞ്ഞ പണ്ഡിതനായി—തെളിഞ്ഞ വാഗ്മിയായി—തിരുവിതാംകൂറിൽ മടങ്ങി എത്തുകയും ചെയ്തു. ഈ ചുരുങ്ങിയ കാലഘട്ടത്തിനിടയിലുണ്ടായ നിഷ്കൃഷ്ടമായ വിദ്യാഭ്യാസം ആശാനെ ആളറിയാത്തനിലയിൽ അത്രമാത്രം രൂപഭേദപ്പെടുത്തി ഒരു വിശിഷ്ടനായ വിദ്യാസമ്പന്നനാക്കിത്തീർത്തു.

"കവിത്വം ജായതേ ശക്ത്യാ;
വർദ്ധതേഭ്യാസയോഗതഃ;

അസ്യ ചാരുത്വനിഷ്പത്തൌ
വ്യുൽപത്തിസ്തു ഗരീയസി"

എന്നുള്ള ആലങ്കാരികവചനം എത്രയോ അർത്ഥവത്താണ്. പ്രതിഭയില്ലാത്തവന് കവിത്വം ഉണ്ടാകയില്ല. നിരന്തരമായ അഭ്യാസമുണ്ടെങ്കിൽ ആ കവിത്വം അഭിവൃദ്ധിയെ പ്രാപിക്കും; പക്ഷേ വ്യുൽപത്തിയില്ലെങ്കിൽ അതിന് ഒരിക്കലും മനോഹരത—സഹൃദയന്മാരെ ആനന്ദതുന്ദിലന്മാരാക്കുന്നതിനുള്ള ആത്മവീര്യം-ഉണ്ടാകുന്നതല്ല. ആശാനു ദുർല്ലഭമായ പ്രതിഭ ജന്മസിദ്ധവും നിസ്തുഷ്ടമായ അഭ്യാസം ബാല്യംമുതല്ക്കുതന്നെ സഹചാരിയുമായിരുന്നു എങ്കിലും അദ്ദേഹത്തിൻെറ കൽക്കത്തായിൽനിന്നുള്ള തിരിയെവരവിനു മുൻപും പിൻപുമുള്ള കൃതികൾ പരിശോധിച്ചാൽ ഭാവുകന്മാൎക്ക് അദ്ദേഹം വ്യുൽപത്തിനിമിത്തം കവനകലയിൽ നേടിയ മേന്മയെന്തെന്നു സ്പഷ്ടമായി കാണാവുന്നതാണ്. അക്കാലത്തെ ഒരു സംഭവം എനിക്ക് ഇപ്പോഴും ഓൎമ്മയിൽ വരുന്നുണ്ട്. കുമാരനാശാൻ തിരുവനന്തപുരത്തു തിരിയെ എത്തിയ അവസരത്തിൽ പണ്ഡിതമൂൎദ്ധന്യനായ (പിന്നീട്ട് മഹാമഹോപാദ്ധ്യായൻ) ഗണപതിശാസ്ത്രികളെ സന്ദൎശിക്കവാൻ പോകയും അദ്ദേഹത്തോട്ട് അനൎഗ്ഗളമായി, അതിഗംഭീരമായി, സംസ്കൃതഭാഷയിൽ ഗദ്യത്തിലും പദ്യത്തിലും സംഭാഷണംചെയ്യുകയും, മഹാവിദ്വാനെങ്കിലും സംസ്കൃതത്തിൽ സംസാരിക്കുവാൻ വൈദഗ്ദ്ധ്യം കുറഞ്ഞിരുന്ന ശാസ്ത്രികൾ അതുകണ്ട് ഏററവും ആശ്ചൎയ്യപ്പെടുകയുംചെയ്തു. അതു കഴിഞ്ഞ ഉടൻ ശാസ്ത്രികൾ എന്നെ ഒരിക്കൽ കണ്ട അവസരത്തിൽ ഇതെന്നാ അത്യത്ഭുതം! ഒരീഴവനാം! അവിച്ഛിന്നധാരയായി സംസ്കൃതം പേശുകിറാൻ! കുമാരനാം! പരിനിഷ്ഠിതമാന ശാസ്ത്രജ്ഞാനവുമിരുക്കിറതു്" എന്നു പറയുകയും 'സരസ്വതീപവിത്രാണാം ജാതിസ്തത്ര ന വിദ്യതേ" എന്ന എൻെറ പ്രത്യുക്തിക്ക് "അതു ശരിതാൻ" എന്നു സമ്മതി

ക്കുകയും ചെയ്തു. അക്കാലത്ത് ആശാൻ സംസ്കൃതത്തിൽ അനേകം സരസങ്ങളായ പദ്യങ്ങൾ എഴുതിക്കൊണ്ടിരുന്നു എന്നു് ഈ ഘട്ടത്തിൽ നാം പ്രത്യേകം ഓർക്കേണ്ടതായുണ്ട്.

ആശാനു് വീണ്ടും ശ്രീമദ്ഗുരുസ്വാമികളുടെ അന്തേവാസിത്വം സിദ്ധിച്ചു. 1078 ൽ ശ്രീനാരായണധർമ്മപരിപാലനയോഗത്തിന്റെ സ്ഥാപനം സംബന്ധിച്ചുള്ള കാര്യങ്ങളിൽ അദ്ദേഹം ഏർപ്പെട്ടു് ആ യോഗത്തിന്റെ കാര്യദർശിയായി 1093-വരെ കാവ്യാധ്വസഞ്ചാരം മിക്കവാറും നിറുത്തിവച്ചു. സമുദായസേവകനായി യോഗത്തിന്റെ സുരക്ഷിതമായ സംഘടനത്തിനും സുസ്ഥിരമായ അഭ്യുദയത്തിനും വേണ്ടി അഹോരാത്രം പ്രവൃത്തിചെയ്തു. അതുവരേയ്ക്കു് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ സുബ്രഹ്മണ്യശതകം, ശാങ്കരശതകം, പ്രബോധചന്ദ്രോദയം നാടകത്തിന്റെ പരിഭാഷ, മേഘസന്ദേശത്തിന്റെ പരിഭാഷ ഇവ മാത്രമാകുന്നു. അനന്തരകാലങ്ങളിൽ ആശാന്റെ കൃതികളെപ്പററി കേട്ടിട്ടുള്ള ഒരാക്ഷേപം — ഒരൊററയാക്ഷേപം — ശബ്ദശുദ്ധിയിലുള്ള അനവധാനതയാണു് ഈ അപവാദം ആ കാവ്യദോഷത്തിന്റെ വിപുലമായ അർത്ഥത്തിൽ കേവലം അസത്യമാണു്. ആശാൻ തന്റെ കാവ്യങ്ങളെ അലങ്കരിക്കുന്ന ശബ്ദങ്ങൾ — സംസ്കൃതവും ഭാഷയും ഒന്നുപോലെ സമുചിതങ്ങളും മനോഹരങ്ങളും ഭാവഗർഭങ്ങളുമാകുന്നു. അദ്ദേഹത്തിന്റെ 'നളിനി' മുതലായ ചില കാവ്യങ്ങൾ അപഗ്രഥിച്ചു നോക്കിയാൽ അവിടവിടെയായി ശയ്യയിൽ അതായതു പദങ്ങളുടെ പരസ്പരമുള്ള പരമമായ സ്നിഗ്ദ്ധതയിൽ—അല്പം ഒരു വൈകല്യമുള്ളതായി ദോഷദൃക്കുകൾക്കുക ണാം. അതിനു ധ്വന്യധ്വനീനനും ഭാവഗംഭീരനും അർത്ഥകുബേരനുമായ മഹാകവി അശക്തിമൂലമല്ല - ആ ശ്ലക്ഷ്ണമായ ബാഹ്യാവരണത്തിലുള്ള അവ...ം നിമിത്തമാണു് - വിധേയനായിത്തീർന്നതെന്നുള്ളതിനു ഭാഷാമേഘസന്ദേശത്തിൽനിന്നു ഞാൻ താ

ഴെ ഉദ്ധരിക്കുന്ന ശ്യാമമനോഹരങ്ങളായിരിക്കുന്ന രണ്ടു പദ്യങ്ങൾ അഹമഹമികയാ സാക്ഷ്യംവഹിക്കുന്നതാണ്.

"കാണപ്പെട്ടുള്ള കൃത്യസ്ഖലനമതിന്നൊരാ-
ണ്ടാന്റ കാന്താവിയോഗം
ക്ഷീണശ്രീയാകുമാറദ്ധനദനുടെ കടും-
ശിക്ഷയാൽ ദക്ഷനേകൻ
വാണാൻ വൈദേഹി നീരാടിയ മഹിമയെഴും
വാരിയും ഭൂരിവൃക്ഷ-
ശ്രേണിച്ഛായാഭിരാമാങ്ഗണനിരയുമെഴും
രാമഗിര്യാശ്രമത്തിൽ."

"പൊട്ടിപ്പൂന്തൊങ്ങലെല്ലാം പകുതിവരെ വിട-
ന്റുള്ള നീലക്കടമ്പും
മൊട്ടിട്ടപ്പോൾ വിടന്റുള്ളിളയ കുദളിയും
മേഞ്ഞു കച്ഛങ്ങൾതോറും
ചുട്ടിട്ടുള്ളോരു കാട്ടിൽച്ചുഴലെ മണമെഴും
ഭ്രമുകന്റും വരുന്നാ-
കട്ടിസ്സാരംഗവൃന്ദം തവ ജലകണമേ-
റവുള്ള മാർഗ്ഗം കുറിക്കും."

ശ്രീമാൻ കരുവാ ഏറത്തു കൃഷ്ണനാശാൻ എന്ന ഈഴവനേതാവ് വൈദ്യൻ, സാഹിത്യബന്ധു, പ്രസംഗകർത്താവ് എന്നീ നിലകളിൽ നിങ്ങളിൽ പലക്കും സുപരിചിതനാണ്. 1071-ാമാണ്ട് ഞാൻ ബി. ഏ. പാസ്സായപ്പോൾ കൃഷ്ണനാശാൻ അദ്ദേഹത്തിന്റെ ഉടമസ്ഥതയിൽ കൊല്ലത്തു നടത്തുവാനുദ്ദേശിച്ചിരുന്ന 'വിദ്യാവിലാസിനി' മാസികപത്രത്തിനു ഞാൻ അധിപരായിരിക്കണമെന്നും ഇരുപത്തഞ്ചു രുപ്പികയോ മറേറാ മാസംതോറും ശമ്പളം തരാമെന്നും എനിക്ക് ഒരെഴുത്തയയ്ക്കുകയുണ്ടായി. അന്ന് അതൊരു വലി

യ ശമ്പളമായിരുന്നു. വേറെ പ്രതിബന്ധങ്ങളില്ലെങ്കിൽ മാസിക നടത്തുവാൻ ഞാൻ കൊല്ലത്തേക്കു പോകുകയും ചെയ്യുമായിരുന്നു. അതിനു സാധിച്ചില്ലെങ്കിലും ഞാൻ തിരുവനന്തപുരത്തിരുന്നുകൊണ്ടു കൃഷ്ണനാശാനു ലേഖനസഹായം ചെയ്തുകൊണ്ടിരുന്നു. ആ മാസികയിലാണ് വംഗദേശീയൻ എന്ന പേരിൽ കുമാരനാശാൻ കുറേക്കാലം കഴിഞ്ഞു ഭാഷാമേഘസന്ദേശം പ്രസിദ്ധപ്പെടുത്തിയത്. പിന്നീടു കുമാരു ആശാനെന്നും, കെ ആശാനെന്നും, കുമാരനാശാനെന്നും ആ പേർ ഓരോ ലക്കത്തിലായി മാറിക്കണ്ടപ്പോൾ വായനക്കാർക്ക് ആ കാവ്യത്തിന്റെ പ്രണേതാവ് ആരെന്നറിയുന്നതിനിടവരികയും അദ്ദേഹത്തെപ്പററിയുള്ള ബഹുമാനം വർദ്ധിക്കുകയും ചെയ്തു. ഈയിടയ്ക്കാണു പ്രസിദ്ധപ്പെടുത്തിയതെങ്കിലും ഭാഷാപ്രബോധചന്ദ്രോദയവും ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ അക്കാലത്ത് ആശാൻ രചിച്ച ഒരു കൃതിതന്നെയായിരുന്നു. കൃഷ്ണമിശ്രകവീശ്വരന്റെ മഹാഗംഭീരമായ ആ നാടകം ഈ നിലയ്ക്കു തർജ്ജിമചെയ്ത ആശാന്റെ വ്യവസായം ആർക്കും അഭിനന്ദനീയമായല്ലാതെ പ്രതിഭാസിക്കുന്നതല്ല. അന്നത്തെ പരിതഃസ്ഥിതിക്ക് അനുഗുണമായി അന്നത്തെ യുവകവികൾ ജീവിച്ചു.

"ഏറെത്തെളിഞ്ഞുള്ളതിലേകണമിന്നെനിക്കു
കൂറൊത്തുകൊണ്ടു കുശലങ്ങൾ കുശേശയാക്ഷൻ"

ഇത്യാദി ആലോചനാമൃതങ്ങളല്ലെങ്കിലും ആപാദമധുരങ്ങളായ ഭാഷാപദ്യങ്ങൾ ധാരാളമായി വാരിവർഷിച്ചുകൊണ്ടിരുന്ന വെൺമണി മഹൻനമ്പൂരിപ്പാടായിരുന്നു കവിലോകത്തിനു അക്കാലത്തെ മാർഗ്ഗദർശി. ആശാന്റെ ഗതിയും കുറേക്കാലത്തേക്ക് ആ മാർഗ്ഗത്തിലൂടെതന്നെയായിരുന്നു.

1084-ലോ മറേറാ ആയിരുന്നു കുമാരനാശാന്റെ 'വീ

ണാപൂവു്” എന്ന ഖണ്ഡകൃതി മിതവാദിയിൽ പ്രസിദ്ധപ്പെടുത്തിയതു്. ആശാൻ അതിനു മുമ്പുതന്നെ സ്വപ്രയത്നത്താൽ ഇംഗ്ലീഷുഭാഷ സ്വാധീനമാവുകയും ആ ഭാഷയിലെ കാവ്യതല്ലജങ്ങളുമായി പരിപൂർണ്ണമായ പരിചയം സിദ്ധിക്കുകയും ചെയ്തിരുന്നു. സ്വാമികളുടെ അന്തേവാസിത്വം, വംഗദേശത്തിലെ വാസം, ആംഗലസാഹിത്യത്തോടുള്ള അഭിനിവേശം, സർവ്വോപരി സ്വാതന്ത്ര്യത്തിലുള്ള ആസക്തി ഇവയുടെ ഏകോപിച്ചുള്ള പ്രേരകശക്തിയുടെ ഫലമാണു് ‘വീണാപൂവു്’. അതു് എല്ലാവിധത്തിലും ഭാഷാസാഹിത്യത്തിൽ ഒരു പുതിയ പ്രസ്ഥാനത്തിന്റെ അരുണോദയമായിത്തന്നെ സഹൃദയന്മാർ ഗണിച്ചു.

9.645

“ഹാ! പുഷ്പമേ! അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ! നീ”

എന്ന പദ്യത്തിൽ പുഷ്പത്തിനു് ഒരു രാജ്ഞിയെ ഉപമാനമാക്കിയതുതന്നെ ആശാന്റെ സ്വാതന്ത്ര്യശൈലിക്കു ഒരു ഉദാഹരണമാണു്. പ്രാചീനമായ കവിസങ്കേതം ഇതനുവദിക്കുന്നില്ല. പുഷ്പത്തിന്റെ പര്യായങ്ങളെല്ലാം—‘സ്ത്രീയാംസുമനസഃ’ എന്ന പദ്യാർത്ഥത്തിൽ പഠിക്കുന്ന സ്ത്രീലിംഗവും വികല്പേന നിത്യബഹുവചനവുമായ ‘സുമനസ്സു്’ എന്ന പദമൊഴികെ—നപുംസകലിംഗങ്ങളാണല്ലോ. ആശാൻ ആ സങ്കേതശൃംഖലയെ പൊട്ടിച്ചെറിയുകയാണു് ഇവിടെ ചെയ്തതു്. ഇതിൽ അദ്ദേഹത്തിനു സഹായി ആംഗലസാഹിത്യവുമാണു്. ഇത്തരത്തിൽ പൂർവ്വസങ്കേതങ്ങളെ ഉല്ലംഘിച്ചു ബില്ഹണകവി പറയുന്നതുപോലെ,

‘അത്യുന്നതിസ്ഫോടിതകഞ്ചുകാനി
രമ്യാണി കാന്താ കുചമണ്ഡലാനി’

എന്ന നിലയിൽ പ്രവൃദ്ധമായി രസസ്ഫൂർത്തിയോടുകൂടി

വ്യംഗ്യമാക്കുന്നതിൽ സൈ്വരസഞ്ചാരം തുടങ്ങിയ ആശാന്റെ കവിത ആരെയും അപഹൃതചിത്തവൃത്തികളാക്കിത്തീർത്തതിൽ ആശ്ചര്യമില്ല. ആശാനു സമുദായസംബന്ധമായി പല പണികളും നോക്കേണ്ടിയിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ നൂതനപ്രസ്ഥാനത്തിലുള്ള ആദ്യത്തെ സമഗ്രകാവ്യമായ 'നളിനി' 1087-ാമാണ്ടുമാത്രമേ പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചുള്ളു. അപ്പോഴേക്കു് അദ്ദേഹം ഒരു ഉൽകൃഷ്ടനായ പ്രകൃതിനിരീക്ഷകനും ഉത്തമനായ തത്വചിന്തകനുമായി വളർന്നു കഴിഞ്ഞിരുന്നു. വയസ്സും 41 ആയി. 'നളിനി'യുടെ കെട്ടും മട്ടും ആദ്യന്തം പുതിയ രീതിയിലായിരുന്നു. വിഷയം, പ്രതിപാദനം ഇവയെല്ലാം വിജാതീയമായ—എന്നാൽ വിശേഷാത്തരമായ—ഒരു ലക്ഷ്യത്തെയാണു് അഭിമുഖീകരിച്ചു കാണപ്പെട്ടതു്. തന്നിമിത്തം അതു പണ്ഡിതമൂർദ്ധന്യനായ പ്രൊഫസർ ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാന്റെ സശിരഃകമ്പമായ ശ്ലാഘയ്ക്കു പാത്രീഭവിക്കുകയും അന്നുമുതൽ ആശാൻ—നളിനീദിവാകരന്മാരെ സൃഷ്ടിച്ച ആ അസാധാരണനായ കാവ്യവേധസ്സ്—'മഹാകവി' എന്ന സഹൃദയദത്തമായ ബിരുദത്താൽ അലംകൃതനാകയും ചെയ്തു. കാവ്യവിമർശകന്മാർ പ്രായേണ അരോചകികളാണു്.

"അചുംബിതോല്ലേഖപഥപ്രവൃത്താ—
ന സമ്പ്രദായേന കവീൻ ക്ഷിപന്തി;
പഥാ പ്രവൃത്താൻ പ്രപിതേന മൂർഖാഃ
പശ്യന്ത്യപജ്ഞാമുകുളികൃതാക്ഷാഃ"

എന്ന പദ്യത്തിൽ മഹാകവി നീലകണ്ഠദീക്ഷിതർ ഇവരുടെ ഈ വൈലക്ഷണ്യത്തെ അനുക്രോശത്തോടുകൂടി സ്മരിക്കുന്നുണ്ടു്. പുതിയ ഉല്ലേഖങ്ങൾ കണ്ടുപിടിച്ചു കവി ആ വഴിക്കു സഞ്ചരിച്ചാൽ ഇവർ അതു പൂർവസങ്കേതത്തിനു വിപരീതമാണെന്നു് ആക്ഷേപിക്കും. എന്നാൽ പൂർവന്മാരുടെ കാല

ടിപ്പാട്ടുകളേത്തന്നെ പിൻതുടരണമെന്നുവച്ചാലോ? അങ്ങനെചെയ്യുന്ന കവിയെ ഇതിലെന്തുണ്ട് എന്നുപറഞ്ഞുകൊണ്ടു് അവജ്ഞയാൽ അടയ്ക്കപ്പെട്ട കണ്ണുകളോടുകൂടി നോക്കുകയും ചെയ്യും; ഇങ്ങനെയാണു് ഈ മൂർഖന്മാരുടെ വിമർശനവ്യാപാരം! ഖിന്നനാക്കുന്ന അദ്ദേഹത്തിൻെറ വിമർശകോപാലംഭം. ഈ തരത്തിലുള്ള കൂട്ടരേയും രസിപ്പിക്കണമെന്നുള്ള ഉദ്ദേശ്യമാണു് ആശാനു സാമാന്യമായി ഉണ്ടായിരുന്നതു്. എങ്കിലും അചുംബിതോല്ലേഖപഥത്തിൽ പര്യടനം ചെയ്യുന്നതിനായിരുന്നു അദ്ദേഹത്തിനു് അധികം ഔൽസുക്യം; അതുതന്നെയാണു് സമീചീനവും.

ആശാൻെറ അടുത്ത കാവ്യമായ 'ലീല' 1089-ലോമറേറാ ആണു് പ്രസിദ്ധപ്പെടുത്തിയതു്. ചില വിമർശകന്മാർ ലീലയെ നളിനിയേപ്പോലെ അഭിനന്ദിക്കാറില്ല. അതു് ഈ ഗ്രന്ഥങ്ങൾ രണ്ടും ശരിയായി വായിക്കാത്തതുകൊണ്ടെന്നാണു് എനിക്കു തോന്നീട്ടുള്ളതു്. 'നളിനി' ആശൻെറ ആദ്യത്തെ കാവ്യമായതുകൊണ്ടു് അതിനു ധാരാളം നിരൂപണങ്ങൾ ഉണ്ടായി; അത്രതന്നെ നിരൂപണങ്ങളാൽ ആവൃതമാകുന്നതിനുള്ള ഭാഗ്യം ലീലയ്ക്കു സിദ്ധിച്ചില്ല. ലീല നിഷ്പക്ഷമായി വായിച്ചാൽ അതു നളിനിയേക്കാൾ അശേഷം താഴെയല്ലെന്നും ചില ഘട്ടങ്ങളിൽ മുകളിലാണെന്നും സഹൃദയന്മാർക്കു കാണാൻ കഴിയുന്നതാണു്. ഞാൻ ധരിച്ചിടത്തോളം ഇതുതന്നെയായിരുന്നു ആശാൻെറയും അഭിപ്രായം. പിന്നെ കുറേക്കാലത്തേക്കു് ആശാൻ ബാലരാമായണം, ബുദ്ധചരിതത്തിൻെറ ആദികാണ്ഡങ്ങൾ ഇവ രചിക്കുന്നതിനായി സമുദായസേവ കഴിഞ്ഞാൽ ലഭിക്കുന്ന വിശ്രമാവസരം വിനിയോഗിച്ചുവന്നു. സമുദായസംബന്ധമായുള്ള പ്രവൃത്തികളിൽ ഏർപ്പെട്ടപ്പോൾ തൻെറ വിപുലവും സ്വാശ്രയസുഭഗവുമായ സമുദായം ആചാരശൃംഖലകളാൽ ബദ്ധമായി തുടരാ അനുഭവിക്കുന്ന അവശതകൾ അദ്ദേഹത്തിനു പൂർവ്വാധികം

ബോധ്യമായി. അതിൻെറ ലക്ഷ്യങ്ങൾ ലീലയിൽത്തന്നെ അവിടവിടെയായി കാണ്മാനുണ്ട്. സ്വയംവരവും വിധവാവിവാഹവും പ്രതിരോധിക്കപ്പെട്ടിരുന്ന വൈശ്യസമുദായത്തിലെ ഒരംഗമാണല്ലോ ലീല. 'അഭിജനസങ്കടദേശചര്യം' 'ഗുരുജനഭയപഞ്ജരസ്ഥ' എന്നും മററും ചില പ്രയോഗങ്ങൾ ആ കാവ്യത്തിൽ ആഗാമിയായ കവിയുടെ ജാതിചിന്തയുടെ മുന്നോടികളെന്നപോലെ കടന്നുവരുന്നുണ്ട്. മൂന്നാമത്തെ കാവ്യമായ പ്രരോദനം പ്രൊഫസർ രാജരാജവർമ്മകോയിത്തമ്പുരാൻെറ അകാലനിര്യാണത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ള അതിപ്രൗഢമായ ഒരു വിലാപകൃതിയാകുന്നു. നാലാമത്തെ കൃതിയായ 'ചിന്താവിഷ്ടയായ സീത'യിലെ പ്രതിപാദ്യവസ്തു പ്രഖ്യാതമാണെങ്കിലും അതിലും ആശാൻ അനന്യതന്ത്രമായ ഒരു പ്രതിപാദനസമ്പ്രദായത്തെയാണ് അംഗീകരിച്ചു കാണുന്നത്. 1093-ാമാണ്ടിൽ ആശാൻ വിവാഹബന്ധത്തിലേപ്പെട്ടു. 1097-ൽ വെയിത്സിലെ രാജകുമാരൻ ഇൻഡ്യ സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിൻെറ തൃക്കയ്യിൽനിന്നും 'പട്ടും വളയും' വാങ്ങാനുള്ള ഭാഗ്യവും ആശാനുണ്ടായി. ആശാനെ ഈ ദാനത്തിനു പാത്രമാക്കുന്ന വിഷയത്തിൽ എനിക്കും ഒരെളിയ കൈകാര്യകർതൃത്വം ഉണ്ടായിരുന്നു എന്നുള്ള വസ്തുത പലർക്കും അറിവുള്ളതും അതു ഞാൻ ഇന്നും അഭിമാനപൂർവം സ്മരിക്കുന്നതുമാകുന്നു.

അതുകഴിഞ്ഞു് ആശാൻ 1098-ൽ 'ദുരവസ്ഥ'യും 'ചണ്ഡാലഭിക്ഷുകി'യും 1099-ൽ ദേഹവിയോഗത്തിനു സ്വല്പം മുമ്പുമാത്രം 'കരുണ'യും എഴുതിത്തീർത്തു. 'ദുരവസ്ഥ' സാഹിത്യലോകത്തിൽ വളരെക്കാലം ഒച്ചപ്പാടുണ്ടാക്കിക്കൊണ്ടിരുന്ന ഒരു കൃതിയും ഇന്നും അതിൻെറ മാറെറാലി മുഴുവൻ ശമിച്ചിട്ടില്ലെന്നു വിചാരിക്കേണ്ടിയിരിക്കേണ്ടതുമാകുന്നു. മഹമ്മദീയസമുദായത്തെ മാപ്പിളലഹളയെ നിമിത്തമാക്കി വച്ചുകൊണ്ടു്—അധിക്ഷേപിക്കുകയാണ് അദ്ദേഹം ഈ കാ

വ്യത്തിൽ ചെയ്തതു് എന്നത്രേ ആദ്യത്തെ ദുഷ്പ്രവാദം. വാസ്തവം നോക്കുകയാണെങ്കിൽ അദ്ദേഹത്തിനു് അത്തരത്തിൽ ഒരു ഉദ്ദേശ്യമേയുണ്ടായിരുന്നില്ലെന്നുള്ളതു് ഞാൻ 'ചണ്ഡാലഭിക്ഷുകി'യ്ക്കു് എഴുതിയ അവതാരികയിൽ മുക്തകണ്ഠമായി പ്രസ്താവിച്ചിട്ടുണ്ടു്. ഒരു സമുദായത്തെ അടച്ചു് അധിക്ഷേപിക്കുക എന്നുള്ള ആ നാരകീയമായ മനോവികാരം ഒരു മഹാകവിയ്ക്കും ഉണ്ടാകുവാനിടയില്ല; മൈത്രനാകുന്നു മഹാകവി. കേരളത്തിലെ മഹമ്മദീയരിൽ ഭൂരിപക്ഷവും ഹിന്ദുമതത്തിലുള്ള ചില ദുരാചാരങ്ങൾ നിമിത്തം മഹമ്മദീയമതത്തെ ശരണം പ്രാപിക്കേണ്ടിവന്ന ഹിന്ദുക്കൾ തന്നെയാണെന്നും അത്തരത്തിലുള്ള ആചാരങ്ങളെ പുലർത്തിക്കൊണ്ടുപോകുന്നതു നിമിത്തം ഹൈന്ദവസമുദായത്തിനു് എത്രമാത്രം ശൈഥില്യവും സങ്കടവും ഉണ്ടാകാമെന്നും കേരളീയരെ ശക്തിയുക്തമായി ഉൽബോധനം ചെയ്യണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിസന്ധി. ആ വസ്തുത അദ്ദേഹംതന്നെ വാച്യമായരൂപത്തിൽ ഒരു കാവ്യത്തിൽ ഉപന്യസിച്ചിട്ടുമുണ്ടു്. ഒരു ഉത്തമബ്രാഹ്മണയുവതിയെ ഒരു പുലയൻ വിവാഹം ചെയ്യുന്നതുക്കവണ്ണം ഇതിവൃത്തം നിർമ്മിച്ചു വർണ്ണസങ്കരത്തെ അനുക്രൂലിച്ചു തദ്വാരാ ബ്രാഹ്മണസമുദായത്തെ കവി അധിക്ഷേപിച്ചു എന്നാണു രണ്ടാമത്തെ ദുഷ്പ്രവാദം. ഇതിനും അടിസ്ഥാനമില്ല. 'ദുരവസ്ഥ' ആമൂലാഗ്രം അവധാനപൂർവ്വമായും അമത്സരമായും വായിച്ചാൽ അതിൽ വർത്തിച്ചിരിക്കുന്ന പരിതഃസ്ഥിതികൾക്കു വിധേയയായ ഒരു ബ്രാഹ്മണയുവതിക്കു് അത്തരത്തിലുള്ള ഒരനുരാഗം ജനിയ്ക്കുന്നതു് അസ്വാഭാവികമല്ലെന്നു സഹൃദയന്മാർക്കു നിരീക്ഷിക്കുവാൻ പ്രയാസമില്ല. 'ദുരവസ്ഥ' എന്നു കവി കാവ്യത്തിനു നല്കിയിരിക്കുന്ന പേർപോലും ഈ വിഷയത്തിൽ അർത്ഥപുഷ്കലമാണു്. "മദചനങ്ങൾക്കു മാറ്റവമില്ലെങ്കിലുദ്ദേശശുദ്ധിയാൽ മാപ്പുനല്കിൻ" എന്നു വ്യക്തമായി ഗ്രന്ഥാവസാനത്തിൽ യാഥാസ്ഥിതികന്മാരോടു ക്ഷമാപണം

ചെയ്തു വിരമിക്കുന്ന ഒരു മഹാകവിയുടെ സദുദ്ദേശ്യത്തെ പ്പററി സംശയിക്കുന്നതുപോലും മഹാപാപമാകുന്നു. "ഉദ്യാനപാലകരേ! ഭവാന്മാരുണർന്നുദ്യമിപ്പിൻ! പുഷ്പകാലമായി" ഇത്യാദിഭാഗങ്ങളിൽ എത്ര വിനീതമായ—എത്ര വ്യംഗ്യമസൃണമായ സ്വരത്തിലാണു് ആശാൻ മാമൂൽപ്രിയന്മാരെ ഈ വക വിപുലങ്ങളായ വിഷയങ്ങളിൽ ഒന്നു കണ്ണോടിക്കുവാൻ ക്ഷണിക്കുന്നതെന്നുള്ളതും ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരണീയമാണു്. വാസ്തവത്തിൽ ഏതു ഭൂതദയാവിഷ്ടനായ കേരളീയകവിയ്ക്കും പുലയനും മനുഷ്യനാണെന്നു ബ്രാഹ്മണരിൽ ചിലരെ അറിയിക്കണമെന്നു് ആഗ്രഹമുണ്ടാകുന്നതു സഹജമാണു്. ആ ആഗ്രഹം ആശാനുമുണ്ടായാൽ അതെങ്ങനെയാണു് അപലപനീയമായി തീരുന്നതെന്നു മനസ്സിലാകുന്നില്ല. അതു് ഒരപരാധമാണെങ്കിൽ

"യഥാ ജാതജനാനാന്തു
ശരീരേ സർവ്വദേവതാഃ
തിരോഭൂതതയാനിത്യം
വർത്തന്തേ മുനിസത്തമാഃ

അതശ്ചേദ് ഭോഗമോക്ഷാർത്ഥീ
ശരീരം ദേവതാമയം
സ്വകീയം പരകീയഞ്ച
പൂജയേത്തു വിശേഷതഃ"

അതായതു് "സംസ്കാരഹീനന്മാരായ സാധുജനങ്ങളുടെ ശരീരത്തിലും എല്ലാ ദേവതകളും, അല്ലയോ മഹർഷിശ്രേഷ്ഠന്മാരേ! ഒളിവിൽ വർത്തിക്കുകതന്നെയാണു ചെയ്യുന്നതു്; ഇതുകൊണ്ടു ഭോഗത്തെയും മോക്ഷത്തെയും (അഭ്യുദയത്തെയും നിശ്ശ്രേയസത്തെയും) ഇച്ഛിക്കുന്നവനും തന്റെയും അന്യന്റെയും ശരീരത്തെ ദൈവതാമയമാണെന്നുള്ള ബോധത്തോ

ട്ടുകൂടി വിശേഷിച്ചു പൂജിക്കേണ്ടതാണെന്ന് എന്നനുശാസിക്കുന്ന വേദാന്തരത്നമഹോദധിയായ സൂതസംഹിത മുതലായ പ്രാമാണികങ്ങളായ ഹൈന്ദവമതഗ്രന്ഥങ്ങളുടെ നിർമ്മാതാക്കളും ആ വിഷയത്തിൽ അപരാധികളാണ്.

'ചണ്ഡാലഭിക്ഷുകി'യും 'കരുണ'യും ബുദ്ധമതഗ്രന്ഥാന്തർഗ്ഗതങ്ങളായ ഇതിവൃത്തങ്ങളെ ഉപജീവിച്ചു രചിച്ചിട്ടുള്ള രണ്ടു കാവ്യങ്ങളാകുന്നു. ജാതി—അഥവാ ജനനമാത്രത്താൽ മനുഷ്യനുണ്ടാകുന്ന മിഥ്യാഭിമാനം എത്ര അർത്ഥശൂന്യമാണെന്ന് ആശാൻ ഭിക്ഷുകിയിൽ രൂക്ഷവും കർക്കശവുമായ ഭാഷയിൽ—എന്നാൽ രസാപപത്തികമായി നിരൂപണം ചെയ്തിട്ടുണ്ട്. 'കരുണ' ആശാന്റെ കാവ്യങ്ങളിൽവച്ച് അത്യുൽകൃഷ്ടമാകുന്നു. അതിലധികം ആസ്വാദ്യമായ ഒരു കാവ്യം ഭാഷയിൽ വേറെയുണ്ടോ എന്നു സംശയമാണ്. ഏതു കവിയുടെ കാവ്യങ്ങൾ ഒന്നിനൊന്ന് ഉത്തരോത്തരം സഹൃദയസമ്മോദം നല്കുവാൻ പര്യാപ്തങ്ങളായിത്തീരുന്നുവോ ആ കവിയാകുന്നു ചരിതാർത്ഥൻ. വേഡ്സ്വർത്തിന്റെയും മററും പൂർവ്വകാലങ്ങളിലെ ചില കാവ്യങ്ങളെ അപേക്ഷിച്ച് അനന്തരകാലങ്ങളിലെ കൃതികൾ അപരങ്ങളാണെന്നുള്ള ഒരാക്ഷേപം ഇന്നും സർവ്വസമ്മതമാകുന്നു. സതതോത്ഥായിയായ ഒരു മഹാകവിയായിരുന്നു ആശാൻ. അതുകൊണ്ടു "മുമ്പന്തിപൂർവ്വജാംകീർത്തിം ജാതാജാതാ ഗുണാധികാം" എന്നരീതിയിൽ അദ്ദേഹത്തിന്റെ കാവ്യങ്ങൾക്കു പ്രകാശിക്കുവാൻ ഇടവന്നു. ലീല ലോകപ്രകൃതി പ്രദർശിപ്പിക്കുന്ന സന്താപം; സീത പ്രകൃതിയോടു ചെയ്യുന്ന അന്ത്യാമന്ത്രണം; ചാത്തന്റെ ചാളയും അതു കാണുമ്പോൾ കവിക്കുണ്ടാകുന്ന വികാരങ്ങളും; ആൽത്തറയും കിണറും; വേശ്യയുടെ ആദ്യത്തെ ചമഞ്ഞിരിപ്പ്; ഒടുവിലവൾ ചെന്നുവീഴുന്ന ചുടുകാട് ഇത്യാദി വർണ്ണ്യവസ്തുക്കൾ അദ്ദേഹം എത്ര തന്മയത്വത്തോടുകൂടിയും സഹൃദയഹൃദയാഹ്ലാദമാകുംവണ്ണവും വർണ്ണിക്കുന്നു. ഇതു

വർണ്ണനങ്ങൾ ഓരോന്നിലും അദ്ദേഹം പ്രദർശിപ്പിച്ചിരിക്കുന്ന അനന്യസുലഭമായ കവനകലാപാടവം ആരെയും ആശ്ച ര്യാനന്ദസാഗരങ്ങളിൽ ആറാടിക്കുന്നതിന് പര്യാപ്തമാണ്.

ആശാൻെറ കാവ്യങ്ങളിലെ രസത്തേപ്പററിയുള്ള ചർച്ച ഇന്നും നടന്നുകൊണ്ടുതന്നെയിരിക്കുന്നു. സംഭോഗശൃംഗാര ത്തെ വിപ്രലംഭശൃംഗാരത്തിനും, വിപ്രലംഭശൃംഗാരത്തെ കരു ണത്തിനും, കരുണത്തെ ശാന്തത്തിനും അധീനമാക്കിക്കൊ ണ്ടാകുന്നു അദ്ദേഹത്തിൻെറ കാവ്യങ്ങൾ സാമാന്യേന പുരോ ഗമനം ചെയ്യുന്നതു്. കേവലം പ്രരോചനാർത്ഥമായല്ലാതെ ലൗകികരീത്യാ സംഭോഗശൃംഗാരത്തെ അദ്ദേഹം സ്പർശിക്കുന്ന തേ ഇല്ല. ശൃംഗാരവീരങ്ങളിൽ ഒന്നായിരിക്കണം അംഗിയായ രസമെന്നുള്ള ആലങ്കാരികന്മാരുടെ ഉത്സർഗ്ഗവിധിക്കു് അദ്ദേ ഹം വിധേയനല്ല. ശൃംഗാരം എന്ന ഒരു രസമേ വാസ്തവ ത്തിൽ ഉള്ളു എന്നു ഭോജരാജാവും 'കരുണമൊരുരസംതാൻ' എന്നു ഭവഭൂതിമഹാകവിയും പ്രസ്താവിച്ചിട്ടുണ്ടു്. ഈ പരസ്പ രവിരുദ്ധങ്ങളായ പ്രസ്താവനകളിൽ നിന്നുതന്നെ കരുണത്തി ന്റെ രസപംക്തിയിലുള്ള മാന്യസ്ഥാനം എന്തെന്നു നമുക്കു മന സ്സിലാക്കാം. വാസ്തവത്തിൽ 'കരുണ'വും 'ശാന്ത'വും ആ കുന്നു യഥാക്രമം രാമായണത്തിലും മഹാഭാരതത്തിലും നമ്മു ടെ ആദികവികളായ വാല്മീകിമഹർഷിയും വ്യാസഭഗവാനും അംഗികളായി കല്പിച്ച രസങ്ങൾ എന്നുള്ള തത്വം അഭിനവ ഗുപ്താചാര്യർ അദ്ദേഹത്തിൻെറ ധ്വന്യാലോകലോചനത്തിൽ വ്യവസ്ഥാപനം ചെയ്തിട്ടുണ്ടു്. ആ രണ്ടു രസങ്ങളിലും ശ്രീ മന്നാരായണഗുരുസ്വാമികളുടെ മുഖ്യശിഷ്യനായ ഒരു പ്രകൃ ഷ്ടചിന്തകനു് അഭിനിവേശം ജനിക്കുന്നതു സ്വാഭാവികം തന്നെ. ദുഃഖപരിതമായ മനുഷ്യജീവിതത്തിൽ ഒന്നു നോ ക്കിയാൽ കരുണത്തിനല്ലാതെ സ്ഥാനമെവിടെ? ദുഃഖത്തിൽ നിന്നു മനുഷ്യൻ നിവൃത്തിനേടണമെങ്കിൽ ശാന്തമല്ലാതെ ഗതിയെന്തു്? ഇതാണു് ആശാൻെറ രസോപനിഷദ്രഹസ്യം.

തനിസ്ഥായിയായ വിപ്രലംഭവും ശോകസ്ഥായിയായ കരുണവും ശമസ്ഥായിയായ ശാന്തവും ചേൻറുള്ള ഒരു അഭൗമമായ രസയോഗമാണ് നാം ആശാൻെറ കൃതികളിൽ കാണുന്നതെന്നു സമഷ്ടിയായി പറയാം. അനുരാഗത്തെ അതിൻെറ പരിശുദ്ധമായ രൂപത്തിൽ ആവിഷ്കരിക്കുന്നതിനു 'ധ്രുവമിഹ മാംസനിബദ്ധമല്ലരാഗം' എന്ന തത്വത്തെ സമഞ്ജസമായി പ്രപഞ്ചനം ചെയ്യുന്നതിന് അദ്ദേഹം അത്യധികം ശ്രദ്ധിച്ചിട്ടുണ്ട്. മഹാകവി ശ്രീഹർഷൻ നൈഷധീയചരിതത്തിൽ ഈ വസ്തുത,

9627

"ദേവാനയം നിഷധരാജരുചസ്ത്യജന്തീ
രൂപാദരജ്യത നളേന വിദർഭസുഭ്രൂഃ;
ജന്മാന്തരാധിഗതകർമ്മവിപാകജന്മൈ-
പോന്മീലതികപചന കസ്യ ചനാനുരാഗഃ"

എന്നപദ്യത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. "നളൻെറ രൂപം ധരിച്ച ഇന്ദ്രൻ, അഗ്നി, യമൻ, വരുണൻ ഈ ദേവന്മാരെ പരിത്യജിച്ച ദമയന്തി നിശ്ചയമായി നളൻെറ രൂപം കണ്ടല്ല അദ്ദേഹത്തിൽ അനുരാഗവതിയായിത്തീൻറത്. ജന്മാന്തരങ്ങളിൽ ഉള്ള കർമ്മവിപാകംനിമിത്തമാണ് ഒരാൾക്കു മറെറാരാളിൽ അനുരാഗമുണ്ടാകുന്നത്" എന്നുള്ള ഈ തത്വം ലോകം ഒരിക്കലും വിസ്മരിക്കരുത്. 'ലീല'യുടെ അവസാനത്തിൽ ലീലയും മദനനും സിദ്ധരൂപധാരികളായി നമ്മദയിൽനിന്നുപൊങ്ങി ലീലയുടെ സഖിയായ മാധവിയെ ആശ്വസിപ്പിക്കുന്ന

"ആരും തോഴീ! ഉലകിൽ മറയുന്നില്ല,
മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജഡിലം ദേഹി-
തൻ ദേഹബന്ധം;

പോരും ഖേദം പ്രിയസഖി! ചിരം വാഴ്ക
മാഴ്കാതെ; വീണ്ടും
ചേരും നാം കേൾ; വിരതഗതിയായില്ല
സംസാരചക്രം"

എന്ന പദ്യത്തിൻെറ ഭാവസൌന്ദയ്യം പ്രത്യേകിച്ചും മനുഷ്യക്ക് പയ്യാലോചനാവിഷയമാകേണ്ടതാണ്. മൃതനെപ്പററി ജീവിതാശ തീരെ ഇല്ലാതെവരുമ്പോൾ കരുണവും പുനഃസമാഗമഹേതുവായ പ്രത്യാശയുള്ളപ്പോൾ വിപ്രലംഭശൃംഗാരവുമാണെന്നു് ആലങ്കാരികന്മാർ വ്യവച്ഛേദിക്കാറുണ്ടു്. ഇവിടെ ആശാൻ കല്പിക്കുന്ന പുനഃസമാഗമം ആയുഷ്മികമാകുന്ന എന്നുള്ളതാണു് അതിൻെറ അഭൗമത്വം. അതു് സഹൃദയനു് ഒരു തരത്തിൽ നോക്കിയാൽ അത്യന്തം ആസ്വാദ്യമാണെന്നും സമ്മതിക്കാതെ തരമില്ല. ആദ്ധ്യാത്മികമായ ശൃംഗാരമാകുന്ന വാസ്തവത്തിൽ ശാന്തരസം.

'കരുണ'യിലെ ചുടുകാടിൻെറ വണ്ണനത്തെ ഡാൻറിയുടെ 'ഡിവൈൻ കോമഡി' എന്ന സുപ്രസിദ്ധമായ പാശ്ചാത്യമഹാകാവ്യത്തിലെ ചില വണ്ണനങ്ങളുമായിപോലും തുലനം ചെയ്യാവുന്നതാണു്. ആശാൻെറ ഉപമ, അത്ഥാന്തരന്യാസം, ദൃഷ്ടാന്തം ഇത്യാദി അലങ്കാരങ്ങൾക്കുള്ള നവ്യതയും സാമഞ്ജസ്യവും ഒന്നു വേറെതന്നെയാകുന്നു.

"വാചസ്പതി സഹസ്രാണാം
സഹസ്രൈരപി യത്നതഃ
നിബദ്ധാപി ക്ഷയം നൈതി
പ്രകൃതിർജ്ജഗതാമിമ"

അതായതു് എത്രയോ സഹസ്രാനുസഹസ്രം മഹാകവികൾ പ്രബന്ധങ്ങൾ നിമ്മിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും ഇന്നു അനുഭൂ

ഹിതനായ ഒരു കവിക്കു നൂതനമായ വർണ്ണ്യവസ്തുക്കൾ നൂതനമായ രീതിയിൽ വർണ്ണിക്കത്തക്കവണ്ണം എത്രവേണമെങ്കിലും കാണുമെന്നുള്ള ധ്വനികാരൻെറ മതത്തിനു് ആശാൻെറ കവിതകൾ സാക്ഷ്യംവഹിക്കുന്നു.

ദിവംഗതനായ നമ്മുടെ മഹാകവി പക്ഷേ മുക്തിപദത്തെത്തന്നെ പ്രാപിച്ചിരിക്കാം. സംഗീതസാഹിത്യരഹസ്യവേദികളുടെ മാഹാത്മ്യം അത്രമാത്രമുണ്ടു്. സംഗീതജ്ഞന്മാരെപ്പററി യാജ്ഞവല്ക്യസ്മൃതിയിൽ

"വീണാവാദന തത്വജ്ഞഃ
ശ്രുതി ജാതി വിശാരദഃ
താളജ്ഞശ്ചാ പ്രയാസേന
മോക്ഷമാർഗ്ഗം നിയച്ഛതി"

എന്നു പ്രസ്താവിച്ചുകാണുന്നതു ശബ്ദബ്രഹ്മത്തിൽ നിഷ്ണാതന്മാരായവർക്കും സംബന്ധിക്കുന്നതാണെന്നു് ഇതരഗ്രന്ഥങ്ങളിൽനിന്നു വെളിവാകുന്നുണ്ടു്. അഥവാ പരോപകാരപരനായ അദ്ദേഹം സമുദായം, സംസ്ഥാനം, സാഹിത്യം ഇവയെ സേവിച്ചു് അതിൽ അലംഭാവത്തെ പ്രാപിച്ചതായി വിചാരിക്കുവാനും മാർഗ്ഗമില്ല. സാഹിത്യവിഷയകമായെന്നപോലെ സമുദായസംബന്ധമായും രാഷ്ട്രീയമായുമുള്ള അദ്ദേഹത്തിൻെറ സദ്വ്യവസായത്തെപ്പററി എനിക്കു പലപ്പോഴും നേരിട്ടറിയുന്നതിനും നിരതിശയമായി അഭിനന്ദിക്കുന്നതിനും സാധിച്ചിട്ടുണ്ടു്. അദ്ദേഹം പ്രജാസഭയിലും നിയമസഭയിലും സമുദായത്തെയും രാജ്യത്തെയും അഭിമുഖീകരിച്ചു ചെയ്ത പ്രവൃത്തി ഒട്ടുമിക്കവാറും ഞാൻ ഗവൺമെൻറു സെക്രട്ടറിയും നിയമസഭാസെക്രട്ടറിയുമായി ജോലിനോക്കിയിരുന്ന കാലത്താകയാൽ എനിക്കും ഈ സംഗതിയേപ്പററി ഉത്തരവാദിത്വത്തോടുകൂടി പ്രസ്താവിക്കാൻ ധാരാളം അർഹതയുണ്ടു്. ഗവൺമെൻറിനും, പൊതുജനങ്ങൾക്കും, കൊട്ടാര

ത്തിനും കുടിലിനും, സമുദായത്തിനും, വ്യക്തികൾക്കും ഒന്നുപോലെ ഇണങ്ങിയ ഒരു ലോകസേവകനായിരുന്നു എൻെറ സ്നേഹിതൻ. അദ്ദേഹം 'കരുണ'യുടെ ഉപസംഹാരത്തിൽ ഉപഗുപ്തനോട്

"നമസ്കാരമുപഗുപ്ത! വരിക ഭവാൻ നിർവാണ-
നിമഗ്നനാകാതെ വീണ്ടും ലോകസേവയ്ക്കായ്;
പതിതകാരുണികരാം ഭവാദൃശസുതന്മാരെ-
ക്ഷിതിദേവിക്കിന്നുവേണമധികംപേരെ"

എന്ന് ചെയ്തിട്ടുള്ള ആ അവ്യാജസുഭഗമായ അഭ്യർത്ഥന അദ്ദേഹത്തിനും പറയുന്നതാണ്. പൂർവജന്മകൃതമായ സംസ്കാരവിശേഷത്താൽ അത്രമാത്രം ശീലഗുണത്തോടും വൃത്തസമ്പന്നതയോടും സരസ്വതീപ്രസാദത്തോടും കൂടി ജനിച്ചു, ശേഷിച്ച കർമ്മഫലങ്ങൾ ഭുജിച്ച് ഐഹികരംഗത്തിൽ നിന്ന് അന്തർദ്ധാനംചെയ്ത നമ്മുടെ ആശാൻ ഇനിയും ലോകാനുജിഘൃക്ഷ നിമിത്തം പുനർജ്ജന്മം വരിച്ച് കേരളത്തേയും കൈരളിയേയും സമാശ്വസിപ്പിക്കും; സന്തോഷിപ്പിക്കും; സംശയമില്ല. അതുവരെ നമുക്ക് അദ്ദേഹത്തിൻെറ ഈ പ്രതികൃതി ഒരു മഹനീയമായ മാർഗ്ഗജ്യോതിസ്സായി പരിലസിപ്പിക്കുമാറാകട്ടെ; ഏതദ്വാരാ അദ്ദേഹത്തിൻെറ പാവനങ്ങളായ ആദർശങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ ദൃഢമൂലങ്ങളായി നമ്മെ കർത്തവ്യാനുഷ്ഠാനത്തിൽ അധൃഷ്യന്മാരും കർമ്മകുശലതയിൽ അദ്വിതീയന്മാരുമാക്കിത്തീർക്കട്ടെ.

---

കുറിപ്പ്:—ആശാൻെറ മെമ്മോറിയൽകമ്മററിയുടെ പരിശ്രമഫലമായി 1108 മകരം 15 ൹ തിരുവനന്തപുരം മ്യൂസിയം ലൈബ്രറിഹാളിൽ സ്ഥാപിച്ച ആശാൻെറ ഛായാപടം അനാച്ഛാദനംചെയ്ത അവസരത്തിൽ മഹാകവി ഉള്ളൂർ നടത്തിയ അദ്ധ്യക്ഷപ്രസംഗം.

സമ്പാദകൻ.

# കുമാരനാശാൻെറ കവിതയിലെ ജീവിതവിമർശം.

മേജർ സർദാർ കെ. എം. പണിക്കർ.

ഇന്നുള്ള മലയാളകവികളിൽ ഒരു പ്രധാന സ്ഥാനത്തെ അർഹിക്കുന്ന ആളാണ് കുമാരനാശാൻ എന്നുള്ളത് തർക്കമുള്ള സംഗതിയല്ല. നളിനിക്ക് ദിവാകരസ്പർശമുണ്ടായതുമുതൽ, സാഹിത്യനഭോമണ്ഡലത്തിൽ അദ്ദേഹത്തിൻെറ സ്ഥാനം സുപ്രതിഷ്ഠിതമായി. പിന്നീടു പുറപ്പെട്ട ലീല, പ്രരോദനം മുതലായ കൃതികൾ അദ്ദേഹത്തിൻെറ യശസ്സിനെ അസൂയാലുക്കളായ നിരൂപകന്മാർക്കും ദുഷ്ടബുദ്ധികളായ ക്ഷുദ്രലേഖകന്മാർക്കും കയ്യെത്താത്ത ഒരുയർച്ചയിൽ എത്തിക്കുകയും ചെയ്തു. ആശാൻെറ കവിതയുടെ ഗുണദോഷങ്ങളെ നിരൂപണം ചെയ്യണമെന്നോ മലയാളസാഹിത്യത്തിൽ അതിനുള്ള സ്ഥാനത്തെ പരിഗണനം ചെയ്യണമെന്നോ, അല്ല ഈ ലേഖനത്തിൻെറ ഉദ്ദേശം. അങ്ങിനെ ഒരുദ്ദേശത്തിന് വേണ്ട പാണ്ഡിത്യമോ "സാഹിത്യകുശല"ത്വമോ ഈ ലേഖകന് ഇല്ല. ആശാൻെറ ആശയങ്ങൾക്കു ദുരവഗാഹിതത്വവും രചനയ്ക്കു ശൈഥില്യവും സാമാന്യമായി പറയാവുന്ന ദോഷങ്ങളാണ്. എന്നാൽ അദ്ദേഹത്തിൻെറ കവിതയിൽ സർവ്വത്ര തെളിഞ്ഞുകാണുന്ന അർത്ഥഗാംഭീര്യവും ഉചിതാർത്ഥപുഷ്ടമായ പദപ്രയോഗവും വിചാരിക്കുമ്പോൾ മുൻപറഞ്ഞ ദോഷങ്ങൾ നിസ്സാരമെന്നു ആരും സമ്മതിക്കും. ഏതായാലും അന്യരുടെ യശോഭ്രമാവിൽ പുച്ഛം നടിക്കുന്ന ചില "കൌശികവ്രജ" മൊഴികെ മററുള്ള മലയാളികൾ ആശാൻെറ കവിതയെ അഭിനന്ദിച്ചുവരുന്നവരാണെന്നുള്ളത് പ്രത്യക്ഷമാകയാൽ നിഷ്കൃഷ്ടമായ ഒരു ഗുണദോഷനിരൂപ-

ണം ഇവിടെ ആവശ്യമാണെന്നു് തോന്നുന്നില്ല. അദ്ദേഹത്തിൻെറ കവിതയിൽ തത്വജ്ഞാനവിഷയമായി കാണാവുന്ന ആശയങ്ങളെ മാത്രം എടുത്തു് നിരൂപണം ചെയ്യണമെന്നാണു് ഈ ലേഖനത്തിൻെറ ഉദ്ദേശം.

മലയാളഭാഷയിൽ ആശാൻെറ പ്രധാനകൃതികൾ നളിനി, ലീല, പ്രരോദനം എന്ന മൂന്നു ഖണ്ഡകാവ്യങ്ങളാണു്. അവ മൂന്നും മാത്രമെ ഇവിടെ പരിശോധിക്കണമെന്നു് വിചാരിക്കുന്നുള്ളു. അതിനു തക്കതായ ഒരു കാരണമുണ്ടു്. ഈ മൂന്നു കൃതികളും തമ്മിൽ സ്ഥായിയായ ഒരു ബന്ധം ഉണ്ടെന്നുള്ളതു് പ്രത്യക്ഷമാണു്. ഇവമൂന്നും രൂപഭേദം മാത്രം സംഭവിച്ചിട്ടുള്ള ഒരു വികാരത്തെ സംബന്ധിച്ചതന്നെ. നളിനി, സത്വഗുണപ്രധാനരായ രണ്ടു പുണ്യാത്മാക്കളുടെ സ്നേഹത്തെ വർണ്ണിക്കുന്നു. രാജസത്തിൽത്തന്നെ സ്ഥിതിചെയ്യുന്ന കാമിനീകാമുകന്മാരുടെ സ്നേഹബന്ധത്തെയാണു് ലീലയിൽ വർണ്ണിച്ചിട്ടുള്ളതു്. നിർവ്യാജമായ സ്നേഹബഹുമാനാതിശയമുള്ള ഒരു സുഹൃത്തിൻെറ അപ്രതീക്ഷിതമായ ചരമത്തെ വിലപിച്ചു് രചിക്കപ്പെട്ടതാണു് പ്രരോദനം. ഈ മൂന്നു കൃതികളുടേയും പ്രമേയം സ്നേഹം ഒന്നുതന്നെ. അതു് "വസ്തുഭേദേന നാനാപരിണതിയേ" വഹിച്ചിരിക്കുന്നു എന്നേയുള്ളു. ഈ ബന്ധംനിമിത്തം ആശാൻെറ മററു കൃതികളിൽ നിന്നു് ഇവ വേറിട്ടും നില്ക്കുന്നു എന്നു സ്പഷ്ടമാണു്.

ആശാനെടുത്തിരിക്കുന്നതായ വിഷയം പലവിധമായ തത്വചിന്തകൾക്കു് പ്രത്യേകം യോജിച്ചതാണെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു് നളിനി മുതലായ കൃതികൾ ബുദ്ധിപൂർവ്വം വായിക്കുന്ന ഒരാൾക്കു് അവയിൽ അന്തർല്ലീനമായി പല മൂലതത്വങ്ങളും കാണാവുന്നതാണു്. അവ തത്വജ്ഞാനസംബന്ധമാകയാൽ സാധാരണ വായനക്കാർക്കു ദുരവഗാഹമായിത്തന്നേ തോന്നിയേയ്ക്കാം. ആശാൻെറ ക

വിതയുടെ പ്രത്യേകമാഹാത്മ്യം ഇപ്രകാരമുള്ള തത്വചിന്തകളിലാകയാൽ അവയെ ആകമാനം ഒന്നു വിമശം ചെയ്യുന്നതു് അദ്ദേഹത്തിൻെറ കവിതാഗതിയെ മനസ്സിലാക്കുന്നതിനു് ഉപയുക്തമാകുമെന്നു തോന്നുന്നു.

തത്വജ്ഞാനത്തിൽ ഏററവും പ്രധാനമായ ഭാഗം ജീവിതവിമശമാണു്. മനുഷ്യൻ എവിടെനിന്നുണ്ടായി? ഈ ലോകത്തിൽ മനുഷ്യജീവിതത്തെ നയിക്കുന്ന യന്ത്രമെന്താണു്? ജീവിതത്തിൻെറ പരമോദ്ദേശങ്ങൾ ഏവ? അവ എങ്ങിനെയാണു് സാധിക്കാവുന്നതു്? ഉത്തമജീവിതമാഗ്ഗമേതു്? സുഖമായ ജീവിതത്തിനു അടിസ്ഥാനമെന്തു്? മരണം ജീവിതത്തിൻെറ അവസാനമോ? മരണശേഷമുള്ള അനുഭവമെന്തു്? ഇവയാണല്ലോ ലോകസൃഷ്ടിതൊട്ടു് മനുഷ്യബുദ്ധിയെ വിഷമിപ്പിച്ചിട്ടുള്ള ചോദ്യങ്ങൾ. എല്ലാവിധത്തിലുള്ള ജ്ഞാനവും അവസാനത്തിൽ ഈ ചോദ്യങ്ങളിൽത്തന്നെ വന്നെത്തുന്നു. മനുഷ്യചിന്തയുടെ നാന്ദിയും ഭരതവാക്യവും ഇതുതന്നെ. ഗണിതവും പ്രകൃതിശാസ്ത്രവും രസതന്ത്രവും വ്യാകരണവും സംഗീതവും സാഹിത്യവും എല്ലാം ഈ ചോദ്യങ്ങൾക്കാണു് ഉത്തരം കണ്ടുപിടിക്കാൻ ശ്രമിക്കുന്നതു്. വേദസംഹിതയിലെ സ്തോത്രങ്ങൾക്കും ബോസിൻേറയും ഐൻസ്റ്റൈയിൻേറയും അന്വേഷണങ്ങൾക്കും പ്രമേയം ഒന്നുതന്നെ. ഈ സംഗതികളെപ്പററി ആശാനുള്ള അഭിപ്രായങ്ങളെന്തെല്ലാമെന്നു നമുക്കു പരിശോധിച്ചുനോക്കാം.

ഇഹലോകവാസത്തിൻെറ മാഹാത്മ്യത്തിൽതന്നെ ആശാനു് വലിയ വിശ്വാസമില്ല. ലോകബന്ധങ്ങളിൽ സന്തോഷിക്കുന്ന സംസാരിയുടെ നിലയേ അദ്ദേഹം നിസ്സാരമായിട്ടാണു് ഗണിക്കുന്നതു്.

“പാരം പ്രാകൃത പക്ഷിവർഗ്ഗമഖിലം വാഴ്ത്താം ദിന

ത്തിൻഗുണം" എന്നു് ഈ സംസാരത്തേയും സുഖഭോഗങ്ങളേയും സാരമെന്നു ഗണിക്കുന്നവരേ ആശാൻ വർണ്ണിക്കുന്നു. വിരക്തനായ ഒരദ്വൈതിയുടെ നിലയിൽ ഇവയുടെയൊക്കെ അവാസ്തവതത്വത്തെപ്പററി അദ്ദേഹം പ്രസംഗിക്കുന്നു. വാസ്തവമായി ഒന്നുമാത്രമെ ഉള്ളുവെന്നും ജിവിതരണഭേദങ്ങൾ നിസ്സാരമാണെന്നുമത്രേ അദ്ദേഹത്തിൻെറ മതം.

"തിരയാകിയ പുരികക്കൊടി, കരിമീൻമിഴി, മധുര-
സ്വരസുരസരസനാവൃതപുളിനാലഘുജഘനം,
നുരയാം നവമൃദുപുഞ്ചിരിയിവയൊന്നിനു വിലസും
സരസാശയസരിദഗ്രകൾ മമ കാന്തകൾ നിയതം"

എന്നു പ്രവഹിക്കുന്ന ജീവിതസന്തോഷമോ,

"സുതാരുണ്യംചേരും പ്രണയവതിയാം പ്രൌഢമടവാർ
വിതാനസ്രഗ്ഗേല്പന്നവപരിമളം കേളിസദനം,
കൃതാനംഗോന്മേഷം മധുരമധുക്കുവുള്ള സഖിമാ-
രിതാണോമൽ സ്വർഗ്ഗം ജഗതി, വെറുതെചൊൽവതി-
[തരം"

എന്നു ഹൃദയംകവിഞ്ഞൊഴുകുന്ന ഐഹികഭോഗലഹരിയോ അദ്ദേഹത്തെ ബാധിക്കുന്നില്ല.

ആശാൻെറ അഭിപ്രായത്തിൽ നമ്മുടെ ജീവിതം ക്ഷണികമായ ഒരു ബോധം മാത്രമാണു്. "ഒരു' ജിതിതകാലത്തിൽതന്നെ നാം അസംഖ്യം ജനനമരണങ്ങൾ തുടർച്ചയായി അനുഭവിച്ചുകൊണ്ടിരിക്കുന്നു. "അലാതവലയത്തോടൊത്ത വേഗം"കൊണ്ടു് അനുക്ഷണം ഉണ്ടാകുന്ന മരണവും ജനനവും നാം അറിയുന്നില്ലെന്നേ ഉള്ളു. "നാം" എന്നു പറയുന്നതുതന്നെ, തുടർച്ചയായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന ജീവിതധാരയിൽ ഏതാണ്ടു് ഐക്യം കല്പിക്കുന്നതുകൊണ്ടും,

ക്ഷണികമരണങ്ങളെ വിസ്മരിച്ചുകളയുന്നതുകൊണ്ടും ആണെന്നാത്രെ ആശാന്റെ മതം. (പ്രരോദനം ൧൩൯) * ഇപ്പോഴത്തെ പാശ്ചാത്യതത്വജ്ഞന്മാരിൽ സർവ്വഥാ പ്രഥമഗണനീയനായ മെസ്യൂ ബെർഗസാണിന്റെ മതവും ഇതുതന്നെയാണെന്നു പ്രസിദ്ധമാണല്ലോ. പിയാനോ എന്ന ഇററാലിയൻ ഗണിതശാസ്ത്രജ്ഞനും സംഖ്യകളുടെ ഗുണങ്ങളെ നിരൂപിക്കുന്നതിൽ അനുമാനിക്കുന്നതും ഇങ്ങനെതന്നെയാണ്. പരന്തരീസു തത്വജ്ഞാനിയായ ബെർഗസാണിന്റെ അഭിപ്രായം ഡാർവിന്റെ പരിണാമവാദത്തിന്മേലും ആതേ തുടർന്നുണ്ടായിട്ടുള്ള സസ്യപ്രകൃതിശാസ്ത്രത്തിന്മേലും അടിസ്ഥാനപ്പെടുത്തിയാണ് സ്ഥിതിചെയ്യുന്നതു്. പിയാനോ വെറും സാംഖ്യമായ ആലോചനകൾകൊണ്ടുമാത്രം അദ്ദേഹത്തിന്റെ അനുമാനത്തിൽ ചെന്നുചേരുന്നു. ആശാനാകട്ടെ ഇവരോട്ട് ഒരാളോടും കടപ്പെട്ടിരിക്കാൻ ഇടയില്ല. അദ്വൈതിയായ ആശാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തിന് അവലംബമായി കരുതുന്നതു് കർമ്മശക്തിയുടെ ഗതിയേയാണ്.

ജീവിതം പ്രവൃത്തിപരമാണെങ്കിലും കർമ്മപാശങ്ങളുടെ ശക്തികൊണ്ടു് വാസ്തവത്തിൽ അതു സ്വാതന്ത്ര്യബുദ്ധിയാൽ നയിക്കപ്പെടുന്ന ഒന്നല്ലെന്നാണ് ആശാന്റെ അഭിപ്രായം. “ന ജകർമ്മനീതരായേതുമാർഗ്ഗമണയാ ശരീരികൾ” എന്നു പല സ്ഥലത്തും ആശാൻ എടുത്തു പറയുന്നുണ്ടു്. മനുഷ്യന്റെ ആലോചനയും ബുദ്ധിയും ഏററവും നിസ്സാരം! കർമ്മശക്തികൊണ്ടു് ഓരോരുത്തനും ഉണ്ടാകുന്ന

---

* ജ്ഞാനംതാൻ ക്ഷണവൃത്തി; ബുദ്ധിയിതവെട്ടംപോലിടയ്ക്കുള്ളതമ-
സ്ഥാനം കാണ്മതില്ലലാതവലയത്തോടൊത്ത വേഗത്തിനാൽ;
നൂനം ഹാ! ക്ഷണമൃത്യുവിങ്ങനുദിനം നിദ്രാഖ്യമായ് ദീർഘമാ-
മൂനം വിട്ടതുനീണ്ടനന്തരമിതാം വിശ്രാന്തി ജന്തുക്കളിൽ.

വാസനാബലം തട്ടത്തുക്കൂടാത്തതത്രെ! വിദ്യാഭ്യാസംകൊണ്ടും യോഗശക്തികൊണ്ടും ആ വാസനാബലം മാറുന്നതോ, വാസ്തവത്തിൽ മറയ്ക്കാവുന്നതോ അല്ല. "ജന്തുവിന്നു തുടരുന്ന വാസനാബന്ധമിന്നുടലുവീഴവോളവും" ദിഷ്ടമെന്നോ, ശിരോലിഖിതമെന്നോ, കിസ്മത്തെന്നോ, വാസന എന്നോ എന്തുതന്നെ പറഞ്ഞാലും ഒരു കാര്യം ലോകചരിത്രത്തിൽ, തെളിഞ്ഞുകാണാം. മനുഷ്യന് അവനവന്റെ ജീവിതത്തെ നയിച്ചുകൊണ്ടുപോകുന്നതിനുള്ള ശക്തിയില്ല. മനുഷ്യന്റെ സ്വാതന്ത്ര്യബുദ്ധി, മനശ്ശക്തി എന്നൊക്കെ നാം അഹംഭാവത്തോടുകൂടി പറയാറുണ്ടെങ്കിലും വാസ്തവമാലോചിച്ചുനോക്കിയാൽ നമ്മുടെ ജീവിതത്തിലെ പ്രധാന കാര്യങ്ങൾ നമ്മുടെ അധീനത്തിലാണോ? നമ്മുടെ ബുദ്ധിവ്യത്യാസങ്ങൾ, വികാരഭേദങ്ങൾ, ആകർഷണശക്തികൾ ഇവയെല്ലാം പിടിക്കുന്ന വഴി വളയുന്നവയാണോ? നിസ്സാരമായ ഏതെല്ലാം യാദൃച്ഛികസംഭവങ്ങൾകൊണ്ടാണ് നമ്മുടെ ജീവിതനദി അങ്ങോട്ടും ഇങ്ങോട്ടും മാറിയും മറിഞ്ഞും ഒഴുകുന്നത്? പാശ്ചാത്യപണ്ഡിതന്മാരിലും ഒരു വലിയ സംഘം ഈ അഭിപ്രായത്തോടു യോജിക്കുന്നു. ദൈവവിധിയെ വിചാരിച്ചു മനുഷ്യന്റെ അസ്വാതന്ത്ര്യതയെ സമ്മതിക്കുന്ന തത്വജ്ഞാനികളെക്കൂടാതെ മനുഷ്യചരിത്രത്തെ ആഗമികമായി പഠിക്കുന്ന പണ്ഡിതന്മാരും സമുദായഘടനയെ ശാസ്ത്രീയമായി പരിശോധിക്കുന്നവരും മുൻപറഞ്ഞതിനോട് ഏകദേശം തുല്യത്വമുള്ള ഒരഭിപ്രായംതന്നെ കൈക്കൊള്ളുന്നു. പാരമ്പര്യംകൊണ്ടും പരിതഃസ്ഥിതികൾക്കുള്ള പ്രാബല്യംകൊണ്ടും മനുഷ്യൻ ലോകഗതിയായ പ്രവാഹത്തിൽ ഒഴുകുന്ന ഒരിലമാത്രമാണെന്നാത്രേ അവരുടെ വാദം. ഈ അഭിപ്രായവും ആശാന്റെ മതവും തമ്മിൽ ധാരാളം സാമ്യമുണ്ടെങ്കിലും, മുൻപറഞ്ഞതുപോലെ ആശാൻ ഇതിലും അടിസ്ഥാനമായി സ്വീകരിക്കുന്നത് ഹിന്ദുമതതത്വങ്ങളെത്തന്നെയാണ്.

ഇപ്രകാരം മനുഷ്യജീവിതം നിസ്സാരമെന്നും അസ്വതന്ത്രമെന്നും തോന്നിത്തുടങ്ങിയാൽ മരണത്തെപ്പററി യാതൊരു ഭയവും ഉണ്ടാകേണ്ട ആവശ്യമില്ലല്ലോ. മരണം വാസ്തവത്തിൽ ഒരു നാശമല്ലെന്നും, ജീർണ്ണമായ വസ്ത്രം മാറി പുതിയതു ധരിക്കുന്നതുപോലെ ആത്മാവ് ജരാനരകൾക്കധീനമായ ദേഹത്തെ മാറുന്നതേയുള്ളു എന്നും ഉള്ള ഗീതാമതം മരണത്തെ നിസ്സാരമായ ഒരു രൂപഭേദം മാത്രമായാണ് കരുതുന്നതു്. ആശാൻെറ അഭിപ്രായം ഇതിൽനിന്നു് സ്വല്പം ഒന്നു മാറിയതാണു്. ജീവിതംപോലെതന്നെ മരണവും വലുതായ ഒരു കാര്യമാണെന്നു കരുതി ആശാൻ മരണത്തിൻെറ മഹത്വത്തെ സ്തുതിക്കുന്നു.

കില്ലില്ലിമ്മൃതി ജീവിതത്തിനുമഹോ സൗഭാഗ്യമേററുന്നതാ-
ണല്ലില്ലെങ്കിലതീവ ഘോരതരമാമോക്ഷമെപ്പൊഴാക്കും പകൽ
അല്ലിത്താർമണമാന്നഹസ്സു നടമാടീടട്ടെ രമ്യാഭയായ്
മല്ലിശ്രീപെടുമാമ്പൽനീണ്ട മുടിയിൽ ചൂടിശ്ശയിക്കും നിശ.

എന്നു മരണത്തെ വാഴ്ത്തുന്നതിനു് അദ്ദേഹം മടിക്കുന്നില്ല. രാപ്പകൽ ഭേദത്തെ ജീവിതമരണഭേദമായി സാമ്യപ്പെടുത്തി പിന്നേയും,

"പാരംപ്രാകൃതപക്ഷിവർഗ്ഗമഖിലം വാഴ്ത്താംദിനത്തിൻഗുണം
സൈ്വരം രാത്രി ഭവൽപ്രശസ്തിമധുരം പാടുന്നു രാപ്പാടികൾ"

എന്നു നിസ്സംശയമായി പ്രസംഗിക്കുന്നു.

യുക്തി അനുസരിച്ചു മരണത്തിൻെറ പ്രശസ്തിരാപ്പാടികളെപ്പോലെ മധുരമായി ആശാൻ പാടുന്നുണ്ടെങ്കിലും മരണശേഷമുള്ള അവസ്ഥയെപ്പററി അദ്ദേഹത്തിനു് തീർച്ചയില്ലെന്നുള്ളതിലേക്കു പല തെളിവുകളും കാണുന്നുണ്ടു്. "ഹാ! മരണശേഷമുള്ള സ്ഥിതി! അതാണു് ബുദ്ധിമുട്ടു്" എന്നു്

ഷേക്സ്പീയർതന്നെ പരാജയം സമ്മതിച്ചിട്ടില്ലേ? മരണാനന്തരമുള്ള അവസ്ഥയെപ്പററി തത്വജ്ഞാനികളിൽ ആരെങ്കിലും മററാരാളോടു യോജിച്ചതായി കേട്ടുകേൾവിയുണ്ടോ? അനുഭവഗോചരമല്ലാത്ത സംഗതിയെപ്പററി ഊഹിക്കാൻതന്നെ സാധിക്കുകയില്ലല്ലോ. ഈ സന്ദർഭത്തിൽ ആശാൻ സ്വന്ത അഭിപ്രായം പ്രകടിപ്പിക്കാതെ മററു വിശ്വാസങ്ങളെ സൂചിപ്പിക്കമാത്രം ചെയ്യുന്നു. "ഘൃതംവററി" കെട്ടുപോയ വിളക്കുപോലെ മനുഷ്യജീവിതം മരണശേഷം ഗണിക്കപ്പെടണമെന്നുള്ള നാസ്തികവാദവും മരിച്ചാൽ ദേഹികൾ, "കയ്യെത്താതായപഴം കൊതിച്ച ശിശുപോലെ" വാസനാബന്ധത്തിൽനിന്നു വേർപെടാതെ മുൻപ് ജീവിച്ചിരുന്ന സ്ഥലങ്ങളിൽ ചുററിനടക്കുമെന്നുള്ള ചില നവീനരുടെ (സർ. ഓലിവർ ലാഡ്ജ് മുതലായവരുടെ) വാദവും അവിടവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഊഹവും നിഗമവും ലാക്കാക്കി പല തത്വങ്ങളും ആശാൻ ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും ഈ വിഷയത്തിൽ ഒന്നിനേയും സ്വീകരിച്ചു കാണുന്നില്ല.

ജീവിതമരണങ്ങളെ സംബന്ധിച്ച് ആശാൻെറ അഭിപ്രായങ്ങൾ ഇപ്രകാരം ഇരിക്കെ സുഖദുഃഖങ്ങളെപ്പററി അദ്ദേഹം വിചാരിക്കുന്നതെന്താണെന്നൂഹിപ്പാൻ പ്രയാസമില്ല. "സ്ഥിരമാത്മനിബന്ധനം സുഖം, പരതന്ത്രം സുഖമൊക്കെ ദുഃഖമാം," വിഷയസുഖങ്ങൾ ബാഹ്യങ്ങളാകയാൽ അവ ആത്മാവിനെ ഇന്ദ്രിയവശഗനാക്കുമെന്നും അതു വാസ്തവത്തിൽ പാരതന്ത്ര്യമാണെന്നും വരുന്നുണ്ടല്ലോ. ആത്മാവിനു സ്വാതന്ത്ര്യം ലഭിക്കുന്നതിലാണ് ശാശ്വതമായ സുഖമെന്നുള്ളപക്ഷം അതു് ഏതൊരു മാർഗ്ഗത്തിൽക്കൂടി ലഭിക്കുന്നു എന്നൊരു ചോദ്യത്തിനവകാശമുണ്ട്. അപ്രകാരമുള്ള സ്വാതന്ത്ര്യം ആന്തരാത്മികമായ സ്നേഹമൊന്നിൽ മാത്രമാണു് സ്ഥിതിചെയ്യുന്നതെന്നത്രെ ആശാൻെറ മതം. വൈഷ്ണവ ക്രൈസ്തവാദി മതങ്ങളുടെ മൂലതത്വം ഇതാണല്ലോ. ഈ

തത്വത്തെ പ്രത്യക്ഷീകരിക്കുന്നതിനുള്ള ശ്രമം ഒന്നുകൊണ്ടാണ്—മററു പല ദോഷങ്ങൾ ഉണ്ടായിരുന്നിട്ടും—ആശാന്റെ കവിതയിൽ സഹൃദയന്മാർ രസിക്കുന്നതു്.

ഉടലോക്കുക ബാഹ്യമായതിൽ
തടവും ലോകമതീവ ബാഹ്യമാം
സ്ഫുടസൌഹൃദമന്തരാത്മികം
വെടിയുന്നെങ്ങിനെ തോഴി ദേഹികൾ? (ലീല-1-59)

ജീവിതം പ്രണയജടിലമെന്നും പ്രണയപാശം നമ്മെ എല്ലാം കാര്യങ്ങളിലും ബന്ധിക്കുന്നുവെന്നുമുള്ളതിൽനിന്നു് ആശാന്റെ കവിതയിലെ മറെറാരുതത്വം പ്രത്യക്ഷമാകും. മനുഷ്യജാതി അവസ്ഥാഭേദങ്ങളിലും വാസ്തവമായി ഒന്നുതന്നെ എന്നുള്ള മഹാതത്വം ആശാന്റെ കവിതയിൽ എവിടേയും കാണാം. ധനികനാകട്ടെ, ദരിദ്രനാകട്ടെ, പണ്ഡിതനാകട്ടെ, പാമരനാകട്ടെ, ബ്രാഹ്മണനാകട്ടെ, പറയനാകട്ടെ അവർ തങ്ങളിൽ അന്തരത്തേക്കാൾ അടുപ്പമാണുള്ളതുതെന്നുള്ള വാസ്തവം മനുഷ്യഹൃദയം ഏററവും ദിവ്യമായ ഒരു അവസരത്തിൽ കണ്ടുപിടിച്ചിട്ടുള്ള ഒരു ശാശ്വതതത്വം ആണു്. എത്ര ഹൃദയംഗമമായി ആശാൻ അതു വരുത്തിയിരിക്കുന്നുവെന്നു നോക്കുക.

ലീലയുടേയും മദനന്റെയും ദയനീയമായ കഥയിൽ അരണ്യവാസികളായ അപരിഷ്കൃതമനുഷ്യർ പ്രകടിപ്പിച്ച അനുകമ്പ ആശാൻ വർണ്ണിക്കുന്നു.

“പലരിക്കഥ മൂളുവോർ തിരിച്ചലിവോടും
സ്ഥിരരാഗലോലകൾ
മലയത്തികൾ; ഏതുജാതിയും കലരും
പ്രാകൃതചിന്തയൊന്നുപോൽ.”

ഇങ്ങനെ വിസ്തരിക്കുന്നപക്ഷം ഒട്ടധികം പറയാനുണ്ടാകും. ആലോചനയോടുകൂടി ശ്രദ്ധിച്ചു വായിക്കുന്നതായാൽ ആശാന്റെ കവിതയിൽ ഇപ്രകാരമുള്ള ചിന്തകൾ എവിടെയും കാണാവുന്നതാണ്. കവിതയെഴുതുന്നതു് വാസനകൊണ്ടു മാത്രം സാധിക്കുന്നതാണെന്നും അതിലേക്കു പാണ്ഡിത്യമോ, ആലോചനാശക്തിയോ ആവശ്യമില്ലെന്നും മലയാളികളുടെ ഇടയിൽ ഒരഭിപ്രായം പരന്നിട്ടുള്ളതുപോലെ തോന്നുന്നു. ഇതിൽപ്പരം അസംബന്ധമായി വേറെ ഒരഭിപ്രായം പറയാൻ പ്രയാസം. ബുദ്ധിമുട്ടിപ്പഠിച്ചും തലകാഞ്ഞു് ആലോചനാശക്തിയെ പ്രവൎത്തിപ്പിച്ചും നിഷ്കൃഷ്ടയായി രചനയിൽ പരിശീലിച്ചും നിൎമ്മിക്കുന്ന കവിതകൾക്കേ മനുഷ്യനേ നിത്യവും ആനന്ദിപ്പിക്കാൻ ഉള്ളശക്തി ലഭിക്കയുള്ളു. അപ്രകാരമുള്ള ഒരാനന്ദം വെറും പദപ്രൌഢിയിലോ അലങ്കാരങ്ങളിലോ സ്ഥിതിചെയ്യുകയില്ല. ആലോചനാമൃതമായിരുന്നെങ്കിൽ മാത്രമേ അതു സാധിക്കയുള്ളു. വാസനയില്ലാതെ കവിതയെഴുതാൻ സാധിക്കയില്ലെന്നുള്ളതു ശരിതന്നെ. പക്ഷേ, പാണ്ഡിത്യവും, ആലോചനാശക്തിയുംകൂടി ഇല്ലെങ്കിൽ വാസനകൊണ്ടുമാത്രം ഫലമില്ല. അതുകൊണ്ടുമാത്രം വിദ്വജ്ജനങ്ങളുടെ ആലോചനയ്ക്കു വിഷയീഭവിക്കത്തക്ക ഗൌരവം കവിതയ്ക്കു് ഉണ്ടാകയുമില്ല. മററു പല ദോഷങ്ങൾ ഇരുന്നാലും ആശാന്റെ കവിതയ്ക്കു് അപ്രകാരമൊരു ഗൌരവം ഉണ്ടെന്നുള്ളതു് സൎവ്വസമ്മതമാണ്. ആ ഗുണം ഏതുതടിസ്ഥാനത്തിന്മേലാണ് സ്ഥിതി ചെയ്യുന്നതെന്നു കാണിക്കണമെന്നായിരുന്നു ഈ ലേഖനത്തിന്റെ ഉദ്ദേശം.

---

കുറിപ്പ്:—ഫാൻന—വൃശ്ചികത്തിലെ ഭാഷാപോഷിണിയിൽനിന്നും ഉദ്ധരിച്ചതു്.

സമ്പാദകൻ.

# സുകൃതഹാരം.

ഡാക്ടർ കോളത്തേരി ശങ്കരമേനോൻ
എം. ഏ., എൽ. ററി., പി. എച്ച്. ഡി.

ഭാരതീയകവികുഞ്ജരന്മാരിൽ ചിലൎക്കെല്ലാം അവരുടെ ചില പ്രയോഗവിശേഷത്തിലുള്ള ചമത്കാരംകൊണ്ടു 'ബിരുദ്'കൾ കിട്ടീട്ടുള്ള വിവരം സൎവ്വവിദിതമാണല്ലൊ. കവികുലഗുരുവായ കാളിദാസൻ 'ദീപശിഖാകാളിദാസ'നെന്നു പ്രസിദ്ധനായതു രഘുവംശത്തിലെ

സഞ്ചാരിണീ ദീപശിഖേവ രാത്രൌ
യം യം വ്യതീയായ പതിം വരാ സാ
നരേന്ദ്രമാൎഗ്ഗാട്ട ഇവപ്രപേദേ
വിവൎണ്ണഭാവം സ സ ഭൂമിപാലഃ

ഈ ശ്ലോകത്തിലുള്ള 'ദീപശിഖാ'പ്രയോഗത്തിലെ ചമത്കാരംനിമിത്തമാണു്. ഇപ്രകാരംതന്നെ മററുചില കവികളും 'ബിരുദ്'കളെക്കൊണ്ടു പ്രഖ്യാതന്മാരായിത്തീൎന്നിട്ടുണ്ടു്. 'ഘണ്ടാമാഘൻ' 'യമുനാത്രിവിക്രമൻ' 'കൎണ്ണികാരമാഘൻ' മുതലായ അനേകം കവികളെ ഈ കോടിയിൽ ഗണിക്കാവുന്നതാകുന്നു.

എന്നാൽ മററുചില കവികളുടെ പിതൃദത്തമായ നാമംതന്നെ ഓരോ കാരണവശാൽ മാറിപ്പോയിട്ടുണ്ടു്. ശ്രീകണ്ഠൻ 'ഭവഭൂതി'യായ വിവരം ഇവിടെ വിസ്തരിച്ചു പറയേണ്ട ആവശ്യമില്ല. "ഉദ്ദണ്ഡൻ" 'മുരാരി' മുതലായവരും ഇത്തരത്തിൽ ഉൾപ്പെട്ടവരാണെന്നാണു കേട്ടിട്ടുള്ളതു്.

ഏതായാലും ഈ ഒരു സമ്പ്രദായം ഭാരതഖണ്ഡത്തിൽ പൂർവ്വകാലങ്ങളിൽ സ്വീകരിച്ചിട്ടുണ്ടായിരുന്നു എന്നതിനു മേൽപറഞ്ഞ ദൃഷ്ടാന്തങ്ങൾതന്നെ സാക്ഷ്യംവഹിക്കുന്നു. കേരളത്തിൽ ഈ സമ്പ്രദായത്തെ സ്വല്പം വ്യത്യാസപ്പെടുത്തിയാണു് സ്വീകരിച്ചിരിക്കുന്നതു്. അഭിജ്ഞാനശാകുന്തളം ഭാഷാന്തരപ്പെടുത്തിയ കേരളവർമ്മ വലിയകോയിത്തമ്പുരാൻ 'കേരളകാളിദാസനാ'യിത്തീർന്നു. കുഞ്ഞിക്കുട്ടൻതമ്പുരാൻ 'കേരളവ്യാസ'നായതു മഹാഭാരതം വൃത്താനുവൃത്തമായി മലയാളത്തിൽ തർജ്ജിമചെയ്തതിനുശേഷംമാത്രമാണു്. ഭവഭൂതിയുടെ ഉത്തരരാമചരിതം നല്ല മലയാളത്തിൽ ഭംഗിയായി തർജ്ജിമചെയ്ത ചാത്തുക്കുട്ടിമന്നാടിയർ ഇന്നും ചാത്തുക്കുട്ടിമന്നാടിയാരായിട്ടുതന്നെ പ്രഖ്യാതനായിരിക്കുന്നു.

പുനംനമ്പൂരിയുടെ 'ഹന്ത! കല്പാന്തതോയെ' എന്ന പ്രയോഗത്തിലെ "ഹന്ത"യുടെ ചമത്കാരവിശേഷത്തെ ഉദ്ദണ്ഡശാസ്ത്രികൾ അഭിനന്ദിച്ചു 'അന്തഹന്തക്കിന്തപ്പട്ടു്' എന്നു പറഞ്ഞു ഒരു പട്ടു സമ്മാനിച്ചതായി കേട്ടുകേൾവിയുണ്ടു്. എന്നാൽ ആ പദപ്രയോഗത്തെ പുരസ്കരിച്ചു പുനംനമ്പൂരിയെ 'ഹന്തപുനംനമ്പൂരി'യെന്നോ മററോ പറഞ്ഞുതുടങ്ങാത്തതു അതിലുള്ള അസ്വാരസ്യംനിമിത്തമായിരിക്കണം. എന്നാൽ ഇതിലും നല്ല പ്രയോഗങ്ങൾ പുനംനമ്പൂരിയുടെ ചമ്പുക്കളിൽ ധാരാളം കാണുമാനുണ്ടെന്നുള്ള വാസ്തവം ആ അസ്വാരസ്യപദഘടിതനാമത്തെ നിരാകരിക്കുന്നതിനുള്ള മററാരു കാരണമായിരിക്കാം. എങ്ങിനെയായാലും പുനംനമ്പൂരിക്കും സർവ്വസമ്മതമായ ഒരു "ബിരുദനാമം" കിട്ടിയില്ല.

നാരായണഭട്ടതിരിയുടെ സംസ്കൃതകൃതികളെ ക്രൂലംകഷമായി പരിശോധിച്ചു സർവ്വോത്കൃഷ്ടമായ ഒരു പ്രയോഗത്തെ കണ്ടുപിടിച്ചു ഭട്ടതിരിയെ ബഹുമാനിക്കുന്നതിന്നാരും ഉത്സാ

ഹിച്ചതായി തോന്നുന്നില്ല. ഭട്ടതിരിയുടെ കൃതികളിൽ അങ്ങിനെയുള്ള പ്രയോഗങ്ങൾ ഇല്ലാത്തതിനാലാണെന്നു വിചാരിപ്പാൻ നിവൃത്തിയില്ല. അദ്ദേഹത്തിൻെറ കൃതികളിലുള്ള പ്രയോഗങ്ങൾ ജീവനും ചമത്കാരവും ഉള്ളവതന്നെ. അഹമഹമികയാ മുന്നിട്ടുവരുന്ന അദ്ദേഹത്തിൻെറ ചമത്കാരമേറിയ പ്രയോഗവിശേഷങ്ങളെ വിവേചിച്ചറിവാനുള്ള സഹൃദയത്വവും പാണ്ഡിത്യവും കേരളകവികൾക്കില്ലാഞ്ഞിട്ടായിരിക്കാമെന്നു വിചാരിപ്പാൻ ന്യായം കാണുന്നില്ല. ശാകുന്തളം, മേഘസന്ദേശം, രഘുവംശം, ഉത്തരരാമചരിതം, ഭാഗവതം മുതലായ ഉത്കൃഷ്ടകൃതികളുടെ അത്യുത്തമമായ വ്യാഖ്യാനങ്ങൾ കേരളീയവിദ്വാന്മാരാണ് എഴുതീട്ടുള്ളത്. അതിന്നുംപുറമെ കേരളീയവിദ്വാന്മാർ കേരളീയകവികളുടെ കൃതികളെ സവിശേഷം പഠിച്ചു അവയെ ആസ്വദിച്ചിട്ടുള്ളവരാണ്. എന്നാൽ 'കാളിദാസൻ' 'മാഘൻ' മുതലായവരെപ്പോലെ ബിരുദനാമങ്ങളെക്കൊണ്ടു കേരളകവികളെ ബഹുമാനിക്കുന്നകാര്യത്തിൽ കേരളവിദ്വാന്മാർ അലസന്മാരായിരുന്നു. എങ്കിലും 'ദീപശിഖാ' 'ഘണ്ട' 'യമുനാ' മുതലായ പദപ്രയോഗങ്ങളിലടങ്ങിയിരിക്കുന്ന ചമത്കാരവിശേഷങ്ങളെ സവിസ്തരം വ്യാഖ്യാനിച്ചു സമർത്ഥിക്കുന്നവിഷയത്തിൽ കേരളവിദ്വാന്മാരലസന്മാരല്ലതാനും. എന്നാൽ കേരളവിദ്വാന്മാർ കേരളകവികളെ അപ്രകാരം ബഹുമാനിക്കാത്തതു് അസഹിഷ്ണുതകൊണ്ടോ അലസതകൊണ്ടോ എന്തുകൊണ്ടാണെന്നറിയുന്നില്ല.

ഇനി പ്രകൃതത്തിൽ പ്രവേശിക്കാം. ഭിക്ഷുകകക്ഷഗതമായ ഇക്ഷുദണ്ഡം മധുരം കുറഞ്ഞതാവുന്നില്ല. കോകിലസ്വനത്തിൻെറ മാധുര്യം ലോകപ്രസിദ്ധമാണ്. ശരച്ചന്ദ്രിക ബ്രാഹ്മണനേയും ചണ്ഡാലനേയും ഒരുപോലെ ആഹ്ലാദിപ്പിക്കുന്നു. സംഗീതവും, സാഹിത്യവും മനസ്സിനെ സന്തോഷിപ്പിക്കും. ആപാദമധുരമായ സംഗീതം താത്കാ

ലികമായ ഹൃദയാഹ്ലാദത്തെ ഉണ്ടാക്കുന്നു. ആലോചനാമൃതമായ സാഹിത്യം ദേശകാലങ്ങളെ അതിവർത്തിച്ചു നില്ക്കുന്നു. സർവ്വത്തേയും കബളനംചെയ്യുന്ന കാലംകൂടി കവിയെ ഗ്രസിക്കുന്നില്ല.

കവിത മൂന്നുപ്രകാരത്തിലുണ്ട്. അർത്ഥപുഷ്ടി കുറഞ്ഞു ശബ്ദാഡംബരം കവിഞ്ഞും നില്ക്കുന്ന കവിത അധമം. ശബ്ദാർത്ഥങ്ങൾ ഇടതൂർന്നുനില്ക്കുന്ന കവിത മദ്ധ്യമം. ആശയങ്ങളെക്കുറിക്കുവാൻ ശബ്ദങ്ങൾക്കു ശക്തിയില്ലാതെ ശിഥിലാവസ്ഥയെ പ്രാപിച്ചു സ്വയം പിൻതിരിയുകയും, ആശയങ്ങളുടെ പ്രാബല്യം സർവ്വോപരി മികച്ചുനില്ക്കുകയും ചെയ്യുന്ന കവിത ഉത്തമം.

ഇതിൽ മൂന്നാംതരത്തിൽ പെട്ടതാകുന്നു കുമാരനാശാന്റെ കവിത. ആശാന്റെ കവിതയിൽ ധ്വനി, ശബ്ദത്തെ അത്യന്തം അതിക്രമിച്ചു നില്ക്കുന്നതുകൊണ്ടാണു സാധാരണന്മാർക്കു സുഗ്രഹമല്ലാതിരിക്കുന്നതു്. ആശാന്റെ കവിതയുടെ ഏതുഭാഗവും ഈ തത്വത്തിന്റെ ഉദാഹരണമാണു്. ഒരു നല്ല ചിത്രകാരൻ പെൻസിൽകൊണ്ടു പത്തുപന്ത്രണ്ടു വരയ്ക്കുന്നസമയം ഒരു സുപരിചിതമായ മുഖം നമുക്കു പ്രത്യക്ഷമാകുന്നതുപോലെ ആശാന്റെ ഏതാനും ചില വാക്കുകളുടെ ഘടനയിൽ ഒരു വലിയ ആശയം നമുക്കു പ്രത്യക്ഷമായിത്തീരുന്നു. ഇതുതന്നെ വിശേഷം.

സത്കാവ്യരചനകൊണ്ടു സർവ്വജനങ്ങളേയും ഒരുപോലെ രസിപ്പിച്ചു വിഖ്യാതനായ ആശാന്റെ ചമത്കാരകരങ്ങളായ പ്രയോഗങ്ങളിൽ ഔത്കൃഷ്ട്യം ഏതിനായിരിക്കുമെന്നു മുൻപറഞ്ഞ മാനദണ്ഡം അനുസരിച്ചു് ഞാൻ പലപ്പൊഴും ചിന്തിച്ചിട്ടുണ്ടു്. ഇതൊരു സ്വാർത്ഥപരമായ കൌതുകം മാത്രമാണു്. അങ്ങിനെയിരിക്കുന്ന കാലത്താണു് 'ചണ്ഡാലഭിക്ഷുകിയെ' ആശാൻ എനിക്കയച്ചുതന്നതു്.

അതും ഞാൻ സാദരം നല്ലവണ്ണം വായിച്ചു. എന്നാൽ അതിലുള്ള

"പുണ്യശാലിനി! നീ പകർന്നീടുമി-
ത്തണ്ണീർത്തന്നുടെ യോരോരോ തുള്ളിയും
അന്തമററ സുകൃതഹാരങ്ങൾ നി-
ന്നന്തരാത്മാവിലപ്പിക്കുന്നുണ്ടാവാം."

ഈ ഭാഗം വായിച്ചപ്പോൾ ഞാൻ അറിയാതെതന്നെ എൻെറ കണ്ണുകളിൽ ജലം നിറഞ്ഞു. പിന്നീടു രണ്ടുതവണ ശ്രമിച്ചിട്ടും വികാരംകൂടാതെ വായിക്കുവാൻ സാധിച്ചിട്ടില്ല. പിറേറദിവസം മാത്രമെ ആ ഗ്രന്ഥം പൂർത്തിയായി വായിക്കുവാൻ സാധിച്ചുള്ളു.

അഞ്ചാറുദിവസം കഴിഞ്ഞപ്പോൾ അതായതു് ൯൪-കുംഭത്തിലാണെന്നു തോന്നുന്നു—ആശാൻ ഒരു ദിവസം എന്നെ കാണ്മാൻ ആഫീസിൽ വന്നു. അന്നു് ഈ സംഗതി ഞാൻ വിസ്തരിച്ചു പറഞ്ഞുകേൾപ്പിച്ചു. ആ ഭാഗം എഴുതിയതു കണ്ണുനീർ വർഷിച്ചുകൊണ്ടായിരുന്നു എന്നാണു് ആശാൻ എന്നോടു മറുപടി പറഞ്ഞതു്.

അതിനുശേഷം ആശാൻെറ കൃതികളിൽ ഇത്രയും ഹൃദയാവർജ്ജകമായ ഒരു പ്രയോഗം ഇല്ലെന്നുള്ള എൻെറ അഭിപ്രായത്തെ ഞാൻ ആശാനോടു പറഞ്ഞു.

ഉടനെ കാളിദാസൻ, 'മാഘൻ' മുതലായവൎക്കു കിട്ടിയ ബിരുദനാമങ്ങളെപ്പോലെ ആശാനു നൽകുന്ന ബിരുദനാമം "സുകൃതഹാരം കുമാരനാശാ"നെന്നു പറഞ്ഞപ്പോൾ ആശാൻ സാദരം കഴുത്തു കുനിച്ചു "കണ്ഠത്തിലപ്പിച്ചേക്കു" എന്നു മധുരസ്വരത്തിൽ പറഞ്ഞു. "സുകൃതഹാരം" അന്ത

രാത്മാവിൽ അപ്പിച്ചിരിക്കുന്നു എന്നുള്ള മറുപടികേട്ട് ആശാൻ മന്ദസ്മിതം തൂകി.

ഉടനേതന്നെ ഞാൻ അച്ചടിപ്പിച്ചിട്ടുള്ള ചിലകൃതികളെ ആശാനു കൊടുക്കുവാനായി മുൻകൂട്ടി കമലാലയം അച്ചുക്കൂടത്തിൽനിന്നു കൊണ്ടുവന്നു വെച്ചിട്ടുള്ളതിൽ ഓരോന്നിലും ആശാൻെറ സന്തോഷപൂർണ്ണമായ അഭിപ്രായമനുസരിച്ച് "സുകൃതഹാരം കുമാരനാശാൻ അവർകൾക്കു്" എന്നെഴുതിക്കൊടുക്കുകയും ചെയ്തു. പിന്നീട് ആശാൻ എഴുതിയ കൃതികളെ വായിച്ചിട്ടും എൻെറ മേൽപറഞ്ഞ അഭിപ്രായത്തെ മാറേറണ്ടതായി തോന്നിയില്ല. "സുകൃതഹാര"മണിഞ്ഞിട്ടുള്ള ഈ മഹാകവിയുടെ പാവനനാമധേയം ലോകത്തിൽ എന്നെന്നേയ്ക്കും നിലനില്ക്കുമെന്നുള്ളതിന് സംശയമില്ല.

---

കുറിപ്പ്:—ദിവ്യകോകിലം ഒന്നാംവാല്യം ഒന്നാംലക്കത്തിൽനിന്നും എടുത്തു ചേർത്തിട്ടുള്ളതു്.

സമ്പാദകൻ.

# ആശാന്റെ അവതാരം.

## അദ്ദേഹം എഴുത്തച്ഛന്റെ സ്ഥാനത്ത്.

കണ്ണൻ ജനാർദ്ദനൻ. 9627

നമ്മുടെ ഈ കേരളനാട്ട് വളരെക്കാലം തപിച്ചിട്ടാണ് കുമാരനാശാനെ നേടിയത്. ആശാനിൽനിന്ന് ഈ നാട്ടിന് ഉണ്ടായിട്ടുള്ളതെല്ലാം നോക്കിയാൽ അതൊന്നുമില്ലായിരുന്നാൽ ഈ നാട്ട് എത്ര ദുർഭഗമായിരിക്കുമെന്നു കാണുന്നവർക്ക് ആശാനെ നേടുംമുമ്പേ ഈ നാട്ടിന് എന്തിനെല്ലാം എത്രയൊക്കെ തപിക്കേണ്ടിവന്നിരുന്നു എന്ന് മനസ്സിലാകുന്നതാണ്. ഭാഷയേയും വിചാരത്തേയും പുതിയൊരു വഴിയിലേക്കു തിരിച്ചുവിടുന്നതിനു മുന്നണിയിൽ നിൽക്കുവാൻ നാട്ടിലേക്കൊരാൾ വേണ്ടിവന്നതു കുമാരനാശാൻ നിറവേററിയിരിക്കുന്നു. അതിൽ ഈ നാട്ടിനു പരമമായ ചാരിതാർത്ഥ്യമായി.

ഈഴവസമുദായം എങ്ങനെയുള്ളതാണെന്നു ലോകം വിസ്മയത്തോടെ കാണുകയായത് ആശാനാലാണ്. സമ്മോഹനമായ കവിത്വത്താലും പരിഷ്കൃതമായ പാണ്ഡിത്യത്താലും കുമാരനാശാൻ ഇക്കാലത്തെ മഹാകവികളിൽ ബ്രഹ്മക്ഷത്രങ്ങൾക്കിടയിൽ മൂർത്തിത്രയപൂരകനായി ഉയർന്നു വിളങ്ങുന്നുവെന്ന് ആരും ഇപ്പോൾ കൊണ്ടാടാറുണ്ടല്ലോ. അത്രയ്ക്കു പെരുമക്കൂടിയ ആ പിറപ്പ് വർജ്ജിതമായ നികൃഷ്ടാവസ്ഥയിൽനിന്നും സംഭവിക്കാവുന്നതാണോ? യശസ്വിയായ ആശാനെ അലങ്കരിക്കുന്നതായ കുലം, നിസ്സംശയം വിശിഷ്ടംതന്നെ.

ചേറിൽനിന്നും പങ്കജമുണ്ടാകുമെങ്കിലും നീരിൽ ആ ണതു വളരുന്നതു്. ആ നീരജത്തെ പ്രസവിച്ചതായ സര സ്സിനു് എന്തൊരു കമനീയത! എത്ര പരിപാവനത്വം!

കേരളത്തിൽ ഇക്കാലത്തെ ബ്രാഹ്മണരോടും നായന്മാ രോടും സംസ്കാരത്തികവാൽ ഉരസിക്കൊണ്ടാണു് ഈഴവർ വർത്തിക്കുന്നതെന്നു് ആശാനിൽക്കൂടി ആക്ലം കാണാമല്ലോ. ഇത്രയും ഉയച്ചുക്കൂടിയതിനെ അവർണ്ണഭ്രമത്താൽ താഴ്ത്തി ക്കരുതിയതു് ലജ്ജാവഹമായ അന്ധത ആയെന്നു് ആശാ നെ കണ്ടതിൽപ്പിന്നെ അഭിജ്ഞലോകം പശ്ചാത്തപി ക്കുന്നു.

സ്വതന്ത്രമായി മുന്നോട്ടുകേറി സ്വച്ഛന്ദം വിളയാടു വാൻ നമ്മുടെ ഭാഷ കൊതിച്ചുകൊണ്ടിരിക്കുകയായിരുന്നു. സാഹിത്യത്തിലെ വിചാരസമ്പ്രദായത്തെ പുതുമയിലേക്കുത ക്കവണ്ണം ചാതുര്യത്തോടെ ആശാൻ അയച്ചുവിട്ടതോടുകൂടി ഭാഷയുടെ അഭിലാഷം നിറവേറുകയായി. ഈ വിഷയ ത്തിൽ തുഞ്ചത്തെഴുത്തച്ഛൻെറ സ്ഥാനത്താണു് ആശാൻ വർത്തിക്കുന്നതു്.

എഴുത്തച്ഛൻ ഉദിക്കുമ്പോഠം ഇങ്ങനെ ഒന്നു് അവിടെ ആകാമോ എന്നു നെററിചുളിക്കുവാൻ ചിലരുണ്ടായിരുന്നു പോൽ. ആശാൻെറ ഉദയകാലത്തും അതു് കാണുകയു ണ്ടായല്ലോ.

എഴുത്തച്ഛൻ അക്കാലത്തെ ഇടത്തരക്കാക്ക് സാഹി ത്യത്തിൽ മുന്നേറുവാൻ മാർഗ്ഗമുണ്ടാക്കിക്കൊടുത്തു. ആ ശാൻ ചെയ്തിരിക്കുന്നതും അതുതന്നെയാണു്. ആശാ ൻെറ ആ മാർഗ്ഗത്തിൽ യഥേഷ്ടം ചരിക്കുന്നവരാണു് ഇവി ടെ ഇപ്പോഴത്തെ എല്ലാ കവികളും. പ്രേമാത്മകമായ ആ

ശയവും സ്വതന്ത്രമായ വിമർശനവും ആശാനിൽനിന്നു കേരളത്തിനു കിട്ടിയതു മേൽക്കുമേൽ വർദ്ധിക്കുന്നു.

എഴുത്തച്ഛൻ ഇടത്തരക്കാരെ ഭാഷാപരായണരാക്കിയപ്പോൾ, മീതെയും താഴെയുമുള്ളവരെല്ലാം ആ ഇടയിൽ തന്നെ അമർന്നു. അതുതന്നെയാണു് ആശാനാലും സംഭവിക്കുന്നതു്. അദ്ദേഹം ഇടത്തരക്കാരെ പ്രേമഗാനങ്ങളാൽ ഉണർത്തിയിരിക്കുന്നു. ഉത്തിഷ്ഠരായ അവർ ഭാഷാവൈചിത്ര്യത്താൽ മുമ്പും പിമ്പും ഉള്ളതിനേയെല്ലാം തങ്ങളിലേക്കു വലിക്കുന്നു.

ഇങ്ങിനെയെല്ലാംകൊണ്ടും ആശാൻെറ സ്ഥാനം എഴുത്തച്ഛൻേറതുപോലെ സമുന്നതമാണു്. മലബാറിലെ എഴുത്തച്ഛൻ തിരുവിതാംകൂറിൽ ആശാൻ! എഴുത്തച്ഛൻ രചനയിലാണു്; ആശാൻ ആശയത്തിൽ.

പരസ്പരം ഇണങ്ങാതെ ഈ മനുഷ്യർ പിരിഞ്ഞുതിരിഞ്ഞു് അനർത്ഥങ്ങൾ പെരുക്കിക്കൊണ്ടു് കലഹിച്ചുനിൽക്കുമ്പോഴാണു് കുമാരനാശാൻ മുന്നോട്ടുവന്നതു്. സ്നേഹമന്ത്രത്തേയും സ്വാതന്ത്ര്യമന്ത്രത്തേയും അദ്ദേഹം ജനങ്ങൾക്കുപദേശിച്ചുകൊടുത്തു. ആ മന്ത്രങ്ങളെ ജനങ്ങൾ ജപിച്ചുതുടങ്ങിയപ്പോൾ ഇതാ മാമൂലുകൾ തകരുന്നു. പിണങ്ങിപ്പോയതെല്ലാം ഇണങ്ങിച്ചേരുന്നു. കൈരളീദേവി ബഹുകാലമായി ആശിച്ചുകൊണ്ടിരുന്ന ആ സ്നേഹം—ആ സ്വാതന്ത്ര്യം—നമ്മുടെ വിചികീർഷിതത്തിനു ആശാനാൽ ഗ്രഹിക്കാമെന്നായി.

പുതുമയിലേക്കു ചെല്ലുവാൻ ഭാഷാപ്രവർത്തകന്മാർ മടിച്ചും ശങ്കിച്ചുംകൊണ്ടു് ആടലോടെ നിൽക്കുമ്പോൾ അവർക്കിടയിൽനിന്നു് ഒട്ടും കൂസലില്ലാതെ മുന്നോട്ടേക്കു കട

ന്നതും അതേ ഊക്കിൽതന്നെ പ്രശംസനീയമായി മുന്നോട്ടു നടന്നതും ആശാനാണ്. അതിൽപിന്നെയാണ് ഭാഷാ സാഹിത്യത്തിൽ ഇത്രയും ആശയസ്വാതന്ത്ര്യം വളൎന്നിരിക്കുന്നതു്.

കുലത്തിന് സമുന്നതി, ഭാഷയ്ക്കു നവ്യാലംകൃതി, വൃത്തിക്കു സ്വാതന്ത്ര്യവേഗം, രാജ്യത്തിനു സ്നേഹപ്രഭാവം എന്നിതത്രയും നട്ടുവളൎത്തിയ കുമാരനാശാൻ നാട്ടുകാൎക്കേവൎക്കും സമാരാധ്യൻതന്നെ. ഇതിൽ ഇവിടെ മറ്റൊരാൾക്കും ഇത്രത്തോളം സാധിച്ചിട്ടില്ല.

ശ്രീനാരായണധൎമ്മപരിപാലനയോഗം കുമാരനാശാനേക്കൂടാതെ ആൎക്കെങ്കിലും എടുക്കാവുന്നതാണോ? ഭാഷയിലെ ഖണ്ഡകാവ്യപ്രസ്ഥാനം കുമാരനാശാനെക്കൂടാതെ ആൎക്കെങ്കിലും കാണാവുന്നതാണോ? മാമൂലിനെ ഉല്ലംഘിച്ചുകൊണ്ടുള്ള ആ വിചാരംമൂലം ഇവിടെ ആൎക്കെങ്കിലും കുമാരനാശാനേക്കൂടാതെ തൊടാവുന്നതാണോ?

ഭാഷയിൽക്കൂടിയോ, രാജ്യത്തിൽക്കൂടിയോ, സമുദായത്തിൽക്കൂടിയോ പൂൎവ്വമണ്ഡലത്തിലേക്കു നാം നോക്കുമ്പോൾ അവിടെ നമ്മുടെ ദൃഷ്ടിപഥത്തിൽ ശ്രീമൂലസ്ഥാനത്തു കുമാരനാശാൻ എഴുന്നരുളുന്നതു കാണുന്നു. കാന്തികൂടുന്ന മുഖത്തോടെ—വിക്രമദ്യോതകമായ അരുണേക്ഷണങ്ങളോടെ—ഗംഭീരവും സ്നേഹാൎദ്രവുമായ മന്ദസ്മിതത്തോടെ, ആ മഹാനുഭാവൻ കാവ്യജ്യോതിസ്സാൽ സ്നേഹത്തിൽക്കൂടി—സ്വാതന്ത്ര്യത്തിൽക്കൂടി—നമ്മെ ഐക്യത്തിലേക്കു നയിക്കുന്നു.

ഒരു വീണപൂവ് കയ്യിലെടുത്തു അതിൽക്കൂടി നമുക്കു നമ്മളേത്തന്നെ ആശാൻ കാണിച്ചുതന്നു. സിംഹപ്രസവത്താൽ നമുക്കുള്ള പാരവശ്യം അദ്ദേഹം നമ്മളെ ഗ്രഹിപ്പിച്ചു. പിന്നെ ഐക്യത്തിലേക്കു നമ്മെ വിളിക്കയായി.

ഐക്യംതന്നെയാണ് സ്വർഗ്ഗമെന്ന് അദ്ദേഹം നമ്മളെ കാവ്യലോകത്തിൽ അനുഭവിപ്പിച്ച് ആ ഐക്യത്തെ സ്നേഹത്തിൽക്കൂടിയാണ് നാം പ്രാപിക്കേണ്ടതെന്ന നമുക്ക് ഉന്മേഷമുണ്ടാക്കിത്തന്നു. സ്നേഹത്തിൽ നിന്നു ഐക്യത്തിലേക്കുള്ള മാർഗ്ഗത്തെ പ്രതിബന്ധങ്ങളെയെല്ലാം തകൎത്തു നീക്കി അദ്ദേഹം വിശാലവും വിചിത്രവുമാക്കി. ഐക്യത്തിലെ പരമശാന്തിവരയ്ക്കും അദ്ദേഹത്തിൻെറ കല്പനാചാതുര്യം പ്രശോഭിക്കുന്നു. തപോവനത്തിലും, വീണപൂവിലും, ചുടലക്കാട്ടിലും, പുലയക്കുടിയിലും, മാമരച്ചോട്ടിലും, എളിയകരളിലും പരമജീവിതത്തിലും ദിവ്യസ്നേഹാമൃതത്തെ ആശാനാൽ നമുക്കു നുകരാമെന്നായി. അങ്ങനെയുള്ള ആശാനെ എത്രയെത്ര പുകഴ്ത്തിയാലും നമുക്കുണ്ടാകുമോ അലംഭാവം.

ആശാൻെറ ആ മാർഗ്ഗത്തിൽ ഉപര്യുപരി കേറിച്ചെന്ന് സ്വാതന്ത്ര്യപൂൎണ്ണവും സ്നേഹമയവുമായ ആ ശാന്തിയിൽ എത്തുമാറാവട്ടെ എന്നു അന്തരംഗത്തോടെ പ്രാൎത്ഥിച്ചുകൊണ്ടു നാം പണിചെയ്‌വൂതാക.

---

കുറിപ്പ്:—1112 മകരം 24-ാംനു-ലെ മലയാളമനോരമയിൽനിന്നും എടുത്തിട്ടുള്ളതു്.

സമ്പാദകൻ.

# ആശാന്റെ കവിത.

വാഗ്ഭടാനന്ദൻ.

മധുരമധുതൂകുന്ന സൂക്തികൾകൊണ്ട് അനിതരസാധാരണം കൈരളീദേവിയെ സമാരാധനംചെയ്ത മഹാകവി കുമാരനാശാന്റെ കവിതയെ മുൻനിറുത്തി കുറഞ്ഞൊന്നെഴുതുന്നതിൽ "ആശാൻ മെമ്മോറിയൽ" പ്രവത്തകന്മാരുടെ നിർബന്ധത്താലാണ് ഞാൻ പ്രേരിതനായിരിക്കുന്നതു്. ഒരു സനാതനധമ്മപ്രബോധകന്റെ നിലയിൽ കഴിഞ്ഞുകൂടുന്ന എന്റെ വിമശ്നം മഹാകവിയുടെ കവിതയ്ക്കുള്ള ഗണ്യമായ അസാധാരണ്യത്തെ വിശദമാക്കുന്നതിനു പര്യാപ്തമാകുന്നില്ലെങ്കിൽ മഹാശയരായ വായനക്കാർ എന്നെ കുറ്റപ്പെടുത്തുകയില്ലെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. 'വീണപൂവ്" കാഴ്ചവച്ചു ആമോദഭ്രമോദയം ഉൾക്കൊള്ളിച്ചും 'നളിനി'യിലിറക്കി ആനന്ദവീചികളിളകുമാറാറാടിച്ചും 'ലീല'യെക്കാട്ടി സന്തോഷക്കോൾമയിർക്കൊള്ളിച്ചും 'കുയിൽ'നാദം മുതലായവ മുഴക്കി വസന്തോത്സവം കൊണ്ടാടിച്ചുംകൊണ്ട് അധമ്മങ്ങളോടു ധീരധീരം പൊരുതുന്നതിനും ധമ്മങ്ങളോടു സമാദരപുരസ്സരം അടുക്കുന്നതിന്നുമായി കേരളീയരെ തരളിതരാക്കിത്തീത്ത ആ സാഹിത്യോപനിഷദ് രഹസ്യവേദിയുടെ— 'കരുണ'ത്തേന്മഴപൊഴിച്ചുകൊണ്ടും നിവ്വാണപ്പുഴയിലാണ്ടുപോകാതെ വീണ്ടും ലോകസേവയ്ക്കായി തിരിച്ചുവരുന്നതിനു പതിതകാരുണികനായ ഉപഗുപ്തനെ വിളിച്ചുകൊണ്ടും ഭാരതീയരുടെ കണ്ണുനീരിൽ അന്തർദ്ധാനംചെയ്ത ആ കവീന്ദ്രന്റെ — ഭാരതിയുടെ തിരുമുമ്പിൽ നിരൂപണാഞ്ജലി സമപ്പിക്കേണ്ടുന്ന കടമ ധമ്മപ്രണയിയായ എനിക്കുമുണ്ടെന്നുള്ള വസ്തുതയെ പ്രത്യേകം പ്രസ്താവിച്ചുംകൊള്ളട്ടെ. എ

നാൽ 'പ്രരോദന'ത്തിൽനിന്നു ഒരു പദ്യത്തെ—അഭിജ്ഞനായ അവതാരികാകർത്താവുദ്ധരിച്ച ഒരു പദ്യത്തെ—അധികരിച്ചു ചുരുങ്ങിയ ഒരു വിവരണംമാത്രം ചെയ്തുകൊണ്ടു് ആ മഹാകവിയുടെ കവിധർമ്മമർമ്മജ്ഞതയെ സ്വല്പം വെളിപ്പെടുത്തിക്കാണിക്കാമെന്നേ ഈ ലേഖംമുഖേന ഞാൻ ഉദ്ദേശിക്കുന്നുള്ളു.

വേദപുരാണാദികൾപോലെതന്നെ കാവ്യവും ധർമ്മാധർമ്മങ്ങളെ വേർതിരിച്ചറിയിക്കുന്ന ഒന്നാകുന്നു. കാവ്യമാകട്ടെ, സരസമായ വർണ്ണനംമുഖേന ശ്രോതാക്കളുടെ മനസ്സിൽ ആഹ്ലാദാതിശയം ഉളവാക്കിക്കൊണ്ടാണു് ധർമ്മങ്ങളെയും അധർമ്മങ്ങളെയും ബോധിപ്പിക്കുന്നതു്. വേദപുരാണാദികളിൽ സരസവർണ്ണനം നിയതമല്ല. കാവ്യത്തിലാകട്ടെ അതു നിയതമാണു്. എന്നാൽ ശ്രോതാക്കളെ ആഹ്ലാദവാരിനിധിയിൽ നിമഗ്നരും വിവേകികളുമാക്കിത്തീക്കുന്നതിനുപോരുന്ന കാവ്യമെഴുതുവാൻ കഴിവുള്ള കവികളുടെ സംഖ്യ വളരെക്കുറയും. ദുർല്ലഭന്മാരായ അത്തരം കവികളിൽ ഒരാളാണു് ശ്രീമാൻ കുമാരനാശാൻ. അദ്ദേഹം ഒരു യഥാത്ഥകവിയാണെന്നതിലേയ്ക്കുള്ള തെളിവു് അദ്ദേഹത്തിൻെറ കവിതയിൽ സവ്വദാ സാവ്വജനീനമായ സമാദരമാണു്. നവീനവിദ്യാഭ്യാസംനിമിത്തം സിദ്ധിച്ചിട്ടുള്ള വിലയേറിയ ലൗകികജ്ഞാനം, വിവിധങ്ങളായ ശാസ്ത്രങ്ങളിലുള്ള അപരിമിതമായ പരിചയം, പ്രസന്നവും പ്രബലവുമായ പ്രതിഭാപ്രസരം എന്നിവയാണു് ഇതരകവികളിൽനിന്നു ആശാനുള്ള വൈശിഷ്ട്യം. ഒരു വരകവിക്കു് കാവ്യമെഴുതുവാൻ എന്തെല്ലാം സാമഗ്രികൾവേണമോ അവയെ മുഴുക്കെ ഒരുക്കിയുംകൊണ്ടാണു് ആശാനവർകൾ കവിതയെഴുതുവാൻ തുടങ്ങിയതു്. അലങ്കാരം, ഗുണം, രീതി, വൃത്തി, ശയ്യ, പാകം എന്നിവകൊണ്ടും വിശിഷ്യ വ്യഞ്ജനാവ്യാപാരംകൊണ്ടുമാണല്ലൊ കാവ്യം സഹൃദയഹൃദയാസേചനകമാകുന്നതു്. സ്വഭാ

വോക്തി, വക്രോക്തി, രസോക്തി എന്നിവകൊണ്ടു് കാവ്യാത്ഥത്തിന്നു നൂതനതയെ ഉളവാക്കുകയെന്നുള്ളതു് ഒരു പ്രധാനതത്വവുമാണു്. ഇവയെയൊക്കെ എത്രമാത്രം അനുവത്തിച്ചുകൊണ്ടാണു് ആശാനവർകൾ കാവ്യനിമ്മിതി ചെയ്തിട്ടുള്ളതെന്നൊന്നു പരിശോധിച്ചാൽ അദ്ദേഹത്തിൻെറ കാവ്യത്തിനുള്ള വൈശിഷ്ട്യം പ്രസ്പഷ്ടമാകും.

"ഔചിത്യം രസസിദ്ധസ്യ
സ്ഥിരം കാവ്യസ്യജീവിതം." 'ശൃംഗാരാദി രസങ്ങൾകൊണ്ടു പ്രസിദ്ധമായ കാവ്യത്തിനു് ഔചിത്യമാകുന്നു സ്ഥിരമായ ജീവിതം' എന്ന ക്ഷേമചന്ദ്രൻെറ വചനത്തെ ആശാനവർകൾ മററു കവികളെക്കാൾ അധികം അനുവത്തിച്ചിരിക്കുന്നു. അലങ്കാരാദികളുടെ മാത്രമല്ല ഉപസഗ്ഗം, നിപാതം മുതലായവയുടെ പോലും പ്രയോഗങ്ങളിൽ ആശാൻ അംഗീകരിച്ചിരിക്കുന്ന ഔചിത്യം അത്യന്തം സ്തുത്യമാണു്.

"അന്തശ്ചന്ദ്രശരദ്ഘനാഭതടവി
പ്പൊങ്ങി പ്രദീപാംശുവാൽ
പ്രാന്തസ്ഫൂത്തികലന്ന മാളികയില
ശ്ശുയ്യാതലത്തിൽ ക്ഷണം
സ്വാന്തം ദീപ്തി നശിച്ചഹോ! രജതപാത്രം
പോൽ തണുത്തേററവും
ശാന്തം ഹന്ത! ശയിച്ചിരുന്നു ശിവനേ!
അബ്ഭാനുവിൻ മണ്ഡലം"

ഇതാണല്ലോ അവതാരികാകത്താവിനാൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള പദ്യം. തമ്പുരാൻെറ ചരമശയ്യയിലുള്ള ശയനത്തെ ഒരു പ്രേക്ഷകൻെറ നിലയിൽ പ്രസ്തുത പദ്യംകൊണ്ടു കവി വിവരിക്കുന്നു. 'സ്വാന്തം ദീപ്തി നശിച്ചു' എന്ന അംശംകൊണ്ടു് ദീപ്തി അവസാനിച്ചു എന്നു വരുന്നുവെ

ങ്കിലും മരിച്ചു എന്നു നിണ്ണയിപ്പാൻ നിവ്വാഹമില്ല. അതിൻെറ പരിഹരണത്തിന്നാണു് 'തണുത്തു' എന്നു വിശേഷിപ്പിച്ചിരിക്കുന്നതു്. തണുപ്പും മരണത്തെ തീച്ചപ്പെടുത്തുവാൻ പര്യാപ്തമല്ല. അതുകൊണ്ടാകുന്നു 'ഏററവും ശാന്തം' എന്നു പിന്നെയും വിശേഷിപ്പിച്ചിരിക്കുന്നതു്. പ്രാണസ്പന്ദവും കൂടിയില്ലാതെ എന്നാണു് ശാന്തം എന്നതിൻെറ അത്ഥം. 'ശയിച്ചിരുന്നു' എന്നതുകൊണ്ടു് 'ഉറങ്ങിക്കിടക്കുകയാണെന്നേ പ്രേക്ഷകന്മാക്കു തോന്നിയിരുന്നുള്ളു' എന്ന അത്ഥമാണു വ്യഞ്ജിക്കുന്നതു്. ആ വ്യംഗ്യാത്ഥത്തിൽനിന്നു പ്രേക്ഷകന്മാക്കു തദവസരത്തിൽ തമ്പുരാൻെറ ജീവിതപ്രത്യായനത്തെക്കുറിച്ചുള്ള ഉൽക്കണ്ഠ വ്യഞ്ജിക്കുന്നു. 'ക്ഷണം സപ്തം ദീപ്തി നശിച്ചു' എന്നതുകൊണ്ടു് തമ്പുരാൻെറ ശരീരത്തിൻെറ കാന്തി നശിച്ചതേയുള്ളു, മാളികയിലുള്ള കാന്തി നശിച്ചിട്ടില്ല എന്നുകൂടി വ്യഞ്ജിപ്പിക്കുന്നു. എന്തു കാന്തിയാണുള്ളതെന്ന ആശങ്കയെ പരിഹരിപ്പാൻ മാളികയെ "പ്രദീപാംശുവാൽ പ്രാന്തസ്ഫൂത്തി കലന്ന" എന്ന അംശംകൊണ്ടു വിശേഷിപ്പിക്കുന്നു. പ്രദീപങ്ങളുടെ പ്രഭയാൽ ചുററും പ്രകാശിച്ചുകൊണ്ടിരിക്കുന്നതാണു് മാളിക. ഈ പ്രദീപങ്ങൾ സന്ധ്യക്കു കൊളുത്തിവച്ചവയല്ല. പിന്നെയോ? മരണസമയത്തു കൊളുത്തിവച്ചവയാണു്. അവയുടെ കാന്തിയാണു് മാളികയ്ക്കുള്ളതു്. ഇത്രയുംകൊണ്ടു് വിളക്കു കെടുക്കുന്നതിനുമുമ്പായിട്ടു പ്രേക്ഷകന്മാർ കാണുന്ന കാഴ്ചയാണു് പ്രകൃതത്തിൽ വണ്ണിച്ചിരിക്കുന്നതെന്നു വിശദമാണു്. പ്രദീപാംശു എന്ന ഏകവചനം വിളക്കിൻെറ ഏകതയെയല്ല പ്രദീപങ്ങളുടെ അടുപ്പംകൊണ്ടു് അംശുക്കൾ ഒന്നായിരിക്കുന്നുവോ എന്നുള്ള ഭ്രാന്തിയെയാണു് വ്യഞ്ജിപ്പിക്കുന്നതു്. അപ്പോഴത്തെ കിടപ്പിനെ വണ്ണിക്കുന്നു; 'ആ ശയ്യാതലത്തിൽ—പ്രസിദ്ധമായ ശയ്യാതലത്തിൽ- ശയ്യയായി പരിണമിച്ച തലത്തിൽ—നിലത്തു്—എന്നു്. ആ നിലത്തുള്ള കിടപ്പിനെ ദീപ്തിക്കുറവു്, തണുപ്പു്, നിശ്ചേഷ്ടത, അനങ്ങാത്ത നില

എന്നീ വിശേഷണങ്ങളെക്കൊണ്ടു വിശേഷിപ്പിച്ചതു് പ്രസ്തുതമായ മരണത്തെ ദൃഢമാക്കുവാൻ വേണ്ടിയാണ്. മാളികയെ പിന്നെയും വിശേഷിപ്പിക്കുന്നു, "അന്തശ്ചന്ദ്രശരദ്ഘനാഭതടവിപ്പൊങ്ങി" എന്നു്. അതിശുഭ്രവും അത്യുന്നതവുമാണ് മാളികയെന്നു സാരം.

പ്രകൃതപദ്യത്തിൽ 'ന്ത' എന്ന കോമളവ്യഞ്ജനംകൊണ്ടു് പണിചെയ്ത ദ്വിതീയാക്ഷരപ്രാസവും 'ശാന്തം ഹന്തശയിച്ചിരുന്നു ശിവനേ' എന്നതിലെ അനുപ്രാസവും കരുണരസത്തെ വ്യഞ്ജിപ്പിക്കുന്നതിനു അനുകൂലമായിട്ടാണു നിവേശിപ്പിച്ചിരിക്കുന്നതു്. 'അന്തശ്ചന്ദ്രശരദ്ഘനാഭ തടവിപ്പൊങ്ങി പ്രദീപാംശുവാൽ പ്രാന്തസ്ഫൂർത്തി' എന്നിവിടെയുള്ള ശ, ശ, മുതലായ അനുപ്രാസങ്ങൾ കരുണരസത്തിനു പ്രതികൂലങ്ങളാണെന്നിരിക്കിലും അവ മാളികയ്ക്കു് അസാധാരണനിലയെ നൽകി ഉദ്ദീപനദ്വാരാ കരുണരസത്തെ പോഷിപ്പിക്കുന്നു. 'രജതപാത്രംപോൽ തണുത്തു' എന്നതിലെ ഉപമ, 'ഭാനുവിൻമണ്ഡലം' എന്നതിലെ രൂപകാതിശയോക്തി, 'ശയ്യാതലം' എന്നതിലെ പരിണാമം, മരണനിലയിലുള്ള തണുപ്പു് മുതലായ വിശേഷണങ്ങളെക്കൊണ്ടു കാണിച്ച സ്വഭാവോക്തി, തണുപ്പു്, നിശ്ചേഷ്ടത, ദീപ്തിക്കുറവു് എന്നീകാര്യങ്ങൾകൊണ്ടു് പ്രസ്തുതവും, മരണരൂപവുമായ കാരണത്തെ പ്രശംസിക്കുന്നതിനാലുള്ള അപ്രസ്തുതപ്രശംസ, എന്നീ അലങ്കാരങ്ങൾ കരുണരസത്തിന്റെ പോഷണത്തിനു ഉചിതമായിട്ടാണ് നിവേശിപ്പിച്ചിട്ടുള്ളതു്. 'അബ്ഭാനുവിന്മണ്ഡലം' എന്നുള്ള രൂപകാതിശയോക്തികൊണ്ടു് ആസന്നാസ്തമയമായ സൂര്യമണ്ഡലത്തോടാണ് അഭേദം കല്പിക്കുന്നതു്. അസ്തമനത്തിനാടുത്താൽ ചൂടില്ലാത്തനിലയും ശാന്തതയിലുള്ള സ്ഥിതിയും അനുഭവസിദ്ധമാണല്ലോ. പ്രദീപാംശു സൂര്യനിലും ആത്ഥികമായിട്ടു തമ്പുരാനിലും അനുവയിക്കാവുന്നതാണ്. പ്രദീപത്തി

ൻെറ അംശുപോലുള്ള അംശുവോടു കൂടിയവനാണു തമ്പുരാൻ. പ്രദീപത്തിൽനിന്നെടുത്ത കാന്തിയോടുകൂടിയവനാണു സൂര്യൻ. തമ്പുരാൻെറ ശരീരത്തെയും ഭാനുമണ്ഡലത്തെയും അഭേദേന നിർദ്ദേശിച്ചതിന്നു ഇതും ഒരു കാരണമാകുന്നു. 'പ്രാന്തസ്ഫൂർത്തി കലന്ന്' എന്ന വിശേഷണം കൊണ്ടു് അചേതനമായ മാളികയ്ക്കുകൂടി തമ്പുരാൻെറ അഭാവത്താൽ മേലിൽ സംഭവിക്കാനിരിക്കുന്ന അവസ്ഥയെ വ്യഞ്ജിപ്പിക്കുന്നു. മാളികയ്ക്കു തൽക്ഷണമുള്ളപ്രഭ മരണാസമയത്തു കൊളുത്തിവച്ചിട്ടുള്ള വിളക്കിൻെറ പ്രഭയാണു്. വിളക്കു കൊളുത്തിവയ്ക്കുക എന്നല്ലാതെ അതിനെ നിലനിർത്തുക എന്ന സമ്പ്രദായം ഇല്ലല്ലോ. അതിനാൽ വിളക്കിൻെറ പ്രഭയുടെ അസ്തമനത്തോടുകൂടി മാളികയുടെ സർവ്വവിധ യോഗ്യതകളും അവസാനിക്കും എന്നുസാരം. ഈ വ്യങ്ഗ്യാർത്ഥങ്ങളെല്ലാം ഭാവുകന്മാർക്കു സ്മരിക്കുംതോറും ശോകത്തെ പോഷിപ്പിക്കുകതന്നെചെയ്യുന്നു. മാളികയുടെ വിചിത്രത പ്രേക്ഷകന്മാരുടെ ഹൃദയത്തിൽ അദ്ഭുതരസത്തെയും അതിൻെറ മേലിലെ ശോച്യത കരുണരസത്തെയും പോഷിപ്പിക്കുന്നു. അദ്ഭുതരസത്തെ കരുണരസത്തിൻെറ പോഷകമായിട്ടാണു് ഇവിടെ ഘടിപ്പിച്ചിട്ടുള്ളതു്. ഇതിലുള്ള ശബ്ദാലങ്കാരങ്ങളോ അർത്ഥാലങ്കാരങ്ങളോ ഔചിത്യത്തോടെയല്ലാതെ നിവേശിപ്പിച്ചിട്ടില്ല എന്നതു ഭാവുകന്മാർക്കു അനുഭവവേദ്യമായ സംഗതിയാകുന്നു. കാര്യങ്ങൾ മുഖേന കാരണമായ മരണത്തെ വ്യഞ്ജിപ്പിച്ചുംകൊണ്ടു അംഗമായ അത്ഭുതരസത്തെയും അംഗിയായ കരുണരസത്തെയും വ്യഞ്ജിപ്പിച്ചതിനാൽ വക്രോക്തിയും രസോക്തിയും ധാരാളത്തിലധികം വിലസിക്കൊണ്ടിരിക്കുന്നു. 'മാളികയിലശ്ശയ്യാതലത്തിൽ ക്ഷണം' എന്നു തുടങ്ങി 'ശയിച്ചിരുന്നു ശിവനേ' എന്നുവരേയുള്ള ഭാഗങ്ങൾകൊണ്ടു് സഹൃദയഹൃദയത്തെ കരുണരസമയമാക്കിത്തീർക്കുന്നതിനാൽ ഈ പദ്യത്തിൽ മാധുര്യമെന്ന ഗുണം വിശദമാണു്.

'ചിത്തദ്രവീഭാവമയോ-ഹ്ലാദോ മാധുര്യമുച്യതേ'

എന്നാകുന്ന ദർപ്പണത്തിൽ മാധുര്യത്തിന്റെ ലക്ഷണം കാണിക്കപ്പെട്ടിട്ടുള്ളതു്. പ്രകൃതപദ്യം വായിക്കുമ്പോൾ ഉണങ്ങിയ വിറകിൽ അഗ്നിപോലെ സഹൃദയഹൃദയത്തിൽ ആസകലം വ്യാപിച്ചുകൊണ്ടുള്ള ഒരു വികാസമുളവാകുന്നതിനാൽ പ്രസാദമെന്ന ഗുണവും ഇതിൽ വിശദമാകുന്നു.

'ചിത്തം വ്യാപ്നോതി യഃ ക്ഷിപ്രം—ശുഷ്കേന്ധനമിവാനലഃ
സപ്രസാദസ്സമസ്തേഷു—രസേഷു രചനാസു ച'.

എന്നതാകുന്ന പ്രസാദം സംബന്ധിച്ചുള്ള പ്രമാണവചനം. പ്രസാദമെന്ന ഗുണം എല്ലാ രസങ്ങളിലും സാധാരണമായി നിൽക്കുന്നതാണെന്നും അറിയേണ്ടതാണു്. 'അന്തശ്ചന്ദ്ര' എന്നു തുടങ്ങി 'പ്രാന്തസ്ഫൂർത്തികലന്ന' എന്നുവരെയുള്ള ഭാഗം വായിക്കുമ്പോൾ സഹൃദയഹൃദയം വിസ്മിതമായിത്തീരുന്നതിനാൽ ഇതിൽ ഓജസ്സെന്ന ഗുണവും അടങ്ങിയിരിക്കുന്നു.

'വീരാദി രസാസ്വാദാവസരേ-ജ്വലിതമിവ ച മനസോ-
വസ്ഥാനമേവ ഓജോനാമ ഗുണഃ'

എന്നാണു് ഓജസ്സിനെക്കുറിച്ചു ദർപ്പണവ്യാഖ്യയായ രുചിരയിൽ ലക്ഷണം കാണിച്ചിരിക്കുന്നതു്. 'ജ്വലിതമിവ ച' എന്നതിലെ ചകാരംകൊണ്ടു് മനസ്സിന്റെ വിസ്മിതത്വാവസ്ഥയേയും ഗ്രഹിക്കേണ്ടതാകുന്നു എന്നും രുചിരാകാരൻ വിവരിച്ചിട്ടുണ്ടു്. മാധുര്യം, പ്രസാദം, ഓജസ്സ് എന്നീ മൂന്നു ഗുണങ്ങളെയാണു് സുപ്രസിദ്ധന്മാരായ ആലങ്കാരികന്മാർ ഏകസ്വരത്തിൽ സ്വീകരിച്ചിട്ടുള്ളതു്. മററു ഗുണങ്ങളും പ്രകൃതപദ്യത്തിൽ ഇല്ലെന്നല്ല. യഥായോഗ്യം അവയ്ക്കും ഇതിൽ സ്ഥാനമുണ്ടു്. ഇവിടെ വിവരിക്കപ്പെട്ട മൂന്നു ഗുണങ്ങൾ

ത്തന്നെ ഒരു വാച്യകത്തിലുണ്ടായാൽ അതിനെ ഒരു ഉത്തമ കാവ്യമെന്നു നിസ്സംശയം പറയാം. ശബ്ദാർത്ഥങ്ങളെ ആശ്രയിച്ചു നിൽക്കുന്നവയാണ് അലംകാരങ്ങളെന്നും ശബ്ദാർത്ഥങ്ങളുടെ സംഘടനയെ ആശ്രയിച്ചു നിൽക്കുന്നവയാണ് ഗുണങ്ങളെന്നുമാകുന്നു ഗുണാലങ്കാരങ്ങൾ തമ്മിലുള്ള ഭേദമെന്നു പ്രത്യേകം പ്രസ്താവ്യമത്രേ. മാധുര്യാദി ഗുണങ്ങൾ വാച്യകത്തിലുണ്ടെന്നറിയിക്കുന്ന വർണ്ണങ്ങളുടെയൊ പദങ്ങളുടെയൊ സമാസത്തിൻെറയൊ വാക്യത്തിൻെറയൊ സംഘടനയാണ് രീതി. ഗുണത്തിൽനിന്നു രീതിക്കുള്ള വ്യത്യാസം ഇത്രയും കൊണ്ടറിയാവുന്നതാണ്. ഗുണങ്ങളുടെ വ്യഞ്ജകമാകുന്നു രീതിയെന്നു സാരം. ഗുണങ്ങളെ വ്യഞ്ജിപ്പിച്ചുകൊണ്ടു രീതികൾ രസങ്ങൾക്ക് ഉൽക്കർഷത്തെ നൽകുന്നു. രീതിയെയാകുന്നു രചനയെന്നൊ രചനാവിശേഷമെന്നൊ പറയേണ്ടതു്. ഇതു് നാലുപ്രകാരമുണ്ടു്.

'വൈദർഭീ ചാപി ഗൗഡീ ച-പാഞ്ചാലീലാടികാ തഥാ'

എന്ന ദർപ്പണവാക്യം അതിനു പ്രമാണമാണ്.

'അസ്പൃഷ്ടാ ദോഷമാത്രാഭി-സ്സമഗ്രഗുണഭൂഷിതാ
വിപഞ്ചീ സ്വരസൗഭാഗ്യാ വൈദർഭീരീതിരിഷ്യതേ.'

(മാധുര്യം തുടങ്ങിയ പ്രധാന ഗുണങ്ങൾ മുഴുക്കെ ഇണങ്ങിയും ദോഷാംശങ്ങളില്ലാതെയും വീണയുടെ ശബ്ദംപോലെ സഹൃദയന്മാരുടെ ഹൃദയങ്ങളെ ആവർജ്ജിക്കുന്നതുമായ രീതിയാണ് വൈദർഭിയെന്നു പറയപ്പെടുന്നതു്.) എന്ന വാമനാചാര്യമതമനുസരിച്ചു പ്രസ്തുത പദ്യത്തിൽ വൈദർഭീരീതി വിളയാടുന്നു. രചനയിൽനിന്നുതന്നെ സുകുമാരമായ അർത്ഥം —കരുണരസം— തോന്നുന്നതിനാൽ ഇതിൽ കൈശികി എന്ന വൃത്തി അടങ്ങിയിരിക്കുന്നു. 'സുകുമാരാർത്ഥ സന്ദർഭാ കൈശികീ' എന്നാണ് ഭോജദേവൻ കൈശികീവൃ

ത്തിയെസ്സംബന്ധിച്ച പറഞ്ഞിട്ടുള്ളത്. രീതി ഗുണത്തെ ദ്യോതിപ്പിക്കുന്നു. വൃത്തി രസത്തെ ദ്യോതിപ്പിക്കുന്നു. ഇതാണ് രീതിയും വൃത്തിയും തമ്മിലുള്ള ഭേദം. ഒരു പദമെങ്കിലും മാററി മറെറാരുപദം ചേക്കവാൻ പാടില്ലാത്തവണ്ണം ഇണക്കപ്പെട്ടിരിക്കുന്നതിനാൽ ശയ്യയെന്ന ധമ്മവും പ്രസ്തുത പദ്യത്തിൽ സവിശേഷം പ്രകാശിക്കുന്നു.

'യാ പദാനാം പരാന്യോന്യ-മൈത്രീ ശയ്യേതി കഥ്യതേ'

എന്നതാണ് അതിനുള്ള പ്രമാണം. ഉപക്രമം മുതൽ ഉപസംഹാരം വരെയുള്ള പദങ്ങളുടെ സന്നിവേശത്തിലെ ചാരുതയാണ്—ഇണക്കിച്ചേക്കപ്പെട്ട പദങ്ങളിൽനിന്ന് ഒന്നിനെ മാററി മറെറാരുപദം ചേത്താൽ ആ രുചി തോന്നാതായിപ്പോകുന്നത് എന്തുകൊണ്ടാണോ അതാണ്—ശയ്യ. ഉള്ളിലും പുറമെയും രസം സ്ഫുരിക്കുന്നതിനാൽ പ്രസ്തുത പദ്യത്തിൽ നിവേശിപ്പിക്കപ്പെട്ടിരിക്കുന്ന പാകം ദ്രാക്ഷാപാകമാകുന്നു.

'ദ്രാക്ഷാപാകസ്സ കഥിതോ-ബഹിരന്തഃസ്ഫുരദ്രസഃ'

എന്നതാണ് അതിൻെറ ആഗമം. മുന്തിരിങ്ങ എങ്ങിനെയൊ തൊലി മുതൽ കോമളവും ഉള്ളിലുള്ള മൂന്നോ നാലോ ബീജങ്ങളെക്കൊണ്ടു മാത്രം കുറഞ്ഞൊന്നു കഠിനവും ആയിരിക്കുന്നത്, അതുപോലെ സംയോഗാക്ഷരങ്ങളെക്കൊണ്ടോ ദീർഘസ്വരങ്ങളെക്കൊണ്ടോ മാത്രമുണ്ടാകുന്ന അല്പം കാഠിന്യത്തോടുകൂടിയതും കോമളവുമായ പാകം ദ്രാക്ഷാപാകമെന്നു സാരം. പ്രകൃതപദ്യത്തിൽ 'അന്തശ്ചന്ദ്ര ശരദ്ഘനാഭ തടവിപ്പൊങ്ങി പ്രദീപാംശുവാൽ പ്രാന്തസ്ഫൂത്തി' എന്ന അംശത്തിൽ മാത്രമെ കാഠിന്യമുള്ളു. ശേഷം മുഴുക്കെ കോമളംതന്നെ.

പദം, വാക്യം, ഗുണം, അലംകാരം, രസം, ക്രിയ, കാരകം, ലിംഗം, വചനം, വിശേഷണം, ഉപസർഗ്ഗം, നിപാതം,

കാലം, ദേശം, കലം, വ്രതം തുടങ്ങിയവയാണ് കവിതയിൽ ഔചിത്യത്തിന്നുള്ള സ്ഥാനങ്ങൾ. അവയെസ്സംബന്ധിച്ച് ഔചിത്യവിചാരചച്ച്യിൽ ക്ഷേമേന്ദ്രാചാൎയ്യരാൽ വ്യക്തമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അതനുസരിച്ച പദാദികളുടെ പ്രയോഗത്തിൽ എത്രമാത്രമാണ് ആശാൻ ഔചിതിയെ ദീക്ഷിച്ചിട്ടുള്ളതെന്നു നോക്കുക!

അന്തിമദിവസംവരെ തമ്പുരാൻ ലോകമെങ്ങും വിജ്ഞാനപ്രഭ പുലൎത്തുകയാകുന്നു ചെയ്തതു്. ഭാനുമാനാകട്ടെ അസ്തമനത്തോടടുക്കുന്നതുവരെ തൻെറ അംശുക്കൾകൊണ്ടു ദിഗന്തങ്ങൾക്കു മുഴുക്കെ വെളിവു നൽകുന്നു. അസ്തമിക്കാനടുക്കുമ്പോൾ ദീപ്തി നശിച്ചു തണുത്തു ശാന്തനാകുന്നു. അങ്ങിനെയുള്ള ഭാനുമാൻെറ മണ്ഡലത്തെ തമ്പുരാൻെറ മൃതശരീരത്തിൻെറ ഉപമാനമാക്കിയതും അഭേദം കല്പിച്ചതും അതിരററ ഔചിത്യബോധത്തോടെയാണെന്നു പറയേണ്ടതില്ലല്ലൊ. മററുള്ള തേജസ്വികൾക്കൊക്കെയും തേജസ്സിനെ നൽകുന്ന ഒരു തേജസ്വിയാകുന്നു സൂൎയ്യൻ എന്നു പ്രതിപാദിക്കുവാനാകുന്നു ഭാനുപദം പ്രയോഗിച്ചതു്. തമ്പുരാൻെറ സ്ഥിതിയും അങ്ങിനെതന്നെയാണ്. അതുകൊണ്ടു 'ഭാനു' എന്ന പദം ചേൎന്നിട്ടുള്ള ഈ പദ്യം,

> 'തിലകം ബിഭ്രതീ സൂക്തി-ർഭാത്യേകമുചിതം പദം
> ചന്ദ്രാനനേവ കസ്തൂരീ-കൃതം ശ്യാമേവ ചാന്ദനം'

എന്ന ലക്ഷ്യലക്ഷണങ്ങളെ സ്മരിപ്പിക്കുമാറ് അത്രമാത്രം പദൌചിതിയോടു കൂടിയതാണ്.

സ്വന്തം ദീപ്തി നശിച്ചു, രജതപാത്രംപോൽ തണുത്തു ശയ്യാതലത്തിൽ ശയിച്ചിരുന്നു, എന്നു തുടങ്ങിയ അവാന്തരവാക്യാൎത്ഥങ്ങളെക്കൊണ്ടു രചിക്കപ്പെട്ട പ്രകൃതമഹാവാക്യാൎത്ഥം കരുണരസത്തിന്നു അനുരൂപമായിത്തന്നെ വിലസുന്ന

തിനാൽ വാക്യൌചിത്യം കാണിക്കപ്പെട്ടിരിക്കുന്നു. അതിനാൽ,

'ഔചിത്യരചിതം വാക്യം-സതതം സമ്മതം സതാം
ത്യാഗോദഗ്രമിവൈശ്വര്യം-ശീലോദഗ്രമിവ ശ്രുതം'

എന്നതനുസരിച്ചു പ്രകൃതവാക്യം കവിതാവിചാരചതുരന്മാരെ കൂടുതൽ ആഹ്ലാദിപ്പിക്കുന്നു.

'പ്രസ്തുതാർത്ഥോചിതഃ കാവ്യേ-ഭവ്യസ്സൗഭാഗ്യവാൻ ഗുണഃ
സ്യന്ദതീന്ദുരിവാനന്ദം-സംഭോഗാവസരോദിതഃ'

എന്ന നിർദ്ദേശമനുസരിച്ച്, കരുണരസത്തെ പരിപുഷ്ടമാക്കുമാറ് മാധുര്യാദിഗുണങ്ങളെ നിവേശിപ്പിച്ചതിനാൽ ഇതിൽ ഗുണൌചിത്യവും കാണിക്കപ്പെട്ടിരിക്കുന്നു.

മൃതശരീരത്തിന്നു രജതപാത്രത്തെ ഉപമാനമാക്കിയും അന്തർവ്വശത്തു മൃതശരീരത്തോടുകൂടിയ മാളികയ്ക്കു അന്തശ്ചന്ദ്രശരദ്ഘനത്തെ ഉപമാനമാക്കിയും പ്രതിപാദിക്കപ്പെട്ട ഉപമകൾ, മൃതശരീരം ശയിക്കുന്ന സ്വഭാവത്തെ സൂക്ഷ്മതരം വർണ്ണിച്ചുകാണിക്കപ്പെട്ട സ്വഭാവോക്തി, മൃതശരീരം കിടക്കുന്ന സ്ഥലത്തെ ശയ്യയായി ഭവിച്ചതായി പറയപ്പെട്ടതിനാലുള്ള പരിണാമം, ദീപ്തിനശിച്ചും തണുത്തും ശാന്തമായും ഇരിക്കുന്ന മൃതശരീരത്തെ സായന്തനസന്ധ്യാകാലത്തിലെ ഭാനുമണ്ഡലത്തോടു അദ്ധ്യവസാനം ചെയ്തതിനാൽ വെളിവാക്കപ്പെട്ട രൂപകാതിശയോക്തി, കാരണരൂപമായ മരണത്തെപ്പറയാതെ ദീപ്തിനാശം തുടങ്ങിയ മരണകാര്യങ്ങൾ വിവരിക്കപ്പെട്ടതുകൊണ്ടുള്ള അപ്രസ്തുതപ്രശംസ എന്നീ അലങ്കാരങ്ങളും മററും പ്രകൃതത്തിലെ രസത്തിന്നു ഏററവും പരിപോഷം നൽകുന്നതിനാൽ,

'അർത്ഥൌചിത്യവതാസൂക്തി-രലങ്കാരേണ ശോഭതേ
പീനസ്തനസ്ഥിതേനേവ-ഹാരേണ ഹരിണേക്ഷണാ'

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU

എന്ന പ്രമാണമനുസരിച്ച് ഇതിൽ അലങ്കാരൌചിത്യം വ്യക്തമാണ്. കരുണം പ്രരോദനത്തിനുചിതമാകയാൽ ഇതിലെ രസനിവേശനം ഔചിത്യസുന്ദരമായിരിക്കുന്നു എന്നു പ്രത്യേകം എടുത്തുപറയേണ്ടതില്ല.

'കുർവൻ സർവാശയേവ്യാപ്തി-മൌചിത്യരുചിരോ രസഃ
മധുമാസ ഇവാശോകം-കരോത്യങ്കുരിതം മനഃ'

എന്ന ക്ഷേമചന്ദ്രവചനമനുസരിച്ച് സമുചിതതയോടെ പ്രശോഭിക്കുന്ന പ്രകൃതപദ്യത്തിലെ കരുണരസം സകല സഹൃദയഹൃദയാഹ്ലാദിതന്നെ. മരണക്ഷണത്തിലെ സ്ഥിതികളും വിലാപം മുതലായ അവസ്ഥകൾ സംഭവിക്കാമെങ്കിലും അവകയൊന്നും തൊടാതെ 'ശയിച്ചിരുന്നു' എന്നുള്ള ശയനോക്തിയെമാത്രം കുറിച്ചതിനാൽ ക്രിയൌചിത്യമാണ് കാണിക്കപ്പെട്ടിട്ടുള്ളതു്.

'സദ്ഗുണത്വം സുവൃത്തത്വം-സാധുതാ ച വിരാജതേ
കാവ്യസ്യ സുജനസ്യേവ-യദ്യൌചിത്യവതീ ക്രിയാ'

എന്ന സന്ദേശത്തെ ക്രിയാപദപ്രയോഗത്തിൽ ഇവിടെ നല്ലപോലെ സ്മരിച്ചിരിക്കുന്നു. മൃതന്റെ കിടപ്പു നിലത്താകയാൽ,

'സാന്വയം ശോഭതേ വാക്യ-മുചിതൈരേവ കാരകൈഃ
കുലാഭരണമൈശ്വര്യ-മൌദാര്യചരിതൈരിവ'

എന്ന നിർദ്ദേശമനുസരിച്ച് 'ശയ്യാതലത്തിൽ' എന്നുള്ള അധികരണം പ്രയോഗിച്ചതു് കാരകപ്രയോഗത്തിലുള്ള ഔചിത്യബോധത്തെയാണ് കാണിക്കുന്നതു്.

ഉചിതേനൈവ ലിംഗേന-കാവ്യമായാതി ഭവ്യതാം

എന്നിങ്ങനെ ലിംഗത്തെ പ്രയോഗിക്കുന്നതു് ഔചിത്യപൂർവകമായിരിക്കണമെന്നുള്ള മതത്തെയാണ് ഭാനുവിൻമണ്ഡ

ലം' എന്ന പ്രയോഗംകൊണ്ടു വെളിപ്പെടുത്തുന്നതു്. ഉപമേയം ജീവൻ വിട്ട ഒന്നാകയാൽ ഉപമാനമായ ഭാനുവിൻ മണ്ഡലം എന്നതിലെ നപുംസകലിംഗപ്രയോഗം ഏററവും ഉചിതം തന്നെ. പ്രദീപങ്ങളുടെ അടുപ്പംകൊണ്ടു് അംശുക്കൾ ഒന്നായിരിക്കുന്നു എന്ന പ്രതീതിയെ കുറിക്കുന്നതിനാൽ 'പ്രദീപാംശു' എന്ന ഏകവചനപ്രയോഗം വചനൗചിത്യത്തെ അനുവർത്തിച്ചിരിക്കുന്നു. അതിനാൽ

'ഉചിതൈരേവ വചനൈഃ — കാവ്യമായാതി ചാരുതാം'

എന്ന പ്രഭാഷണം സജീവമായി സ്വന്തം ദീപ്തി നശിച്ചു, തണുത്തു, ഏററവും ശാന്തം, പ്രദീപാംശുവാൽ പ്രാന്തസ്ഫൂർത്തി കലർന്ന എന്നീ വിശേഷണങ്ങൾ നിപുണതരം നിരീക്ഷിച്ചുകൊണ്ടു നൽകപ്പെട്ടവയാകയാൽ

'വിശേഷണൈസ്സമുചിതൈ-ർവിശേഷ്യോർത്ഥഃ പ്രകാശതേ'

എന്നും മററുമുള്ള സാഹിത്യതത്വങ്ങളറിയുന്ന ആശാൻെറ വിശേഷണപ്രയോഗത്തിലുള്ള ഔചിത്യം അത്യന്തം ശ്ലാഘ്യം തന്നെ.

'യോഗ്യോപസർഗ്ഗസംസർഗ്ഗൈ — ർന്നിരർഗ്ഗളഗുണോചിതാ
സൂക്തിർവ്വിവർദ്ധതേ സമ്പത് — സന്മാർഗ്ഗഗമനൈരിവ'

(ഗുണങ്ങൾകൊണ്ടലംകൃതയായ കവിത ഉചിതങ്ങളായ ഉപസർഗ്ഗങ്ങളുടെ സംബന്ധംകൊണ്ടു്, സന്മാർഗ്ഗസഞ്ചാരങ്ങൾകൊണ്ടു സമ്പത്തെന്നപോലെ കൂടുതൽ ഉയരുന്നു) എന്നാണല്ലോ ഈ ഉദ്ധരിക്കപ്പെട്ട വചനത്തിൻെറ അർത്ഥം. ഈ അനുശാസനമനുസരിച്ചു അന്യാദൃശമായ ഔചിത്യത്തോടെയാണു് 'പ്രദീപ' 'പ്രാന്ത' എന്നീ അംശങ്ങളിൽ ഉപസർഗ്ഗപ്രയോഗം ചെയ്തിട്ടുള്ളതു്. 'പ്രദീപ' എന്നതിലെ ഉപസർഗ്ഗം ദീപബഹുലതയേയും, 'പ്രാന്ത' എന്നതിലെ ഉപ

സർഗ്ഗം മൃതശരീരം കിടക്കുന്ന സ്ഥലത്തിൽ നിന്നു തുടങ്ങി (ആന്ത) പടിവരെ പ്രകാശിച്ചുകൊണ്ടിരിക്കുന്നു എന്ന അർത്ഥത്തെയും വ്യഞ്ജിപ്പിക്കുന്നു. അഹോ! ഹന്ത! എന്നീ രണ്ടു നിപാതങ്ങൾ പ്രേക്ഷകജനത്തിന്റെ ഹൃദയത്തിൽ നിറഞ്ഞു കവിഞ്ഞിരിക്കുന്ന ശോകത്തിന്റെ പ്രവാഹത്തെ ദ്യോതിപ്പിക്കുന്നതിനാൽ ഇതിൽ നിപാതൌചിത്യം അടങ്ങിയിരിക്കുന്നു. അതിനാൽ

'ഉചിതസ്ഥാനവിന്യസ്തൈ-ർന്നിപാതൈരർത്ഥസങ്ഗതിഃ
ഉപാദേയൈർഭവത്യേവ-സചിവൈരിവ നിശ്ചലാ'

എന്ന ആപ്തവചനം ആശാന്റെ വിശാലവീക്ഷണത്തിനു വിഷയമായിരിക്കുന്നു എന്നു സുവ്യക്തം. മരിക്കാറാകുമ്പോൾ നിലത്തിറക്കിക്കിടത്തുക, പടിവരെ വിളക്കു തെളിയിക്കുക എന്നിവ കുലീനന്മാരുടെ ഇടയിൽ നടപ്പുള്ളതാകയാൽ,

'കുലോപചിതമൌചിത്യം വിശേഷോൽകർഷകാരണം'

എന്ന പ്രമാണമനുസരിച്ചു കുലൌചിത്യം പ്രസ്തുത പദ്യത്തിൽ വ്യക്തീകരിക്കപ്പെട്ടിരിക്കുന്നു. മൃതസ്വഭാവത്തെ ശരിയായ നിലയിൽ പ്രതിപാദിച്ചിരിക്കുന്നതുകൊണ്ടു തത്ത്വൌചിത്യമാണു കാണിക്കപ്പെട്ടിരിക്കുന്നതു്.

'സൂക്തം ഹൃദയസംവാദി-സത്യപ്രത്യയനിശ്ചയാത്
തത്ത്വോചിതാഭിധാനേന-യാത്യുപാദേയതാം കവേഃ

എന്നതാണു് തത്ത്വൌചിത്യത്തെ കുറിക്കുന്ന വചനം. കരുണരസത്തെ പ്രതിപാദിക്കുന്ന പ്രകൃതപദ്യം ക്ലേശിക്കാതെ തന്നെ ഭാവുകന്മാരുടെ മനസ്സിൽ ശോകത്തെ വെളിപ്പെടുത്തുന്നതിനാൽ ഇതിൽ അഭിപ്രായൌചിത്യം സിദ്ധമായിരിക്കുന്നു.

'അകദർത്ഥനയാ സൂക്ത-മഭിപ്രായസമർപ്പകം
ചിത്തമാവർജ്ജയത്യേവ-സതാം സ്വസ്ഥമിവാർജ്ജവം'

എന്ന സൂക്തം അനുസരിച്ച് ക്ലേശംകൂടാതെ അഭിപ്രായത്തെ സമപ്പിക്കുന്നതിനാൽ ഈ പദ്യം സഹൃദയഹൃദയത്തെ ആകഷിക്കുകതന്നെ ചെയ്യുന്നു. ലോകം മുഴുവൻ സൂയ്യനെപ്പോലെ പ്രകാശിച്ചുകൊണ്ടിരുന്ന തിരുമേനിക്കു ക്ഷണനേരംകൊണ്ടു സംഭവിച്ച ഈ അവസ്ഥാഭേദം മുൻനിറുത്തിയും കൊണ്ടു ലോകം മുഴുക്കെ നിസ്സാരമെന്നുള്ള സാരത്തെയാണു് ഇവിടെ സംഗ്രഹിച്ചിട്ടുള്ളതു്. അതിനാൽ,

'സാരസംഗ്രഹവാക്യേന-കാവ്യാത്ഥഃ ഫലനിശ്ചിതഃ
അദീർഘസൂത്രവ്യാപാര-ഇവ കസ്യ ന സമ്മതഃ'

എന്ന ശാസനമനുസരിച്ചു സവ്വസമ്മതമാകുമാറു് സാരസംഗ്രഹൌചിത്യം ഇതിൽ കാണിക്കപ്പെട്ടിരിക്കുന്നു.

ചരമാവസരത്തിൽ അടുത്തുണ്ടായിരുന്നില്ലെങ്കിലും അവിടെയുള്ള തൽക്കാലസ്ഥിതി ഇത്രയും വിശദമായി വണ്ണിച്ചു കാണിച്ചതിനാൽ,

'പ്രതിഭാഭരണം കാവ്യ-മുചിതം ശോഭതേ കവേഃ

എന്ന മതമനുസരിച്ചു പ്രകൃതപദ്യം പ്രതിഭൌചിത്യം നിമിത്തം പ്രത്യേകം പ്രശോഭിക്കുന്നു. 'ഏററവും ശാന്തം' എന്ന വിശേഷണംകൊണ്ടു്, മരിച്ചു എന്നു കേട്ടു് പലരും കാണുവാൻ വന്നിരിക്കുന്നുവെങ്കിലും അവരോടൊന്നും അനുരൂപചേഷ്ടകൾ കാട്ടാതെ കിടക്കുകയാണു ചെയ്തതു് എന്നുവരെയുള്ള അത്ഥത്തെ പ്രതിപാദിക്കുന്നതിനാൽ പ്രസ്തുത പദ്യം അവസ്ഥൌചിത്യത്തെയാണു കാണിക്കുന്നതു്.

'അവസ്ഥോചിതമാധത്തേ-കാവ്യം ജഗതി പൂജ്യതാം'

എന്ന വചനമനുസരിച്ചു അവസ്ഥൌചിത്യം കൂടുന്ന ഈ പദ്യം സഹൃദയസംപൂജ്യംതന്നെ. ദീപ്തി നശിച്ചു തപിപ്പി

ക്കുകയെന്ന അവസ്ഥയൊഴിഞ്ഞു, തണുത്തു, ശാന്തമായി എന്നീ വിശേഷണങ്ങൾ ഭാനുവിലും അനുയിക്കുന്നതുകൊണ്ടു, കാലം ദേശം എന്നിവയെ വെളിവാക്കിത്തരുന്ന ഭഗവാൻ സൂൎയ്യൻതന്നെ ഉദയം മുതൽ മുപ്പതു നാഴിക കഴിഞ്ഞാൽ ഇങ്ങനെയൊരു ദശാന്തരത്തെ പ്രാപിക്കുന്നു എന്നു വരുന്നു. അതുകൊണ്ടു കാലത്തെത്തടുക്കുവാൻ ആൎക്കും കഴികയില്ലെന്നുള്ള തത്വം ഉപമേയമായ തമ്പുരാനിൽനിന്നും മനസ്സിലാക്കാവുന്നതാകുന്നു എന്നുള്ള വിചാരൌചിത്യത്തെയാണു മഹാകവി ഇവിടെ അനുവൎത്തിച്ചിട്ടുള്ളതു്.

'ഉചിതേന വിചാരേണ- ചാരുതാം യാന്തി സൂക്തയഃ'

എന്ന സൂക്തിയനുസരിച്ചു ഉചിതവിചാരമടങ്ങിയ ഈ സൂക്തി സഹൃദയസമ്മദമരുളുകതന്നെ ചെയ്യുന്നു. ഇങ്ങിനെ തുടൎന്നു ചിന്തിക്കുന്നതായാൽ പദാദികളുടെ പ്രയോഗത്തിൽ ആശാനവൎകളുടെ ഔചിത്യബോധം അന്യാദൃശമാണെന്നു തന്നെ തെളിയും. വിസ്തരിക്കുന്നില്ല. ഇതിൽ അങ്ഗിയായ രസം കരുണമാണു്. ചരമദശയണഞ്ഞ തമ്പുരാനെ ആലംബിച്ചുദിച്ച ശോകം, ദീപ്തി നശിച്ചും ചൂടൊഴിഞ്ഞും ചേഷ്ടകൾ വെടിഞ്ഞുമുള്ള ശയനം മുതലായവയാൽ ഉദ്ദീപിച്ചും അഹോ! ശിവനേ! ഹന്ത! എന്നിവയാൽ വ്യഞ്ജിക്കുന്ന പ്രരോദനം മുതലായ അനുഭാവങ്ങളാലും വിഷാദം തുടങ്ങിയ സഞ്ചാരിഭാവങ്ങളാലും പരിപോഷിച്ചുംകൊണ്ടാണു് കരുണരസമായി സഹൃദയന്മാൎക്കനുഭവപ്പെടുന്നതു്. മാളികയെ ആലംബിച്ചുളവായ വിസ്മയം, ആ മാളികയുടെ ധാവള്യം, ഔന്നത്യം എന്നിവയാൽ ഉദ്ദീപിച്ചുംകൊണ്ടു് പരിപുഷ്ടമായിട്ടു് പ്രസ്തുത കരുണരസത്തെ പരിപോഷിപ്പിക്കുന്നു. അദ്ഭുതരസം ഇവിടെ കരുണരസത്തിന്നു അംഗമാകയാൽ രസാലങ്കാരമാകുന്നു.

SREE KRISHNA ... GRANDHASALA ... RUM ... VINKIL

'പ്രധാനേന്യത്ര വ്യാക്യാത്ഥേ- യത്രാങ്ഗം തു രസാദയഃ
കാവ്യേ തസ്മിന്നലങ്കാരോ-രസാദിരിതിമേമതിഃ'

എന്നാണു് അതിനെസ്സംബന്ധിച്ചുള്ള ധ്വനികാരന്റെ അനുശാസനം.

9627

9645

# [illegible]

9629